www.malankaralibrary.com



# വികാരങ്ങളുടെ വിശുദ്ധീകരണം

ഫാ. സാമുവൽ തുണ്ടിയിൽ

www.malankaralibrary.com

# വികാരങ്ങളുടെ വിശുദ്ധീകരണം

(പരിഷ്കരിച്ച പതിപ്പ്)

ഫാ. സാമുവൽ തുണ്ടിയിൽ

CARMEL INTERNATIONAL PUBLISHING HOUSE
TRIVANDRUM, KERALA, INDIA – 695 014
2016

www.malankaralibrary.com

# VIKARANGALUDE VISUDEEKARANAM

(Malayalam)
(Revised Edition)

Author
Fr. Samuel Thundiyil

First Published: September 2013
Second Edition: January 2014
Third Edition: October 2016

Published and Distributed by
Carmel International Publishing House
Cotton Hill, Trivandrum-695 014
e-mail: ciphindia@gmail.com; ciph@asianetindia.com
Website : www.carmelpublications.com

Printed at:
St. Joseph's Press, Trivandrum

Cover Design
Manoj S.

Price
₹ 150.00

© Publishers

All rights reserved including the rights of reproduction in whole or in part in any form

CIPH No. 239B October 2016 1000

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| | ആമുഖം | 5 |
| | അവതാരിക | 7 |
| | അനുഗ്രഹാശംസ | 9 |
| | ആശംസ | 10 |
| | സമീക്ഷണം | 12 |
| | പുസ്തകത്തെപ്പറ്റി | 13 |
| 1. | ദൈവം തന്ന നാവ് | 15 |
| 2. | ഉത്ക്കണ്ഠ (Anxiety) | 34 |
| 3. | വിഷാദം (Depression) | 45 |
| 4. | കോപം | 57 |
| 5. | ഭയം | 70 |
| 6. | വിദ്വേഷം | 89 |
| 7. | അസൂയ | 110 |
| 8. | അഹങ്കാരം | 119 |
| 9. | അത്യാഗ്രഹം | 134 |
| 10. | ധൂർത്ത് | 146 |
| 11. | ഭോജനാസക്തി | 167 |
| 12. | മദ്യപാനം - മയക്കുമരുന്ന് - പുകവലി | 177 |
| 13. | വിഷയാസക്തി | 192 |
| 14. | സ്വവർഗഭോഗം | 215 |
| 15. | ആത്മഹത്യ | 224 |
| | ഉപസംഹാരം | 239 |

www.malankaralibrary.com

www.malankaralibrary.com

# ആമുഖം

''എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക. എന്റെ അന്തരംഗമേ അവിടുത്തെ വിശുദ്ധനാമത്തെ പുകഴ്ത്തുക. എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക. അവിടുന്ന് നൽകിയ ഉപകാരമൊന്നും മറക്കരുത്'' (സങ്കീ. 103:1-2).

എന്നെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ള ബൈബിൾ വാക്യം. എന്റെ ജീവിതവും, പൗരോഹിത്യത്തിന്റെ അമ്പതു വർഷങ്ങളും, അപകടങ്ങളും, രോഗങ്ങളും, സഹനങ്ങളും ദൈവത്തെ വാഴ്ത്തുവാനുള്ള അവസരങ്ങളാക്കി മാറ്റുവാൻ കാരുണ്യവാനായ ദൈവം എന്നെ സഹായിച്ചു. എന്റെ പൗരോഹിത്യസുവർണ്ണ ജൂബിലി വർഷത്തിൽ ഞാൻ കടന്നുവന്ന ജീവിതവഴികളിലെ ചില അനുഭവങ്ങൾ ''ഓർമ്മകളുടെ നൈവേദ്യം'' എന്ന പേരിൽ പ്രസിദ്ധീകരിക്കാനിടയായി. എന്റെ പ്രതീക്ഷക്കപ്പുറം അത് അനുവാചകരിൽ സ്വാധീനം ചെലുത്തിയെന്ന് നിരവധിപേർ എന്നെ അറിയിച്ചു. ഇത് ഒരു ദൈവികപദ്ധതിയായി ഞാൻ കാണുന്നു. സംഭവങ്ങളെ വിവരിക്കുന്നതിനപ്പുറം ഓരോന്നിന്റെയും ദൈവികവും, സാമൂഹികവും, സഭാപരവുമായ സമീപനങ്ങളെ ചൂണ്ടിക്കാട്ടുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

പലതും കാലഘട്ടത്തിനനുസൃതമായ വിഷയങ്ങളും സമീപനങ്ങളുമായി വളരെപ്പേർക്ക് അനുഭവപ്പെട്ടു. ഇത്തരം വിഷയങ്ങളും ചിന്തകളുംചേർത്ത് പുസ്തകരൂപത്തിൽ പ്രകാശിപ്പിക്കണമെന്ന അഭിപ്രായങ്ങളെ മാനിച്ചാണ് ഞാനീ ഗ്രന്ഥരചനയ്ക്ക് മുതിർന്നത്. പഠനങ്ങളിലൂടെയും, ധ്യാനങ്ങളിലൂടെയും, ക്ലാസ്സുകളിലൂടെയും കൗൺസലിംഗുകളിലൂടെയും ഇവയുടെ പ്രായോഗികത എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു.

മനുഷ്യവ്യക്തിത്വത്തെ തളർത്തുന്നതും, വളർത്തുന്നതും വികാരങ്ങളാണ്. ജന്മസിദ്ധവും കർമഫലവുമായ കാര്യകാരണങ്ങൾ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. കുടുംബം, സാമൂഹിക പശ്ചാത്തലം, കൂട്ടുകാർ, മതവിശ്വാസം തുടങ്ങി ഒട്ടേറെ ഘടകങ്ങൾ നമ്മുടെ വ്യക്തിത്വത്തെ രൂപാന്തരപ്പെടുത്തുന്നതിൽ നിർണ്ണായകമാണ്. മനുഷ്യനിൽ

www.malankaralibrary.com



അന്തർലീനമായിരിക്കുന്ന അടിസ്ഥാനപരമായ വികാരവിചാരങ്ങളെ നിയന്ത്രിക്കുന്നതിലും പ്രബലപ്പെടുത്തുന്നതിലും ബോധപൂർവകമായ ശ്രമങ്ങളില്ലാതെവരുന്നത് അപകടകരമാണ്.

ഇത്തരം വിഷയങ്ങളെ ബൈബിൾ വചനാടിസ്ഥാനത്തിലും, മനഃശാസ്ത്ര വഴികളിലും സാംസ്കാരിക സാമൂഹിക മാനത്തിലും വിശകലനം ചെയ്യുവാൻ ഇവിടെ ശ്രമിക്കുന്നു. പുതുമ അവകാശപ്പെടുന്നില്ലെങ്കിലും, സാധാരണക്കാർക്ക് മനസ്സിലാവുന്നതരത്തിൽ ലളിതമായി പ്രതിപാദിക്കുന്നതിനാൽ അനുഭവജ്ഞാനമുള്ള ഒരു വൈദികന്റെ ഉപദേശമായി സ്വീകരിക്കുന്ന ഒത്തിരിപ്പേരെ മുന്നിൽക്കണ്ടുകൊണ്ടാണിത് രചിച്ചിട്ടുള്ളത്.

ഈ ഗ്രന്ഥരചനയ്ക്ക് എന്നെ പ്രാപ്തനാക്കിയ ശ്രേഷ്ഠ വ്യക്തികളെയും ബഹുമാന്യരും സുഹൃത്തുക്കളുമായ നിരവധിപേരെയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പ് ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ സൂക്ഷ്മതയോടെ ഈ കൃതി വായിച്ച് പ്രസിദ്ധീകരിക്കാൻ അനുമതി നൽകി. അനുഗ്രഹാശംസ നൽകി പുസ്തകത്തിന് പ്രചുര പ്രചാരം നേർന്ന കർദ്ദിനാൾ തിരുമേനിക്ക് ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ സാമുവൽ മാർ ഐറേനിയോസ് പിതാവ് താത്പര്യപൂർവം പ്രോത്സാഹനം നൽകി. പിതാവിനെ നന്ദിയോടെ ഓർക്കുന്നു.

ചീഫ് സെക്രട്ടറി, സാഹിത്യകാരൻ, ഗ്രന്ഥകാരൻ തുടങ്ങിയ നിലകളിൽ ഏറെ പ്രസിദ്ധനായ ഡോ. ഡി. ബാബുപോൾ IAS-ന്റെ അവതാരിക ഈ ഗ്രന്ഥത്തിന് മുഖശ്രീ നൽകുന്നു. അദ്ദേഹത്തെ ആദരവോടെ സ്മരിക്കുന്നു. എഡിറ്റിംഗിലും മറ്റും സഹായിച്ച ഇ.എം.ജി. ചന്ദനപ്പള്ളി, പീറ്റർ സി. എബ്രഹാം, ജോമിതോമസ് കലയപുരം, ഡോ. തോമസ് കുട്ടി പനച്ചയ്ക്കൽ, പ്രൊഫസർ ജോജു ജോൺ തുടങ്ങിയവരോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

അച്ചടി ഏറ്റെടുത്ത് ഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന കാർമെൽ ഇന്റർനാഷണൽ പബ്ലീഷിംഗ് ഹൗസ് ഡയറക്ടർ മാത്യു തുണ്ടത്തിൽ അച്ചനോടും, ജീവനക്കാരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

എന്നെ ഞാനാക്കിയ എന്റെ വത്സലമാതാപിതാക്കൾക്ക് ഈ ഗ്രന്ഥം ഞാൻ സമർപ്പിക്കുന്നു.

**ഫാ. സാമുവൽ തുണ്ടിയിൽ**

www.malankaralibrary.com

# അവതാരിക

ദൈവവുമായി മുഖാമുഖം കണ്ട് സംസാരിക്കുവാനും ദൈവം തോട്ടത്തിൽ ഉലാത്താൻ ഇറങ്ങുമ്പോൾ ഒപ്പം നടക്കാനും സൗഭാഗ്യം സിദ്ധിച്ച മനുഷ്യന്റെ ദുർഭഗത ആദിപാപമായ അനുസരണക്കേടിൽനിന്ന് തുടങ്ങി. അടുത്ത തലമുറയിൽ അനൈക്യവും സ്നേഹരാഹിത്യവും ഭ്രാതൃബന്ധങ്ങളെ രക്തരൂഷിതമാക്കി. ഓരോ തലമുറയിലും ഈ ദുർഭഗത ദൈവത്തെ പ്രാന്തവത്ക്കരിക്കുന്ന മനുഷ്യമനസ്സിന്റെ അന്യഥാത്വം–ജ്യാമിതികമായി വളർന്നു. പ്രളയമോ പ്രവാസമോ സ്ഥിതിഗതികൾ ഭേദപ്പെടുത്തിയില്ല. ഒടുവിൽ ദൈവം മനുഷ്യനായി, സ്നേഹത്തെക്കുറിച്ച് പറഞ്ഞു. വിശുദ്ധ ലൂക്കായുടെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിൽ മനുഷ്യാവതാരത്തിന്റെ കാതൽ നമുക്ക് ഗ്രാഹ്യമാക്കി. ഏഴെഴുപത് വട്ടം ക്ഷമിക്കണമെന്ന് പറഞ്ഞു. നാം കണക്കുകൂട്ടി. നാനൂറ്റിത്തൊണ്ണൂറ് എന്ന് ഉത്തരം കിട്ടി. അപ്പോൾ ദൈവം സൂപ്പർകംപ്യൂട്ടർ ഉപയോഗിക്കാൻ അവസരം ഉണ്ടാക്കി. ഏഴെഴുപത് എന്നതിനർത്ഥം 7x70 എന്നല്ല, $7^{70}$ എന്നാണെന്ന് നാം ഗ്രഹിച്ചത് അതിന്റെ മൂല്യം അറിഞ്ഞപ്പോഴാണ്. വേദശബ്ദരത്നാകരത്തിലെ 'ക്ഷമ' എന്ന കുറിപ്പിൽ കാണാം അത്. $7^{70}$ = 1453 പിന്നെ 56 പൂജ്യങ്ങളും! ഒരൊറ്റദിവസം പന്തീരായിരം തവണ ക്ഷമിച്ചാലും ഒരു വർഷം വേണം ഇങ്ങനെ ക്ഷമിച്ചുതീർക്കാൻ. ഒരു ദിവസത്തിൽ ആയിരം മിനിട്ടാണ് നാം ഉണർന്നിരിക്കുന്നതെങ്കിൽ ഓരോ മിനിട്ടിലും ഓരോ സഹോദരനോടും പന്ത്രണ്ട് തവണ വീതം ക്ഷമിക്കണം. എന്നുവച്ചാൽ ക്ഷമിക്കുക മാത്രമാണ് കരണീയം എന്നർത്ഥം.

അത് സാധിക്കണമെങ്കിൽ നമ്മുടെ മനസ്സിനെയും വാക്കിനെയും ക്രിസ്താനുകാരഭാവത്തിൽ നിലനിർത്താനാവണം. അതിനുള്ള മാർഗങ്ങളാണ് തുണ്ടിയിലച്ചൻ ഈ കൃതിയിൽ ലളിതമായി വിവരിക്കുന്നത്. ബെനഡിക്ട് പാപ്പായുടെ ബുദ്ധിയേക്കാൾ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായുടെ നൈർമ്മല്യവും ഫ്രാൻസീസ് പാപ്പയെ നിർവ്വ

www.malankaralibrary.com



ചിക്കുന്ന കാരുണ്യത്തിന്റെ മേലാപ്പും ആണ് ഈ വരികളിൽ തെളിയുന്നത്. നമ്മുടെ കഴിവുകളെയും നമ്മുടെ ബലഹീനതകളെയും ഒരു പൊതുഭൂമികയിൽ അച്ചൻ അടയാളപ്പെടുത്തുകയാണ് ആദ്യം. പിന്നെ ബലഹീനതകളെ എങ്ങനെ അതിജീവിക്കാം എന്ന് ഒരു കുമ്പസാര പിതാവിന്റെ അനുകമ്പാർദ്രമായ ദൈവികമനസ്സോടെ അച്ചൻ പറഞ്ഞുതരുന്നു.

വാർദ്ധക്യം വിശ്രമകാലമാണ്. വിശ്രമത്തിന്റെ നിർവ്വചനത്തിനാണ് പ്രാധാന്യം. തുണ്ടിയിലച്ചന്റെ വിശ്രമം ജോലിയുടെ വ്യതിരിക്തത കൊണ്ട് അടയാളപ്പെടുത്തപ്പെടുന്നതാണ്.

ദൈവം നമുക്ക് തന്നിട്ടുള്ള സിദ്ധികൾ മരണം വരെ സാധന ചെയ്യേണ്ടവരാണ് നാം. അറിവുള്ളവന്റെ അറിവ് മസ്തിഷ്ക്കത്തിലെ ജലാശയമാണ്. അത് അവിടെ അങ്ങനെ കിടന്നാൽ പ്രയോജനമില്ല. കനാൽ വഴി ജലസേചനത്തിനോ കുഴലുകൾ വഴി ജലപാനത്തിനോ പ്രയോജനപ്പെടുമ്പോഴാണ് ജലാശയത്തിന്റെ അസ്തിത്വത്തിന് അർത്ഥപൂർണ്ണത കൈവരുന്നത്. തുണ്ടിയിലച്ചൻ ഈ മഹാസത്യം തിരിച്ചറിഞ്ഞിരിക്കുന്നു.

അയത്നലളിതമായ ശൈലി ഈ കൃതിയെ അത്യന്തം പാരായണക്ഷമമാക്കുന്നു എന്ന നിരീക്ഷണത്തോടെ മനോഹരമായ ഈ രചന സഹൃദയസമക്ഷം അവതരിപ്പിക്കുന്നു.

**ഡി. ബാബുപോൾ IAS**

www.malankaralibrary.com

# അനുഗ്രഹാശംസ

"കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു," എന്ന ദൈവവചനം സ്വജീവിതത്തിലൂടെ അനുഭവിച്ച് മറ്റുള്ളവർക്കു അനുഭവവേദ്യമാകാൻ ജീവിതാനുഭവങ്ങൾ കോർത്തിണക്കി, അനുഭവങ്ങൾ പാഠങ്ങളാക്കി പുതിയതലമുറയ്ക്ക് കൈമാറാൻ ബഹു. സാമുവൽ തുണ്ടിയിലച്ചൻ വീണ്ടും ഒരു പുസ്തകം തയ്യാറാക്കിയിരിക്കുന്നു എന്നറിയുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ആധുനിക ലോകത്തിലെ തകർച്ചകൾക്കു കാരണമാകുന്ന വെല്ലുവിളികളെയും മനുഷ്യജീവിതത്തെ നാമാവശേഷമാക്കാൻ കഴിവുള്ള തിന്മകളെയും ഈ പുസ്തകത്തിലൂടെ ബഹു. അച്ചൻ വിശകലനം ചെയ്യുന്നു. ഇതൊരു ദൈവവചനാധിഷ്ഠിത, പരിശുദ്ധാത്മാഭിഷേക ചിന്തകളുടെ ആവിഷ്കാരമാണ്. കാലത്തിനും തലമുറകൾക്കും നന്മയുടെ ദീപം തെളിക്കാൻ ഇതൊരു മാർഗദർശനമാകട്ടെ എന്നാശംസിക്കുന്നു. പൗരോഹിത്യനിറവിൽ ജീവിക്കുന്ന ഒരു പുരോഹിതന്റെ ആത്മചിന്തകളിലേയ്ക്കും ആത്മാക്കൾക്കുവേണ്ടിയുള്ള ഒടുങ്ങാത്ത ദാഹത്തിലേയ്ക്കുമാണ് വരികൾക്കിടയിലൂടെയുള്ള സഞ്ചാരം നമ്മെ എത്തിക്കുക. ഈ ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് യത്നിച്ച ബഹുമാനപ്പെട്ട സാമുവൽ തുണ്ടിയിൽ അച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു. പുസ്തകത്തിന് പ്രചുരപ്രചാരം നേരുന്നു. ഈ ഗ്രന്ഥം എല്ലാ വിശ്വാസികൾക്കും ഒരു അനുഗ്രഹമാകട്ടെ എന്നാശംസിക്കുന്നു.

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവ
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

# ആശംസ

വികാരവിക്ഷോഭങ്ങളിലും അനുബന്ധപ്രശ്നങ്ങളുടെ നീർച്ചുഴിയിലും പെട്ട് ഉഴലുന്ന മനുഷ്യജീവിതങ്ങളെ, വിനയത്തിന്റെയും ലളിതജീവിത്തിന്റെയും സഹിഷ്ണുതയുടെയും നല്ലപാഠങ്ങൾ പഠിപ്പിക്കുവാൻ പര്യാപ്തമാക്കുംവിധം, ഫാദർ സാമുവൽ തുണ്ടിയിൽ രചിച്ച "വികാരങ്ങളുടെ വിശുദ്ധീകരണം" എന്ന ഗ്രന്ഥം തികച്ചും ബൈബിൾ അധിഷ്ഠിതമായ ചിന്താസമാഹാരമാണെന്ന് വ്യക്തമായി പറയാം. സമൂഹം ഇന്ന് നേരിടുന്ന നവയുഗസമകാലിക പരാജയങ്ങൾക്കെല്ലാം വിളനിലമാകുന്ന വെല്ലുവിളികളും ജീവിതം ഉന്മൂലമാക്കുന്ന ബഹുമുഖങ്ങളായ തിന്മകളും ഈ ഗ്രന്ഥത്തിലൂടെ സാമുവലച്ചൻ വിചിന്തനം ചെയ്തിരിക്കുന്നത് ശ്രദ്ധേയമാണ്. ആധ്യാത്മികജീവിതത്തിൽ പദമൂന്നിയും മാനസികാരോഗ്യത്തിലേക്കുള്ള പടവുകൾ താണ്ടിയും മുന്നേറേണ്ടതിന്റെ പ്രാധാന്യം വിവരിക്കുന്ന പുസ്തകം, വ്യത്യസ്തമാർന്ന വികാരഭാവങ്ങൾ ജീവിതത്തിലുണ്ടാക്കുന്ന വേലിയേറ്റങ്ങൾ എങ്ങനെ തരണം ചെയ്യാനാകുമെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു. ഇവ കൈവരിക്കുമ്പോൾ ലഭ്യമാകുന്ന മാനസിക സുഖാവസ്ഥയും സരളമായി വിശദീകരിക്കുന്നു. ഭയം, ചിന്താക്കുഴപ്പം, ഉത്ക്കണ്ഠ തുടങ്ങിയ പ്രശ്നങ്ങൾക്കെല്ലാം പ്രതിവിധിയായി ചില പ്രത്യേക തെറാപ്പികളും പരിചയപ്പെടുത്തുന്നു. ആർഭാടശൈലിയും അഹങ്കാരവും ധൂർത്തും പോലുള്ള തിന്മകൾ സൃഷ്ടിക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയും നേരിടാനുള്ള വഴികളും ഇതിലൂടെ വായിച്ചെടുക്കാം. ചെറുതലമുറകളിലേക്കുപോലും ഗ്രസിച്ചിറങ്ങിയിട്ടുള്ള ലൈംഗികാരാജകത്വപ്രശ്നങ്ങൾ, സ്വവർഗാനുരാഗം, സാങ്കേതികനവമാധ്യമ അകമ്പടിയോടെ നടമാടുന്ന അശ്ലീലാനുബന്ധ പീഡനങ്ങൾ, മദ്യപാനം ഉൾപ്പെടെയുള്ള ലഹരിയുപയോഗ വിപത്തുകൾ, അനേകരിലേക്കു പടരുന്ന ആത്മഹത്യാപ്രവണതകൾ ഇവയ്

www.malankaralibrary.com



ക്കെല്ലാമുള്ള പരിഹാരമാർഗങ്ങൾ തുടങ്ങി ഒട്ടേറെ ഗഹനമായ വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ നന്നായി അവതരിപ്പിച്ചിരിക്കുന്നു.

അച്ചന്റെ സഹാനുഭൂതിയും പരഹൃദയജ്ഞാനവും ഈ ഗ്രന്ഥം വായിക്കുമ്പോൾ സ്ഫടികസദൃശ്യം തെളിഞ്ഞു കാണുന്നു. കൗൺസലിങ്ങിന്റെ ആദ്യപാഠങ്ങൾ ഈ പുസ്തകത്തിലൂടെ ആധികാരികമായി നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ജാതിമതഭേദമെന്യേ ഏവരെയും സഹായിക്കാൻ സർവ്വഥാ പ്രാപ്തമാണ് ഈ മഹനീയ ഗ്രന്ഥം.

ഒരിക്കൽക്കൂടി സാമുവലച്ചന് എല്ലാ ആശംസകളും നേരുന്നു.

**സിസ്റ്റർ ഡോ. ജോവാൻ ചുങ്കപ്പുര** എം.എം.എസ്
TRADA, മാങ്ങാനം പി.ഒ.,
കോട്ടയം-18.

27-09-2016

www.malankaralibrary.com

# സമീക്ഷണം

എന്റെ വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള സാമുവൽ തുണ്ടിയിലച്ചനോടുള്ള കടപ്പാട് വാക്കുകളിൽ ഒതുങ്ങുന്നതല്ല. ഗുരുദക്ഷിണയായി ഈ പുസ്തകത്തിന്റെ എഡിറ്റിംഗിലും രൂപകല്പനയിലും എന്റെ എളിയ സംഭാവനകൾ നൽകുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

പണ്ഡിതോചിതമായ ഈ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ ഒരു പ്രവാചകന്റെ പ്രതിബദ്ധതയും ഒരു പുരോഹിതന്റെ സമർപ്പണവും, ഒരദ്ധ്യാപകന്റെ ദർശനവും ഒരു സഹോദരന്റെ സ്നേഹവായ്പും ഒരു പിതാവിന്റെ വാത്സല്യവും ഒരു മാതാവിന്റെ കരുതലും ഒരു സ്നേഹിതന്റെ സൗഹൃദവും ഒത്തുചേരുന്ന ഒരു മാർഗരേഖയായി അനുവാചകന് ബോധ്യപ്പെടും. വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടാനും അവയുടെ സ്വാധീനശക്തിയെ തിരിച്ചറിയുവാനും അഭിലഷണീയമായ പെരുമാറ്റശീലങ്ങളുറപ്പിക്കുവാനും ദൈവത്തിനും മനുഷ്യനും പ്രീതിയുള്ളവരായി വളരുവാനുമുള്ള ഉൾപ്രേരണകൾ ലഭിക്കുവാനും ഈ കൃതിയുടെ ഗൗരവപൂർവമായ വായന സഹായിക്കും.

യുവാക്കൾക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും വൈദികവിദ്യാർത്ഥികൾക്കും ഇത് മാർഗദീപമാകട്ടെ; വിശ്വാസതീക്ഷ്ണതയ്ക്ക് ഉപോദ്ബലകമാകട്ടെ. കത്തോലിക്കാ മതബോധനഗ്രന്ഥത്തിന്റെ അകംപൊരുൾ വിശ്വാസജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ ഉപകരണമാകട്ടെയെന്ന പ്രാർത്ഥനയോടെ,

**ഇ.എം.ജി. ചന്ദനപ്പള്ളി**

www.malankaralibrary.com

# പുസ്തകത്തെപ്പറ്റി

വികർഷണത്വമുള്ള ദ്വന്ദ്വഭാവങ്ങളായ നന്മതിന്മകളുടെ പടനിലമാണ് ഈ അധിവാസഭൂമിക എന്നു പറയാം. ഒരേ സമയം ഭൂമിയുടെ പകുതി ഭാഗം പ്രഭാമയവും മറ്റേപ്പകുതി തമോപൂർണ്ണവും ആയിരിക്കുന്നതു തന്നെ ഈ നന്മതിന്മാ സാന്നിദ്ധ്യത്തിന്റെ പരിച്ഛേദമാണെന്നു തോന്നിപ്പോകുന്നു. എന്നാൽ പകലിനെ ഇരുട്ട് കീഴടക്കാത്തിടത്തോളം കാലം ഈ ദ്വന്ദ്വയുദ്ധത്തിൽ നന്മയുടെ പക്ഷം ജയക്കൊടി ഉയർത്തിപ്പിടിച്ചു തന്നെ നിലകൊള്ളും.

ഇന്നിന്റെ ദുരന്തം നന്മയുടെ മേലുള്ള തിന്മയുടെ തേർവാഴ്ചയാണ്. ജീവിതത്തിന്റെ ഓരോ അണുവിലും ആർത്തി കുത്തിനിറയ്ക്കുന്ന പരസ്യപ്രളയമാണ് ഇന്ന് സർവ്വസമ്പർക്ക മാദ്ധ്യമങ്ങളിലും. അഖില വാർത്തകളിലും പടരുന്നത് നാരകീയ തിന്മകളാണ്. സോദോം ഗോമോറയെ നാണിപ്പിക്കുന്ന ഭോഗതൃഷ്ണകളും ഒരു ചില്ലിക്കാശിനെച്ചൊല്ലി ആളിപ്പടർത്തുന്ന മരണകരമായ കോപാഗ്നിയും ഈ നാടിന്റെ മഹാശാപമായിത്തീർന്നിട്ടുണ്ട്. ഈ ആസുരതകൾക്കു നേരെ പ്രായാധിക്യവും ക്ഷീണാധിക്യവും ഒക്കെ മറന്ന് ധർമ്മിഷ്ഠനായ ഒരു പുരോഹിതൻ പരിശുദ്ധാത്മ നന്മകളുടെ നിക്ഷേപകലവറയുമായി പ്രവാചകതീക്ഷ്ണതയോടെ രംഗത്തെത്തുകയാണ് 'വികാരങ്ങളുടെ വിശുദ്ധീകരണം' എന്ന ഈ പുസ്തകത്തിലൂടെ.

ജനസാമാന്യത്തെ പിടികൂടി നശിപ്പിക്കുന്ന ഏതാനും കഠോര തിന്മകളും അവയ്ക്കുള്ള പ്രതിരോധമാർഗങ്ങളും ബഹു. സാമുവൽ തുണ്ടിയിലച്ചൻ ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുകയാണ്. ജനതയുടെ വിശുദ്ധീകരണ ധർമ്മത്തിനായുള്ള ഒരാചാര്യന്റെ സമർപ്പണത്യാഗം ഇതിലെ ഓരോ അദ്ധ്യായത്തിലും വ്യക്തമായി കാണാം.

www.malankaralibrary.com



വിശുദ്ധവേദപുസ്തക പശ്ചാത്തലത്തിലുള്ള തിരുവചന വെളിച്ചത്തിലും മനഃശാസ്ത്രപരമായ വിശകലനങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഇവിടെ പോംവഴികൾ വ്യക്തമാക്കപ്പെടുന്നത് എന്നത് ഈ കൃതിയുടെ ആധികാരികതയാണ്.

ആയുസ്സിന്റെ വിശ്രമഖണ്ഡത്തിൽ അച്ചൻ രചിച്ച ഓർമ്മകളുടെ നൈവേദ്യം പോലെ ഈ രണ്ടാം കൃതിയും ജനഹൃദയങ്ങളിൽ ഉണർവ്വുണ്ടാക്കുക തന്നെ ചെയ്യും.

**പീറ്റർ സി. ഏബ്രഹാം**
മൈലപ്ര

www.malankaralibrary.com

# ദൈവം തന്ന നാവ്

**''സൗമ്യന്റെ വാക്ക് ജീവന്റെ വൃക്ഷമാണ്. വികടമായ വാക്ക് മനസ്സ് പിളർക്കുന്നു'' (സുഭാ: 15:4).**

മനുഷ്യനു ദൈവം തന്ന വലിയ ദാനമാണ് സംസാരശേഷി. ഇതു മൃഗങ്ങൾക്കില്ല. മൃഗങ്ങൾ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ച് ഇണ യെയോ, മറ്റു മൃഗങ്ങളെയോ, ആകർഷിക്കാറുണ്ട്. അതിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. മനുഷ്യൻ ആശയവിനിമയം പരസ്പരം നടത്തു ന്നത് പ്രധാനമായി സംസാരത്തിലൂടെയാണ്. നാവില്ലാത്ത ഒരാൾക്ക് സംസാരിക്കാൻ സാധിക്കുകയില്ല. സംസാരശേഷി ഏതെങ്കിലും കാര ണത്താൽ നഷ്ടപ്പെട്ടവരുടെ സ്ഥിതി എത്ര പരിതാപകരം. അവർ ആംഗ്യങ്ങളിലൂടെ ആശയവിനിമയം നടത്തുന്നതു കാണാം.

നാം ഉപയോഗിക്കുന്ന വാക്കുകൾ നമ്മുടെ ആത്മസത്തയുടെ ഭാഗമാണ്. വാക്കുകൾക്ക് സൃഷ്ടിക്കുവാനും സംഹരിക്കുവാനും ശക്തി യുണ്ട്. ''ജീവനെ നശിപ്പിക്കുവാനും പുലർത്തുവാനും നാവിനു കഴി യും'' (സുഭാ. 18:21). ദൈവത്തിന്റെ വചനം സൃഷ്ടിക്കുന്നതാണ്, ജീവി പ്പിക്കുന്നതാണ്. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനു വാക്കുകളിൽക്കൂടി സൃഷ്ടിക്കുവാനും ജീവിപ്പിക്കുവാനും സാധിക്കും.

വാക്കുകൾ മറ്റുള്ളവരിൽ ആഘാതം സൃഷ്ടിക്കുവാൻ കാരണ മാകും. മാതാപിതാക്കൾ എപ്പോഴും ശാസിക്കുകയും കുറ്റം പറയു കയും ചെയ്യുന്ന കുട്ടികൾ അരക്ഷിതാവസ്ഥാമനോഭാവത്തിൽ വള രും. കുട്ടികൾ മാത്രമല്ല, മുതിർന്നവരും. പരുഷമായി സംസാരിച്ചാൽ, തകർച്ചയും നിരുത്സാഹവും മറ്റുള്ളവരിൽ ഉളവാക്കും.

കോപിച്ച്, പരബഹുമാനമില്ലാതെ, അസഭ്യം പറയുകയും പുച്ഛി ക്കുകയും ചെയ്ത് മുറിവേൽപ്പിക്കപ്പെട്ടവർ കുടുംബത്തിലും സമൂഹ ത്തിലുമുണ്ട്. നാം മുറിവേൽപ്പിച്ചിട്ടുള്ള ആരുടെയെങ്കിലും മുറിവു

www.malankaralibrary.com



നമുക്ക് തിരിച്ചെടുക്കുവാൻ പറ്റുമോ? ‘‘എന്നോട് അവൻ ഇതു പറഞ്ഞല്ലോ, ഞാൻ ക്ഷമിക്കും, എന്നാൽ മരിച്ചാലും മറക്കുകയില്ല,’’ എന്നു പറയുന്നതു നാം കേട്ടിട്ടില്ലേ!

നാം എന്തു പറയുന്നു, എന്തു പ്രവർത്തിക്കുന്നു എന്നതിന്റെ പിന്നിലുള്ളത് നമ്മുടെ ചിന്തകളാണ്. നാം എന്തു ചിന്തിക്കുന്നുവോ, നാം അതായിത്തീരുന്നു. മനസ്സിൽ പലവിധ ദുഷ്ചിന്തകൾ താലോലിക്കുന്ന ആളുടെ സംസാരവും തുടർന്നുള്ള പ്രവൃത്തിയും ദുഷിച്ചതായിരിക്കും. കോപം, അഹങ്കാരം, അസൂയ, വിഷയാസക്തി മുതലായ തിന്മകൾ ഉള്ളിൽ വളർത്തുന്ന വ്യക്തികളുടെ സംസാരം ഇവയെ കേന്ദ്രീകരിച്ചായിരിക്കും.

‘‘ഒരുവന്റെ ഉള്ളിൽ നിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്’’ (മർക്കോ. 7:20). തിന്മയായിട്ടുള്ള സംസാരങ്ങൾ വരുത്തിവച്ച വിനകളുടെ ചില സംഭവങ്ങൾ ദൈവവചനത്തിൽ രേഖപ്പെടുത്തിയതു ധ്യാനിക്കാം.

## 1. പിശാചിന്റെ കുടിലവചനം (ഉൽപ. 3:4-5)

‘‘നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കുകയും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുകയും ചെയ്യും.’’ ആദി മുതൽ നുണയനും നുണയുടെ പിതാവും എന്ന് കർത്താവ് പറഞ്ഞ (യോഹ. 8:45) പിശാച് വളരെ തന്ത്രപൂർവ്വമാണ് നുണപറഞ്ഞ് ഹവ്വായെ വശീകരിച്ചത്. വിലക്കപ്പെട്ട കനി ഭക്ഷിക്കുവാനുള്ള അഭിനിവേശം പടിപടിയായി ഹവ്വായിൽ വളർത്തി. അവൾ വിലക്കപ്പെട്ട കനി ഭക്ഷിച്ചു; ആദത്തിനും കൊടുത്തു. അതോടെ അവർക്കുണ്ടായിരുന്ന എല്ലാ അഭൗമിക കൃപകളും നഷ്ടപ്പെട്ടു. ഹവ്വാ അതു ചെയ്തത് മഠയത്തരമായി, തെറ്റായിപ്പോയി എന്നു നാം പറഞ്ഞേക്കാം.

ഇതേ നുണ പിശാച് ഇന്നു നമ്മോടു പറയുന്നു. അവന്റെ നുണ കേട്ട് നാം വിലക്കപ്പെട്ട കനിക്കായി കൈനീട്ടുന്നു, പറിക്കുന്നു. പിശാചിന്റെ പ്രേരണയിൽ തിന്മയിൽപ്പെട്ട കൂട്ടുകാർ പറയും ‘‘നീ ആണല്ലേ, ഈ കാലം സ്വല്പം കുടിക്കാത്ത ആണുങ്ങളുണ്ടോ? നീ ആണല്ലേ? വേശ്യാലയത്തിൽ പോയി നിന്റെ ആണത്തം തെളിയിക്ക്, വെറും ശിഖണ്ഡിയായിരിക്കാതെ. പല ദുഷിച്ച ചെറുപ്പക്കാർ, നിഷ്ക്കളങ്കരായവരെ ഇത്തരം തിന്മയിലേക്ക് വലിച്ചിഴയ്ക്കുന്നു. പല സിനിമ

www.malankaralibrary.com



യിലും മദ്യസേവയിൽ രസിക്കുന്ന രംഗവും ബലാത്സംഗവും ഉണ്ടല്ലോ, പിശാചിന്റെ തന്ത്രം തുടരുന്നു. ഒന്നുമറിയാത്ത ജീവികൾ ചൂണ്ടയിൽ കുരുങ്ങുന്നു.

## 2. ചതിക്കുന്ന നാവ് (ഉൽപ. 27:18,19)

യാക്കോബ് പിതാവിന്റെ അടുക്കൽ ചെന്നു വിളിച്ചു, ''എന്റെ പിതാവേ ഇതാ ഞാൻ'' ''നീ ആരാണ് മകനേ,'' എന്നവൻ ചോദിച്ചു. ''അങ്ങയുടെ കടിഞ്ഞൂൽപ്പുത്രൻ ഏസാവാണു ഞാൻ.'' ഇസഹാക്ക് അവനെ തിരിച്ചറിഞ്ഞില്ല. കാരണം അവന്റെ കൈകൾ ഏസാവിന്റെ കൈകൾ പോലെ രോമം നിറഞ്ഞതായിരുന്നു.

കാട്ടിറച്ചി തിന്നാനുള്ള അപ്പന്റെ ആഗ്രഹത്തിനു ഏസാവു കാട്ടിൽ വേട്ടയാടാൻ പോയതാണ്. ഈ തക്കം നോക്കി രോമമുള്ള ഉടുപ്പു ധരിച്ച്, അമ്മ പാകം ചെയ്ത ആട്ടിറച്ചിയുമായി യാക്കോബ് വന്നതാണ്. ജ്യേഷ്ഠനു കിട്ടേണ്ട അനുഗ്രഹം ഇസഹാക്കിൽ നിന്നു ചതിവിൽ വാങ്ങി.

മനുഷ്യർ പണമുണ്ടാക്കാൻ എത്രയെത്ര അടവുകളും ചതിവുമാണ് ചെയ്യുന്നത്: പ്രായമായ അപ്പന്റെ അടുത്ത് സ്വത്ത് കൈക്കലാക്കാനുള്ള അവകാശപത്രം കൊണ്ടുവന്ന്, ഏതെങ്കിലും നല്ല കാര്യത്തിനാണെന്നു കള്ളം പറഞ്ഞു ഒപ്പിടുവിച്ച് മുതൽ തട്ടിയെടുക്കുന്ന മക്കളുണ്ട്. ഏസാവായി ചമയുന്ന യാക്കോബുമാർ.

## 3. കള്ളം പറയുന്ന നാവ് (ഉൽപ. 37:32,33)

കൈനീളമുള്ള നീണ്ട കുപ്പായം തങ്ങളുടെ പിതാവിന്റെയടുക്കൽ കൊണ്ടുചെന്നിട്ട് അവർ പറഞ്ഞു, ഈ കുപ്പായം ഞങ്ങൾക്ക് കിട്ടി. ഏതോ കാട്ടുമൃഗം അവനെ പിടിച്ചുതിന്നു. ജോസഫിനെ അതു കടിച്ചുകീറിക്കാണും. സ്വന്തം സഹോദരനായ ജോസഫിനോടുള്ള അസൂയ നിമിത്തം, അവരിൽ നിന്ന് ഒഴിവാക്കാൻ സഹോദരങ്ങൾ ആസൂത്രണം ചെയ്ത സംഭവം. അവർ പറഞ്ഞ കള്ളം പ്രായമായ പിതാവിനെ എത്രമാത്രം കണ്ണീർ കുടിപ്പിച്ചു. ''കരഞ്ഞുകൊണ്ടുതന്നെ പാതാളത്തിൽ എന്റെ മകന്റെയടുത്തേക്കു ഞാൻ പോകും എന്നു പറഞ്ഞ് യാക്കോബ് മകനെ ഓർത്തു വിലപിച്ചു'' (ഉൽപ. 37:35).

ഇന്നും സ്വന്തം സുഖത്തിനായി ജന്മം നൽകി താലോലിച്ച് വളർത്തിയ എത്ര മക്കൾ മാതാപിതാക്കൾ പ്രായമാകുമ്പോൾ വൃദ്ധ

www.malankaralibrary.com



മന്ദിരത്തിലോ അനാഥശാലകളിലോ ആക്കിയിട്ട് തൃപ്തരായി ജീവിക്കുന്നു. അവരുടെ കണ്ണുനീർ, വറ്റാത്ത അരുവിയായി ഒഴുകിക്കൊണ്ടിരിക്കുന്നു.

ബൈബിൾ, ഖുറാൻ, ഭഗവദ്ഗീത ഇതിലൊക്കെ കൈപിടിച്ച് കള്ളസത്യം ചെയ്യുന്ന പലരുണ്ട്. കണ്ട സംഭവം കണ്ടില്ലെന്നും കാണാത്ത സംഭവം കണ്ടെന്നും കോടതിയിൽ കള്ളസാക്ഷ്യം നൽകുന്നു. ഇതിന്റെ പേരിൽ, നിരപരാധികൾ ശിക്ഷിക്കപ്പെടുകയും കുറ്റവാളികൾ രക്ഷപ്പെടുകയും ചെയ്യുന്നു. ഞാൻ കൊച്ചച്ചനായിരുന്ന സമയത്ത് മന്ദമരുതി എന്ന സ്ഥലത്തു മറിയക്കുട്ടിയെ കൊന്നത് ചങ്ങനാശ്ശേരി അതിരൂപതയിലെ ബനഡിക്ട് ഓണംകുളം അച്ചനാണെന്നുള്ള കേസ് ഉണ്ടായി. ആരോ തന്ത്രപൂർവ്വം അച്ചനെ പ്രതിയാക്കിയതാണ്. കള്ളസാക്ഷികളെ അച്ചനെതിരായി പോലീസ് അണിനിരത്തി. കൊല്ലം സെഷൻസ് കോടതിയിൽ, തൂക്കിക്കൊല്ലാനുള്ള വിധി ഉണ്ടായി. ഹൈക്കോടതി അച്ചനെ കുറ്റവിമുക്തനാക്കി വെറുതെവിട്ടു. അദ്ദേഹം തികച്ചും നിരപരാധി ആയിരുന്നു എന്നത് കാലം തെളിയിച്ചു. എങ്കിലും കള്ളം പറഞ്ഞ് അദ്ദേഹത്തെ എത്രമാത്രം വേദനകളും കണ്ണീരും കുടിപ്പിച്ചു എന്ന കാര്യം നിലനിൽക്കുന്നു. കള്ളം പറയുന്ന നാവ് വരുത്തിവയ്ക്കുന്ന വിന.

## 4. മർക്കടമുഷ്ടി പിടിക്കുന്ന നാവ്

“എന്റെ കൺമുമ്പിൽ നിന്നു നീ പോവുക. എന്നെ കാണാതിരിക്കുവാൻ നീ സൂക്ഷിച്ചുകൊള്ളുക. എന്നെ കാണുന്ന ദിവസം നീ മരിക്കും” (പുറ: 10:28). ദൈവം ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്ന് വിടുവിക്കുവാൻ മോശയെ നിയോഗിച്ചയച്ചു. ഇസ്രായേൽക്കാരെ അവരുടെ ദൈവത്തെ ആരാധിക്കുവാൻ വിട്ടയക്കണമെന്നു മോശ ഫറവോയോട് അപേക്ഷിച്ചു. ഫറവോ അതിനു വഴങ്ങിയില്ല. മോശ അത്ഭുതം വഴി ഓരോ നാശങ്ങൾ ഈജിപ്തിനു വരുത്തി. ഫറവോയുടെ ഹൃദയം കൂടുതൽ കഠിനമായതേയുള്ളൂ. കഠിന ചിത്തനായ ഫറവോ, അവസാനമായി പറഞ്ഞ വചനമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഒടുവിൽ സംഹാരദൂതനെ ഈജിപ്തിൽ അയക്കുന്നതും ജനത്തെ വിടുവിക്കുന്നതുമായ സംഭവമാണ് പിന്നീടു നടന്നത്.

വഴങ്ങാത്ത, മർക്കടമുഷ്ടിയുള്ള സ്വഭാവക്കാർ സമൂഹത്തിലുണ്ട്. ഞാൻ പറഞ്ഞാൽ, പറഞ്ഞതാണ് എന്നു പറഞ്ഞ് നന്മ ചെയ്യാൻ

www.malankaralibrary.com



മടികാണിച്ച്, വഴക്കമില്ലാത്ത സ്വഭാവക്കാരായി തുടരുന്നു. കാര്യങ്ങൾ ശരിയായി മനസ്സിലാക്കി, ചെയ്യേണ്ട കാര്യം ചെയ്യുവാനും വിട്ടുവീഴ്ച ചെയ്യുവാനും തയ്യാറാകാത്തവർ, കുടുംബത്തിലും സമൂഹത്തിലും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

## 5. അസൂയയുള്ള നാവ്

മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെപ്രതി മിരിയാമും അഹറോനും അവനെതിരായി സംസാരിച്ചു. എന്റെ ദാസനായ മോശയ്ക്ക് എതിരായി സംസാരിക്കാൻ നിങ്ങൾ ഭയപ്പെടാതിരുന്നതെന്ത്? കർത്താവിന്റെ കോപം അവർക്കെതിരെ ജ്വലിച്ചു. മിരിയാം കുഷ്ഠം പിടിച്ചു മഞ്ഞുപോലെ വെളുത്തു (സംഖ്യ: 12:8-10).

മിരിയാമിനു മോശയുടെ ഭാര്യയോടു അസൂയ തോന്നിയതാണ് മിരിയാം കുഷ്ഠരോഗിയാകാനുള്ള സാഹചര്യം. അസൂയയിൽ നിന്നുള്ള പരാതിയും വഴക്കും ദൈവഹിതത്തിനു എതിരായിരുന്നു.

അസൂയ എല്ലാവരിലുമുള്ള ഒരു തിന്മയാണ്. എന്നാൽ, സ്ത്രീകൾ തമ്മിൽ അസൂയ കൂടുതലാണ്. അമ്മായിയമ്മപ്പോരും, നാത്തൂൻ പോരും കുപ്രസിദ്ധമാണല്ലോ. ഒരു സ്ത്രീയുടെ നന്മ തകർക്കാൻ, ഏതെല്ലാം അപവാദങ്ങൾ മെനയാൻ മടിക്കാത്ത സ്ത്രീകൾ ഇന്നും സമൂഹത്തിലുണ്ട്. അതിന്റെ പേരിൽ എത്ര പേർ തകർക്കപ്പെട്ടിരിക്കുന്നു.

## 6. അഹങ്കാരമുള്ള നാവ് (സംഖ്യ. 16:3,22)

മോശ ഇസ്രായേൽ ജനത്തിന്റെ നേതാവും; അഹറോൻ പുരോഹിതനുമായിരുന്നു. ദൈവം അഹറോനെ പുരോഹിതനായി തെരഞ്ഞെടുത്ത് അഭിഷേകം ചെയ്തതാണ്. ദൈവസന്നിധിയിൽ ധൂപം അർപ്പിക്കുവാനുള്ള അധികാരം അഹറോനും സന്തതികൾക്കുമായിരുന്നു. ലേവിയുടെ മകനായ കോറഹും ഏലിയാബിന്റെ പുത്രന്മാരായ ദാത്താൻ, അബീറാം എന്നിവരും മോശയെ എതിർത്തു. "സമൂഹം ഒന്നൊഴിയാതെ എല്ലാവരും വിശുദ്ധരാണ്, കർത്താവ് അവരുടെ മധ്യേ ഉണ്ട്. പിന്നെന്തിന് നിങ്ങൾ കർത്താവിന്റെ ജനത്തിനുമീതെ നേതാക്കന്മാരായി ചമയുന്നു" (സംഖ്യ: 16:3). അഹറോന്റെ പൗരോഹിത്യത്തിനെതിരായിട്ടായിരുന്നു അവരുടെ പിറുപിറുപ്പ്. ദൈവം തെരഞ്ഞെടുത്തവർക്കെതിരെയുള്ള നീക്കം ദൈവം ഇഷ്ടപ്പെട്ടില്ല. അഹറോ

www.malankaralibrary.com



നും, അതോടൊപ്പം കോറഹും അനുയായികളും ധൂപകലശത്തിൽ കുന്തിരിക്കം ഇട്ട് കർത്താവിന്റെ സന്നിധിയിൽ വരാൻ മോശ പറഞ്ഞു. കോറഹിന്റെയും കൂട്ടരുടെയും ധൂപാർപ്പണം ദൈവം സ്വീകരിച്ചില്ല. ''ഭൂമി വാ പിളർന്ന് കോറഹിനെയും അനുചരന്മാരെയും വിഴുങ്ങിക്കളഞ്ഞു'' (സംഖ്യ: 16:30).

ദൈവം നൽകിയ അധികാരത്തെ വെല്ലുവിളിച്ച് സംസാരിക്കുന്നതു തെറ്റാണ്. പൗരോഹിത്യം ദൈവസ്ഥാപിതമാണ്. ചില ആധുനിക ക്രിസ്തീയ സഭാവിഭാഗങ്ങൾ ''എല്ലാവരും രാജകീയ പുരോഹിതഗണമാണ്.'' അതുകൊണ്ട് പുരോഹിതന്മാർ സഭയിൽ വേണ്ടാ എന്നു പഠിപ്പിക്കുന്നു. അതിനെ നീതീകരിക്കാൻ, ബൈബിൾ വചനങ്ങൾ വളച്ചൊടിച്ചു വ്യാഖ്യാനിക്കുന്നു. വളരെ തെറ്റായ പ്രവണതയാണ് ഇവർ വളർത്തിയെടുക്കുന്നത്.

## 7. അത്യാഗ്രഹമുള്ള നാവ് (മത്താ. 26:5)

'ഞാൻ അവനെ നിങ്ങൾക്ക് ഏൽപ്പിച്ചുതന്നാൽ നിങ്ങൾ എനിക്കെന്തു തരും.'

യൂദാസ് വിലപേശി ഒരു കച്ചവടം ഉറപ്പിക്കുകയാണ്. യഹൂദപുരോഹിതന്മാർ അതു കൊടുക്കാമെന്നു സമ്മതിച്ചു. മൂന്നു വർഷം മുമ്പ്, എന്നെ അനുഗമിക്കുക എന്ന കർത്താവിന്റെ വിളികേട്ട് അനുഗമിച്ച ശിഷ്യനാണ് യൂദാസ്. എല്ലാ അനുഗ്രഹങ്ങളും ആശിസ്സും നൽകി അനുഗ്രഹിക്കാൻ, പ്രത്യേകം തിരഞ്ഞെടുത്ത പന്ത്രണ്ടുപേരിൽ ഒരുവൻ. സ്വന്തം ഗുരുവിനേക്കാൾ അവനു വിലയുള്ളത് പണമായിരുന്നു. അതു ലഭിക്കാൻ യൂദാസ് ഗുരുവിനെ ഒരു ചുംബനംകൊണ്ട് ഒറ്റിക്കൊടുത്തു. ലോകചരിത്രത്തിലെ ഏറ്റവും ജുഗുപ്സാവഹമായ പ്രവൃത്തി.

പണത്തോടുള്ള ആർത്തി ക്രമത്തിലധികമായി ഇന്ന് വർദ്ധിച്ചിരിക്കുകയാണ്. പണം നല്ലതാണ്, ആവശ്യങ്ങൾക്ക് പണം അത്യാവശ്യമാണ്. എന്നാൽ അതിനുള്ള ആർത്തിയാണ് തെറ്റ്. പണം തട്ടിപ്പ്, വഞ്ചന, മോഷണം, മായം ചേർക്കൽ തുടങ്ങിയ ഏതു ഹീനമാർഗം ഉപയോഗിച്ചും പണം ധൂർത്തടിച്ച് ജീവിതം ആഘോഷിക്കാനുള്ള വ്യഗ്രതയിൽ നഷ്ടപ്പെടുന്നത് ഉദാത്തമായ മാനുഷികമൂല്യങ്ങളാണ്. മനുഷ്യനേക്കാൾ പണത്തിനു വില കൊടുത്തുള്ള ജീവിതം അവസാനം പരാജയത്തിൽ എത്തിനിൽക്കും.

www.malankaralibrary.com



## 8. വീരവാദം പറയുന്ന നാവ് (മർക്കോ. 14:71)

“നിങ്ങൾ പറയുന്ന ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പറഞ്ഞ് ശപിക്കുവാനും ആണയിടാനും തുടങ്ങി.” കർത്താവ് പ്രധാന പുരോഹിതന്മാരിൽ നിന്നും നിയമജ്ഞന്മാരിൽ നിന്നും വളരെയേറെ സഹിക്കേണ്ടിവരുമെന്നും വധിക്കപ്പെടുമെന്നും മൂന്നാം ദിവസം ഉയർപ്പിക്കപ്പെടുമെന്നുമുള്ള വിവരം പല തവണ തന്റെ ശിഷ്യന്മാരോടു പറഞ്ഞു. പത്രോസ് പൊതുവേ എടുത്തുചാട്ടസ്വഭാവമുള്ള വ്യക്തിയായിരുന്നു. കർത്താവ് തന്റെ മരണവിവരം നേരത്തെ പറഞ്ഞപ്പോൾ, “അങ്ങേയ്ക്ക് ഒരിക്കലും ഇതു സംഭവിക്കാതിരിക്കട്ടെ,” എന്നു പത്രോസ് പറഞ്ഞു. “സാത്താനേ, നീ എന്റെ പിമ്പിൽ പോകുക” എന്നു യേശു ശാസിച്ചതാണ്.

മരണത്തിന്റെ തലേരാത്രിയിൽ കർത്താവ് ശിഷ്യന്മാരോടു ദീർഘമായി സംസാരിച്ചു. മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏൽപ്പിക്കപ്പെടാൻ പോകുന്നു. “ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എന്നിൽ ഇടറും” (മത്തായി 26:31) എന്നു കർത്താവു പറഞ്ഞു. പത്രോസിന്റെ തനിസ്വഭാവം പുറത്തുവന്നു–എടുത്തുചാട്ടം. താൻ അത്ര മോശക്കാരനല്ല എന്ന് മറ്റു ശിഷ്യർ ഒന്നു അറിയട്ടെ എന്നുള്ള ചേതോവികാരത്തോടെ പറഞ്ഞു: ‘എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഇടറുകയില്ല’ (മത്താ:26:3). കർത്താവ് പറഞ്ഞു, “ഈ രാത്രി കോഴി കൂവുന്നതിനുമുമ്പ് നീ എന്നെ മൂന്നു പ്രാവശ്യം നിഷേധിച്ചു പറയും.” “നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ നിഷേധിക്കുകയില്ല” (മത്താ:26:34-35) പത്രോസ് മറുപടി പറഞ്ഞു.

സമയം അധികം കഴിഞ്ഞില്ല, യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്തു. കർത്താവു പിടിക്കപ്പെട്ടു. കയ്യാഫാസിന്റെ അടുത്തെത്തിച്ചു. പത്രോസ് പ്രധാന പുരോഹിതന്റെ വീട്ടുമുറ്റത്തു കടന്നുകൂടി. അവിടെ തീ കാഞ്ഞുകൊണ്ട് ഇരുന്നു. കർത്താവിന്റെ ശിഷ്യരിൽ ഒരാളാണോ എന്ന് ഒരു സ്ത്രീ ചോദിച്ചതിനു കർത്താവിനെ നിഷേധിച്ചു പറയുന്ന രംഗമാണ് ഇവിടെ കാണുന്നത്.

വീരവാദം പറയുവാൻ എളുപ്പമാണ്. എന്നാൽ ബുദ്ധിമുട്ടും പ്രതികൂല സാഹചര്യവും വരുമ്പോൾ, പറഞ്ഞ വാക്ക് വിഴുങ്ങുന്നവരാണ് കൂടുതൽ ആളുകളും. പ്രവൃത്തിയില്ലാതെ, പൊള്ളവാക്കുകൾ പറഞ്ഞ്, തൽക്കാലം മിടുക്കനാകാൻ, എളുപ്പമാണ്. വീരവാദം പറഞ്ഞ

www.malankaralibrary.com



പത്രോസ് കുറച്ചുസമയത്തിനകം തികച്ചും ബലഹീനനായി. നമ്മുടെ മസിൽപവറിൽ ആശ്രയിച്ചാൽ, നന്മ ചെയ്യുവാൻ നമുക്ക് സാധിക്കുകയില്ല.

## 9. അവിശുദ്ധമായ നാവ് (അപ്പ. 5:3)

''പരിശുദ്ധാത്മാവിനെ വഞ്ചിക്കുവാനും പറമ്പിന്റെ വിലയുടെ ഒരംശം മാറ്റിവയ്ക്കാനും സാത്താൻ നിന്റെ ഹൃദയത്തെ പ്രേരിപ്പിച്ചതെന്ത്?''

ഇതു പത്രോസ് ശ്ലീഹ അനനിയാസിനോടു ചോദിച്ചതാണ്. വിശ്വാസികൾ അവരുടെ സ്വത്തുക്കൾ അപ്പോസ്തലന്മാരെ ഏൽപ്പിക്കാൻ തുടങ്ങിയ സമയം. അനനിയാസ് തന്റെ പറമ്പുവിറ്റ് ആ തുക ശിഷ്യരെ ഏൽപ്പിക്കാൻ നിശ്ചയിച്ചു. അതിനായി ആരും നിർബന്ധിച്ചതല്ല. സ്വതന്ത്രമായ തീരുമാനമാണ്. മുഴുവൻ തുകയും അപ്പോസ്തലന്മാർക്കു സമർപ്പിക്കുന്നു എന്നതാണ് ധാരണ. ഭാര്യയുടെ സമ്മതത്തോടെ കുറെ തുക മാറ്റി വച്ചിട്ട്, പൂർണ്ണസമർപ്പണമെന്ന രീതിയിൽ അനനിയാസ് കടന്നു വന്നു. ഭക്തിയുടെ വേഷം കെട്ടൽ. മറ്റുള്ളവരുടെ മുമ്പിൽ നല്ല ആത്മീയൻ എന്നു വരുത്താനുള്ള ശ്രമം. ഇതു പരിശുദ്ധാത്മാവിനെ വഞ്ചിക്കുന്ന ഭക്തിപ്രകടനമാണ്. അനനിയാസ് ഇതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടു.

ദൈവത്തിനു നാം നൽകുന്ന സമർപ്പണം പൂർണ്ണമായിരിക്കണം. അതിൽ കുറഞ്ഞൊന്നും ദൈവം സ്വീകരിക്കുകയില്ല. വിധവ ഒരു ചില്ലിക്കാശ് ദൈവാലയഭണ്ഡാരത്തിൽ ഇട്ടത് അവളുടെ പൂർണ്ണസമർപ്പണത്തിന്റെ പ്രതീകമായിരുന്നു; നമ്മുടെ ഭക്തിപ്രകടനങ്ങൾ പലപ്പോഴും സമർപ്പണമില്ലാത്ത പൊള്ളയായ ബാഹ്യപ്രകടനമായി തീരാറുണ്ട്.

## 10. വിഭാഗീയത വളർത്തുന്ന നാവ് (1 കോറി: 1:12)

''ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പൊളോസിന്റേതാണ്, ഞാൻ കേപ്പായുടേതാണ്, ഞാൻ ക്രിസ്തുവിന്റേതാണ് എന്നിങ്ങനെ നിങ്ങൾ ഓരോരുത്തരും പറയുന്നു.'' കോറിന്ത്യാസഭയിൽ തർക്കങ്ങളും ഭിന്നതയും ഉണ്ടായ വിവരം വിശുദ്ധ പൗലോസ് അറിഞ്ഞു. അതിൽ വിഷമിച്ച്, അവരോട് അദ്ദേഹം പറഞ്ഞു, ''നിങ്ങൾ എല്ലാവരും സ്വരചേർച്ചയോടും ഐക്യത്തോടും ഏകമനസ്സോടും ഏകാഭിപ്രായത്തോടും കൂടെ വർത്തിക്കണമെന്നു നമ്മുടെ കർത്താവായ യേശു

www.malankaralibrary.com



ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളോട് അഭ്യർത്ഥിക്കുന്നു'' (1 കോറി: 1:10). ഇതിൽ നിന്ന് ആ സഭയിൽ വിഭാഗീയത വളർത്തിയ കുറെ ആളുകൾ ഉണ്ടായിരുന്നു എന്ന് നിശ്ചയം.

ഐക്യം, സ്നേഹം എന്നിവ നഷ്ടപ്പെടുത്തുക എന്നതാണ് പിശാചിന്റെ വലിയ തന്ത്രം, ആദ്യ കുടുംബത്തിൽ തുടങ്ങിവച്ച തന്ത്രം ഇന്നും പിശാച് തുടരുന്നു. ജാതി, മതം, ഭാഷ, നിറം എന്നീ പേരിൽ എത്ര മാത്രം കലഹങ്ങൾ, യുദ്ധങ്ങൾ ലോകത്തിൽ നിലനിൽക്കുന്നു! കുടുംബങ്ങളിൽ കലഹം വിതയ്ക്കുന്ന നാവുകൾ ഉണ്ട്. ഇല്ലാത്ത കാര്യം ഉണ്ടാക്കി പറയുക, ഊഹിച്ചു പറയുക എന്നിങ്ങനെ ഭാര്യാഭർത്താക്കന്മാരെയും സഹോദരങ്ങളെയും തമ്മിൽ തല്ലിക്കുന്ന അധരങ്ങൾ ഉണ്ട്. സഭാസമൂഹത്തിൽ, ഇടവകയിൽ, വിഭാഗീയത വളർത്തുന്നതിൽ ഹരമുള്ള വ്യക്തികളുണ്ട്. അവർ കവലകളിലും മാടക്കടയിലുമൊക്കെയിരുന്ന് മറ്റുള്ളവർക്ക് ദുർബുദ്ധി വച്ചുകൊടുക്കും— വികാരി അച്ചനെതിരായി, കമ്മിറ്റിക്കാർക്കെതിരായി. പണം ഉള്ളവർ, ഇല്ലാത്തവർ, വടക്കുഭാഗക്കാർ, തെക്കുഭാഗക്കാർ ഇങ്ങനെയെല്ലാം തരംതിരിച്ച് സംശയവും അപവാദവും പറയുന്നതിൽ സമർത്ഥരുണ്ട്. രാഷ്ട്രീയത്തിൽ ഭരണപക്ഷം എന്തു നന്മ ചെയ്താലും പ്രതിപക്ഷം അതിനെതിരെ പറയുന്നതുപോലെ. സഭയിൽ നന്മ ആരുപറഞ്ഞാലും അതിനെ എതിർത്തു സംസാരിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവർ ഉണ്ട്. ഇങ്ങനെ ഇടവകയുടെ സമാധാനവും ഐക്യവും കെട്ടുറപ്പും നശിപ്പിച്ച് ദൈവത്തിന്റെ സഭയെ പിശാചിന്റെ സഭയാക്കിത്തീർക്കുന്നതിനു ദൈവം നൽകിയ നാവു ദുരുപയോഗം ചെയ്യുന്നവർക്ക് ഹാ കഷ്ടം!

## 11. കല്ലു വച്ച നുണയുടെ നാവ് (ദാനി. 13:37-40)

''അവിടെ ഒളിച്ചിരുന്ന ഒരു യുവാവ് വന്ന് ഇവളോടുകൂടെ ശയിച്ചു. ഞങ്ങൾ ഉദ്യാനത്തിന്റെ ഒരു കോണിലായിരുന്നു. ഈ ദുഷ്ടതകണ്ട് ഞങ്ങൾ ഓടിച്ചെന്നു. അവർ ആലിംഗനം ചെയ്യുന്നതു ഞങ്ങൾ കണ്ടു. അവൻ ഞങ്ങളേക്കാൾ ശക്തനായിരുന്നതിനാൽ, ഞങ്ങൾക്ക് അവനെ പിടിക്കാൻ കഴിഞ്ഞില്ല. അവൻ വാതിൽ തുറന്ന് ഓടി മറഞ്ഞു.''

ബാബിലോണിൽ ജീവിച്ചിരുന്ന യൊവാക്കിമിന്റെ ഭാര്യ സൂസന്ന അതീവ സുന്ദരിയും സുശീലയുമായിരുന്നു. ജനത്തെ ഭരിക്കേണ്ട രണ്ടു ന്യായാധിപന്മാർ സൂസന്നയെ കാണാറുണ്ട്. അവളെ പ്രാപിക്കാൻ

www.malankaralibrary.com



കാമാസക്തിയിൽ അവർ ജ്വലിച്ചു. രണ്ടുപേർക്കും ഈ അഭിലാഷം ഉണ്ടായി. എന്നാൽ പരസ്പരം ഈ വിവരം പറഞ്ഞില്ല. സൂസന്ന ഉലാത്തുവാനും കുളിക്കുവാനും വരുന്ന ഉദ്യാനത്തിൽ രണ്ടുപേരും പതുങ്ങിനിന്നു. ഒടുവിൽ രണ്ടുപേരും അവരുടെ അഭിലാഷം തുറന്നുപറഞ്ഞു. ഒരു ദിവസം ദാസിമാർ പോയ തക്കം നോക്കി ഇവർ രണ്ടുപേരും സൂസന്നയെ സമീപിച്ച് ഞങ്ങളുടെ കൂടെ ശയിക്കുക എന്നു പറഞ്ഞു. ‘‘നീ വിസമ്മതിച്ചാൽ നിന്റെ കൂടെ ഒരു യുവാവ് ഉണ്ടായിരുന്നു എന്നു പറയും’’ എന്നു പറഞ്ഞു. സൂസന്ന ആത്മഗതം ചെയ്തു. ‘‘ഞാൻ സമ്മതിച്ചാൽ, അതെന്റെ മരണമാണ്. സമ്മതിച്ചില്ലെങ്കിൽ, നിങ്ങളുടെ കൈയിൽ നിന്ന് രക്ഷപ്പെടുകയില്ല. കർത്താവിന്റെ മുമ്പിൽ പാപം ചെയ്യുന്നതിനേക്കാൾ നിങ്ങൾക്കു വഴങ്ങാതെ നിങ്ങളുടെ പിടിയിൽപ്പെടുന്നതാണു ഞാൻ ഇഷ്ടപ്പെടുന്നത്’’ (ദാനി: 13:22-23). ന്യായാധിപന്മാർ അവൾക്കെതിരായി കള്ളസാക്ഷ്യം നൽകി. ന്യായാധിപന്മാർ പറഞ്ഞതു അവിശ്വസിക്കാൻ സാധ്യമല്ല. വ്യഭിചാരം ചെയ്യുന്നവരെ കല്ലെറിഞ്ഞു കൊല്ലണം എന്നതാണ് അന്നത്തെ നിയമം. സൂസന്നയെ കൊലക്കളത്തിലേക്ക് കൊണ്ടുപോയി. കോൾമയിർ കൊള്ളുന്ന മുഹൂർത്തമാണ് പിന്നെ നടന്നത്. നിഷ്ക്കളങ്കരെ ദൈവം കൈവിടുകയില്ല. ദാനിയേൽ എന്ന ബാലന്റെ പരിശുദ്ധമായ ആത്മാവിനെ കർത്താവ് ഉണർത്തി (ദാനി: 13:45). ദാനിയേൽ ന്യായാധിപന്മാരെ പരസ്പരം അകറ്റി ചോദ്യം ചെയ്തു. അവർ പറഞ്ഞതിൽ പൊരുത്തക്കേട് ഉണ്ടായി. ഒരാളോടു പറഞ്ഞു, ‘‘ദുഷ്ടതയിൽ തഴക്കം നേടിയവനേ, നിന്റെ മുൻകാല പാപങ്ങൾ നിന്റെമേൽ പതിച്ചിരിക്കുന്നു. നിരപരാധിയും നീതിമാനുമായ ഒരുവനെ കൊല്ലരുതെന്നു കർത്താവു കല്പിച്ചിട്ടുണ്ടെങ്കിലും നീ നിരപരാധിയെ ശിക്ഷയ്ക്ക് വിധിച്ചു. തെറ്റു ചെയ്തവനെ വെറുതെവിട്ടു’’ (ദാനി: 13:53). മറ്റെ ആളിനോടു പറഞ്ഞു, ‘‘കാനാന്റെ സന്തതീ, നീ യൂദാഗോത്രത്തിൽപ്പെട്ടവനല്ല. സൗന്ദര്യം നിന്നെ വഞ്ചിക്കുകയും വിഷയാസക്തി നിന്റെ ഹൃദയത്തെ വഴിതെറ്റിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയാണ് നിങ്ങൾ ഇസ്രായേൽ പുത്രിമാരോടു പെരുമാറിയത്. ഭയം മൂലം അവർ നിങ്ങളോടൊപ്പം ശയിച്ചു’’ (ദാനി: 13:56). അവരുടെ നുണ ദാനിയേൽ വെളിച്ചത്തു കൊണ്ടുവന്നു. സൂസന്നയെ രക്ഷിച്ചു. അവർ കല്ലെറിയപ്പെട്ടു.

www.malankaralibrary.com



സമൂഹത്തിൽ ഇത്തരം നീചപ്രവൃത്തികൾ അരങ്ങേറുന്നു. കേസു വരുമ്പോൾ, പണത്തിന്റെ ശക്തിയിലോ രാഷ്ട്രീയപിൻബലത്തിലോ കുറ്റവാളികൾ രക്ഷപെടുന്നു. നീതി പ്രവർത്തിക്കേണ്ട ന്യായാധിപന്മാർ ചിലരെങ്കിലും കൈക്കൂലിക്കോ മറ്റു സ്ഥാപിതതാൽപര്യത്തിനോ വഴങ്ങി കുറ്റവാളികളെ ശിക്ഷിക്കാതെവിടുന്ന സംഭവവും തള്ളിക്കളയാനാവില്ല. ചാരിത്രശുദ്ധി അമൂല്യമായി കരുതിയ സൂസന്നയുടെ ജീവിതവും മാതൃകയും ഇന്നത്തെ തലമുറ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നുണപ്രചരണവും അപവാദവും കൊണ്ട് എന്നും എല്ലാവരെയും വഞ്ചിച്ചു ജീവിക്കുവാൻ ദൈവം അനുവദിക്കുകയില്ല.

## 12. പരിഹസിക്കുന്ന നാവ്

പരിഹസിക്കുന്നത് ആഢ്യത്വത്തിന്റെ ചിഹ്നമായി പലരും കരുതുന്നു. സമ്പത്ത്, ജോലി, സ്ഥാനം തുടങ്ങിയ ഘടകങ്ങളിൽ കുറവുള്ളവരെ അതിന്റെ പേരിൽ പരിഹസിക്കാറുണ്ട്.

യേശുക്രിസ്തുവിനെത്തന്നെ യഹൂദരും പ്രമാണിമാരും പരിഹസിക്കുന്നതായി വചനത്തിൽ നാം വായിക്കുന്നു. 'മരപ്പണിക്കാരൻ,' 'തച്ചന്റെ മകൻ,' 'യഹൂദരുടെ രാജാവ്' തുടങ്ങിയ നിന്ദാവചനങ്ങളാൽ പരിഹസിച്ചു (മർക്കോ. 6:1-5; മത്താ:13:53-58; മത്താ:27:27-31; യോഹ: 19:1-5). "അവൻ പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നത്" (ലൂക്കാ 11:18). അവനെ മുൾക്കിരീടവും ചുവന്നതൊപ്പിയും ധരിപ്പിച്ച് പരിഹാസപാത്രമാക്കി. "അവർ അവന്റെ കണ്ണുകൾ മൂടിക്കൊണ്ട് നിന്നെ അടിച്ചവൻ ആരെന്നു പ്രവചിക്കുക എന്നുപറഞ്ഞു" (ലൂക്കാ 22:63-65). കുരിശിൽ തൂങ്ങിക്കിടക്കുമ്പോഴും ക്രൂരപരിഹാസത്തോടെ, "നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങി വരിക, അവനെ താഴെയിറക്കാൻ ഏലിയാ വരുമോയെന്ന് നമുക്ക് കാണാം" (മത്താ:27:39-44; മർക്കോ:15:35-36; ലൂക്കാ 23:32-39) എന്നിങ്ങനെ പറഞ്ഞു.

"വിനാഗിരി കൊടുത്ത് അവനെ പരിഹസിച്ചു" (ലൂക്കാ 23:36).

പരിഹാസം എത്രയോ പേരുടെ ആത്മാഭിമാനം വ്രണപ്പെടുത്തുന്നു. ശ്രോതാവിൽ ശത്രുത ജനിപ്പിക്കുന്നു. നിന്ദ ക്രൂരപരിഹാസമാണ്. ആത്മസംഘർഷം വർദ്ധിച്ച് ഒരു പക്ഷേ ആത്മഹത്യ വരെയെ

www.malankaralibrary.com



ത്തിക്കാൻ പരിഹാസം കാരണമാകും. പരിഹസിക്കുന്ന നാവ് കൊലപാതകം ചെയ്യുന്നു.

### 13. മുറിപ്പെടുത്തുന്ന നാവ്

''നീ തന്നെയല്ലേ, ഭർത്താക്കന്മാരെ കഴുത്തു ഞെരിച്ചു കൊന്നത്? ഏഴു പേരെ നിനക്ക് ലഭിച്ചു. എന്നാൽ ആരുടെയും നാമം ധരിക്കാൻ നിനക്കിടയായില്ലല്ലോ!'' (തോബി: 3:8).

തോബിത്തിന്റെ പുസ്തകത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. റഗുവേലിന്റെ മകൾ സാറാ ഏഴുപേരെ വിവാഹം ചെയ്തു. വിവാഹരാത്രിയിൽത്തന്നെ ഭർത്താവിനെ പിശാച് കൊല്ലുന്നു. അതിനുശേഷം വിവാഹം ചെയ്ത ഓരോരുത്തരെയും പിശാച് കൊന്നു. ഇതിൽ മനസ്സ് നൊമ്പരപ്പെട്ട് കഴിയുന്ന സാറായെ പരിചാരികമാർ അധിക്ഷേപിച്ച് മുറിപ്പെടുത്തുന്ന വചനഭാഗമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മറ്റുള്ളവർക്ക് എന്തെങ്കിലും വിഷമം ഉണ്ടാകുമ്പോൾ, സാന്ത്വനം നൽകേണ്ടതിനുപകരം വാക്കുകൊണ്ട് മുറിപ്പെടുത്തുന്നതിൽ സന്തോഷം കണ്ടെത്തുന്നവരുണ്ട്. ഈ ദുഷിച്ച മാനസികാവസ്ഥ പലരിലുമുണ്ട്. എലിയുടെ കണ്ണിൽ നിന്നും ചോര ചീറ്റിയാലും കടിവിടാത്ത പൂച്ചയെപ്പോലെ വാക്കുകൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ മനഃസാക്ഷി നൊമ്പരം ഇല്ലാത്തവർ കുടുംബങ്ങളിലും ആത്മീയ മേഖലകളിൽ ജീവിക്കുന്നവരിലും കാണാൻ സാധിച്ചിട്ടുണ്ട്. അമ്മായിയമ്മ, മരുമകൾ, സഹോദരങ്ങളുടെ ഭാര്യമാർ ഇങ്ങനെ പല ജീവിതബന്ധങ്ങളിൽ, ഉള്ളിലെ വെറുപ്പും നീരസവും തീർക്കുന്നത് മുറിപ്പെടുത്തുന്ന വാക്കുകൾ ഉപയോഗിച്ചാണ്. ഇതിനു ഇരയാകുന്നവർ വലിയ ഹൃദയനൊമ്പരത്തിലും ഒടുവിൽ ആത്മഹത്യയിലും വരെ എത്തിച്ചേരാം.

### 14. ശപിക്കുന്ന നാവ്

''ഒരേ വായിൽ നിന്നു അനുഗ്രഹവും ശാപവും പുറപ്പെടുന്നു. എന്റെ സഹോദരരേ, ഇതു ഉചിതമല്ല'' (യാക്കോ: 3:10).

ഫിലിസ്ത്യരുടെ മല്ലനായ ഗോലിയാത്ത് തന്റെ നേരെ ചെന്ന ദാവീദിനെ ശപിക്കുന്ന രംഗം 1 സാമുവേൽ 17:43-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ''ദേവന്മാരുടെ പേരു ചൊല്ലി ദാവീദിനെ ശപിച്ചു. ഞാൻ

www.malankaralibrary.com



നിന്റെ മാംസം പറവകൾക്കും കാട്ടുമൃഗങ്ങൾക്കും കൊടുക്കും'' എന്നു പറഞ്ഞു.

ദാവീദ് രാജാവ് ബഹൂറിയിൽ എത്തിയപ്പോൾ സാവൂളിന്റെ ബന്ധുവായ ഷിമെയി ശാപം ചൊരിഞ്ഞുകൊണ്ട് പുറപ്പെട്ടുവന്നു. ഷിമെയി ശപിച്ചു പറഞ്ഞു, ''കൊലപാതകി, നീചാ കടന്നുപോകൂ'' (2 സാമു:16:17). ''കർത്താവ് എന്റെ കഷ്ടത കണ്ട് അവന്റെ ശാപത്തിനുപകരം എന്നെ അനുഗ്രഹിച്ചേക്കും'' (2 സാമു:16:12) എന്ന് ദാവീദ് പറഞ്ഞു. 'ഇവന്റെ തല വെട്ടിക്കളയട്ടേ' എന്ന് സേവകൻ ചോദിച്ചപ്പോഴാണ് ക്ഷമയുടെ ഈ മറുപടി ദാവീദ് പറഞ്ഞത്.

ശപിക്കുന്നതിനും, പ്രാകുന്നതിനും മടിയില്ലാത്ത ആളുകൾ കുടുംബങ്ങളിലുണ്ട്. മാതാപിതാക്കളെ ശപിക്കുന്ന മക്കൾ, മക്കളെ ശപിക്കുന്ന മാതാപിതാക്കൾ, അയൽവാസികളെ ശപിക്കുന്നവർ ഇങ്ങനെ ഒരു നീണ്ടനിര തന്നെയുണ്ട്. എന്തെങ്കിലും കുസൃതി മക്കൾ കാണിച്ചാൽ, പെട്ടെന്ന് അവരെ ശപിക്കുന്ന അമ്മമാർ കുറവല്ല. ''നീ വാഴത്തില്ല, ഗുണം പിടിക്കത്തില്ല, ഒടുക്കത്തെ സന്തതി'' എന്നെല്ലാം പറയുന്ന അമ്മമാരെ കണ്ടിട്ടുണ്ട്. ഭർത്താക്കന്മാരുടെ പെരുമാറ്റദൂഷ്യമോ, ഉത്തരവാദിത്തമില്ലായ്മയോ കൊണ്ട് മോശമായ വാക്ക് പറഞ്ഞ് അവരെ ശപിക്കുന്ന ഭാര്യമാരുണ്ട്. ഒരേ വായിൽ നിന്ന് അനുഗ്രഹവും ശാപവും വരരുതെന്ന് വചനം പറയുന്നു. ''ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ, അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ'' (ലൂക്കാ 6:28) എന്ന് കർത്താവ് പറയുന്നു. ''അപ്പനെയോ അമ്മയെയോ പ്രാകുന്നവന്റെ വിളക്ക് കൂരിരുട്ടിൽ കെട്ടുപോകും'' (സുഭാ: 20:20). ശപിക്കുക, പ്രാകുക ഇതെല്ലാം പിശാചിന്റെ വചനമാണ് (വെളി: 12:10). പിശാച് നന്മ ആഗ്രഹിക്കുന്നില്ല. നാം ഒരിക്കലും പിശാചിന്റെ വക്താക്കളാകരുത്; നാം സകലരെയും അനുഗ്രഹിക്കുന്നവരാകണം. ആരെയും നാവുകൊണ്ട് തളർത്തരുത്, വളർത്തുകയേ ചെയ്യാവൂ.

ദൈവം തന്ന നാവിനെ ദൈവോചിതമല്ലാതെ ഉപയോഗിച്ചതിന്റെ ദുരന്തഫലങ്ങളുമായി ബന്ധപ്പെട്ട കുറെ വ്യക്തികളെയാണ് നാം ഇതുവരെ കണ്ടത്. സദ്വചനങ്ങളുടെ മഹത്ത്വവും ദുഷ്ടവചനങ്ങളുടെ ഹീനതയും വെളിപ്പെടുത്തുന്ന ദൈവവചനഭാഗങ്ങൾ ശ്രദ്ധിക്കാം. യാക്കോബ് ശ്ലീഹായുടെ ലേഖനം മൂന്നാം അദ്ധ്യായം മുഴുവനും നാവിന്റെ നല്ല ഉപയോഗവും ദുരുപയോഗവും തമ്മിലുള്ള വ്യത്യാ

www.malankaralibrary.com



സത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. ദൈവത്തെ പുകഴ്ത്തുന്ന വായ്കൊണ്ട് തന്നെ സഹോദരങ്ങളെ ദുഷിക്കുന്ന വൈരുദ്ധ്യം ശ്ലീഹാ എടുത്തുപറയുന്നു.

## നാവിന്റെ നല്ല ഉപയോഗം

''എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ'' (സങ്കീ:19:14).

''എന്റെ നാവ് അങ്ങയുടെ നീതിയും സ്തുതിയും രാപകൽ ഘോഷിക്കും'' (സങ്കീ: 35:28).

''നീതിമാന്റെ അധരങ്ങൾ ജ്ഞാനം സംസാരിക്കുന്നു. അവന്റെ നാവിൽനിന്ന് നീതി ഉതിരുന്നു'' (സങ്കീ: 37:30).

''നാവുകൊണ്ട് പാപം ചെയ്യാതിരിക്കാൻ ഞാൻ എന്റെ വഴികൾ ശ്രദ്ധിക്കും. എന്റെ മുമ്പിൽ ദുഷ്ടൻ ഉള്ളിടത്തോളം കാലം നാവിനു ഞാൻ കടിഞ്ഞാണിടും'' (സങ്കീ: 39:1).

''ഉത്ക്കണ്ഠ ഒരുവന്റെ ഹൃദയത്തെ നിരുന്മേഷമാക്കുന്നു. നല്ല വാക്ക് അവനെ ഉത്തേജിപ്പിക്കുന്നു'' (സുഭാ: 12:25).

''നീതിമാന്റെ അധരം ജീവന്റെ ഉറവയാണ്'' (സുഭാ: 10:11).

''വിവേകിയുടെ നാവ് അറിവു വിതറുന്നു'' (സുഭാ: 5:2).

''സൗമ്യന്റെ വാക്ക് ജീവന്റെ വൃക്ഷമാണ്'' (സുഭാ: 15:4).

''മധുരമൊഴി സ്നേഹിതന്മാരെ ആകർഷിക്കുന്നു. മധുരഭാഷണം സൗഹൃദത്തെ ഉത്തേജിപ്പിക്കുന്നു (പ്രഭാ: 6:5).

## നാവിന്റെ ദൂഷ്യഫലം

''വ്യാജം പറയുന്ന അധരങ്ങളിൽ നിന്നും വഞ്ചന നിറഞ്ഞ നാവിൽ നിന്നും എന്നെ രക്ഷിക്കണമെ.

വഞ്ചന നിറഞ്ഞ നാവേ, നിനക്ക് എന്തു ലഭിക്കും?"

''ദുഷ്ടൻ തന്റെ ദുഷിച്ച വാക്കുകളിൽ തന്നെ കുടുങ്ങിപ്പോകുന്നു'' (സുഭാ: 12:13).

''വികടഭാഷണം നടത്തുന്നവൻ ആപത്തിൽ പതിക്കുന്നു'' (സുഭാ: 17:20).

''മൂഢന്റെ അധരങ്ങൾ കലഹത്തിനു വഴിതെളിക്കുന്നു'' (സുഭാ: 18:6).

www.malankaralibrary.com



''മൂഢന്റെ നാവ് അവനെ നശിപ്പിക്കുന്നു. ഏഷണിക്കാരന്റെ വാക്കുകൾ സ്വാദുള്ള അപ്പക്കഷണങ്ങൾ പോലെയത്രേ'' (സുഭാ: 18:7-8).

''ഏഷണിക്കാരനെന്നു പേരു കേൾപ്പിക്കരുത്. നാവു കൊണ്ട് കെണി വയ്ക്കുകയുമരുത്. അറിയാമെങ്കിലേ വാ തുറക്കാവൂ. മാനവും അവമാനവും വാക്കിലൂടെ വരുന്നു. വീഴ്ചയ്ക്ക് വഴി തെളിക്കുന്നതും നാവു തന്നെ'' (പ്രഭാ: 5:12-14).

''നാവുകൊണ്ട് പ്രഹരിച്ചാൽ അസ്ഥികൾ തകരും. വാൾത്തല അനേകരെ വീഴ്ത്തിയിട്ടുണ്ട്. നാവുകൊണ്ട് വീഴ്ത്തപ്പെട്ടവർ അതിൽ ഏറെയാണ്'' (പ്രഭാ:28:17-18).

''കള്ളസാക്ഷ്യവും കള്ളസത്യവും, സത്യത്തിനു വിരുദ്ധമായ ഒരു പ്രസ്താവന പരസ്യമായി ചെയ്യുമ്പോൾ സവിശേഷമായ ഗൗരവമുള്ളതാകുന്നു. കോടതിയുടെ മുമ്പിൽ അതൊരു കള്ളസാക്ഷ്യമായിത്തീരുന്നു. അത് ശപഥപൂർവ്വം ചെയ്യുമ്പോൾ കള്ളസത്യമായിത്തീരുന്നു. ഇത്തരം പ്രവൃത്തികൾ നിർദോഷികളെ കുറ്റം വിധിക്കാനോ, കുറ്റക്കാരെ കുറ്റവിമുക്തരാക്കാനോ കുറ്റം വിധിക്കപ്പെട്ടവരുടെ ശിക്ഷ വർദ്ധിപ്പിക്കാനോ ഹേതുവാകുന്നു'' (കത്തോലിക്കാ മതബോധന ഗ്രന്ഥം 2476).

''വ്യക്തികളുടെ സത്പേരിനോടുള്ള ആദരവില്ലായ്മ, വിവേകരഹിതമായ വിധിനിർണ്ണയം, അപകീർത്തിപ്പെടുത്തൽ, ഏഷണി, പ്രീതിപ്പെടുത്തലിനുവേണ്ടി മുഖസ്തുതി പറയുക, പുകഴ്ത്തുക ആത്മപ്രശംസ അഥവാ പൊങ്ങച്ചംപറച്ചിൽ തുടങ്ങിയവ പാപമാണ്'' (കത്തോലിക്കാ മതബോധനഗ്രന്ഥം 2477 - 2481).

നുണ എന്നത് വഞ്ചിക്കണമെന്ന ലക്ഷ്യത്തോടെ സത്യമല്ലാത്ത കാര്യം പറയുന്നതാണ്. നുണ പറച്ചിൽ പിശാചിന്റെ ഒരു പ്രവൃത്തിയായി കർത്താവ് ശപിച്ചുതള്ളുന്നു (യോഹ: 8:44).

നുണയെ സംബന്ധിക്കുന്ന 2482 മുതൽ 2487 വരെയുള്ള ഖണ്ഡികകൾ ഇവിടെ പ്രസക്തമാണ്.

## നാവിന്റെ ദുർവിനിയോഗം

''നിന്റെ വാ തിന്മയ്ക്ക് തുറന്നിട്ടിരിക്കുന്നു. നിന്റെ നാവു വഞ്ചനയ്ക്കു രൂപം നൽകുന്നു. നീ നിന്റെ സഹോദരനെതിരായി സംസാരിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം സഹോദരനെതിരായി അപവാദം പരത്തുന്നു. നീ ഇതെല്ലാം ചെയ്തിട്ടും ഞാൻ മൗനം ദീക്ഷിച്ചു'' (സങ്കീ:50: 20-21).

www.malankaralibrary.com



''വഞ്ചകാ, നിന്റെ നാവ് മൂർച്ചയുള്ള ക്ഷൗരക്കത്തിപോലെയാണ്. നന്മയേക്കാൾ തിന്മയും സത്യത്തേക്കാൾ വ്യാജവും നീ ഇഷ്ടപ്പെടുന്നു. വഞ്ചന നിറഞ്ഞ നാവേ, വിനാശകരമായ വാക്കുകളാണ് നിനക്ക് ഇഷ്ടം'' (സങ്കീ: 52:2-3).

''ദുർഭാഷണം നടത്തുന്നവൻ പിടിക്കപ്പെടും. നീതിയുടെ ശിക്ഷ അവനെ വെറുതെ വിടുകയില്ല'' (ജ്ഞാനം 1:8).

## നാവിന്റെ നിയന്ത്രണം

''തിന്മയിൽനിന്നു നാവിനെയും വ്യാജഭാഷണത്തിൽനിന്ന് അധരങ്ങളെയും സൂക്ഷിച്ചുകൊള്ളുവിൻ'' (സങ്കീ: 34:13).

''കർത്താവേ, എന്റെ നാവിന് കടിഞ്ഞാണിടേണമെ. എന്റെ അധരകവാടത്തിന് കാവലേർപ്പെടുത്തണമേ'' (സങ്കീ: 141:3).

''നിങ്ങളുടെ അധരങ്ങളിൽ നിന്ന്, തിന്മയുടെ വാക്കുകൾ പുറപ്പെടാതിരിക്കട്ടെ'' (എഫേ: 4:29).

''വക്രമായ സംസാരം നിന്നിൽ നിന്ന് അകറ്റിക്കളയുക. കുടിലഭാഷണത്തെ ദൂരെയകറ്റുക'' (സുഭാ: 4:24).

''വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ തന്റെ ജീവൻ സുരക്ഷിതമാക്കുന്നു'' (സുഭാ: 13:3).

''സ്വന്തം അധരങ്ങളെയും നാവിനെയും നിയന്ത്രിക്കുന്നവൻ, ഉപദ്രവങ്ങളിൽ നിന്നും രക്ഷപ്പെടുന്നു'' (സുഭാ: 21:23).

''വാ തോരാതെ സംസാരിക്കുന്നവനെ നോക്കൂ. ഭോഷന് അവനേക്കാൾ ഏറെ പ്രതീക്ഷയ്ക്ക് വകയുണ്ട്'' (സുഭാ: 29:20).

''വാക്കിൽ പിഴയ്ക്കാത്തവൻ അനുഗൃഹീതൻ, അവനു പാപത്തെ പ്രതി ദുഃഖിക്കേണ്ടി വരുകയില്ല'' (പ്രഭാ:14:1).

''ഉചിതമായ സമയം വരെ ബുദ്ധിമാൻ മൗനം പാലിക്കും. പൊങ്ങച്ചക്കാരനും ഭോഷനും സമയനോട്ടമില്ല. അമിതഭാഷി നിന്ദ്യനാണ്. തള്ളിക്കേറി സംസാരിക്കുന്നവനും വെറുക്കപ്പെടും'' (പ്രഭാ: 20:7-8).

''എന്റെ വായ്ക്ക് കാവൽക്കാരനും ചുണ്ടുകൾക്ക് വിവേകത്തിന്റെ മുദ്രയും ഉണ്ടായിരുന്നെങ്കിൽ ഞാൻ വീഴുകയോ നാവു മൂലം നശിക്കുകയോ ചെയ്യുകയില്ലായിരുന്നു'' (പ്രഭാ: 22:27).

''വാക്ക് അളന്നു തൂക്കി ഉപയോഗിക്കുക. വായ്ക്ക് വാതിലും പൂട്ടും നിർമ്മിക്കുക'' (പ്രഭാ: 28:25).

www.malankaralibrary.com



“ലൗകികമായ വ്യർത്ഥഭാഷണം ഒഴിവാക്കുക. അതു ജനങ്ങളെ ഭക്തിരാഹിത്യത്തിലേക്ക് നയിക്കും” (2 തിമോ: 2:16).

“താൻ ദൈവഭക്തനാണെന്നു ഒരുവൻ വിചാരിക്കുകയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവന്റെ ഭക്തി വ്യർത്ഥമത്രേ” (യാക്കോ: 1:28).

“സംസാരത്തിൽ തെറ്റുവരുത്താത്ത ഏവനും പൂർണ്ണനാണ്” (യാക്കോ: 3:2).

ദൈവം നമുക്ക് കനിഞ്ഞുനൽകിയ നാവും സംസാരശേഷിയും അമൂല്യമത്രേ. അതിന്റെ ഉപയോഗത്തെക്കുറിച്ച് ദൈവത്തിനുള്ള വ്യത്യസ്ത നിയോഗങ്ങളെക്കുറിച്ചാണ് വചനത്തിലൂടെ നാം ഇതുവരെ കണ്ടത്. ദൈവത്തിന്റെ വചനം മാറ്റമില്ലാത്തതാണ്. ഈ വചനഭാഗങ്ങൾ ധ്യാനപൂർവ്വം വായിച്ചാൽ, നാം നമ്മുടെ നാവിനെ എങ്ങനെ ഉപയോഗിക്കണം, എങ്ങനെ സംസാരിക്കരുത്, നമ്മുടെ ഇപ്പോഴത്തെ സംസാരരീതി എവിടെ നിൽക്കുന്നു എന്നെല്ലാം മനസ്സിലാക്കാൻ സാധിക്കും.

നമ്മുടെ വ്യക്തിത്വത്തെ മറ്റുള്ളവർ വിലയിരുത്തുന്ന പ്രധാന മാനദണ്ഡം സംസാരമാണ്.

നമ്മിലെ സ്നേഹരാഹിത്യം, പരബഹുമാനമില്ലായ്മ, മറ്റുള്ളവരിൽ കുറ്റം കണ്ടുപിടിച്ച് അവരെ മുറിപ്പെടുത്തുന്ന രീതിയിൽ സംസാരിക്കാൻ കാരണമാകുന്നു. ഒരാളെപ്പറ്റി നമ്മുടെ ഉള്ളിൽ മുൻവിധിയോ, തെറ്റിദ്ധാരണയോ, അതുമൂലമുള്ള വെറുപ്പോ ഉണ്ടെങ്കിൽ ഇത് നമ്മുടെ അബോധ ഉപബോധ മനസ്സിൽ കിടക്കുന്നതാകാം. നാം ആ വ്യക്തികളെക്കുറിച്ച് അപവാദം പറഞ്ഞ് താഴ്ത്തിക്കെട്ടാൻ ശ്രമിക്കും. നമ്മിലുള്ള അഹങ്കാരം അപരനിൽ കുറ്റം ആരോപിക്കാൻ കാരണമാകാം. I am OK, He is not OK - ഞാൻ നല്ലവൻ, അവൻ നല്ലവനല്ല എന്നുള്ള മനോഭാവം ഏതെങ്കിലും കാരണത്താൽ ചെറുപ്പത്തിലേ ഉള്ളിലുള്ള വ്യക്തി മറ്റുള്ളവരിലുള്ള നന്മ കാണുകയില്ല. സ്വന്തം തെറ്റ്, തിന്മ മറ്റുള്ളവരിൽ ആരോപിച്ച് (project) ഞാൻ നല്ലവൻ എന്ന സംതൃപ്തിയിൽ ജീവിക്കുന്നു.

കാമവും ക്രോധവും തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നു. കാമം എന്നു വിവക്ഷിക്കുന്നത് ജഡികാസക്തി മാത്രമല്ല, ഏതു വസ്തുവിനോടോ, വ്യക്തിയോടോ ക്രമവിരുദ്ധമായ ആസക്തിയെ കാമം എന്നു

www.malankaralibrary.com



പറയാം. ഈ ആസക്തി വർദ്ധിക്കുകയും ആസക്തി ഏതിൽ പുലർത്തുന്നുവോ, അതു കിട്ടാതെ വരുമ്പോൾ, ക്രോധം ഉണ്ടാകുന്നു. കോപത്തിൽ നിന്ന് സ്മൃതിഭ്രംശം, ഓർമക്കുറവ് ഉണ്ടാകുന്നു. സ്മൃതിഭ്രംശം വരുമ്പോൾ ബുദ്ധിനാശം സംഭവിക്കുകയും ബുദ്ധിനാശത്തിൽ നിന്ന് അവിവേകത്തിലേക്കു നീങ്ങുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ എത്തിയ ആൾ എന്താണ് പറയുന്നത്, പ്രവർത്തിക്കുന്നത് എന്നു പ്രവചിക്കാൻ പറ്റില്ല. ക്രമത്തിലധികം രോഷാകുലരായ ആളുകൾ, എന്തെല്ലാമാണ് പറഞ്ഞത്, ആരെയെല്ലാം മുറിപ്പെടുത്തി എന്ന് പിന്നീട് ഓർമയിൽ കാണുകയില്ല. കാരണം, ഈ അവസരത്തിൽ ബുദ്ധിയുടെ പ്രവർത്തനം നഷ്ടപ്പെട്ടിരുന്നു.

നാം എറിഞ്ഞ കല്ലും പറഞ്ഞ വാക്കും നമുക്ക് നഷ്ടപ്പെട്ടതാണ്. അതുപയോഗിച്ച് മറ്റുള്ളവർ നമ്മെ ആക്രമിക്കാൻ ഇടയുണ്ട്. വായിൽ നിന്നു പുറപ്പെടുന്നത് സദ്വചനങ്ങളാണെങ്കിൽ ഭയപ്പെടാനില്ല. ഒരു ധ്യാനഗുരു പറഞ്ഞ കഥയാണ്. ഒരു ക്രിസ്ത്യാനിയും ബ്രാഹ്മണനും തമ്മിൽ വഴക്കുകൂടി. ക്രിസ്ത്യാനി ''പോത്ത്, കാള, പന്നി'' എന്നെല്ലാം ബ്രാഹ്മണനെ വിളിച്ചു. ബ്രാഹ്മണൻ തിരിച്ചു വിളിച്ചു; "എടാ കുമ്പളങ്ങാ, മത്തങ്ങാ, പടവലങ്ങ" എന്നിങ്ങനെ. നാം ഭക്ഷിക്കുന്ന ആഹാരം നമ്മെ കുറെയൊക്കെ സ്വാധീനിക്കും എന്നു കേട്ടിട്ടുണ്ട്. അത് എത്രമാത്രം ശരിയെന്ന് അറിഞ്ഞുകൂടാ.

വഴക്കുകൂടുമ്പോൾ ഒരാൾ ഉപയോഗിക്കുന്ന അശ്ലീല വാക്കുകളെ കടത്തിവെട്ടിയ പ്രയോഗം നടത്തിയെങ്കിലേ രണാങ്കണത്തിൽ ജയിച്ചു എന്ന സംതൃപ്തി ചിലർക്ക് ലഭിക്കു. ചാണകം വാരി എറിയുന്നവനെ ചാണകം വാരി തിരിച്ചെറിഞ്ഞാൽ അതു ജയമല്ല. മലം തന്നെ വാരി എറിഞ്ഞെങ്കിലേ തൃപ്തി വരികയുള്ളൂ.

എല്ലാവർക്കും അറിയാവുന്ന ഒരു ശ്ലോകം ഉദ്ധരിച്ചുകൊണ്ട് നാവിനെക്കുറിച്ചുള്ള പ്രതിപാദനം ഉപസംഹരിക്കാം.

അമ്പു കൊണ്ടുള്ള വ്രണം കാലത്താൽ നികന്നിടും
കൊമ്പുകണ്ടിച്ചാലും പാദപം കിളുർത്തീടും
കാട്ടു തീ വെന്താൽ വനം പിന്നെയും തളിർത്തീടും
കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ
കർണ്ണങ്ങൾക്കകം പുക്കു പുണ്ണായാലതുപിന്നെ
പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാൽ പോലും.

www.malankaralibrary.com



ദൈവം നമുക്ക് നൽകിയ ഓരോ അവയവത്തിനും അതിന്റേതായ ഉദ്ദേശ്യം ദൈവം നിശ്ചയിച്ചിട്ടുണ്ട്. ഒരു വാഹനം നിർമ്മിക്കുന്ന മെക്കാനിക്കിനു വാഹനത്തിലെ ഓരോ ഭാഗത്തിനും അതിന്റേതായ ധർമ്മം നൽകിയിട്ടുണ്ട്. അതിനു വ്യത്യസ്തമായി അതിലെ ഉപകരണം പ്രവർത്തിക്കുകയില്ല. പ്രവർത്തിക്കുന്നു എന്നു സങ്കൽപിച്ചാൽ, അതു യഥാർത്ഥ വാഹനമാകയില്ല. നാവ് സ്രഷ്ടാവിനെ സ്തുതിക്കുവാനും മഹത്ത്വപ്പെടുത്തുവാനും സമസൃഷ്ടിയെ സ്നേഹത്തിലൂടെ വളർത്തിയെടുക്കുവാനും നന്മയുടെ ഉത്തേജനം നൽകുവാനുമാണ്. ''വിലകെട്ടവ പറയാതെ സദ്വചനങ്ങൾ മാത്രം സംസാരിച്ചാൽ, നീ എന്റെ നാവു പോലെയാകും'' (ജറെ: 15:19). ദൈവത്തിന്റെ ഈ വാഗ്ദാനം നമ്മുടെ ചെവിയിൽ മുഴങ്ങിനിൽക്കട്ടെ. അതു നമ്മുടെ ഹൃദയതന്ത്രികളെ പ്രകമ്പനം കൊള്ളിക്കട്ടെ.

www.malankaralibrary.com

# ഉത്കണ്ഠ (Anxiety)

**"ആകുലതകൊണ്ട് ആയുസ്സിന്റെ ഒരു മുഴം കൂടി കൂട്ടാൻ നിങ്ങളിൽ ആർക്ക് കഴിയും" (ലൂക്കാ. 12:25).**

## മനഃശാസ്ത്ര വെളിച്ചത്തിൽ

മനസ്സിനെ മഥിക്കുന്ന വികാരമാണ് ഉത്കണ്ഠ. ഏതെങ്കിലും രൂപത്തിൽ ഒരു വ്യക്തിയുടെ അസ്തിത്വത്തിനു ഭീഷണി നേരിടുമ്പോഴുണ്ടാകുന്ന അനുഭവമാണ് ഉത്കണ്ഠ. ഇത് ശരീരത്തിന്റെയോ മനസ്സിന്റെയോ മേഖലയിലാകാം. ഓപ്പറേഷൻ തിയേറ്ററിൽ ഒരു മേജർ സർജറിക്ക് കയറുമ്പോൾ സ്വാഭാവികമായി ഉത്കണ്ഠ ഉണ്ടാകും. ഞാൻ മരിച്ചുപോകുമോ എന്ന ചിന്ത. എന്റെ ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെടുമ്പോൾ, എന്റെ വില ഏതെങ്കിലും വിധത്തിൽ ഇല്ലാതാകുമ്പോൾ ഉത്കണ്ഠ ഉണ്ടാകും.

ഭയവും ഉത്കണ്ഠയും തമ്മിൽ വ്യത്യാസമുണ്ട്. ഭയം വ്യക്തമായ ഒരു വസ്തുവിനോടോ, സാഹചര്യത്തോടോ ആയിരിക്കും. ഉദാ: പാമ്പിനോട് , അടഞ്ഞ, ഇരുട്ടു നിറഞ്ഞ മുറി. ഭയം വ്യക്തിയുടെ ജീവിതത്തിന്റെ ഉപരിതലത്തിലാണ്. ഉത്കണ്ഠകുറെക്കൂടി വ്യക്തിത്വത്തിന്റെ ആഴത്തിലുള്ളതാണ്. ഉത്കണ്ഠ ഒരു കൗൺസലറോട് ശരിയായി വെളിപ്പെടുത്തുമ്പോൾ, അതുമായി ബന്ധപ്പെട്ട ഭയവും നീങ്ങിപ്പോകും.

ഉത്കണ്ഠ ഒരു പരിധിവരെ സ്വാഭാവികമാണ്. കള്ളൻ രാത്രി വന്നു കതകിൽ മുട്ടിയാൽ ഉത്കണ്ഠ ഉണ്ടാകും. ലൈറ്റിട്ട്, മറ്റുള്ളവരെ വിളിച്ചുണർത്തും, പോലീസിനെ വിവരം അറിയിക്കും. എന്നാൽ, കള്ളൻ കതകിൽ മുട്ടിയതിന്റെ പേരിൽ സ്തംഭിച്ച് ചലിക്കാതെ നിന്നാൽ, അതു ക്രമവിരുദ്ധമായ (abnormal) അവസ്ഥയാണ്. ഒരാൾ അനിയന്ത്രിതമായ ഉത്കണ്ഠ (Neurotic anxiety) യിലാണെങ്കിൽ, ഉത്കണ്ഠ

www.malankaralibrary.com



മനസ്സിൽ അമർത്തിവയ്ക്കും. അതു ദോഷകരമായ രീതിയിൽ പൊട്ടിത്തെറിക്കുകയോ, വേറെ അസുഖങ്ങൾക്ക് കാരണമാകുകയോ ചെയ്യും. സാധാരണ ഉണ്ടാകുന്ന ഉത്കണ്ഠയെക്കുറിച്ച് ഒരാൾ ബോധവാനായിരിക്കും. അതിനെ അഭിമുഖീകരിക്കാൻ തയ്യാറായിരിക്കും.

## ഉത്കണ്ഠയുടെ കാരണങ്ങൾ

മരണഭീതി ഉത്കണ്ഠയ്ക്ക് കാരണമാണ്. മനഃശാസ്ത്രപരമായി ശാരീരിക മരണം മാത്രമല്ല, മറ്റു രീതിയിലുള്ള മരണവും വ്യക്തിക്ക് ഉണ്ടാകാം. മറ്റുള്ളവരിൽ നിന്നുള്ള വേർപാട് ഉത്കണ്ഠ ഉണ്ടാക്കുന്നു. നാം മറ്റുള്ളവരുമായി ബന്ധപ്പെട്ട ജീവിതമാണെങ്കിൽ, ഒരു സുരക്ഷിതാനുഭവം ഉണ്ടാകുന്നു. ഏതെങ്കിലും കാരണത്താൽ അതു നഷ്ടപ്പെട്ടാൽ, ഞാൻ തനിയെ ഉള്ളൂ, ഞാൻ ഏകാന്തതയിലാണ് എന്നുള്ള ചിന്ത ഉത്കണ്ഠ ഉളവാക്കുന്നു. മറ്റുള്ളവരുമായി ബന്ധപ്പെടാനുള്ള അഭിനിവേശവും ശക്തിയും എല്ലാവരിലും ഉണ്ട്. ഈ ബന്ധം സുദൃഢമാണെങ്കിൽ, നീ എനിക്കുണ്ട് എന്നുള്ള തോന്നൽ, വ്യക്തിയുടെ ജീവിതം സന്തോഷപ്രദവും സൗഖ്യദായകവുമാക്കുന്നു.

ശൈശവപ്രായത്തിൽ, കുഞ്ഞിനോടുള്ള ബന്ധത്തിൽ നിന്നാണ് ഉത്കണ്ഠ രൂപം കൊള്ളുന്നത്. കുട്ടി മാതാപിതാക്കളാൽ അംഗീകരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുമ്പോൾ, കുഞ്ഞിനു നല്ല സുരക്ഷിതബോധം ഉണ്ടാകുകയും വളർന്നുവരുമ്പോൾ അതീവ ഉത്കണ്ഠ (Neurotive anxiety) ഇല്ലാത്ത വ്യക്തിയായി തീരുകയും ചെയ്യുന്നു. അതേസമയം കുട്ടി മാതാപിതാക്കളാൽ നിരസിക്കപ്പെടുകയോ, വ്യവസ്ഥയിലുള്ള സ്നേഹം (conditional) മാത്രം ലഭിക്കുകയോ ചെയ്തു വളരുന്നെങ്കിൽ പിൽക്കാലത്ത് Neurotic anxiety വരാനുള്ള സാധ്യത കൂടുതലാണ്.

അമ്മയിൽനിന്ന് കുട്ടി വേർപെട്ടു താമസിക്കുന്ന സാഹചര്യം കുട്ടിക്ക് ദോഷം ചെയ്യും. കൂടാതെ കുട്ടി എന്തെങ്കിലും കുസൃതി ചെയ്താൽ, ഉദാ: ഒരു പാത്രം താഴെയിട്ട് പൊട്ടിച്ചാൽ അമ്മ രോഷാകുലയായി. കുട്ടിയെ ശാസിച്ചാൽ "നശിച്ച സന്തതി ഇവിടെ നിന്ന് ഇറങ്ങിപ്പോ, നിന്നെ എനിക്ക് കാണേണ്ടാ" എന്നു പറഞ്ഞാൽ, അമ്മയുടെ ഈ രോഷപ്രകൃതി, തുടർന്നും ഉണ്ടായാൽ, കുട്ടിക്ക് കിട്ടുന്ന സന്ദേശം, അമ്മയുടെ പ്രതീക്ഷയ്ക്ക് ഒത്ത് വളർന്നെങ്കിലേ അമ്മയെ

www.malankaralibrary.com



തൃപ്തിപ്പെടുത്താനും സ്നേഹം കിട്ടാനും സാധിക്കൂ എന്നായിരിക്കും. അമ്മയിൽ നിന്നുള്ള ഭയപ്പെടുത്തൽ കുട്ടിക്ക് അസഹനീയമാകും. അത് ഉള്ളിൽ അമർത്തിവയ്ക്കും. എന്ത് ചെയ്താൽ അമ്മയുടെ (അപ്പന്റെ) അംഗീകാരം ലഭിക്കും എന്നുള്ള ചിന്ത കുട്ടിയിൽ എപ്പോഴും കാണും. ഇങ്ങനെ വളരുന്ന കുട്ടി എല്ലാം പൂർണ്ണതയിൽ ചെയ്യാനുള്ള ബദ്ധപ്പാടിലാണ്. ബോധമനസ്സിൽ നിന്ന് ഉത്കണ്ഠ മാറ്റിവയ്ക്കും. എല്ലാം നല്ലതായി ചെയ്ത്, മറ്റുള്ളവരെ തൃപ്തിപ്പെടുത്തുവാനും അംഗീകാരം പിടിച്ചുപറ്റാനുമുള്ള വ്യഗ്രത ഉത്കണ്ഠ ഉളവാക്കുന്നതാണ്.

ഉത്കണ്ഠയ്ക്കുള്ള വേറെയൊരു കാരണം ജീവിതത്തിൽ എപ്പോഴും വിജയിക്കണമെന്നുള്ള ചിന്തയാണ്. നമ്മുടെ സമൂഹം ഒരാളുടെ വില നിർണ്ണയിക്കുന്നത്, നേട്ടങ്ങളും വിജയങ്ങളും കണക്കിലെടുത്താണ്. ഒരു കാര്യത്തിൽ വിജയിച്ചാൽ, എനിക്ക് വിലയുണ്ട് എന്ന ചിന്ത വ്യക്തിത്വത്തെ ഈ വിജയത്തിൽ തളച്ചിടുന്നു. വിജയിച്ചില്ലെങ്കിൽ, ഒന്നുമല്ല എന്ന ചിന്ത, ഒരു കാര്യത്തിൽ പരാജയപ്പെട്ടാൽ എനിക്ക് അസ്തിത്വം ഇല്ലെന്നും ചിന്തിക്കുന്നു. ഏതെങ്കിലും നേട്ടത്തിൽ എത്തണം, ഒന്നാമനാകണം എന്നുള്ള ചിന്തയുള്ളവർക്ക് പരാജയം സംഭവിച്ചാൽ, അതു ഉത്കണ്ഠയ്ക്ക് വഴിമാറുന്നു. ഇത് ഒരു തരം നിഷേധാത്മക ചിന്തയാണ്.

വിജയിക്കണമെന്നുള്ള കിടമത്സരം സമൂഹത്തിൽ വളരെ കൂടിയിട്ടുണ്ട്. കുട്ടികളിൽ കഴിവിനപ്പുറത്തുള്ള നേട്ടത്തിനായി മാതാപിതാക്കൾ നിർബന്ധിക്കുന്നു. ഇതിൽ നിന്ന് ഉത്ഭവിക്കുന്ന പിരിമുറുക്കത്തിലാണ് പല കുട്ടികളും. ഒന്നാമനാകണം എന്ന് മാതാപിതാക്കൾ കുട്ടികളിൽ സമ്മർദ്ദം ചെലുത്തുന്നു. എന്നാൽ വിജയം സ്വന്തം കൈപ്പിടിയിൽ ഒതുങ്ങാതെ നഷ്ടപ്പെടാം. ഉദ്ദേശിച്ച മാർക്ക്, ജോലി എന്നിവ കിട്ടാതെ വരാം. ഇതെല്ലാം ആവശ്യമില്ലാത്ത ഉത്കണ്ഠയും പിരിമുറുക്കവും കുട്ടികളിൽ ഉണ്ടാക്കുന്നു. തോൽവികൊണ്ട് ഞാൻ വില ഇല്ലാത്തവനായിത്തീരുമ്പോൾ, ജീവിതത്തിനു അർത്ഥം നഷ്ടപ്പെട്ടെന്നും ഞാൻ എന്തിന് ഇനിയും ജീവിക്കണമെന്നും ചിന്തിക്കുവാൻ തുടങ്ങുന്നു.

ഒരു വ്യക്തിയുടെ ജീവിതത്തിന്റെ അർത്ഥം മൂന്നു തൂണുകൾ താങ്ങിനിറുത്തുന്നു. നമ്മുടെ ജോലികൾ, മറ്റുള്ളവരുമായുള്ള ബന്ധങ്ങൾ, ദൈവം. ദൈവം എന്നു പറയുമ്പോൾ, ക്രൈസ്തവനെ സംബ

www.malankaralibrary.com



ന്ധിച്ചിടത്തോളം യേശുക്രിസ്തുവിലുള്ള വിശ്വാസമാണ്. വിശ്വാസമില്ലാത്തവർക്ക്, അഭൗമികമായ ഒരു ശക്തിയിലുള്ള വിശ്വാസമാണ്. ഈ മൂന്നു തൂണുകൾ ശരിയായ സന്തുലിതാവസ്ഥയിലാണെങ്കിൽ, ഉത്കണ്ഠ വ്യക്തിയെ അധികം ബാധിക്കുകയില്ല. പലപ്പോഴും ഇതിൽ ഏതെങ്കിലും ഒരു തൂണിൽ മാത്രം തങ്ങിനിൽക്കുകയും മറ്റുള്ളവയെ അവഗണിക്കുകയും ചെയ്യുന്നു.

ഭൂരിപക്ഷം ആളുകളും അവരുടെ ജോലിക്കാര്യങ്ങളിൽ മുഴുകി നിൽക്കുകയും മനുഷ്യബന്ധങ്ങളും ദൈവത്തോടുള്ള ബന്ധവും ശോഷിച്ച അവസ്ഥയിലായിരിക്കുകയും ചെയ്യും. ജോലിയും പണസമ്പാദനവും മാത്രം ജീവിതലക്ഷ്യമായിരിക്കുന്ന വ്യക്തി, ജോലി നഷ്ടമോ, സാമ്പത്തിക തകർച്ചയോ വരുമ്പോൾ, പിടിച്ചുനിൽക്കാൻ വേറെ ഒന്നുമില്ലാതെ, ഉത്കണ്ഠയ്ക്കും ഒടുവിൽ നിരാശയ്ക്കും അടിമപ്പെടുന്നു. സ്ത്രീകൾ പൊതുവേ, മനുഷ്യബന്ധങ്ങളിൽ പ്രത്യേകിച്ച് കുടുംബത്തോടും മക്കളോടും ബന്ധപ്പെട്ടുനിൽക്കുന്നു. മക്കൾ പ്രായമായി, വിവാഹിതരായി, അകന്നുപോകുമ്പോൾ സ്ത്രീകൾക്ക് ഉത്കണ്ഠ ഉണ്ടാകുന്നു. അവരുടെ ജീവിത ഉദ്ദേശ്യം നഷ്ടപ്പെട്ടു എന്ന ചിന്ത.

ചിലപ്പോൾ ഈ മൂന്നു തൂണുകളും നിലം പറ്റുമ്പോൾ, പഴയകാല സ്മൃതികൾ, അയവിറക്കി സന്തോഷം കണ്ടെത്തുന്നു. പ്രായമായവരിൽ ഈ പ്രതിഭാസം കാണുന്നു. അവരുടെ പ്രിയപ്പെട്ടവർ മരിച്ചുപോകയും ആരോഗ്യം ക്ഷയിക്കുകയും ചെയ്യുമ്പോൾ, ദൈവം വിദൂരസ്ഥനായി തോന്നുമ്പോൾ, ഉണ്ടാകുന്ന ശൂന്യത നികത്താൻ, പഴയകാലങ്ങളിൽ അവർക്കുണ്ടായിരുന്ന പ്രാധാന്യവും കഴിവുമെല്ലാം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. ഇളയതലമുറ അവരുടെ കഥകൾ ശ്രദ്ധയോടെ, ക്ഷമയോടെ കേൾക്കണം. ഇതു പ്രായമായവരുടെ ജീവിതത്തിനു കൂടുതൽ അർത്ഥവും ഉത്തേജനവും നൽകുന്നതാണ്.

## ഉത്കണ്ഠയോടുള്ള സമീപനങ്ങൾ

ഒന്നാമതായി, നമ്മിലുള്ള ഏകാന്തതയും കൂട്ടായ്മയിലേക്കുള്ള മനോഭാവവും തമ്മിൽ ബാലൻസ് ഉണ്ടാകണം. അതിനായി നമ്മെത്തന്നെ നാം അറിയുകയും, അംഗീകരിക്കുകയും ചെയ്യണം. മാതാപിതാക്കളിൽ നിന്ന് വ്യവസ്ഥയില്ലാത്ത സ്നേഹം കിട്ടാത്തവരിൽ ഇത് പ്രയാസമായിരിക്കും. മാതാപിതാക്കളിൽ നിന്ന് ആഴമായ സ്നേഹം ലഭി

www.malankaralibrary.com



ക്കാത്തവർക്ക് മൗലികമായ വിശ്വാസം ('Basic Trust') മാതാപിതാക്ക ളോടു കാണുകയില്ല. മറ്റുള്ളവരോടും കാണുകയില്ല. ഇപ്രകാരമുള്ള വ്യക്തികളിൽ ഒരു ശൂന്യത നിലനിൽക്കും. ഈ ശൂന്യത നികത്തു വാൻ അവർ പല മാർഗങ്ങളും അവലംബിക്കും. സ്നേഹമയമായ ബന്ധത്തിനായി ദാഹിച്ച് എവിടെയും പോകും. ശമിപ്പിക്കാത്ത, സാധി ക്കാത്ത സ്നേഹത്തിനായുള്ള ദാഹം ഇവരിലുണ്ട്. ഇവർക്ക് ജീവിത പങ്കാളിയുടേയോ, സ്നേഹിതന്റേയോ സ്നേഹം കൊണ്ട് തൃപ്തി വരുന്നില്ല. നിരാശരായി, എല്ലാവരിൽ നിന്നും പിൻമാറി ആരെയും സ്നേഹിക്കാത്ത അവസ്ഥയിൽ എത്തിയെന്നു വരാം. മറ്റുള്ളവർക്കു വേണ്ടി നന്മ ചെയ്തുകൊണ്ട്, സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചു വാങ്ങി സംതൃപ്തി നേടാൻ ശ്രമിച്ചെന്നു വരാം. ആത്യന്തികമായി ഇതൊന്നും അവരിലെ ശൂന്യതയെ പൂർണ്ണമായി നികത്താതെ, ഉള്ളിന്റെ ഉള്ളിൽ 'ആർക്കും എന്നോടു സ്നേഹമില്ല' എന്നുള്ള തേങ്ങൽ നിലനിൽക്കും.

ഈ വിധ ഉത്കണ്ഠയെ എങ്ങനെ മനഃശാസ്ത്രപരമായി കൈ കാര്യം ചെയ്യാം എന്നു നോക്കാം. ശിശുപ്രായത്തിൽ മാതാപിതാക്ക ളിൽനിന്നു ശരിയായ സ്നേഹം കിട്ടാത്ത അനുഭവമെല്ലാം സമർത്ഥ നായ ഒരു കൗൺസലറിന്റെ മുമ്പിൽ ഇറക്കിവയ്ക്കണം. അബോധ, ഉപബോധ മനസ്സിൽ കുഴിച്ചുമൂടപ്പെട്ട അസ്വസ്ഥതാനുഭവം ഉപരിത ലത്തിൽ കൊണ്ടുവരണം. പ്രായമായ വ്യക്തിയുടെ ഇപ്പോഴത്തെ പല പെരുമാറ്റങ്ങളും ശിശുപ്രായത്തിൽ മനസ്സിൽ രൂഢമൂലമായിപ്പോയ വിശ്വാസത്തിൽ നിന്നാണെന്നുള്ള ബോധ്യം അപ്പോൾ മനസ്സിലാ കും. ഉള്ളിൽ കിടക്കുന്ന ശിശുവാണ് പ്രായമായ അവസ്ഥയിലും എല്ലാ പെരുമാറ്റത്തെയും നിയന്ത്രിക്കുന്നത് എന്നു മനസ്സിലാക്കാൻ സാധി ക്കും. ഇവിടെ തിരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കും. അതായത് മനസ്സിലെ ശിശു എന്ന വ്യക്തിയെ നിയന്ത്രിക്കണോ അതോ പക്വത വന്ന വ്യക്തിയായി ബാല്യവ്യക്തിത്വത്തെ അതിജീവിക്കണോ എന്നാണ് തീരുമാനിക്കേണ്ടത്. ഓർത്തിരിക്കേണ്ട വേറെ ഒരു കാര്യം കുഞ്ഞുപ്രായത്തിൽ മനസ്സിൽ ഉണ്ടായ മുറിവ്, അതിൽ നിന്നുള്ള ശൂ ന്യത (void) പൂർണ്ണമായി മാറ്റുവാൻ പ്രയാസമാണ്. ഈ യാഥാർത്ഥ്യം അംഗീകരിച്ചേ പറ്റൂ. വേദനാജനകമെങ്കിലും ഒരിക്കൽ ഇത് അംഗീക രിച്ചാൽ, സന്തോഷപ്രദമായ, തൃപ്തികരമായ ജീവിതം നയിക്കുവാൻ സാധിക്കും. എന്നിൽ നന്മയുണ്ട് എന്നു വിശ്വസിക്കണം. ഞാൻ

www.malankaralibrary.com



സ്നേഹാർഹനാണ് എന്നും വിശ്വസിക്കണം. ഇത് വെറും തോന്നൽ എന്ന തലത്തിൽ നിന്നും ബോധ്യത്തിലേക്ക് വരണം. മരണത്തിനപ്പുറം ഒരു ജീവിതം ഉണ്ടെന്ന് വിശ്വസിക്കണം. ഇതും ഉത്കണ്ഠയിൽ നിന്ന് മോചനം തരുന്ന ശക്തിയാണ്.

ഇന്ന് സമൂഹത്തിൽ ഭീകരപ്രവർത്തനങ്ങളിൽ, ഗുണ്ടാപ്രവർത്തനങ്ങളിൽ മുഴുകി നടക്കുന്ന ചെറുപ്പക്കാർ പലരും മാതാപിതാക്കളിൽ നിന്ന് ശരിയായ സ്നേഹം ലഭിക്കാത്തവരായിരിക്കും. മദ്യത്തിന്റെ ലഹരിയിൽ ഭാര്യയുമായി ദാമ്പത്യബന്ധം പുലർത്തിയും ഭാര്യയെ ഒരർത്ഥത്തിൽ ബലാത്സംഗം ചെയ്തും ജനിച്ച കുഞ്ഞുങ്ങൾ ധാർമ്മിക തകർച്ചയുടെ മക്കളാകാനാണ് സാധ്യത. അപ്പന്റെ സ്നേഹം ലഭിക്കാത്തവർ, കൂടുതലും മദ്യപന്മാരുടെ മക്കൾ, ഇത്തരത്തിലുള്ളവരായിരിക്കും. ഭർത്താവിന്റെ പീഡനം ഏറ്റുവാങ്ങി മാനസികമായി വേദനിക്കുന്ന ഭാര്യമാർ, മക്കൾക്ക് സ്നേഹം കൊടുക്കാതെവന്നാൽ, മക്കൾ സ്നേഹം കൊടുക്കുവാനും സ്വീകരിക്കുവാനും സാധിക്കാത്തവരായിത്തീരും. മാതാപിതാക്കളിൽ നിന്നു ക്രൂരമായ അനുഭവം ലഭിച്ചവർ ക്രൂരമനുഷ്യരായിത്തീരും. അതിന്റെ ഉദാഹരണമാണ് ഹിറ്റ്ലർ. പിതാവിൽ നിന്ന് ക്രൂരമായ ശിക്ഷ മാത്രം ലഭിച്ചുവളർന്ന വ്യക്തി, ലോകം കണ്ടതിൽ വച്ച് വലിയ ക്രൂരമനുഷ്യനായിത്തീർന്നു.

നമ്മെത്തന്നെ വിശ്വാസമുള്ള ഒരു വ്യക്തിക്ക് സ്വയം വെളിപ്പെടുത്തുന്നത് ഉത്കണ്ഠ കുറയ്ക്കും. മുഖം മൂടിയില്ലാത്ത, താൻ ആയിരിക്കുന്ന അവസ്ഥ വെളിപ്പെടുത്തണം. മുൻവിധിയില്ലാതെ കേൾക്കുന്നവരും സ്വീകരിക്കുന്നവരുമായിരിക്കണം. നാമുമായി സമാനചിന്താഗതിയുള്ളവർ, അവരും നമ്മോട് മുഖം മൂടിയില്ലാതെ ഇടപെടുന്നവരാണെങ്കിൽ, അവരെ ഇഷ്ടപ്പെടും. സ്വയം വെളിപ്പെടുത്തുവാൻ, നാം തയ്യാറാകും. നാം മറ്റുള്ളവരെ ശാന്തമായി കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യണം.

കുടുംബത്തിലും, സമർപ്പിത ജീവിതത്തിലും ഇടവകയിലും സ്നേഹസമൂഹം കെട്ടിപ്പടുത്താൽ, മനുഷ്യന്റെ ഏകാന്തതയും ഒറ്റപ്പെട്ട അവസ്ഥയും ഒരു പരിധി വരെ മാറിക്കിട്ടും. സമൂഹത്തിൽ പൂർണ്ണത കൈവരാനുള്ള ശ്രമകരമായ ജോലിയിൽനിന്ന് മാറിനിൽക്കാതെ, ഓരോരുത്തരും ബോധപൂർവ്വം പ്രവർത്തിച്ച്, അപരനെ സഹായിക്കേണ്ടിയിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു ലക്ഷ്യമാണിത്.

www.malankaralibrary.com



എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ ഏതെങ്കിലും അവസരത്തിൽ മാനസിക അസ്വസ്ഥത അനുഭവപ്പെടാറുണ്ട്. യഥാർത്ഥമോ അയഥാർത്ഥമോ ആയ കാര്യങ്ങൾ മനസ്സിനെ മഥിച്ച് താങ്ങാനാകാത്ത രൂപവും ഭാവവും ഒരു വ്യക്തിയിൽ തുടർച്ചയായി കാണുമ്പോൾ അതു മനോരോഗമായി (anxiety neurosis) തീരുന്നു. ഈ നിലയിൽ എത്തിയാൽ ചികിത്സ അത്യാവശ്യമായിത്തീരുന്നു. പലരും കഴിഞ്ഞ കാലങ്ങളിലെ പരാജയങ്ങളെയും, തെറ്റുകളെയുംകുറിച്ച് ചിന്തിച്ച് അസ്വസ്ഥപ്പെടാറുണ്ട്. നാളെയെക്കുറിച്ച് ആകുലപ്പെട്ട്, മനസ്സ് വ്രണപ്പെടുത്തുന്നു. നമ്മിലുള്ള പാപാവസ്ഥയുടെ ഭാഗമാണ് ഉത്കണ്ഠ. എന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ദൈവത്തിനു കഴിയുകയില്ല, അത്രമാത്രം അതു രൂക്ഷമാണ് എന്നുള്ള ചിന്ത നമ്മിൽ ഉടലെടുക്കുന്നു. വ്യക്തി തനിച്ച് അതു കൈകാര്യം ചെയ്യാൻ ശ്രമിക്കുന്തോറും അസ്വസ്ഥതയുടെ നീർച്ചുഴിയുടെ ആഴത്തിലേക്ക് മുങ്ങിത്താണുകൊണ്ടിരിക്കും. എന്നെ സഹായിക്കാൻ ആരുമില്ല എന്നുള്ള ചിന്ത കൂടി കടന്നുവരുന്നത് ഭയാനകമായ സ്ഥിതി വിശേഷമാണ്.

ഇന്നലെ, ഇന്ന്, നാളെ ഈ മൂന്നു അവസ്ഥകൾ മനുഷ്യജീവിതത്തിലുണ്ട്. ഇന്നലെ ഇനിയും ഒരിക്കലും വരാത്ത വിധം കടന്നുപോയി. കഴിഞ്ഞ കാലം ജയമോ പരാജയമോ ആകാം. പരാജയത്തിന്റെയും പാപത്തിന്റെയും ഭാരം പേറിക്കൊണ്ട് നാം നടക്കരുത്. അങ്ങനെ നടന്നാൽ നമ്മുടെ ജീവിതം എന്നും ദുഃഖപൂരിതമായി മാറും. നാളെ എന്തു സംഭവിക്കും? രോഗിയാകുമോ, എന്റെ കുഞ്ഞുങ്ങൾ മരിക്കുമോ? ഇതുപോലെയുള്ള ബാലിശ ചിന്തകളെ ഉള്ളിൽ താലോലിച്ച് ജീവിതം ദുസ്സഹമാക്കുന്നു. നാളെ ദൈവത്തിന്റെ കരങ്ങളിൽ, ദൈവത്തിന്റെ പരിപാലനയിൽ വിട്ടുകൊടുക്കുക. മനസ്സ് അനാരോഗ്യപരമായ ചിന്തകൾ കൊണ്ട് വ്രണപ്പെടുത്താതിരിക്കുക.

ലൗകിക ചിന്ത പ്രയോജനരഹിതമെന്ന് വചനം പഠിപ്പിക്കുന്നു. “മനുഷ്യൻ നിഴൽ മാത്രമാണ്, അവന്റെ ബദ്ധപ്പാട് വെറുതെയാണ്. മനുഷ്യൻ സമ്പാദിച്ചു കൂട്ടുന്നു. ആരനുഭവിക്കുന്നു എന്നവൻ അറിയുന്നില്ല” (സങ്കീ. 39:6). പണം വാരിക്കൂട്ടാൻ മനുഷ്യജീവിതം മുഴുവൻ ബദ്ധപ്പെടുന്നു. മനുഷ്യൻ അതെല്ലാം നേടിയിട്ടും ഉറക്കം വരാത്ത രാവുകളുമായി കഴിയുന്നു. റോക്ക് ഫെല്ലർ ധനമോഹിയായിരുന്നു. 43-ാമത്തെ വയസ്സിൽ കോടീശ്വരനായി. എങ്കിലും അദ്ദേഹത്തിന്റെ സമാധാനം നഷ്ടപ്പെട്ടു. ഉറക്കംവരാത്ത രാത്രികൾ തള്ളിനീക്കി.

www.malankaralibrary.com



ഞാൻ എന്തിനു ഇതെല്ലാം സമ്പാദിച്ചുകൂട്ടുന്നു എന്നു ചിന്തിച്ചു. ഒടുവിൽ ബോധോദയമുണ്ടായി. തന്റെ സമ്പത്ത് കാരുണ്യപ്രവർത്തനങ്ങൾക്കായി നൽകാൻ തുടങ്ങി. അപൂർവ്വ മരുന്നുകളുടെ ഉൽപാദനത്തിനായി കോടികൾ സന്തോഷത്തോടെ കൊടുത്തു. നഷ്ടപ്പെട്ട മനസ്സമാധാനം തിരിച്ചു കിട്ടി.

ലൗകിക വ്യഗ്രത പാപിയുടെ അവസ്ഥയാണ്. ''ദൈവത്തിൽ നിന്ന് അകന്ന് ഭക്ഷിക്കുവാനോ ആനന്ദിക്കുവാനോ ആർക്കാണ് കഴിയുക? തന്നെ പ്രസാദിപ്പിക്കുന്നവന് ദൈവം ജ്ഞാനവും ആനന്ദവും പ്രദാനം ചെയ്യുന്നു. പാപിക്കാകട്ടെ, ധനം ശേഖരിച്ചുകൂട്ടാനുള്ള ജോലി മാത്രം കൊടുക്കുന്നു. ഇതും മിഥ്യയും പാഴ്‌വേലയും തന്നെ'' (സഭാ: 2:26). ജീവിതസുഖം വർദ്ധിപ്പിക്കാനുള്ള വ്യഗ്രത നമ്മിൽ ആവശ്യമില്ലാത്ത മനക്ലേശവും ഉത്കണ്ഠയും വർദ്ധിപ്പിക്കുവാനേ ഉപകരിക്കൂ. നമ്മുടെ ഉറക്കത്തെ കെടുത്തുന്ന പ്രതിലോമശക്തിയാണ് ഉത്കണ്ഠ. സ്നേഹസ്വരൂപനായ ദൈവത്തിലുള്ള വിശ്വാസക്കുറവാണ് ഉത്കണ്ഠയിൽ തെളിഞ്ഞുനിൽക്കുന്നത്. എന്നെ സൃഷ്ടിച്ച ദൈവത്തിനു എന്നെക്കുറിച്ച് കരുതലുണ്ട്, എന്റെ ഉറപ്പുള്ള കോട്ടയും ഭാഗധേയവും അവനിലാണ് എന്നു നാം വിശ്വസിക്കണം. ''ഞാൻ നിങ്ങളോടു പറയുന്നു, എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ, എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ'' (മത്താ. 6:25). ആകാശത്തിലെ പറവജാലങ്ങളെയും വയലിലെ പുല്ലിനെയും പൂവിനെയും പരിപാലിക്കുന്ന ദൈവം സൃഷ്ടിയുടെ മകുടമായ മനുഷ്യനെക്കുറിച്ച് എത്ര അധികമായി കരുതലുള്ളവനാണ്. ഈ ചിന്ത നമ്മിൽ രൂഢമൂലമായിരുന്നാൽ, ജീവിതത്തിലെ സന്താപനിമിഷത്തിലും നാം പതറിപ്പോകുകയില്ല. ജീവിതത്തിന്റെ കഷ്ടതകളിലും ദൈവത്തിനു നമ്മെക്കുറിച്ച് ശുഭമായ പദ്ധതി ഉണ്ടെന്നു നാം വിശ്വസിക്കണം.

ദൈവം തന്ന 'ഇന്ന്' ജീവിക്കുവാൻ പലരും മറന്നുപോകുന്നു. 'നാളെ' എന്തായിരിക്കും എന്നുള്ള ആകുലചിന്തയിൽ ഇന്നിന്റെ നല്ല മുഹൂർത്തങ്ങളെ ഇല്ലാതാക്കുന്നു. 'നാളെ' ദോഷകരമായി വന്നുഭവിക്കും എന്നു നാം വിഭാവന ചെയ്യുന്ന കാര്യങ്ങളിൽ ഒട്ടുമുക്കാലും സംഭവിക്കുന്നതല്ല. ''അങ്ങനെ ദോഷകരമായി സംഭവിക്കും'' എന്നു ആകുലപ്പെടാതെ, ദൈവകരങ്ങളിൽ ഭാവിയെ ഭരമേൽപ്പിക്കുക. എനിക്ക് ലഭിച്ച ഇന്നിനെ അങ്ങേയറ്റം ഫലപ്രദമാക്കുക. 'ഇന്നു' ഞാൻ

www.malankaralibrary.com



കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ എന്റെ ചുമതലകൾ നിർവ്വഹിക്കും. ഇന്നു ഞാൻ മറ്റുള്ളവരെ കൂടുതൽ സ്നേഹിക്കുകയും നന്മ ചെയ്യുകയും ചെയ്യും. ഇന്ന് ഞാൻ അറിഞ്ഞുകൊണ്ട്, ആർക്കും ഒരു ദ്രോഹവും വാക്കാലോ പ്രവൃത്തിയാലോ ചെയ്യുകയില്ല. ഇങ്ങനെയുള്ള ഭാവാത്മകചിന്തകൾ കൊണ്ട് ഇന്നിന്റെ ആദ്യനിമിഷങ്ങൾ തൊട്ട് ധന്യമായ ജീവിതം തുടരാൻ തീരുമാനമെടുക്കുക.

നാം ഉത്കണ്ഠാകുലരാകുമ്പോൾ, ഒരർത്ഥത്തിൽ ദൈവത്തെ അവഹേളിക്കുകയാണ്. 'ദൈവമേ, നീ എന്റെ പ്രശ്നം കൈകാര്യം ചെയ്യുവാൻ മതിയായവനല്ല' എന്നുള്ള സൂചനയാണ്. യേശുക്രിസ്തു പല തവണ 'അല്പ വിശ്വാസികളേ' എന്ന് തന്റെ ശിഷ്യരെ വിളിച്ചു. കാരണം കർത്താവിനോടുകൂടി നടന്നവർ, കർത്താവ് ചെയ്ത അത്ഭുതകൃത്യങ്ങൾ നേരിട്ട് കണ്ടറിഞ്ഞവർ, പലപ്പോഴും പതറിപ്പോയി. ഒരിക്കൽ തിരമാലകൾ ആഞ്ഞടിച്ച് വഞ്ചി തകർന്ന് പോകുമോ, എല്ലാവരുടെയും ജീവൻ അപകടത്തിലാകുമോ എന്നുള്ള പരിഭ്രമത്തിൽ ശിഷ്യന്മാർ ബഹളംവച്ചു. അപ്പോഴും കർത്താവ് വഞ്ചിയിൽ സാവകാശം ഉറങ്ങുകയായിരുന്നു. ഈ സാഹചര്യത്തിൽ ഒരാൾക്ക് ഉറങ്ങുവാൻ സാധിക്കുമോ? മനസ്സിന്റെ ഉള്ളറയിൽ ശാന്തത ഘനീഭവിച്ച വ്യക്തിക്കുമാത്രമേ ഇതു സാധിക്കൂ. ഞങ്ങൾ നശിച്ചുപോകും എന്നു പറഞ്ഞ് ശിഷ്യർ കർത്താവിനെ ഉണർത്തി 'അല്പവിശ്വാസികളേ' എന്ന് യേശു അവരെ വിളിച്ചു. പ്രപഞ്ചത്തിന്റെ നാഥൻ, കരയും കടലും സൃഷ്ടിച്ചവൻ, നിങ്ങളോടൊപ്പം ഉള്ളപ്പോൾ, അവന്റെ ശക്തിയിലും കരുതലിലും വിശ്വാസമില്ലാതെ നിങ്ങൾ എന്തിനു ഉത്ക്കണ്ഠാകുലരായി എന്ന ചോദ്യമാണ് കർത്താവ് പറഞ്ഞതിന്റെ അർത്ഥം. നമ്മുടെ ജീവിതമാകുന്ന വഞ്ചി ലോകത്തിൽ പല തകർച്ചകളിലും കഷ്ടതകളിലുംകൂടി കടന്നുപോകുമ്പോൾ, ഇന്നലെയും ഇന്നും എന്നും മാറ്റമില്ലാത്തവനായ യേശു നമ്മെ സുരക്ഷിതമായി അക്കരെ എത്തിക്കും എന്നുള്ള ഉറച്ചവിശ്വാസം നമ്മിൽ വേരുറപ്പിക്കണം.

ഉത്കണ്ഠ എന്ന തെറ്റായ സ്വഭാവത്തിന്റെ സ്ഥാനത്ത് നല്ല മനോഭാവം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അതിനായി ദൈവസഹായം തേടിക്കൊണ്ട് നല്ല ചിന്തകൾ മനസ്സിൽ നിറയ്ക്കുക. "സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുക" (ഫിലി: 4:8).

www.malankaralibrary.com



നമ്മെ ശക്തിപ്പെടുത്തുന്ന വചനഭാഗങ്ങൾ ധ്യാനവിഷയമാക്കാം.

''ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിരു നിൽക്കും'' (റോമാ 8:31). ''ശക്തനും ധീരനുമായിരിക്കണമെന്നും ഭയപ്പെടുകയോ, പരിഭ്രമിക്കുകയോ ചെയ്യരുതെന്നും നിന്നോടു ഞാൻ കല്പിച്ചിട്ടില്ലയോ? നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും'' (ജോഷ്വ 1:9).

''ഞാൻ കർത്താവിനെ തേടി, അവിടുന്നു എനിക്ക് ഉത്തരമരുളി. സർവ്വഭയങ്ങളിലുംനിന്ന് അവിടുന്ന് എന്നെ മോചിപ്പിച്ചു'' (സങ്കീ: 34:4).

നമ്മെ കാക്കാൻ കർത്താവിനെ ഏൽപ്പിക്കുക.

''കർത്താവു വീടു പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം'' (സങ്കീ: 127:1).

''ഉത്കണ്ഠ ഒരുവന്റെ ഹൃദയത്തെ നിരുന്മേഷമാക്കുന്നു. നല്ല വാക്ക് അവനെ ഉത്തേജിപ്പിക്കുന്നു'' (സുഭാ:12:25).

''ആകുലത കൊണ്ട് ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴം കൂടി കൂട്ടാൻ നിങ്ങളിൽ ആർക്ക് കഴിയും'' (ലൂക്കാ:12:25).

''അധികാരികളുടെയും ഭരണാധിപന്മാരുടെയും മുമ്പിലും അവർ നിങ്ങളെ കൊണ്ടുപോകുമ്പോൾ എങ്ങനെ, എന്ത് ഉത്തരം കൊടുക്കുമെന്നും എന്തു പറയുമെന്നും ഉത്കണ്ഠാകുലരാകേണ്ടാ. എന്താണ് പറയേണ്ടതെന്ന് ആ സമയത്തു പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കും'' (ലൂക്കാ:12:11).

''നിങ്ങൾക്ക് ഉത്കണ്ഠയുണ്ടാകരുതെന്നു ഞാൻ ആഗ്രഹിക്കുന്നു'' (1 കോറി:7:32).

''ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ, പ്രാർത്ഥനകളിലൂടെയും അപേക്ഷകളിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ നമ്മുടെ എല്ലാ ധാരണകളെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും'' (ഫിലി: 4:6).

''നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപ്പിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്'' (1 പത്രോ:5:7).

''നിന്റെ ഭാരം കർത്താവിനെ ഏൽപ്പിക്കുക. അവിടുന്ന് നിന്നെ താങ്ങിക്കൊള്ളും'' (സങ്കീ:55:22).

www.malankaralibrary.com



ദൈവം തന്റെ സ്നേഹത്തിൽ നമ്മെ സൃഷ്ടിച്ചു. ആ ദൈവത്തിൽ പൂർണ്ണമായി സമർപ്പിക്കുമ്പോൾ ജീവിതത്തിനു അർത്ഥവും പൂർണ്ണതയും കൈവരും. ആന്തരികസൗഖ്യ ധ്യാനത്തിൽ ആത്മാർത്ഥമായി സംബന്ധിച്ചാൽ, അബോധമനസ്സിലുള്ള മുറിവുകൾവരെ യേശുക്രിസ്തു എടുത്തു മാറ്റും. മനസ്സിനു ആഴമായ സ്വസ്ഥതയും ശാന്തിയും ലഭിക്കും. യേശുവിന്റെ തിരുമുറിവുകളോട് നമ്മുടെ മുറിവുകൾ ചേർത്തുവച്ചാൽ, എല്ലാ ഉത്കണ്ഠകളും മാറിക്കിട്ടും. ഇതൊരു സത്യമാണ്.

www.malankaralibrary.com

# വിഷാദം (Depression)

**"എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു. ദൈവത്തിൽ പ്രത്യാശവയ്ക്കുക" (സങ്കീ:42:5).**

പ്രായഭേദമെന്യേ ബാധിക്കുന്ന ഒരു മനോരോഗമാണ് വിഷാദം. യുവതലമുറയെയും മധ്യവയസ്ക്കരെയും വൃദ്ധജനങ്ങളെയും ഇതു പിടികൂടാം. വിദ്യാസമ്പന്നരും ചിന്തകരും ഇതിന്റെ പിടിയിൽനിന്നു ഒഴിവാക്കപ്പെട്ടിട്ടില്ല. കൗമാരപ്രായത്തിലും യുവത്വത്തിലും സംഭവിക്കാവുന്ന മോഹഭംഗങ്ങൾ ഒരു വ്യക്തിയെ വിഷാദത്തിൽ തള്ളിവിടാൻ സാധ്യതയുണ്ട്. താൽക്കാലികമായുണ്ടാകുന്ന സങ്കടം, വിഷാദം എല്ലാവർക്കും ഏതവസ്ഥയിലും ഉണ്ടാകാം. ഇത് വളരെക്കാലം മാറ്റമില്ലാതെ നീണ്ടുപോകുന്നെങ്കിൽ ചികിത്സ വേണ്ടിവരും. കൗൺസലിംഗും നൽകണം. വിഷാദം മൂലം മാനസികമായി തകർന്ന വ്യക്തികളിൽ ശാരീരികമായ ചില രോഗലക്ഷണങ്ങൾ കാണാം. അവ ഉറക്കക്കുറവ്, വിശപ്പില്ലായ്മ, തൂക്കം കുറയുക, ലൈംഗികതയിൽ (വിവാഹജീവിതത്തിൽ) താല്പര്യമില്ലായ്മ, ശരീരരോഗത്തെപ്പറ്റി എപ്പോഴും പരാതി, ശക്തിയില്ലായ്മ ഇവയൊക്കെയാണ്. ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രയാസം, മോശമായ ഓർമ്മശക്തി, തീരുമാനം എടുക്കാൻ പ്രയാസം, ക്രമരഹിതമായ സ്വയവിമർശനം, മരണചിന്ത, ആത്മഹത്യാപ്രവണത ഇവയാണ് ചിന്തയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ. നിരാശ, കുറ്റബോധം, ശുണ്ഠിപിടിക്കുന്ന സ്വഭാവം, കരച്ചിൽ, ഭയം, മ്ലാനത, തക്കതായ കാരണമില്ലാതെ ചിരിക്കുക ഇവയെല്ലാം വൈകാരിക പ്രശ്നങ്ങളിൽ ഉൾപ്പെടുന്നവയാണ്.

പ്രവർത്തനമേഖലയിൽ പ്രവർത്തനക്ഷമത കുറയുക, സാമൂഹികബന്ധങ്ങളിൽനിന്നു പിൻവലിയുന്ന സ്വഭാവം, ജോലികൾ മോശമായി ചെയ്യുക, നല്ല രീതിയിൽ വസ്ത്രധാരണം ചെയ്യാതിരിക്കുക എന്നിവ വിഷാദത്തിന്റെ ലക്ഷണമാണ്. മാനസിക തകർച്ച കൂടിയാൽ ആത്മഹത്യാപ്രവണതയുടെ സാധ്യത കൂടാൻ ഇടയാകും.

www.malankaralibrary.com



സിനിമയിലും സർക്കസ്സുകളിലുമൊക്കെ മറ്റുള്ളവരെ ചിരിപ്പിക്കുന്ന ഹാസ്യകഥാപാത്രങ്ങൾ, വ്യക്തിജീവിതത്തിൽ പലപ്പോഴും വിഷാദമനുഭവിക്കുന്നവരായി കാണാം. വ്യക്തികൾക്കുണ്ടാകാവുന്ന ദുരന്തദുഃഖങ്ങളിൽ പിടിച്ചുനിൽക്കുവാൻ കഴിയാതെ മ്ലാനവദനരായവരും മരണം ആഗ്രഹിച്ചവരും ബൈബിളിലെ ചില നല്ല മനുഷ്യരിൽ കാണുന്നുണ്ട്.

ദൈവം നിയോഗിച്ചതനുസരിച്ച്, മോശ ഈജിപ്റ്റിൽ ചെന്ന് ഇസ്രായേൽക്കാർക്ക് ദൈവം കൊടുക്കുവാൻ പോകുന്ന വിടുതലിനെപ്പറ്റി പറഞ്ഞപ്പോൾ ജനം മോശയെ വിശ്വസിച്ചില്ല. ''ഇസ്രായേൽ മക്കളോടു മോശ ഇപ്രകാരം പറഞ്ഞെങ്കിലും അവരുടെ മനോവ്യഥയും ക്രൂരമായ അടിമത്തവും നിമിത്തം അവർ അവന്റെ വാക്കുകൾ ശ്രദ്ധിച്ചില്ല'' (പുറ:6:9). ചെങ്കടൽ കടന്ന് വന്ന ഇസ്രായേൽ ജനം, 'മന്നാ മാത്രമേ കിട്ടുന്നുള്ളൂ, മാംസം ലഭിക്കുന്നില്ല, ഈജിപ്തിൽ അവർക്ക് സുഭിക്ഷമായി മാംസം ലഭിച്ചിരുന്നു' എന്നു പിറുപിറുത്തു. ദൈവകോപം ഉണ്ടായി. മോശയ്ക്ക് നീരസവും വിഷമവുമുണ്ടായി. 'ഈ ജനത്തെ ഞാനാണോ ഗർഭം ധരിച്ചത്? ഞാനാണോ പ്രസവിച്ചത്? ഈ ജനത്തിനെല്ലാം നൽകാൻ എവിടെ നിന്നു മാംസം കിട്ടും? ഈ ജനത്തെ മുഴുവൻ താങ്ങുക എന്റെ കഴിവിനതീതമാണ്, കൃപ തോന്നി എന്നെ ഉടനെ കൊന്നുകളയുക. ഈ കഷ്ടത ഞാൻ കാണാതിരിക്കട്ടെ' (സംഖ്യ:11:10-15). വേദനയിൽ നീറി വിഷാദമായി മാറി, മരണത്തെ ആഗ്രഹിച്ച മോശയെ ഇവിടെ കാണുന്നു.

വേദനയുടെ നെരിപ്പോടിൽ നീറി, ആത്മഹത്യയ്ക്ക് ആഗ്രഹിച്ച സാറായെപ്പറ്റി തോബിത്തിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാറാ ഏഴു തവണ വിവാഹം കഴിച്ചു. വിവാഹ രാത്രിയിൽ തന്നെ ഒരു പിശാച് ഓരോ ഭർത്താക്കന്മാരെയും വധിച്ചു. ഏതൊരു സ്ത്രീക്കും താങ്ങാൻ സാധിക്കാത്ത ദുരന്തമാണ് സംഭവിച്ചത്. ഇതു കൂടാതെ പരിചാരികമാർ അവളെ അധിക്ഷേപിച്ചു. ''നീയാണ് ഭർത്താക്കന്മാരെ കഴുത്തു ഞെരിച്ചുകൊന്നത്'' എന്നു പറഞ്ഞു. ഇതെല്ലാം കേട്ടുണ്ടായ ദുഃഖത്തിന്റെ ആധിക്യത്താൽ തൂങ്ങിമരിച്ചുകളയാമെന്നുപോലും സാറായ്ക്ക് തോന്നി (തോബി: 3:7-10). ഏലിയാ പ്രവാചകനും യോനാ പ്രവാചകനും നിരാശയിൽ മരണത്തിനായി ആഗ്രഹിക്കുന്നതു നാം കാണുന്നു. ബാൽ ദേവന്റെ 450 പ്രവാചകന്മാരെ വധിച്ച ശക്തനായ ഏലിയാ, ജസബെലിന്റെ മരണഭീഷണി ഭയന്ന് മരുഭൂമിയിലൂടെ പ്രാണരക്ഷാർത്ഥം ഓടുകയാണ്. ഒരു ദിവസത്തെ

www.malankaralibrary.com



വഴി പിന്നിട്ട് ക്ഷീണിതനായി ഒരു വാടാമുൾച്ചെടിയുടെ തണലിൽ ഇരുന്നു. ''മരണത്തിനായി പ്രാർത്ഥിച്ചു, കർത്താവേ, മതി; എന്റെ പ്രാണനെ സ്വീകരിച്ചാലും'' (1 രാജാ:19:4). നിരാശയിൽ നിന്ന് ഉദീരണം ചെയ്ത വാക്കുകളാണിത്.

ദൈവത്തിന്റെ വിളി തിരസ്കരിച്ച് സ്വന്തം ഇഷ്ടം അനുസരിച്ച് ജീവിതം തിരഞ്ഞെടുത്ത യോനാ പ്രവാചകൻ വലിയ അപകടത്തിൽ അകപ്പെട്ടു. മത്സ്യത്തിന്റെ ഉള്ളിൽ അകപ്പെട്ട യോനാ ദൈവത്തോടു കരഞ്ഞു പ്രാർത്ഥിച്ചു. യോനായെ മത്സ്യം കരയിലേക്ക് ഛർദ്ദിച്ചു. നിനവേ നഗരത്തിൽ പോയി പശ്ചാത്താപത്തിനായുള്ള പ്രസംഗം ചെയ്യുവാൻ ദൈവം വീണ്ടും കല്പിച്ചു. നിനവേ വാസികൾ ഒന്നടങ്കം പശ്ചാത്തപിച്ച് മനസ്സു തിരിഞ്ഞതിൽ യോനാ അമർഷം കൊണ്ടു. യോനായ്ക്ക് തണലേകിയ ചെടി വാടിപ്പോയി. സൂര്യന്റെ ചൂടേറ്റ് യോനാ തളർന്നു. ''ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് എനിക്ക് നല്ലത്'' (യോനാ. 4:8) എന്നു പറഞ്ഞു.

ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചു ജീവിച്ച ജോബ്, തനിക്ക് എല്ലാം നഷ്ടപ്പെട്ട്, ആരോഗ്യവും ഇല്ലാതായി വേദനയുടെ നീരാളിപ്പിടുത്തത്തിൽ പറഞ്ഞു, ''അസ്ഥിപഞ്ജരമാകുന്നതിനേക്കാൾ കഴുത്തുഞെരിച്ചുള്ള മരണമാണ് ഞാൻ ഇഷ്ടപ്പെടുന്നത്'' (ജോബ്. 7:15).

റോമായിലേക്കുള്ള പൗലോസിന്റെ കപ്പൽയാത്രയിൽ കൊടുങ്കാറ്റുമൂലം കപ്പൽ നശിക്കുന്ന സ്ഥിതിയിലായി. ''കൊടുങ്കാറ്റ് ആഞ്ഞടിച്ചുകൊണ്ടിരുന്നതിനാൽ രക്ഷപ്പെടാമെന്നുള്ള ആശ തന്നെ ഞങ്ങൾ കൈവെടിഞ്ഞു'' (അപ്പ. 27:20).

ജീവിതത്തിൽ വിശുദ്ധരായ ദൈവിക മനുഷ്യർക്ക് പ്രതീക്ഷിക്കാത്ത ദുരന്തങ്ങൾ സംഭവിക്കാമെന്ന് വ്യക്തമാക്കുന്നതാണ് തിരുവചനത്തിൽ നാം കണ്ട വ്യക്തികളുടെ ജീവിതം. ജീവിതമാകുന്ന തോണി വല്ലാതെ ആടിയുലയുമ്പോൾ വിഷാദത്തിന്റെ, നിരാശയുടെ നീർക്കയത്തിൽ മുങ്ങുന്ന അനുഭവം നല്ല വ്യക്തികൾക്കും ഉണ്ടാകാം. എന്നാൽ ദൈവം അവരെ കൈപിടിച്ച് ഉയർത്തി മെച്ചപ്പെട്ട ദൗത്യത്തിനായി നിയോഗിക്കുന്നതായി കാണുന്നു.

## വിഷാദത്തിന്റെ മാനസികവശങ്ങൾ

ബാഹ്യമായ ഘടകങ്ങൾ നിരാശയ്ക്ക് കാരണമാകാറുണ്ട്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള ഏതെങ്കിലും വസ്തുവോ, വ്യക്തിയോ നഷ്ടപ്പെട്ടാൽ സങ്കടം ഉണ്ടാകുന്നു. തുടർച്ചയായ

www.malankaralibrary.com



വേദനയുടെ പ്രക്രിയ നമ്മിൽ ഉടലെടുക്കുന്നു. ഈ നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ആദ്യം മനസ്സുപറയുന്നു. നഷ്ടം അംഗീകരിക്കാൻ തയ്യാറാകുന്നില്ല. ഉദാ: ഭർത്താവ് പെട്ടെന്നു മരിക്കുന്നു, ഭർത്താവ് ഒരിക്കലും തിരിച്ചുവരാത്ത സംഭവമാണ് ഉണ്ടായത്. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ വ്യക്തി അശക്തയാകുന്നു. എന്റെ ഭർത്താവ് മരിച്ചില്ല, എനിക്ക് നഷ്ടപ്പെട്ടിട്ടില്ല എന്ന തോന്നൽ ഉണ്ടാകാം. രണ്ടാമത്തെ നിലപാട് (സ്റ്റെപ്പ്), സംഭവിച്ച നഷ്ടത്തിന്റെ കാരണത്തോടു കോപം ഉണ്ടാകുന്നു. ഇത് ദൈവത്തോടാകാം, മറ്റു വ്യക്തികളോടാകാം. മൂന്നാമതായി, സംഭവിച്ച നഷ്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വിഷാദത്തിൽ വീഴുന്നു.

'ഒരു സംഭവം ഞാൻ ഓർക്കുന്നു. ഒരു അമ്മയ്ക്ക് നാല് ആൺകുട്ടികൾ ഉണ്ടായിരുന്നു. ആഗ്രഹിച്ചിരുന്ന ഒരു പെൺകുഞ്ഞ് അഞ്ചാമതായി ജനിച്ചു. ജനിച്ചു കുറെ ദിവസം കഴിഞ്ഞപ്പോൾ, ആ പെൺകുഞ്ഞ് മരിച്ചു. എപ്പോഴും വളരെ പ്രസന്നവദനയായിരുന്ന അമ്മ മൂകയായി. ആരോടും സംസാരിക്കാതെയായി. എന്നോടു വളരെ സ്നേഹമായി പെരുമാറിയിട്ടുള്ള ആ അമ്മ, എന്നെ കാണുമ്പോൾ വിഷാദയായി എന്നെ ഒന്നു നോക്കും. ഒന്നും മിണ്ടുകയില്ല. തക്കതായ ചികിത്സയൊന്നും അക്കാലത്ത് ചെയ്തില്ല. ആ നിലയിൽ പ്രസ്തുത സ്ത്രീ താമസിയാതെ മരിച്ചുപോയി. വിഷാദരോഗത്തിന്റെ നീരാളിപ്പിടുത്തം ഇവിടെ ദൃശ്യമാണ്.'

നാലാമതായി, സംഭവിച്ച നഷ്ടവുമായി ഒരു ഒത്തുതീർപ്പ് വന്ന്, നഷ്ടം തന്റെ നഷ്ടമായി അംഗീകരിക്കുന്നു. നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഇങ്ങനെ വേദനിപ്പിക്കുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഏറ്റവും അടുത്ത വ്യക്തിയുടെ മരണം, ഉണ്ടായിരുന്ന ബന്ധം നഷ്ടപ്പെട്ടല്ലോ എന്നുള്ള ചിന്ത മനസ്സിനെ വ്രണപ്പെടുത്തുന്ന അനുഭവമാണ്. ബന്ധത്തിന്റെ തീവ്രതയ്ക്കനുസരിച്ച്, നഷ്ടത്തിന്റെ ആഴവും വ്യാപ്തിയും കൂടിയിരിക്കും. എന്റെ പ്രിയപ്പെട്ടവർ പലരും മരിച്ചെങ്കിലും, എന്റെ അമ്മയുടെ മരണം എന്നിൽ വല്ലാത്ത ശൂന്യത ഉണ്ടാക്കി. അമ്മ കർത്താവിന്റെ സന്നിധിയിൽ പോയിരിക്കുകയാണല്ലോ എന്നത് എന്നെ പതുക്കെ ആശ്വസിപ്പിക്കാൻ തുടങ്ങി. പ്രതീക്ഷിക്കാതെ വലിയ സാമ്പത്തിക നഷ്ടം വന്നാലും അതു വ്യക്തിയെ തളർത്തിക്കളയാം. തൽക്കാലത്തേക്ക് ഉണ്ടാകുന്ന ഇങ്ങനെയുള്ള മനസ്സിന്റെ വേദന ഒരു (Pathological) മാനസിക രോഗമായി കാണരുത്.

www.malankaralibrary.com



വിഷാദമുണ്ടാകാൻ ബാഹ്യകാരണങ്ങൾ പലതും ഉണ്ടെന്നു കണ്ടല്ലൊ. നമ്മുടെ ഉള്ളിൽത്തന്നെ രൂപപ്പെടുന്ന കാരണങ്ങൾ ഉണ്ട്. ആന്തരികമായി ഉണ്ടാകുന്ന വിഷാദം ബാഹ്യമായ കാരണങ്ങളാൽ ഉണ്ടാകുന്നതിനേക്കാൾ പ്രയാസമേറിയതാണ്. കാരണം അതിന്റെ യഥാർത്ഥ ഉറവിടം എവിടെ എന്നറിയുവാനുള്ള ബുദ്ധിമുട്ടുണ്ട്. ഇവരിൽ വിഷാദാത്മകത, ആലസ്യം, എപ്പോഴും ക്ഷീണസ്വഭാവം, നിഷേധാത്മകത, ദോഷൈകദർശനം ഇവയൊക്കെ ഉണ്ടാകാം. ശൈശവപ്രായത്തിൽ തന്നെ രൂഢമൂലമായ ചില മാനസികവ്യാപാരങ്ങളിൽ നിന്നുണ്ടായതുമാകാം. ഉദാ: ഒരുത്തരും എന്നെ സ്നേഹിച്ചിട്ടില്ല, എനിക്ക് ഒന്നും ശരിയായി ചെയ്യാൻ പറ്റില്ല, ഞാൻ തൊടുന്നതെല്ലാം തകരാറിലാണ്, ഇത്തരം ചിന്തയിൽ വിഷമിച്ചു നടക്കുന്നു. നാം ഒരു കാര്യം ശരിയാണെന്നു വിചാരിച്ചതുകൊണ്ട്, അതു യഥാർത്ഥത്തിൽ ശരിയാകണമെന്നില്ല.

## തെറ്റായ ചിന്താഗതി – I

നമ്മിൽ ഉണ്ടാകുന്ന നെഗറ്റീവ്, വിപരീത അനുഭവങ്ങളാണ് പ്രധാനമായി നമ്മെ വിഷമത്തിലാക്കുന്നത്. ഒരു വ്യക്തിയിലുള്ള ഇടുങ്ങിയ ചിന്താഗതി, എപ്പോഴും നിഷേധാത്മകമായി മാത്രം കാണുവാനും പ്രതികരിക്കുവാനും ഇടയാക്കും. നിഷേധാത്മകചിന്തയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ആ ചിന്തയ്ക്ക് പ്രത്യേക ശക്തി നാം കൊടുക്കുന്നു. ഇത് നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ഘടകമായി മാറുന്നു. ഒരു ചെറിയ സംഭവത്തെ നാം വലുതായി കാണുന്നു. ഇത് (പോസിറ്റീവ്) അനുഗ്രഹപ്രദമായ കാര്യങ്ങളെ കാണാൻ സാധിക്കാതെ തടസ്സം സൃഷ്ടിക്കുന്നു. ഇത് വ്യക്തിയിൽ ആവർത്തിക്കുമ്പോൾ, നിരാശയുടെ, വിഷാദത്തിന്റെ മനോഭാവം ഉള്ളിൽ നിറയ്ക്കുന്നു. മഴ പെയ്താൽ പരാതി. വെയിൽ വന്നാൽ പരാതി. ഭാര്യ സ്നേഹിക്കുന്നില്ല, ഭർത്താവ് പരസ്ത്രീകളുമായി സംസാരിക്കുന്നു, അയൽവാസികൾ എല്ലാം മോശമാണ് ഇങ്ങനെ ഓരോ ചിന്ത മനസ്സിൽ കയറി, അതിൽ അടയിരുന്ന് വൈകാരികതലത്തിൽ സങ്കടമായി, നിരാശയായി, വിഷാദമായി ജനിക്കുന്നു. ഇതിൽ നിന്നു വിമോചനം ലഭിക്കുവാൻ യാഥാർത്ഥ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ള ദൃഢനിശ്ചയം ഒരു വെല്ലുവിളിയായി സ്വീകരിക്കണം. നിഷേധാത്മകമായ ചിന്തകൾ മാത്രമല്ല, അപ്രസക്തമായ ഘടകങ്ങൾ കൂടി വലിച്ചിഴച്ച് മനസ്സിനെ വ്രണമാക്കുന്നവരുണ്ട്.

www.malankaralibrary.com



## തെറ്റായ ചിന്താഗതി – II

എനിക്ക് ഒന്നും ശരിയായി ചെയ്യുവാൻ കഴിയുന്നില്ല എന്നുള്ള ചിന്ത. എന്റെ ജീവിതമെല്ലാം നഷ്ടക്കച്ചവടമാണെന്നുള്ള ധാരണ. ഇങ്ങനെയുള്ളവർ രണ്ടു സാധ്യതകളെക്കുറിച്ചു മാത്രം ചിന്തിക്കുന്നവരാണ്. ഒന്നുകിൽ പൂർണ്ണജയം, അല്ലെങ്കിൽ പരാജയം. ഇത് തെറ്റായ നിഗമനമാണ്. ലോകത്തിൽ എല്ലാവരും അംഗീകരിക്കുന്ന ഏറ്റവും നല്ലവൻ യഥാർത്ഥത്തിൽ നല്ലവൻ ആകണമെന്നില്ല. വ്യക്തിജീവിതത്തിൽ, സമീപനത്തിൽ കുറവുകൾ, പരിമിതികൾ ഉണ്ടാകും. ഏറ്റവും നല്ല അപ്പൻ, നല്ല അമ്മ ആദർശപരമായ, ഉദാത്തമായ ഒരു ഭാവനയാണ്. ഏറ്റവും നല്ല വ്യക്തിയാകാൻ നിരന്തരം ചെയ്യേണ്ട യത്നങ്ങളുണ്ട്. അതിൽ പരാജയം വന്നതിന്റെ പേരിൽ ഞാൻ കൊള്ളരുതാത്തവൻ, കഴിവില്ലാത്തവൻ എന്ന ചിന്തയിൽ നിരാശപ്പെടരുത്.

## തെറ്റായ ചിന്താഗതി – III

ജീവിതത്തിലെ വിജയത്തിനെല്ലാം കാരണം ബാഹ്യമായ കാരണങ്ങളാണ്. മറ്റുള്ളവരുടെ സഹായം, പ്രയത്നം ഇവ മൂലമാണ് വിജയിക്കുന്നത്. പരാജയത്തിനുകാരണം ഞാനാണ് എന്നുള്ള ചിന്ത വിഷാദത്തിലേക്ക് നയിക്കും. ക്ലാസ്സിൽ മാർക്ക് കുറഞ്ഞ കുട്ടിയെ മാതാപിതാക്കൾ കുറ്റപ്പെടുത്തും, ശാസിക്കും, 'ഇതെല്ലാം നിന്റെ കുറ്റം കൊണ്ട് സംഭവിച്ചതാണെ'ന്ന് കുറ്റം വിധിക്കും. നിരന്തരം ഇതുകേട്ടു വളർന്നുവരുന്ന കുട്ടി, പ്രായമായാൽ, ജീവിതത്തിലെ പരാജയത്തിനെല്ലാം കാരണം ഞാനാണെന്നുള്ള ചിന്തയിൽ വ്യാപരിക്കും. ഈ സ്വഭാവമുള്ളവർ, തന്റെ കഴിവ്, നന്മകൾ എല്ലാം തന്റേതല്ല, മറ്റുള്ളവരുടെ നന്മകൊണ്ടാണെന്നു പറയുന്നു.

## തെറ്റായ ചിന്താഗതി – IV

എന്നിലുള്ള പരാജയത്തിനുകാരണമെല്ലാം ഞാൻ തന്നെ എന്നു ചിന്തിക്കുന്നയാൾ, എന്നിലുള്ള തെറ്റിനെ, നിഷേധാത്മചിന്തകളെ തിരുത്തുവാനുള്ള ശക്തി ഇല്ലാത്തവൻ എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. ജീവിതത്തിൽ തനിക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു ബലിയാടാണ് എന്നുള്ള ചിന്തയിൽ കഴിയുന്നു. മനസ്സിലെ തോന്നലുകൾ എല്ലാം എന്റെ വരുതിയിൽ നിൽക്കുന്നതല്ല എന്ന തെറ്റായ ധാരണയുണ്ടാകും. ഇതെല്ലാം ഒടുവിൽ നിരാശയിലെത്തിക്കും.

വിഷാദചിന്ത ഭരിക്കുന്നവർ, താൽക്കാലിക തൃപ്തിക്ക് ഉതകുന്ന കാര്യങ്ങൾ ചെയ്യുവാൻ വ്യഗ്രത കാണിക്കും. കൃത്യസമയത്ത് ഉറക്ക

www.malankaralibrary.com



ത്തിൽ നിന്ന് എഴുന്നേല്ക്കാൻ ആഗ്രഹിക്കാത്തവർ, അലാറം അടിച്ചാലും തിരിഞ്ഞു കിടന്നുറങ്ങും. ഇതിൽ ആത്മസംതൃപ്തി കണ്ടെത്തുന്നു. കൃത്യസമയത്തു എഴുന്നേൽക്കാത്തതുകൊണ്ട്, ചെയ്യേണ്ട ജോലി ചെയ്തു തീർക്കാതെ വിഷമിക്കും. ധൃതിപിടിച്ചു എല്ലാം ചെയ്യാൻ ശ്രമിക്കും. കാര്യങ്ങൾ എല്ലാം കുഴച്ചിലിലാകും. മനസ്സിൽ സംഘർഷം, അസ്വസ്ഥത ഉണ്ടാകും. ഇതു ആവർത്തിച്ചാൽ, എല്ലാ കാര്യത്തിലും ഒരു നിരാശാനുഭവം ഉണ്ടാകും. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്തു ചെയ്യാതെ, നാളെ, നാളെ എന്നു നീട്ടിവച്ചു തൽക്കാലിക തൃപ്തിനേടും. എന്നാൽ, ഈ സ്വഭാവം പ്രശ്നം ഗുരുതരമാക്കുകയേയുള്ളു.

പിൻവാങ്ങൽ (Withdrawal) കൊണ്ട് ജീവിത പ്രശ്നത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഇഷ്ടമില്ലാത്തവരെ കണ്ടുമുട്ടാതെ ഒഴിഞ്ഞു മാറുന്നു. ഉത്തരം അറിയാത്ത കുട്ടി, അദ്ധ്യാപകൻ ചോദ്യം തന്നോടു ചോദിക്കാതിരിക്കാൻ, കണ്ണും പൂട്ടി കുനിഞ്ഞിരിക്കുന്നു. കുടുംബപ്രശ്നങ്ങൾ പരസ്പരം പറഞ്ഞുതീർക്കാതെ, മനസ്സിൽ വച്ചു കൊണ്ടു നടന്ന്, ഒടുവിൽ പൊട്ടിത്തെറിക്കും; നിരാശയിൽ, ആത്മഹത്യയിൽ എത്തിച്ചേരാം.

## നിരാശയിൽ നിന്നു വിടുതൽ ലഭിക്കൽ—മനഃശാസ്ത്ര വെളിച്ചത്തിൽ

**I.** സർഗ്ഗാത്മകമായ, ജീവൻ പ്രദാനം ചെയ്യുന്ന യാഥാർത്ഥ്യത്തിൽ വ്യാപരിക്കുക. ഇതിന് മാനസികശിക്ഷണം അത്യാവശ്യമാണ്. മനസ്സിലുണ്ടാകുന്ന നിഷേധാത്മകചിന്തകളിൽ, മ്ലേച്ഛമായ ചിന്തകളിൽ, കയറൂരിവിട്ട മൃഗത്തെപ്പോലെ വ്യാപരിച്ചാൽ, അതു നമ്മെ വലിയ കെണിയിൽ (trap) കൊണ്ടെത്തിക്കും. സങ്കടത്തിലും നിരാശയിലുമെത്തിക്കും. മനസ്സു നമ്മെ മുറിപ്പെടുത്തുന്ന, ദോഷകരമായി ബാധിക്കുന്ന ചിന്തകളിലാണ് വ്യാപരിക്കുന്നത് എന്നുള്ള തോന്നൽവന്നാൽ ഉടനെതന്നെ അവയുടെ സ്ഥാനത്തെ ജീവിതത്തിലെ ദീപ്തമായ, പ്രഭാപൂരിതമായ, അനുഗ്രഹപ്രദമായ ചിന്തകളിലേക്കും നന്മയിലേക്കും മനസ്സു തിരിച്ചുവിടുക. ഒരു ദിവസം കൊണ്ട് വിജയം കരഗതമാകുകയില്ല. നിരന്തരമായ മാനസിക ശിക്ഷണം ഇതിനാവശ്യമാണ്. ‘മരിച്ചവർ മരിച്ചവരെ സംസ്കരിക്കട്ടെ’ എന്നു യേശു പറഞ്ഞതിനു പല വ്യാഖ്യാനങ്ങൾ ഉണ്ടെങ്കിലും മരിപ്പിക്കുന്ന, പ്രയോജനരഹിതമായവയുടെ പിറകെ മാനസികമായി മരിച്ചവർ പോകട്ടെ. സജീവ

www.malankaralibrary.com



ജീവിതത്തിൽ പങ്കാളിയായവർ അങ്ങനെയുള്ള ചിന്തകളെ അനുധാവനം ചെയ്യരുത് എന്നൊരു അർത്ഥത്തിൽ വ്യാഖ്യാനിക്കാമെന്നു തോന്നുന്നു.

**II.** നമ്മിലെ തകർച്ച ഉണ്ടാക്കുന്ന വിശ്വാസ സംഹിതകളെ, ചിന്തകളെ വെല്ലുവിളിക്കുക. ആൽബർട്ട് എല്ലിസ് എന്ന മനഃശാസ്ത്രജ്ഞനാണ് ഈ ആശയം തിയറിയാക്കിയത്. റാഷണൽ ഇമോട്ടീവ് തെറാപ്പി (Theory) A, B, C, D, E എന്ന് അതിനു അഞ്ച് പടികൾ ഉണ്ട്. A (Activating event) ഒരു സംഭവം ബാഹ്യമായി ഉണ്ടാകുന്നു. ഉദാ: മരണം, തോൽവി, അവഹേളനം. B (Believing System) നമ്മിൽ ഒരു ചിന്താഗതി, വിശ്വാസം രൂഢമൂലമായിട്ടുണ്ട്. അതനുസരിച്ച് ഈ സംഭവത്തോടു നാം പ്രതികരിക്കുന്നു. ഉദാ: എന്റെ ഭാര്യ മരിക്കാതെ എന്നും എന്റെ കൂടെ ഉണ്ടായിരിക്കണം, എന്നെ എല്ലാവരും ബഹുമാനിക്കണം, ജീവിതത്തിൽ പരാജയമൊന്നും ഉണ്ടാകരുത്. ഇപ്രകാരമുള്ള വിശ്വാസത്തിന്റെ പരിണതഫലമായി, എന്നിൽ കോപം, നിരാശ, ആത്മഹത്യാചിന്ത മുതലായവയുണ്ടാകും. C (Consequent) നിഷേധാത്മക വൈകാരിക പ്രതികരണം ഉണ്ടാകുന്നു. ഡോ. എല്ലിസ് പറയുന്നു, ഈ ചിന്താഗതിയെ D (Dispute, Discuss) ചോദ്യം ചെയ്യുക. വികാരത്തിന് വ്യതിയാനം സംഭവിക്കുന്നു (E) അപ്പോൾ മരണം ജീവിതത്തിൽ എല്ലാവർക്കും ഏതു നിമിഷവും സംഭവിക്കാവുന്നതാണ്. തോൽവി ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഒരു തോൽവികൊണ്ട് ജീവിതം തകർന്നുപോകുന്നില്ല. ജീവിതത്തിൽ ആദ്യകാലങ്ങളിൽ പലതിലും പരാജയപ്പെട്ട എത്രയോ ആളുകൾ ജീവിതത്തിൽ മഹാത്മാക്കളായിത്തീർന്നിട്ടുണ്ട്. എല്ലാവരും എന്നെ ബഹുമാനിക്കണം എന്നു ചിന്തിക്കുന്നത് മൗഢ്യമാണ്. എന്റെ യഥാർത്ഥവില അപരന്റെ ബഹുമാനത്തിൽ മാത്രം ഊന്നിനിൽക്കേണ്ടതല്ല. നമ്മിൽ എല്ലാവരിലും ഒത്തിരി തെറ്റായ ചിന്താഗതി, വിശ്വാസം വളർത്തിയെടുത്തിട്ടുണ്ട്. പ്രസ്തുത വിശ്വാസം നടക്കാതെ വരുമ്പോൾ നിരാശയിൽ നിപതിക്കുന്നു. വിശ്വാസം, ചിന്താഗതി ശരിയായ ദിശയിലായാൽ പല പ്രശ്നങ്ങളും, തകർച്ചകളും ജീവിതത്തിൽ ഒഴിവാക്കാൻ സാധിക്കും. ആളുകളും സംഭവങ്ങളുമല്ല, അവയെക്കുറിച്ചുള്ള നമ്മുടെ വീക്ഷണമാണ് നമ്മെ കുരുക്കിലാക്കുന്നത്. വികാരത്തെ വിചാരംകൊണ്ട് നിയന്ത്രിക്കുക.

**III.** ജീവിതത്തിൽ വ്യക്തമായ ലക്ഷ്യങ്ങൾ രൂപപ്പെടുത്തുക. ഉദാ: എന്റെ ഭാര്യയെ ഞാൻ കുറെക്കൂടി സ്നേഹിക്കും, ഞാൻ കുറെ

www.malankaralibrary.com



ക്കൂടി ക്ഷമയോടുകൂടി ഇടപെടും: സാവകാശം ഈ തീരുമാനങ്ങളിൽ ഉറച്ചുനിൽക്കുവാൻ ശ്രമിക്കുക.

നമ്മുടെ അസ്തിത്വം (Being), പ്രവൃത്തി (doing) രണ്ടും ഒന്നല്ല. എന്റെ വില, ജീവിതത്തിൽ ജയമോ പരാജയമോ വരുന്നതനുസരിച്ചു മാറുന്നതല്ല. ദൈവം എനിക്ക് തന്ന വ്യക്തിത്വം ജയപരാജയങ്ങൾ അനുസരിച്ച്, പാമ്പാട്ടിയുടെ പാമ്പിനെപ്പോലെ ആടുന്നതല്ല. അങ്ങനെ ആടാൻ പാടില്ല. ഈ ബോധ്യം ഉണ്ടെങ്കിൽ വിജയത്തിൽ അധികമായി സന്തോഷിക്കുവാനും പരാജയത്തിൽ തകർന്ന് പോകാനും ഇടയാകയില്ല.

## വിഷാദത്തിന് ബൈബിൾ തരുന്ന പ്രതിവിധികൾ

സങ്കടത്തിന്റെ, വിഷാദത്തിന്റെ വേര് ഉറച്ചിരിക്കുന്നതു പാപത്തിലാണെന്നു സങ്കീർത്തനം 38-ൽ കാണുന്നു. ''എന്റെ പാപം നിമിത്തം എന്റെ അസ്ഥികളിൽ ആരോഗ്യമില്ല. എന്റെ അകൃത്യങ്ങൾ എന്റെ തലയ്ക്ക് മുകളിൽ ഉയർന്നിരിക്കുന്നു. അത് എനിക്ക് താങ്ങാനാവാത്ത ചുമടായിരിക്കുന്നു. എന്റെ ഭോഷത്വം മൂലം എന്റെ വ്രണങ്ങൾ അഴുകി നാറുന്നു. ഞാൻ കുനിഞ്ഞു നിലംപറ്റി ദിവസം മുഴുവൻ വിലപിച്ച് കഴിയുന്നു. എന്റെ അരക്കെട്ട് ജ്വരം കൊണ്ട് പൊള്ളുന്നു. എന്റെ ശരീരത്തിനു തീരെ സൗഖ്യമില്ല. ഞാൻ തീർത്തും ക്ഷീണിച്ചു തകർന്നിരിക്കുന്നു. ഹൃദയക്ഷോഭം നിമിത്തം ഞാൻ നെടുവീർപ്പിടുന്നു'' (സങ്കീ: 38:3-8). ''എന്റെ കഷ്ടതയുടെയും അലച്ചിലിന്റെയും ഓർമ കയ്പേറിയ വിഷമാണ്. അതിനെപ്പറ്റി നിരന്തരം ചിന്തിച്ച് എന്റെ മനം തകരുന്നു. എന്നാൽ, ഞാൻ ഒരു കാര്യം ഓർമിക്കുന്നു. അത് എനിക്ക് പ്രത്യാശ തരുന്നു. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്'' (വിലാപ: 3:19-22).

ജീവിതത്തിലെ പരാജയംമൂലം സ്വയം വെറുക്കുകയും ദൈവത്തിലുള്ള വിശ്വാസം കുറയുകയും ചെയ്യുന്നു. ഇതെല്ലാം കുറ്റബോധം, മറ്റുള്ളവരോടുള്ള വെറുപ്പ്, ആത്മനിന്ദ മുതലായവയുടെ ചുഴിയിൽപ്പെട്ട് രക്ഷപ്പെടാൻ സാധിക്കാത്ത അവസ്ഥയിലെത്തുന്നു.

തകർച്ചയിൽ ദൈവം ധൈര്യപ്പെടുത്തുന്ന വചനഭാഗങ്ങൾ ധ്യാനപൂർവ്വം വായിച്ചാൽ, നമ്മിലെ വിഷാദം മാറിപ്പോകും. അവിശ്വാസിക്ക് ഇതൊന്നും പ്രസക്തമല്ല. ചെങ്കടൽ തീരത്തു നിരാശരായി നിൽക്കുന്ന ഇസ്രായേൽ ജനത്തോടു പറയുന്നു. ''നിങ്ങൾ ഭയപ്പെടാ

www.malankaralibrary.com



തെ ഉറച്ചുനിൽക്കുവിൻ. നിങ്ങൾക്കുവേണ്ടി ഇന്നു കർത്താവ് ചെയ്യാൻ പോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും. ഇന്നു കണ്ട ഈജിപ്തുകാരെ ഇനിമേൽ നിങ്ങൾ കാണുകയില്ല. കർത്താവു നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി'' (പുറ:14:13,14). ധൈര്യം പകർന്നു കൊടുക്കുന്ന എന്തൊരു ശക്തമായ വചനം!

''നിന്റെ ദൈവവും കർത്താവുമായ ഞാൻ വലംകൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത്, ഭയപ്പെടേണ്ടാ'' (ഏശ:41:13).

''ധൈര്യമായിരിക്കുവിൻ, ഞാനാണ്, ഭയപ്പെടേണ്ട'' (മത്താ: 14:27).

''യേശു സമീപിച്ച് അവരെ സ്പർശിച്ചു കൊണ്ടു പറഞ്ഞു, എഴുന്നേൽക്കുവിൻ—ഭയപ്പെടേണ്ട'' (മത്താ: 17:7).

പട്ടിണിയുടെ സമയത്ത് ദൈവത്തിന്റെ പ്രവാചകൻ കൊടുക്കുന്ന ധൈര്യം.

''ഭയപ്പെടേണ്ടാ, നീ ചെന്നു പറഞ്ഞതുപോലെ ചെയ്യുക, ആദ്യം അതിൽ നിന്ന് ഒരപ്പം ഉണ്ടാക്കി എനിക്ക് കൊണ്ടുവരണം'' (1 രാജാ:17:13).

അപകടസമയത്ത് എലീഷാ നൽകുന്ന ധൈര്യം, ''ഭയപ്പെടേണ്ടാ, അവരേക്കാൾ കൂടുതൽ ആളുകൾ നമ്മുടെ കൂടെയുണ്ട്. എലീഷായ്ക്ക് ചുറ്റും ആഗ്നേയരഥങ്ങളും കുതിരകളും കൊണ്ടു നിറഞ്ഞിരിക്കുന്നത് അവൻ (എലീഷായുടെ ദാസൻ) കണ്ടു'' (2 രാജാ:6:16-18).

ഏശ:43:1; മത്താ:10:30; വെളി:1:17-18. ഈ വചനങ്ങളും അവയുടെ പശ്ചാത്തലങ്ങളും വായിച്ചു ധ്യാനിച്ചാൽ, ദൈവത്തിന്റെ അദൃശ്യമായ കൈയും കരുതലും നമ്മോടുകൂടി ഉണ്ടെന്നു മനസ്സിലാക്കാം. ഈ വിശ്വാസവും ബോധ്യവുമുള്ളവർ നിരാശയിൽ ആത്മഹത്യയ്ക്ക് ഒരുങ്ങുകയില്ല.

## കൗൺസലർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിരാശയിൽ ഉഴലുന്ന ഒരാൾ കൗൺസലറെ സമീപിച്ചാൽ, 'സാരമില്ല, ധൈര്യമായിരിക്കുക, ഇങ്ങനെയൊന്നും ചിന്തിക്കരുത്' എന്നൊന്നും പറയരുത്. 'താങ്കളെ ഈ സാഹചര്യം ശരിയായി വിഷമിപ്പിക്കുന്നു എന്നു ഞാൻ മനസ്സിലാകുന്നു. വിവരങ്ങൾ എന്നോടു പറയുക. നിങ്ങളെ ഞാൻ സഹായിക്കാം' എന്നുള്ള ഉറപ്പ് കൊടുക്കണം. വിഷാദം എന്നു തുടങ്ങി, എത്രകാലം അതു നീണ്ടുനിൽക്കുന്നു എന്ന്

www.malankaralibrary.com



ചോദിച്ചറിയണം. ശരിക്ക് അവതരിപ്പിക്കാൻ കഴിവില്ലാത്തവരാണെങ്കിൽ ചില വിവരങ്ങൾ ചോദിക്കുക.

ജീവിതപങ്കാളിയോട്, മക്കളോട്, മാതാപിതാക്കളോട്, അയൽവാസികളോട്, സഹപ്രവർത്തകരോട്, സഭയിലെ മറ്റ് അംഗങ്ങളോട് ഈ മേഖലയിൽ എവിടെയാണ് പ്രശ്നം എന്നറിയുക.

***ശാരീരിക പ്രശ്നങ്ങൾ:-*** ഉറക്കമില്ലായ്മ, വാർദ്ധക്യവുമായി ബന്ധപ്പെട്ട പ്രശ്നം, ലഹരി പദാർത്ഥവുമായി ബന്ധപ്പെട്ട പ്രശ്നം, അമിതവണ്ണം, സ്ത്രീകളെ സംബന്ധിച്ച് ആർത്തവസമയത്തും ആർത്തവവിരാമസമയത്തുമുണ്ടാകാവുന്ന പ്രശ്നങ്ങൾ, വീട്ടിൽ അടുക്കും ചിട്ടയുമില്ലാത്ത അവസ്ഥ, സത്യസന്ധമല്ലാത്ത ജീവിതശൈലി, ലൈംഗിക പാപങ്ങൾ, ഉത്തരവാദിത്തങ്ങൾ നിറവേറ്റാത്തതിന്റെ കുറ്റബോധം, പണം വച്ചുള്ള ചീട്ടുകളി, ചൂതുകളി, പണം നിക്ഷേപിച്ചതിലുണ്ടായ തകരാറ് ഇതെല്ലാം പ്രശ്നങ്ങൾ ഉണ്ടാക്കാവുന്ന മേഖലകളാണ്. ഇതിൽ എവിടെയാണ് പ്രശ്നത്തിന്റെ തുടക്കം എന്നറിഞ്ഞു വേണം കൗൺസലിംഗ് നൽകാൻ. നിരാശയിൽപ്പെട്ട വ്യക്തിയെ ദൈവം സംരക്ഷിക്കുന്നു എന്ന് ഉറപ്പു നൽകണം. സാമ്പത്തികമായോ ശാരീരികമായോ ഉള്ള പ്രശ്നങ്ങൾ ഒരു കൗൺസലറിനു പരിഹരിക്കുവാൻ സാധിക്കുകയില്ല. രോഗങ്ങൾക്ക് ഡോക്ടറുടെ ഉപദേശം തേടുവാനും സാമ്പത്തികത്തകർച്ചയ്ക്ക്, മെച്ചപ്പെട്ട ആളുകളുടെ നിർദ്ദേശം ലഭിക്കുവാനും നിർദ്ദേശിച്ചയയ്ക്കുക. പാപകരമായ ജീവിതം നയിക്കുന്ന വ്യക്തിയാണെങ്കിൽ പശ്ചാത്തപിച്ചു ദൈവത്തോട് പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കണം എന്നു പറയണം.

താഴെപ്പറയുന്ന ദൈവവചനഭാഗങ്ങൾ വായിച്ച് ധ്യാനിക്കുന്നതു സഹായകരമാണ്. ''എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യുവാൻ കഴിയും'' (ഫിലി: 4:13).

''ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നൽകിയത്. ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആത്മാവിനെയാണ്'' (2 തിമോ: 1:7).

''നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട്, അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാണ്'' (1 പത്രോ:2:24).

www.malankaralibrary.com



“ഇതാ, പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ശക്തികളുടെയും മീതെ ചവിട്ടി നടക്കാൻ നിങ്ങൾക്ക് ഞാൻ അധികാരം നൽകിയിരിക്കുന്നു” (ലൂക്കാ:10:19).

നിരാശയിൽപ്പെട്ട വ്യക്തി നന്നായി പ്രാർത്ഥിക്കുവാനും ബൈബിൾ പഠിക്കുവാനും നല്ല ക്രിസ്തീയ സഹോദരങ്ങളുടെ കൂട്ടായ്മയിൽ ജീവിക്കുവാനും പറഞ്ഞുകൊടുക്കണം. ആന്തരികമുറിവുകളെ സുഖപ്പെടുത്തി പുതിയ ചൈതന്യത്തോടെ ജീവിക്കാനുള്ള കൃപയ്ക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കണം.

നിരാശ, വിഷാദം ബാധിച്ചവരെ ഒരിക്കലും കുറ്റം പറയുകയോ താഴ്ത്തിക്കെട്ടുകയോ ചെയ്യരുത്. ഉത്തേജനം നൽകുന്ന വാക്കുകൾ മാത്രമേ അവരോട് കുടുംബാംഗങ്ങളും കൂട്ടുകാരും പറയാവൂ.

www.malankaralibrary.com

# കോപം

**"മുൻകോപി കലഹം ഇളക്കിവിടുന്നു" (സുഭാ: 15:18).**

എല്ലാ മനുഷ്യരിലും അടിസ്ഥാനപരമായി കാണുന്ന കാമം, ക്രോധം, ലോഭം എന്നീ വികാരങ്ങളിൽ ഒന്നാണ് കോപം. കുഞ്ഞുപ്രായത്തിൽത ന്നെ, കുട്ടികൾ അവർക്കിഷ്ടമില്ലാത്ത കാര്യങ്ങൾ സംഭവിച്ചാൽ, ഒച്ച വച്ചു കരയുന്നതും കാലിട്ടടിക്കുന്നതും, കുറേക്കൂടി പ്രായമാകുമ്പോൾ രോഷം കൊണ്ട് സാധനങ്ങൾ എടുത്തെറിയുന്നതും കാണാം. പ്രായ മായശേഷവും ഈ സ്വഭാവം കളയാതെ, ചെറിയ കാര്യങ്ങൾക്കുപോ ലും കോപിച്ച് പൊട്ടിത്തെറിക്കുന്ന വ്യക്തികൾ സമൂഹത്തിലുണ്ട്. നമ്മിലുള്ള കോപത്തെ നിയന്ത്രണവിധേയമാക്കി, സർഗാത്മകമായ രീതിയിൽ ഉപയോഗിക്കാൻ പരിശീലിക്കണം. അല്ലാതെ, കോപവികാ രത്തെ നിയന്ത്രിതമല്ലാത്ത രീതിയിൽ പ്രകടിപ്പിക്കാൻ തുടങ്ങിയാൽ അത് വ്യക്തിക്കും മറ്റുള്ളവർക്കും പല പ്രശ്നങ്ങളും ഉണ്ടാക്കും, കുടും ബത്തിലും സമൂഹത്തിലും പല അശുഭസംഭവങ്ങൾക്ക് കാരണമാ കും. കോപം രണ്ടു വിധമുണ്ട്—ഒന്ന്, ക്രമരഹിതവും രണ്ട്, നീതിപൂർ വ്വവും. മക്കൾ തെറ്റു ചെയ്താൽ, ശരി ചൂണ്ടിക്കാണിക്കാനും ശിക്ഷ ണം കൊടുക്കുവാനും മാതാപിതാക്കൾക്ക് കടമയുണ്ട്. ഗുരുക്കന്മാർ ക്കും ഈ കടമ ശിഷ്യന്മാരോടുണ്ട്. മിതമായ രീതിയിൽ കോപിച്ചു സംസാരിക്കേണ്ടിവരും. ഇത് തെറ്റല്ല, പാപമല്ല. എന്നാൽ, കോപം കൊണ്ട് ഒച്ച വച്ച് കുട്ടികൾക്ക് കഠിനമായ ശാരീരികശിക്ഷ നൽകു കയും അസഭ്യവാക്കുകൾ പറയുകയും ശപിക്കുകയുമൊക്കെ ചെയ്യു മ്പോൾ കോപം അനിയന്ത്രിതമായി തിന്മയായിത്തീരുന്നു.

ധാർമ്മികരോഷം അതിൽത്തന്നെ തെറ്റല്ല. സമൂഹത്തിൽ തിന്മ വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെത്തന്നെയും മലീമ സമാക്കുമ്പോൾ നാം ഒന്നും ഉരിയാടാതെ കൈയ്യും കെട്ടി, കണ്ണും പൂട്ടിയിരിക്കേണ്ടതില്ല. തിന്മയ്ക്കെതിരായി ശക്തിയായി ഗർജ്ജിച്ച പ്രവാചകന്മാരെ പഴയനിയമത്തിൽ കാണാം—ഏശയ്യാ, ജറെമിയ മുത

www.malankaralibrary.com



ലായവർ. സ്നാപകയോഹന്നാൻ തിന്മയെ ശക്തമായ ഭാഷയിൽ ചൂണ്ടിക്കാണിച്ച വ്യക്തിയാണ്. മദ്യപാനം, സ്ത്രീപീഡനം, പെൺവാണിഭം മുതലായ തിന്മകൾ ബീഭത്സരൂപം പൂണ്ട് സമൂഹഗാത്രത്തെ കശക്കിയെറിഞ്ഞുകൊണ്ടിരിക്കുന്നു. നീതി ബോധമുള്ളവർ ഇവയ്ക്കെതിരായി പ്രതികരിക്കേണ്ടതാണ്. പറയേണ്ടിടത്തു പറയുകയും മാധ്യമങ്ങളിൽ കൂടി ശരിയായ ദൂത് ജനഹൃദയങ്ങളിൽ എത്തിക്കുകയും ചെയ്യണം. ഇതിന്റെ പേരിൽ പ്രയോജനമില്ലാതെ, സ്ഥാനത്തും അസ്ഥാനത്തും പൊട്ടിത്തെറിച്ചു സംസാരിക്കുന്നതല്ല ധാർമ്മിക രോഷം.

കോപം, ഒരു വ്യക്തിക്ക് എതിരായി ഏതെങ്കിലും യഥാർത്ഥമോ അയഥാർത്ഥമോ ആയ മുറിവ് ഉണ്ടായ തോന്നലിൽ, കുറ്റക്കാരൻ എന്നു ചിന്തിക്കുന്ന ആളിനെ ശിക്ഷിക്കാനുള്ള താൽപര്യമാണ്. മനസ്സിൽ കുമിഞ്ഞുകൂടുന്ന കോപവികാരങ്ങളാൽ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പുറത്തുവരുന്നു. ക്ഷിപ്രകോപികൾ എന്തും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യും. കോപം ഒരു താൽക്കാലിക ഭ്രാന്താണ് (Temporary Madness). മാനസികരോഗം ബാധിച്ച വ്യക്തിക്ക് സുബോധം നഷ്ടപ്പെടുന്നു. എന്തുപറയുന്നു, പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് അറിയുന്നില്ല. കോപാഗ്നി ജ്വലിക്കുമ്പോൾ എതിരാളികളെ ആക്രമിക്കാൻ മടിക്കുകയില്ല. ആൾക്കൂട്ടത്തിൽ (Mob) കോപം ഇളക്കിവിട്ടാൽ, അവർ എന്തു നശീകരണവും ചെയ്യും. കോപവിഷം ചീറ്റുന്ന വ്യക്തി സ്വന്തപ്പെട്ടവരെയും അന്യരെയും കൊല്ലുന്നതിനുപോലും മടിക്കുകയില്ല. കൊല്ലാൻ കഴിവില്ലെങ്കിൽ, ദുർവാക്ക് കൊണ്ട് അസഭ്യവർഷം നടത്തി 'കൊന്നുകളയും.' ചെറിയ ഏതോ കാര്യം പറഞ്ഞ് ഇഷ്ടപ്പെടാതെ വന്നപ്പോൾ, ക്ഷിപ്രകോപിയായ അനുജൻ, മൂർച്ച കൂട്ടിക്കൊണ്ടിരുന്ന കത്തിക്കൊണ്ട്, ഒറ്റക്കുത്തിനു ജ്യേഷ്ഠനെ കൊന്ന സംഭവം എന്റെ വീടിനടുത്ത് സംഭവിച്ചു. കോപിക്കുന്ന വ്യക്തികൾ ഹൃദയമിടിപ്പ് കൂട്ടുന്നു. രക്തം മുഖത്തും തലയിലും ഇരച്ചുകയറുന്നു. മുഖം ചുവക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. ശരീരത്തിലെ ശരിയായ രാസപ്രവർത്തനത്തിനു വ്യതിയാനം സംഭവിക്കുന്നു. രക്തസമ്മർദ്ദം (ബി.പി.) കൂടുന്നു. ഇത് ഹൃദയാഘാതമോ പക്ഷാഘാതമോ ഉണ്ടാക്കാം. കോപം ടെൻഷൻ വർദ്ധിപ്പിക്കുന്നു.

കോപിഷ്ഠരിൽ ഹൃദയാഘാത സാധ്യത കൂടുതലാണ്. അമ്മായിഅപ്പൻ മരുമകളോട് ക്രമത്തിലധികം കോപിച്ച് പൊട്ടിത്തെറിച്ച് ഇവളെ ഞാൻ ഇപ്പോൾ ശരിയാക്കും എന്നു പറഞ്ഞുകൊണ്ട് പുരയ്ക്കുചുറ്റും ഓടിനടന്നു. ശാന്തമാകാൻ ഞാൻ പറഞ്ഞു നോക്കി. അദ്ദേഹം അതു

www.malankaralibrary.com



കേട്ടില്ല. അന്ന് ആ വ്യക്തി തളർന്നു വീണു. ഒരു വശം തളർന്നു. സംസാരശക്തി നഷ്ടപ്പെട്ടു. തലച്ചോറിൽ ക്ഷോഭംമൂലം ആവശ്യത്തിലധികം രക്തം കയറി തലച്ചോറിലെ ഞരമ്പ് പൊട്ടിപ്പോയി. ആ നിലയിൽ താമസിയാതെ അദ്ദേഹം മരിച്ചു.

യഥാസമയം തീ അണച്ചില്ലെങ്കിൽ, കാട്ടുതീ ഒരു വനം മുഴുവൻ ചുട്ടുചാമ്പലാക്കും. അഗ്നിപർവ്വതം പൊട്ടുമ്പോൾ, ആ ദേശം മുഴുവൻ നശിപ്പിക്കുന്നു. ഇതുപോലെ, മനസ്സിൽ വെറുപ്പും വിദ്വേഷവും വൈരാഗ്യവും നിറച്ചു നടക്കുന്ന ഒരു ദിവസം കോപാഗ്നിയിൽ പൊട്ടിത്തെറിച്ച് സ്വന്തം കുടുംബത്തിൽത്തന്നെ നാശം വിതയ്ക്കുന്ന സംഭവങ്ങൾ എത്രയെത്ര നടക്കുന്നു!

കോപം, സ്നേഹത്തിനു കടകവിരുദ്ധമാണ്. കോപം തകർക്കുന്ന വികാരമാണ്. കോപിക്കുമ്പോൾ, ചിന്താമണ്ഡലം, വിവേകം ഇരുണ്ടതായി ശരിയും തെറ്റും തിരിച്ചറിയാത്ത അവസ്ഥയിൽ അപരനോട് അനീതി കാട്ടുന്നു. കോപം ശമിച്ച് വീണ്ടുവിചാരം വരുമ്പോൾ, തിരിച്ചെടുക്കാൻ സാധിക്കാത്തവിധം പല അനീതിയും തിന്മയും വിതച്ചുകഴിഞ്ഞിരിക്കും. പരമ നന്മയായ ദൈവത്തോടു തന്നെ കാണിക്കുന്ന അനീതിയാണ് കോപം. അപരനു കോപം മൂലം ഏൽപ്പിക്കുന്ന മുറിവുകൾ എല്ലാം തന്നെ ദൈവേഷ്ടത്തിനു വിപരീതമാണല്ലോ. നീണ്ടുനിന്ന സൗഹൃദം ക്ഷിപ്രകോപം കൊണ്ട് തകർത്തു കളയുന്നു. മറ്റുള്ളവരെ അപമാനിക്കുന്ന, മുറിപ്പെടുത്തുന്ന വാക്കുകൾ കോപിഷ്ഠൻ ഉപയോഗിക്കുന്നത്, ഒരിക്കലും തിരിച്ചെടുക്കാൻ സാധിക്കാത്ത വിധം അപരന്റെ ഹൃദയത്തിൽ തുളച്ചുകയറിക്കഴിഞ്ഞിരിക്കും. ചെറിയ കാര്യങ്ങൾക്കുപോലും ശുണ്ഠിപിടിക്കുന്ന (Irritable) സ്വഭാവമുള്ളവർ, ഊഹിച്ചു പലതും വലുതാക്കി ചിത്രീകരിച്ച് അസ്വസ്ഥതയുടെ, കോപത്തിന്റെ വിഷം വമിപ്പിക്കുന്ന വേറൊരവസ്ഥയാണ്.

## കോപത്തിന്റെ മനഃശാസ്ത്രവശം

1. കോപം തന്റെ മുഖം രക്ഷിക്കുവാനുള്ള അടവായി നാം പലപ്പോഴും ഉപയോഗിക്കുന്നു. മറ്റുള്ളവർ ഒരു കാര്യം ചെയ്യുന്നു. അല്ലെങ്കിൽ സംസാരിക്കുന്നു. അത് ഇഷ്ടപ്പെടുന്നില്ലെങ്കിൽ മനസ്സിൽ കോപം വരുന്നു. അപരന്റെ പ്രവൃത്തിയെ കോപത്തോടെ കാണുകയോ സംസാരിക്കുകയോ തരംതാഴ്ത്തി പറയുകയോ ചെയ്യുമ്പോൾ താൻ മിടുക്കനായി എന്നാണ് ചിന്ത. കോപത്തോടെ അപരനെ പരിഹസിക്കുമ്പോൾ മറ്റുള്ളവർ ചിരിക്കും. ഇതു കോപിഷ്ഠനു തൃപ്തി നൽകുന്നു.

www.malankaralibrary.com



കോപം ഒരു മുഖംമൂടിയാണ്—തന്റെ ജീവിതത്തിന്റെ ഉള്ളറയിലേക്ക് ആരും കടന്നുവരാതിരിക്കാനുള്ള അടവ്. കോപിക്കുന്ന വ്യക്തിയോട് ഒരകലത്തിലേ മറ്റുള്ളവർ വ്യാപരിക്കൂ. ഇതു തനിക്ക് ഗുണകരമാണെന്നു ചിന്തിക്കുന്നു. എന്നാൽ പല നല്ല മനുഷ്യരെയും കോപിഷ്ഠനിൽ നിന്നകറ്റുന്നു എന്ന് അയാൾ അറിയുന്നില്ല. നമ്മെത്തന്നെ മറ്റുള്ളവർക്ക് ആത്മാർത്ഥമായി വെളിപ്പെടുത്താതിരിക്കുമ്പോൾ, സൗഹൃദം വർദ്ധിക്കുവാൻ സാധിക്കാതെ പോകുന്നു.

2. എന്റെ അസ്തിത്വം വെളിപ്പെടുത്താൻ കോപം സഹായിക്കുന്നു. ഉദാ: ആഹാരം കഴിക്കുമ്പോൾ കുഞ്ഞുങ്ങളെ വിളിക്കുന്നു, അവർ വരാൻ വൈകുന്നു. ഉടനെ അപ്പൻ അല്ലെങ്കിൽ അമ്മ കോപിച്ച് ഒച്ച വയ്ക്കുന്നു. എന്റെ അസ്തിത്വത്തെ, ഞാൻ ഇവിടെ ഉണ്ടെന്നുള്ള കാര്യം, അവർ സാരമാക്കാത്തതിൽ, ഞാൻ കോപിക്കുമ്പോൾ, ഞാൻ ഇവിടെ ഉണ്ട് എന്നു മനസ്സിലാക്കണം എന്ന ധ്വനിയാണ്. ഈ ശൈലിയിലുള്ള കോപം ഭാര്യാഭർത്താക്കന്മാർ തമ്മിലും, അയൽവാസികൾ തമ്മിലും ഉണ്ടാകാം. കോപിച്ച് ഒച്ചവച്ചു സംസാരിക്കുകയും, അസഭ്യം പറയുകയും ചെയ്യുമ്പോൾ 'എന്റെ അസ്തിത്വം നിങ്ങൾ നിസ്സാരമായി തള്ളിക്കളയാൻ പറ്റില്ല' എന്നുള്ള പ്രഖ്യാപനമാണ്. എന്റെ പ്ലാനിനും വിശ്വാസത്തിനും എതിരായതെല്ലാം തെറ്റാണെന്നുകരുതി, അതിനെ എതിർക്കുക എന്നുള്ള മനോഭാവമായി നടക്കുന്നവർ വളരെയുണ്ട്.

മറ്റുള്ളവരാൽ നിരന്തരം മുറിവേറ്റിരിക്കുന്ന വ്യക്തി, അസ്തിത്വം ഇല്ലാത്ത ആളിനെപ്പോലെ കഴിയുന്നു. എന്നാൽ ഉള്ളിൽ നീരസം കുമിഞ്ഞുകൂടുകയാണ്. ഇങ്ങനെപോയാൽ പറ്റുകയില്ലല്ലോ എന്നു വിചാരിച്ചു ഒരു ദിവസം കോപിച്ചു പൊട്ടിത്തെറിക്കുന്നു. ഭർത്താവിന്റെ പീഡകൾ സഹിച്ച് സഹിച്ച് ഒടുവിൽ ക്ഷമ നഷ്ടപ്പെട്ട് പൊട്ടിത്തെറിക്കുന്ന ഭാര്യമാരെ നാം കണ്ടിട്ടില്ലേ? അവർ എന്തും പറയാനും പ്രവർത്തിക്കാനും മടിക്കാത്ത അവസ്ഥയിൽ എത്തിച്ചേരുന്നു.

3. ഒരാളുടെ കോപം സ്വന്തം അഭിപ്രായം മറ്റുള്ളവരിൽ ശക്തമായി എത്തിക്കാനുള്ള ഒരു മാധ്യമമായി പ്രവർത്തിക്കുന്നു. സാവകാശമായി പറഞ്ഞാൽ, ആരും ശ്രദ്ധിക്കാതെ അവഗണിച്ചു കളയുന്ന കാര്യം കോപിച്ച് ഉറക്കെപ്പറഞ്ഞാൽ, അതു മറ്റുള്ളവർ കേട്ടു എന്നുള്ള സംതൃപ്തി ലഭിക്കുന്നു. ഇത് പരാജയത്തിൽ കലാശിക്കും. എതിർപാർട്ടി പ്രതിരോധ അടവു സ്വീകരിക്കും. കോപം, മനസ്സിൽ തങ്ങിനിൽക്കുന്ന വേദന, ഒഴുക്കിക്കളയുവാൻ ഒരു പരിധിവരെ സഹായി

www.malankaralibrary.com



ക്കുന്നു. മനസ്സിലെ വെറുപ്പും കോപവും ഉള്ളിൽത്തന്നെ വച്ചുപുലർത്തുന്നവരുണ്ട്. പ്രസന്നമായ മുഖഭാവം അവർക്കില്ല. എന്തോ നീരസം മനസ്സിനെ മഥിക്കുന്നതായി മനസ്സിലാകും. ചില വ്യക്തികൾ കോപം ഉള്ളിൽ ഒതുക്കി വിഷാദാത്മകതയുള്ളവരായിത്തീരുന്നു. വിഷാദം കോപത്തേക്കാൾ നമ്മുടെ സമൂഹം അംഗീകരിക്കുന്നു. കോപിച്ചാൽ മറ്റുള്ളവർ എന്നിൽ നിന്നു മാറിപ്പോകും, വിഷാദം ഭാവിച്ചാൽ മറ്റുള്ളവർ അടുത്തുവരികയും അവരുടെ സഹതാപം ലഭിക്കുകയും ചെയ്യുന്നു. അങ്ങനെ വ്യക്തിയുടെ ഉള്ളിലുള്ള കോപം മറ്റുള്ളവർ മനസ്സിലാക്കാതെയിരിക്കുന്നു. ഇതും ഒരു പ്രതിരോധ അടവാണ്.

### കോപം കൈകാര്യം ചെയ്യാൻ

ആദ്യമായി മനസ്സിലാക്കേണ്ടത് നമ്മിലുണ്ടാകുന്ന കോപം നമ്മുടെ തന്നെ സൃഷ്ടിയാണെന്നുള്ളതാണ്. ഏതെങ്കിലുമൊരു സാഹചര്യമോ, വ്യക്തിയോ നിങ്ങളുടെ അധികാരമണ്ഡലത്തിന് ഭീഷണിയാണെന്നുള്ള വിശ്വാസം കോപത്തിലേക്ക് നയിക്കുന്നു. തിരക്കുപിടിച്ച ഒരു ബസ്സിൽ നിങ്ങൾ കയറുന്നു. തിരക്കിൽ ഒരാൾ നിങ്ങളുടെ കാലിൽ ചവിട്ടുന്നു. ‘‘കണ്ണു കാണത്തില്ലേ, മനുഷ്യൻ നിൽക്കുന്നതു കാണത്തില്ലേ’’ എന്നു പറഞ്ഞ് കോപിക്കുന്നു. തിരക്കിൽ സംഭവിച്ചതാണ് എന്നു ചിന്തിച്ച് ഒഴിഞ്ഞുമാറി നിൽക്കാൻ ശ്രമിക്കുകയാണ് മാന്യമായ പെരുമാറ്റം. പ്രസിദ്ധ ധ്യാനഗുരുവും ഗ്രന്ഥകർത്താവുമായ ബോബി ജോസ് അച്ചൻ ധ്യാനത്തിൽ പറഞ്ഞുകേട്ടതാണ്. ഒരു വ്യക്തിയുടെ പൂന്തോട്ടത്തിൽ ഒരാൾ കയറി ചെടികളെ ചവിട്ടിമെതിച്ച് നടക്കുന്നു. ഉടമസ്ഥൻ രോഷം കൊണ്ട്, ഇറങ്ങിച്ചെന്ന് ആ മനുഷ്യന്റെ പിടലിക്ക് പിടിച്ച് തള്ളുന്നു. പാവം മനുഷ്യൻ തിരിഞ്ഞു നോക്കുന്നു. അയാൾ തീർത്തും അന്ധനായ മനുഷ്യനാണ്. നടന്ന് എങ്ങനെയോ തോട്ടത്തിൽ അകപ്പെട്ട്, വെളിയിൽ പോകാനുള്ള തത്രപ്പാടിലാണ് ചെടികളെ ചവിട്ടി മെതിച്ചത്. അയാൾ കണ്ണു കാണാൻ വയ്യാത്ത പാവപ്പെട്ടവനാണെന്നു ഉടമസ്ഥനു മനസ്സിലായപ്പോൾ, തന്റെ കോപം മാറി സഹതാപം തോന്നി. ജീവിതത്തിൽ പലരുടെ പ്രവർത്തനങ്ങളിൽ അന്ധതയുണ്ട്. ആ വ്യക്തിയുടെ പ്രശ്നങ്ങൾ, വളർന്ന സാഹചര്യം, മനസ്സിനേറ്റ മുറിവുകൾ എല്ലാം രണ്ടാമതൊരാൾക്ക് അറിയില്ല. നമ്മിൽ കോപം ജ്വലിപ്പിക്കുന്ന പലതും ‘‘അന്ധതയ്ക്ക്’’ അടിമപ്പെട്ട വ്യക്തിയുടെ ബലഹീനതയിൽ നിന്നു വരുന്നതാണെന്നു മനസ്സിലാക്കിയാൽ, നാം കോപിക്കുകയില്ല, കൂടുതൽ ക്ഷമ കാണിക്കും.

www.malankaralibrary.com



കോപം നമ്മുടെ ഉള്ളിലുണ്ട്. അത് അതിൽത്തന്നെ നല്ലതോ ചീത്തയോ, തെറ്റോ ശരിയോ എന്നു ലേബൽ ഇടേണ്ടാ. കോപം എനിക്ക് തോന്നുന്നു എന്നത് ആദ്യമായി അംഗീകരിക്കുക. കോപത്തെ കൈകാര്യം ചെയ്യണമെങ്കിൽ, ഈ അംഗീകാരമനോഭാവം അത്യാവശ്യമാണ്. ഈ കോപം എനിക്ക് സഹായമാണോ അതോ മുറിവേൽപ്പിക്കുന്ന പ്രശ്നം ഉണ്ടാകുന്നതാണോ എന്നു ചിന്തിക്കുക. എന്റെ ബന്ധങ്ങളെ ഊട്ടി ഉറപ്പിക്കാൻ ഇതു സഹായിക്കുമോ, ബന്ധങ്ങളെ മുറിവേൽപ്പിക്കുമോ? ഇത് എന്നെ സഹായിക്കുന്നില്ലെങ്കിൽ, കോപം എനിക്ക് ഗുണകരമല്ലെന്നു മനസ്സിലാക്കിയാൽ എന്തുചെയ്യണം? അതു എതിരാളിയിൽ ഇറക്കിവച്ചാൽ, പ്രയോജനം ചെയ്യുകയില്ല. ഉള്ളിൽ ഒതുക്കിയാൽ അതും സഹായിക്കുകയില്ല. ഈ കോപം മൂന്നാമതൊരാളോടു പറയുന്നതു സഹായിക്കും. ഉറക്കെ കോപിച്ചു പറയുന്നതും ചിലപ്പോൾ സഹായിക്കും. തൽക്കാലത്തേക്ക് ശമനം ഉണ്ടാക്കിയാലും, മുൻ സാഹചര്യത്തിൽ വീണ്ടും കോപം ഉണ്ടാകും.

ഏറ്റവും ഫലപ്രദമായ മാർഗം, കോപം ഉണ്ടാക്കിയ സാഹചര്യത്തെപ്പറ്റിയുള്ള വിശ്വാസവും വിധികളുമാണ് (Judgement). ഈ വിശ്വാസത്തിനു മാറ്റം വരുത്താൻ ശ്രമിക്കുക. കോപത്തിന്റെ പ്രധാന കാരണം തന്റെ കാഴ്ചപ്പാടും അപരന്റെ കാഴ്ചപ്പാടും തമ്മിൽ യോജിക്കാതെ വരുമ്പോഴാണ്. ഈ കാഴ്ചപ്പാടിൽ ഒന്നു തെറ്റ് (Invalid) ആയിരിക്കും. തന്റെ കാഴ്ചപ്പാടാണ് ശരി എന്നു ചിന്തിച്ചാൽ പ്രശ്നമാകും. കോപം കുറയ്ക്കാൻ വേറെ ഒരു വിശ്വാസം സഹായിക്കും. രണ്ടു പേരുടെയും കാഴ്ചപ്പാട് ശരിയാണ്. എന്നാൽ രണ്ടും വ്യത്യസ്തമാണ് (Different). ഒരേ കാര്യം തന്നെ വ്യത്യസ്തമായ കാഴ്ചപ്പാടിൽ കാണുന്നതും പ്രശ്നമാണ്. മറ്റൊരാളിന്റെ കാഴ്ചപ്പാടിനെ അസാധുവായി പ്രഖ്യാപിക്കുമ്പോഴാണ് പ്രശ്നം. ചിലപ്പോൾ രണ്ട് കാഴ്പ്പാടും തെറ്റായിരിക്കാം, മൂന്നാമത് ഒരെണ്ണമായിരിക്കും ശരി.

നമ്മുടെ ഉള്ളിൽ ഒരു നിയമനിർമ്മാതാവുണ്ട്. നാം മറ്റുള്ളവർക്കുവേണ്ടി നിയമം നിർമ്മിക്കുന്നു. എന്റെ പ്ലാൻ അനുസരിച്ച് കാര്യങ്ങൾ നടക്കണം. ഇല്ലെങ്കിൽ ക്ഷോഭിക്കുന്നു. എന്റെ ഭാര്യ ഈ രീതിയിൽ പെരുമാറണം. സേവകർ ഇങ്ങനെയായിരിക്കണം. ഭാര്യ പാചകം ചെയ്ത കറി എന്റെ മനസ്സിലിരിപ്പ് പോലെ ആയില്ല. ഉടനെ കോപിക്കുന്നു. ഞാൻ കാർ ഓടിച്ചുകൊണ്ടുപോകുമ്പോൾ പച്ചലൈറ്റ് (Signal) കത്തിക്കിടക്കണം. ചുവപ്പു സിഗ്നൽ കണ്ടാൽ അസ്വസ്ഥനാകുന്നു. നമ്മുടെ മനസ്സിലെ നിയമങ്ങൾ നടക്കാതെ വരുമ്പോൾ കോപിക്കു

www.malankaralibrary.com



ന്നു. നമ്മുടെ ആഗ്രഹം, ഉദ്ദേശ്യംപോലെ മറ്റുള്ളവരും സാഹചര്യ വും ആയിരിക്കണം എന്ന ചിന്ത യാഥാർത്ഥ്യത്തിനു നിരക്കുന്നതല്ല. മറ്റുള്ളവരെപ്പറ്റിയുള്ള നമ്മുടെ അറിവ് പരിമിതമാണ്. എനിക്ക് അവനെ അറിയാം എന്നു പറയുമ്പോഴും, ആ വ്യക്തിയെ പൂർണ്ണമായി അറി യാതെയുള്ള മേഖലകൾ പലതും കാണും. ഒരാൾ നമ്മെ അധിക്ഷേപി ക്കുന്നു. ഉള്ളിൽ പറയുന്നു, ആ വ്യക്തി അങ്ങനെ ചെയ്യരുതായിരുന്നു. ഇതു നമ്മുടെ ഉള്ളിലെ നിയമം. ഈ നിയമം സ്വല്പം മാറ്റി ചിന്തി ച്ചാൽ, അവൻ എന്നെ അധിക്ഷേപിച്ചു. എനിക്ക് അതു വാസ്തവ ത്തിൽ ഇഷ്ടപ്പെട്ടില്ല. ആ വ്യക്തിയുടെ മുഴുവൻ ജീവിതവും നിങ്ങ ളുടെ മുമ്പിൽ നിരത്തിവച്ചാൽ, ശിശുപ്രായത്തിൽ ലഭിച്ച തിരസ്ക രണം, ശൈശവത്തിൽത്തന്നെ മാതാപിതാക്കളിൽ നിന്നും മറ്റുള്ളവ രിൽ നിന്നും ലഭിച്ച മുറിവുകൾ, അന്യരുടെ അധിക്ഷേപം ഇതെല്ലാ മായിരിക്കും. എന്നാൽ ഇപ്പോൾ ഞാൻ അവനെ മനസ്സിലാക്കുന്നു. മറ്റുള്ളവരുടെ പെരുമാറ്റത്തിന്റെ പിന്നിലെ കാര്യങ്ങളിൽ നാം അജ്ഞ രാണ് എന്നതാണ് സത്യം.

നമ്മെ എല്ലാവരും അധിക്ഷേപിക്കുന്നതു തുടരണം എന്നല്ല അർത്ഥം. നമുക്ക് അസുഖകരമായ ഫീലിംഗ് ഉണ്ടായി എന്നതു യാ ഥാർത്ഥ്യം. അതിനു പകരമായി കോപിച്ചാൽ, നമ്മിൽ കോപം ജ്വലി ച്ചുനിൽക്കുന്ന അവസ്ഥ, പ്രശ്നം കാര്യക്ഷമമായി പരിഹരിക്കുന്ന തിനു വിലങ്ങുതടിയായിരിക്കും. നാം ശാന്തമായാൽ, പ്രശ്നം പരി ഹരിക്കാൻ നാം കൂടുതൽ പ്രാപ്തരാകും. കോപപ്രകൃതി പ്രശ്നം പരിഹരിക്കാൻ സഹായിക്കുകയില്ല. കോപം കൂടാതെ പെരുമാറാൻ ശ്രമിച്ചാൽ, അപരനു നമ്മോടുള്ള വെറുപ്പും പകയും കുറച്ചുകൊണ്ടു വരാൻ സാധിക്കും.

മിക്കവാറും എല്ലാവരും പറയുന്ന കാര്യം 'നീതീകരണമുള്ള കോപം' ആയിരുന്നു എന്ന്. 'എന്റെ കോപം നീതിരഹിതമായിരുന്നു' (Unjustifiable) എന്ന് കോപിക്കുന്ന ഒരു വ്യക്തിയും പറയുകയില്ല. എല്ലാവർക്കും സ്വന്തം കോപം വേണ്ടതായിരുന്നു, നീതിയുള്ളതാ യിരുന്നു (Justifiable). കോപിക്കാൻ എനിക്ക് അവകാശമുണ്ട് എന്നതും, നീതീകരണമുള്ളതും ഇല്ലാത്തതുമായി രണ്ടു തരം കോപം ഉണ്ടെ ന്നുള്ളതും തെറ്റായ ചിന്തയാണ്. പ്രായോഗികമായി നമുക്കെല്ലാമുള്ള കോപം നീതീകരണമുള്ളതാണ്. പ്രധാനപ്പെട്ട ചോദ്യം നമ്മുടെ കോപം നീതീകരണമുള്ളതായിരുന്നോ എന്നല്ല, അതു പ്രയോജന മുള്ളതായിരുന്നോ എന്നതാണ്. അതു എന്റെ ലക്ഷ്യം സാധിക്കാൻ

www.malankaralibrary.com



പ്രയോജനപ്പെട്ടോ, അതോ കാര്യങ്ങൾ കൂടുതൽ വഷളാക്കിയോ എന്നാണ് ചിന്തിക്കേണ്ടത്. ഇത്ര വളരെ ചെറിയ കാര്യത്തിനാണോ ഞാൻ കോപിച്ചത്? ഇത്ര വലുതാക്കി വഷളാക്കണമായിരുന്നോ? ഇത് ചിന്തനീയമാണ്.

കോപമെന്ന വികാരം നമ്മുടെ അന്തരാത്മാവിൽ നാം എങ്ങനെയാണെന്നു അറിയാനുള്ള സിഗ്നൽ, ചൂണ്ടുപലകയാണ്. ''കോപിക്കാം എന്നാൽ പാപം ആകരുത് എന്ന്'' വചനം. എപ്പോഴും കോപിച്ചുകൊണ്ടിരിക്കാം എന്നല്ല അർത്ഥം. ഉള്ളിലെ കോപവികാരം കത്തി ജ്വലിച്ച് പാപത്തിലേക്ക് നയിക്കുന്ന അവസ്ഥ സൃഷ്ടിക്കരുത് എന്ന് മനസ്സിലാക്കണം. കോപം എന്നാൽ പൊട്ടിത്തെറിക്കലല്ല, ഒച്ച വച്ചു സംസാരിക്കുന്നതല്ല, അസഭ്യവാക്കുകൾ പറഞ്ഞ് എതിരാളിയെ നിർവീര്യമാക്കുന്നതല്ല, അപരനെ താഴ്ത്തിക്കെട്ടി അധിക്ഷേപിക്കുന്നതല്ല, പരിഹസിക്കുന്നതല്ല, വ്യക്തിയെ തേജോവധം ചെയ്യുന്നതല്ല. നമ്മുടെ വാദമുഖങ്ങൾ പര ബഹുമാനത്തോടെ, വ്യക്തമായി പറയണം. അത് മുൻവിധി കൂടാതെതന്നെ സമൂഹത്തിലെ ധാർമ്മിക അപചയങ്ങൾ, വെറുതെ പ്രയോജനമില്ലാത്ത വേദിയിൽ പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. പറയേണ്ടിടത്ത് തന്റേടത്തോടെ പറയണം. മാധ്യമങ്ങൾ വഴി അധാർമ്മികതയുടെ പൊരുൾ പൊതുജനസമക്ഷം അവതരിപ്പിക്കണം.

ചുരുക്കത്തിൽ, കോപവികാരം എല്ലാവരിലും ഉണ്ടാകും. നമുക്ക് അനിഷ്ടമായതു മറ്റുള്ളവർ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന കോപവികാരവും പാപമായിത്തീരുന്ന കോപവും രണ്ടാണ്. കോപവികാരം അതിൽത്തന്നെ പാപമല്ല. പ്രസ്തുത വികാരം വിനാശകരമായ വിധത്തിൽ വ്യക്തിയുടെ നിയന്ത്രണം വിട്ട് മറ്റുള്ളവരെ മാനസികമായോ ശാരീരികമായോ മുറിവേൽപ്പിക്കുന്ന രീതിയിൽ എത്തുമ്പോൾ അതു തെറ്റാണ്, പാപമാണ്. ഈ അവസ്ഥയിൽ എത്താതെ നിയന്ത്രിക്കേണ്ടതാണ്.

## കോപം - വചനത്തിന്റെ വെളിച്ചത്തിൽ

ജഡത്തിന്റെ വ്യാപാരങ്ങളിൽപ്പെട്ടതാണ് കോപം (ഗലാ:5:20-21). ആത്മാവിന്റെ നിയന്ത്രണം ഇല്ലാത്ത അവസ്ഥയിൽ നിന്ന് ഉണ്ടാകുന്ന തിന്മ. ദിവസവും പത്രദ്വാര അറിയുന്ന കൊലപാതകങ്ങൾ തികച്ചും ജഡികമനുഷ്യരുടെ ഹീനമായ മാനസികാവസ്ഥയിൽ ആരംഭമിടുന്നു. പുകവലിക്കുന്നവരിലും, അതിലുപരി മദ്യപന്മാരിലും കോപപ്രവണത

www.malankaralibrary.com



കൂടുതൽ കണ്ടുവരുന്നു. കുടുംബങ്ങളിലെ മിക്ക കൊലപാതകങ്ങളും മദ്യത്തിന്റെ നീരാളിപ്പിടുത്തത്തിന്റെ സന്തതിയാണ്.

''കോപത്തിൽ നിന്ന് അകന്നുനിൽക്കുക. ക്രോധം വെടിയുക. അത് തിന്മയിലേക്ക് മാത്രമേ നയിക്കൂ'' (സങ്കീ:37:8). നമ്മുടെ ക്രോധ പ്രകൃതി മറ്റുള്ളവരെ മുറിപ്പെടുത്തുക മാത്രമല്ല, ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ നമ്മുടെ ക്രിസ്തീയ സാക്ഷ്യം നഷ്ടപ്പെടുത്തുന്നു. ''നിങ്ങൾക്കു കോപിക്കാം എന്നാൽ പാപമാകരുത്'' (എഫേ:4:26).

## കൗൺസൽ

പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനു നമ്മെ പൂർണ്ണമായി വിട്ടുകൊടുത്താൽ, നമ്മിലെ ക്രോധസ്വഭാവം മാറ്റി എടുക്കാൻ സാധിക്കും. പെട്ടെന്നു ക്ഷോഭിച്ച് ഒരു ഈജിപ്തുകാരനെ അടിച്ചു കൊന്ന മോശ, ഭൂമിയിൽ ഏറ്റവും സൗമ്യനായിരുന്നു എന്നു വചനം പറയുന്നു. ദൈവാനുഭവത്തിലൂടെ കടന്നുപോയി, ദൈവവുമായി നിരന്തര സമ്പർക്കം ഉണ്ടായശേഷം വന്ന മാറ്റമാണ് മോശയിൽ സംഭവിച്ചത് (സംഖ്യ:12:3).

''എന്റെ വാക്ക് ശ്രദ്ധിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു. ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ. ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. അധിക്ഷേപിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവിൻ'' (ലൂക്കാ 6:27-28). യേശുക്രിസ്തുവാണ് കോപിക്കാതെ, ക്ഷമയുടെ ഉദാത്ത മാതൃക കാണിച്ചുതന്നത്. തന്നോടു തീർത്തും അനീതിയായി പെരുമാറിയവരോട് കോപിക്കുവാൻ എല്ലാ അവകാശവും ഉണ്ടായിരുന്നിട്ടും, അവരോടു ക്ഷമിക്കുവാൻ തന്റെ പരമപിതാവിനോട് അപേക്ഷിക്കുന്നത്, ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒറ്റപ്പെട്ട മാതൃകയായിരുന്നു. എങ്കിൽ ക്രിസ്ത്യാനികളായവർക്ക്, കോപിക്കുവാൻ ഏതൊരു സാഹചര്യവും വ്യക്തിയും ഉണ്ടായാലും കോപിക്കുവാൻ അവകാശമില്ല. ക്ഷമ അത്യുദാത്തമായ കടമയായി ദൈവം നമ്മെ പഠിപ്പിക്കുന്നു (മത്താ: 6:14-15).

1. കോപം പാപമായി അംഗീകരിക്കുക. ദൈവം ക്രിസ്തു വഴി നിങ്ങളോടു ക്ഷമിച്ചതുപോലെ, നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ (എഫേ:4:32).
2. ദൈവത്തിൽ നിന്നു ക്ഷമിക്കുവാനുള്ള കൃപ ചോദിച്ചുവാങ്ങുക.

www.malankaralibrary.com



3. പരിശുദ്ധാത്മാവിനെക്കൊണ്ട് നിങ്ങളുടെ ഹൃദയം നിറയുവാൻ നിരന്തരം പ്രാർത്ഥിക്കുക.

കോപത്തിന്റെ ഹീനഭാവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ചില വചനഭാഗങ്ങൾ നോക്കാം.

''സകലവിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിന്മകളോടും കൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ'' (എഫേ: 4:31).

''അമർഷം, ക്രോധം, ദുഷ്ടത, ദൈവദൂഷണം, അശുദ്ധഭാഷണം തുടങ്ങിയവ വർജ്ജിക്കുവിൻ'' (കൊളോ: 3:8).

''രോഷാകുലൻ കലഹം ഇളക്കിവിടുന്നു. കോപശീലൻ അതിക്രമങ്ങൾ വരുത്തിവയ്ക്കുന്നു'' (സുഭാ: 29:12).

''സദ്ബുദ്ധി ക്ഷിപ്രകോപത്തെ നിയന്ത്രിക്കും'' (സുഭാ:19:11).

''ക്ഷിപ്രകോപി ബുദ്ധിഹീനമായി പ്രവർത്തിക്കുന്നു. ബുദ്ധിമാൻ ക്ഷമാശീലനാണ്'' (സുഭാ: 14:17).

''പെട്ടെന്നു കോപിക്കാത്തവന് ഏറെ വിവേകമുണ്ട്. മുൻകോപി ഭോഷത്വത്തെ താലോലിക്കുന്നു'' (സുഭാ: 14:29).

''മുൻകോപി കലഹം ഇളക്കിവിടുന്നു. ക്ഷമാശീലൻ അതു ശമിപ്പിക്കുന്നു'' (സുഭാ: 15:18).

''ക്ഷിപ്രകോപമരുത്, കോപം ഭോഷന്റെ മടിയിൽ വിശ്രമിക്കുന്നു'' (സഭാ: 7:9).

''കോപിക്കാം, എന്നാൽ പാപം ചെയ്യരുത്. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ. സാത്താന് നിങ്ങൾ അവസരം കൊടുക്കരുത്'' (എഫേ:4:26).

''പിതാക്കന്മാരേ, നിങ്ങളുടെ കുട്ടികളെ പ്രകോപിപ്പിക്കരുത്. പ്രകോപിപ്പിച്ചാൽ, അവർ നിരുന്മേഷരാകും'' (കൊളോ:3:21).

''ക്ഷമാശീലൻ കരുത്തനേക്കാളും മനസ്സിനെ നിയന്ത്രിക്കുന്നവൻ നഗരം പിടിച്ചെടുക്കുന്നവനേക്കാളും ശ്രേഷ്ഠനാണ്'' (സുഭാ:16:32).

''ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും'' (മത്താ:5:22).

''നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും കോപിക്കുന്നതിൽ മന്ദഗതിക്കാരും ആയിരിക്കണം'' (യാക്കോ:1:19).

www.malankaralibrary.com



"കോപവും ക്രോധവും മ്ലേച്ഛമാണ്. അവ എപ്പോഴും ദുഷ്ടനോടുകൂടെയുണ്ട്" (പ്രഭാ:27:30).

"കലഹത്തിൽ നിന്നൊഴിഞ്ഞാൽ പാപങ്ങൾ കുറയും. കോപിഷ്ഠൻ കലഹം ജ്വലിപ്പിക്കുന്നു" (പ്രഭാ:28:8).

"കല്പനകൾ അനുസ്മരിച്ച് അയൽക്കാരനോടു കോപിക്കാതിരിക്കുക" (പ്രഭാ:28:7).

"കോപം നിന്നെ പരിഹാസത്തിലേക്ക് തിരിക്കാതിരിക്കാൻ നീ സൂക്ഷിച്ചുകൊള്ളുക" (ജോബ്:36:18).

ഋഷിവര്യനും കവിയുമായ തിരുവള്ളുവരുടെ അനശ്വരകൃതിയാണ് 'തിരുക്കുറൾ.' കോപത്തിന്റെ ഹീനതയെക്കുറിച്ച് തിരുക്കുറളിൽ പ്രതിപാദിച്ചിരിക്കുന്ന ചുരുക്കം ചിലത് ഉദ്ധരിക്കുന്നു. തമിഴിൽ എഴുതപ്പെട്ടതാണ് തിരുക്കുറൾ.

"തന്റെ ക്രോധം ഫലിക്കും എന്നുള്ളിടത്ത് ക്ഷോഭം അടക്കാൻ കഴിയുന്നവനാണ് അക്ഷോഭ്യൻ. ക്രോധം വിലപ്പോകാത്തിടങ്ങളിൽ ക്ഷോഭം അടക്കിയാലും ഇല്ലെങ്കിലും എന്താണ് പ്രയോജനം" (കുറൾ-301).

"തന്നേക്കാൾ വലിയവനോട് ക്ഷോഭിച്ചാൽ അത് വിനാശമുണ്ടാക്കും. എളിയവരോടാണെങ്കിൽ അത് പാപകർമ്മം. അങ്ങനെ ആയാൽ, ആരോടും കോപിക്കാതിരിക്കണം" (കുറൾ-302).

"ഒരുവന്റെ മുഖപ്രസാദത്തെയും മനഃശാന്തിയെയും ഇല്ലാതാക്കുന്ന കോപത്തെപ്പോലെയുള്ള കർമ്മം മറ്റേതെങ്കിലുമുണ്ടോ? അതിനേക്കാൾ വലിയ ശത്രു ഇല്ല തന്നെ" (കുറൾ - 304).

"കോപം തന്റെ ശക്തിയായി (മേന്മയായി) കരുതിയവനു നാശം സംഭവിക്കുന്നു" (കുറൾ-307).

"ക്രോധത്തിനു കടിഞ്ഞാണിടാൻ കഴിയുന്നവൻ ജീവിതവിജയങ്ങൾ നേടും. ക്രോധത്തിനു കീഴ്പ്പെടുന്നവൻ വലിയ ദുഃഖങ്ങൾ അനുഭവിക്കേണ്ടിവരും" (കുറൾ-848).

"അന്യരോട് ഈർഷ്യ പുലർത്തുന്ന ദുഷ്ടബുദ്ധികളായ അവിവേകികൾ ജീവിത വിജയമേകുന്ന സത്യാവസ്ഥകളെ കണ്ടറിയാത്തവരാണ്" (കുറൾ - 857).

"ദൈവം കായേനോടു ചോദിച്ചു, "നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നല്ലതു ചെയ്യുന്നില്ലെങ്കിൽ, പാപം വാതുക്കൽ പതിയിരുപ്പുണ്ടെന്നു ഓർക്കണം" (ഉൽപ:4:6).

www.malankaralibrary.com



കോപത്തെ നിയന്ത്രിക്കാതെ, ക്ഷമിക്കാതെ, സ്വസഹോദരനെ കായേൻ കൊന്നു. ആദ്യത്തെ കൊലപാതകം, കോപത്തിന്റെ അനന്തരഫലം.

ദാവീദിന്റെ മകൻ അബ്സലോമിന്റെ സഹോദരി താമാറിനെ, ദാവീദിന്റെ മറ്റൊരു മകനായ അമ്നോൻ മാനഭംഗപ്പെടുത്തി. രണ്ടു പേരുടെയും സഹോദരി, അമ്മമാർ രണ്ടുപേരെന്ന വ്യത്യാസം, ഏറ്റവും ഹീനമായ പ്രവർത്തിയാണ് അമ്നോൻ സ്വസഹോദരിയോടു ചെയ്തത്. എന്നാൽ പ്രസ്തുത തെറ്റ് ക്ഷമിക്കാതെ, രോഷം തിളച്ചു പൊങ്ങി രണ്ടു വർഷം കഴിഞ്ഞ്, അബ്സലോം അമ്നോനെ കൊന്നു. ഹൃദയത്തിൽ ക്ഷമ ഇല്ലാതെ പോയാൽ, അതു കൊലപാതകത്തിലേക്ക് നയിക്കും.

**ശാന്തത**

കോപസ്വഭാവത്തിനു വിപരീതഫലമായി മനുഷ്യനിൽ ഉണ്ടാകുന്ന അഭികാമ്യമായ ഗുണവിശേഷമാണ് ശാന്തത. ശാന്തതയ്ക്ക് വലിയ സ്ഥാനം കർത്താവ് കൊടുത്തു. കർത്താവു തന്നെ ശാന്തതയുടെ മൂർത്തീഭാവമായിരുന്നു. തന്നെ ഉപദ്രവിച്ച, ക്രൂശിച്ചവരുടെ മുമ്പിൽ അക്ഷോഭ്യനായി, ശാന്തനായി നിലകൊണ്ടു. കുരിശിൽനിന്നു ഇറങ്ങി വരിക, ഞങ്ങൾ വിശ്വസിക്കാം എന്ന് ആക്രോശിച്ചവരുടെ മുമ്പിലും തന്റെ ശാന്തതയുടെ പാരമ്യം കാണാൻ കഴിയും. ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്, എന്ന് സ്നാപക യോഹന്നാൻ പറഞ്ഞ കുഞ്ഞാട്, രോമം കത്രിക്കുന്നവന്റെ മുമ്പിൽ ചെമ്മരിയാടിനെ പോലെ മൗനം പാലിച്ചു (ഏശ: 53:7). ശാന്തതയുടെ ആവശ്യത്തെപ്പറ്റിയുള്ള ദൈവവചനഭാഗം നമ്മുടെ ധ്യാനത്തിനു വിഷയീഭവിപ്പിക്കാം.

''ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകുന്നു'' (മത്താ:11:29).

''കർത്താവിന്റെ ദാസൻ കലഹപ്രിയനായിരിക്കരുത്. എല്ലാവരോടും സൗമ്യതയുള്ളവനും യോഗ്യനായ അദ്ധ്യാപകനും ക്ഷമാശീലനുമായിരിക്കണം'' (2 തിമോ:2:24).

''സൗമ്യമായ മറുപടി ക്രോധം ശമിപ്പിക്കുന്നു'' (സുഭാ:15:1).

''മൃദുലമായ നാവിന് കടുത്ത അസ്ഥിയെപ്പോലും ഉടയ്ക്കുവാനുള്ള കരുത്തുണ്ട്'' (സുഭാ: 25:15).

ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുക്കുറലിൽ രേഖപ്പെടുത്തിയ ചില ഭാഗങ്ങൾകൂടി കാണാം.

www.malankaralibrary.com



'ഉള്ളം കുളിർക്കേ ഒരു വസ്തു ദാനം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമായ ധർമ്മമാണ് പ്രസന്നവദനനായി സൗമ്യമായ മധുരഭാഷണങ്ങൾ ചൊല്ലി ഒരുവനെ സ്വീകരിക്കുന്നത്' (കുറൾ:92).

'ഒരാളുടെ ജീവിതത്തിൽ അലങ്കാരമായിത്തീരുന്നത് അവന്റെ വിനയവും മധുരഭാഷണവുമാകുന്നു. അവയല്ലാതെ ശരീരത്തിലണിയുന്ന വേഷഭൂഷാദികൾ ഒന്നുമല്ല' (കുറൾ:95).

'മധുരം നിറഞ്ഞ കനികളിരിക്കവേ കനിയാത്തതും മധുരമില്ലാത്തതുമായ കായ്കനികളെ തിരഞ്ഞുപിടിച്ച് തിന്നുന്നതു പോലെയാണ് മധുരഭാഷണം ഉള്ളിലിരിക്കെ പരുഷവാക്കുകൾ ചൊല്ലുന്നത്' (കുറൾ:100).

ക്ഷമ ബലഹീനതയാണെന്നു ചിന്തിക്കുന്നവരാണ് കൂടുതൽ പേരും. അതു ശരിയല്ല. മനുഷ്യനും മനുഷ്യനും തമ്മിലുള്ള അസ്വസ്ഥതയും രസക്കേടും നീക്കി സ്വസ്ഥതയും സ്വൈര്യവും സമാധാനവും സൃഷ്ടിക്കാനുള്ള സിദ്ധൗഷധമാണ് ക്ഷമ. മറ്റുള്ളവർ നമ്മെ പ്രകോപിപ്പിക്കുമ്പോൾ, തിരിച്ചു പ്രകോപിക്കാതിരിക്കാൻ നല്ല ആത്മധൈര്യം വേണം. പ്രകോപനം ഉണ്ടാകുമ്പോൾ ആയുധം എടുക്കാത്തവനാണ് ധീരൻ. കോപം, പ്രതികാരം ഒരു പ്രശ്നവും പരിഹരിച്ചിട്ടില്ല, പ്രശ്നം കൂടുതൽ ഗുരുതരമാക്കിയിട്ടുണ്ട്, മുറിവേൽപ്പിച്ചിട്ടുണ്ട്, ശത്രുക്കളെ സൃഷ്ടിച്ചിട്ടുണ്ട്. സൗഹൃദം നഷ്ടപ്പെടുത്തിയിട്ടുണ്ട്. ക്ഷമ മുറിവ് ഉണക്കിയിട്ടുണ്ട്, സ്നേഹിതരെ നേടിയിട്ടുണ്ട്.

www.malankaralibrary.com

# ഭയം

**"ഞാൻ കർത്താവിനെ തേടി, അവിടുന്നു എനിക്ക് ഉത്തരമരുളി; സർവ്വ ഭയത്തിൽ നിന്നും എന്നെ മോചിപ്പിച്ചു" (സങ്കീ:34:4).**

ജീവിതത്തിൽ മനുഷ്യർ പേടിക്കേണ്ടത് ഭീകരപ്രഹരശക്തിയുള്ള അണുബോംബോ, ഹൈഡ്രജൻ ബോംബോ അല്ല. മനുഷ്യൻ പേടിക്കേണ്ടത്, അവന്റെ ഉള്ളിലെ ഭയം എന്ന വികാരത്തെയാണ്. ഭയം സാർവത്രികമായ പ്രശ്നമാണ്. ഏതെങ്കിലും രൂപത്തിലുള്ള ഭയം ഇല്ലാത്തവർ ആരും തന്നെ കാണുകയില്ല. ശൈശവം മുതൽ മരണം വരെ ഏതെങ്കിലും ഭയം, സുരക്ഷിതത്വമില്ലായ്മ നമ്മെ പിടികൂടുന്നു. നമ്മിലുള്ള ഭയങ്ങൾ മിക്കതും മനസ്സിന്റെ യാഥാർത്ഥ്യമില്ലാത്ത തോന്നലുകളാണ്. എന്നാൽ അതു വ്യക്തികളുടെ ശക്തിയെ രാവും പകലും നിർവീര്യമാക്കിക്കൊണ്ടിരിക്കുന്നു. ഭയം നമ്മുടെ ഹൃദയത്തെ ബലഹീനമാക്കുന്നു, മനസ്സമാധാനം അപഹരിച്ചെടുക്കുന്നു, നമ്മിലെ ഊർജ്ജം ചോർത്തിക്കളയുന്നു, നമ്മുടെ പ്രവർത്തനത്തിനു തടസ്സം നിൽക്കുന്നു, ഒടുവിൽ നമ്മുടെ ബന്ധങ്ങളെ തകർത്തുകളയുന്നു.

ഏതെങ്കിലും ഭയം എല്ലാവരിലുമുണ്ട്, കൂടുതലോ കുറവോ എന്ന വ്യത്യാസം മാത്രം. ചിലർക്ക് ഇരുട്ടിനെ ഭയം, ഇടിമിന്നൽ ഭയം, വെള്ളം ഭയം, യാത്ര ഭയം, ചെറുജീവികളെ ഭയം, മൃഗങ്ങളെ ഭയം, ആൾക്കൂട്ടത്തെ ഭയം, പരീക്ഷാഭയം, വിവാഹഭയം, ഗർഭം ധരിക്കൽ ഭയം, പ്രസവഭയം, കുഞ്ഞ് വികലാംഗനാകുമോ എന്ന ഭയം, ഇങ്ങനെ നൂറുനൂറു ഭയങ്ങൾ. അകാരണങ്ങളായ ഇത്തരം ഭയത്തെ മനഃശാസ്ത്രത്തിൽ ഫോബിയാ (Phobia) എന്നു പറയുന്നു. ബന്ധിക്കാത്ത കടിക്കുന്ന പട്ടിയെ പേടിക്കുന്നതു സ്വാഭാവികം. കാട്ടിലെ കടുവ, പുലി മുതലായവയെ സമീപിക്കാൻ ഭയക്കുന്നത് സ്വാഭാവികം. എന്നാൽ കൂട്ടിൽ അടച്ചിട്ടിരിക്കുന്ന പട്ടിയെയോ, കടുവയെയോ പേടിക്കുന്നത് സ്വാഭാവികമല്ല. ചില ഭയം മനസ്സിൽ നിരന്തരം അലട്ടിക്കൊണ്ടിരുന്നാൽ, ഹൃദയമിടിപ്പു വരെ നിലച്ചുപോകാം. പാമ്പുകടി ഏൽക്കുന്നവരിൽ

www.malankaralibrary.com



ഭൂരിപക്ഷം പേരും മരിക്കുന്നത് ഭയം മൂലമാണെന്നു ഡോക്ടർമാർ പറയുന്നു. വിഷം ഉള്ളിൽ ചെന്നു. ഇനി രക്ഷയില്ല എന്ന ചിന്ത മനസ്സിനെ മഥിച്ചാൽ, അതു മരണകാരണമാകാം. ശരീരത്തിൽ വിഷം കുത്തിവയ്ക്കുന്നു എന്നു പറഞ്ഞ് വെള്ളം കുത്തി വച്ചാലും വിഷം എന്നിൽ കടന്നു എന്നു കാര്യമായി ചിന്തിക്കുന്ന ആൾ മരിച്ചുപോയെന്നിരിക്കും. മാരകമായ അസുഖങ്ങൾ വന്നാലും ഞാൻ സൗഖ്യം പ്രാപിക്കും, ഈ രോഗം എന്നെ അടിപ്പെടുത്തുകയില്ല എന്ന് മനസ്സിൽ ഉറച്ചുചിന്തിക്കുന്ന ധൈര്യശാലികൾ സുഖം പ്രാപിച്ച സംഭവങ്ങൾ ധാരാളമുണ്ട്. നന്നായി പഠിച്ചാലും, പരീക്ഷാഭയം ക്രമത്തിലധികമുള്ള കുട്ടികൾക്ക് ഒന്നും ശരിയായി എഴുതാൻ സാധിക്കാത്തത് മനസ്സ് ശൂന്യമായി പോകുന്നതുകൊണ്ടാണ്. നന്നായി ഒരുങ്ങിയാലും സഭാകമ്പമുള്ളവർ പ്രസംഗപീഠത്തിൽ കയറി ഒന്നും പറയാതെയോ എന്തെങ്കിലും അസ്പഷ്ടമായി പറഞ്ഞ് ഇറങ്ങിപ്പോകുകയോ ചെയ്യുന്നു. നല്ല കാര്യങ്ങൾ പ്രവർത്തിക്കാൻ താല്പര്യമുണ്ടെങ്കിലും മറ്റുള്ളവരെ ഭയന്ന് നിസംഗരായി ജീവിതം നയിക്കുന്നവരുണ്ട്. ''ഭീരുക്കൾ ജീവിതത്തിൽ പലതവണ മരിക്കുന്നു, ധീരൻ ഒരിക്കൽ മാത്രം മരിക്കുന്നു'' എന്ന് ഷേക്സ്പിയർ പറഞ്ഞുവച്ചു. നാം ജീവിതത്തിൽ ഒരിക്കൽ മാത്രം മരിക്കണമോ, അതോ പലതവണ മരിക്കണമോ എന്നു ചിന്തിക്കണം. മനുഷ്യന്റെ കഴിവിനു കൂച്ചുവിലങ്ങിടുന്ന ഭയം, നാം ജയിക്കേണ്ടിയിരിക്കുന്നു.

ഭയത്തെപ്പറ്റി തിരുക്കുറലിൽ തിരുവള്ളുവർ രേഖപ്പെടുത്തിയ ഒരു ഭാഗം കുറിക്കുന്നു. "ഭീരുവിന്റെ കൈയ്യിലെ വാളും അഭ്യസിച്ച ശാസ്ത്രവും പ്രയോജനഹീനമാണ്. ധനസ്ഥിതികൂടിയവനല്ല സമ്പന്നൻ. അചഞ്ചലമായ മനോധൈര്യത്തോടെ കർമ്മങ്ങൾ അനുഷ്ഠിക്കുന്നവന്റെ അരികിൽ എല്ലാ ഐശ്വര്യവും വന്നുചേരും. വെള്ളത്തിൽ വളരുന്ന പൂക്കളുടെ തലയെടുപ്പ് വെള്ളത്തിന്റെ അളവനുസരിച്ചാണ്. അതുപോലെ മനുഷ്യന്റെ തലയെടുപ്പ്, ചിന്താബലം, മനോധൈര്യം എന്നിവയെ അനുസരിച്ചായിരിക്കും'' (ശ്ലോകം 595). ''അമ്പുകളേറ്റ് മുറിവേറ്റാലും ആന ഗാംഭീര്യം വെടിയുകയില്ല. ആപത്തുകളിൽ അകപ്പെട്ടാലും മനോധൈര്യം കൈവിടാത്തവരാണ് മഹത്തുക്കൾ'' (തിരുക്കുറൾ 597).

നമ്മിലുണ്ടാകുന്ന പല ഭയങ്ങളും മുതിർന്നവർ ശൈശവത്തിൽ നമ്മിൽ സന്നിവേശിപ്പിക്കുന്നതാണ്. കരയുന്ന കുട്ടികളുടെ കരച്ചിൽ നിറുത്താൻ, ആഹാരം കഴിക്കാൻ മടി കാണിക്കുന്ന കുഞ്ഞിനെ നിർബ

www.malankaralibrary.com



ന്ധിച്ച് ആഹാരം നൽകാൻ അമ്മമാർ പല സൂത്രങ്ങൾ പ്രയോഗിക്കും. ''ദേ, തിന്നില്ലെങ്കിൽ മീശക്കാരൻ പിടിച്ചു കൊണ്ടുപോകും, ഇരുട്ടത്തിരിക്കുന്ന ഉമ്മാക്കി പിടിച്ചു തിന്നും.'' ഇങ്ങനെ ബാലിശങ്ങളായ കാര്യങ്ങൾ കുട്ടികളിൽ തൽക്കാല കാര്യസാധ്യത്തിനായി പറയുന്ന മുതിർന്നവർ വലിയ ദ്രോഹം ചെയ്യുകയാണ്. ഈ കുട്ടികൾക്ക്, പിന്നീട് മീശയുള്ള ആരെ കണ്ടാലും ഭയമാണ്. മീശയുള്ള വികാരി അച്ചൻ വീട്ടിൽ വന്നാൽ അടുത്തുവരില്ല, ഭയന്നു കരയും. ഇരുട്ടിനെ ഭയമായിരിക്കും. മുമ്പ് സ്ത്രീകൾ കൂടിയിരുന്നു ഉമ്മാക്കിക്കഥകൾ പറയുമായിരുന്നു. വെള്ളം കുടിച്ചു മരിച്ചയാൾ, തൂങ്ങിമരിച്ചയാൾ ഇവരുടെ ആത്മാവ് എല്ലായിടത്തും കറങ്ങിനടക്കുകയാണ്. അവർ വരുന്ന ഒച്ചപ്പാട് കേട്ടിട്ടുണ്ട് എന്നെല്ലാം തട്ടിവിടും. ഇതു കേട്ടു വളരുന്ന കുട്ടി വലിയ പേടിത്തൊണ്ടനായിരിക്കും. ഒരു കുട്ടിയോട് അമ്മ പറഞ്ഞു, ''മോനെ അടുത്ത മുറിയിൽ ചെന്ന് ഒരു പാത്രം എടുത്തുകൊണ്ടുവാ.'' ''മമ്മീ, ആ മുറിയിൽ ഇരുട്ടാണ്, എനിക്ക് പേടിയാണ് എന്നു'' കുട്ടി പറഞ്ഞു. ''മോന്റെ കൂടെ ഈശോ കർത്താവുണ്ട്, മോൻ പോയി എടുത്തുകൊണ്ടുവരിക'' എന്ന് അമ്മ പറഞ്ഞു. മോൻ മുറിയുടെ വാതിൽ പതുക്കെ തുറന്നു; മുറിയിൽ നല്ല ഇരുട്ട്, കുട്ടി ഉറക്കെ പറഞ്ഞു: ''ഈശോയെ, ആ പാത്രം എടുത്തുതരിക, ഞാൻ അത് അമ്മയുടെ അടുത്തു കൊടുക്കാം.'' ഇരുട്ടിനെ ഭയമുള്ള കുട്ടിയെ വിളക്ക് കത്തിച്ച്, ഈ ഇരുട്ടിൽ ഒന്നും ഇല്ല, പേടിക്കേണ്ടാ എന്ന് പറഞ്ഞു കൊടുക്കണം. കരയുന്ന കുട്ടിയെ ഉമ്മാക്കി പിടിച്ചുകൊണ്ട് പോകട്ടെ എന്നുപറഞ്ഞ് ഇരുട്ടിൽ തള്ളി, കുട്ടിയെ മര്യാദ പഠിപ്പിക്കാൻ ശ്രമിക്കുന്ന ചില മാതാപിതാക്കൾ ഉണ്ട്. ഇതെല്ലാം തികഞ്ഞ അജ്ഞതയാണ്. പല ഭയങ്ങളും മാറ്റാൻ മനഃശാസ്ത്രചികിത്സകൾ, തെറാപ്പികൾ ഉണ്ട്.

ഭയപ്പെട്ട് വിറങ്ങലിക്കാതെ, നിർഭയനായി കാര്യങ്ങൾ ചെയ്യുന്ന ഒരു നമ്പൂതിരിയെപ്പറ്റിയുള്ള ഫലിതം പ്രസിദ്ധമാണല്ലൊ. ''ഉണ്ണി കിണറ്റിൽ വീണു, ഇല്ലത്തിനു തീപിടിച്ചു. അന്തർജനത്തിനു പ്രസവവേദന, ഞാൻ ഒന്നു മുറുക്കട്ടെ.'' പ്രതികൂല സാഹചര്യത്തിൽ പതറാത്ത മനസ്സിന്റെ ഉടമകൾക്കേ ഇപ്രകാരം ചെയ്യാൻ പറ്റൂ. നമ്മുടെ ജീവിതത്തിൽ പല പ്രതികൂലസാഹചര്യങ്ങൾ, പ്രതീക്ഷിക്കാത്ത ആപത്തുകൾ വന്നു ഭവിക്കാം. നിർഭയരായി, പ്രത്യാശാനിർഭരരായി, എല്ലാം നന്മയ്ക്കായി ഭവിക്കും, എല്ലാം ശുഭമാകും എന്നുള്ള ആത്മധൈര്യം നമ്മെ വിജയത്തിലെത്തിക്കും. മനസ്സ് അനുവദിക്കുന്നിടത്തോളമേ ഭയം നമ്മെ

www.malankaralibrary.com



ഭരിക്കു. എല്ലാത്തിനും ഉപരിയായി ദൈവത്തിലുള്ള അചഞ്ചല വിശ്വാസം ഭയത്തിന്റെ നീർക്കയത്തിൽ നിന്നും പിടിച്ചുയർത്തും. ഇതിനെപ്പറ്റി കൂടുതൽ ചിന്ത തുടർന്നുള്ള വരികളിൽ.

**ഭയം ബൈബിൾ വീക്ഷണത്തിൽ**

ഭയത്തിന്റെ അടിവേര് പാപത്തിൽ വേരൂന്നിയിരിക്കുന്നതായി ബൈബിൾ സാക്ഷിക്കുന്നു. ആദിപാപത്തിനുശേഷമാണ് മനുഷ്യനിൽ ഭയം ഉടലെടുത്തത്. ദൈവം സൃഷ്ടിച്ച ആദവും ഹവ്വയും ദൈവസാന്നിദ്ധ്യം അനുഭവിച്ച് ആനന്ദനിർവൃതിയിൽ ജീവിച്ചവരാണ്. ദൈവത്തിന്റെ കാലൊച്ച കേൾക്കാൻ അവർ കാതോർത്തു നിന്നു. എന്നാൽ പിശാചുവഴി പാപം അവരിൽ കടന്നുവന്നു. ദൈവവുമായുള്ള അവരുടെ ബന്ധത്തിനു തകിടം മറിച്ചിലുണ്ടായി. ''വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുൻപിൽ നിന്നുമാറി തോട്ടത്തിലെ മരങ്ങൾക്കിടയിൽ ഒളിച്ചു. അവിടുന്നു പുരുഷനെ വിളിച്ചു, ''നീ എവിടെയാണ്.'' തോട്ടത്തിൽ അവിടുത്തെ ശബ്ദം കേട്ടു. ''ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്'' (ഉൽപ: 3:10). ഭയത്തിന്റെ ആരംഭം ഇവിടെ തുടങ്ങുന്നു. മനുഷ്യൻ പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെട്ടപ്പോൾ, ദൈവസാമീപ്യം ഭയമായി. മനസ്സിൽ ആന്തരിക പരിശുദ്ധി നഷ്ടപ്പെട്ടപ്പോൾ, ദൈവത്തിൽ നിന്നു മാത്രമല്ല, മറ്റുള്ളവരിൽ നിന്നും അകലാൻ തുടങ്ങി. മാംസത്തിന്റെ മാംസവും അസ്ഥിയിൽ നിന്നുള്ള അസ്ഥിയുമായ സഹധർമ്മണിയിൽ നിന്നും അകൽച്ചയുണ്ടായി. അപരൻ അന്യനായി, അപരനിൽ സംശയമായി. സഹോദരൻ ശല്യമായി. സഹോദരന്റെ നന്മ സ്വത്വത്തിനു ഭീഷണിയായി, ഭയമായി. ശത്രുവായ സഹോദരനെ ഇല്ലായ്മ ചെയ്യേണ്ടതു ആവശ്യമായി. ഇതാണ് ആദം - ഹവ്വായുടെ സന്തതിയായ കായേൻ തുടങ്ങി വച്ചത്. അപരൻ എന്റെ സഹോദരനാണെന്നുള്ള സത്യം മറന്നു കളഞ്ഞവർ, ഇതു പാപത്തിൽ നിന്ന് ഉത്ഭവിക്കുന്ന ചിന്തയാണ്. ചരിത്രത്തിൽ നരഹത്യ തുടരുന്നു. എന്റെ സഹോദരനോ, സഹോദരിയോ എനിക്ക് അന്യനായി, ശത്രുവായി തോന്നിയാൽ, മനസ്സിൽ ഭയം ഉടലെടുക്കും. അവരുടെ അസ്തിത്വം ഏതെങ്കിലും വിധത്തിൽ ഇല്ലാതാക്കുകയാണ് അടുത്ത ശ്രമം.

മരുമകൾ മകനെ സ്വന്തമാക്കി എന്ന ഭയം ഉള്ളിൽ വന്ന അമ്മായിയമ്മ, മരുമകളെ ഭയക്കും, തകർക്കാൻ ശ്രമിക്കും, മകനെ സ്വാധീ

www.malankaralibrary.com



നിച്ച് ചിലപ്പോൾ കൊല്ലാൻ ശ്രമിച്ച സംഭവങ്ങളുണ്ട്. സഹോദരൻ സഹോദരനെ (ജ്യേഷ്ഠനെ, അനുജനെ) സഹായിച്ചാൽ, ഭർത്താവിന്റെ പണം അവർ കൈക്കലാക്കും എന്നു ഭയന്ന് ഭാര്യ സഹോദരങ്ങളെ തമ്മിലടിപ്പിച്ച് അകറ്റും. അയൽവാസി തന്നേക്കാൾ മെച്ചപ്പെട്ടാൽ, സ്വന്തം പദവിക്ക് ഹാനിയാകും എന്നുള്ള ഭയത്തിൽ, അയൽവാസിയെ തേജോവധം ചെയ്യും. യുദ്ധങ്ങളും ഭീകരപ്രവർത്തനങ്ങളും കലാപങ്ങളുമെല്ലാം ഏതെങ്കിലും വ്യക്തിയുടെയോ, സമൂഹത്തിന്റെയോ ഉള്ളിലുദിക്കുന്ന ഭയത്തിൽ നിന്നു സംജാതമാകുന്നതാണ്.

ക്രിസ്ത്യാനികളുടെ വളർച്ച റോമൻ സാമ്രാജ്യത്തിന് അപകടമെന്ന് ഭയന്ന ചക്രവർത്തിമാർ (നീറോ, ഡയക്ലീഷ്യൻ ...) ക്രിസ്ത്യാനികളെ ഉന്മൂലനാശം ചെയ്യാൻ ശ്രമിച്ചു. സ്വന്തം താല്പര്യത്തിനും പ്രത്യയശാസ്ത്രത്തിനും എതിരായി നിൽക്കുന്നവരുടെ വളർച്ചയിൽ ഭയന്ന്, ലക്ഷക്കണക്കിന് യഹൂദരെ ഹിറ്റ്ലറും ലക്ഷക്കണക്ക് ദൈവവിശ്വാസികളെ സ്റ്റാലിനും കൊന്നുകളഞ്ഞു. പാപംവിതച്ച വിത്തിൽ നിന്നുള്ള ഭയത്തിന്റെ ഇഴകളാണ് എല്ലാ ഭീകരപ്രവർത്തനത്തിന്റെയും ഊടും പാവും നിർമ്മിക്കുന്നത്.

ബൈബിളിലെ ഒന്നു രണ്ട് സംഭവങ്ങൾ സൂചിപ്പിക്കുന്നു. ദാവീദ് കർത്താവിനു പ്രിയങ്കരനായിരുന്നു. ദൈവത്തിന്റെ മാനസപുത്രൻ. ഒരു ദുർബലനിമിഷത്തിൽ ദാവീദ് പാപം ചെയ്തു. കുളിച്ചുകൊണ്ടിരുന്ന ബേത്ഷേബായിൽ നോട്ടമിട്ട ദാവീദ് അവളെ പ്രാപിച്ചു. അവൾ ഗർഭിണിയായി. സ്ത്രീയുടെ ഭർത്താവ് ഊറിയാ അറിയാത്ത സംഭവം. ദാവീദ് ഭയന്നു. ഊറിയായെ വകവരുത്തിയെങ്കിലേ തനിക്ക് നിലനില്പുള്ളൂ. യുദ്ധക്കളത്തിലായിരുന്ന ഊറിയായെ, ബേത്ഷേബായുടെ ഭർത്താവിനെ, തന്ത്രപൂർവ്വം ദാവീദ് കൊല്ലിച്ചു. പാപത്തിന്റെ ഫലമായുണ്ടായ ഭയം വരുത്തിവച്ച വിന.

ദാവീദിന്റെ വളർച്ച തന്റെ രാജത്വത്തിനു ഭീഷണിയാകുമെന്നു ഭയന്ന്, സാവൂൾ ദാവീദിനെ കൊല്ലാൻ പല തവണ ശ്രമിച്ചു (1 സാമു: 19:10). യഹൂദന്മാരുടെ രാജാവ് ബേത്ലെഹെമിൽ പിറന്നിരിക്കുന്നു. അവനെ ആരാധിക്കാൻ ഞങ്ങൾ വന്നിരിക്കുകയാണെന്ന് പൗരസ്ത്യദേശത്തുനിന്നു ജ്ഞാനികൾ ഹേറോദേസ് രാജാവിനോടു പറഞ്ഞു. “ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി. അവനോടൊപ്പം ജറുസലേം മുഴുവനും” (മത്തായി: 2:3). ഹേറോദേസിനുണ്ടായ ഭയം വിതച്ച തിന്മ തുടർന്ന് വചനത്തിൽ വായിക്കുവാൻ സാധിക്കും.

www.malankaralibrary.com



ബേത്‌ലെഹെമിൽ രണ്ടുവയസ്സും അതിനു താഴെയുമുള്ള ആൺകുഞ്ഞുങ്ങളെ എല്ലാം കൊന്നുകളഞ്ഞു. സ്ത്രീകളിൽ ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ഇല്ല എന്ന് നമ്മുടെ കർത്താവ് പറഞ്ഞ യോഗിവര്യന്റെ ശിരസ്സ് വെട്ടിച്ചതും ഹേറോദേസാണ്. തന്റെ ശപഥത്തെ ഓർത്തും അതിഥികളെ വിചാരിച്ചും അവളുടെ (ഹേറോദ്യായുടെ) ആഗ്രഹം നിരസിക്കുവാൻ അവനു തോന്നിയില്ല. ഒരു കാര്യത്തിനു ശപഥം ചെയ്ത രാജാവ് ശപഥം മാറ്റിയാൽ, അതിഥികൾ എന്തു വിചാരിക്കും എന്ന ഭയം ഉള്ളിൽ വന്നു എന്നർത്ഥം.

ആരൊക്കെ ഉപേക്ഷിച്ചാലും ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല എന്നു തീർത്തു പറഞ്ഞ പത്രോസ് ശ്ലീഹാ, ഒരു സ്ത്രീയുടെ മുമ്പിൽ ചൂളിപ്പോയി. ''നിങ്ങൾ പറയുന്ന ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പറഞ്ഞ് അവൻ ശപിക്കുവാനും ആണയിടാനും തുടങ്ങി'' (മർക്കോ: 14:71). ഭീരുത്വം ഒരു മനുഷ്യനെ ചെന്നെത്തിക്കാവുന്ന ഏറ്റവും ശോചനീയമായ അവസ്ഥ ഇവിടെക്കാണുന്നു. താൻ ചെയ്ത ഈ കഠിനപാപത്തെയോർത്ത് പത്രോസ് പുറത്തുപോയി മനം നൊന്ത് കരഞ്ഞു (ലൂക്കാ:22:62). അതുകൊണ്ട് പത്രോസ് രക്ഷയിലേക്ക് തിരിച്ചുവന്നു. പാപത്തിന്റെ പരിണതഫലമായി ബൈബിളിലെ ചില വ്യക്തികൾക്കുണ്ടായ, വ്യക്തികളിൽനിന്ന് മറ്റുള്ളവർക്ക് ഉണ്ടായ ദുരന്തങ്ങളെയാണ് നാം കണ്ടത്. ഇവിടെയെല്ലാം ഭയത്തിന്റെ നീരാളിപ്പിടുത്തം കാണാം.

ചില ഭവനങ്ങളിൽ അപ്പനു അമ്മയെ ഭയം, അമ്മയ്ക്ക് അപ്പനെ ഭയം, മക്കൾക്ക് മാതാപിതാക്കളെ ഭയം, മാതാപിതാക്കൾക്ക് മക്കളെ ഭയം, നാത്തൂന് നാത്തൂനെ ഭയം, അളിയനു അളിയനെ ഭയം. ഒരാൾ ചെയ്യുന്ന തെറ്റ് മറ്റെ വ്യക്തി കണ്ടുപിടിക്കുമോ എന്നതാണ് കുടുംബത്തിൽ പരസ്പരമുള്ള ഭയത്തിനു കാരണം. ഈ ഭയം, സംശയമായി, തെറ്റിദ്ധാരണയായി, സംഘർഷമായി, അസമാധാനമായി കുടുംബാന്തരീക്ഷം ശോചനീയാവസ്ഥയിൽ എത്തിക്കുന്നു.

രോഗം വരുമോ, വന്ന രോഗം വീണ്ടും വരുമോ, നാളെ എന്തു സംഭവിക്കും എന്നുള്ള ആധി. പല ആധികളും വ്യാധികളായി മാറുന്നു. ഡോക്ടറെ സമീപിച്ച് പരിശോധിച്ചാൽ, കാര്യമായി ഒന്നും കണ്ടുപിടിക്കാൻ സാധിക്കാതെവരുന്നു. ഏറ്റവും വലിയ ഭയം, മരണഭയമാണ്. പലരുടെ ശവസംസ്കാരത്തിൽ സംബന്ധിച്ച വ്യക്തി, ശിശുക്കൾ, യുവാക്കൾ, പ്രായമായവർ എന്നിവരുടെ എല്ലാം മതസംസ്കാരത്തിന് കൂടെ നിന്നവർ, താനും മരിക്കും എന്നു ചിന്തിക്കാൻ പ്രയാസം. അതു

www.malankaralibrary.com



ഓർക്കാൻ കൂടി പേടി. അങ്ങിനെ സർവ്വത്ര ഭയത്തിൽ മനുഷ്യർ ജീവിക്കുന്നു.

## കുറ്റബോധത്തിൽ നിന്നുള്ള ഭയം

ഇതിനെക്കുറിച്ച് ചില തിരുവചനഭാഗങ്ങൾ ശ്രദ്ധിക്കാം.

"ഭയവും വിറയലും എന്നെ പിടികൂടിയിരിക്കുന്നു. പരിഭ്രാന്തി എന്നെ ഗ്രസിച്ചിരിക്കുന്നു" (സങ്കീ: 55:5).

"ഞാൻ ജോസഫാണ്. എന്റെ പിതാവ് ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ? അവരാകെ സ്തംഭിച്ചുപോയി. അവർക്ക് സംസാരിക്കാൻ കഴിഞ്ഞില്ല" (ഉൽപ:45:3).

സ്വന്തം സഹോദരങ്ങൾ ജോസഫിനെ വിറ്റു. മൃഗങ്ങൾ കൊന്നു എന്ന് അപ്പനോട് കള്ളം പറഞ്ഞു. വർഷങ്ങൾക്കുശേഷം, ക്ഷാമം മൂലം ഈ സഹോദരങ്ങൾ ഈജിപ്തിൽ ധാന്യം വാങ്ങാൻ വന്നതാണ്. ഇതിനകം ജോസഫ് ഈജിപ്തിൽ, ഫറവോൻ കഴിഞ്ഞാൽ, അടുത്ത ഭരണാധികാരി ആയിക്കഴിഞ്ഞു. യാക്കോബിന്റെ മക്കൾ ധാന്യം വാങ്ങാൻ വന്നു നിൽക്കുന്നത് സ്വന്തം സഹോദരൻ ജോസഫിന്റെ മുമ്പിലാണെന്നു മനസ്സിലാക്കിയില്ല. അവർ വിറ്റ ജോസഫ് തന്നെ ഈ അധികാരി എന്ന് വെളിപ്പെടുത്തിയപ്പോൾ ഭയന്നു സ്തംഭിച്ചു പോയതാണ് കണ്ടതായ വചനത്തിന്റെ പശ്ചാത്തലം.

"ഇവർ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നില്ല. അവിടെ അവരെ പരിഭ്രാന്തി പിടികൂടും" (സങ്കീ:14:5).

"അതാ, അവർ പരിഭ്രാന്തരായി കഴിയുന്നു. ഇന്നോളം കണ്ടിട്ടില്ലാത്ത പരിഭ്രാന്തി, ദൈവം അധർമ്മികളുടെ അസ്ഥികൾ ചിതറിക്കും" (സങ്കീ:53:5).

"ആരും പിൻതുടരാത്തപ്പോഴും ദുഷ്ടൻ പേടിച്ചോടുന്നു. നീതിമാന്മാരാകട്ടെ സിംഹത്തെപ്പോലെ ധീരരാണ്" (സുഭാ:28:1).

"ഭൂവാസികളെ, ഭീതിയും ചതിക്കുഴിയും കെണിയുമാണ് നിങ്ങളെ കാത്തിരിക്കുന്നത്" (ഏശ:24:17).

"സീയോനിലെ പാപികൾ പരിഭ്രാന്തരായിരിക്കുന്നു. അധർമ്മികളെ വിറയൽ ഗ്രസിച്ചിരുന്നു" (ഏശ:33:14).

"അവർ ഭയപ്പെട്ടത് അവരുടെ മേൽ വരുത്തും. കാരണം ഞാൻ വിളിച്ചപ്പോൾ ആരും വിളി കേട്ടില്ല. അവർ എന്റെ ദൃഷ്ടിയിൽ തിന്മയായതു ചെയ്തു" (ഏശ:66:4).

www.malankaralibrary.com



''രാജാവ് വിവർണ്ണനായി. അവൻ ചിന്താധീനനായി, കൈകാലുകൾ കുഴയുകയും കാൽമുട്ടുകൾ കൂട്ടിയിടിക്കുകയും ചെയ്തു'' (ദാനി:5:6).

ബൽഷാസർ രാജാവ് ആയിരം പേർക്ക് വിരുന്നൊരുക്കി. തന്റെ പിതാവ്, നെബുക്കദ്നേസർ ജറുസലേം ദൈവാലയത്തിൽ നിന്നും അപഹരിച്ചെടുത്ത പൂജാപാത്രങ്ങളിൽ മദ്യം ഒഴിച്ച് നാരികളും ഉപനാരികളുമായി ചേർന്ന് കുടിച്ചു ഉല്ലസിച്ചു. ഉടനെ ഭിത്തിയിൽ ഒരു കൈപ്പത്തി എന്തോ എഴുതുന്നതു കണ്ടു. ഇതു കണ്ടശേഷം രാജാവിനുണ്ടായ ഭയവികാരമാണ് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ''ദൈവം അവനെ തുലാസിൽ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. രാജ്യം പേർഷ്യരുടെ കൈവശമാകും എന്നാണ് എഴുതിയതിന്റെ സാരാംശം എന്നു പിന്നീട് ദാനിയേൽ പ്രവാചകൻ വിശദീകരിച്ചു നൽകി."

തിന്മ ചെയ്യുന്ന മനുഷ്യന് ഉള്ളിൽ ഭയം ഉടലെടുക്കും. മറ്റുള്ളവരിൽനിന്നും എത്ര മറച്ചു പിടിക്കാൻ ശ്രമിച്ചാലും, ഉപബോധ, അബോധ മനസ്സിനെ ഇതു കാർന്നുതിന്നുകൊണ്ടിരിക്കും. കുഴിച്ചുമൂടാൻ ശ്രമിക്കുമ്പോഴും കൂടുതൽ ശക്തിയോടെ അതിന്റെ പ്രത്യാഘാതം പുറത്തു വന്നുകൊണ്ടിരിക്കും. നുണ പറയുന്ന കുറ്റവാളികളുടെ നുണ വെളിപ്പെടുത്താൻ, പോലീസുകാർ ഏതോ ഉപകരണമോ ടെക്നിക്കുകളോ ഉപയോഗിക്കുന്നതായി കേൾക്കുന്നു. ഇവിടെയെല്ലാം മറച്ചുവയ്ക്കുന്ന തിന്മയുടെ, പാപത്തിന്റെ ശബ്ദം മനഃസാക്ഷിയുടെ മുമ്പിൽ, ദൈവത്തിന്റെ മുമ്പിൽ മറച്ചുവയ്ക്കാൻ സാധ്യമല്ല. ആരും കാണാതെ കായേൻ സഹോദരനെ കൊന്നു. ആബേലിന്റെ രക്തം മണ്ണിൽ നിന്നു വിളിച്ചു കരഞ്ഞത് ദൈവം കേട്ടു (ഉൽപ: 4:10). സോദോം ദേശത്തിന്റെ പാപം, ഇവിടുത്തെ ജനങ്ങൾക്കെതിരെ രൂക്ഷമായ നിലവിളി കർത്താവിന്റെ മുമ്പിൽ എത്തിയിരിക്കുന്നു (ഉൽപ:19:13).

## മനുഷ്യരെ ഭയക്കുന്ന നമ്മിലെ ഭയം

മറ്റുള്ളവർ എന്തുപറയും, എന്തു ചിന്തിക്കുന്നു എന്നു നാം ചിന്തിച്ച്, ചെയ്യാവുന്ന, ചെയ്യേണ്ട പല നന്മകളും ചെയ്യാതെ ഒഴിഞ്ഞു മാറുന്നു. ഈ മനോഭാവം ദൈവം അംഗീകരിക്കുന്നില്ല എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു.

''ന്യായവിധി ദൈവത്തിന്റേതാകയാൽ നിങ്ങൾ മനുഷ്യനെ ഭയപ്പെടേണ്ടാ'' (നിയ: 1:17).

www.malankaralibrary.com



''മനുഷ്യനെ ഭയപ്പെടുന്നതു ഒരു കെണിയാണ്'' (സുഭാ: 29:25).

''ഞാൻ നിന്നെ ആശ്വസിപ്പിക്കുന്നവൻ, മരണമുള്ള മനുഷ്യനെയും തൃണ സദൃശ്യനായ മനുഷ്യസന്തതിയെയും നീ എന്തിനു ഭയപ്പെടണം'' (ഏശ: 51:12).

''യഹൂദരെ ഭയന്ന് ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല'' (യോഹ:7:13).

''സിനഗോഗിൽ നിന്ന് ബഹിഷ്കൃതരാകാതിരിക്കാൻ വേണ്ടി ഫരിസേയരെ ഭയന്ന് അവരാരും അതു ഏറ്റുപറഞ്ഞില്ല. ദൈവത്തിൽ നിന്നുള്ള മഹത്ത്വത്തെക്കാളധികം, മനുഷ്യരുടെ പ്രശംസ അവർ അഭിലഷിച്ചു'' (യോഹ:12:42).

''യാക്കോബിന്റെ അടുത്തുനിന്ന് ചിലർ വരുന്നതുവരെ അവൻ (കേപ്പാ) വിജാതീയരോടൊപ്പമിരുന്ന് ഭക്ഷിച്ചിരുന്നു. അവർ വന്നു കഴിഞ്ഞപ്പോഴാകട്ടെ പരിച്ഛേദിതരെ ഭയന്ന് അവൻ പിൻമാറിക്കളഞ്ഞു'' (ഗലാ: 2:12).

നമ്മിൽ പല ഭയങ്ങൾ ഉണ്ടെങ്കിലും, നന്മയും നീതിയും പ്രവർത്തിക്കുന്നതിന് കൂച്ചുവിലങ്ങിടുന്ന ഭയമാണ് മറ്റുള്ളവർ എന്തു ചിന്തിക്കും, പറയും എന്നുള്ള ഉള്ളിലെ പേടി. മുകളിൽ ഉദ്ധരിച്ച വചനഭാഗങ്ങൾ, ഈ മനോഭാവത്തെ മാറ്റാനുള്ള ആഹ്വാനമാണു നൽകുന്നത്. മനുഷ്യന്റെ പ്രശംസയും മഹത്ത്വവും അഭിലഷിക്കുന്നവർക്ക്, സത്യം തന്നെയായ യേശുക്രിസ്തുവിനെ അംഗീകരിക്കുവാനോ, വിശ്വസിക്കുവാനോ സാധിക്കാതെ പോയതും വചനങ്ങളിൽ കാണുന്നു.

സമൂഹത്തിൽ എല്ലാ മേഖലയിൽ, ജാതിയിൽ പെട്ടവരിലും നല്ല ആളുകൾ ഉണ്ട്. അവർക്കെല്ലാം നല്ലതായ ആദർശങ്ങളും ഉദ്ദേശ്യശുദ്ധിയുമുണ്ട്. എന്നാൽ, ഈ ആദർശങ്ങളെ പ്രവൃത്തിയിലെത്തിക്കാനുള്ള ധീരത ഇല്ല. എത്ര എത്ര അനീതികളും തെറ്റായ ആചാരരീതികളും മനുഷ്യരിലുണ്ട്. ഇവയെപ്പറ്റി പലരും ബോധവാന്മാരുമാണ്. എന്നാൽ പ്രവർത്തിക്കുവാനുള്ള ധീരമായ കർമ്മോന്മുഖത ഇല്ലാത്തതിനാൽ, നാം ആമയെപ്പോലെ ഭയന്നു തോടിനുള്ളിൽ ചുരുണ്ടുകൂടുന്നു. ഞാൻ ഒറ്റപ്പെടും. ഇങ്ങനെ പോകുന്നു ചിന്തകൾ. എല്ലാവരും ചെയ്യുന്നതുപോലെയൊക്കെ മതി, ഒഴുക്കിൽപ്പെട്ട് ഒഴുകിയേക്കാം. എന്നാൽ, ഒരു മൃതശരീരത്തിനും ഒഴുക്കിൽപ്പെട്ടു ഒഴുകാൻ സാധിക്കും. ജീവനുള്ള വസ്തുവിനു മാത്രമേ, ഒഴുക്കിനെ മുറിച്ച് നീന്തിക്കയറാൻ സാധിക്കൂ. തെറ്റായ പല പ്രവണതകളെപ്പറ്റി പറയാനുണ്ട്. വിസ്താരഭയത്താൽ ഒരു കാര്യം മാത്രം സൂചിപ്പിക്കുന്നു. സ്ത്രീധനം

www.malankaralibrary.com



വാങ്ങിക്കുന്നത് ഗവൺമെന്റ് നിരോധിച്ചിരിക്കുകയാണ്. എന്നാൽ കണക്കു പറഞ്ഞ് പെൺകുട്ടിയുടെ മാതാപിതാക്കളിൽ നിന്ന് മാക്സിമം തുക വാങ്ങിക്കുന്നതു ക്രിസ്ത്യാനികളാണ്. പെൺകുട്ടിക്ക് മാതാപിതാക്കളുടെ സ്വത്തിനു അവകാശമുണ്ട്. എന്നാൽ, പാവപ്പെട്ട കുടുംബത്തിലെ പെൺകുട്ടികളെ വിലപേശി എന്തിനു മാതാപിതാക്കളെ ഭാരപ്പെടുത്തുന്നു. സഭയിലെ സാമ്പത്തിക ഭദ്രതയുള്ള മാതാപിതാക്കളും യുവതീയുവാക്കളും അവർക്കുള്ള പണത്തിന്റെ ഒരംശം പാവപ്പെട്ട പെൺകുട്ടികൾക്കായി നീക്കിവയ്ക്കണം. അതിനായി, വിവാഹത്തിലെ ധൂർത്ത് എന്തുകൊണ്ട് ക്രിസ്ത്യാനികൾക്ക് കുറച്ചുകൂടാ? ആഢ്യത്വവും കുടുംബമഹിമയും പറഞ്ഞ്, കിട്ടാവുന്നിടത്തോളം പണവും പൊന്നും വാങ്ങിക്കൂട്ടി വിവാഹം നടത്താതിരിക്കാൻ ഇന്നാട്ടിലെ ക്രിസ്തീയ യുവതീയുവാക്കളും മാതാപിതാക്കളും എന്തുകൊണ്ടാണ് ഉറച്ചതീരുമാനം എടുക്കാത്തത്? എത്രയും വിലകൂടിയ ഊണ് കൊടുക്കാൻ വ്യഗ്രത കാട്ടാതെ, കുറെക്കൂടി ലളിതമായ ഊണ് കൊടുത്താൽ, അതിൽ നിന്നുള്ള പണം, എത്രയോ നല്ല കാര്യങ്ങൾക്കായി നൽകാൻ സാധിക്കും. ഇതെല്ലാം ചെയ്താൽ എന്റെയും കുടുംബത്തിന്റെയും മഹത്ത്വം പോകുമെന്നുള്ള അഹങ്കാരചിന്ത, മറ്റുള്ളവർ എന്നെ പരിഹസിക്കും എന്നുള്ള പേടി പലരെയും ഭരിക്കുന്നു. സഭ ശക്തമായി ഈ രംഗത്തുവരണം.

ധീരമായ തീരുമാനം എടുത്തവരാണ് ചരിത്രത്തെ സൃഷ്ടിച്ചിട്ടുള്ളത്. ഭീരുക്കൾ മരിച്ചവരാണ്. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിൽ നിന്നും സ്വാതന്ത്ര്യം പിടിച്ചു വാങ്ങിക്കാൻ, ഗാന്ധിജി സായുധയുദ്ധമില്ലാതെ അഹിംസ ആയുധമാക്കി. ഇതു മഠയത്തരമാണെന്നു തോന്നിയവർ ഉണ്ട്. ഗാന്ധിജി തളർന്നില്ല. സത്യത്തിനായുള്ള തന്റെ പോരാട്ടത്തെ ആർക്കും തളർത്താൻ കഴിഞ്ഞില്ല. ഹിന്ദുവും മുസൽമാനും സഹോദരങ്ങളാണെന്നു ഗാന്ധിജി വിശ്വസിച്ചു. ഈ വിശ്വാസത്തിനു തനിക്ക് വില കൊടുക്കേണ്ടി വന്നു—ചങ്കിലെ ചോര.

മനുഷ്യനെ അടിമകളാക്കി മൃഗങ്ങളെപ്പോലെ വേല ചെയ്യിച്ച അമേരിക്കക്കാരുടെ മുമ്പിൽ പതറാതെ ഏബ്രഹാം ലിങ്കൺ അടിമത്ത വ്യവസ്ഥിതി മാറ്റി പ്രഖ്യാപിച്ചു. യാഥാർത്ഥ്യത്തിനു നേരെ കണ്ണുതുറക്കാത്തവന്റെ വെടിയേറ്റു ലിങ്കൺ പിടഞ്ഞുവീണു. മാർട്ടിൻ ലൂഥർ കിങ്ങും നീഗ്രോകളുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ ജീവൻ ബലി കഴിച്ച വ്യക്തിയാണ്. മറ്റുള്ളവർ എന്തു ചിന്തിക്കും എന്നു വിചാരിച്ച് സത്യത്തിനും നീതിക്കും എതിരായി ശബ്ദിക്കാൻ

www.malankaralibrary.com



മടിക്കുന്നവരുടെ മുമ്പിൽ ഇത്തരം ധീരമക്കൾ ചരിത്രം തിരുത്തിക്കുറിച്ച പ്രോജ്വല നക്ഷത്രങ്ങളാണ്. ഭയപ്പെടുന്നിടത്തോളം നമ്മിലൂടെ, നമുക്കു ചുറ്റും തിന്മയും അനീതിയും തേർവാഴ്ച നടത്തും.

**ദൈവഭയം**

നാം ദൈവഭയം ഉള്ളവരായിരിക്കാൻ ബൈബിൾ പറയുന്നു. കടുവായെയും പാമ്പിനെയും പേടിക്കുന്നതുപോലെയുള്ള ഭയമാണോ, ദൈവഭയം. അല്ല. ഒരു മകന്, മകൾക്ക് അപ്പനോടു സ്നേഹത്തിൽ നിന്ന് ഉരുവാകുന്ന ബഹുമാനസൂചകമായ സമീപനം ഉണ്ട്. എന്റെ അപ്പനോട് എനിക്കുള്ള ആദരവു നിറഞ്ഞ സ്നേഹത്തെ സാധാരണയുള്ള ഭയം എന്ന് പറയുന്നതു ശരിയല്ല. നമ്മുടെ സ്രഷ്ടാവും സംരക്ഷകനും സ്നേഹവും തന്നെയായ ദൈവം നമ്മുടെ പിതാവ്, അപ്പൻ ആണെന്നു യേശുകർത്താവ് പഠിപ്പിച്ചു. രക്ഷാകര ചരിത്രത്തിൽ ഉടനീളം ഈ പിതാവിന്റെ സ്നേഹം, കരുതൽ, എല്ലാം കാണാൻ കഴിയും. ഈ ദൈവത്തിൽനിന്നും നമുക്ക് അസ്തിത്വം ലഭിച്ചു. ഈ ദൈവത്തിലേക്കുതന്നെ നാം തിരിച്ചു മടങ്ങേണ്ടവരാണ്. ഈ അപ്പന്റെ ഇഷ്ടം ചെയ്ത് മഹത്ത്വപ്പെടുത്തുകയാണ് നമ്മുടെ കടമ. ദൈവഭയം എന്നു നാം മനസ്സിലാക്കേണ്ടത് ഈ അർത്ഥത്തിലാണ്.

''അവിടുത്തെ ഭയപ്പെടുകയും അവിടുത്തെ മാർഗത്തിൽ ചരിക്കുകയും ചെയ്യുക'' (നിയ: 10:12).

''കർത്താവിനെ ഭയപ്പെടുകയും ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടെ അവിടുത്തെ സേവിക്കുകയും ചെയ്യുക'' (ജോഷ്വ: 24:14).

''ദൈവഭയമുള്ളവനായിരിക്കുക. അവിടുത്തെ കല്പനകൾ പാലിക്കുക'' (സഭാ: 12:13).

''കർത്താവിനെ പരിശുദ്ധനായി കരുതുവിൻ, അവിടുത്തെ ഭയപ്പെടുവിൻ'' (ഏശ: 8:13).

''കർത്താവിന്റെ സൗഹൃദം അവിടുത്തെ ഭയപ്പെടുന്നവർക്കുള്ളതാണ്'' (സങ്കീ:25:14).

''അന്നു കർത്താവിനെ ഭയപ്പെടാതിരുന്നവർ പരസ്പരം സംസാരിച്ചു. അവർ പറഞ്ഞതു കർത്താവു ശ്രദ്ധിച്ചു കേട്ടു. കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ നാമം ധരിക്കുകയും ചെയ്യുന്നവരെ

www.malankaralibrary.com



ഓർക്കേണ്ടതിനു ഒരു ഗ്രന്ഥം അവിടുത്തെ മുമ്പിൽ എഴുതപ്പെട്ടു'' (മലാ: 3:16).

''അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും ഏതു ജനതയിൽപ്പെട്ടവനായാലും അവിടുത്തേക്ക് സ്വീകാര്യനാണെന്നും ഞാൻ അറിയുന്നു'' (അപ്പ: 10:35).

## ഭയത്തിൻമേലുള്ള വിജയം – ബൈബിൾ വെളിച്ചത്തിൽ

വിവിധങ്ങളായ ഭയം ഒരു വ്യക്തിയെ അലട്ടുമ്പോൾ, മനഃശാസ്ത്രപരമായി അതിനെ സമീപിക്കേണ്ട ചില രീതികൾ, മരുന്നുകൾ ഉണ്ടെങ്കിലും, ആത്യന്തികമായി എങ്ങനെയാണ് ഭയത്തിൽ നിന്നും വിടുതൽ ലഭിക്കുന്നത്? ഇതിനുത്തരം ദൈവവിശ്വാസിക്ക്, അതിലുപരി ഒരു ക്രിസ്ത്യാനിക്ക് പറയുവാൻ കഴിയും. ഈ പ്രപഞ്ചഗോളങ്ങളുടെ സ്രഷ്ടാവും അവയുടെ ഭ്രമണപാതയെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്ത ദൈവം, മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചാക്കി. അത്ഭുതാവഹമാണ് മനുഷ്യശരീരവും അതിന്റെ പ്രവർത്തനവും. ''അവിടുന്നു മനുഷ്യനെ ദൈവദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി. മഹത്ത്വവും ബഹുമാനവുംകൊണ്ട് അവനെ മകുടമണിയിച്ചു'' (സങ്കീ:8:5) എന്നു ദൈവവചനം പറയുന്നു. ഈ ദൈവം മനുഷ്യനായി യേശുക്രിസ്തുവിലൂടെ ഈ ലോകത്തിൽ മനുഷ്യരോടൊപ്പം ജീവിച്ചു. തന്റെ സ്നേഹം മുഴുവൻ അതിന്റെ പൂർണ്ണതയിൽ നൽകി. ''യുഗാന്തം വരെ ഞാൻ എന്നും നിങ്ങളുടെകൂടെ ഉണ്ടായിരിക്കും'' (മത്താ:28:20). നമ്മെ ഭയപ്പെടുത്തുന്ന എല്ലാ തിന്മകളുടെ ശക്തികളെയും നാം അഭിമുഖീകരിക്കുന്ന പ്രതികൂല സാഹചര്യങ്ങളെയും നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കരങ്ങളിൽ നിരുപാധികം സമർപ്പിക്കുമ്പോൾ ആ ദൈവം നമ്മെ സകല ഭയത്തിൽനിന്നും മോചിപ്പിക്കും. സകല ഭയങ്ങളെയും ദൂരീകരിക്കാനുള്ള ശക്തിയും സന്നദ്ധതയും അവിടുത്തേക്കുണ്ട്.

ദൈവവചനഭാഗത്തേയ്ക്ക് തിരിയാം.

### 1) ഭയപ്പെടേണ്ടാ (Fear Not) – ജീവിത യാത്രയിൽ അനുഗ്രഹിക്കുന്ന ദൈവം

''നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവമാണ് ഞാൻ, നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്'' (ഉൽപ: 26:24).

www.malankaralibrary.com



ക്ഷാമം വന്നപ്പോൾ ഇസഹാക്ക് ഫിലിസ്ത്യരുടെ നാട്ടിൽ പോയി, അബിമലേക്കായിരുന്നു രാജാവ്. ഇസഹാക്കിന്റെ ആൾക്കാർ കുഴിക്കുന്ന കിണറുകൾ, ഫിലിസ്ത്യർ മണ്ണിട്ടു മൂടി. അവിടെയും ഇസഹാക്കിനെ ദൈവം അനുഗ്രഹിച്ചു. ദൈവം തരുന്ന അനുഗ്രഹത്തെ ഇവിടെ ദർശിക്കാൻ കഴിയും.

### 2) ക്ഷാമകാലത്തു ക്ഷേമമായി വരുന്ന ദൈവം

''ഒരു പിടി മാവു മാത്രം, ഭരണിയിൽ സ്വല്പം എണ്ണയും. ഇതു കഴിച്ചിട്ട് ഞങ്ങൾ മരിക്കും'' (1 രാജാ:17:13).

ഏലിയാ പറഞ്ഞു: ''ഭയപ്പെടേണ്ട, ആദ്യം അതിൽനിന്ന് ഒരു ചെറിയ അപ്പം ഉണ്ടാക്കി എനിക്ക് തരിക.'' അങ്ങനെ ആ വിധവ ചെയ്തു. ക്ഷാമം തീരുന്നതുവരെ മാവു തീർന്നില്ല, എണ്ണ ഭരണിയിൽ വറ്റിയതുമില്ല. ആഹാബിനെ ഭയന്ന് പുറപ്പെട്ട ഏലിയാ കെറീത്ത് അരുവിക്കരികെ പാർത്തു. കാക്ക രാവിലെയും വൈകിട്ടും ഏലിയായിക്ക് അപ്പം കൊടുത്തു. അരുവിയിലെ വെള്ളവും വറ്റിയപ്പോൾ ഏലിയാ സറേഫാത്തിൽ വന്നതാണ് പശ്ചാത്തലം. ഭയപ്പെടേണ്ടാ എന്ന ദൈവശബ്ദം ഏലിയാവഴി വിധവ കേട്ടു.

### 3) ബലഹീനതയിൽ ശക്തിപ്പെടുത്തുന്ന ദൈവം

''ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും'' (ഏശ: 41:10).

### 4) അപകടത്തിൽ കൂട്ടുകാരനായ ദൈവം

''ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ, ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും. നദികൾ കടക്കുമ്പോൾ അതു നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്ക് പൊള്ളലേൽക്കുകയില്ല'' (ഏശ: 43:2).

### 5) നമ്മെ ചൂഴ്ന്നുനിൽക്കുന്ന തൽപരത

''നിങ്ങളുടെ തലയിലെ മുടിയിഴയും എണ്ണപ്പെട്ടിരിക്കുന്നു. അതിനാൽ ഭയപ്പെടേണ്ട നിങ്ങൾ അനേകം കുരിവികളെക്കാൾ വിലയുള്ളവരാണല്ലോ'' (മത്താ:10:30).

### 6) പ്രാർത്ഥനയിൽനിന്നു കിട്ടുന്ന ആശ്വാസം

''ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു'' (ലൂക്കാ:1:13). മക്കളില്ലാത്ത ദമ്പതികളായ സക്കറിയാ പുരോഹിതനും എലിസബത്തും

www.malankaralibrary.com



ഒരു കുഞ്ഞിനെ ലഭിക്കുവാൻ വളരെ പ്രാർത്ഥിച്ചു, ദൈവത്തിന്റെ സമയം വന്നപ്പോൾ അവരുടെ പ്രാർത്ഥനയ്ക്ക് ഫലം കിട്ടി. ഭയപ്പെടേണ്ട എന്നുള്ള ദൈവത്തിന്റെ മാലാഖയുടെ ശബ്ദം. ദൈവം തരുന്ന ആശ്വാസവും ഭയത്തിൽ നിന്നുള്ള മോചനവും.

**7) ഉറച്ച വാഗ്ദാനം നൽകുന്ന വചനം**

''ഭയപ്പെടേണ്ട'' (ലൂക്കാ 8:50; 12:32) ജായ്റോസിന്റെ പന്ത്രണ്ടു വയസ്സുള്ള ഏകപുത്രി ആസന്നമരണാവസ്ഥയിൽ കുട്ടിയുടെ പിതാവ്, ജായ്റോസ് കർത്താവിനോടു അപേക്ഷിച്ചു വീട്ടിൽ വന്നു പ്രാർത്ഥിക്കുവാൻ, അങ്ങിനെ മകൾക്ക് ആശ്വാസം ലഭിക്കുമെന്ന പ്രതീക്ഷയിൽ. ഇതിനകം വീട്ടിൽ നിന്നു ഒരാൾ വന്നു പറഞ്ഞു, ''മകൾ മരിച്ചുപോയി, ഗുരുവിനെ ഇനിയും ബുദ്ധിമുട്ടിക്കേണ്ടാ.'' മരിച്ച ഒരാൾക്ക് ജീവൻ നൽകാൻ ഗുരുവിനു സാധിക്കുമെന്ന പ്രതീക്ഷയൊന്നും അവർക്കില്ല. കർത്താവ് ഉടനെ അരുളിചെയ്തു: ''ഭയപ്പെടേണ്ടാ വിശ്വസിച്ചാൽ മാത്രം മതി, കുട്ടി സുഖം പ്രാപിക്കും.'' കർത്താവിനല്ലാതെ വേറെ ആർക്ക് ഇങ്ങനെയൊരു ഉറച്ച വാഗ്ദാനം നൽകാൻ പറ്റും? ഈ മകളെ കർത്താവ് പുനർജീവിപ്പിച്ചു.

**8) ദൈവത്തിന്റെ നിറസാന്നിദ്ധ്യം**

''പൗലോസ് നീ ഭയപ്പെടേണ്ടാ'' (അപ്പ: 27:24). വിശുദ്ധ പൗലോസിനെയും മറ്റു തടവുകാരെയും കൊണ്ട് ഇറ്റലിയിലേക്കുള്ള യാത്രയാണ് പശ്ചാത്തലം. കപ്പൽ കൊടുങ്കാറ്റിൽപെട്ടു. രക്ഷപ്പെടുമെന്നുള്ള ആശ തന്നെ നഷ്ടപ്പെട്ടു. പല ദിവസങ്ങൾ ഭക്ഷണമില്ലാതെ കഴിഞ്ഞു. പൗലോസ് കപ്പലിലെ മറ്റുള്ളവരോടു പറഞ്ഞു, ധൈര്യമായിരിക്കാൻ. കപ്പൽ തകർന്നുപോകും. എന്നാൽ ആർക്കും ജീവഹാനി സംഭവിക്കുകയില്ല. ദൈവത്തിന്റെ ദൂതൻ കഴിഞ്ഞ രാത്രി പൗലോസിനോട് പറഞ്ഞ വിവരം ജനങ്ങളെ അറിയിച്ചു. ഭയപ്പെടേണ്ടാ, സീസറിന്റെ മുമ്പിൽ നീ നിൽക്കുകതന്നെ ചെയ്യും. ഏതു പ്രതിസന്ധികളിലും ദൈവത്തിന്റെ നിറസാന്നിദ്ധ്യം കൂടെയുണ്ട് എന്ന സത്യം ഈ സംഭവത്തിൽ കാണുന്നു.

**9) രക്ഷയുടെ സദ്വാർത്ത (ലൂക്കാ 2:10)**

രാത്രിയിൽ ആടുകളെ കാത്തുകൊണ്ടിരുന്ന ഇടയന്മാർക്ക് കർത്താവിന്റെ ദൂതൻ പ്രത്യക്ഷമായി. അവർ ഭയപ്പെട്ടു. ഭയപ്പെടേണ്ട, ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത

www.malankaralibrary.com



നിങ്ങളെ അറിയിക്കുന്നു എന്ന സ്വരം ദൂതന്മാരിൽനിന്നും ഇടയന്മാർ കേട്ടു. കർത്താവിന്റെ രക്ഷയുടെ സദ്വാർത്ത നമ്മുടെ ചെവിയിൽ മുഴങ്ങി നിൽക്കട്ടെ, അതു സ്വീകരിക്കാൻ ഭയപ്പെടാതിരിക്കുക.

## 10) മരണത്തിനപ്പുറത്തുള്ള ജീവിതം

''ഭയപ്പെടേണ്ട, ഞാനാണ് ആദിയും അന്തവും ജീവിക്കുന്നവനും. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ എന്റെ കയ്യിലുണ്ട്'' (വെളി:1:17).

ദൈവത്തിൽ അചഞ്ചലമായ വിശ്വാസം അർപ്പിക്കുന്നവർക്കു നിർഭയത്വ സ്വഭാവം കാണും. ഗാന്ധിജി അങ്ങനെയൊരു വ്യക്തി ആയിരുന്നു. ഗാന്ധിജി എഴുതിയ ഒരു പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നു: ''ഭൂമിയിൽ ഞാൻ ആരെയും ഭയപ്പെടുകയില്ല, ദൈവത്തെ മാത്രമേ ഞാൻ ഭയപ്പെടുകയുള്ളൂ'' (സ്നേഹത്തിലധിഷ്ഠിതമായ ഭയം).

ദൈവവചനത്തിലെ നിർഭയശബ്ദം കേൾക്കാം, ''എനിക്കെതിരായി പാളയമടിച്ചിരിക്കുന്ന പതിനായിരങ്ങളെ ഞാൻ ഭയപ്പെടുകയില്ല'' (സങ്കീ:3:6).

''ഒരു സൈന്യം തന്നെ പാളയമടിച്ചാലും എന്റെ ഹൃദയം ഭയമറിയുകയില്ല'' (സങ്കീ:27:3).

''രാത്രിയിലെ ഭീകരതയെയും പകൽ പറക്കുന്ന അസ്ത്രത്തെയും നീ ഭയപ്പെടേണ്ട, ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും നട്ടുച്ചയ്ക്ക് വരുന്ന വിനാശത്തെയും നീ പേടിക്കേണ്ട'' (സങ്കീ:91:5).

''കർത്താവു എന്റെ പക്ഷത്തുണ്ട്. ഞാൻ ഭയപ്പെടുകയില്ല. മനുഷ്യനു എന്നോടു എന്തു ചെയ്യാൻ കഴിയും'' (സങ്കീ:118:6).

''നീ നിർഭയനായിരിക്കും, നിനക്ക് സുഖനിദ്ര ലഭിക്കുകയും ചെയ്യും'' (സുഭാ: 3:24).

''ദൈവമാണ് എന്റെ രക്ഷ, ഞാൻ അങ്ങിൽ ആശ്രയിക്കും. ഞാൻ ഭയപ്പെടുകയില്ല. എന്തെന്നാൽ, ദൈവമായ കർത്താവ് എന്റെ ബലവും ഗാനവുമാണ്'' (ഏശ: 12:2).

''മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല'' (സങ്കീ:23:4).

www.malankaralibrary.com



ദൗത്യനിർവ്വഹണത്തിൽ ഭയവിഹ്വലരായിരുന്ന പലരും ദൈവികശക്തിയിൽ അജയ്യമായ വ്യക്തിത്വത്തിന്റെ ഉടമകളായി, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതായി ബൈബിളിൽ കാണാം. വിശദീകരിക്കാതെ ചുരുക്കമായി കുറിക്കുന്നു. ഇസ്രായേല്യരെ ഈജിപ്റ്റിൽ നിന്നു മോചിപ്പിക്കുവാൻ ദൈവം മോശയോടു പറഞ്ഞപ്പോൾ ഭയന്നു ഒഴികഴിവുകൾ പറഞ്ഞു നോക്കി. തന്റെ കൈയ്യിൽ ഇരുന്ന വടി, മോശയുടെ അത്ഭുതവടിയായി ദൈവം മാറ്റി. പരാജയപ്പെട്ട് ഓടിപ്പോന്ന സ്ഥലത്തു തിരിച്ചു ചെന്ന്, ഫറവോയിൽ നിന്നും ജനങ്ങളെ മോചിപ്പിച്ചു (പുറപ്പാട് 4 അദ്ധ്യായം).

മിദിയാൻകാരെ ഭയന്നു മുന്തിരിച്ചക്കിൽ ഗോതമ്പു മെതിച്ചുകൊണ്ടിരുന്ന ഗിദയോനെ ''ധീരനും ശക്തനുമായ മനുഷ്യാ, കർത്താവു നിന്നോടുകൂടെ'' എന്നു ദൂതൻ പറഞ്ഞു (ന്യായാധി:6:12). മനാസ്സെ, ഗോത്രത്തിൽ ദുർബലവംശജനും, കുടുംബത്തിൽ നിസ്സാരനുമാണെന്നു പറഞ്ഞൊഴിയാൻ ശ്രമിച്ചു. ഈ ബലഹീനനെ ദൈവം ധീരനും ശക്തനുമാണെന്നാണ് അഭിസംബോധന ചെയ്തത്. ബലഹീനരായ നമ്മെയൊക്കെ ശക്തി തന്നു ധീരരാക്കാൻ കഴിവുള്ളവനാണ് ദൈവം. ''കർത്താവിന്റെ ആത്മാവ് ഗിദയോനിൽ ആവസിച്ചു'' (ന്യായാ:6:34). പതിനായിരം പടയാളികളെ സംഘടിപ്പിച്ച ഗിദയോൻ, മുന്നൂറ് ആളുകളെ മാറ്റി നിറുത്തിയിട്ട്, ബാക്കി ആളുകളെ തിരിച്ചയച്ചു. ഈ മുന്നൂറു പേർ മിദിയാൻകാരെ തോല്പിച്ചു (ന്യായാ: 7:5-7).

ഏശയ്യാ ഭയചകിതനായി, ദൈവ പരിശുദ്ധിയുടെ മുമ്പിൽ നിന്നപ്പോൾ, ദൈവം പ്രവാചകനെ സ്പർശിച്ചു. ദൈവം സ്പർശിച്ചു കഴിഞ്ഞപ്പോൾ ആരെയാണ് ഞാൻ അയയ്ക്കുക എന്നതിന്, എന്നെ അയച്ചാലും എന്നു ഏശയ്യാ മറുപടി പറഞ്ഞു (ഏശ: 6:5-9).

ജറെമിയായും തന്റെ ദൗത്യത്തിൽ നിന്നു ഒഴിഞ്ഞു മാറാൻ ശ്രമിച്ചു. ഞാൻ ബാലനാണ് എന്നു ദൈവത്തോടു പറഞ്ഞു. ''മാതാവിന്റെ ഉദരത്തിൽ രൂപം നൽകുന്നതിനു മുമ്പ് ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പ് ഞാൻ നിന്നെ വിശുദ്ധീകരിച്ചു'' (ജറെ: 1:4-5). നമ്മെ കോരിത്തരിപ്പിക്കുന്ന വചനമാണ് ദൈവം പറഞ്ഞത്. അമ്മയുടെ ഉദരത്തിൽ ഒരു ശിശു രൂപം കൊണ്ടു കഴിഞ്ഞ് കുറെ ദിവസങ്ങൾ കഴിഞ്ഞേ അമ്മ ഈ വിവരം അറിയൂ. മാതാവിൽ രൂപം പ്രാപിക്കുന്നതിനു മുമ്പുതന്നെ ദൈവം നമ്മെ അറിയുന്നു എന്ന സത്യം,

www.malankaralibrary.com



ദൈവത്തിന്റെ അനന്തജ്ഞാനത്തിന്റെ മുമ്പിൽ എല്ലാം മറന്നു പ്രണമിക്കേണ്ട കാര്യമാണല്ലോ. ജറെമിയായുടെ അധരത്തെയും ദൈവം സ്പർശിച്ചു ശക്തി നൽകി ദൗത്യനിർവ്വഹണത്തിനയച്ചു. ദൈവസാന്നിദ്ധ്യത്തിൽ, സ്പർശനത്തിൽ, നമ്മുടെ ഭയം, ബലഹീനത എല്ലാം സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളിപോലെ അപ്രത്യക്ഷമാകുമെന്ന് ബൈബിളിലെ പ്രവാചകന്മാരുടെ ജീവിതം പഠിപ്പിക്കുന്നു.

ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഭയത്തിനു സ്ഥാനമില്ല. പ്രശ്നവുമായി സമീപിക്കുന്ന കൗൺസിലർക്ക് മൂന്നു കാര്യങ്ങൾ പടിപടിയായി പറഞ്ഞുകൊടുക്കാം.

ആദ്യമായി, ഏതിലാണ് ഭയം എന്നു തിരിച്ചറിയണം (Identify the Fear). ഒരു യുദ്ധം ജയിക്കണമെങ്കിൽ, ആദ്യമായി നമ്മുടെ ശത്രു ആരാണെന്നു അറിയണം. പലപ്പോഴും അസ്പഷ്ടമായ, ശരിയായി തിരിച്ചറിയാത്ത ഭയങ്ങൾ നമ്മെ നയിക്കുന്നു. എന്താണ് ഒരാളെ ബുദ്ധിമുട്ടിക്കുന്ന ഭയം എന്നു വ്യക്തമായി തിരിച്ചറിയണം.

രണ്ടാമതായി, ഒരാൾക്ക് സംഭവിക്കാവുന്ന ഏറ്റവും മോശമായ അവസ്ഥയെ പറ്റി ചിന്തിക്കുക. ഈ അവസ്ഥ യഥാർത്ഥത്തിൽ അത്ര മോശമാണോ? അതോ നമ്മുടെ മനസ്സ് ഭയപ്പെടുത്തുന്ന ഒരു അയഥാർത്ഥ ഭീകരസത്വത്തെ ഉള്ളിൽ സൃഷ്ടിച്ചതാണോ, എന്നു പരിശോധിക്കുക. നമ്മുടെ സാഹചര്യങ്ങളെ ശരിയായി വിലയിരുത്തുമ്പോൾ മനസ്സിലാകും ഞാൻ എന്തിനാണ് ഈ കാര്യത്തെക്കുറിച്ച് ഭയപ്പെട്ടത് എന്ന്. നാം ഭയന്നതു വലിയ ഭീകരസത്വമൊന്നുമല്ല, ഒരു ചെറിയ ചുണ്ടെലിയായിരുന്നെന്ന്. ഇരുട്ടു മുറിയിൽ പാറ്റയെയോ പല്ലിയെയോ കണ്ട് അലറിവിളിക്കുന്ന കുട്ടി, കുട്ടിയുടെ നിലവിളി കേട്ട് എന്റെ കുഞ്ഞിനു എന്തുപറ്റി എന്നു വിചാരിച്ച് ഓടിയെത്തുന്ന അമ്മ കാണുന്നത് ഒരു പല്ലി ഓടിപ്പോകുന്നതാണ്. നമ്മിലെ പല ഭയങ്ങളും മനസ്സു പർവ്വതീകരിച്ചു കാണിക്കുന്ന മനസ്സിന്റെ വികല പ്രതിഭാസമാണ്.

മൂന്നാമതായി, ദൈവത്തിന്റെ വചനത്തിലെ സത്യം അംഗീകരിച്ച് സ്വന്തമാക്കുക. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ: 8:32). യേശുക്രിസ്തു കൗൺസിലിയെ എല്ലാ ഭയങ്ങളിൽനിന്നും സ്വതന്ത്രമാക്കാൻ പ്രാർത്ഥിക്കുക. കൗൺസിലറും കൗൺസിലിയും തീവ്രമായി പ്രാർത്ഥിക്കുക. ഭയം ഏതു രൂപത്തിലായാലും അതു നമ്മുടെ കഴിവുകളെ നിർവീര്യപ്പെടുത്തും. ജീവിതത്തെ തകർക്കുവാനും കാരണ

www.malankaralibrary.com



മാകും. അനന്ത നന്മസ്വരൂപിയായ ദൈവമാണ് നമ്മെ സൃഷ്ടിച്ചതും, പരിപാലിക്കുന്നതും. ദൈവത്തിന്റെ സർവ്വാശ്ലേഷിയായ സ്നേഹം യേശുക്രിസ്തുവിലൂടെ കൂടുതൽ പ്രകാശമാനമായി ദർശിക്കുവാൻ ലോകത്തിനു സാധിച്ചു. ആ സ്നേഹം നമ്മെ തുടർന്നും കാത്തു കൊള്ളും എന്ന് ഉറച്ചു വിശ്വസിക്കണം. അതോടൊപ്പം ദൈവത്തിന്റെ വഴികളിൽക്കൂടി ചരിക്കുകയും, തിന്മ പ്രവർത്തിക്കാതിരിക്കുകയും ചെയ്യണം. അപ്പോൾ നമുക്ക് ഒന്നിനെയും ഭയപ്പെടേണ്ട കാര്യമില്ല. മരണം നമുക്ക് ഭയമല്ലാതായി മാറും. ഈ വിശ്വാസവും ജീവിതവു മാണ് വിശുദ്ധ പൗലോസ് ശ്ലീഹായെ മരണത്തിന്റെ മുഖത്തു നോക്കി പറയുവാൻ ശക്തമാക്കിയത്, ''മരണമേ, നിന്റെ വിജയമെവിടെ? നിന്റെ ദംശനം എവിടെ? മരണത്തിന്റെ ദംശനം പാപവും പാപത്തിന്റെ ശക്തി നിയമവുമാണ്'' (1 കോറി: 15:55-56). ''എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്'' (ഫിലി:1:21).

ഭയത്തിൽ നിന്നും വലിയ ആപത്തിൽ നിന്നും സംരക്ഷണ വലയം സൃഷ്ടിച്ച ദൈവം രണ്ടു സാഹചര്യത്തിൽ പ്രവർത്തിച്ച അത്ഭുത ഇടപെടലിനെ കുറിച്ചുകൂടി സൂചിപ്പിച്ച് ഭയത്തെക്കുറിച്ചുള്ള ചിന്ത ഉപസംഹരിക്കാം.

നെബുക്കദ്നേസർ രാജാവ് മൂന്നു ഇസ്രായേൽ ബാലന്മാരെ താൻ നിർമ്മിച്ച വിഗ്രഹത്തെ ആരാധിക്കാത്തതിന്റെ പേരിൽ തീച്ചൂ ളയിൽ ഇട്ടു. വെന്തുചാരമാകേണ്ടവരുടെ ചുറ്റും ശീതള മന്ദമാരുതൻ വലയം സൃഷ്ടിച്ചു. പൊള്ളൽ ഏറ്റില്ല. അവർ നേരത്തെ തന്നെ നിർഭ യരായി പറഞ്ഞിരുന്നു, ഞങ്ങൾ സത്യദൈവത്തെ മാത്രമേ ആരാ ധിക്കൂ എന്ന് (ദാനി: 3:18).

പേർഷ്യൻ രാജാവ് ദാരിയൂസിന്റെ കാലത്ത് ദൈവ ചൈതന്യ മുള്ള ദാനിയേൽ, രാജാവിനു പ്രിയങ്കരനായിരുന്നു. ദാനിയേലിനെ കുടുക്കിലാക്കി നശിപ്പിക്കുവാൻ പ്രമാണികൾ ശ്രമിച്ചു. രാജാവിനോ ടല്ലാതെ വേറെ ആരോടും പ്രാർത്ഥിക്കരുതെന്ന് രാജകല്പന പുറ പ്പെടുവിക്കാൻ അവർ നിർബന്ധിച്ചു, രാജാവ് അപ്രകാരം ചെയ്തു. ദാനിയേൽ സത്യദൈവത്തോടു മാത്രം ദിവസം മൂന്നു തവണ മുട്ടി ന്മേൽ നിന്നു പ്രാർത്ഥിച്ചു (ദാനി:6:10). ശിക്ഷയായി ദാനിയേലിനെ സിംഹങ്ങൾക്ക് ഇരയായി തീരാൻ സിംഹക്കുഴിയിൽ ഇട്ടു, ദാനിയേൽ സിംഹത്തോടൊപ്പം അവിടെ സുഖമായി കിടന്നുറങ്ങി. ''എന്റെ ദൈവം

www.malankaralibrary.com



ദൂതനെ അയച്ചു അവയുടെ വായ് അടച്ചു. അവ എന്നെ ഉപദ്രവിച്ചില്ല'' (ദാനി:6:22). ഇന്നലെയും ഇന്നും നാളെയും മാറ്റമില്ലാത്തവനായ ദൈവം എന്നോടൊപ്പമായിരുന്ന് എന്നെ സംരക്ഷിക്കും എന്ന അചഞ്ചലവിശ്വാസം നമുക്ക് ഉണ്ടാകണം. അതു നമ്മെ സർവ്വഭയത്തിൽ നിന്നും മോചിക്കും.

നിർഭയനായി, മരണത്തെ മുന്നിൽ കണ്ടുകൊണ്ട് മനുഷ്യരക്ഷയ്ക്കായി കാൽവരിയിലേക്ക് നടന്നുപോയ യേശു, സത്യത്തിനായി നിലകൊണ്ട്, സത്യം തന്നെയായ യേശുക്രിസ്തുവാണ് ഓരോ ക്രൈസ്തവന്റെയും ബലവും ഗാനവും, ഭയത്തിൽ നിന്നുള്ള മോചനവും.

www.malankaralibrary.com

# വിദ്വേഷം

**'വിദ്വേഷത്തിന്റെ വേരു വളർന്ന് ഉപദ്രവം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ വിദ്വേഷംമൂലം പലരും അശുദ്ധരായിത്തീരുന്നു' (ഹെബ്രാ: 12:15).**

ആദിമാതാപിതാക്കൾ ദൈവസ്നേഹത്തിൽനിന്ന് അകന്ന്, പിശാചിന്റെ വചനം ശ്രവിച്ച് പാപം ചെയ്തപ്പോൾ, ആദിമ സൗകുമാര്യം നഷ്ടപ്പെട്ട് ഹൃദയം തമോമയമായി. സ്നേഹം തന്നെയായ ദൈവത്തിന്റെ സ്നേഹവായ്പ്പിന്റെ ഒഴുക്ക് നിലച്ച്, വെറുപ്പും വിദ്വേഷവും അകൽച്ചയും നിറഞ്ഞ, മുറിവേറ്റ മനുഷ്യപ്രകൃതിയുടെ ഉടമയായി. ആദമിന് തന്റെ അസ്ഥിയും മാംസവുമായ ഹവ്വായോട് കയ്പ്പായി. അവരുടെ സന്താനങ്ങളിൽ കായേൻ സ്വന്തം അനുജനെ അറുകൊല ചെയ്തു. വിദ്വേഷത്തിന്റെയും വെറുപ്പിന്റേതുമായ ഹിംസാത്മകപ്രകൃതി പിന്നീടുള്ള തലമുറയിൽ സജീവമായി തുടരുന്നു.

മനുഷ്യൻ മനുഷ്യനെ സ്നേഹിക്കേണ്ടതിനു പകരം, ചരിത്രാദികാലം മുതൽ, വിദ്വേഷത്തിന്റെയും പ്രതികാരത്തിന്റെയും യുദ്ധക്കളമാണ് നമ്മുടെ മുമ്പിൽ കാണുന്നത്. നമ്മിലെല്ലാം തിന്മയുടെ ഈ ശക്തി ചെറുതോ വലുതോ ആയ രീതിയിൽ നിലനിൽക്കുന്നു. സ്നേഹം തന്നെയായ ദൈവത്തെ പൂർണ്ണമായി ഉൾക്കൊണ്ട വ്യക്തികൾക്കു മാത്രമേ, വിദ്വേഷത്തിന്റെയും, വെറുപ്പിന്റെയും ബന്ധനത്തിൽ നിന്നു പൂർണ്ണവിമോചനം ലഭിക്കൂ.

നാം എല്ലാവരും ജീവിതത്തിൽ ഏതെങ്കിലും അവസരത്തിൽ മറ്റുള്ളവരിൽ നിന്നും ഹൃദയത്തിൽ മുറിവേറ്റവരാണ്. ചെറുതോ, വലുതോ, യഥാർത്ഥമോ, അയഥാർത്ഥമോ ആയ കാര്യങ്ങളായിരിക്കാം നമ്മുടെ ആന്തരിക സമാധാനത്തെ നഷ്ടപ്പെടുത്തുന്നത്. മനസ്സിൽ നീരസവും കയ്പും നിറഞ്ഞ് നാം മറ്റുള്ളവരിൽ നിന്നും അകലുന്നു. മനസ്സു നിറഞ്ഞ സൗഹൃദമോ സ്നേഹവായ്പോ ഇല്ലാതെ, ഒരു കൂരയ്ക്കു താഴെ കുടുംബത്തിൽ, ഒരു കുടക്കീഴിൽ ജീവിതം തള്ളി നീക്കി കഴിയുന്നു.

www.malankaralibrary.com



എന്നാൽ പ്രശ്നം ഉള്ള വ്യക്തിയുടെ തന്നെ മാനസിക അവസ്ഥയിൽ നിന്നാണ് ഇത്തരം അസ്വസ്ഥതകൾ ഉണ്ടാകുന്നത്. ദൈവസ്നേഹത്തിൽ നിറഞ്ഞ്, ആ സ്നേഹം മറ്റുള്ളവരിലേക്ക് ഒഴുക്കിക്കൊടുക്കുവാനും, അങ്ങനെ ഈ ലോകത്തെ ധന്യമാക്കാനുമുള്ള വലിയ വിളിയാണ് മനുഷ്യനുള്ളത്. ഈ വിളിയിൽ നിന്ന് അകന്നുള്ള സ്നേഹരാഹിത്യത്തിനു പലമുഖങ്ങളുണ്ട്. ഒരു വൃക്ഷത്തിന്റെ ചെറുതും വലുതുമായ പല ശിഖരങ്ങൾ പോലെ, വിദ്വേഷത്തിന്റെ വേരു വളർന്ന് ദോഷം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ എന്ന വചനം പറയുമ്പോൾ, വിദ്വേഷത്തെ ഒരു മരമായി സങ്കൽപ്പിക്കുന്നു. മരത്തിന്റെ വേര് വളർന്ന് എത്രയും ആഴത്തിൽ പോകുന്നതിനനുസരിച്ച്, മരത്തിന്റെ വലിപ്പവും ശക്തിയും കൂടുന്നു. നമ്മിലുള്ള വെറുപ്പ് വലുതാകുംതോറും സ്നേഹം കെട്ടടങ്ങി, പല രൂപത്തിലും ഭാവത്തിലുമായി വളരുന്നു. വെറുപ്പ്, പക, പ്രതികാരം, അമർഷം, സ്പർദ്ധ, ശത്രുത, അക്രമം, കൊലപാതകം ഇതെല്ലാം സ്നേഹത്തിനെതിരായ തിന്മയുടെ പല വികൃതമുഖങ്ങളാണ്.

## വെറുപ്പ് (നീരസം) (Aversion)

ഇത് ഏതെങ്കിലും വ്യക്തിയോടു തോന്നുന്ന അനിഷ്ടം, അതൃപ്തിയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ ഉണ്ടായതെന്നുപോലും വിശദീകരിക്കാൻ ചിലപ്പോൾ പ്രയാസമാണ്. മറ്റുള്ളവരിൽ നിന്നുള്ള ബോധപൂർവ്വമായ മുറിവായിരിക്കണമെന്നില്ല. ഒരു തെറ്റിദ്ധാരണയിൽ നിന്നുണ്ടായതാകാം. പരസ്പരം യോജിക്കാത്ത സ്വഭാവപ്രകൃതി (Temparament) യിൽ നിന്നുണ്ടായതാകാം. വ്യത്യസ്തമായ സ്വഭാവമുള്ളവർ ഇടപെടുമ്പോൾ, അറിയാതെ നീരസം ഉണ്ടായെന്നിരിക്കാം. ഓരോരുത്തരും ചിന്തിക്കും എന്നിലെ പ്രശ്നത്തിന് മറ്റെ വ്യക്തിയാണ് കാരണം എന്ന്. എന്നാൽ പലപ്പോഴും ഇങ്ങനെയുള്ളവർക്കുണ്ടാകുന്ന അസ്വാരസ്യം, സ്വന്തം സ്വഭാവത്തിൽ നിന്നുള്ളതായിരിക്കും എന്നതാണ് യാഥാർത്ഥ്യം. സ്വല്പം പോലും പൊരുത്തപ്പെടാൻ സാധിക്കാത്ത, തന്നിലുള്ള മാനസികാവസ്ഥയിൽ നിന്നുതന്നെ ഉടലെടുക്കുന്നതാണ് ഈ പ്രതിഭാസങ്ങൾ. എന്നാൽ, പ്രസ്തുത വ്യക്തി ഇത് അംഗീകരിക്കയില്ല. ആത്മീയതലത്തിൽ ജീവിക്കുന്നു എന്നു വിചാരിക്കുന്നവരിൽ, സമൂഹമായി (Community) ജീവിക്കുന്നവരിൽ, ഈ പ്രതിഭാസം കാണാം. ഭാര്യാഭർത്താക്കന്മാരിൽ, സഹോദരീസഹോദരങ്ങളിൽ, ഇടവക സമൂഹത്തിൽ അകൽച്ചയുടെ അന്തരീക്ഷം കാണുന്നു.

www.malankaralibrary.com



ഉള്ളിൽ നീരസം നിലനിൽക്കുമ്പോൾ, മറ്റുള്ളവരോടു ശരിയായി മറുപടി പറയാതെയും തർക്കുത്തരം പറഞ്ഞും ജീവിക്കുന്നു. വേദനിപ്പിക്കുന്ന രീതിയിൽ അർത്ഥം വച്ചുള്ള കളിയാക്കൽ പറയുന്നവരുമുണ്ട്. ഇവർ മറ്റുള്ളവരുടെ കൂട്ടായ്മയിൽ വരാതെ ഒഴിഞ്ഞുമാറി നിൽക്കും.

## ഈർഷ്യ-അമർഷം (Resentment)

സ്നേഹത്തിനെതിരായി വെറുപ്പിനോടു ബന്ധപ്പെട്ട തിന്മയാണ്. കോപിഷ്ഠരോ, പ്രതികാരവാഞ്ഛയുള്ളവരെ പോലെയോ ഇവർ മറ്റുള്ളവരെ ഉപദ്രവിക്കുകയോ മുറിവേൽപ്പിക്കുകയോ ചെയ്യുന്നില്ല. അഹങ്കാരത്തോടെ ഉള്ളിൽ കയ്പു നിറഞ്ഞ, വിഷാദാത്മകമായ മനസ്സിന്റെ ഉള്ളിൽ സ്വയം അടച്ചു കഴിയുന്നു. ബാഹ്യമായി സന്തോഷഭാവം പ്രകടിപ്പിച്ച് സ്വയം വഞ്ചിച്ച് ജീവിക്കുന്നു. സ്നേഹം ഇപ്രകാരം ഉള്ളിൽ ഒതുക്കിയാൽ സാവകാശം അതു വറ്റി വരണ്ടുപോകും.

## സ്പർദ്ധ (Grudge)

ഒരാളുടെ ഉള്ളിൽ മറ്റു വ്യക്തിയോടു നീണ്ടുനിൽക്കുന്ന നീരസമാണ് സ്പർദ്ധ, മറ്റെ വ്യക്തി തന്നെ വേദനിപ്പിച്ചു, അപമാനിച്ചു എന്നുള്ള ചിന്ത. ഇത് യഥാർത്ഥത്തിലുള്ളതായിരിക്കാം, വെറും തോന്നലോ, സംശയത്തിൽ നിന്നുള്ളതോ ആയിരിക്കാം. ഇവർ, പലപ്പോഴും സംസാരിക്കാതെ, ചോദിച്ചാൽ ഉത്തരം പറയാതെ, ദുഃഖത്തിന്റെ നിഴലിൽ കഴിയുന്നു. ഇവരുടെ നിശബ്ദത കോപത്തിൽ പൊതിഞ്ഞതാണ്.

## പ്രതികാരം (Revenge)

വെറുപ്പിൽനിന്നും നീരസത്തിൽനിന്നും വരുന്ന ശക്തമായ പ്രതികരണമാണ് പ്രതികാരം. കോപത്തിൽക്കൂടിയാണ് ഇതു പ്രകടിപ്പിക്കുന്നത്. ചില വ്യക്തികൾ മറ്റുള്ളവരിൽ നിന്നുള്ള യഥാർത്ഥമായതോ, തോന്നലിൽ നിന്നുള്ളതോ ആയ മുറിവുകളെ, ഒരിക്കലും മറക്കാതെ, ഉള്ളിൽ അടവച്ചിരിക്കുന്നു. തിരിച്ചടിക്കുവാൻ അവസരം ലഭിക്കുന്നതു നോക്കിയിരിക്കുകയും അവസരം ലഭിക്കുമ്പോൾ അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. മനുഷ്യബന്ധങ്ങളിലെ പല അസുഖകരമായ സാഹചര്യങ്ങൾ ഇപ്രകാരമുള്ളവരിൽ നിന്നു സംജാതമാകുന്നു. പ്രതികാര മനോഭാവം ഒരാളുടെ സ്വഭാവത്തിന്റെ ഏറ്റവും

www.malankaralibrary.com



ബലഹീന വശം വെളിപ്പെടുത്തുന്നു. ദൈവത്തിനു വിട്ടുകൊടുക്കാതെ, അവരെ വേദനിപ്പിച്ചവരെ ശിക്ഷിക്കുന്നതു അവരുടെ അവകാശവും കടമയുമായി ഇവർ കരുതുന്നു. പ്രതികാരം പല വഴികളിൽക്കൂടി വെളിപ്പെടുത്തുന്നു. ഒരാളിനു മറ്റുള്ളവരിലുള്ള നല്ല പേരിനെ ഇല്ലാതാക്കൽ. എതിരാളിക്ക് നേരെ ഉപയോഗിക്കുന്ന നികൃഷ്ട പദപ്രയോഗങ്ങൾ, കുറ്റാരോപണങ്ങൾ ഇതെല്ലാം ഇതിനുദാഹരണമാണ്. എതിരാളി ചെയ്യുന്ന നല്ല ഒരു സംരംഭത്തെ ഏതെങ്കിലും വിധത്തിൽ തകർക്കുന്നു. പ്രതികാരം അർഹിക്കുന്നു എന്നു വിചാരിക്കുന്ന വ്യക്തിയുടെ സഹപ്രവർത്തകരിൽ, കൂട്ടുകാരിൽ അനൈക്യത്തിന്റെ വിത്തുവിതച്ച് വ്യക്തിയുടെ പ്രവർത്തനത്തെ നിർവീര്യമാക്കുന്നു. വ്യക്തിയെപ്പറ്റി ഹീനമായ കള്ളങ്ങളും, അപവാദങ്ങളും പറഞ്ഞ് തന്റെ ഉദ്ദേശം നേടിയെടുക്കുന്നു.

**പക, വിരോധം (Hatred)**

എതിരാളിയോടുള്ള കോപം മനസ്സിൽ ഘനീഭവിച്ച് നീണ്ടുനിൽക്കുന്ന ശത്രുതയായി മാറുന്നു. പക നീരസത്തേക്കാൾ, അമർഷത്തേക്കാൾ, പ്രതികാരചിന്തയെക്കാൾ കുറെക്കൂടി ബോധപൂർവമുള്ളതാണ്. സ്നേഹത്തിന്റെ നേരിയ പ്രകാശം പോലുമില്ലാതെ, ഇരുളിന്റെ, പിശാചിന്റെ തനിപ്രവർത്തന മേഖലയാണ് ഇത്. ഒരു സഹോദരനോട് ബോധപൂർവ്വം പക കാട്ടുന്നു. ദ്രോഹചിന്ത (Malice) വികാരത്തിന്റെയും ചിന്തയുടെയും പടവുകൾ കടന്ന് എതിരാളിയെന്നു കരുതുന്ന ആളിനെ ദേഹോപദ്രവം ഏൽപ്പിക്കുന്നു. മറ്റുള്ളവരെ ഉപദ്രവിക്കുന്ന ക്രൂരസ്വഭാവമുള്ളവർ അതിൽ സന്തോഷിക്കുന്നു. ഇതിനെ സാഡിസ്റ്റ് ചിന്താഗതി എന്നു പറയാം.

നിയന്ത്രണമില്ലാത്ത കോപം ആക്രമണത്തിലേക്ക് നയിക്കുന്നു. ആദ്യപടിയായി നീചവാക്കുകൾ തെരുതെരെ ആവർത്തിക്കുന്നു. കലി അടങ്ങാതെ വരുമ്പോൾ ഉപദ്രവിക്കുന്നു. സ്നേഹം സാവകാശം വറ്റിവരണ്ട ഹൃദയത്തിന്റെ തമോമയമായ വിവിധ ഭാവങ്ങളാണ് മുകളിൽ വിവരിച്ചത്. ഈ തിന്മയുടെ പരമകാഷ്ഠ കൊലപാതകത്തിൽ ചെന്നു നിൽക്കുന്നു. സ്വന്തം സഹോദരന്റെ കാവൽക്കാരനാകേണ്ട മനുഷ്യൻ സഹോദരന്റെ അന്തകനായിത്തീരുന്നു. സ്വന്തം മക്കൾ തമ്മിൽത്തല്ലി ചോരപ്പുഴ ഒഴുക്കുന്നതുകണ്ടിട്ട് ഭൂമിമാതാവ് വിലപിക്കുന്നു.

വെറുപ്പിലും കൊലപാതകത്തിലും എത്തിക്കുന്നതു എതിരാളി എന്നു വിചാരിക്കുന്ന ആൾ എന്തെങ്കിലും തെറ്റു ചെയ്തിട്ടാകണമെ

www.malankaralibrary.com



ന്നില്ല. സ്വന്തം സ്വാർത്ഥതയ്ക്ക്, അത്യാഗ്രഹത്തിന്, വിലങ്ങുതടിയാണെന്നു തോന്നുന്ന വ്യക്തിയെയോ സമൂഹത്തെയോ ഇല്ലാതാക്കാൻ ഇവർ ശ്രമിക്കും. മറ്റൊരാളുടെ നന്മ തന്റെ പദവിക്കും മഹത്ത്വത്തിനും അഹങ്കാരത്തിനും എതിരാണെന്നുള്ള ചിന്ത ശത്രുതയിലും കൊലപാതകത്തിലും എത്തിക്കുന്നു.

വെറുപ്പുകൊണ്ട് തിന്മ പ്രവർത്തിച്ച ചിലരെ ബൈബിളിൽ നിന്ന് പരിചയപ്പെടാം.

**കായേൻ**

ആദ്യ നരഹത്യ കായേനിൽ തുടങ്ങുന്നു. ആബേൽ തെറ്റൊന്നും ചെയ്തിട്ടല്ല. ആബേലിന്റെ ബലിയിൽ ദൈവം പ്രസാദിച്ചു. കായേനിന്റെ ബലിസമർപ്പണം, പൂർണ്ണവും ദൈവസ്നേഹത്തിൽ നിന്നും വന്നതുമായിരിക്കയില്ല എന്ന് ഞാൻ ചിന്തിക്കുന്നു. സ്വന്തം സഹോദരന്റെ ബലി സ്വീകാര്യമായതിൽ അമർഷവും കോപവും കൊണ്ട് കായേൻ തിളച്ചു. ''നീ കോപിച്ചിരിക്കുന്നതു എന്തുകൊണ്ട്? ഉചിതമായതു പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽ പതിയിരിക്കുമെന്ന് ഓർക്കണം'' (ഉൽപ:4:7). ''അവർ വയലിലായിരിക്കേ കായേൻ ആബേലിനോടു കയർത്ത് അവനെ കൊന്നു'' (ഉൽപ:4:8).

ദൈവസ്നേഹം നഷ്ടപ്പെട്ടതിന്റെ പരിണതഫലം ഹൃദയത്തെ അന്ധകാരമാക്കി സഹോദര വിദ്വേഷത്തിനു തിരികൊളുത്തുന്നു. ഭവനങ്ങളിലും സമൂഹത്തിലും ഈ രീതിയിലുള്ള വെറുപ്പ് നാശം വിതയ്ക്കുന്നു.

**ഏസാവ്**

''പിതാവ് യാക്കോബിനു നൽകിയ അനുഗ്രഹം മൂലം ഏസാവ് യാക്കോബിനെ വെറുത്തു. പിതാവിനെപ്പറ്റി വിലപിക്കാനുള്ള ദിവസങ്ങൾ അടുത്തുവരുന്നുണ്ട്. അപ്പോൾ ഞാൻ അവനെ കൊല്ലും'' (ഉൽപ:27:41).

യാക്കോബ് തന്ത്രപൂർവ്വം അപ്പനിൽ നിന്നു ജ്യേഷ്ഠനു കിട്ടേണ്ട അനുഗ്രഹം വാങ്ങിച്ചു എന്നതു ശരിയാണ്. എന്നാൽ അതു ക്ഷമിക്കുവാനോ, തിന്മയ്ക്കുപകരം നന്മ കാണിക്കാനോ ഉള്ള മനസ്സ് ഏസാവ് കാണിക്കുന്നില്ല. നമ്മെ മറ്റുള്ളവർ വഞ്ചിച്ചെന്നുവരാം. അവിടെയാണ് ക്ഷമിക്കാനുള്ള ദൈവിക പ്രഭ നാം ചൊരിയേണ്ടത്.

www.malankaralibrary.com



**ജോസഫിന്റെ സഹോദരങ്ങൾ**

''പിതാവ് ജോസഫിനെ തങ്ങളേക്കാൾ അധികമായി സ്നേഹിക്കുന്നു എന്നു കണ്ടപ്പോൾ സഹോദരൻമാർ അവനെ വെറുത്തു. അവനോടു സൗമ്യമായി സംസാരിക്കാൻ അവർക്ക് കഴിഞ്ഞില്ല'' (ഉൽപ:37:4).

യാക്കോബ് ആർക്കുവേണ്ടി വർഷങ്ങളോളം ലാബാന്റെ ഭവനത്തിൽ ജോലി ചെയ്തുവോ, അങ്ങനെ ലഭിച്ച പ്രിയപത്നി റാഹേലിനു ആദ്യം ജനിച്ച മകനായിരുന്നു ജോസഫ്. ആ കാരണത്താലായിരിക്കാം കുറെക്കൂടി വാത്സല്യം യാക്കോബിനു ജോസഫിനോടു തോന്നിയത്. ഈ കാരണത്താൽ നിരപരാധിയായ കൊച്ചു സഹോദരനെ ജ്യേഷ്ഠന്മാർ വെറുത്തു. ജോസഫിനെ വെള്ളമില്ലാത്ത കിണറ്റിൽ ഇടുന്നതും ഇസ്മായേല്യർക്ക് വിൽക്കുന്നതുമെല്ലാം ഈ വെറുപ്പിന്റെ അനന്തരഫലമാണല്ലോ. യഥാസമയം അസൂയയെ ഹൃദയത്തിൽ നിന്നു മാറ്റാതിരുന്നാൽ. അസൂയയ്ക്ക് മറ്റുള്ളവരെ കൊല്ലാൻ, നശിപ്പിക്കുവാൻ കഴിയും,

**ജസെബെൽ**

സത്യദൈവത്തെ തിരസ്ക്കരിച്ചിട്ട്, ബാൽ ദേവന്റെ പ്രതിഷ്ഠവച്ചു ആരാധിക്കുന്നതിനെതിരായി ഏലിയാ പ്രവാചകന്റെ ശബ്ദം യൂദയായിൽ മുഴങ്ങിക്കേട്ടു. ''നിങ്ങൾ എത്രനാൾ രണ്ടു വഞ്ചിയിൽ കാൽവയ്ക്കും? കർത്താവാണു ദൈവമെങ്കിൽ അവിടുത്തെ അനുഗമിക്കുവിൻ. ബാലാണു ദൈവമെങ്കിൽ അവന്റെ പിന്നാലെ പോകുവിൻ'' (1 രാജാ:18:21). ബാലിന്റെ പ്രവാചകന്മാരെ ഏലിയാ വധിച്ചു. ഈ വിവരം അറിഞ്ഞ ജസെബെൽ ദൂതനെ അയച്ച് ഏലിയായോടു പറഞ്ഞു: ''നാളെ ഈ നേരത്തിനുമുമ്പ് ഞാൻ നിന്റെ ജീവൻ ആ പ്രവാചകന്മാരിലൊരുവന്റെ പോലെ ആക്കുന്നില്ലെങ്കിൽ, ദേവന്മാർ അതും അതിലപ്പുറവും എന്നോടു ചെയ്യട്ടെ'' (1 രാജാ: 19:2). ഏലിയാ ഭയപ്പെട്ട് ജീവരക്ഷാർത്ഥം പലായനം ചെയ്തു (1 രാജാ:19:3).

തിന്മയെ, പിശാചിനെ സേവിക്കുന്നവർക്ക്, തിന്മയുടെ നാശം ഇഷ്ടപ്പെടുകയില്ല. അവർ നന്മ വിതയ്ക്കുന്നവരെ ഇല്ലാതാക്കാൻ ശ്രമിക്കും. ഭീകരർ ചെയ്യുന്നത് എതിർക്കുന്നവരെ വംശവിഛേദം ചെയ്യുക എന്നതാണ്.

**ഹാമാൻ**

''മൊർദെക്കായ് തന്നെ കുമ്പിട്ടു വണങ്ങുന്നില്ലെന്നു അറിഞ്ഞപ്പോൾ ഹാമാൻ ക്രുദ്ധനായി. മൊർദെക്കായിയുടെ മേൽ മാത്രം കൈ

www.malankaralibrary.com



വെച്ചാൽ പോരെന്നു അവനു തോന്നി. മൊർദെക്കായിയുടെ വംശത്തിൽപ്പെട്ട യഹൂദരെ മുഴുവൻ അഹസ്വേരൂസിന്റെ രാജ്യത്തുനിന്ന് ഉന്മൂലനം ചെയ്യണമെന്ന് ഹാമാൻ ആഗ്രഹിച്ചു'' (എസ്തേ. 3:5,6). നെബുക്കദ്നേസർ ജറുസലേമിൽ നിന്നു കൊണ്ടുവന്ന തടവുകാരിൽ ഒരുവനായിരുന്നു മൊർദെക്കായ്. അഹസ്വേരൂസ് രാജാവിന്റെ ഭരണകാലത്ത് മൊർദെക്കായിയെ രാജകൊട്ടാരത്തിൽ സേവകനാക്കി. ഇദ്ദേഹത്തിന്റെ സഹോദരിപുത്രിയാണ് എസ്തേർ. എസ്തേറിനെ, മാതാപിതാക്കളുടെ അഭാവം മൂലം വളർത്തിയത് മൊർദെക്കായിയായിരുന്നു. ഹാമാൻ രാജാവിന്റെ മന്ത്രിയായിരുന്നു. വലിയ അഹങ്കാരിയായിരുന്നു. തന്റെ മുമ്പിൽ തല കുനിച്ചു വണങ്ങാത്തതിന്റെ പേരിൽ മൊർദെക്കായിയെയും യഹൂദരെയും നശിപ്പിക്കാൻ തീരുമാനിച്ചു. ഇതിനകം രാജ്ഞി ആയിത്തീർന്ന എസ്തേറിന്റെ ഇടപെടൽ മൂലം, ഹാമാൻ മൊർദെക്കായിയെ തൂക്കിക്കൊല്ലാൻ നിർമ്മിച്ച കഴുമരത്തിൽ അഹങ്കാരിയായ ഹാമാൻ തൂക്കപ്പെട്ടു (എസ്തേ. 7:10). അഹങ്കാരികളുടെ മുമ്പിൽ എല്ലാവരും തലകുനിക്കണം എന്നാണ് ആഗ്രഹം. അതിനു വഴങ്ങാത്തവരെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കും.

### ഹേറോദിയാ

''യോഹന്നാൻ ഹേറോദേസിനോടു പറഞ്ഞു. സഹോദരന്റെ ഭാര്യയെ നീ സ്വന്തമാക്കുന്നതു നിഷിദ്ധമാണ്. തൻമൂലം ഹെറോദിയായ്ക്കു യോഹന്നാനോടു വിരോധം തോന്നി'' (മർക്കോ:6:18). ഹേറോദിയായുടെ മനസ്സിൽ തളം കെട്ടിയ വെറുപ്പ് മൂത്ത് പകരം വീട്ടാൻ തക്കം നോക്കിയിരുന്നു. ഹേറോദേസിന്റെ ജന്മദിനത്തിൽ ഹേറോദീയായുടെ മകൾ നൃത്തം ചെയ്തു രാജാവിനെ പ്രീതിപ്പെടുത്തി. എന്തു സമ്മാനം ചോദിച്ചാലും തരുമെന്നു രാജാവ് പെൺകുട്ടിക്ക് ഉറപ്പു നൽകി. സ്നാപക യോഹന്നാന്റെ തല സമ്മാനമായി വേണമെന്നു പറയാൻ ഹേറോദിയാ മകൾക്ക് നിർദ്ദേശം നൽകി.'' രാജകല്പന പ്രകാരം സേവകൻ കാരാഗൃഹത്തിൽ ചെന്നു യോഹന്നാന്റെ തല വെട്ടിയെടുത്തു പെൺകുട്ടിക്കു കൊടുത്തു. പെൺകുട്ടി അതു അമ്മയെ ഏൽപ്പിച്ചു (മർക്കോ:6:28).

തികച്ചും അസാന്മാർഗികമായ ഒരു പ്രവൃത്തി തെറ്റാണ്, അതു തുടരരുത് എന്നു മാത്രമാണ് ഋഷിതുല്യനായ യോഹന്നാൻ പറഞ്ഞത്. അസാന്മാർഗികതയുടെ അഴുക്കുചാലിൽ മുങ്ങിക്കുളിക്കുന്നവർക്ക്,

www.malankaralibrary.com



അതിനെതിരായി ശബ്ദിക്കുന്നവർ ശത്രുക്കളാണ്. ഇവർ രക്തരക്ഷസ്സുകളായി മാറി നല്ല മനുഷ്യരുടെ രക്തം ഊറ്റിക്കുടിക്കും. തെറ്റു തിരുത്താനുള്ള എളിമയും ഒരുക്കവും ഇല്ലാതെ പോയാൽ, നന്മ പറയുന്നവർ എന്നും അവർക്ക് ശത്രുക്കളായിത്തന്നെയിരിക്കും.

സ്ത്രീകളുടെ ഉള്ളിൽ വെറുപ്പ് കടന്നുകൂടിയാൽ വർഷങ്ങളോളം അത് ഉള്ളിൽ സൂക്ഷിക്കുകയും അവസരം കിട്ടുമ്പോൾ പ്രതികാരം ചെയ്യുവാനുള്ള പ്രവണത ഉണ്ടാകുമെന്നും മനഃശാസ്ത്രജ്ഞന്മാർ പറയുന്നു.

## അബ്സലോം

''അബ്സലോമാകട്ടെ അമ്നോനോടു ഗുണമോ ദോഷമോ പറഞ്ഞില്ല. തന്റെ സഹോദരി താമാറിനെ മാനഭംഗപ്പെടുത്തിയതിനാൽ അവനെ വെറുത്തു'' (2 സാമു:13:22).

''അബ്സലോം കല്പിച്ചതുപോലെ ഭൃത്യന്മാർ അമ്നോനെ കൊന്നു'' (2സാമു:13:29).

ദാവീദിന്റെ പുത്രൻ അമ്നോൻ ദാവീദിനു വേറൊരു ഭാര്യയിൽ നിന്നു ജനിച്ച താമാറിനെ, അതും അമ്നോന്റെ സഹോദരിയെ, ബലാത്സംഗം ചെയ്തു. ഇത് വലിയ തെറ്റും ഹീനകൃത്യവുമായിരുന്നു. അബ്സലോമിന്റെ അമ്മയിൽനിന്നു ജനിച്ചതാണ് താമാർ. അബ്സലോം അമ്നോന്റെ ഈ പ്രവൃത്തിയിൽ അതീവ കോപിഷ്ഠനായി. എന്നാൽ തൽക്കാലം നിശബ്ദനായി നിലകൊണ്ടു. എന്നെങ്കിലും ഇതിനു പകരം വീട്ടാൻ നിശ്ചയിച്ചുറച്ചു. രണ്ടു വർഷം കഴിഞ്ഞ് ആടുകളുടെ രോമം കത്രിക്കുന്നതിന്റെ ഉത്സവം അബ്സലോം ക്രമപ്പെടുത്തി. അതിൽ സംബന്ധിക്കുവാൻ തന്ത്രപൂർവ്വം അമ്നോനെയും ക്ഷണിച്ചു. അമ്നോൻ വീഞ്ഞുകുടിച്ചു മത്തനാകുമ്പോൾ, കൊല്ലാൻ ഭൃത്യന്മാർക്ക് അബ്സലോം നിർദ്ദേശം നൽകി. അങ്ങനെ അമ്നോനെ അബ്സലോം വധിച്ചു.

ഒരു ഹീനമായ പാപകൃത്യത്തിനു ക്ഷമ നൽകാതെ പ്രതികാരം ചെയ്യുവാൻ ഒരുമ്പെട്ട സംഭവം. തിന്മയ്ക്കുപകരം തിന്മ ചെയ്താൽ തിന്മയുടെ ശൃംഖല നീണ്ടുപോവുകയേയുള്ളൂ. അതിനു അന്ത്യമില്ല. തിന്മയെ നന്മകൊണ്ടു ജയിക്കാത്തിടത്തോളം കാലം തിന്മ കുറെക്കൂടി രാക്ഷസീയഭാവം കൈവരിക്കുകയേയുള്ളു. ദാവീദ് ഊറിയായെ കൊല്ലിച്ചു. ദാവീദിന്റെ പുത്രൻ വേറെ ഒരു പുത്രനെ വധിച്ചു. അബ്സലോമിനെ ദാവീദിന്റെ അനുചരർ കൊന്നു. ആധുനിക ഗുണ്ടകൾ പണത്തിനായി, മറ്റു നിരപരാധികളെ കൊല്ലുന്നു. പിന്നീട്, ഗുണ്ടകളുടെ

www.malankaralibrary.com



ഇടയിൽ പോരുണ്ടായി പരസ്പരം കൊല്ലുന്നു. തിന്മ വിതച്ചാൽ തിന്മ മാത്രമേ കൊയ്യാൻ പറ്റൂ.

നാം ഇതുവരെ ചിന്തിച്ചതു സ്നേഹത്തിനെതിരായ ജഡത്തിന്റെ ചില പ്രവണതകളെയും പ്രവൃത്തിയെയും കുറിച്ചാണ്. വിദ്വേഷവും പ്രതികാരമനോഭാവവും വച്ചു പുലർത്തി തിന്മയുടെ ചാലുകീറിയ കുറെ വ്യക്തികളെ ബൈബിളിൽ രേഖപ്പെടുത്തിയതും കണ്ടു. ഇത്തരം ഹീനപ്രവൃത്തികളെ ശക്തമായ രീതിയിൽ ശാസിക്കുന്ന വചനഭാഗങ്ങൾ ബൈബിളിൽക്കൂടി ദൈവം നമ്മോടു സംസാരിക്കുന്നു.

## വിദ്വേഷം

''സഹോദരനെ ഹൃദയം കൊണ്ടു വെറുക്കരുത്'' (ലേവ്യ:19:17).

''താൻ പ്രകാശത്തിലാണെന്നു പറയുകയും അതേസമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്'' (1 യോഹ:2:9).

''ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു'' (1 യോഹ:4:20).

''സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. കൊലപാതകിയിൽ നിത്യജീവൻ വസിക്കുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ'' (1 യോഹ: 3:15).

## പ്രതികാരം

''കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ദുഷ്ടനെ എതിർക്കരുത്. വലത്തു കരണത്തടിക്കുന്നവനു മറ്റെ കരണം കൂടി കാണിച്ചു കൊടുക്കുക'' (മത്താ:5:38).

''തിന്മയ്ക്കു പ്രതികാരം ചെയ്യുമെന്നു പറയരുത്'' (സുഭാ:20:22).

''എന്നോടു പ്രവർത്തിച്ചതുപോലെ ഞാൻ അവനോടു പ്രവർത്തിക്കും. അവൻ ചെയ്തതിനു ഞാൻ പകരം ചെയ്യും എന്നു നീ പറയരുത്'' (സുഭാ: 24:29).

''എന്തു കുറ്റത്തിനായാലും അയൽക്കാരനു തിന്മ ചെയ്യരുത്'' (പ്രഭാ: 10:16).

''തിന്മയ്ക്ക് തിന്മയോ, നിന്ദനത്തിനു നിന്ദനമോ പകരം കൊടുക്കാതെ അനുഗ്രഹിക്കുവിൻ'' (1 പത്രോ:3:9).

www.malankaralibrary.com



''ആരോടും തിന്മയ്ക്കുപകരം തിന്മ ചെയ്യാതിരിക്കുവാനും തമ്മിൽ തമ്മിലും എല്ലാവരോടും സദാ നന്മ ചെയ്യുവാനും ശ്രദ്ധിക്കുവിൻ'' (1 തെസ: 5:15).

''നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അനുഗ്രഹിക്കയല്ലാതെ ശപിക്കരുത്. തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്'' (റോമാ: 12:14).

**ശത്രുത**

''ശത്രുവിനു വിശക്കുമ്പോൾ ആഹാരവും ദാഹത്തിനു ജലവും കൊടുക്കുക. അതു അവന്റെ തലയിൽ പശ്ചാത്താപത്തിന്റെ തീക്കനൽ കൂട്ടും'' (സുഭാ: 25:21).

''ശത്രുവിന്റെ കാളയോ കഴുതയോ വഴിതെറ്റിപ്പോകുന്നതു കണ്ടാൽ അവയെ അവന്റെ അടുക്കൽ തിരിച്ചെത്തിക്കണം'' (പുറ: 23:5).

''വിധവകളെയും അനാഥരെയും പരദേശിയെയും ദരിദ്രനെയും പീഡിപ്പിക്കരുത്'' (സഖ: 7:10).

**കൊലപാതകം**

''കൊല്ലരുത്. കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്നു പൂർവ്വികന്മാരോടു പറഞ്ഞതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ'' (മത്താ:5:21).

''ദൈവമേ രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ'' (സങ്കീ: 51:14).

''കർത്താവു വെറുക്കുന്ന ആറു കാര്യങ്ങളുണ്ട്. ഗർവ്വുകലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷ്ക്കളങ്കരക്തം ചൊരിയുന്ന കൈ'' (സുഭാ:6:17).

''ഒരുവന്റെ ദുഷ്ടതയിൽ മറ്റൊരുവനെ വധിക്കുന്നു. എന്നാൽ വേർപെട്ടുപോയ ജീവനെ തിരികെ കൊണ്ടുവരാൻ സാധിക്കുകയില്ല'' (ജ്ഞാനം 16:14).

''ഓരോരുത്തനോടും സഹോദരന്റെ ജീവനു ഞാൻ കണക്കു ചോദിക്കും'' (ഉൽപ:9:6).

''മനുഷ്യനെ കൊല്ലുന്നവൻ മരണശിക്ഷ അനുഭവിക്കണം'' (ലേവ്യ:24:17).

''രക്തദാഹികളും വഞ്ചകരും ആയുസ്സിൽ പകുതി എത്തുകയില്ല'' (സങ്കീ:55:23).

www.malankaralibrary.com



ഈ വിഷയത്തിൽ സഭയുടെ വീക്ഷണം നോക്കാം. സഭയ്ക്കു സ്വന്തമായി വീക്ഷണമില്ല. കർത്താവു പഠിപ്പിച്ചതു വിശദീകരിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുകയാണു സഭയുടെ ധർമ്മം.

പഴയനിയമം രക്തത്തെ ജീവന്റെ പാവനമായ അടയാളമായി എപ്പോഴും കണ്ടിരുന്നു (ലേവ്യ:17:14). ഈ പ്രബോധനം എക്കാലത്തേക്കും അവശ്യാവശ്യകമായി നിലനിൽക്കുന്നു.

''നിരപരാധിയെയും നീതിമാനെയും വധിക്കരുത്'' (പുറ:23:7).

''നിരപരാധിയായ ഒരു വ്യക്തിയെ മനഃപൂർവ്വം വധിക്കുന്നത് മനുഷ്യന്റെ മാഹാത്മ്യത്തിനും സുവർണ്ണ നിയമത്തിനും സ്രഷ്ടാവിന്റെ പരിശുദ്ധിക്കും കടകവിരുദ്ധമാണ്. അതു വിലക്കിക്കൊണ്ടുള്ള നിയമത്തിനു സാർവത്രിക സാധ്യതയുണ്ട്'' (No. 2261. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം).

''നീ കൊല്ലരുത് എന്ന കല്പന കർത്താവു മലയിലെ പ്രസംഗത്തിൽ ആവർത്തിക്കുകയും അതോടുകൂടെ കോപം, വിദ്വേഷം, പ്രതികാരം എന്നിവയ്ക്കു വിലക്ക് കല്പിക്കുകയും ചെയ്യുന്നു. അതിലുപരി ക്രിസ്തു തന്റെ ശിഷ്യന്മാരോടു മറ്റെ കരണം കാണിക്കുവാനും തങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവാനും ആവശ്യപ്പെടുന്നു. അവിടുന്നു സ്വയം രക്ഷിക്കാതെ പത്രോസിനോട് വാൾ അതിന്റെ ഉറയിലിടാൻ ആവശ്യപ്പെട്ടു'' (മത്താ:26:52) (No. 2262. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം).

''നേരിട്ടുള്ളതും മനഃപൂർവ്വവുമായ കൊലപാതകത്തെ അഞ്ചാം പ്രമാണം ഹീനവും ഗൗരവാവഹവുമായ പാപമായി കണ്ടു വിലക്കുന്നു. പ്രതികാരത്തിനായി സ്വർഗ്ഗത്തിലേക്ക് നോക്കിവിളിക്കുന്ന ഒരു പാപമാണ് കൊലയും കൊലയിൽ മനഃപൂർവ്വം സഹകരിക്കുന്നതും (No. 2268. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

**കൗൺസൽ**

അറിഞ്ഞോ അറിയാതെയോ മറ്റുള്ളവർ നമ്മെ വേദനിപ്പിച്ചു എന്നു വരാം. ജീവിതത്തിൽ ഏതെങ്കിലും മുറിവ് മാനസികമായി ഏറ്റവർ, ആ മുറിവ് ദൈവത്തിനു സമർപ്പിച്ച് പൂർണ്ണമായി സുഖപ്പെടാത്ത കാലത്തോളം, മറ്റുള്ളവരെ മുറിവേൽപ്പിക്കും. വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും. ഈ സാഹചര്യത്തിൽ നമുക്ക് ആ വ്യക്തിയോടു നീരസവും വെറുപ്പും തോന്നാം. ഈ മാനസിക തോന്നൽ, നൂറുശതമാനവും നമുക്ക് നിയന്ത്രിക്കാൻ പറ്റില്ല. ഇതു നമ്മിൽ വെറുപ്പായി രൂപം കൊള്ളു

www.malankaralibrary.com



ന്നു എന്നു തോന്നിയാൽ, അവരോടു മാനസികമായി ക്ഷമിക്കുവാൻ ശീലിക്കണം. പെട്ടെന്നു അസ്വസ്ഥമാകുന്നതും (Sensitive) പിണങ്ങുന്നതുമായ (Touchy) സ്വഭാവത്തിന്റെ ഉടമകളാകരുത്. ഈ സ്വഭാവം നമ്മിലുണ്ടെങ്കിൽ ആത്മശോധന ചെയ്ത് നമ്മിലുള്ള മുറിവുകൾ കണ്ടുപിടിച്ച്, സ്വയ ശിക്ഷണത്തിനു വിധേയമാക്കണം. ചെറിയ കാര്യങ്ങളിൽ ശുണ്ഠി പിടിക്കുന്ന സ്വഭാവമുള്ളവരുണ്ട്. നാം പെട്ടെന്നു പൊട്ടിത്തെറിക്കുകയും മറ്റുള്ളവരിൽ പ്രശ്നം എല്ലാം ആരോപിക്കുകയും ചെയ്യുന്നെങ്കിൽ, വെളിയിലേക്കാൾ പ്രശ്നം നമ്മുടെ ഉള്ളിലുണ്ട് എന്നതാണ് ശരി. ഒരാൾ നമ്മോടു അപമര്യാദയായി പെരുമാറിയാലും ഉടനെ നാം ആ വ്യക്തിയെ താഴ്ത്തിക്കെട്ടി സംസാരിക്കുന്നതു ക്രിസ്തീയസ്നേഹത്തിനു കടകവിരുദ്ധമാണ്. ഒരാളോട് പ്രതികാരം ചെയ്യാൻ മുതിരുമ്പോൾ, നീതിയെപ്പറ്റി തെറ്റായ ധാരണയിലാണ് നാം. ''നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു'' (മത്താ: 5:20). നീതി എല്ലാം എന്റെ പക്കൽ, എനിക്ക് അപരനെ വിധിക്കുവാനും എന്തും പറയുവാനും കൊല്ലുവാനും അധികാരമുള്ള രീതിയിൽ മനുഷ്യർ പെരുമാറാറുണ്ട്.

നാം ഒരാളെ വെറുക്കുമ്പോൾ പ്രശ്നം ഉണ്ടാകുന്നത് എന്നിലാണ്. നമ്മുടെ മനസ്സമാധാനം നഷ്ടപ്പെടുന്നു. നമ്മുടെ മനസ്സ് കലുഷിതമാകുന്നു. നാം ഇതിനെപ്പറ്റി ചിന്തിച്ച് ഉറക്കം കെടുത്തുകയും രോഗി ആയിത്തീരുകയും ചെയ്യാം. നാം വെറുക്കുന്ന ആൾ, ഈ കാര്യം അറിയുന്നതേയില്ല. ഒരു പക്ഷേ, എന്തെങ്കിലും തെറ്റിദ്ധാരണ ഉണ്ടായെങ്കിൽ, അയാൾ ആ കാര്യം അന്നു തന്നെ വിട്ടുകളഞ്ഞു കാണും. നാം അതിന്റെ പേരിൽ സ്വയം അഗ്നികുണ്ഡം നിർമ്മിച്ച് വെന്തു നശിക്കുകയാണ്.

പ്രതികാരത്തിന്റെ പാത തുടർന്ന് ആരും ഒന്നും നേടിയിട്ടില്ല. അതു കൂടുതൽ നാശത്തിലേക്കും അസമാധാനത്തിലേക്കും എത്തിച്ചിട്ടേയുള്ളു. ചരിത്രത്തിൽ ഭരണാധിപന്മാർ പ്രതികാരം ചെയ്ത് ആയിരങ്ങളെ കൊന്നൊടുക്കി, രക്തപ്പുഴയൊഴുക്കി ഭൂമി വിഷലിപ്തമാക്കിയിട്ടുണ്ട്. ചക്രവർത്തിമാരെയും അവരുടെ ദൈവങ്ങളെയും ആരാധിക്കാത്തതിന്റെ പേരിൽ, ആദ്യ നൂറ്റാണ്ടുകളിൽ ആയിരക്കണക്കിനു ക്രിസ്ത്യാനികൾ വധിക്കപ്പെട്ടു. യഹൂദ വംശത്തിൽ ജനിച്ചുപോയതിന്റെ പേരിൽ, ലക്ഷക്കണക്കിനു യഹൂദരുടെ രക്തം ഹിറ്റ്ലർ ഒഴുക്കി.

www.malankaralibrary.com



ഹിന്ദു മുസ്ലീം ലഹള ഭാരതമാതാവിന്റെ നെഞ്ചിൽ ഒഴുക്കിയ ചുടുനിണം ഇന്നും ഉണങ്ങിയിട്ടില്ല. കൊലക്കളമാക്കി ഇന്നും ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും പേരിൽ യുദ്ധങ്ങളും ചോരപ്പുഴയും പല സ്ഥലത്തും ഒഴുകുന്നു. ലോകമഹായുദ്ധങ്ങൾ, ഒഴുക്കിയ രക്തത്തിനു കണക്കില്ല. കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കാത്തതിന്റെ പേരിൽ ലക്ഷക്കണക്കിനു ക്രിസ്ത്യാനികൾ റഷ്യ, ചൈന, ഹംഗറി, പോളണ്ട് മുതലായ രാജ്യങ്ങളിൽ തുറുങ്കിൽ അടയ്ക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടുണ്ട്. ഈ കെടുതിയുടെ അനന്തരഫലങ്ങൾ ഇന്നും അനുഭവിക്കുന്നത് നിരപരാധികളായ ലക്ഷക്കണക്കിനു പിഞ്ചുകുഞ്ഞുങ്ങളാണ്. അനാഥരായി, നിസ്സഹായരായി, ഭൂമിയുടെ വിശാലപരപ്പിൽ അവർ തെണ്ടിത്തിരിഞ്ഞു നടക്കുകയും, പട്ടിണിക്കോലങ്ങളായി, മനഃസാക്ഷി മരവിച്ചുപോയ മാനവികതയുടെ മുമ്പിൽ ചോദ്യചിഹ്നമായി നിലകൊള്ളുകയും ചെയ്യുന്നു. ഇതെല്ലാം തികച്ചും വേദനിപ്പിക്കുന്ന ദുഃഖസത്യങ്ങളാണ്. ഞാൻ ആരെയും കൊന്നിട്ടില്ല എന്നു ഓരോരുത്തരും സമാധാനിച്ചേക്കാം. എന്നാൽ ഹിംസയുടെ ദുർഭൂതം പലരിലുമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതു മറ്റുള്ളവരെ ഒളിഞ്ഞും തെളിഞ്ഞും വാക്കാലും പ്രവൃത്തിയാലും തേജോവധം ചെയ്യുകയും പകയുടെയും വിദ്വേഷത്തിന്റെയും വിഷവിത്തുകൾ സൗകര്യം ലഭിക്കുന്നിടത്തെല്ലാം വിതയ്ക്കുകയും ചെയ്യുന്നു.

നമ്മെ കാർന്നുതിന്നുന്ന ഹൃദയമുറിവുകളെ എങ്ങനെ ഇല്ലാതാക്കാം. ഒന്നാമതായി, നമ്മിലെ മുറിവുകൾ എന്തെന്നു മനസ്സിലാക്കണം. അബോധ, ഉപബോധതലത്തിൽ നിന്ന് അവയെ ഉപരിതലത്തിൽ കൊണ്ടുവരണം. നാം പലപ്പോഴും നിഷേധാത്മകമായി പെരുമാറുകയും പൊട്ടിത്തെറിക്കുകയും മറ്റുള്ളവരെ മുറിവേൽപ്പിക്കുകയും ചെയ്യുന്നതിന്റെ പിന്നിൽ, പ്രധാനമായ നമ്മുടെ ഉള്ളിലെ മുറിവായിരിക്കും. പ്രസ്തുത മുറിവിനെ തിരിച്ചറിഞ്ഞ് (Identify) യേശുക്രിസ്തുവിന് ആ മുറിവിന്റെ മേഖല സമർപ്പിക്കുക. യേശുക്രിസ്തുവിനു മാത്രമേ നമ്മുടെ ആന്തരികമുറിവുകളെ പൂർണ്ണമായി സുഖപ്പെടുത്തി ആശ്വാസം തരാൻ സാധിക്കൂ. മനഃശാസ്ത്രജ്ഞന്മാർക്കും കൗൺസലറിനും കുറെയൊക്കെ നമ്മെ സഹായിക്കാൻ സാധിക്കും. പൂർണ്ണസൗഖ്യം കർത്താവിൽ നിന്നു മാത്രം ലഭിക്കും.

ഞാൻ ചുമതല വഹിച്ച ഒരു ഇടവകയിലെ മഠത്തിലെ ഒരു ബഹു. സിസ്റ്റർ എന്നും പള്ളിമുറ്റത്തുകൂടി നേഴ്സറി സ്കൂളിൽ പഠിപ്പിക്കാൻ

www.malankaralibrary.com



പോയിരുന്നു. സ്കൂൾ പള്ളി കോമ്പൗണ്ടിൽ തന്നെയായിരുന്നു. ഞാൻ സിസ്റ്ററിനു ഗുഡ്മോണിങ്ങ് പറഞ്ഞാൽ, സിസ്റ്റർ പ്രതികരിക്കാതെ ദുർമുഖത്തോടെ നടന്നു നീങ്ങും. സിസ്റ്റർ ക്ലാസിൽ ചെന്നു കുറെ കഴിയുമ്പോൾ, അടിയുടെ ശബ്ദം കേൾക്കാം. LKG-യിൽ പഠിക്കുന്ന കുഞ്ഞുങ്ങളെ നിരത്തിപ്പിടിച്ചു അടിയാണ്. ഇങ്ങനെ എന്നും കുഞ്ഞുങ്ങളെ എന്തിന് അടിക്കുന്നു എന്നു ഞാൻ വിചാരിച്ചിട്ടുണ്ട്. എന്റെ ഇടവകയിൽ ഒരു കരിസ്മാറ്റിക്ക് ധ്യാനം ഞാൻ ക്രമപ്പെടുത്തി. അഞ്ചു ദിവസം നീണ്ടുനിന്ന ധ്യാനത്തിൽ ആയിരങ്ങൾ പങ്കെടുത്തു. പലർക്കും ധാരാളം ആത്മീയ ഉണർവ്വുണ്ടായ ധ്യാനം. ധ്യാനം കഴിഞ്ഞ്, നേരത്തെ സൂചിപ്പിച്ച സിസ്റ്റർ എന്റെ മുറിയിൽ വന്നു. കുറെ നേരം വിമ്മിക്കരഞ്ഞു. ഞാൻ ശാന്തമായി ഇരുന്നു. കരഞ്ഞ് മനസ്സിലെ വിഷമം കുറെ തീരട്ടെ എന്നു വിചാരിച്ചു. സിസ്റ്റർ പറഞ്ഞു: ‘‘അച്ചാ, എന്റെ അപ്പച്ചൻ വലിയ മദ്യപാനിയാണ്. മദ്യപിച്ചു വന്നിട്ട് എന്റെ അമ്മയെ എന്നും ഉപദ്രവിക്കുന്നതുകണ്ടാണ് ഞാൻ വളർന്നത്. എനിക്ക് പുരുഷന്മാരോടെല്ലാം വെറുപ്പാണ്. മനസ്സ് കലുഷിതമാണ്. ആരോടും എനിക്ക് സ്നേഹം തോന്നുന്നില്ല. അസ്വസ്ഥയായി ചെറിയ കാര്യത്തിനു പോലും ഞാൻ കുട്ടികളെ അടിക്കുന്നു. അച്ചനെ കണ്ടാൽ മിണ്ടാതിരുന്നതും മനസ്സിന്റെ ഈ അവസ്ഥ മൂലമാണ്. ധ്യാനത്തിൽ സംബന്ധിച്ച ശേഷം ഒത്തിരി ആന്തരിക സൗഖ്യവും സമാധാനവും ലഭിച്ചു.’’ സിസ്റ്റർ അപ്പനോടുള്ള വെറുപ്പ് മറ്റുള്ളവരോട് തീർക്കുകയായിരുന്നു. ഏതെങ്കിലും കാരണത്താൽ മനസ്സ് മുറിവേറ്റവർക്ക് സ്നേഹിക്കാൻ കഴിയാതെ പോകും. പെട്ടെന്നു ക്ഷോഭിക്കും, ശുണ്ഠിപിടിക്കും, ക്രൂരമായി പെരുമാറിയെന്നു വരാം. സ്ത്രീകൾ കൂടുതലും നാവുകൊണ്ടായിരിക്കാം മറ്റുള്ളവരെ പ്രഹരിക്കുന്നത്. മദ്യപന്മാരുടെ പെൺമക്കൾക്ക് ആൺമക്കളേക്കാൾ കൂടുതൽ മാനസികപ്രശ്നം ഉണ്ടാകും. മദ്യപിച്ചു സമനില തെറ്റിയ ചില പിതാക്കന്മാർ, പെൺമക്കളെ മകൾ എന്ന സ്ഥാനം മറന്നു, അനാശാസ്യമായി ഇടപെടാനും സാധ്യതയുണ്ട്. ആൺകുട്ടികൾ ചിലപ്പോൾ അപ്പനെപ്പോലെ മദ്യപനാകാം. ചിലപ്പോൾ അപ്പനെതിരായി ശക്തമായി പ്രതികരിക്കും. പെൺകുട്ടികൾ നിസ്സഹായരായി നൊമ്പരം ഉള്ളിലൊതുക്കി ജീവിക്കുന്നു. ഇത്തരം യുവതികൾ മഠത്തിൽ ചേർന്നാൽ സമൂഹത്തിൽ മറ്റുള്ളവരെ മുറിവേൽപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരായിരിക്കാം. വിവാഹിതരായാൽ, ഭർത്താവിനെ സ്നേഹിക്കാൻ കഴിയാത്തവരും കുടുംബത്തിൽ മറ്റുള്ളവരോടു സ്നേഹമായി പെരുമാറാൻ കഴിയാത്തവരുമായിത്തീരുന്നു.

www.malankaralibrary.com



വിവാഹാനന്തരം ഗർഭവതിയാകുന്ന യുവതിക്ക് കുടുംബത്തിൽ തികച്ചും സമാധാനപരവും, സന്തോഷപ്രദവുമായ അന്തരീക്ഷം ഉണ്ടായിരിക്കണം. ഈ അവസരം ഭർത്താവിൽ നിന്നോ, അമ്മയിൽ നിന്നോ, ഭർത്തൃസഹോദരികളിൽ നിന്നോ, മറ്റ് ഏതെങ്കിലും വ്യക്തികളിൽ നിന്നോ, ശാരീരികവും മാനസികവുമായ പീഡനം ലഭിച്ചാൽ അതു ഗർഭസ്ഥശിശുവിനു ദോഷകരമായി ബാധിക്കും. അമ്മയിൽ നിന്നും പ്രാണവായുവും രക്തവും ആഹാരവും സ്വീകരിച്ചു വളരുന്ന കുഞ്ഞ്, അമ്മയുടെ മാനസികാവസ്ഥ ആഗിരണം ചെയ്യും. ഇതു ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അമ്മ ഏൽക്കുന്ന പീഡനത്തിൽ എല്ലാം സഹിച്ച്, മനസ്സ് കൈപ്പും വെറുപ്പും നിറഞ്ഞു ജീവിക്കുമ്പോൾ, അമ്മയിലെ വെറുപ്പും നിഷേധാത്മസ്വഭാവവുമെല്ലാം കുഞ്ഞിലേയ്ക്ക് സംക്രമിക്കുന്നു. പരിശുദ്ധ മാതാവിന്റെ അഭിവാദനം കേട്ടനിമിഷം എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി (ലൂക്കാ 1:41) എന്നു വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ എന്താണ് സംഭവിച്ചത്? ഉദരത്തിൽ ഈശോയെ വഹിക്കുന്ന, പരിശുദ്ധാത്മാവു നിറഞ്ഞ അമ്മയുടെ സാന്നിദ്ധ്യം എലിസബത്തിലും ഉദരത്തിലെ ശിശുവിലും ആനന്ദത്തിന്റെ ചലനം സൃഷ്ടിച്ചു എന്നു മനസ്സിലാക്കാം.

പീഡനം മാത്രം ഏറ്റുവാങ്ങാനുള്ള നിർഭാഗ്യം ലഭിക്കുന്ന ഒരു യുവതി, പ്രസ്തുത വേദനയെ കർത്താവിനു സമർപ്പിച്ച്, സമാശ്വാസം കണ്ടെത്തുകയും ക്ഷമിക്കുകയും ചെയ്യാതെ, വെറുപ്പും പ്രതികാരവുമായി ജീവിച്ചാൽ ജനിക്കുന്ന കുഞ്ഞും വെറുപ്പിന്റെ വ്യക്തിയായിത്തീരാനുള്ള സാധ്യതയുണ്ട്. ഈ ശിശു പ്രായമാകുമ്പോൾ സ്നേഹം നൽകുവാനും സ്വീകരിക്കുവാനും അശക്തനായി (അശക്തയായി) തീരുന്നു. ആഴമായ സ്നേഹത്തിന്റെ പങ്കുവയ്ക്കലിനു കഴിവില്ലാത്ത വ്യക്തി കുടുംബത്തിലും സമൂഹത്തിലും പ്രശ്നം സൃഷ്ടിക്കും. സകലരെയും വേദനിപ്പിക്കുന്ന, മുറിവേൽപ്പിക്കുന്ന വ്യക്തിയായി തീരുന്നെങ്കിൽ അത്ഭുതപ്പെടേണ്ട. സാഡിസ്റ്റ് ആയി (മറ്റുള്ളവരെ വേദനിപ്പിച്ച് സന്തോഷിക്കുന്നവർ), ഗുണ്ടയായി, ഈ വ്യക്തി താളം തെറ്റുന്നെങ്കിൽ, വ്യക്തിയുടെ കുടുംബാംഗങ്ങൾക്കുള്ള പങ്ക് നിഷേധിക്കാവുന്നതല്ല. വിശുദ്ധമായ ചിന്തയും ജീവിതവുമുള്ള ഭാര്യാഭർത്താക്കന്മാർക്ക് ജനിക്കുന്ന കുട്ടി എല്ലാവിധത്തിലും നല്ല കുട്ടിയായിത്തീരും.

രണ്ടാമതായി, നമ്മുടെ മനോഭാവത്തിനു മാറ്റം വരുത്തണം. ക്ഷമയുടെ അരൂപി വളർത്തിയെടുക്കണം. ആരും എന്നെ വേദനിപ്പിക്കാൻ

www.malankaralibrary.com



ഇഷ്ടപ്പെടാത്തതുപോലെ ഞാനും ആരെയും ദ്രോഹിക്കരുത് എന്ന ബോധ്യം നമ്മെ ഭരിക്കണം. എന്നെ ശുണ്ഠി പിടിപ്പിക്കുന്ന വിഷയം, വേറെ ഒരാൾക്ക് പ്രശ്നമാകണമെന്നില്ല. അത് കാഴ്ചപ്പാടിന്റെ (attitude) വ്യത്യാസം മൂലമാണ്. നമുക്ക് വെളിയിലുള്ള സംഭവമല്ല, പ്രത്യുത നാം അതിനെ വിലയിരുത്തുന്നതിനനുസരിച്ച്, നന്മയോ തിന്മയോ ആയിത്തീരാം.

യശശ്ശരീരനായ സായിബാബയുടെ ഒരു പുസ്തകത്തിൽ വായിച്ചതോർക്കുന്നു. തലയിൽ ഇടതിങ്ങിയ ധാരാളം മുടിയുള്ള വ്യക്തിയാണ് അദ്ദേഹം. അദ്ദേഹം പറയുകയാണ്, “ആരെങ്കിലും എന്നെ മൊട്ടത്തലയാ എന്ന് വിളിച്ചാൽ ഞാൻ എന്തിനു ക്ഷോഭിക്കണം? കാരണം, മൊട്ടത്തലയനല്ലാത്ത എന്നെ അങ്ങനെ വിളിച്ചാൽ അതു ഞാനാണെന്ന് എന്തിനു വിചാരിക്കണം? എന്റെ തലയിൽ മുടി ഇല്ലാതെ ‘മൊട്ടത്തല’യാണെങ്കിൽ, ഒരാൾ എന്നെ ‘മൊട്ടത്തലയാ’ എന്നു വിളിച്ചാൽ ഞാൻ ക്ഷോഭിക്കേണ്ട കാര്യമില്ലല്ലൊ. കാരണം, എന്നെപ്പറ്റിയുള്ള ഒരു യാഥാർത്ഥ്യം ആ വ്യക്തി പറഞ്ഞുവെന്നുമാത്രം. അതു ഞാൻ അംഗീകരിക്കണമല്ലോ.” വസ്തുതകളെ ശാന്തതയോടെ വിലയിരുത്തുന്ന ആരോഗ്യകരമായ മനോഭാവം. ഇതാണ് മഹത്തുക്കളുടെ സർഗാത്മക മനോഭാവം! ശത്രുത വച്ചു പുലർത്തുക, കലഹം ഉണ്ടാക്കുക എന്നിവ ആണത്തത്തിന്റെ ലക്ഷണമായി ചിന്തിക്കുന്നവരുണ്ട്. ഇത് ആണത്തമല്ല. മനസ്സിന്റെ തികഞ്ഞ ദൗർബല്യം, ആത്മസംയമനക്കുറവ് വെളിപ്പെടുത്തുന്നതാണ്. ഭീഷണിയെ ഭീഷണികൊണ്ട് നേരിടുക അപക്വബുദ്ധിയുടെ ലക്ഷണമാണ്. സഹോദരങ്ങളുമായോ അൽപക്കക്കാരുമായോ എന്തെങ്കിലും ചെറിയ അഭിപ്രായഭിന്നത ഉണ്ടാകുമ്പോൾ ചില ഭാര്യമാർ ഭർത്താക്കന്മാരോടു പറയും, “നിങ്ങൾ ആണല്ലേ? പോയി അവളെ, അവനെ രണ്ടു പറയുക” എന്ന്. ഇതു ലോകത്തിന്റെ, തിന്മയുടെ ശൈലി. “കലഹക്കാരിയും കോപശീലക്കാരിയുമായ ഭാര്യയോടൊത്തു കഴിയുന്നതിനേക്കാൾ നല്ലത് മരുഭൂമിയിൽ ജീവിക്കുന്നതാണ്” (സുഭാ:21:19).

ലോകത്തിലെ മതസ്ഥാപകർ സഹോദരങ്ങളെ സ്നേഹിക്കുവാൻ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ശത്രുക്കളെ സ്നേഹിക്കുവാൻ ആദ്യമായി പറഞ്ഞതു യേശുക്രിസ്തുവാണ്. പറഞ്ഞതു മാത്രമല്ല, ശത്രുക്കളെ സ്നേഹിക്കുന്നതിന്റെയും ക്ഷമിക്കുന്നതിന്റെയും അത്യുദാത്തമാതൃക ജീവിതത്തിൽ കാണിച്ചുതന്നതും യേശുവാണ്. ഹൈന്ദവപുരാണത്തിൽ ഈശ്വരൻ ഓരോ യുഗത്തിലും അവതരിക്കുന്നതു ദുഷ്ടരെ

www.malankaralibrary.com



നിഗ്രഹിച്ചിട്ട് ശിഷ്ടരെ രക്ഷിക്കുവാനാണ്. അങ്ങനെ ഹിരണ്യക ശിപുവിനെ, രാവണനെ, കംസനെ എല്ലാം വധിച്ച സംഭവങ്ങൾ പുരാണങ്ങളിൽ കാണുന്നു. യേശുക്രിസ്തു ശത്രുക്കളെ കൊന്നില്ല. എന്നാൽ ശത്രുതയെ കൊന്നു. നാമും ശത്രുക്കളെയല്ല കൊല്ലേണ്ടത്. സ്നേഹിച്ച് ശത്രുതയെ ഇല്ലാതാക്കണം. യേശുക്രിസ്തുവിൽ നിന്ന് ചൈതന്യം ഉൾക്കൊണ്ട് ക്ഷമയുടെ അനേകം ജ്യോതിസ്സുകൾ പിന്നീട് ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ഉദാ: ജോൺ പോൾ രണ്ടാമൻ പാപ്പ, ഗാന്ധിജി, നെൽസൺ മണ്ടേല മുതലായവർ. ഏബ്രഹാം ലിങ്കൺ അമേരിക്കൻ പ്രസിഡന്റ് ആയപ്പോൾ തനിക്കെതിരായി പ്രവർത്തിക്കുന്നവരെപ്പറ്റി നല്ല കാര്യങ്ങൾ പറഞ്ഞു. ഇതുകേട്ട ഒരു സ്ത്രീ ചോദിച്ചു, ‘‘താങ്കൾ ശത്രുക്കളെ നശിപ്പിക്കുന്നതിനുപകരം, അവരെപ്പറ്റി നല്ലതാണോ പറയേണ്ടത്?’’ അദ്ദേഹം മറുപടി പറഞ്ഞത്: ‘‘ഞാൻ അവരെ എന്റെ സ്നേഹിതരാക്കുമ്പോൾ, ഞാൻ ശത്രുതയെ നശിപ്പിക്കുകയല്ലേ ചെയ്യുന്നത്?’’ മറ്റുള്ളവരോടു ക്ഷമിക്കുവാൻ കർത്താവു ഊന്നൽ കൊടുത്ത് പല തവണ പറഞ്ഞിട്ടുണ്ട്. നമ്മെ മുറിപ്പെടുത്തിയവരോടോ, മുറിപ്പെടുത്തിയെന്നു നാം വിചാരിക്കുന്ന വരോടോ, ഹൃദയംഗമമായി ക്ഷമിക്കുമ്പോൾ, നമുക്കാണ് സൗഖ്യം ലഭിക്കുന്നത്. ആന്തരിക സമാധാനവും സൗഖ്യവും മാത്രമല്ല, ചില പ്പോൾ, ചില ശാരീരികരോഗത്തിൽ നിന്നും വിമോചനവും ലഭിക്കും. കരിസ്മാറ്റിക് ധ്യാനങ്ങളിൽ സംബന്ധിച്ച് ആന്തരിക പരിവർത്തനം, ലഭിച്ച് ശത്രുക്കളോട് പൂർണ്ണമായി ക്ഷമിച്ച ചില വ്യക്തികൾക്ക് അപ്പോൾ തന്നെ ശാരീരിക രോഗം പൂർണ്ണമായി മാറിയ സംഭവങ്ങ ളുണ്ട്. പരമ പരിശുദ്ധനായ കർത്താവ് പീഡകൾ അതിന്റെ പരമകാ ഷ്ഠയിൽ സഹിക്കുന്ന നിമിഷം, തല്ലിച്ചതച്ച് മൂന്നു ആണികളിൽ ക്രൂശിക്കപ്പെട്ടപ്പോൾ, തനിക്ക് അവാച്യമായ പീഡ നൽകിയവർക്കുവേ ണ്ടി തന്റെ പിതാവിനോടു മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു. അവർ ചെയ്തത് ഹീനകൃത്യമാണ്. എങ്കിലും അവരെ രക്ഷിക്കാൻ കർത്താവ് പഴുതുനോക്കി. അവരുടെ അറിവില്ലായ്മയാണ് ഇത്തരം പീഡകൾ നൽകിയത് എന്ന കാരണം വച്ച് അവരോടു ക്ഷമിക്കണേ എന്നു പ്രാർത്ഥിക്കുന്നു. വേദനയുടെ തീക്കുണ്ഡത്തിൽ വെന്തുമരിക്കുന്ന സമയത്താണ് ഈ അപേക്ഷ പിതാവിനു സമർപ്പിച്ചത്. സാധാരണ മനുഷ്യബുദ്ധിക്കും യുക്തിക്കും മനസ്സിലാക്കാൻ സാധിക്കാത്ത സ്നേഹപ്രവാഹം, ക്ഷമാജ്യോതിസ്സ്. ഒരു ക്രൈസ്തവനെ സംബ ന്ധിച്ചിടത്തോളം ക്രൂശിതനാഥന്റെ മുഖത്തു നോക്കിയാൽ, ഞാൻ

www.malankaralibrary.com



എന്റെ സഹോദരനോടു ക്ഷമിക്കുകയില്ല എന്നു പറയാൻ പറ്റില്ല. എന്തുകൊണ്ട് നാം പലതും ക്ഷമിക്കുന്നില്ല, പൊറുക്കുന്നില്ല? നാം കർത്താവിന്റെ ഹൃദയത്തിനൊത്ത, വിളിക്കനുരൂപമായ ക്രിസ്ത്യാനി ആയിട്ടില്ല എന്ന ഉത്തരമേ അതിനുള്ളൂ.

യേശു സ്നേഹത്തിന്റെ വെളിപാടാണ്. ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിച്ചു. തന്നെ ക്രൂശിച്ചവനോട് ക്ഷമിച്ചു. അവരെ സ്നേഹിച്ചു.

സ്നേഹത്തിന്റെ അത്യുദാത്തമായ മാതൃക നല്ല സമരിയാക്കാരൻ എന്ന ഉപമയിലൂടെ വരച്ചുകാട്ടി. യഹൂദരും സമരിയാക്കാരും ശത്രുതയിലായിരുന്നു. യഹൂദരിലൊരുവന് ആപത്തുണ്ടായി വഴിയരികിൽ കാണുമ്പോൾ, ശത്രുത മറന്ന് അവനെ ശുശ്രൂഷിക്കുവാൻ സന്നദ്ധനാകുന്ന നല്ല സമരിയാക്കാരൻ യേശു തന്നെയാണ്.

നാം ആരോടെല്ലാം ക്ഷമിക്കണം? ആദ്യമായി ദൈവത്തോട്, നമ്മുടെ ജീവിതത്തിൽ നാം ആഗ്രഹിച്ച പലതും നടക്കാതെപോകയോ, പ്രതീക്ഷിക്കാത്ത രോഗമോ ആപത്തോ വരികയോ ചെയ്താൽ, ദൈവത്തോടു വെറുപ്പു തോന്നാം. ദൈവം ഈ കഷ്ടത എല്ലാം എനിക്ക് തന്നല്ലോ എന്ന നീരസം, വെറുപ്പ്. ഇതിന്റെ പേരിൽ പ്രാർത്ഥന, ആരാധനയിൽ സംബന്ധിക്കുക ഇവയെല്ലാം നിർത്തിയവരുണ്ട്.

തന്നോടുതന്നെ ക്ഷമിക്കണം. നമ്മിൽ ബലഹീനതകളും പാപങ്ങളും ഉണ്ടായിക്കാണും. അതിന്റെ പേരിൽ അഭിശപ്തരും ശാപമോക്ഷം കിട്ടാത്തവരുമായി ചിന്തിച്ച് സ്വയം വെറുക്കരുത്. ദൈവം എന്റെ പാപം ക്ഷമിച്ചു. ക്ഷമിക്കുന്ന നമ്മിലെ പഴയ പാപങ്ങൾ ഒരിക്കൽ ക്ഷമിച്ചാൽ ദൈവം അതു വീണ്ടും ചികഞ്ഞുപെറുക്കി എടുക്കുകയില്ല. ധൂർത്തപുത്രന്റെ വഴിപിഴച്ച ജീവിതത്തെപ്പറ്റി അപ്പൻ ചിന്തിച്ചില്ല. സ്വന്തം മകനായി സ്വീകരിച്ച് ആഘോഷിച്ചു. സ്വയം വെറുത്താൽ മറ്റുള്ളവരെ സ്നേഹിക്കാൻ നാം അശക്തരാകും. ദൈവം സ്നേഹിച്ച ഞാൻ വിലപ്പെട്ടവൻ എന്നു ചിന്തിക്കണം. ഞാൻ ഒരിക്കലും അഭിശപ്തനല്ല എന്ന ചിന്ത നമ്മെ ഭരിക്കണം.

മരിച്ചു പോയവരോട് — മാതാപിതാക്കൾ, ഭർത്താവ്, ഭാര്യ, സഹോദരങ്ങൾ ഇങ്ങനെ — ആരോടെങ്കിലും വിദ്വേഷം എന്തെങ്കിലും രൂപത്തിലുണ്ടെങ്കിൽ അവരോടു ക്ഷമിക്കണം. ജീവിക്കുന്നവരിൽ ആരോടെങ്കിലും ഉള്ളിൽ നീരസമോ, വെറുപ്പോ ഉണ്ടെങ്കിൽ അവരോടു ക്ഷമിക്കണം. പാടുള്ളിടത്തോളം സ്നേഹം നൽകാൻ ശ്രമി

www.malankaralibrary.com



ക്കണം. ഒരാളോടെങ്കിലും ക്ഷമിക്കാതിരുന്നാൽ, ആ വെറുപ്പ് നമ്മുടെ മനസ്സിനെ മലീമസമാക്കി നാം ഉദ്ദേശിക്കാത്തവരിലേക്കും ഈ വെറുപ്പിന്റെ മനോഭാവം, പെരുമാറ്റം സംക്രമിക്കുക ചെയ്യും. ക്ഷമിക്കുമ്പോൾ നമ്മുടെ ജീവിതം ധന്യമാകും. മറ്റുള്ളവരെ നന്മയിലേക്ക് വളർത്തും. കുടുംബത്തിൽ, സമൂഹത്തിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയുമായ ആന്ദോളനം അലയടിക്കും. ഈ വിഷയത്തെക്കുറിച്ച് തിരുക്കുറലിൽ തിരുവള്ളുവർ രേഖപ്പെടുത്തിയ രണ്ടു കുറൽ ഭാഗം കുറിക്കുന്നു.

‘‘തന്നോടു വൈരം പുലർത്തി നിരന്തരമായി ദ്രോഹങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവരോടുപോലും അത്തരം ദ്രോഹങ്ങൾ ചെയ്യാതിരിക്കുകയാണ് മഹാത്മാക്കളുടെ നിലപാട്" (കുറൾ 3:12).

‘‘ദ്രോഹം ചെയ്തവർക്ക് നൽകേണ്ട ശിക്ഷ എന്തെന്നാൽ അവർ ലജ്ജിക്കുന്ന തരത്തിൽ അവർക്ക് നന്മ ചെയ്ത് പരസ്പരം ചെയ്ത നന്മതിന്മകളെ ഉടൻ മറന്നേക്കുക എന്നതാണ്" (കുറൾ - 314).

## ക്ഷമിക്കേണ്ടതിന്റെ ആവശ്യകത ബൈബിൾ വചനവഴിയിലൂടെ

‘‘നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ, അതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗ്ഗത്തിലുള്ള പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും’’ (മർക്കോ:11:25).

‘‘ദൈവം ക്രിസ്തുവഴി നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങൾ പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ’’ (എഫേ:4:32).

‘‘ഒരാൾക്ക് മറ്റൊരാളോട് പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ചു സഹിഷ്ണുതയോടെ വർത്തിക്കുവിൻ’’ (കൊളോ: 3:13).

‘‘എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിക്കുവേണ്ടി ശ്രമിക്കുവിൻ. വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല’’ (ഹെബ്രാ:12:4). “എന്റെ ആത്മാവിൽ കയ്പു നിറഞ്ഞപ്പോൾ, എന്റെ ഹൃദയത്തിനു മുറിവേറ്റപ്പോൾ ഞാൻ മൂഢനും അജ്ഞനുമായിരുന്നു" (സങ്കീ:73:21).

‘‘അയൽക്കാരനോട് പക വച്ചു പുലർത്തുന്നവന് കർത്താവിൽ നിന്നു കരുണ പ്രതീക്ഷിക്കാമോ? തന്നെപ്പോലെയുള്ളവനോടു കരുണ

www.malankaralibrary.com



കാണിക്കാത്തവൻ പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതെങ്ങനെ? ജീവിതാന്ത്യം ഓർത്ത് ശത്രുത അവസാനിപ്പിക്കുക'' (പ്രഭാ: 28:3-4).

മിഖായേൽ മാലാഖയുമായി യുദ്ധം ചെയ്തു തോറ്റു ഭൂമിയിലേക്ക് എറിയപ്പെട്ട പിശാച് (വെളി:12:13) അരിശം കൊണ്ട് മനുഷ്യമക്കളെ എങ്ങനെ തകർക്കണം, എങ്ങനെ ദൈവത്തിനെതിരായി പ്രവർത്തിക്കണം എന്നുള്ള ചിന്തയിൽ ചുറ്റിനടക്കുന്നു (1 പത്രോ:5:8). പിശാച് നുണയനും കലാപം സൃഷ്ടിക്കുന്നവനുമാണ്.

സ്വന്തം ഹൃദയം അടിച്ചു വാരി വൃത്തിയാക്കി, അവിടെ സ്നേഹം തന്നെയായ ദൈവത്തെ പൂർണ്ണമായി പ്രതിഷ്ഠിച്ചില്ലെങ്കിൽ, ഇറങ്ങിപ്പോയ പിശാച് തന്നെക്കാൾ ദുഷ്ടരായ ഏഴു അശുദ്ധാത്മാക്കളെക്കൂടി കൊണ്ടുവന്ന് പോയ ഭവനത്തിൽ വാസമുറപ്പിക്കുന്നു (ലൂക്കാ. 11:24-26). ഇങ്ങനെ പിശാചിനെ കുടിയിരുത്തുന്ന ഹൃദയങ്ങളിലും ഭവനങ്ങളിലും നാടുകളിലും സ്പർദ്ധയും വിദ്വേഷവുംനിറഞ്ഞ് ജീവിതത്തെ അസമാധാനത്തിന്റെ കൂത്തരങ്ങാക്കിത്തീർക്കുന്നു. യഥാർത്ഥ സ്നേഹത്തിന്റെ പ്രത്യേകതകൾ എന്താണെന്ന് (1 കോറി:13-ൽ) ധന്യനായ പൗലോസ് ശ്ലീഹാ വിവരിക്കുന്നുണ്ട്. ഗലാത്യർ 5:19-26-ൽ ജഡത്തിന്റെ ചിന്തകളായ കലഹം, അസൂയ മുതലായവയും പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹത്തിന്റെ വിവിധ ഭാവങ്ങളും പ്രതിപാദിക്കുന്നുണ്ട്. ക്ഷണഭംഗുരമായ ജീവിതമാണ് നമ്മുടെ ജനിമൃതി സമയത്തിനിടയിലുള്ളത്. മനുഷ്യജന്മം സഫലമാക്കേണ്ടത്, പൈശാചിക ശക്തിക്ക് വിധേയമാകാതെ ദൈവകൃപയിൽ ജീവിച്ചുകൊണ്ടാണ്. സംഘർഷമല്ല, സഹകരണമാണ് വേണ്ടത്, ദ്വേഷവും ശത്രുതയുമല്ല സ്നേഹമാണ് നാം നൽകേണ്ടത്. ക്ഷമയാണ് പരിശീലിക്കേണ്ടത്. നാം പിശാചിന്റെ പ്രവൃത്തികൾ ചെയ്ത് ഈ ലോകം ദുരിതപൂർണ്ണമാക്കണമോ? അതോ ദൈവികപ്രവൃത്തികൾ ചെയ്ത് ലോകം ശോഭനമാക്കണമോ? ഓരോ വ്യക്തിയുമാണ് തീരുമാനമെടുക്കേണ്ടത്.

## ക്ഷമയുടെ ഉദാത്ത മാതൃക

ഒറീസ്സയിൽ അതിനിഷ്ഠൂരമായി തീയിൽ ചുട്ടുകൊല്ലപ്പെട്ട ആസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിന്റെ പത്നി ഗ്ലാഡിസ് തന്റെ ഭർത്താവിന്റെയും മക്കളുടെയും കൊലപാതകത്തിനുത്തരവാദികളാ

www.malankaralibrary.com



യവരോട് നിരുപാധികം ക്ഷമിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിവരം മാധ്യമങ്ങളിലൂടെ ലോകം ശ്രദ്ധിച്ചു. 1999-ൽ ഒറീസ്സയിൽ ഗ്രഹാം സ്റ്റെയിൻസും മക്കളായ ഫിലിപ്പ്, തിമോത്തി എന്നിവരും സഞ്ചരിച്ച വാഹനം തീ വച്ച് അവരെ ചുട്ടുകൊന്ന മതതീവ്രവാദികൾ നിയമത്തിന്റെ മുമ്പിൽ കുറ്റവാളികളാണ്. ആരോരുമില്ലാത്ത കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്ന മിഷനറി കുടുംബത്തോട് കാട്ടിയ ക്രൂരത ലോക മനഃസാക്ഷിയെത്തന്നെ ഞെട്ടിച്ച സംഭവമായിരുന്നു. എന്നാൽ ഗ്ലാഡിസിന്റെ ക്ഷമയുടെ വാർത്ത ഏതു കഠിനഹൃദയത്തെയാണ് സ്പർശിക്കാതിരിക്കുന്നത്. വിദ്വേഷം കൊണ്ട് നീറിപ്പുകയുന്ന ഹൃദയങ്ങളിൽ ക്ഷമയുടെ സാന്ത്വനംകൊണ്ട് ശാന്തിയുടെ സ്പന്ദനങ്ങൾ സ്ഫുരിപ്പിക്കുവാനായെങ്കിൽ ഈ ലോകം എത്രയും നന്നാകുമായിരുന്നു. ഗ്ലാഡിസിന്റെ ക്ഷമയുടെ പാഠങ്ങൾ നമുക്ക് അനുകരിക്കാനാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# അസൂയ

**''അസൂയ ശവക്കുഴി പോലെ ക്രൂരമാണ്'' (ഉത്ത: 8:6).**

അപരനുള്ള ഭാഗ്യത്തിൽ, അതു ശാരീരികമോ, മാനസികമോ, ആത്മീയമോ, സാമ്പത്തികമോ എന്തുമാകാം, എനിക്കതില്ലല്ലോ എന്ന മനസ്സിന്റെ ദുഃഖം, അതു സ്വന്തമാക്കാനുള്ള ആഗ്രഹം, ഇതു അസൂയയിൽ നിന്നുവരുന്നതാണ്. അസൂയ അഹങ്കാരത്തിൽ വേരുറപ്പിച്ചിരിക്കുന്നു. മറ്റുള്ളവർക്കുള്ള നന്മകൾ, ദൈവകൃപ വരെ, അനർഹമായതെല്ലാം ലഭിക്കാൻ ആഗ്രഹിച്ചുകൊണ്ട്, മനസ്സിൽ അതിനുള്ള വഴികൾ ഉറക്കമില്ലാത്ത രാവുകളിൽ മെനയുകയും ചെയ്യുന്നത് അസൂയാലുക്കളുടെ സ്വഭാവമാണ്. തനിക്ക് സംഭവിക്കുന്ന പരാജയങ്ങൾ, തകർച്ചകൾ ഒരാളെ കയ്പു നിറഞ്ഞതും, വെറുപ്പുള്ളതുമാക്കി, അപരന് എതിരായി പറയുക, പ്രവർത്തിക്കുക എല്ലാം അസൂയയിൽനിന്നും ഉത്ഭവിക്കുന്നു. മറ്റുള്ളവരെപ്പറ്റി ഏഷണി പറയുക, ഹീനമായ പരാമർശങ്ങൾ നടത്തുക ഇതെല്ലാം ഉള്ളിലെ അസൂയയുടെ ഫലമാണ്. അയൽപക്കത്തെ കുട്ടിക്ക് കൂടുതൽ മാർക്ക് കിട്ടിയെങ്കിൽ, മാർക്ക് കിട്ടാത്ത കുട്ടി പറഞ്ഞുണ്ടാക്കും, ''അതു കോപ്പിയടിച്ചാണ് കൂടുതൽ മാർക്ക് കിട്ടിയതെന്ന്.'' തന്നെക്കാൾ കൂടുതൽ സ്വത്ത് അയൽക്കാരനുണ്ടായാൽ, അത് അവിഹിതമാർഗ്ഗത്തിൽ കൂടി ഉണ്ടാക്കിയതാണെന്ന് ആരോപണം. ഇങ്ങനെ പല രൂപത്തിലുള്ള ആരോപണങ്ങൾ അസൂയയ്ക്ക് സ്വന്തമായുണ്ട്. അസൂയ ജഡത്തിന്റെ പ്രവൃത്തിയിൽപ്പെട്ടതാണ് (ഗലാ: 5:20). സ്വയം നശിപ്പിക്കുന്നതും മറ്റുള്ളവരെ നശിപ്പിക്കാൻ വഴിമരുന്നിടുന്നതുമായ ഹീന പാപമാണ് അസൂയ. ''പ്രശാന്തമായ മനസ്സ് ശരീരത്തിന് ഉന്മേഷം നൽകുന്നു. അസൂയ അസ്ഥികളെ ജീർണ്ണിപ്പിക്കുന്നു'' (സുഭാ: 14:30). ഒരാൾ അസൂയയെ താലോലിക്കുമ്പോൾ, നശീകരണ വികാരങ്ങളാൽ മനസ്സ് കലുഷിതമാകുന്നു. തന്റെ മനസ്സമാധാനം നശിക്കുകയും മറ്റുള്ളവരെ തകർക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. സഹപ്രവർത്തകനു ഉദ്യോഗക്കയറ്റം കിട്ടാതിരിക്കാൻ, ആ വ്യക്തിയെപ്പറ്റി ഇല്ലാത്ത ആരോ

www.malankaralibrary.com



പണങ്ങൾ മേലധികാരികളോടുപറഞ്ഞ്, കാര്യം നേടി എടുക്കുന്നു. ഇത് ലൗകിക മേഖലകളിൽ മാത്രമല്ല, ആത്മീയമെന്നു നാം ചിന്തിക്കുന്ന മേഖലകളിലും അസൂയ നിറഞ്ഞ്, അപരനെ വലിച്ചു താഴെ ഇടാൻ ശ്രമിക്കാറുണ്ട്. എവിടെയോ വായിച്ച ഒരു കഥ ഓർക്കുന്നു. കുറെ ഞണ്ടുകളെ കേരളത്തിൽനിന്നു ആസ്ത്രേലിയയിലേക്ക് കയറ്റുമതി ചെയ്തു. മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഞണ്ടുകളും ഉണ്ടായിരുന്നു. അതിൽ ഒരു 'കൂട' മാത്രം തുറന്നുവച്ചിരുന്നു. മറ്റുള്ളവ എല്ലാം ഭദ്രമായി അടച്ചിരുന്നു. ഒരാൾ അതിന്റെ ഉടമസ്ഥനോടു ചോദിച്ചു എന്താണ് ഒരു 'കൂട' തുറന്നുവച്ചിരിക്കുന്നത്? ഞണ്ടുകൾ പുറത്തുപോയി നഷ്ടപ്പെടുകയില്ലേ? ഉടമസ്ഥൻ പറഞ്ഞു, നഷ്ടപ്പെടുകയില്ല. അത് കേരളത്തിൽനിന്നു കൊണ്ടുവന്ന ഞണ്ടുകളാണ്. ഒരെണ്ണം കൂടയിൽ നിന്നു കയറാൻ ശ്രമിച്ചാൽ, മറ്റ് എല്ലാ ഞണ്ടുകളും കൂടി അതിനെ വലിച്ചു താഴെ ഇടും. നർമ്മരസം ഉള്ള ഒരു കഥയാണിത്, എങ്കിലും ഒരു സത്യം ഇതിൽ ഇല്ലെന്നു പറയുവാൻ പറ്റുമോ? ഒരാൾ ഗതിപിടിച്ചാൽ വലിച്ചു താഴെയിടുന്ന സ്വഭാവം ഭൂരിപക്ഷം ആളുകളുടെയും ഉള്ളിൽ വാസം ഉറപ്പിച്ചിരിക്കുന്നു. അസൂയ നമ്മിലുള്ള ഒരു ദുർമോഹമാണ്. "ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (യാക്കോ:1:14).

ദൈവവചനത്തിൽ അസൂയയെന്ന പാപത്തിനു അടിമകളായ പലരെക്കുറിച്ച് പ്രതിപാദിക്കുന്നു. അതു പല നിരപരാധികളെ കൊല്ലുവാനും, വലിയ ദുരന്തങ്ങൾ വിതയ്ക്കുവാനും ഇടയാക്കി. നിഷ്കളങ്കനായ ആബേലിനെ സ്വസഹോദരൻ കൊന്നത് അസൂയ മൂലമാണ്. ആബേൽ ഒരു കുറ്റവും ചെയ്തില്ല. ദൈവത്തിനു പ്രീതികരമായ ബലി അർപ്പിച്ചു, അതു മാത്രം. ഹൃദയശുദ്ധിയില്ലാതെ അർപ്പിച്ച കായേന്റെ ബലിയിൽ ദൈവം പ്രസാദിച്ചില്ല. ഹൃദയത്തിൽ തിന്മ നിറഞ്ഞവർക്ക് നന്മചെയ്യുന്ന മനുഷ്യരെ ഇഷ്ടമല്ല. നന്മ ആരിലെങ്കിലും വളരുന്നത്, അതു വേറെ ആളുകൾ അംഗീകരിക്കുന്നത് തിന്മയുടെ മനസ്സുമായി നടക്കുന്നവർക്ക് സഹിക്കാൻ പറ്റുകയില്ല. നന്മയെ ഏതു ഹീനമാർഗ്ഗത്തിൽ കൂടിയായാലും വകവരുത്തണം എന്ന ഒറ്റ ലക്ഷ്യമേ അവർക്കുള്ളൂ (ഉൽപ:4:8).

ഇസഹാക്ക് ഫിലിസ്ത്യരുടെ നാട്ടിൽ പോയകാലം, കൃഷി ചെയ്ത് വലിയ സമ്പന്നനായി. അതുകൊണ്ട് ഫിലിസ്ത്യർക്ക് അവനോടു അസൂയ തോന്നി എന്നു നാം വായിക്കുന്നു (ഉൽപ:26:12-14).

www.malankaralibrary.com



യാക്കോബിന്റെ പന്ത്രണ്ട് മക്കളിൽ റാഹേലിനു ജനിച്ച ജോസഫിനെ അപ്പൻ കൂടുതൽ സ്നേഹിച്ചു. ജോസഫ് ഒരു സ്വപ്നം കണ്ടു. സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും ജോസഫിനെ താണു വണങ്ങുന്നതായിരുന്നു സ്വപ്നം. സഹോദരങ്ങളേക്കാൾ ജോസഫ് വലിയവനാകുമോ എന്നുള്ള ചിന്ത അവരെ ഭാരപ്പെടുത്തി. ''സഹോദരന്മാർക്ക് അവനോടു അസൂയ തോന്നി'' (ഉൽപ:37:11). ഇവരുടെ അസൂയയുടെ ഫലം വചനത്തിൽ പിന്നീടുള്ള സംഭവഗതികൾ വിവരിക്കുന്നത്. സഹോദരങ്ങൾ ആടുമേയ്ക്കുന്ന സ്ഥലത്തു ജോസഫ് പോയപ്പോൾ അവനെ കൊല്ലാൻ ശ്രമിച്ചു. റൂബൻ ഇടപെട്ട് അവനെ കൊല്ലാതെ ഒരു കുഴിയിൽ തള്ളിയിട്ടു. ഇരുപതു വെള്ളിക്കാശിനു ജോസഫിനെ മിദിയാൻ കച്ചവടക്കാർക്ക് വിറ്റു. ഉദ്വേഗജനകമായ സംഭവങ്ങളാണ് പിന്നീട് അരങ്ങേറിയത്. കാട്ടുമൃഗം തിന്നു എന്ന് സഹോദരങ്ങൾ അപ്പനെ ധരിപ്പിച്ചു. ജോസഫിനു കഷ്ടതയുടെ കാലം, 12 വർഷം, ചെയ്യാത്ത കുറ്റത്തിനു ജയിൽവാസം, നിഷ്കളങ്കനായ ബാലനോടു കൂടി ദൈവം ഉണ്ടായിരുന്നു (ഉൽപ:39:2). ദൈവം അവനെ ഉയർത്തി. സഹോദരങ്ങൾ എല്ലാം വന്ന് അവനെ താണുവണങ്ങേണ്ട സാഹചര്യം വന്നു. അസൂയ മൂത്ത് സ്വന്തം രക്തത്തെ തള്ളിക്കളഞ്ഞ സംഭവം (ഉൽപ: 39-45 വരെ അദ്ധ്യായങ്ങൾ) രേഖപ്പെടുത്തിയിരിക്കുന്നു.

അടിമത്തത്തിന്റെ പടുകുഴിയിൽ നിന്നും കരകയറ്റിക്കൊണ്ടുവന്ന മോശയോടും അഹറോനോടും കോരഹിനും ദാത്താനും അബീറായിക്കും കടുത്ത അസൂയ. ''എല്ലാവരും വിശുദ്ധരാണ്. പിന്നെന്തിനാണ് നിങ്ങൾ നേതാക്കന്മാരായി ചമയുന്നത്'' (സംഖ്യ:16:3). മോശ ആളയച്ചു വിളിച്ചിട്ടുപോലും അവർ മോശയുടെ അടുത്തുവന്നില്ല. അത്ര ധിക്കാരമായി അവർ പെരുമാറി (സംഖ്യ:16:12). ഇവരുടെ പാപത്തിന്റെ ഫലം അതിഭയാനകമായിരുന്നു. ഭൂമി വാപിളർന്ന് കോരഹിനെയും അനുചരന്മാരെയും കുടുംബാംഗങ്ങളോടുകൂടെ വിഴുങ്ങിക്കളഞ്ഞു (സംഖ്യ:16:32).

പേർഷ്യൻ സാമ്രാജ്യത്തിൽ താമസിച്ചിരുന്ന യഹൂദരെ മുഴുവൻ നശിപ്പിക്കുവാൻ രാജാവിന്റെ ഉന്നത സ്ഥാനപതിയായ ഹാമാൻ പ്ലാൻ ചെയ്തു. മൊർദെക്കായി എന്ന യഹൂദൻ അന്തഃപുര വിചാരിപ്പുകാരനായിരുന്നു. ഹാമാൻ അസൂയയിൽ നിറഞ്ഞ് മൊർദെക്കായിയെ കൊല്ലാൻ അമ്പതു മുഴമുള്ള കഴുകുമരം ഉണ്ടാക്കി. വിവരം അറിഞ്ഞ യഹൂദവനിതയും രാജാവിന്റെ പത്നിയുമായ എസ്തേർ ഹാമാന്റെ പ്രതികാര സ്വഭാവത്തെ രാജാവിനെ അറിയിച്ചു. എസ്തേർ മൊർദെ

www.malankaralibrary.com



ക്കായിയുടെ ദത്തുപുത്രിയായിരുന്നു. അസൂയ നിമിത്തം മൊർദെക്കായിയെ വധിക്കാൻ ഉണ്ടാക്കിയ കഴുമരത്തിൽ ഹാമാൻ തൂക്കപ്പെട്ടു. അസൂയ സ്വയംകൃതനാശത്തിലേക്ക് വഴിതെളിക്കുന്നതാണ്.

അസൂയയുടെ തികഞ്ഞ ഒരു ചിത്രം സാമുവേലിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. ഇസ്രായേൽ ജനങ്ങൾക്ക് ഭീതിദായകനായിരുന്ന മല്ലൻ ഗോലിയാത്തിനെ കൊന്നശേഷം ദാവീദ് മടങ്ങിവരുമ്പോൾ ഇസ്രായേലിലെ സ്ത്രീകൾ ആടിപ്പാടി. ''സാവൂൾ ആയിരങ്ങളെ കൊന്നു, ദാവീദ് പതിനായിരങ്ങളെയും.'' സാവൂളിന് ഇത് ഇഷ്ടപ്പെട്ടില്ല. ദാവീദിനു കൂടുതൽ അംഗീകാരം ജനങ്ങൾ കൊടുത്തതിൽ സന്തോഷിക്കാൻ സാധിക്കാതെ അസൂയയാൽ ജ്വലിച്ച് ദാവീദിനെ വധിക്കുവാൻ പലതവണ സാവൂൾ ശ്രമിക്കുന്നതായി കാണാൻ സാധിക്കും. കർത്താവിന്റെ ആത്മാവ് ദാവീദിന് ഉണ്ടായിരുന്നതുകൊണ്ട് രക്ഷപ്പെട്ടു. സാവൂളിൽ ഒരു ദുരാത്മാവ് പ്രവേശിച്ച് വൈരാഗ്യം നിറഞ്ഞവനായിത്തീർന്നു (1 സാമു. 18:6-16).

'അസൂയ എന്നത് മറ്റുള്ളവരുടെ വസ്തുക്കൾ കാണുമ്പോഴുണ്ടാകുന്ന ദുഃഖവും അവയെ സ്വന്തമാക്കാനുള്ള ക്രമരഹിതമായ ആഗ്രഹവുമാണ്. അത് ഒരു മൗലിക പാപമാണ്' (No. 2253 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

മനുഷ്യഹൃദയങ്ങളിൽ നിന്ന് അസൂയയെ നിഷ്ക്കാസനം ചെയ്യണമെന്ന് പത്താം കല്പന ആവശ്യപ്പെടുന്നു. ഏറ്റവും നീചമായ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുവാൻ അസൂയയ്ക്ക് കഴിയും. "സാത്താന്റെ അസൂയയിലൂടെ മരണം ലോകത്തിൽ പ്രവേശിച്ചു" (ജ്ഞാനം 2:24).

'നാം പരസ്പരം യുദ്ധം ചെയ്യുന്നു. അസൂയ ഒരാളെ മറ്റൊരാൾക്കെതിരായി ആയുധമണിയിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തെ ഇളക്കുവാൻ ഓരോരുത്തരും പരിശ്രമിച്ചാൽ എന്താണ് അന്ത്യം? ക്രിസ്തുവിന്റെ ശരീരം നിർജ്ജീവമാകുന്നു. അതിലെ അംഗങ്ങളാണെന്നു നാം പ്രഖ്യാപിക്കുന്നു. എന്നിട്ടും വന്യമൃഗങ്ങളെപ്പോലെ പരസ്പരം കലഹിക്കുന്നു' (വി. ക്രിസോസ്റ്റോം).

''അസൂയ ദുഃഖത്തിന്റെ ഒരു രൂപവും തന്മൂലം സ്നേഹത്തിന്റെ നിഷേധവുമാണ്. അസൂയ മിക്കപ്പോഴും അഹങ്കാരത്തിൽ നിന്നുവരുന്നു. വിശുദ്ധ അഗസ്റ്റിനോസ് അസൂയയെ 'പൈശാചികപാപം' എന്ന നിലയിൽ കണ്ടു'' (No.2538,2539-40-കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

www.malankaralibrary.com



അസൂയയെപ്പറ്റി പ്രതിപാദിക്കുന്ന ചില ദൈവവചനങ്ങൾ ശ്രദ്ധി ക്കാം. ''ദുഷ്ടരെ കണ്ട് നീ അസ്വസ്ഥനാകേണ്ടാ. ദുഷ്ക്കർമ്മികളോട് അസൂയപ്പെടുകയും വേണ്ട'' (സങ്കീ:37:1).

''അക്രമികളുടെ വളർച്ചയിൽ അസൂയപ്പെടുകയോ അവന്റെ മാർഗ്ഗം അവലംബിക്കുകയോ അരുത്'' (സുഭാ: 3:31).

''പ്രശാന്തമായ മനസ്സ് ശരീരത്തിനു ഉന്മേഷം നൽകുന്നു. അസൂയ അസ്ഥികളെ ജീർണ്ണിപ്പിക്കുന്നു'' (സുഭാ: 14:30).

''നിന്റെ ഹൃദയം പാപികളെ നോക്കി അസൂയപ്പെടരുത്'' (സുഭാ: 27:17).

''സ്നേഹം അസൂയപ്പെടുന്നില്ല'' (1 കോറി: 13:4)

''നാം പരസ്പരം പ്രകോപിപ്പിക്കുന്നവരും അസൂയപ്പെടുന്നവരും ആകാതിരിക്കട്ടെ'' (ഗലാ:5:26).

''അസൂയ നിമിത്തമാണ് അവർ അവനെ (കർത്താവിനെ) ഏൽപ്പിച്ചത്'' (മത്താ:27:8).

''ക്രോധം വേഗം മൂഢനെ കൊല്ലുന്നു. അസൂയ സരളഹൃദയത്തെ നിഹനിക്കുന്നു'' (ജോബ് 5:2).

''പിശാചിന്റെ അസൂയ നിമിത്തം മരണം ലോകത്തിൽ പ്രവേ ശിച്ചു'' (ജ്ഞാനം 2:24).

''ഹീനമായ അസൂയയുമൊത്ത് ഞാൻ ചരിക്കുകയില്ല'' (ജ്ഞാ നം: 6:23).

''അസൂയാലുവിന്റെ കണ്ണ് കുടിലമാണ്'' (പ്രഭാ: 14:8).

''അസൂയയും കോപവും ജീവിതത്തെ വെട്ടിച്ചുരുക്കുന്നു'' (പ്ര ഭാ: 30:24).

''നിങ്ങളുടെ ഇടയിൽ അസൂയയും തർക്കവും നിലനിൽക്കു മ്പോൾ നിങ്ങൾ ജഡികരും സാധാരണക്കാരുമല്ലേ'' (1 കോറി: 3:3).

''എവിടെ അസൂയയും സ്വാർത്ഥമോഹവും ഉണ്ടോ, അവിടെ ക്രമക്കേടും എല്ലാ ദുഷ്ക്കർമ്മങ്ങളും ഉണ്ട്'' (യാക്കോ:3:16).

''അസൂയ ശവക്കുഴിപോലെ ക്രൂരമാണ്'' (ഉത്ത. 8:6).

ലോകം എല്ലാ തലത്തിലും എന്നെപ്പോലെയാണെങ്കിൽ എത്ര മാത്രം ശുഷ്കമായിരിക്കും എന്ന് ഓരോരുത്തരും ചിന്തിച്ചുനോക്കുക. സ്നേഹത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ വി.പൗലോസ് ശ്ലീഹാ വച നത്തിൽ പറയുന്നു, സ്നേഹം അസൂയപ്പെടുന്നില്ല (1 കോറി: 13:4). ഒരുവനിൽ സ്നേഹം നിറഞ്ഞുനിന്നാൽ, അവിടെ അസൂയയ്ക്ക്

www.malankaralibrary.com



സ്ഥാനമില്ല. മറ്റുള്ളവർ എന്നേക്കാൾ മെച്ചപ്പെട്ടവരായിരിക്കട്ടെ— സമ്പത്തിൽ, സ്ഥാനമാനങ്ങളിൽ. കൂടുതൽ ബുദ്ധിമാന്മാർ ഉണ്ടാകട്ടെ, കൂടുതൽ സുന്ദരന്മാരും സുന്ദരിമാരും ഉണ്ടാകട്ടെ. അങ്ങനെ ലോകം കൂടുതൽ തേജോമയമാകട്ടെ, സുഭഗത കൈവരിക്കട്ടെ, മനോജ്ഞമാകട്ടെ, അതിൽ ഞാൻ എന്തിനു അസൂയപ്പെടുന്നു? ഞാൻ അനുഭവിക്കുന്ന പല നല്ല കാര്യങ്ങളും മറ്റുള്ളവരുടെ നന്മയിൽ നിന്നും ത്യാഗത്തിൽ നിന്നും ലഭിച്ചിട്ടുള്ളതാണല്ലോ. ഒരാളുടെ വലിയ പ്രതിമ റോമിൽ ഒരു ഭാഗത്തു പ്രതിഷ്ഠിച്ചു. അദ്ദേഹത്തോട് അസൂയയുള്ള ഒരാൾ അവിടെ ഉണ്ടായിരുന്നു. ഈ പ്രതിമ തകർക്കുവാൻ പ്ലാൻ ചെയ്തു. രാത്രികാലങ്ങളിൽ ആരുടെയും സാന്നിദ്ധ്യം ഇല്ലാത്ത തക്കം നോക്കി പ്രതിമയുടെ ചുവട് കുറെശ്ശെ ചുരണ്ടിമാറ്റി. പലദിവസം ഇത് തുടർന്നു. ഒരു ദിവസം പ്രതിമയുടെ ചുവടു ചുരണ്ടിക്കൊണ്ടിരിക്കുമ്പോൾ പ്രതിമ നിലംപൊത്തി. വീണത് അതു നശിപ്പിക്കാൻ ചുരണ്ടിക്കൊണ്ടിരുന്ന ആളിന്റെ ദേഹത്തായിരുന്നു. അതിന്റെ വീഴ്ചയിൽ അമർന്ന് ആ വ്യക്തി മരിച്ചു. അസൂയ ഇതുപോലെ സ്വയം നശിപ്പിക്കുന്ന തിന്മയാണ്.

അസൂയയുടെ അസ്ത്രം ദാനിയേൽ പ്രവാചകന്റെ മേൽ വന്നു നിപതിക്കുന്നതു ദാനിയേലിന്റെ പുസ്തകം ആറാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബാബിലോണിൽ ദാനിയേൽ വസിക്കുമ്പോൾ ബൽഷാസർ രാജാവിനുശേഷം ദാരിയൂസിന്റെ ഭരണകാലം. ദാനിയേലിന്റെ സ്വഭാവമഹത്ത്വം മനസ്സിലാക്കിയ രാജാവ് രാജ്യം മുഴുവന്റെയും അധികാരിയായി ദാനിയേലിനെ നിയമിക്കാൻ ആലോചിച്ചു. ഇതിൽ അസൂയപൂണ്ട ദേശാധിപന്മാർ ഒന്നിച്ചുകൂടി. ദാനിയേലിൽ രാജദ്രോഹകുറ്റം ആരോപിക്കാൻ പഴുതുനോക്കി. രാജാവിനോടല്ലാതെ, വേറെ ഒരു ദേവന്മാരോടും പ്രാർത്ഥിക്കരുതെന്നൊരു കല്പന ദേശാധിപതികൾ രാജാവിനെക്കൊണ്ട് പുറപ്പെടുവിച്ചു. സത്യദൈവത്തെ ആരാധിക്കുന്ന ദാനിയേൽ, ഈ കല്പന സ്വീകരിച്ചില്ല. തന്മൂലം സിംഹക്കുഴിയിൽ എറിയപ്പെട്ടു. ദൈവം തന്റെ ദൂതന്മാരെ അയച്ച് സിംഹങ്ങളുടെ വായ് അടച്ചു. അസൂയയാകുന്ന മാരകവിഷം കുത്തിവച്ച് അപരനെ കൊല്ലാൻ ശ്രമിക്കുമ്പോഴും, ദൈവദാസർക്ക് വിടുതലിന്റെ മാർഗം ദൈവം എത്ര അത്ഭുതകരമായി ഒരുക്കുന്നു എന്ന് ദാനിയേലിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

അന്ത്യോക്യായിൽ ദൈവവചനം ശക്തമായി പഠിപ്പിച്ചുകൊണ്ടിരുന്ന പൗലോസിനെതിരായി യഹൂദർ അസൂയപൂണ്ട് പൗലോസി

www.malankaralibrary.com



നെയും സഹപ്രവർത്തകരെയും ആ നാട്ടിൽ നിന്ന് പുറത്താക്കുന്നു. “ജനക്കൂട്ടത്തെ കണ്ടപ്പോൾ യഹൂദർ അസൂയപൂണ്ട് പൗലോസ് പറഞ്ഞ കാര്യങ്ങളെ എതിർക്കുകയും അവനെ ദുഷിക്കുകയും ചെയ്തു” (അപ്പ: 13:45).

അസൂയ സ്നേഹത്തിന് നേരെ എതിരായ പ്രവണതയാണ്. കർത്താവിന്റെ ഭൗതികശരീരത്തിലെ അംഗങ്ങളായ ക്രൈസ്തവസഹോദരങ്ങൾ സ്നേഹത്തിൽ പരസ്പരം ബന്ധിതരായിരിക്കേണ്ടതാണ്. അവരുടെ ഇടയിൽ പലപ്പോഴും അസൂയ സംഹാരനൃത്തം ചെയ്യുന്നതുകാണാം. സ്നേഹം നന്മയിൽ സന്തോഷിക്കുന്നു. അസൂയ മറ്റുള്ളവരുടെ നന്മയിൽ വേദനിക്കുന്നു. മറ്റുള്ളവരുടെ സന്തോഷത്തിൽ മുറിവേറ്റ ഹൃദയവുമായി അസൂയ ജീവിക്കുന്നു. സ്നേഹം നൽകുന്നതിൽ സന്തോഷിക്കുന്നു. അസൂയ എല്ലാം എനിക്കുവേണം എന്നാഗ്രഹിക്കുന്നു. സ്നേഹം നിർമ്മിക്കുന്നു, അസൂയ നശിപ്പിക്കുന്നു; സ്നേഹം വളർത്തിയെടുക്കുന്നു, അസൂയ വലിച്ചുതാഴെയിടുന്നു. സ്നേഹം അപരന്റെ ആവശ്യങ്ങളിൽ സഹായിക്കുന്നു, വേദനിക്കുന്നവർക്ക് സാന്ത്വനതൈലമായി സ്നേഹം തീരുന്നു. സ്നേഹം തിന്മയെ നന്മയിലേക്ക് തിരിച്ചുവിടുന്നു, അസൂയ എല്ലാത്തിനെയും തിന്മയിലേക്ക് ചാലുകീറിവിടുന്നു.

ഒരാൾ സ്വർഗ്ഗത്തിൽ ചെന്നു. താഴേക്ക് നോക്കിയപ്പോൾ തന്റെ അമ്മ ശുദ്ധീകരണ സ്ഥലത്തു കിടക്കുന്നു. അമ്മയെക്കൂടി സ്വർഗ്ഗത്തിൽ കൊണ്ടുവരണമെന്നു നിർബന്ധം പിടിച്ചു. ഒടുവിൽ ഒരു മാലാഖയെ നിയോഗിച്ചു അമ്മയെ രക്ഷപ്പെടുത്താൻ. മാലാഖ ഈ അമ്മയെ സ്വർഗ്ഗത്തിലേക്ക് പതുക്കെ ഉയർത്തി. ശുദ്ധീകരണ സ്ഥലത്തു കിടന്ന ഒത്തിരിപ്പേർ  സ്വർഗത്തിലേക്ക് വരാൻ ഈ അമ്മയെ പിടിച്ചു, സ്വർഗത്തിന്റെ വാതുക്കൽ എത്താറായപ്പോൾ ഈ സ്ത്രീ നോക്കിയപ്പോൾ വേറെകുറെപ്പേർകൂടി രക്ഷപ്പെടുന്നു. അസൂയമൂത്ത് ഇതു സഹിക്കാൻ വയ്യാതെ, സ്ത്രീ ഇവരെ തൊഴിച്ച് താഴെയിട്ടു. ഉടനെ മാലാഖ ഈ സ്ത്രീയെ പിടിച്ചിരുന്ന പിടിവിട്ടു. സ്ത്രീ വീണ്ടും ശുദ്ധീകരണ സ്ഥലത്തു നിപതിച്ചു. ഇതൊരു കഥ. അസൂയനിറഞ്ഞ വ്യക്തി നിത്യജീവന് അവകാശിയാകുകയില്ല എന്നൊരു സന്ദേശം ഈ കഥയിലുണ്ട്.

അസൂയ സാമൂഹികജീവിതം വിഷലിപ്തമാക്കുന്നു. മക്കൾ അപ്പനെതിരായി, സഹോദരങ്ങൾ സഹോദരനെതിരായി, രാജ്യം രാജ്യത്തിനെതിരായി പ്രശ്നം സൃഷ്ടിക്കുന്നു.

www.malankaralibrary.com



ഏബ്രഹാം ലിങ്കൺ തന്റെ കൊച്ചുമക്കളുമായി തെരുവിൽകൂടി നടക്കുകയായിരുന്നു. രണ്ടു കുട്ടികളും കരയുകയാണ്. ഒരാൾ ലിങ്കനോടു ചോദിച്ചു, എന്താണ് കുട്ടികൾക്ക് പ്രശ്നം? ലിങ്കൺ മറുപടി പറഞ്ഞു: ''ലോകം മുഴുവനുമുള്ള പ്രശ്നം തന്നെ. എന്റെ കൈയിൽ മൂന്ന് വാൽനട്ട് പഴം ഉണ്ട്. ഓരോ കുട്ടിക്കും രണ്ട് പഴം വേണം. ഇതാണ് പ്രശ്നം.'' അസൂയയും അത്യാഗ്രഹവുമാണ് ലോക അസമാധാനത്തിനും യുദ്ധത്തിനും കാരണം. അസൂയയ്ക്ക് എതിരായി നാം സ്വീകരിക്കേണ്ട ചില മനോഭാവങ്ങൾ-

1. നമ്മുടെ ജീവിതത്തിന്റെ പ്രഥമ ഉദ്ദേശ്യം ആത്മാവിന്റെ രക്ഷയാണ്. ഭൗതികവസ്തുക്കൾ എല്ലാം തന്നെ ഇതിലേക്കുള്ള മാർഗം മാത്രമായിരിക്കണം. ''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും'' (മത്താ:6:33).

2. ദൈവേഷ്ടത്തിനു നമ്മെത്തന്നെ വിനയപൂർവ്വം സമർപ്പിക്കണം. ജീവിതത്തിൽ അസമത്വം, വ്യത്യസ്തത എന്നിവ ദൈവം അനുവദിക്കുന്നു. തിന്മപ്രവർത്തിക്കുന്നവർ ഭൗതികമായി തഴച്ചുവളരുന്നതും ദൈവം അനുവദിക്കുന്നു. മറ്റുള്ളവരുടെ ഉയർച്ചയിൽ കണ്ണും നട്ടിരിക്കാതെ, ദൈവം തന്നതിൽ സംതൃപ്തി കാണുക.

3. മറ്റുള്ളവരിൽ കാണുന്ന നല്ല ഗുണങ്ങൾ അനുകരിക്കാൻ ശ്രമിക്കുക, അതിനെക്കുറിച്ച് ആവലാതിപ്പെടരുത്. ആരോഗ്യകരമായ മത്സരം തെറ്റല്ല. അതു നമ്മിലുള്ള കഴിവുകളെ കുറെക്കൂടി വികസിപ്പിച്ചെടുക്കുവാൻ സഹായിക്കും.

4. നിങ്ങൾക്ക് അസൂയ തോന്നുന്ന വ്യക്തിയോടു സ്നേഹമായി പെരുമാറുവാൻ ശ്രമിക്കുക. സ്നേഹത്തിനു മാത്രമേ മനസ്സിലെ അസൂയയെ വേരോടെ പിഴുതുമാറ്റുവാൻ സാധിക്കൂ. അപരന് ബുദ്ധിമുട്ട്, അപകടം ഇവ സംഭവിക്കുമ്പോൾ സന്തോഷിക്കുന്ന മ്ലേച്ഛമായ മാനസികാവസ്ഥയെ ജയിക്കുവാൻ സ്നേഹത്തിനുള്ള ശക്തി അപാരമാണ്. ''സ്നേഹം അസൂയപ്പെടുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല'' (1 കോറി: 13:4-6).

യേശുക്രിസ്തുവിലുള്ള രക്ഷ പാപത്തിന്റെ ബന്ധനത്തിൽ നിന്നുള്ള വിടുതലാണ്. ''പാപം ചെയ്യുന്നവൻ, പാപത്തിന്റെ അടിമയാണ്'' (യോഹ: 8:39).

ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ പൈതലാണ്. മനുഷ്യൻ ഭാവനയിൽ കാണുന്നതിലധികമായി ദൈവം അവനുവേണ്ടി കരുതി

www.malankaralibrary.com



യിട്ടുണ്ട്. ''ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യ മനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല'' (1 കോറി: 2:9).

തന്റെ ഇല്ലായ്മയിൽ പരിതപിക്കുകയോ, മറ്റുള്ളവരിൽ ദൃഷ്ടി ഉറപ്പിച്ച് അസൂയപ്പെടുകയോ ചെയ്യാതെ ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ''നമ്മുടെ ജീവനായ ക്രിസ്തു പ്രത്യക്ഷപ്പെടുമ്പോൾ അവനോടുകൂടെ നിങ്ങളും മഹത്ത്വത്തിൽ പ്രത്യക്ഷപ്പെടും'' (കൊളോ: 3:4). ദൈവത്തിന്റെ സ്നേഹത്തിൽ വ്യാപരിക്കുന്നതിനു സ്നേഹത്തിൽ ജീവിക്കുകയാണ് വേണ്ടത്. ''സ്നേഹമാണ് സർവ്വോത്കൃഷ്ടം'' (1 കോറി: 13:13). മറ്റുള്ളവർ അനുഗ്രഹിക്കപ്പെടുമ്പോൾ, ഉയർത്തപ്പെടുമ്പോൾ, സന്തോഷിക്കുക. ദൈവത്തിനു പ്രീതികരവും സ്നേഹിതരെ നേടാനുള്ള വഴിയും അതാണ്. ''നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ. സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുവിൻ. കരയുന്നവരുടെകൂടെ കരയുവിൻ. നിങ്ങൾ അന്യോന്യം യോജിപ്പോടെ വർത്തിക്കുവിൻ'' (റോമാ: 12:14-16).

www.malankaralibrary.com

# അഹങ്കാരം

**"അഹങ്കാരം കർത്താവിനെയും മനുഷ്യരെയും വെറുപ്പിക്കുന്നു. പൊടിയും ചാരവുമായ മനുഷ്യന് അഹങ്കരിക്കാൻ എന്തുണ്ട്" (പ്രഭാ: 10:7,9)**

ലോകത്തിലെ സകല പ്രശ്നങ്ങളുടെയും ഉറവിടം അഹങ്കാരമാണ്. അഹങ്കാരിയായ മനുഷ്യനിലെ അഹം (Ego) എന്ന ഭാവം, വിനയം നഷ്ടപ്പെട്ട്, സ്വയത്തെപ്പറ്റി മാത്രം ചിന്തിച്ച്, തന്റെ സ്വാർത്ഥതയ്ക്കു വേണ്ടി മറ്റുള്ളവരെ കരുക്കളാക്കി ജീവിതം നയിക്കുന്നു. അഹങ്കാരമുള്ള മനുഷ്യന്റെ ചിന്താ-പ്രവർത്തന മണ്ഡലങ്ങളിലെല്ലാം അവനിലെ ഈഗോ മുഴച്ചുനിൽക്കുന്നു. ഞാൻ, എന്റേത് എന്ന കേന്ദ്രബിന്ദുവിന്റെ ചുറ്റുമുള്ള ഭ്രമണപാത മാത്രമേ അഹങ്കാരിക്കുള്ളു. വളരെ വിനാശകരമായ ഫലങ്ങൾ ഉളവാക്കുവാൻ അഹങ്കാരത്തിനു കഴിയും. സകല ചീത്തഗുണങ്ങളും അഹങ്കാരിയിൽനിന്ന് ഉടലെടുക്കുന്നു. മനുഷ്യന്റെ ഹൃദയകോവിലിലെ കേന്ദ്രബിന്ദു ദൈവമായിരിക്കണം. എങ്കിലേ അഹങ്കാരചിന്ത വെടിഞ്ഞ് വിനയാന്വിതനാകാൻ കഴിയൂ.

അഹങ്കാരം ആത്മപൂജയാണ്, തന്നെത്താൻ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുന്നതാണ്. ഒരാൾ സ്വയം ഉയർത്തിയാൽ എത്രത്തോളം, എത്ര നേരത്തേക്ക് ഉയർന്നുനിൽക്കുവാൻ സാധിക്കും? ദൈവം ഉയർത്തിയാൽ ഉയരത്തിനു പരിധിയില്ല, സമയപരിധിയുമില്ല. ദൈവം ഉയർത്താൻ നാം എളിമയുള്ളവരായിരിക്കണം. ദാസനാകുമ്പോഴാണ് വലിയവനാകുന്നത്. സ്വയം വളർത്തുന്നവനല്ല, മറ്റുള്ളവരെ വളർത്തുന്നവനാണ് വലിയവൻ.

നമ്മിൽ രണ്ട് അവസ്ഥകൾ ഉണ്ട്— ഒന്ന് ദൈവം സൃഷ്ടിച്ച ദൈവചൈതന്യമുള്ളത്. രണ്ടാമത്തേത് നാം നമ്മിൽ രൂപപ്പെടുത്തിയ Ego- ഞാൻ എന്ന ഭാവം. ഈഗോയിൽ രണ്ടു ഭാവങ്ങളുണ്ട്—മറ്റുള്ളവരുടെ മുമ്പിൽ കാണിക്കുന്ന, അഭിനയിക്കുന്ന ഭാവവും നമ്മിലുള്ള യഥാർത്ഥഭാവവും. വെളിയിൽ മാന്യൻ, ഉള്ളിന്റെ ഉള്ളറയിൽ വക്രത നിറഞ്ഞ മനുഷ്യൻ. തിന്മകൾ എല്ലാം ഈ ഭാവാവസ്ഥയിൽ നിന്നു

www.malankaralibrary.com



പുറപ്പെടുന്നു. ഇവിടെ ദൈവത്തിനു സ്ഥാനമില്ല. ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നവരിലും ക്രിസ്ത്യാനികളിൽ പലരിലും, മറ്റുള്ളവർക്ക് അറിയാത്ത, അജ്ഞാതമേഖലയുണ്ട്. അഹന്തയുടെ, അഹംഭാവത്തിന്റെ മേഖല. നിരീശ്വരന്, എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു അവൻ മാത്രം. അവനു വെളിയിലായി വിധേയത്വം കാണിക്കുവാൻ, അനുസരിക്കുവാൻ, വേറെ മാർഗരേഖകൾ ഇല്ല. ദൈവവിശ്വാസിക്ക് അവന്റെ പ്രവർത്തനത്തെ അളക്കുവാൻ, ദൈവം വരച്ച ചില രേഖകളുണ്ട്. എവിടെ പിശകുപറ്റി എന്നറിയുവാൻ, ഈ മാർഗരേഖകളുമായി ഒത്തു നോക്കിയാൽ മതി. സന്മാർഗം എന്നൊന്നില്ലെന്നു പറയുന്നതും സന്മാർഗം വെറും ആപേക്ഷികം (relative) എന്നും പറയുന്നതും വിശുദ്ധി തന്നെയായ ദൈവത്തെയും ദൈവനിയമത്തെയും ഹൃദയത്തിൽ നിന്നും നിഷ്ക്കാസനം ചെയ്തതിന്റെ ഫലമാണ്.

അഹങ്കാരത്തിനു പല മുഖങ്ങളുണ്ട്. വ്യക്തിപോലും അവൻ പറയുന്നതും പ്രവർത്തിക്കുന്നതും അവനിലെ ഈഗോയിൽ നിന്നാണെന്നു മനസ്സിലാകാത്ത രീതിയിൽ പൊയ്മുഖമണിഞ്ഞിരിക്കുന്നു. എല്ലാ മനുഷ്യരിലും കൂടിയോ കുറഞ്ഞോ അഹങ്കാരമുണ്ട്. ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നവരിലും യേശുവിനെ രക്ഷകനായി സ്വീകരിച്ചു എന്നുപറയുന്നവരിലും അഹങ്കാരം തലപൊക്കാം. ഹൃദയത്തിൽ പൂർണ്ണമായി ദൈവനിറവുള്ള വ്യക്തികൾക്കുമാത്രമേ, ഒന്നിനെപ്പറ്റിയും അഹങ്കരിക്കാതെ, എളിമയുള്ളവരായിത്തീരാൻ സാധിക്കൂ. ചരിത്രത്തിൽ പല വിശുദ്ധരും ഇപ്രകാരമുള്ളവരായിരുന്നു. ഇതിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസി എടുത്തു പറയേണ്ട ആളാണ്.

ഞാൻ എന്ന ഭാവം നിറഞ്ഞുനിൽക്കുമ്പോൾ നാം മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കാൻ താൽപര്യം കാണിക്കും. അതേ കുറ്റം നാം ചെയ്താൽ അതിനെ നീതീകരിക്കും. മറ്റുള്ളവരോടു ഈഗോഭാവമുള്ള ആൾ തിന്മ ചെയ്യും. എന്നിട്ട് അതിൽ കുറ്റബോധമില്ലാതെ നടക്കും, മറ്റുള്ളവരെ വെറുക്കും, അത് എന്റെ ഭക്തി തീക്ഷ്ണത കൊണ്ടെന്നു ചിന്തിക്കും. സ്വന്തം കാര്യം നേടി എടുക്കാൻ മറ്റുള്ളവരെ പുകഴ്ത്തിപ്പറയും, ഒരു ആത്മാർത്ഥതയുമില്ലാതെ. അതിനെ 'സ്നേഹം' എന്നു വിളിക്കും. നാം മറ്റുള്ളവരോടു കള്ളം പറയും. അതൊരു നയ (Tact)മാണെന്നു പറഞ്ഞു സമാധാനിക്കും. ദൈവത്തിന്റെ കാര്യം, അവകാശങ്ങൾ പൊതുവിൽ പറയുവാൻ മടി കാണിച്ചിട്ട് പറയും, അതു ഞാൻ വിവേകമായി പ്രവർത്തിച്ചതാണെന്ന്. മറ്റുള്ളവരെ പലതിൽ നിന്നു

www.malankaralibrary.com



ചവിട്ടി പുറത്താക്കിയിട്ട്, അതു എന്റെ അവകാശം സംരക്ഷിച്ചതാണെന്നു പ്രഖ്യാപിക്കും. മറ്റുള്ളവരെ വിധിച്ചിട്ട് പറയും ഞാൻ യാഥാർത്ഥ്യത്തെ പുറത്തു കൊണ്ടുവന്നതാണെന്ന്. നാം പാപജീവിതം ഉപേക്ഷിക്കാൻ തയ്യാറാകാതെ അത് ഉപേക്ഷിക്കുന്നവരെ രക്ഷപെടാൻ ശ്രമിച്ചവർ, കള്ള ഭക്തർ എന്ന് മുദ്രകുത്തും. നാം ക്രമത്തിലധികമായി ആഹാരം കഴിക്കുകയും സുഖഭക്ഷണത്തിനായി ആർത്തി കാണിക്കുകയും ചെയ്തിട്ട് സമാധാനിക്കും, ഞാൻ എന്റെ ആരോഗ്യം നോക്കിയതാണെന്ന്. പണം ഏതു മാർഗ്ഗത്തിൽകൂടിയും സമ്പാദിച്ച്, കുന്നുകൂട്ടിയിട്ടു പറയും അതു എന്റെ സുരക്ഷിതത്വം ഉറപ്പാക്കാൻ ചെയ്തതാണെന്ന്. മറ്റുള്ളവർ സ്വത്ത് സമ്പാദിക്കുന്നതിനെ വിമർശിച്ചിട്ട് പറയും, ഞാൻ പാവപ്പെട്ടവരുടെയും മർദ്ദിതരുടെയും രക്ഷകനാണെന്ന്. നമ്മേക്കാൾ കൂടുതൽ വഷളായവരെ കണ്ടിട്ട്, ഞാൻ പുണ്യവാനാണെന്നു കരുതും. മറ്റുള്ളവരിൽ നിന്ന് സ്നേഹം ലഭിക്കണം എന്നു നിർബന്ധം. എന്നാൽ, മറ്റുള്ളവർക്ക് സ്നേഹം കൊടുക്കാൻ വിമുഖത കാണിക്കുന്നു. പണം സമ്പാദിച്ചു കൂട്ടിയിട്ട്, വലിയ മാളിക പണിതിട്ട്, വിലകൂടിയ കാർ വാങ്ങിയിട്ട്, എനിക്ക് അതിന്റെ പേരിൽ വിലയും മഹത്ത്വവുമുണ്ടെന്ന് വിചാരിക്കുന്നു. മറ്റുള്ളവരെ അനീതിയായി വിമർശിച്ചിട്ട്, അവർ എന്തുകൊണ്ടാണ് സത്യം അറിഞ്ഞു ചെയ്യാതിരുന്നത്, അതുകൊണ്ടാണ് ഞാൻ ഉള്ളതു ഉള്ളതുപോലെ പറഞ്ഞത് എന്നു പറയും. ഒരു വ്യക്തിയിൽ, Ego (ഞാൻ എന്ന ഭാവം) നിറഞ്ഞുനിന്നാൽ, സംസാര, പെരുമാറ്റ രീതികൾ മുകളിൽ സൂചിപ്പിച്ചതുപോലെയായിരിക്കും.

സ്വത്വത്തിലേക്ക് തിരിയാതെ ദൈവത്തിലേക്ക് തിരിയുന്ന വ്യക്തിക്കുമാത്രമേ, അഹങ്കാരത്തിൽ നിന്നു വിടുതൽ ലഭിച്ച്, വിനയപ്പെടാൻ സാധിക്കൂ. ഞാൻ എന്ന വ്യക്തി, എത്ര അത്ഭുതാവഹമായ സൃഷ്ടിയാണ്. ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ബുദ്ധിയും ശക്തിയും നൽകി ഇതാണ് മനുഷ്യനുള്ള മഹത്ത്വം. ഭാര്യയിൽ നിന്നും ഭർത്താവിൽ നിന്നുമുള്ള അതിസൂക്ഷ്മകോശങ്ങളിൽ നിന്നും ഒരു ശിശു ജനിക്കുന്നു. സ്ത്രീയിൽ നിന്നും പുരുഷനിൽ നിന്നുമുള്ള X,Y ക്രോമോസോം യോജിച്ച് ഭ്രൂണമായി, ആണോ പെണ്ണോ ആയി ഗർഭാശയത്തിൽ വളർച്ച തുടങ്ങുന്നു. ഒരു വ്യക്തിയുടെ ജനിതകഘടകങ്ങൾ എല്ലാം ക്രോമോസോമിലുണ്ട്. കോടിക്കണക്കിനു കോശങ്ങളായി വളർന്ന്, പൂർണ്ണത വന്ന ശിശു ലോകത്തിൽ പിറന്നുവീഴുന്നു. മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളെയും നിയ

www.malankaralibrary.com



ന്ത്രിക്കുന്ന തലച്ചോർ (ഏറ്റവും അത്ഭുതാവഹമായ കമ്പ്യൂട്ടർ) മുതൽ ശരീരത്തിനുവേണ്ട എല്ലാ അവയവങ്ങളും യഥാസ്ഥാനത്തു ക്രമീകരിച്ചിരിക്കുന്നു. ലോകത്തിലെ സകല കണ്ടുപിടിത്തത്തിന്റെയും പുരോഗതിയുടെയും കാരണം, ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനാണ്. ഒരു മൃഗവും ഇതുവരെ ഒന്നും കണ്ടുപിടിച്ചിട്ടില്ല. അവയുടെ ജന്മവാസന (instinct) അനുസരിച്ച് ജീവിക്കുന്നു എന്നു മാത്രം. "മനുഷ്യനെ ദൈവദൂതന്മാരേക്കാൾ അൽപം മാത്രം താഴ്ത്തി സൃഷ്ടിച്ചു. മഹത്ത്വവും ബഹുമാനവും കൊണ്ട് മകുടമണിയിച്ചു" (സങ്കീ:8:5) എന്ന് ദൈവവചനം പറയുന്നു. എന്നിലുള്ളതും എന്റെ ജീവനും ദൈവം തന്നതുമാത്രമാണ് എന്ന് സ്വയം ചിന്തിക്കുന്ന മനുഷ്യനു ദൈവത്തെയോ സഹജീവികളെയോ നിന്ദിക്കുവാൻ സാധിക്കുകയില്ല, അഹങ്കരിക്കുവാൻ സാധ്യതയില്ല. സ്രഷ്ടാവും ദാതാവുമായ ദൈവത്തിന്റെ അസ്തിത്വവും സാന്നിദ്ധ്യവും മറന്നു കഴിയുമ്പോൾ, മനുഷ്യൻ തിന്മകൾ ചെയ്യുവാൻ, അഹങ്കരിക്കുവാൻ, തുടങ്ങുന്നു. ഇങ്ങനെ ദൈവത്തിനു നിരക്കാത്ത തിന്മകൾ പ്രവർത്തിക്കുന്നവർ ആത്മീയഗോളത്തിൽ എന്നു വിചാരിക്കുന്നവരിലും ഉണ്ട്. തിന്മ പെരുകുമ്പോഴുള്ള അവസ്ഥയെപ്പറ്റി ദൈവവചനം മുന്നിറിയിപ്പു നൽകുന്നു. "സ്വാർത്ഥസ്നേഹികളും ധനമോഹികളും അഹങ്കാരികളും ഗർവ്വിഷ്ഠരും ദൈവദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും കൃതഘ്നരും വിശുദ്ധി ഇല്ലാത്ത മനുഷ്യരുണ്ടാകും. അവർ മനുഷ്യത്വമില്ലാത്തവരും ഒന്നിനും വഴങ്ങാത്തവരും അപവാദം പറയുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും ക്രൂരന്മാരും നന്മയെ വെറുക്കുന്നവരും വഞ്ചകരും എടുത്തുചാട്ടക്കാരും അഹന്തയുള്ളവരും ദൈവത്തെ സ്നേഹിക്കുന്നതിനുപകരം സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരുമായിരിക്കും" (2 തിമോ: 3:2-4). അഹങ്കാരവും അതിന്റെ തുടർച്ചയായ എല്ലാ തിന്മകളും ആരംഭം കുറിച്ചത് ഒരു ഗണം മാലാഖമാരിൽ നിന്നാണെന്നു തിരുവചനം പറയുന്നു. സ്വയത്തെ ഊതിവീർപ്പിച്ചു വലുതാക്കി, ദൈവത്തെപ്പോലെയാകാനുള്ള ശ്രമം അഹങ്കാരത്തിലുണ്ട്.

ലൂസിഫർ എന്ന മാലാഖ (ലൂസിഫർ എന്നതിന്റെ അർത്ഥം പ്രകാശം വഹിക്കുന്നവൻ, ഉള്ളവൻ എന്നെല്ലാമാണ്) ഒരിക്കൽ പറഞ്ഞു; "ഞാൻ സ്വർഗ്ഗത്തിലേക്ക് കയറും. ഉന്നതങ്ങളിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും. ഉത്തരദിക്കിന്റെ അതിർത്തിയിലെ സമാഗമപർവ്വതത്തിന്റെ മുകളിൽ ഞാനിരിക്കും. ഉന്നതമായ മേഘങ്ങൾക്കുമീതെ ഞാൻ കയറും, ഞാൻ അത്യു

www.malankaralibrary.com



ന്നതനെപ്പോലെയാകും. എന്നാൽ നീ പാതാളത്തിന്റെ അഗാധഗർത്ത ത്തിലേക്ക് തള്ളിയിടപ്പെട്ടിരിക്കുന്നു'' (ഏശയ്യാ:14:13–15). വീണ്ടും നാം വെളിപാട് പുസ്തകത്തിൽ വായിക്കുന്നു, ''സ്വർഗത്തിൽ ഒരു യുദ്ധ മുണ്ടായി. മിഖായേലും അവന്റെ ദൂതന്മാരും സർപ്പത്തോടു പോരാടി, സർപ്പവും അവന്റെ ദൂതന്മാരും എതിർത്തു യുദ്ധം ചെയ്തു. എന്നാൽ അവർ പരാജിതരായി. അതോടെ സ്വർഗ്ഗത്തിൽ അവർക്ക് ഇടമില്ലാ തായി. ആ വലിയ സർപ്പം സർവ്വലോകത്തെയും വഞ്ചിക്കുന്ന സാ ത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന ആ പുരാതനസർപ്പം ഭൂമിയിലേക്ക് വലിച്ചെറിയപ്പെട്ടു. അവനോടുകൂടി അവന്റെ ദൂതന്മാ രും. ഭൂമിയേ, സമുദ്രമേ, നിങ്ങൾക്ക് ദുരിതം. അരിശം കൊണ്ട് പിശാച് നിങ്ങളുടെ അടുത്തേക്ക് ഇറങ്ങിയിട്ടുണ്ട്. യേശുവിനു സാക്ഷ്യം വഹി ക്കുന്നവരുമായി അവരുടെ സന്താനങ്ങളിൽ ശേഷിച്ചിരുന്നവരോട് യുദ്ധം ചെയ്യാൻ അതു പുറപ്പെട്ടു'' (വെളി: 12:7–9, 12,18). പ്രകാശത്തി ന്റെ പുത്രൻ അന്ധകാരത്തിന്റെ പുത്രനായെന്നും, അതാണ് പിശാച് എന്നും തിരുവചനം പഠിപ്പിക്കുന്നു. ദൈവമാകാൻ ശ്രമിച്ച പിശാചു പുറംതള്ളപ്പെട്ടപ്പോൾ, ദൈവത്തോട് വൈരാഗ്യം തീർക്കാൻ, ദൈവ ത്തിന്റെ മക്കളെ ദൈവത്തിൽ നിന്ന് അകറ്റാൻ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അതായത് പാപം ചെയ്യിച്ച് ദൈവതേജസ്സ് നഷ്ട പ്പെടുത്തുന്നു. എല്ലാ പാപത്തിലും അഹങ്കാരവും, ദൈവത്തെ മാറ്റി നിറുത്തിയിട്ട്, ദൈവം ആകാനുള്ള ശ്രമവും ഉള്ളിന്റെ ഉള്ളിലുണ്ട്. ഹവ്വായോടു പിശാചു പറഞ്ഞത് ''തോട്ടത്തിന്റെ നടുവിലുള്ള മരത്തി ന്റെ ഫലം തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം'' (ഉൽപ:3:4,5) എന്നാണ്. ഈ തന്ത്രമാണ് പിശാച് ഇന്നും നമ്മോട്, മനുഷ്യരോട്, പറഞ്ഞ് പാപം ചെയ്യിപ്പിക്കുന്നത്. അതു ചെയ്യരുത് ഇതു ചെയ്യരുത് എന്നു തിരുസഭ പറയുന്ന പഴഞ്ച നായ, കാലോചിതമല്ലാത്ത നിയമമെല്ലാം കാറ്റിൽ പറത്തുക. നീ സ്വാ തന്ത്ര്യമുള്ളവനാണ്, ഇഷ്ടമുള്ളതു ചെയ്യുക, കണ്ണിനു കൗതുകവും ആസ്വാദ്യകരവുമായതെല്ലാം ചെയ്യുക, നീ പുരുഷനാണെന്നു തെളി യിക്കുക, നീ ആധുനികവനിതയാണെന്ന് കാണിക്കുക, സ്വതന്ത്രമായി വിലസുക, നീ ദൈവത്തെപ്പോലെയാകും. ഇതാണ് ഇന്ന് ക്രിസ്തീ യമക്കളോടും പിശാചു പറയുന്നത്. ''ശരിയാണെന്നു തോന്നുന്ന വഴി കൾ ചിലപ്പോൾ മരണത്തിലേക്ക് നയിക്കുന്നതാവാം'' (സുഭാ: 14:12).

www.malankaralibrary.com



ഏതെങ്കിലും അഹങ്കാരചിന്ത, വ്യക്തിയെ മാത്രമല്ല, ഒരു കുടുംബത്തെയോ, ജാതിയെയോ, വർഗ്ഗത്തെയോ, ഭാഷാസമൂഹത്തെയോ ബാധിക്കാം. ഇതിന്റെ പേരിൽ ശാശ്വതമായ വൈരാഗ്യം, ശത്രുത, കൊലപാതകം, യുദ്ധം തുടങ്ങിയവ നടക്കുന്നു. അഹങ്കാരം മൂത്ത് വ്യക്തിയെയും സമൂഹത്തെയും പുച്ഛിക്കുക, താഴ്ത്തിക്കെട്ടുക, അടിച്ചമർത്തുക, കൊല്ലുക, ഇത്യാദി തിന്മകൾ പ്രവർത്തിക്കുന്നു. ചരിത്രം തുടങ്ങുന്ന കാലം മുതൽ ഇത്തരം പകയും യുദ്ധവും നടന്നിട്ടുണ്ട്. വെള്ളക്കാർ കറുത്ത മനുഷ്യരേക്കാൾ മികച്ചവരാണ്, ഒരു ഭാഷ മറ്റു ഭാഷയേക്കാൾ മെച്ചമാണ് എന്ന ചിന്ത, അതിന്റെ പേരിൽ, പകയും കലഹവും. ബ്രാഹ്മണർ ബ്രഹ്മാവിൽ നിന്നുള്ളവർ, ശൂദ്രർ താണജാതിക്കാർ, ബ്രാഹ്മണന്റെ മുറ്റത്തുപോലും കയറാൻ യോഗ്യത ഇല്ലാത്തവർ ഇങ്ങനെ എത്ര എത്ര അഹങ്കാരചിന്താഗതികൾ സമൂഹത്തിൽ അടിച്ചമർത്തലിന്റെയും അനീതിയുടെയും വിഷവിത്ത് വിതച്ചിട്ടുണ്ട്. ക്രിസ്തീയസമൂഹത്തിൽ പലരിലും ഈ അഹങ്കാര ചിന്താഗതി ഉണ്ടായിട്ടുണ്ട്. കത്തോലിക്കാ സഭയുടെ യഥാർത്ഥ പഠനത്തിൽ ഇത്തരം തരംതിരിവുകൾ ഇല്ല. എന്നാൽ വ്യക്തികൾ അതു പ്രാവർത്തികമാക്കാതെ പ്രവർത്തിക്കുന്നു. പാവങ്ങളെയും, താണജാതി എന്ന് ആരോപിച്ച് ഒരുകാലത്തു മുദ്രകുത്തിയവരെയും ആക്ഷേപിക്കുന്നതിൽ അഹങ്കാരമുണ്ട്. അഹങ്കാരവും തജ്ജന്യമായ എല്ലാ തിന്മകളും ചെയ്യുന്നതിന് പിശാചിന്റെ പ്രേരണയുണ്ട്. ജോബിനെ തകർക്കുവാനും കർത്താവിനെ പരീക്ഷിക്കുവാനും പിശാചു മുതിർന്നു. ''നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി സഞ്ചരിക്കുന്നു'' (1 പത്രോ: 5:8). ''പിശാചുപോലും പ്രഭാപൂർണ്ണനായ ദൈവദൂതനായി വേഷം കെട്ടാറുണ്ടല്ലോ'' (2 കോറി:11:14). പിശാചിനെ ആരാധിക്കുന്ന വിഭാഗം (Satan Worship) പല സ്ഥലത്തും രഹസ്യമായി പ്രവർത്തിക്കുന്നു. യുവജനങ്ങളെ അതിലേക്ക് ആകർഷിക്കുന്നു. ദൈവം നൽകിയ ബുദ്ധി ഉപയോഗിച്ചു കണ്ടുപിടിച്ച പല മാധ്യമങ്ങളിലും അരങ്ങുതകർക്കുന്നത് അസന്മാർഗ്ഗികപ്രകടനങ്ങളും യുവജനങ്ങളുടെ സിരാപടലങ്ങളെ വൈകൃത പ്രവർത്തനങ്ങളിലേക്ക് വലിച്ചിഴക്കുന്ന പ്രോഗ്രാമുകളുമാണെന്നുള്ളത് ദുഃഖസത്യം തന്നെ.

ഗർവ്വ് കാണിക്കുന്നതിനു എതിരായി ദൈവവചനത്തിൽ തക്കതായ മുന്നറിയിപ്പുകളുണ്ട്. അവയിൽ ചിലതു രേഖപ്പെടുത്തുന്നു.

www.malankaralibrary.com



''അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്, അഹന്ത അധഃപതനത്തിന്റേയും'' (സുഭാ: 16:18).

''അഹങ്കാരിയും ധിക്കാരിയുമായ മനുഷ്യന്റെ പേര് പരിഹാസകൻ എന്നാണ്'' (സുഭാ:21:24).

''അഹങ്കാരം കൊണ്ട് നമുക്ക് എന്തു നേട്ടമുണ്ടായി? ധനവും ഗർവ്വും നമുക്ക് എന്തു നൽകി? നിഴൽപോലെയും കടന്നുപോകുന്ന കിംവദന്തിപോലെയും അവ അപ്രത്യക്ഷമാകും'' (ജ്ഞാനം:5:8).

''അഹങ്കാരികളുടെ കഷ്ടതകൾക്ക് പ്രതിവിധിയില്ല. എന്തെന്നാൽ ദുഷ്ടത അവനിൽ വേരുറച്ചു വളരുന്നു'' (പ്രഭാ:3:28).

''വെട്ടുകാരനോട് കോടാലി വമ്പുപറയുമോ? അറക്കുന്നവനോട് വാൾ വീമ്പടിക്കുമോ?'' (ഏശ: 10:15).

''ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്? എല്ലാം ദാനമായിരിക്കെ, ദാനമല്ല എന്ന മട്ടിൽ എന്തിനു അഹങ്കരിക്കുന്നു?'' (1 കോറി:4:7).

''ഒരുവൻ ഒന്നുമല്ലാതിരിക്കെ, എന്തോ ആണെന്നു ഭാവിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ വഞ്ചിക്കുന്നു'' (ഗലാ:6:3).

''നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും സാധിക്കുകയില്ല'' (1 തിമോ:6:7).

''അഹങ്കാരിയുടെ ഭവനം കർത്താവു നിലം പരിശാക്കുന്നു'' (സുഭാ: 15:25).

''ഗർവ്വം നാശത്തിന്റെ മുന്നോടിയാണ്. വിനയം ബഹുമതിയുടെയും'' (സുഭാ:18:12).

''സൈന്യങ്ങളുടെ കർത്താവു അരുളിച്ചെയ്യുന്നു: ചൂളപോലെ കത്തുന്ന ദിനം ഇതാ വരുന്നു, അന്ന് അഹങ്കാരികളും ദുഷ്ടന്മാരും വയ്ക്കോൽ പോലെയാകും'' (മലാ:4:1).

''ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു, ശക്തരെ സിംഹാസനത്തിൽ നിന്നും മറിച്ചിട്ട്, എളിയവരെ ഉയർത്തി'' (ലൂക്കാ:1:51).

''ജ്ഞാനി തന്റെ ജ്ഞാനത്തിൽ അഹങ്കരിക്കാതിരിക്കട്ടെ, ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കാതിരിക്കട്ടെ, സമ്പന്നൻ തന്റെ സമ്പത്തിൽ വലിപ്പം ഭാവിക്കാതിരിക്കട്ടെ'' (ജറെ: 9:23).

''ദുഷ്ടൻ ഗർവ്വോടെ പാവങ്ങളെ പിന്തുടർന്നു പീഡിപ്പിക്കുന്നു. അവർ വച്ച കെണിയിൽ അവർ തന്നെ വീഴട്ടെ'' (സങ്കീ:10:2).

www.malankaralibrary.com



''എന്റെ ശക്തിയും എന്റെ കരങ്ങളുടെ ബലവുമാണ് എനിക്ക് ഈ സമ്പത്തെല്ലാം നേടിത്തന്നത് എന്ന് ഹൃദയത്തിൽ നിങ്ങൾ പറയരുത്. സമ്പത്തു തേടാൻ അവിടുന്നാണ് നിങ്ങൾക്ക് ശക്തി തരുന്നത്'' (നിയ: 8:17).

''മനുഷ്യജീവിതം പുല്ലു പോലെയാണ്. വയലിലെ പൂപോലെ അതു വിരിയുന്നു. എന്നാൽ കാറ്റടിക്കുമ്പോൾ അതു കൊഴിയുന്നു. അതു നിന്നിരുന്ന ഇടം പോലും അതിനെ ഓർക്കുകയില്ല'' (സങ്കീ:103:15).

''ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽപോയി, അവിടെ ഒരു വർഷം താമസിച്ച് വ്യാപാരം ചെയ്തു ലാഭമുണ്ടാക്കുമെന്നു പ്രഖ്യാപിക്കുന്ന നിങ്ങളോട് ഒന്നു പറയട്ടെ, നാളത്തെ നിങ്ങളുടെ ജീവിതം എങ്ങിനെയുള്ളതായിരിക്കും എന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അല്പനേരത്തേക്ക് പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷപ്പെടുകയും ചെയ്യുന്ന മൂടൽമഞ്ഞാണ് നിങ്ങൾ. നിങ്ങൾ ഇപ്പോൾ വ്യർത്ഥഭാഷണത്തിൽ ആത്മപ്രശംസ ചെയ്യുന്നു. ഇപ്രകാരമുള്ള ആത്മപ്രശംസ തിന്മയാണ്'' (യാക്കോ:4:13-16).

മുകളിൽ കൊടുത്തിരിക്കുന്ന ദൈവവചനഭാഗങ്ങൾ ധ്യാനിച്ചാൽ പണവും, പദവിയും ആയുസ്സും ആരോഗ്യവുമെല്ലാം ദൈവത്തിന്റെ ദാനം മാത്രമാണെന്നും, മനുഷ്യൻ അഹങ്കരിക്കുന്നത് തിന്മയാണെന്നും മനസ്സിലാകും. ദൈവം നമുക്ക് നൽകിയിരിക്കുന്ന അനുഗ്രഹങ്ങളിൽ നമുക്ക് അഭിമാനിക്കാം. ദൈവത്തിനു നന്ദി അർപ്പിക്കാം. അതു അഹങ്കാരമല്ല.

ബൈബിളിൽ, ജീവിതത്തിൽ നിന്ന് ദൈവത്തെ പടിയിറക്കി അഹങ്കരിച്ച ചിലരുടെ ചരിത്രം പരിശോധിക്കുന്നതു നല്ലതാണ്.

**ബാബേൽ ഗോപുരം**-ദൈവത്തോടു ആലോചനയില്ലാതെ കുറെപ്പേർ, ആകാശം മുട്ടുന്ന ഒരു ഗോപുരം തീർത്തു പ്രശസ്തി നിലനിർത്തുവാൻ തീരുമാനിച്ചു. ഗോപുരം പണി തുടങ്ങി, ഗോപുരം കാണാൻ കർത്താവു ഇറങ്ങിവന്നു എന്നു വചനം പറയുന്നു. അതു വരെ ഭൂമിയിൽ ഒരു ഭാഷയേ ഉണ്ടായിരുന്നുള്ളു. അവരുടെ അഹങ്കാരം ബോധ്യപ്പെടുത്തുവാൻ, പരസ്പരം ആശയവിനിമയം നടത്തുവാൻ സാധിക്കാത്തവിധം ദൈവം പല ഭാഷകൾ നൽകി അവരെ ചിതറിച്ചു (ഉൽപ:11:1-9). ദൈവത്തെ കൂടാതെ നാം ജീവിതത്തിൽ പണിതുയർത്താൻ ശ്രമിക്കുന്നതെല്ലാം അവസാനം ദുരന്തത്തിൽ ചെന്നവസാനിക്കും.

www.malankaralibrary.com



**സാംസൺ** – ദൈവം കൊടുത്ത അജയ്യശക്തിയെ ദുരുപയോഗം ചെയ്തതിന്റെ ദാരുണ പരിണതഫലം സാംസന്റെ ജീവിതത്തിൽ കാണാം. നാസീർവ്രതമെടുത്ത വ്യക്തി, മക്കളില്ലാതെ വിഷമിച്ച മാതാപിതാക്കൾക്ക് ദൈവം കനിഞ്ഞു നൽകിയ മകൻ, എതിരെ വന്ന ഒരു സിംഹത്തെ, ഒരു ആട്ടിൻകുട്ടിയെപ്പോലെ ചീന്തിക്കളഞ്ഞു. ഒരു കഴുതയുടെ താടി എല്ലു കൊണ്ട് ശത്രുക്കളായ ആയിരം ഫിലിസ്ത്യരെ സാംസൺ കൊന്നു. "കർത്താവിന്റെ ആത്മാവ് അവനിൽ ശക്തമായി ആവസിച്ചതുകൊണ്ടാണ് (ന്യായാ:14:6) സാംസന് ഈ ശക്തി ലഭിച്ചത്. വിജാതീയസ്ത്രീകളുമായി സാംസൻ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടു. ദലീലാ എന്ന സ്ത്രീയുമായി താമസിച്ചു. സാംസന്റെ ശക്തിയുടെ രഹസ്യം വെളിപ്പെടുത്തിക്കൊടുത്താൽ ഞങ്ങൾ ഓരോരുത്തരും ആയിരത്തിയൊരുന്നൂറു വെള്ളിനാണയം വീതം നൽകാമെന്ന് ദലീലയോട് പറഞ്ഞു. ദലീലാ തന്ത്രപൂർവ്വം സാംസനെ വശീകരിച്ച് അവളുടെ ഇംഗിതം സാധിച്ചെടുത്തു. അവന്റെ പുരുഷത്വം ഒരു സ്ത്രീക്ക് അടിയറ വച്ച്, ദൈവഹിതത്തിനെതിരായി പ്രവർത്തിച്ച സാംസനിൽ നിന്ന് "അവന്റെ ശക്തി അവനെ വിട്ടുപോയി; കർത്താവു തന്നെ വിട്ടുപോയ കാര്യം അവൻ അറിഞ്ഞില്ല" (ന്യായാ:16:19–20) എന്നു വചനം പറയുന്നു. അവൻ ശത്രുക്കളാൽ പിടിക്കപ്പെട്ടു, അവന്റെ കണ്ണു ശത്രുക്കൾ ചുഴുന്നെടുത്തു, ഓട്ടു ചങ്ങലകൊണ്ട് ബന്ധിച്ചു കാരാഗൃഹത്തിലാക്കി മാവു പൊടിക്കുന്ന ജോലിയിലേർപ്പെടുത്തി. "സൈ്വരിണിയെ സന്ദർശിക്കരുത്; നീ അവളുടെ വലയിൽ കുടുങ്ങും. അഴിഞ്ഞാട്ടക്കാരിയോട് അടുക്കരുത്; നീ അവളുടെ കുടുക്കിൽപ്പെടും" (പ്രഭാ: 9:3–4).

എത്ര ആളുകൾ സ്വന്തം ആരോഗ്യത്തിലും പണസ്വാധീനത്തിലും അഹങ്കരിച്ച്, ദൈവകൃപ നഷ്ടപ്പെടുത്തി വേശ്യകളുമായി ബന്ധം പുലർത്തി സ്വന്തം ശക്തിയും ഓജസ്സും കൃപയും നഷ്ടപ്പെടുത്തി ഹതാശരാകുന്നു! ഞാൻ ചുമതല നോക്കിയ ഇടവകയിലെ ഒരു മകൻ എനിക്കെഴുതി. അവൻ കേരളത്തിനു വെളിയിൽ പഠിക്കുന്നു. അച്ചാ, എന്റെ മൂന്നു സഹപാഠികൾ മദ്യപിക്കുകയും വേശ്യാഗൃഹത്തിൽ പോവുകയും ചെയ്യുന്നു. അവർ എന്നെ നിർബന്ധിക്കുന്നു. എനിക്ക് നല്ല ബുദ്ധിമുട്ടുണ്ട്. 'മകനെ നീ ഇതിലൊന്നും അകപ്പെടരുത്, ദൈവശക്തിയിൽ പിടിച്ചു നിൽക്കണം' എന്നു ഞാൻ എഴുതി. "ദുശ്ചരിതയായ സ്ത്രീയുടെ അധരം തേൻ പൊഴിക്കുന്നു, അവളുടെ പാദങ്ങൾ മരണത്തിലേക്കിറങ്ങുന്നു, അവളുടെ വാതിൽക്കൽ ചെല്ലരുത്" (സുഭാ: 5:3,8).

www.malankaralibrary.com



**ഉസിയാ രാജാവ്** - പതിനാറാമത്തെ വയസ്സിൽ ഇസ്രായേലിന്റെ രാജാവായി, കർത്താവിന്റെ മുമ്പിൽ നീതി പ്രവർത്തിക്കുകയും ദൈവ ഭക്തിയിൽ ജീവിക്കുകയും ചെയ്തു. ദൈവം അനുഗ്രഹിച്ച് പല നന്മ കൾ ചെയ്യാൻ കൃപ നൽകി. ''പ്രാബല്യം നേടിയപ്പോൾ അവൻ അഹ ങ്കാരപ്രമത്തനായിത്തീർന്നു. അതു അവനെ നാശത്തിലേക്ക് നയി ച്ചു'' (2 ദിന: 26:16). തന്റെ അഹങ്കാരത്തള്ളലിൽ, ദൈവനിയമം ധിക്ക രിച്ച് അഹറോന്റെ പുത്രന്മാരും ധൂപാർപ്പണത്തിനു പ്രത്യേകം നിയോ ഗിക്കപ്പെട്ടവരുമായ പുരോഹിതന്മാരെയും മാറ്റിനിർത്തി ദൈവാലയ ത്തിൽ ധൂപമർപ്പിച്ചു. ദൈവശിക്ഷ ഉടനെ വന്നു. ആലയത്തിൽ ധൂപ പീഠത്തിനു സമീപത്തുവച്ചു തന്നെ നെറ്റിയിൽ കുഷ്ഠം പിടിപെട്ടു. മരിക്കുന്നതുവരെ കുഷ്ഠരോഗിയായിക്കഴിഞ്ഞു'' (2 ദിന: 26:18-21).

പലരെയും ദൈവം ഇല്ലായ്മയിൽ നിന്ന് ഉയർത്തി സമ്പത്തും സൗഭാഗ്യവും നൽകാറുണ്ട്. ചെറുപ്പത്തിൽ വളരെ നല്ല കുഞ്ഞുങ്ങ ളായി ജീവിക്കുകയും ദൈവത്തിനു ഇഷ്ടമുള്ള മക്കളായി നടക്കു കയും ചെയ്യും. കുറെ പ്രായമായി ആരോഗ്യവും നല്ല ജോലിയും സമ്പത്തും വന്നുകഴിയുമ്പോൾ, ദൈവത്തെ മറന്ന്, അഹങ്കരിച്ച് മദ്യ പാനികളും തെമ്മാടികളുമായി തീരാറുണ്ട്. ഞാൻ അർപ്പിച്ച വിശുദ്ധ കുർബാനയിൽ ചെറുപ്രായത്തിൽ സഹായിച്ച ബാലൻ, പിന്നീട് ജോലി കിട്ടിക്കഴിഞ്ഞ് മദ്യപനായി, അഹങ്കരിച്ചു നടന്നു. പിന്നീട് ആത്മഹത്യ ചെയ്തു എന്നറിഞ്ഞു. അഹങ്കാരം വരുത്തിവയ്ക്കുന്ന ദുരന്തം!

**ബൽഷാസർ രാജാവ്** (ദാനിയേൽ 5-ാം അദ്ധ്യായം) - താൻ ഒരുക്കിയ വിരുന്നുസൽക്കാരത്തിൽ, ഭാര്യമാരോടും ഉപനാരികളോ ടും, പ്രഭുക്കന്മാരോടും ചേർന്നു മദ്യപിച്ച് മദോന്മത്തനായി. ജറുസലേം ദൈവാലയത്തിലെ പൂജ്യമായ പൊൻ-വെള്ളി പാത്രങ്ങളാണ് മദ്യ പിക്കാൻ ഉപയോഗിച്ചത്. അഹങ്കാരത്തിൽ ഉന്മത്തനായിത്തീർന്ന രാജാവിന്റെ മുമ്പിൽ ഭിത്തിയിൽ ഒരു കൈ എന്തോ എഴുതി. ഭയവി ഹ്വലനായ രാജാവ് അതിന്റെ പൊരുൾ അറിയാൻ ആഗ്രഹിച്ചു. ദൈവ ത്തിന്റെ ദാസനായ ദാനിയേൽ അതു വ്യാഖ്യാനിച്ചു നൽകി. ദാനി യേൽ പറഞ്ഞ വിവരങ്ങൾ (ദാനി. 5:17-28) രേഖപ്പെടുത്തിയിരിക്കു ന്നു. ഈ ഭാഗം മുഴുവൻ എല്ലാവരും വായിച്ചിരിക്കേണ്ടതാണ്. ''നിന്റെ പിതാവ് നബുക്കദ്നേസർ അഹങ്കരിച്ചു ഗർവ്വോടെ പ്രവർത്തിച്ചു. ദൈവം ശിക്ഷിച്ചു. അവന്റെ ജീവിതം കാട്ടുകഴുതകളോടൊപ്പമായി. ഇതെല്ലാം അറിഞ്ഞിട്ടും നീ വിനീതനാകാതെ സ്വർഗ്ഗത്തിലെ കർത്താ

www.malankaralibrary.com



വിനെ വെല്ലുവിളിച്ചു. ദൈവാലയത്തിലെ പാത്രങ്ങളിൽ മദ്യപിച്ചു. നിന്നെ തുലാസിൽ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു.'' ആ രാത്രിയിൽ തന്നെ രാജാവ് കൊല്ലപ്പെട്ടു.

പല കുടുംബങ്ങളിലും പണത്തിന്റെ അഹങ്കാരത്തിലും ധൂർത്തിലും മദ്യപാനത്തിലും ജീവിച്ച് മരിച്ച അപ്പന്മാരുടെ ദുഷ്കൃത്യം കണ്ടിട്ടും പാഠം പഠിക്കാതെ, അദ്ദേഹത്തിന്റെ മക്കൾ അപ്പനേക്കാൾ ദുർമാർഗ്ഗികളായി ദൈവഭയം ഇല്ലാത്തവരായി ജീവിക്കുന്നതു കാണാൻ കഴിയും.

## ഹേറോദേസിന്റെ ദുരന്തം

ഹേറോദേസ് രാജാവ് സഭയിൽപ്പെട്ടവരെ പീഡിപ്പിക്കുവാൻ തുടങ്ങി. യാക്കോബ് ശ്ലീഹായെ വാളിനിരയാക്കി. ഒരു ദിവസം ഹേറോദേസ് രാജകീയ വസ്ത്രം ധരിച്ച് സിംഹാസനത്തിൽ ഇരുന്നു സംസാരിച്ചു. ജനക്കൂട്ടം വിളിച്ചു പറഞ്ഞു. ഇതു ദേവന്റെ സ്വരമാണ്, മനുഷ്യന്റേതല്ല. പെട്ടെന്നു കർത്താവിന്റെ ദൂതൻ അവനെ അടിച്ചുവീഴ്ത്തി. എന്തെന്നാൽ ദൈവത്തിനു അവൻ മഹത്ത്വം നൽകിയില്ല. പുഴുക്കൾക്കിരയായി അവൻ അന്ത്യശ്വാസം വലിച്ചു (അപ്പ: 12:21-23).

ദൈവം അനുവദിച്ചു നൽകിയ അധികാരം ദുരുപയോഗം ചെയ്തും അധികാരം പിടിച്ചു വാങ്ങിയും ചരിത്രത്തിന്റെ ഏടുകളിൽ ഒത്തിരി രാജാക്കന്മാരും ചക്രവർത്തിമാരും അധികാരികളുമുണ്ടായിട്ടുണ്ട്. കിട്ടിയ അധികാരഹുങ്കിൽ ആയിരങ്ങളെ തുറങ്കിലടച്ചും കൊന്നും സന്തോഷം നേടാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അവരെല്ലാം യവനികയിൽ മറയുകയും ചരിത്രത്തിന്റെ താളുകളിൽ കറുത്ത അദ്ധ്യായം രചിച്ച വ്യക്തികളായി നിലകൊള്ളുകയും ചെയ്യുന്നു.

## **ധൂർത്തപുത്രൻ** (ലൂക്കാ 15:11-22)

യുവത്വത്തിന്റെ മാദകത്തിളപ്പിൽ, സ്വന്തം ഭവനവും അപ്പനുമെല്ലാം ധൂർത്തപുത്രനു അരോചകമായി, സുഖം തരാത്ത അനുഭവം. സുഖത്തിന്റെ പുതിയ മേച്ചിൽ സ്ഥലം നോക്കി തന്റെ ഓഹരി അപ്പനോട് വാങ്ങിച്ചു ദൂരസ്ഥലത്തേക്ക് പോയി. കൂട്ടുകാരോടുകൂടി ധൂർത്തടിച്ചു ജീവിച്ചു. പണമെല്ലാം തീർന്നപ്പോൾ, എല്ലാവരും കൈവിട്ടു. ''ചില സ്നേഹിതർ കൂട്ടുകാരന്റെ സന്തോഷത്തിൽ ആനന്ദിക്കും, ആപത്തു വരുമ്പോൾ അവനെതിരായി തിരിയും'' (പ്രഭാ: 37:4). യഹൂദർക്ക് ഹീനമായ പന്നിയെ മേയ്ക്കുന്ന ജോലി കിട്ടി. അവ തിന്നുന്ന തവി

www.malankaralibrary.com



ടുപോലും കിട്ടാതെ, വിശന്നു വലഞ്ഞ്, തീർത്തും അവശനായി. അപ്പോൾ അവനു സുബോധം വന്നു. അതായത് അവന്റെ അഹങ്കാരത്തിന്റെ ബാബേൽ ഗോപുരം തറപറ്റി. അപ്പന്റെ മകനെന്നുള്ള യോഗ്യത നശിപ്പിച്ചു. അപ്പന്റെ ഭവനത്തിലെ ഒരു വേലക്കാരനായിട്ടെങ്കിലും കഴിയുവാൻ ആഗ്രഹിച്ചു. എഴുന്നേറ്റ് അപ്പന്റെ പക്കലേക്ക് പോയി, എളിമപ്പെട്ടു. അഹങ്കാരം ഊതി വീർപ്പിച്ച ജീവിത നീർക്കുമിള പൊട്ടി. പിതാവ് മകനെ സന്തോഷത്തോടെ സ്വീകരിച്ചു.

ഭവനത്തിൽനിന്നും പണം മോഷ്ടിച്ചും, അതു തികയാതെ വരുമ്പോൾ സ്ത്രീകളുടെ മാല പറിച്ചും, ഭവനം ഭേദിച്ചും പണമുണ്ടാക്കി, മദ്യവും മദിരാക്ഷിയുമായി വേശ്യാഗൃഹങ്ങളിൽ താവളമടിച്ച് അഹങ്കരിച്ചു ജീവിക്കുന്ന എത്രയോ യുവസഹോദരങ്ങളുണ്ട്. എയ്ഡ്സ് ബാധിച്ച് ജീവിതം തകർന്ന് മരണത്തെ മുമ്പിൽ കണ്ടുകൊണ്ട് ജീവിക്കേണ്ടിവരുന്നു. ദൈവത്തെ മറന്ന് അഹങ്കരിക്കുന്നതിന്റെ ഫലം, സുബോധം നഷ്ടപ്പെട്ട സ്ഥിതി.

വ്യക്തികളോ സമൂഹങ്ങളോ അഹങ്കരിച്ചു പ്രവർത്തിക്കുമ്പോൾ എന്തു സംഭവിക്കുന്നു? കുടുംബങ്ങളുടെ കെട്ടുറപ്പ് തകരുന്നു. തകർന്ന മക്കളുടെ സംഖ്യ വർദ്ധിക്കുന്നു. അടിപിടിയും, കൊലപാതകവും പെരുകുന്നു. അരാജകത്വം വർദ്ധിക്കുന്നു. എല്ലാവിധ അസന്മാർഗികത്വവും പകർച്ചവ്യാധി പോലെ പെരുകുന്നു, പാവങ്ങൾ ഞെരുക്കപ്പെടുന്നു, പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരുന്നു, രോഗങ്ങൾ പെരുകുന്നു, അപകടങ്ങൾ വർദ്ധിക്കുന്നു. ഇങ്ങനെ തുടർന്നു പോകുന്നു തിന്മയുടെ ലിസ്റ്റ്. ''ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തെ ദൈവമായി മഹത്ത്വപ്പെടുത്തുകയോ നന്ദി പ്രകാശിപ്പിക്കുകയോ ചെയ്യാതെ ഹൃദയം വിവേകരഹിതമായി അന്ധകാരത്തിൽ ആണ്ടുപോയി'' (റോമാ:1:21). ''ദൈവത്തെ അംഗീകരിക്കുന്നതു പോരായ്മയായി അവർ കരുതിയതു നിമിത്തം അധമവികാരത്തിനും അനുചിതപ്രവൃത്തികൾക്കും ദൈവം അവരെ വിട്ടുകൊടുത്തു'' (റോമാ:1:28). അഹങ്കാരത്തിന്റെ ഉപോൽപ്പന്നമായി തിന്മ പെരുകുകയും ലോകവ്യവസ്ഥിതി തകിടം മറിയുകയും ചെയ്യുമ്പോൾ, ദൈവത്തിനു എന്തു സംഭവിക്കുന്നു? നല്ല പിതാവായ ദൈവം, താൻ കൊടുത്ത സ്വാതന്ത്ര്യം ദുരുപയോഗം ചെയ്ത് തന്റെ മക്കൾ ഇത്രമാത്രം അധഃപതിച്ചല്ലോ എന്നോർത്ത് ദുഃഖിക്കുന്നു. ''ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവ് പരിതപിച്ചു'' (ഉൽപ:6:6). പ്രവാചകന്മാരെ വധി

www.malankaralibrary.com



ക്കുകയും കല്ലെറിയുകയും ചെയ്യുന്ന ജറുസലേമിനെയും മറ്റു നഗരങ്ങളെയും നോക്കി കർത്താവ് മനം നൊന്തു (മത്താ:23:37). മനുഷ്യനു ദൈവത്തെ, തന്റെ ക്രൂരതയിൽ നേരിട്ടു കൊല്ലാൻ സാധിക്കുകയില്ല. അതുകൊണ്ട്, മനുഷ്യനായി അവതരിച്ച ദൈവത്തെ, യേശുക്രിസ്തുവിനെ മനുഷ്യന്റെ തിന്മ കൊന്നു.

നാം എങ്ങനെയുള്ളവരായിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്! വിനയം ഉള്ളവരായിരിക്കുക, അല്ലാതെ ഊതിവീർപ്പിച്ച വ്യക്തിത്വത്തിന്റെ ഉടമകളല്ല.

**എളിമ** – ഞാൻ നിസ്സാരനാണേ, കഴിവില്ലാത്തവനാണേ എന്നു പറഞ്ഞു കൊണ്ടു നടക്കുകയല്ല എളിമ. നമുക്കുള്ള എല്ലാം ദൈവത്തിന്റെ ദാനമാണെന്നുള്ള ആഴമായ ബോധ്യത്തിൽ, ദൈവമഹത്ത്വത്തിനും സഹോദരങ്ങളുടെ നന്മയ്ക്കുമായി നാം യത്നിക്കുകയാണു വേണ്ടത്. നമുക്ക് ഉണ്ടാകേണ്ട വിനയത്തിന്റെ മാതൃക യേശുക്രിസ്തുവിലേക്ക് വളരുക, യേശുവിനെ സ്വന്തമാക്കുക എന്നതാണ്. ''ഓരോരുത്തരും സ്വന്തം താൽപര്യം മാത്രം നോക്കിയാൽ പോരാ, മറിച്ച് മറ്റുള്ളവരുടെ താൽപര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ, അതെ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി'' (ഫിലി:2:4–8). ഒരു അടിമ ചെയ്യുന്ന ജോലിയാണ് വേറെ ഒരാളുടെ പാദം കഴുകുന്നത്. അന്ത്യ അത്താഴവേളയിൽ കർത്താവ് എളിയ ദാസനായി ശിഷ്യരുടെ പാദങ്ങൾ കഴുകി. തന്റെ അമ്മ എളിയ ദാസിയായിരുന്നു. ''ഇതാ കർത്താവിന്റെ ദാസി'' എന്നു പറഞ്ഞ് ദൈവത്തിന്റെ തിരുവിഷ്ടത്തിനു വിട്ടുകൊടുത്തു. ''അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വിളിക്കും'' (ലൂക്കാ:1:48). കുരിശുമരണസമയത്ത് കുരിശിന്റെ ചുവട്ടിൽ, പരാതിയില്ലാതെ, പരിഭവമില്ലാതെ, പിറുപിറുപ്പില്ലാതെ, ശാന്തമായി മാതാവ് നിന്നു. തന്റെ സഹനം കർത്താവിന്റെ പീഡാനുഭവത്തോടു ചേർത്തു സമർപ്പിച്ചു. വിശുദ്ധരായ ആളുകൾ എല്ലാം എളിമയുള്ളവരായിരുന്നു. വിശുദ്ധ

www.malankaralibrary.com



അസ്സീസി രണ്ടാം ക്രിസ്തു എന്നറിയപ്പെട്ടു. അത്രമാത്രം എളിമയുടെ ജീവിതമായിരുന്നു. ലോകാരാധ്യയായ വിശുദ്ധ മദർ തെരേസാ താഴ്മ യുടെ നിറകുടമായിരുന്നു. അമ്മ ചെയ്ത അതുല്യ സേവനങ്ങൾ തന്റെ മിടുക്കും വൈഭവവും കൊണ്ടാണെന്നു ഒരിക്കലും ചിന്തിച്ചില്ല. കർത്താവിന്റെ കൈകളിൽ എളിയ ഉപകരണമായി, വിനയാന്വിതയായി പുഞ്ചിരിച്ചു കൊണ്ട് ജീവിച്ചു.

അഹങ്കാരത്തിനു വിപരീതഗുണമായ എളിമയുള്ളവർ പണം, പദവി, കുടുംബശ്രേഷ്ഠത, ആത്മീയത ഇവയുടെയൊക്കെ പേരിൽ മറ്റുള്ളവരെ പുച്ഛിക്കുകയോ തരംതാഴ്ത്തി സംസാരിക്കുകയോ, പരു ഷമായി ആരെയും വിമർശിക്കുകയോയില്ല. തിരുത്തേണ്ട തെറ്റാണെ ങ്കിൽ, സ്നേഹമായി, ശാന്തമായി ചൂണ്ടിക്കാണിക്കും. മറ്റുള്ളവരെ ക്കാൾ താൻ കേമനാണെന്നു ഭാവിക്കുകയില്ല. ആരെങ്കിലുംതന്നെ വിമർശിച്ചാൽ, ക്ഷോഭിച്ചു പൊട്ടിത്തെറിച്ച് സംസാരിക്കുകയില്ല. വിമർ ശിച്ചതിൽ സത്യമുണ്ടെങ്കിൽ, തന്റെ തെറ്റ് തിരുത്തുവാൻ ശ്രമിക്കും. തന്റെ ഭാഗത്തു തെറ്റില്ലെങ്കിൽ പറഞ്ഞത് വിട്ടുകളയും. വിമർശിച്ച ആളിനോട് ക്ഷമിക്കും.

ഫരിസേയനും ചുങ്കക്കാരനും എന്ന ഉപമയിൽ കൂടി അഹങ്കാ രത്തിന്റെ ദോഷഫലത്തെയും എളിമയുടെ നന്മയെയും കർത്താവ് എടുത്തു കാട്ടുന്നു. ''തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടുന്നു, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും'' (ലൂക്കാ:18:14). തങ്ങളിൽ വലിയവൻ ആരാണ് എന്ന് ശിഷ്യന്മാർ തമ്മിൽ തർക്കിച്ചു. നിങ്ങളിൽ ഏറ്റവും ചെറിയവൻ ആരോ അവ നാണ് നിങ്ങളിൽ ഏറ്റവും വലിയവൻ എന്ന് കർത്താവ് പറഞ്ഞു (ലൂ ക്കാ:9:46-48). ഒരു ശിശുവിനെ മാതൃകയായി കാണിച്ചു കൊടുത്തു. മനുഷ്യപുത്രൻ ശുശ്രൂഷിക്കുവാൻ വന്നതാണ്. ശുശ്രൂഷിക്കപ്പെടാൻ വന്നതല്ല എന്നും കർത്താവ് പറഞ്ഞു (മത്താ:20:28).

''ഞാൻ വിനീത ഹൃദയനും ശാന്തശീലനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ'' (മത്താ: 11:29).

''ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ നിങ്ങൾ താഴ്മ യോടെ നിൽക്കുവിൻ, അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തി ക്കൊള്ളും'' (1 പത്രോ. 5:6).

നമ്മുടെ ശരീരം, ആരോഗ്യം, സൗന്ദര്യം, സമ്പത്ത്, കഴിവുകൾ എല്ലാം ദൈവം തന്നതാണ്. ഈ ബോധ്യം നമ്മിൽ വളർത്തുക. എളി

www.malankaralibrary.com



മയും വിനയവുമുള്ള ജീവിതരീതി നമുക്ക് നേടിയെടുക്കാൻ ശ്രമിക്കാം. അതു മാത്രമേ നമുക്ക് സന്തോഷവും സമാധാനവും സംതൃപ്തിയും നൽകുകയുള്ളൂ, നമുക്കു മാത്രമല്ല, നമ്മോടൊപ്പം ജീവിക്കുന്നവർക്കും. നമ്മെ താങ്ങിനിറുത്തി പരിപാലിച്ചുപോരുന്ന അനന്ത നന്മസ്വരൂപിയായ ദൈവത്തെ മറക്കാതിരിക്കുക.

തിരുസഭയുടെ പ്രബോധനം അഹങ്കാരത്തെക്കുറിച്ച് എന്തുപറയുന്നു എന്നതുകൂടി ചേർത്തിട്ട് ഈ വിഷയം ഉപസംഹരിക്കാം.

''അസൂയ മിക്കപ്പോഴും അഹങ്കാരത്തിൽനിന്നു വരുന്നു. മാമോദീസാ മുങ്ങിയ വ്യക്തി വിനയത്തിൽ ജീവിക്കുവാൻ തന്നെത്തന്നെ പരിശീലിപ്പിക്കണം'' (No. 2540. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം).

''ദൈവവിദ്വേഷം അഹങ്കാരത്തിൽനിന്നു വരുന്നു. അതു ദൈവസ്നേഹത്തിനു വിരുദ്ധമാണ്. അവിടുത്തെ നന്മയെ നിഷേധിക്കുന്നു. പാപങ്ങളെ നിരോധിക്കുകയും ശിക്ഷ നൽകുകയും ചെയ്യുന്ന അവിടുത്തെ ശപിക്കുവാൻ ഉദ്ദേശിക്കുന്നു'' (No. 2094. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

www.malankaralibrary.com

# അത്യാഗ്രഹം

**“നിങ്ങളുടെ ഇടയിൽ യാതൊരുവിധ അത്യാഗ്രഹത്തിന്റെയും പേരു പോലും കേൾക്കരുത്” (എഫേ:5:3).**

അപരന് അവകാശപ്പെട്ടത് സ്വന്തമാക്കാനുള്ള അതിരു കടന്ന ആഗ്രഹമാണ് അത്യാഗ്രഹം. അത്യാഗ്രഹത്തിന്റെ മേഖല പണമാകാം, പദവിയാകാം, അന്യന്റെ വസ്തുവകകൾ ആകാം. തനിക്ക് ഇല്ലാത്തതും മറ്റൊരാൾക്ക് ഉള്ളതുമായ എന്തുമാകാം. ആഗ്രഹം എല്ലാവർക്കും ഉള്ളതാണ്. നല്ല കാര്യങ്ങൾക്കായി ആഗ്രഹിക്കണം. അതു നേടിയെടുക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണം. അതിനുശ്രമിക്കാതെ, എങ്ങിനെയെങ്കിലും അപരനുള്ളത് തട്ടിയെടുക്കണം എന്നുള്ള ദുഷ്ചിന്ത മനസ്സിൽ നിറയുകയും അതിനു ഏതു ഹീനമാർഗ്ഗവും അവലംബിക്കുകയും ചെയ്യുന്നതാണ് പ്രശ്നം. ഈ ചിന്ത മനസ്സിനെ ഭരിക്കുവാൻ അനുവദിച്ചാൽ, അതു വ്യക്തിയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ തുടങ്ങും. ഈ പ്രവണതയ്ക്ക് കടിഞ്ഞാൺ ഇടാതിരുന്നാൽ, മോഷണത്തിലേക്കും വ്യഭിചാരത്തിലേക്കും കൊലപാതകത്തിലേക്കും വ്യക്തിയെ കൊണ്ടെത്തിക്കും. സമൂഹത്തിൽ പെട്ടെന്നു പണക്കാരനാകാൻ, എങ്ങനെയെങ്കിലും അപരനെ തകർത്ത് ധൂർത്തനായി സുഖലോലുപതയിൽ ജീവിക്കാനുള്ള ത്വര ഇന്ന് വളരെ വർദ്ധിച്ചിട്ടുണ്ട്. പണം സമ്പാദിച്ചു കൂട്ടുകയാണ്, അതും ഏതു ഹീന മാർഗത്തിൽകൂടിയും. ഇതാണ് ജീവിതത്തിന്റെ പരമോന്നത ലക്ഷ്യം എന്നുള്ള ചിന്ത ഭൂരിപക്ഷം മനുഷ്യമനസ്സിനെയും ഭരിക്കുന്നു.

ദൈവത്തിന്റെ വചനം ഈ വിഷയത്തിൽ പറയുന്ന കാര്യങ്ങൾ പരിശോധിക്കാം. “അയൽക്കാരന്റെ ഭവനം മോഹിക്കരുത്. അയൽക്കാരന്റെ ഭാര്യയെയോ അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കരുത്” (പുറ: 20:17).

“നമ്മുടെ അസ്തിത്വത്തെ അലസവിനോദമായും ജീവിതത്തെ ആദായകരമായ ഉത്സവമായും പരിഗണിച്ചു. ഹീനമാർഗ്ഗങ്ങളിലൂടെ

www.malankaralibrary.com



പ്പോലും മനുഷ്യൻ കഴിയുന്നത്ര പണം സമ്പാദിക്കണമെന്നാണ് അവൻ പറയുന്നത്'' (ജ്ഞാനം 15:12).

"ഭൂമിയുടെ വിളവ് എല്ലാവർക്കും ഉള്ളതാണ്. ദ്രവ്യാഗ്രഹിക്ക് ദ്രവ്യംകൊണ്ട് തൃപ്തി വരുന്നില്ല. ധനം മോഹിക്കുന്നവൻ ധനം കൊണ്ട് തൃപ്തിയടയുന്നില്ല. ഇതും മിഥ്യതന്നെ" (സഭാ: 5:12).

''സൂര്യനുകീഴെ ഞാൻ വലിയ തിന്മ കണ്ടു. ധനികൻ തന്റെ തന്നെ നാശത്തിനു മുതൽ സൂക്ഷിക്കുന്നു. ഒരു സായാഹനത്തിൽ അതു നഷ്ടപ്പെടുന്നു. അമ്മയുടെ ഉദരത്തിൽനിന്നു പുറത്തുവന്നതുപോലെ നഗ്നനായിത്തന്നെ അവൻ പോകുന്നു'' (സഭാ:5:13).

''അത്യാഗ്രഹിയുടെ കണ്ണ് തന്റെ ഓഹരികൊണ്ട് തൃപ്തിപ്പെടുന്നില്ല; ദുരാഗ്രഹം കൊണ്ടുള്ള അനീതി ആത്മാവിനെ ശുഷ്കമാക്കുന്നു'' (പ്രഭാ: 14:9).

''എല്ലാ അത്യാഗ്രഹത്തിൽ നിന്നും അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്'' (ലൂക്കാ 12:15).

''നിങ്ങളുടെ ജീവിതം ദ്രവ്യാഗ്രഹത്തിൽ നിന്ന് സ്വതന്ത്രമായിരിക്കട്ടെ. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ'' (ഹെബ്രാ:13:5).

''ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവൻ പ്രലോഭനത്തിലും കെണിയിലും മനുഷ്യനെ അധഃപതനത്തിലേക്കും തള്ളിവിടുന്നു. നിരവധി വ്യാമോഹങ്ങളിൽ നിപതിക്കുന്നു, എന്തെന്നാൽ ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോകുവാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെത്തന്നെ മുറിപ്പെടുത്തുവാനും ഇടയായിട്ടുണ്ട്'' (1 തിമോ:6:9-10).

''കിടക്കയിൽ തിന്മ നിരൂപിക്കുകയും കയ്യൂക്ക് ഉള്ളതിനാൽ പുലരുമ്പോൾ അവരതു ചെയ്യുകയും ചെയ്യുന്നു. അവർ വയലുകൾ മോഹിക്കുന്നു; അവ പിടിച്ചടക്കുന്നു. വീടുകൾ മോഹിക്കുന്നു; അവ സ്വന്തമാക്കുന്നു'' (cf. മിക്കാ:2:2).

''തന്റെ കുടുംബത്തിനുവേണ്ടി അന്യായമായി ധനം നേടുന്നവന് ഹാ കഷ്ടം!'' (ഹബ: 2:9).

''നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം .... വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം നശിപ്പിക്കുവിൻ'' (കൊളോ:3:5).

ധനം അതിൽത്തന്നെ ദോഷമുള്ളതോ, പാപമോ അല്ല. ധനാസക്തിയാണ് പാപമാകുന്നത്. നമുക്ക് ദൈവം സമ്പത്തു നൽകിയാൽ,

www.malankaralibrary.com



നമ്മുടെ അദ്ധ്വാനം നൂറുമേനി ഫലമണിഞ്ഞാൽ, അതെല്ലാം എനിക്കായി കൂട്ടിവയ്ക്കാനല്ല, ഇല്ലാത്ത മറ്റുള്ളവർക്കുകൂടിയുള്ളതാണെന്ന കാര്യം മറക്കരുത്. കർത്താവ് പറഞ്ഞ ഉപമയിൽ (ലൂക്കാ 12:13-21) ധനികൻ "ഞാൻ," "എന്റെ" എന്ന് ആറുതവണ പറയുന്നു. സ്വയത്തെപ്പറ്റി മാത്രം ചിന്ത. "തിന്നു കുടിച്ച് ആനന്ദിക്കുക." അങ്ങനെയുള്ള വ്യക്തിയോടാണ് ദൈവം പറഞ്ഞത് "ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടേതാകും?" ഭോഷാ എന്നാണ് ആ വ്യക്തിയെ ദൈവം വിളിക്കുന്നത്. അവൻ ലോകത്തിൽ ഏറ്റവും മിടുക്കൻ എന്നു വിചാരിച്ചു. എന്നാൽ, ദൈവദൃഷ്ടിയിൽ അവൻ ഭോഷനായിരുന്നു. ധാരാളം സ്വത്ത് നല്ലതും വളഞ്ഞതുമായ മാർഗ്ഗത്തിലൂടെ സമ്പാദിച്ചിട്ട്, രക്തബന്ധത്തിൽപ്പെട്ട ക്ഷീണതയുള്ള സഹോദരങ്ങൾക്കുപോലും അതിലൊരംശം നൽകാതെ അഹങ്കരിച്ചു ജീവിച്ചവരെ ഞാൻ കണ്ടിട്ടുണ്ട്. ഒരു സുപ്രഭാതത്തിൽ, ഉപമയിലെ ധനികനെപ്പോലെ, കാലയവനികയിൽ മറഞ്ഞതു കാണാൻ സാധിച്ചിട്ടുണ്ട്. മരണത്തോടു മല്ലടിച്ചു കിടക്കുന്ന അപ്പനെ പ്രീണിപ്പിച്ചും തന്ത്രപരമായി സ്വത്തിന്റെ പ്രമാണത്തിൽ അപ്പനെക്കൊണ്ട് ഒപ്പിടിപ്പിച്ചും കള്ള ഒപ്പ് ഉണ്ടാക്കിയും മറ്റു സഹോദരങ്ങൾക്കു കൂടിയും അവകാശപ്പെട്ട സ്വത്ത് തട്ടി എടുക്കുന്ന മക്കളുണ്ട്.

ദ്രവ്യാസക്തി ആശ്രയിച്ചു നിൽക്കുന്നവരെ പീഡനത്തിനു കളമൊരുക്കും. അർഹിക്കുന്ന വേതനംകൊടുക്കാതെ, അടിമയാക്കി ജോലി ചെയ്യിപ്പിക്കും. ഈ പ്രവണത സമൂഹത്തിൽ പല മേഖലയിലും ഇന്നും നടക്കുന്നുണ്ട്. വചനത്തിൽ നിന്ന് ഒരു ഉദാഹരണം - ഉൽപ്പത്തി 31-ാം അദ്ധ്യായത്തിൽ പീഡനത്തിന്റെ കഥ വിവരിക്കുന്നുണ്ട്. യാക്കോബ് തനിക്ക് ഭാര്യയെ കണ്ടെത്താൻ, പാദാൻ ആരാമിൽ സ്വന്തം അമ്മാച്ചൻ ലാബാന്റെ വീട്ടിൽ എത്തി. ഇളയമകൾ റാഹേലിനെ യാക്കോബ് ഭാര്യയായി സ്വീകരിക്കാൻ ആഗ്രഹിച്ചെങ്കിലും റാഹേലിനെപ്പോലെ സുന്ദരി അല്ലായിരുന്ന ലേയായെ തന്ത്രപൂർവ്വം യാക്കോബിനു നൽകി. അതിൽ സംതൃപ്തനാകാതെ, യാക്കോബ് ഇരുപതുവർഷത്തോളം ലാബാന്റെ ആടുകളെ മേയ്ച്ചു താമസിച്ചു. ധാരാളം സമ്പത്ത് ലാബാന് യാക്കോബ് ഉണ്ടാക്കിക്കൊടുത്തു. എങ്കിലും പത്തു തവണ കൂലി വെട്ടിക്കുറച്ചു. 'പകൽ ചൂടും രാത്രി തണുപ്പും എന്നെ കാർന്നുതിന്നു. 20 വർഷം സേവനം ചെയ്തു' എന്നു പറഞ്ഞു വിലപിക്കുന്നു. യാക്കോബിനു നൽകിയ പെൺമക്ക

www.malankaralibrary.com



ളെത്തന്നെ അന്യരായി കണ്ടു എന്ന് അവർ പരാതി പറയുന്നു. വീട്ടിലെ ഓഹരിയൊന്നും അവർക്ക് നൽകിയില്ല. സമ്പത്ത് വർദ്ധിച്ചപ്പോൾ യാക്കോബിനോടുള്ള സ്നേഹം നഷ്ടപ്പെട്ടു. ഈ സാഹചര്യത്തിൽ യാക്കോബ് ഭാര്യമാരെയും മക്കളെയും കൂട്ടി ലാബാന്റെ വീട്ടിൽ നിന്ന് ഒളിച്ചോടുന്നു. ദ്രവ്യാസക്തി വരുത്തുന്ന പ്രതിഭാസമാണ് പീഡനം.

ദ്രവ്യാസക്തിയുള്ള ആൾ **മോഷണത്തിൽ മനസ്സുവയ്ക്കുന്നു**. ഞെട്ടിപ്പിക്കുന്ന മോഷണ, കൊലപാതക സംഭവങ്ങൾ ഇന്ന് കേരളത്തിൽ അരങ്ങു തകർത്തുകൊണ്ടിരിക്കുന്നു. ജോഷ്വയുടെ നേതൃത്വത്തിൽ ജറിക്കോ പട്ടണം പിടിച്ചെടുത്തു. അവിടെ നിന്ന് നിഷിദ്ധവസ്തുക്കൾ ഒന്നും എടുക്കരുതെന്ന് ദൈവം കല്പിച്ചിരുന്നു. എന്നാൽ യൂദാഗോത്രത്തിൽപ്പെട്ട ആഖാൻ കുറെ വസ്തുക്കൾ രഹസ്യമായി എടുത്തു സ്വന്തമാക്കി. അതിവിശിഷ്ടമായ ഒരു മേലങ്കിയും ഇരുനൂറു ഷെക്കൽ വെള്ളിയും അമ്പതു ഷെക്കൽ തൂക്കമുള്ള സ്വർണ്ണക്കട്ടിയും എടുത്തു. ദൈവത്തിന്റെ കോപം ഇസ്രായേൽ ജനത്തിൽ വന്നു. ''മോഹം തോന്നി ഞാൻ അതു എടുത്തു'' (ജോഷ്വ:7:21) എന്ന് ആഖാൻ ഒടുവിൽ പറഞ്ഞു. ആഖാനെയും കുടുംബത്തെയും കല്ലെറിഞ്ഞു കൊണ്ട് ഇസ്രായേലിൽ നിന്ന് ശാപം മാറ്റി (ജോഷ്വ: 7:26).

**അനുസരണക്കേടിലേക്ക് അത്യാഗ്രഹം നയിക്കുന്നു.** 1 സാമുവൽ 15-ൽ ഇതിനു ഉദാഹരണം കാണാം. സാവൂൾ രാജാവ് അമാലേക്യരെ തോല്പിച്ചു. അവരുടെ ആടുമാടുകൾ, തടിച്ച മൃഗങ്ങൾ, കുഞ്ഞാടുകൾ ഇവയെ കൈക്കലാക്കി. ഇത് കർത്താവിനു അനിഷ്ടമായി. സാമുവൽ സാവൂളിനോടു ചോദിച്ചു, 'എന്തുകൊണ്ടാണ് കർത്താവിനെ നീ അനുസരിക്കാതിരുന്നത്? കവർച്ച വസ്തുക്കളുടെമേൽ ചാടിവീണ് കർത്താവിനു അനിഷ്ടമായതു ചെയ്തതെന്തിനാണ്'(1 സാമു:15:19). ''തന്റെ കല്പനകൾ അനുസരിക്കുന്നതോ ദഹനബലികളും മറ്റു ബലികളും അർപ്പിക്കുന്നതോ കർത്താവിനു പ്രീതികരം? അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം; മുട്ടാടുകളുടെ മേദസ്സിനേക്കാൾ ഉത്കൃഷ്ടം'' (1 സാമു. 15:22). ഈ അനുസരണക്കേടു കാരണം, ഇസ്രായേലിന്റെ രാജാവായിരിക്കുന്നതിൽ നിന്നു ദൈവം സാവൂളിനെ തിരസ്ക്കരിച്ചു.

**കൊള്ള ചെയ്യാനുള്ള പ്രേരണ,** അത്യാഗ്രഹിയിൽ ഉടലെടുക്കുന്നു. ശക്തനായ സിറിയാ രാജാവ് ബൽഹദാദ് ഇസ്രായേൽ രാജാവ് ആഹാബിനെ അറിയിച്ചു. ''നിന്റെ വെള്ളിയും സ്വർണ്ണവും സുന്ദരിമാരായ ഭാര്യമാരും എന്റേതാണ്. നാളെ ഈ നേരത്ത് ഞാൻ എന്റെ

www.malankaralibrary.com



സേവകരെ അയക്കും. അവർ ഇഷ്ടമുള്ളതെല്ലാം എടുത്തുകൊണ്ടു പോകും'' (1 രാജാ:20:3-4). ദൈവം ഇത് സംഭവിക്കാതെ ആഹാബിനു ശക്തി പകർന്നു. ശക്തിയുണ്ടെങ്കിൽ, ആയുധമുണ്ടെങ്കിൽ പകലും പ്രത്യേകിച്ച് ഇരുട്ടിന്റെ മറവിലും ആൾക്കാരെ കൊള്ള ചെയ്യുന്ന ദ്രവ്യാഗ്രഹികളുടെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഈ നാടിന്റെ ശാപമായിരിക്കുന്നു.

**അത്യാഗ്രഹം നീചമായ പ്രവൃത്തികൾ ചെയ്യാൻ പ്രേരണ** നൽകുന്നതിന് ഉദാഹരണം 1 രാജാ 21:2-ൽ രേഖപ്പെടുത്തിയിരിക്കുന്നു. നാബോത്ത് എന്ന സാധാരണക്കാരന്, ആഹാബ് രാജാവിന്റെ കൊട്ടാരത്തിനടുത്ത് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അതു രാജാവിനു പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ വിട്ടുതരണം എന്നു പറഞ്ഞു. നാബോത്ത് അതിനു വിസമ്മതിച്ചു. രാജാവ് രോഷാകുലനായി, ആഹാരം കഴിക്കാതെ ഇരുന്നു. ഭാര്യ ഇസബെൽ വിവരം തിരക്കിയറിഞ്ഞു. ഇസബെൽ കൗശലപൂർവ്വം നാബോത്തിനെ രാജധാനിയിൽ വരുത്തി കള്ളസാക്ഷികളെക്കൊണ്ട് ദൈവദൂഷണവും രാജദൂഷണവും പറഞ്ഞതായി ആരോപിച്ചു. അങ്ങനെ നാബോത്തിനെ കല്ലെറിഞ്ഞു കൊന്നു. ഒരു സ്ത്രീയുടെ നീചത്വവും രാജാവിന്റെ അത്യാഗ്രഹവും ഒന്നുചേർന്നപ്പോൾ ഒരു നിരപരാധിയെ നിഷ്ഠൂരമായി കൊല്ലുവാൻ കളമൊരുക്കി.

യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ അന്യന്റെ സമ്പത്ത് കൈക്കലാക്കാൻ ദ്രവ്യാഗ്രഹം ഒരാളെ നയിച്ചതിന്റെ സംഭവം 2 രാജാ: 5:20-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. സിറിയായുടെ സൈന്യാധിപനായ നാമാൻ കുഷ്ഠരോഗിയായിരുന്നു. സമരിയായിൽ എലീഷാ എന്ന പ്രവാചകൻ ഉണ്ടെന്നും അദ്ദേഹത്തിന്റെ പക്കൽ പോയാൽ നാമാന്റെ കുഷ്ഠം മാറി സൗഖ്യം കിട്ടുമെന്നും നാമാന്റെ ഭാര്യയുടെ പരിചാരികയായ ഇസ്രായേൽ പെൺകുട്ടി പറഞ്ഞു. നാമാൻ എലീഷാ പ്രവാചകന്റെ പക്കൽ പോയി. യോർദ്ദാൻ നദിയിൽ പോയി ഏഴുതവണ കുളിച്ചാൽ കുഷ്ഠം മാറിക്കിട്ടുമെന്ന് പ്രവാചകൻ പറഞ്ഞു. ഇതിൽ അസംതൃപ്തനായ നാമാൻ, തന്റെ ഭൃത്യന്മാരുടെ നിർബന്ധത്തിനു വഴങ്ങി, പ്രവാചകൻ പറഞ്ഞതുപോലെ ചെയ്ത് സൗഖ്യം പ്രാപിച്ചു. അതിയായ സന്തോഷത്താൽ നാമാൻ എലീഷായുടെ പക്കൽ സമ്മാനങ്ങളുമായി ചെന്നു. ചെയ്തുകൊടുത്ത സഹായത്തിനു സമ്മാനമൊന്നും വേണ്ടെന്നു പ്രവാചകൻ പറഞ്ഞു. നാമാൻ തിരിച്ചുപോയി. ഇതു കണ്ട ഗഹസി, എലീഷായുടെ ഭൃത്യനു മനസ്സിൽ ഒരു താല്പ

www.malankaralibrary.com



ര്യം ഉദിച്ചു. അത്യാഗ്രഹത്തിന്റെ പരിണതഫലം. യജമാനൻ സമ്മാനമൊന്നും വാങ്ങിയില്ല. ഒരു ചെറിയ കള്ളം പറഞ്ഞാൽ സമ്മാനത്തിൽ കുറെ കൈക്കലാക്കാം എന്നു ഗഹസി ചിന്തിച്ചു. നാമാന്റെ പിറകെ ചെന്ന് ഒരു താലന്തു വെള്ളിയും രണ്ട് വിശേഷവസ്ത്രങ്ങളും തരാൻ യജമാനൻ പറഞ്ഞു എന്നൊരു കള്ളം നാമാനോടു പറഞ്ഞു. നാമാൻ ഒരു താലന്തിനുപകരം രണ്ട് താലന്ത് വെള്ളി കൊടുത്തുവിട്ടു. ദൈവത്തിൽ നിന്നു മറച്ചു വച്ചു പലതും പ്രവർത്തിക്കാമെന്നു ഭോഷന്മാരായ നാം ചിന്തിക്കുന്നു. ദൈവം തന്റെ പ്രവാചകർക്ക് സത്യം യഥാസമയം വെളിപ്പെടുത്തിക്കൊടുക്കുന്നു. എലീഷാ ദർശനത്തിൽ ഗഹസി ചെയ്തതെല്ലാം കണ്ടു. നീ എവിടെ പോയിരുന്നു എന്ന എലീഷായുടെ ചോദ്യത്തിനു ഗഹസി എങ്ങും പോയില്ല എന്നു കള്ളവും പറഞ്ഞു. നാമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതികൾക്കും ഉണ്ടാകട്ടെ എന്നു എലീഷാ പറഞ്ഞ നിമിഷം ഗഹസി കുഷ്ഠരോഗിയായി, എലീഷായെ വിട്ടുപോയി. ദൈവകൃപയിൽ, ദൈവസന്നിധിയിൽ സന്തോഷമായി, സമാധാനമായി നാം ജീവിക്കുമ്പോൾ, അതിനേക്കാൾ ഉപരിയായി വേറെ ലാഭമുണ്ടാക്കാൻ, ചിലതു നേടി എടുക്കാൻ നാം പോകുമ്പോൾ, ലഭിച്ച കൃപ നഷ്ടപ്പെട്ട്, നാം തകർച്ചയിൽ നിപതിക്കുന്നു. അത്യാഗ്രഹം വരുത്തുന്ന വിനയാണിത്. ‘‘ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ലെന്നു കർത്താവു പറഞ്ഞപ്പോൾ പണക്കൊതിയരായ ഫരിസേയർ കർത്താവിനെ പുച്ഛിച്ചു എന്നു വചനം പറയുന്നു’’ (ലൂക്കാ.16:14).

**കുടുംബഭദ്രത തകർക്കുന്നു**: അത്യാഗ്രഹം മൂലം കുടുംബത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. മറ്റുള്ളവരുമായി താരതമ്യപ്പെടുത്തി, അവരുടേതു പോലെ സമ്പത്ത് നമുക്കില്ല, അവർക്കുള്ളതുപോലെ വലിയ വീടില്ല, കാറില്ല, മറ്റു സാധനസാമഗ്രികൾ ഇല്ലെന്നുള്ള അത്യാഗ്രഹം മൂത്തു നിരന്തരം ശല്യപ്പെടുത്തുന്ന ഭാര്യമാർ ഭർത്താക്കന്മാർക്ക് തലവേദന ഉണ്ടാക്കുന്നു, കുടുംബപ്രശ്നം ഉണ്ടാകുന്നു. ഭാര്യയെ തൃപ്തിപ്പെടുത്താൻ പണം ലോൺ എടുത്തു കടക്കെണിയിലായി രക്ഷപ്പെടാൻ നിവൃത്തിയില്ലാതെ കൂട്ട ആത്മഹത്യകൾ സമൂഹത്തിൽ പെരുകുന്നു.

ദ്രവ്യാസക്തിയുടെ കരുവാളിച്ച മുഖം, സ്ത്രീധന സമ്പ്രദായത്തിൽ കാണുന്നു. വിവാഹം ചെയ്തുകൊണ്ടുവരുന്ന പെൺകുട്ടിയുടെ പണം ലഭിച്ചിട്ടുവേണം ഭർത്താവിനു അടിച്ചുപൊളിച്ചു ജീവിക്കുവാൻ. മദ്യപാനിയെങ്കിൽ മദ്യപിച്ചു കൂത്താടി കിട്ടിയതു തീരുമ്പോൾ

www.malankaralibrary.com



പിന്നെയും കൊണ്ടുവാ എന്നു പറഞ്ഞ് സ്ത്രീയെ ഉപദ്രവിക്കുകയോ, വീട്ടിൽ പറഞ്ഞുവിടുകയോ ചെയ്യുന്നു. പിന്നീട് ഭാര്യ ഗർഭിണിയാകുമ്പോൾ, ഭർത്താവിനു സ്വർണ്ണചെയിനും, പ്രസവിച്ചു കൊണ്ടുവിടാൻ പോകുമ്പോൾ, കുഞ്ഞിന് സ്വർണ്ണ അരഞ്ഞാണം എന്നിവ ആവശ്യപ്പെടുന്നു. ആരും ഇക്കാലത്ത് അരഞ്ഞാണം ഉപയോഗിക്കുന്നില്ല എന്നതു ഒരു സത്യം. ഈ ആചാരങ്ങളെല്ലാം വിഗ്രഹാരാധന തന്നെയായ ദ്രവ്യാഗ്രഹം എന്ന പിശാചിന്റെ പ്രവർത്തികളാണ്. ഇതിനൊന്നും നിവൃത്തിയില്ലാത്ത പാവപ്പെട്ട പെൺകുഞ്ഞുങ്ങളുടെ ആത്മനൊമ്പരങ്ങൾ ആരു കേൾക്കാൻ? ക്രിസ്തീയസഭയിൽ ഭാഗ്യദേവത കടാക്ഷിച്ച ധനികരുടെ ചെവിയിൽ, പുര നിറഞ്ഞുനിൽക്കുന്ന പാവപ്പെട്ട പെൺകുട്ടികളുടെ, അവരുടെ മാതാപിതാക്കളുടെ നിശ്വസനം കേൾക്കുന്നുണ്ടോ? ഈ പ്രശ്നത്തിനു അറുതിവരുത്തുവാൻ സഭയുടെ ഭാഗത്തു ശക്തമായ നീക്കം, ബോധവത്കരണം ഉണ്ടാകണം. സ്വർണ്ണാഭരണം ഇട്ടുമൂടേണ്ടാ, സ്ത്രീധനം വേണ്ടാ എന്നു പറയാൻ നട്ടെല്ലുള്ള, ആത്മാവിൽ നിറവുള്ള യുവാക്കൾ സഭയിൽ ഉണ്ടാകണം. ഇത്തരക്കാരെ സഭാനേതൃത്വം മാനിക്കണം. അവരുടെ തീരുമാനത്തെ അംഗീകരിക്കുന്ന മാതാപിതാക്കൾ, സഹോദരങ്ങൾ ഉണ്ടാകണം. പെൺകുട്ടിക്ക് കുടുംബസ്വത്തിന്റെ ഓഹരി കൊടുക്കണം. എന്നാൽ, ഉള്ളതായ വസ്തുക്കൾ മുഴുവൻ വിറ്റാൽ പോലും വരനു നൽകാനുള്ള തുക കാണാത്തവർ സമൂഹത്തിൽ ധാരാളമുണ്ട്. അവരുടെ പ്രശ്നം അറിയുന്നില്ല. സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന സ്ത്രീപീഡനവും കൊലപാതകവും മാനവികതയിൽ വരുത്തുന്ന മുറിവുകൾ ഭയാനകമാണ്. സമ്പത്തിനോടുള്ള ആർത്തി, തികഞ്ഞ ഭോഷത്വമാണെന്നു വചനം പറയുന്നു. "താനിടാത്ത മുട്ടയ്ക്ക് അടയിരിക്കുന്ന തിത്തിരിപ്പക്ഷിയെപ്പോലെയാണ് അന്യായമായി സമ്പത്തു സമ്പാദിക്കുന്നവൻ. ജീവിതമദ്ധ്യത്തിൽ അത് അവനെ പിരിയും. അവസാനം അവൻ വിഡ്ഢിയാകുകയും ചെയ്യും" (ജറെ: 17:11).

"ഇന്ത്യയിൽ പണക്കാരനാകാനുള്ള എളുപ്പവഴിയായിരിക്കുന്നു വിവാഹം. കൂലിപ്പണിക്കാർ മുതൽ ഉയർന്ന ഉദ്യോഗസ്ഥർ വരെയുള്ളവർക്ക് സമൂഹം നിശ്ചിതനിരക്കുകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഇന്നും പെൺകുട്ടിയുടെ ജനനം ആൺകുട്ടിയുടെ പോലെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നില്ല. പഠിക്കുന്ന കാലത്ത് കോളജിന്റെ പ്രസംഗമണ്ഡപത്തിൽ നിന്ന് സ്ത്രീധനത്തിനെതിരായി വാചാലമായി പ്രസംഗിച്ച് ആവേശം കൊള്ളിച്ച ആദർശധീരനായ യുവാവ്

www.malankaralibrary.com



കാര്യത്തോടടുക്കുമ്പോൾ നിശ്ചിത തുകയും സ്വർണ്ണവും തരാൻ കഴിവുള്ള പെൺകുട്ടിയുടെ കഴുത്തിൽ അപ്പന്റെ അനുസരമുള്ള മകനായി താലികെട്ടുന്നു. യാതൊരു മനഃസാക്ഷിയുമില്ലാതെ പെൺകുട്ടി കൊണ്ടുവന്ന കാറിൽ നടക്കുന്നു. ഇത്തരം ചെറുപ്പക്കാരെ ചാട്ടവാറു കൊണ്ട് അടിക്കാനുള്ള നിയമം ഇല്ലാത്തിടത്തോളം കാലം നമ്മുടെ പെൺകുട്ടികൾക്ക് രക്ഷയില്ല. നിയമമില്ലെങ്കിലും മനഃസാക്ഷിയുള്ള ഒരു സമൂഹം ഉണ്ടായാലും മതി. ആൺമക്കൾവഴി എളുപ്പവഴിയിൽ പണക്കാരനാകാനുള്ള മോഹം മാതാപിതാക്കൾ ഉപേക്ഷിക്കണം'' (ലളിതാംബിക അന്തർജനം).

''നിങ്ങളുടെ സ്വർണ്ണത്തിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. നിങ്ങളുടെ നിലങ്ങളിൽ നിന്ന് വിളവുശേഖരിച്ച വേലക്കാർക്ക് കൊടുക്കാതെ, പിടിച്ചുവച്ച കൂലി ഇതാ നിലവിളിക്കുന്നു'' (യാക്കോ:5:3-4).

യൂദാസ് വിലപേശി ഒരു കച്ചവടം നടത്തി. തന്റെ ഗുരുവിനെ ഏൽപ്പിച്ചുതന്നാൽ, എന്തു പ്രതിഫലം കിട്ടും? മുപ്പതു വെള്ളിക്കാശിനു കച്ചവടം ഉറപ്പിച്ചു. അത് ചരിത്രത്തിലെ ഏറ്റം വലിയ നഷ്ടക്കച്ചവടമാണെന്നു യൂദാസ്സിനു തോന്നിയപ്പോൾ ഒരു മുഴം കയറിൽ ജീവനൊടുക്കി. പണത്തോടുള്ള ആർത്തി വർദ്ധിച്ചാൽ, ആരെയും ഒറ്റിക്കൊടുക്കാൻ മടിക്കാത്ത തിന്മയുടെ ശക്തി (മത്താ: 26:15, 49).

ദൈവത്തിന്റെ പ്രവാചകനായ സാമുവൽ വൃദ്ധനായപ്പോൾ ഇസ്രായേൽ ജനത്തോടു പറഞ്ഞു: ''ആരെയെങ്കിലും വഞ്ചിക്കുകയോ ഞെരുക്കുകയോ ചെയ്തിട്ടുണ്ടോ? ആരിൽ നിന്നെങ്കിലും കൈക്കൂലി വാങ്ങി സത്യത്തിനു നേരെ കണ്ണടച്ചിട്ടുണ്ടോ? തന്റെ കറ പുരളാത്ത ജീവിതം അവരുടെ മുമ്പിൽ ഇറക്കിവച്ചു'' (1 സാമു:12:3-4). എന്നാൽ ദിവ്യനായ ഈ വ്യക്തിയുടെ മക്കൾ പിതാവിന്റെ മാർഗ്ഗം പിന്തുടർന്നില്ല. പണമായിരുന്നു അവരുടെ ലക്ഷ്യം. അവർ കൈക്കൂലി വാങ്ങുകയും അനീതി പ്രവർത്തിക്കുകയും ചെയ്തിരുന്നു. മിക്കാ പ്രവാചകൻ വിലപിക്കുന്നു. ''ന്യായാധിപന്മാർ കോഴ വാങ്ങി വിധിക്കുന്നു. പുരോഹിതന്മാർ കൂലി വാങ്ങി പഠിപ്പിക്കുന്നു. പ്രവാചകന്മാർ പണത്തിനുവേണ്ടി ഭാവി പറയുന്നു'' (മിക്കാ:3:11). അത്യാഗ്രഹപ്രശ്നമുള്ള വ്യക്തിക്ക് കൗൺസലിംഗ് നൽകുമ്പോൾ നിർദ്ദേശിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കുന്നു.

1. അത്യാഗ്രഹം ഒരു പാപമാണെന്നു ബോധ്യപ്പെടുത്തുക. ദൈവം എന്നെ സ്നേഹിക്കുന്നില്ല. മറ്റുള്ളവർക്ക് കൊടുത്തതുപോലെ എനിക്ക്

www.malankaralibrary.com



തന്നില്ല എന്നുള്ള ചിന്തകൾ എല്ലാം ദൈവത്തിന് എതിരായ പാപ ചിന്തകളാണ്. അതു ദൈവമുമ്പാകെ ഏറ്റു പറയണം. ''നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാവിധ അനീതിയിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും'' (1 യോഹ:1:9).

2. അസൂയപ്പെടുന്ന സ്വഭാവത്തിൽ നിന്നും പൂർണ്ണമായി പിൻതിരിയുക. ഇതു പറയുവാൻ എളുപ്പമാണ്. നമ്മോടുതന്നെ ശക്തമായി പൊരുതിയെങ്കിലേ അസൂയയെന്ന വിഷസർപ്പത്തെ അമർച്ച ചെയ്യുവാൻ പറ്റൂ. “നിങ്ങളുടെ ജീവിതം ദ്രവ്യാഗ്രഹത്തിൽ നിന്നും സ്വതന്ത്രമായിരിക്കട്ടെ. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ” (ഹെബ്രാ:13:5).

3. സംതൃപ്തിയുടെ രഹസ്യം പഠിച്ചെടുക്കുക. സംതൃപ്തിയുടെ രഹസ്യം അതിമനോഹരമായി വി. പൗലോസ് ശ്ലീഹാ വിവരിക്കുന്നു. സന്തോഷത്തോടെ ജീവിക്കുവാൻ യേശുക്രിസ്തു വേണ്ട ശക്തി പ്രദാനം ചെയ്യും. ''ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ കഴിയുവാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ന്ന നിലയിൽ ജീവിക്കുവാൻ എനിക്കറിയാം; സമൃദ്ധിയിൽ ജീവിക്കാനും ഏതു സാഹചര്യത്തിലും കഴിയാനും എനിക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. അതേ, സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമൃദ്ധിയിലും ദാരിദ്ര്യത്തിലുമെല്ലാം. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും'' (ഫിലി:4:11-13).

4. നമ്മേക്കാൾ ഏതെങ്കിലും വിധത്തിൽ ഉയർന്നവരെ നോക്കാതെ, പലതിലും കുറവുള്ളവരിലേക്ക് നമ്മുടെ കണ്ണുകൾ ചെല്ലട്ടെ. മറ്റു പലർക്കും ഇല്ലാത്തതായ എന്തെല്ലാം കാര്യങ്ങൾ എനിക്കുണ്ട് എന്ന് ആത്മശോധന ചെയ്യുമ്പോൾ നമുക്ക് പരാതിക്ക് വകയില്ല. നമ്മേക്കാൾ കൂടുതൽ സമ്പത്തുള്ളവർ തൃപ്തരാകണമെന്നില്ല. സംതൃപ്തി ഉള്ളിൽ നിന്നു വരുന്ന മനോഭാവമാണ്. ട്രെയിൻ ഇരമ്പിപ്പായുന്ന സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ, മെത്തയും തലയിണയുമൊന്നും ഇല്ലാതെ സുഖമായി കിടന്നുറങ്ങുന്നവരെ കാണാൻ കഴിയും. കിടക്കാൻ അത്രയും സ്ഥലം കിട്ടിയതിൽ അവർ സംതൃപ്തരാണ്. ആധുനിക സൗകര്യങ്ങളുള്ള വലിയ വീടുകളിൽ താമസിക്കുന്ന ചിലർ മനസ്സിൽ ഭാരവും പേറി ഉറങ്ങാത്ത രാവുകൾ തള്ളിനീക്കുന്നവരായിരിക്കും. ''എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യത്തിലും നന്ദി പ്രകാശിപ്പിക്കുവിൻ ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം''

www.malankaralibrary.com



(1 തെസ:5:16–17). അത്യാഗ്രഹിക്ക് പോരാ പോരാ എന്നുള്ള ചിന്തയും പിറുപിറുപ്പും ആവലാതിയും. കണ്ണട്ടയെപ്പോലെ രക്തം കുടിച്ചു കുടിച്ച് വീർത്ത് ചത്തുവീഴുന്നു.

## മറ്റുള്ളവർക്ക് നൽകുക

മഹാത്മാഗാന്ധി പറഞ്ഞു: ‘‘ഈ ലോകത്തിൽ മനുഷ്യന്റെ ആവശ്യത്തിന് (Need) ഉള്ള വകകൾ എല്ലാം ഉണ്ട്. എന്നാൽ അവന്റെ അത്യാഗ്രഹത്തിന് (greed) ഉള്ള വകകൾ ഇല്ല.’’ ഈ ഭൂമിയിലെ സ്വത്തുക്കൾ, പണം എല്ലാം ഒരു ന്യൂനപക്ഷത്തിന്റെ കൈവശമാണ്. ഭൂരിപക്ഷം നിത്യാവശ്യങ്ങൾക്കുപോലും ഇല്ലാതെ വിഷമിക്കുന്നു.

ദൈവത്തിന്റെ സ്വഭാവമാണ് കൊടുക്കുക എന്നത്. ഈ പ്രപഞ്ചത്തിൽ എല്ലാം ദൈവം മനുഷ്യനു നൽകിയിരിക്കുന്നു. വായുവും വെള്ളവും പ്രകാശവുമെല്ലാം ദൈവത്തിന്റെ അമൂല്യദാനങ്ങളാണ്. ഈ പ്രകൃതിയിൽ എല്ലാം മറ്റുള്ളവർക്കു നൽകുന്നു. തീരങ്ങളെ കുളിർമ അണിയിച്ച്, സമ്പൽസമൃദ്ധമാക്കി ഒഴുകുന്ന അരുവി, സ്വാദിഷ്ടങ്ങളായ ഫലങ്ങൾ നൽകുന്ന മരങ്ങൾ, മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ശുദ്ധവായു നൽകുന്ന വൃക്ഷലതാദികൾ, എല്ലാം എല്ലാം മനുഷ്യജീവിതം ഇവിടെ സുഖദായമാക്കുന്നു. നാം കൊടുക്കുമ്പോൾ നഷ്ടപ്പെടുകയല്ല, നാം ധന്യരായിത്തീരുന്നു. സഹായം അർഹിക്കുന്ന ഒരാൾക്ക്, അതു ആരുമായിക്കൊള്ളട്ടെ, നമ്മുടെ സഹായഹസ്തം നീട്ടുമ്പോൾ ആ വ്യക്തിയും നാമും അനുഗ്രഹിക്കപ്പെടുന്നു. എല്ലാവരും കൊടുക്കുന്ന മനഃസ്ഥിതി ഉള്ളവരാണെങ്കിൽ നമ്മുടെ നാട്ടിൽ, ക്രിസ്തീയ സമൂഹത്തിൽ കിടപ്പാടം ഇല്ലാത്തവരോ, ഭവനം ഇല്ലാത്തവരോ പെൺകുഞ്ഞുങ്ങളെ വിവാഹാന്തസ്സിൽ പ്രവേശിപ്പിക്കാൻ വഴി കാണാതെ വിഷമിക്കുന്നവരോ ഒന്നും ഉണ്ടാകില്ല. ദൈവിക ചൈതന്യം ഉള്ളിൽ നിറഞ്ഞവർക്കേ, സന്തോഷമായി നൽകുവാൻ സാധിക്കൂ. നമ്മോടു ഭിക്ഷ ചോദിക്കുവാൻ വരുന്ന പാവപ്പെട്ടവൻ, എന്റെ സഹോദരനാണെന്നുള്ള ബോധ്യം ഉണ്ടെങ്കിൽ, അവനെ ആട്ടിപ്പുറത്താക്കുകയില്ല, കതക് കൊട്ടി അടയ്ക്കുകയില്ല. ആ വ്യക്തിയുടെ കഷ്ടത, എന്റെ കഷ്ടതയായി കാണാനുള്ള ഹൃദയം ഉണ്ടാകണം. ‘‘എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കുവാൻ തന്നില്ല.’’ കർത്താവിന്റെ ഈ രോദനം പല പണക്കാരന്റെയും ഗേറ്റിന്റെ മുമ്പിൽ ഇന്നും കേൾക്കുന്നു.

www.malankaralibrary.com



അത്യാഗ്രഹം മനസ്സിൽ സ്ഥിതിചെയ്യുന്ന മോഷണസ്വഭാവമാണ്. ''മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരുത്. അവൻ ഇല്ലാത്തവനുമായി പങ്കുവയ്ക്കാൻ എന്തെങ്കിലും സമ്പാദിക്കുന്നതിനുവേണ്ടി സ്വന്തം കൈകൊണ്ട് മാന്യമായ ജോലിചെയ്യട്ടെ'' (എഫേ:4:28). പൗലോസ് ശ്ലീഹാ പറയുന്നത്, ഒരാൾ മോഷണം എന്ന തെറ്റ് ചെയ്യരുതെന്നു മാത്രമല്ല ന്യായമായ രീതിയിൽ ധനാഗമമാർഗ്ഗം ഉണ്ടാക്കണം. അതു ആ വ്യക്തിക്ക് മാത്രമായി കൂട്ടിവയ്ക്കാനല്ല, തന്റെ അദ്ധ്വാനഫലം മറ്റുള്ളവർക്കുകൂടി കൊടുക്കുവാനായിരിക്കണം.

## ഉദാരത

ഹൃദയവിശാലത വളർന്ന മനുഷ്യന്റെ ലക്ഷണമാണ് ഉദാരത. ദൈവം നൽകുന്നവനാണ്. മനുഷ്യന്റെ നന്മയ്ക്കായി, സുസ്ഥിതിക്കായി എല്ലാം നൽകുന്നു. നമുക്ക് ദാനമായി ലഭിച്ചത് ദാനമായിത്തന്നെ സഹജീവികൾക്ക് നൽകാനാണ് ദൈവം ഉദ്ബോധിപ്പിക്കുന്നത്. ഈ ഉദ്ബോധനം വചനത്തിലൂടെ കാണാം.

''വാങ്ങാൻ കൈനീട്ടുകയും കൊടുക്കുമ്പോൾ പിൻവലിക്കുകയും അരുത്'' (പ്രഭാ:4:31).

''മരിക്കുന്നതിനുമുമ്പ് നന്മ ചെയ്യുക. ആവുന്നത്ര ഉദാരമായി പെരുമാറുക'' (പ്രഭാ:14:13).

''ലുബ്ധൻ സമ്പത്ത് അർഹിക്കുന്നില്ല'' (പ്രഭാ:14:3).

''സമ്പത്ത് ഏറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്'' (തോബി: 4:8).

''സന്തോഷപൂർവ്വം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്'' (2 കോറി:9:7).

''ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ'' (മത്താ:10:8).

## ചിന്തകൾ നന്മയായിട്ടുള്ളതും നല്ലതായിട്ടുള്ളതുമായിരിക്കണം

അത്യാഗ്രഹം മനസ്സിൽ ആരംഭിക്കുന്ന പാപമാണ്. മനസ്സിന്റെ തിന്മയായ ചിന്തയുടെ സ്ഥാനത്ത് നല്ല ചിന്തകൾ കൊണ്ട് നിറയണം. നല്ല ചിന്തകൾ നിറഞ്ഞ വ്യക്തി മോഷണത്തിനോ വ്യഭിചാരത്തിനോ കൊലപാതകത്തിനോ തുനിയുകയില്ല. ''സഹോദരരേ, സത്യവും വന്ദ്യവും നീതിയുക്തവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെ

www.malankaralibrary.com



ക്കുറിച്ച് ചിന്തിക്കുവിൻ'' (ഫിലി:4:8). ഒരു വ്യക്തി അസൂയപ്പെടുന്ന ആളിനുവേണ്ടി പ്രാർത്ഥിക്കുക.

നാം ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ, നാം ആ ആളിനെ സ്നേഹിക്കുന്നു, പരിഗണിക്കുന്നു എന്നർത്ഥം. ഇതു തുടർന്നാൽ, ആ വ്യക്തിക്കുള്ള മുതൽ നമ്മുടേതാകണം എന്നുള്ള ചിന്തയെ മന സ്സിൽ നിന്നു മാറ്റാൻ സാധിക്കും. ''സ്നേഹം അസൂയപ്പെടുന്നില്ല'' (1 കോറി:13:4).

''അത്യാഗ്രഹത്തെയും ഭൗതികവസ്തുക്കൾ അതിരില്ലാതെ കൂമ്പാരം കൂട്ടുന്നതിനുള്ള ആഗ്രഹത്തെയും പത്താം കല്പന വില ക്കുന്നു'' (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 2536).

''കർത്താവ് സമ്പന്നരെ ഓർത്ത് വിലപിക്കുന്നു. എന്തെന്നാൽ അവർ തങ്ങളുടെ ആശ്വാസം വസ്തുവകകളുടെ സമൃദ്ധിയാൽ കണ്ടെ ത്തുന്നു'' (2547 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

''ഭക്ഷണവും വീടും സ്ഥലവുമില്ലാത്ത അസംഖ്യം മനുഷ്യജീവി കളിൽ ഉപമയിലെ വിശന്നുവലയുന്ന ഭിക്ഷുവായ ലാസറിനെ എങ്ങനെ തിരിച്ചറിയാതിരിക്കും? എനിക്കു തന്നെയാണ് ചെയ്യാതി രുന്നത് എന്നു പറയുന്ന യേശുവിനെ എങ്ങനെ കേൾക്കാതിരിക്കും?'' (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 2463).

www.malankaralibrary.com

# ധൂർത്ത്

**''ആഡംബരത്തിൽ മതി മറക്കരുത്'' (പ്രഭാ:18:32).**

ബൈബിളിൽ വി.ലൂക്കാ 15-ാം അദ്ധ്യായത്തിൽ യേശുക്രിസ്തു അതി മനോഹരമായ ഒരു ഉപമ പറയുന്നുണ്ട്. സ്വന്തം അപ്പനിൽനിന്ന് ഓഹരി വാങ്ങി ദൂരദേശത്തു പോയി ധൂർത്തനായി ജീവിച്ച ഒരു മകന്റെ കഥ. ധൂർത്തനായി ജീവിച്ച് സ്വത്ത് മുഴുവൻ നശിപ്പിച്ചു കളഞ്ഞു. ഈ ഉപമയുടെ വ്യത്യസ്തങ്ങളായ ഗുണപാഠങ്ങളെപ്പറ്റി പ്രതിപാദിക്കുകയല്ല ഉദ്ദേശിക്കുന്നത്. ധൂർത്തിനെപ്പറ്റി ചില കാര്യങ്ങൾ ചിന്തിക്കുകയാണ്.

അമ്മയുടെ ഉദരത്തിൽ രൂപംകൊള്ളുന്ന ഒരു സൂക്ഷ്മകോശം കോടിക്കണക്കിനു കോശങ്ങളായി വളർന്ന് പൂർണ്ണമനുഷ്യരൂപം പ്രാപിക്കുന്നു. ഇങ്ങനെ പിറന്നുവീഴുന്ന ശിശുവിനു ആന്തരികവും ബാഹ്യവുമായ അവയവങ്ങൾ, കഴിവുകൾ എല്ലാം ദൈവം നൽകുന്നു. ഈ മണ്ണിൽ പിറന്നുവീഴുന്ന ഓരോ ശിശുവും വളർച്ച പ്രാപിച്ച്, ദൈവോന്മുഖമായി ജീവിച്ച്, ദൈവം കൊടുത്ത കഴിവുകളെ നന്മയുടെ ഫലം പുറപ്പെടുവിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ധൂർത്ത് എന്ന് സാധാരണ ഉദ്ദേശിക്കുന്നത്, പണം അനാവശ്യമായി വ്യയം ചെയ്യുന്നതിനെയാണ്. എന്നാൽ ധൂർത്തിനു കുറെക്കൂടി വ്യാപകമായ അർത്ഥമുണ്ട്. ദൈവം മനുഷ്യനു ദാനമായി നൽകിയ എല്ലാത്തിനേയും വേണ്ടവിധം ഉപയോഗിക്കാതെ നശിപ്പിച്ചുകളയുന്നതെല്ലാം ധൂർത്താണ്.

**സമയം:** ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടത് സമയമാണ്. സമ്പത്ത് നഷ്ടപ്പെട്ടാൽ, വീണ്ടും അതു നേടിയെടുക്കാം. ആരോഗ്യം നഷ്ടമായാൽ, അതും കുറെയൊക്കെ വീണ്ടെടുക്കാം. എന്നാൽ സമയം നഷ്ടപ്പെട്ടാൽ, ഒരിക്കലും നഷ്ടപ്പെട്ട സമയം കിട്ടുകയില്ല. മനുഷ്യ ജീവിതത്തിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലുമായി ദൈവം നമുക്ക്

www.malankaralibrary.com



തരുന്ന സമയം എത്രമാത്രം വിലപ്പെട്ടതാണ്. അതു നമ്മുടെയും മറ്റുള്ളവരുടെയും നന്മയ്ക്കായി വിവേകപൂർവ്വം ഉപയോഗിക്കേണ്ടതാണ്. പഠിക്കുന്ന ഒരു കുട്ടി, നന്നായി പഠിക്കാതെ മോശമായ പുസ്തകങ്ങൾ വായിച്ചും, മണിക്കൂറുകൾ ടി.വി.യുടെ മുമ്പിൽ കുത്തിയിരുന്നും, കൂട്ടുകാരുമായി അനാവശ്യ ഉല്ലാസങ്ങൾക്കായും സമയം കളഞ്ഞാൽ സമയം ധൂർത്തടിക്കുന്നു എന്നു പറയാം. ചുമതല ഏൽപ്പിക്കപ്പെട്ട ഉദ്യോഗസ്ഥർ, ജോലി ചെയ്യാതെ സൊറ പറഞ്ഞിരിക്കുക, ചീട്ടു കളിച്ചുകൊണ്ടിരിക്കുക ഇതെല്ലാം സമയത്തിന്റെ ധൂർത്താണ്. ആവശ്യങ്ങൾ സാധിച്ചുകിട്ടേണ്ടവർ, അതിന്റെ പേരിൽ കഷ്ടപ്പെടേണ്ടിവരുന്നു. ഇനിയും സമയമുണ്ട് എന്നു ചിന്തിച്ച് ചുമതലകൾ നാളെ, നാളെ എന്നു പറഞ്ഞ് ജീവിതം തള്ളിനീക്കുന്നവർ, നാളെ അതു ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലെത്തും. അസുഖവും, മരണവും ഒരു വ്യക്തിയിൽ എപ്പോൾ സംഭവിക്കും എന്നു അറിയില്ല. ചെറുപ്പമാണ്, ഇനിയും അവസരം ഉണ്ടെന്നു നിരൂപിച്ചിരുന്നാൽ, മരണം കള്ളനെപ്പോലെ വന്നെന്നിരിക്കും. ബൈബിളിൽ മനുഷ്യജീവിതത്തിന്റെ അനിശ്ചിതത്വത്തെപ്പറ്റി രേഖപ്പെടുത്തിയ ചില വചനഭാഗങ്ങൾ നോക്കാം.

''ഭൂമിയിൽ ഞങ്ങളുടെ ദിനങ്ങൾ നിഴൽപോലെയാണ്''(1 ദിന: 29:15).

''എന്റെ ജീവൻ ഒരു ശ്വാസം മാത്രമാണെന്നു അനുസ്മരിക്കേണമെ'' (ജോബ്:7:7).

''മനുഷ്യൻ ഒരു നിഴൽ മാത്രം, മനുഷ്യൻ ഒരു നിശ്വാസം മാത്രം'' (സങ്കീ:39:6).

''നാളത്തെ നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരിക്കും എന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അൽപനേരത്തേക്ക് പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാകുകയും ചെയ്യുന്ന മൂടൽമഞ്ഞാണ് നിങ്ങൾ'' (യാക്കോ:4:14).

ക്രിയാത്മകമായി പല നല്ല കാര്യങ്ങൾ പ്രവർത്തിക്കാനുള്ള ഓജസ്സും കരുത്തുമുള്ള പ്രായമാണ് യുവത്വം. തന്റെ കുടുംബത്തിൽ നിന്ന് മാതാപിതാക്കൾക്ക് സഹായവും സ്നേഹവും നൽകേണ്ട യുവാവ്, അവരിൽ നിന്ന് അകന്ന് ധൂർത്തനായി ജീവിച്ചു. അവന്റെ ഏറ്റവും ചൈതന്യവത്തായ സമയം അവൻ ധൂർത്തടിച്ചു. ഒരിക്കലും തിരിച്ചു കിട്ടാതെ യുവത്വനാളിലെ സമയം ചിറകടിച്ചു പറന്നുപോ

www.malankaralibrary.com



യി. പഠിക്കാതെ, നല്ല കാര്യങ്ങൾ ചെയ്യാതെ സമയം ധൂർത്തടിച്ചു ജീവിതം തകർത്ത പലർ, പിന്നീട് പോയ നാളുകളെ ഓർത്തു വേദനയോടെ നെടുവീർപ്പിടുന്നതു കാണാം.

**ശരീരം:-** നാം ധൂർത്തടിച്ചു നശിപ്പിക്കുന്ന രണ്ടാമത്തെ മേഖല നമ്മുടെ ശരീരമാണ്. ദൈവം നമുക്ക് ദാനമായിത്തന്ന ശരീരം, ഏറ്റവും മഹത്തരമാണ്. അതു ദൈവത്തിന്റെ ആലയമാണെന്നു വചനം നമ്മെ പഠിപ്പിക്കുന്നു. ദൈവാലയം നാം എത്രമാത്രം പൂജ്യമായി കരുതേണ്ടതാണ്! നാം ആരാധന അർപ്പിക്കുന്ന ദൈവാലയം, മനുഷ്യർ ത്യാഗം സഹിച്ച് പണിതുയർത്തി, ആവുംവിധം മനോഹരമാക്കി, ദൈവത്തിനു പ്രതിഷ്ഠിക്കുന്നു. തികഞ്ഞ ആദരവോടുകൂടിയാണ് മനുഷ്യർ അവിടെ പെരുമാറുന്നത്. മാലാഖമാർ പോലും ഭയന്നു വിറയ്ക്കുന്ന, അഭൗമിക തേജസ്സായ ദൈവം വസിക്കുന്ന ആലയമാണ് എന്റെ ശരീരമെങ്കിൽ, നാം അതിനെ എത്രമാത്രം പൂജ്യമായി കരുതണം! ജറുസലേം ദൈവാലയത്തിന്റെ പവിത്രതയെ നിസ്സാരമാക്കിയവരെ കർത്താവ് ആട്ടി ഓടിക്കുന്ന സംഭവം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശരീരം, ഇഷ്ടം പോലെ കൈകാര്യം ചെയ്യാനുള്ളതല്ല. ശരീരവും അതിന്റെ അവയവങ്ങൾ ഓരോന്നിനും അതിന്റേതായ ദൗത്യം ദൈവം തന്നിട്ടുണ്ട്. അവയെ മറന്ന്, പഞ്ചേന്ദ്രിയങ്ങളെ തിന്മയുടെ അഴുക്കുചാലിലേക്ക് വിട്ടുകൊടുക്കാനുള്ളതല്ല. മനുഷ്യന്റെ ചിന്തകളും ഭാവനകളും നന്മ പൂത്തുലയാൻ തക്കവണ്ണം വളർത്തിയെടുക്കണം. സ്വന്തം ശരീരം പുകവലി, മദ്യപാനം, അസാന്മാർഗ്ഗികജീവിതം ഇവയ്ക്ക് അടിമപ്പെട്ടാൽ സ്വന്തം ശരീരത്തെയും മറ്റുള്ളവരുടെ ജീവിതത്തെയും നാശോന്മുഖമാക്കും. കുത്തഴിഞ്ഞ ജീവിതം ധൂർത്തടിച്ച്, എയ്ഡ്സ് (AIDS) പോലുള്ള മാരകരോഗത്തിനു അടിമയായി ആയിരങ്ങൾ പിടഞ്ഞുവീണു കൊണ്ടിരിക്കുന്നു.

ഉപമയിലെ ധൂർത്തപുത്രൻ, തന്റെ ശരീരം ദൈവം നൽകിയതാണെന്നുള്ള സത്യം വിസ്മരിച്ചു. അവന്റെ ആരോഗ്യം ക്ഷയിച്ചു. ശരീരത്തിന്റെ ഓജസ്സും തേജസ്സും പോയ്മറഞ്ഞു. ധൂർത്തപുത്രൻ തിരിച്ചുവന്നപ്പോൾ ജ്യേഷ്ഠസഹോദരൻ അവനിൽ ഒരു കുറ്റം ആരോപിക്കുന്നു ‘‘വേശ്യകളോടുകൂടി ചേർന്ന് സ്വത്തെല്ലാം ധൂർത്തടിച്ചവൻ’’ എന്ന്. ബൈബിളിൽ അങ്ങനെയൊരു കാര്യം പറയുന്നില്ല. എന്നാൽ, ഈ ആരോപണം ശരിയാകാനുള്ള സാധ്യത തള്ളിക്കളയാൻ പറ്റുക

www.malankaralibrary.com



യില്ല. ബോംബെ പോലുള്ള നഗരങ്ങളിൽ പോകുന്ന പല യുവാക്കളും അസന്മാർഗ്ഗിക ജീവിതത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നുണ്ട്. ദൈവത്തിൽ പൂർണ്ണ സമർപ്പണമുള്ളവർക്കേ, പിടിച്ചുനിൽക്കുവാൻ പറ്റൂ. ''വേശ്യകളെ സമീപിക്കുവാൻ'' കൂട്ടുകാർ നിരന്തരം നിർബന്ധിക്കുന്നു, എന്ന് ബാംഗ്ലൂരിൽ പഠിക്കുന്ന ഒരു യുവാവ്, എന്റെ മുൻ ഇടവകക്കാരൻ ഈയിടെ എന്നോടു പറഞ്ഞു.

''നമ്മൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണ്'' (2 കോറി:6:16).

''നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? ക്രിസ്തുവിന്റെ അവയവങ്ങൾ എനിക്ക് വേശ്യയുടെ അവയവങ്ങളാകുമെന്നോ?'' (1 കോറി: 6:15).

''നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും'' (1 കോറി:3:16).

**സമ്പത്ത്:** ധൂർത്തപുത്രൻ പിതാവിൽനിന്ന് ലഭിച്ച സമ്പത്ത് ധൂർത്തടിച്ചു നശിപ്പിച്ചു. മനുഷ്യൻ ധൂർത്തുകാണിക്കുന്ന പ്രധാന മേഖലയാണ് ധനം. ലോകസമ്പത്തിൽ, ഭൂരിഭാഗവും ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ കൈപ്പിടിയിലാണ്. സമ്പദ്വ്യവസ്ഥയെ നിന്ത്രിക്കുന്നതിൽ അവർക്ക് വലിയ പങ്കുണ്ട്. കിടപ്പാടം ഇല്ലാത്തവരായി, ഒരു നേരത്തെ ആഹാരത്തിനു വക ഇല്ലാത്തവരായി ജനലക്ഷങ്ങൾ ഉണ്ട്. സമ്പത്തുള്ളവർ ധൂർത്തടിക്കുന്ന പണം, പാവപ്പെട്ടവരുടെ ഉന്നമനത്തിനുകൂടി നൽകിയാൽ, എത്രയോ പാവങ്ങളുടെ മിഴിനീർ തുടയ്ക്കുവാൻ അതു സഹായിക്കുമായിരുന്നു.

സമ്പത്ത് അതിൽത്തന്നെ ദോഷമല്ല, പാപമല്ല. അതിനോടുള്ള കാഴ്ചപ്പാടും ഉപയോഗവുമാണ് പ്രശ്നമുണ്ടാക്കുന്നത്. അബ്രഹാം വലിയ ധനികനായിരുന്നു. എന്നാൽ, അതു അബ്രഹാമിനെ അഹങ്കാരിയാക്കിയില്ല ധൂർത്തനാക്കിയില്ല. തനിക്കുള്ള സ്വത്ത് മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കാൻ വൈമനസ്യം കാണിച്ചില്ല. മെച്ചപ്പെട്ട ഭൂവിഭാഗം കിട്ടാനുള്ള സമയത്തും, അബ്രഹാം എത്ര ഔദാര്യത്തോടുകൂടി പെരുമാറുന്നു. ഫലഭൂയിഷ്ഠമായ യോർദ്ദാൻ സമതലം ലോത്ത് തിരഞ്ഞെടുത്തു. അബ്രഹാം സന്തോഷത്തോടെ ആ സ്ഥലം ലോത്തിന് വിട്ടുകൊടുത്തു.

www.malankaralibrary.com



## ധനവാനും ലാസറും

ഇത്തരുണത്തിൽ ധനവാനും ലാസറും എന്ന ഉപമ വളരെ പ്രസക്തമാണ്. ലോകത്തിൽ സുഖലോലുപതയിൽ മുഴുകി ജീവിക്കുന്നവർ ഭാഗ്യവാന്മാർ, അനുഗൃഹീതർ എന്ന് ലോകം ചിന്തിക്കുന്നു, ദരിദ്രർ ദൈവത്തിന്റെ ഏതോ ശാപം കിട്ടിയവർ എന്നും. ദൈവദൃഷ്ടിയിൽ സമ്പത്ത് അതിൽത്തന്നെ അനുഗ്രഹം എന്ന ചിന്തയില്ല. സമ്പത്ത് എങ്ങനെ ഉപയോഗിച്ചു എന്നതാണ് നന്മയും തിന്മയും അളക്കുന്ന മാനദണ്ഡം.

ഈ ഉപമയിലെ ധനവാൻ വില കൂടിയ വസ്ത്രം ധരിച്ചും സുഭിക്ഷമായി എന്നും ആഹാരം കഴിച്ചും അവന്റെ മാളികയിൽ ആനന്ദിച്ചു ജീവിച്ചു. ദരിദ്രനും രോഗിയുമായിരുന്ന ലാസർ അവന്റെ പടിവാതിൽക്കൽക്കൂടി പോകുമ്പോൾ ലാസറിനെ മറികടന്നായിരിക്കണം പോയിരുന്നത്. അവനെ ചവിട്ടുകയൊ ഉപദ്രവിക്കുകയോ ചെയ്തതായി ഉപമയിൽ സൂചനയൊന്നുമില്ല. ധനവാന്റെ മേശയിൽനിന്നു വീണിരുന്നതുകൊണ്ട് വിശപ്പടക്കാൻ ലാസർ ആഗ്രഹിച്ചു. എന്നാൽ അവ കിട്ടിയെന്നു ഉപമയിൽ പറയുന്നില്ല. ലാസർ മരിച്ചു. പിന്നീട് ധനവാനും മരിച്ചു. സമ്പത്തിന്റെ സൗഭാഗ്യം ഉള്ളതുകൊണ്ട് ആർക്കും എന്നും ഈ ലോകത്തിൽ പിടിച്ചുനിൽക്കുവാൻ പറ്റില്ലല്ലൊ. മരണത്തിന്റെ മുമ്പിൽ ധനവാനും നിസ്സഹായൻ.

മരണശേഷം ചിത്രം മാറുന്നു. ഒരു തകിടം മറിച്ചിൽ സംഭവിക്കുന്നു. ലാസർ അബ്രഹാമിന്റെ മടിയിൽ, അതായത് സ്വർഗഭാഗ്യത്തിൽ. ധനവാൻ നരകത്തിൽ. എന്താണ് സംഭവിച്ചത്? ധനവാൻ തന്റേതായ ധൂർത്ത ജീവിതത്തിൽ ഒരു പാവപ്പെട്ടവൻ, ഒരു സഹോദരൻ, തന്റെ പടിവാതിൽക്കൽ കിടന്ന കാര്യം ശ്രദ്ധിച്ചതേയില്ല. ആ പാവപ്പെട്ടവനും വിശപ്പും ദാഹവുമുള്ള വ്യക്തിയാണെന്നുള്ള ചിന്ത സ്വന്തം തലയിൽ കയറിയില്ല. അവൻ രോഗിയാണ്, മരുന്നും പരിചരണവും അവനു വേണ്ടതാണെന്നു തോന്നിയില്ല. ഈ അവഗണനയാണ് ധനവാൻ ചെയ്ത കുറ്റം. അല്ലാതെ ധനവാൻ ഏതെങ്കിലും ഉപദ്രവം ലാസറിനു ചെയ്ത ആരോപണമൊന്നുമില്ല.

ഒരു തുള്ളി വെള്ളത്തിനായി ധനവാൻ യാചിച്ചു. സ്വർഗ്ഗവും നരകവും തമ്മിൽ വലിയ ഗർത്തം ഉള്ളതിനാൽ യാതൊരു സമ്പർക്കത്തിനും സാധ്യതയില്ലെന്നു അബ്രഹാം പറഞ്ഞു. പാവപ്പെട്ട ലാസർ

www.malankaralibrary.com



ധനവാന്റെ പടിപ്പുരയിൽ കിടന്നിട്ടും അവർ തമ്മിൽ വലിയ ഗർത്തം ഉണ്ടായിരുന്നു. അതിന്റെ പണി ധനവാൻ ഇവിടെ ഭൂമിയിൽ വച്ചു തന്നെ തുടങ്ങിയതാണ്. ഹൃദയത്തിലാണ് ഗർത്തം തുടങ്ങുന്നത്. കരുണയുടെ ഉറവിടം ഹൃദയത്തിൽ വറ്റിവരണ്ടുപോകുമ്പോൾ, മറ്റുള്ളവരുടെ അസ്തിത്വം തന്നെ മറന്നുപോകുമ്പോൾ, നാം ഗർത്തം നിർമ്മിച്ചു തുടങ്ങുന്നു.

എത്രയോ ലാസറുകൾ നമ്മുടെ ചുറ്റും, നമ്മുടെ കൂട്ടായ്മയിലുണ്ട്. പള്ളിയിൽ വന്ന് ആരാധനയിൽ സംബന്ധിച്ച്, ദിവ്യകാരുണ്യവും സ്വീകരിച്ചുപോകുന്ന ധനവാന്മാരായവർ സഭയിലുണ്ട്. പാവപ്പെട്ടവന്റെ തേങ്ങൽ, നിലവിളിക്കുമുമ്പിൽ അവർ ബധിരരാണ്. എല്ലാ ധനവാന്മാരും എന്നു പറയുന്നില്ല. അപവാദങ്ങൾ ഉണ്ട്.

''ദിവ്യകാരുണ്യം നമ്മെ ദരിദ്രരോടു കടപ്പാടുള്ളവരാക്കുന്നു. നമുക്ക് നൽകപ്പെടുന്ന ക്രിസ്തുവിന്റെ ശരീരവും രക്തവും സത്യത്തിൽ സ്വീകരിക്കുന്നതിനു ക്രിസ്തുവിനെ ഏറ്റവും ദരിദ്രരിൽ അവിടുത്തെ നാം തിരിച്ചറിയണം'' (No. 1397 - കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം).

''നീ കർത്താവിന്റെ രക്തം രുചിച്ചു. എന്നിട്ടും നീ നിന്റെ സഹോദരനെ തിരിച്ചറിയുന്നില്ല. ഈ ഭക്ഷണത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ള ഒരാൾക്കു നിന്റെ ഭക്ഷണം പങ്കുവയ്ക്കാൻ അർഹതയില്ലെന്നു നീ വിചാരിക്കുമ്പോൾ, നീ ഈ ഭക്ഷണമേശയെ അപമാനിക്കുകയാണ്. ദൈവം നിന്റെ എല്ലാ പാപങ്ങളിൽ നിന്നും മോചിപ്പിച്ച്, ഈ മേശയ്ക്കു നിന്നെ അർഹനാക്കി. പക്ഷെ നീ കൂടുതൽ കാരുണ്യമുള്ളവനായിത്തീർന്നില്ല'' (St. John Chrysostom - Homily).

ധനത്തിൽ മാത്രം കണ്ണു നട്ടിരിക്കുന്നവരോടു കർത്താവ് ശക്തമായ ഭാഷയിൽ സംസാരിക്കുന്നുണ്ട്. ബൈബിളിൽ ഉടനീളം, പണക്കൊതിയന്മാരായ, സ്വാർത്ഥരായ വ്യക്തികൾക്കെതിരായി വിരൽ ചൂണ്ടുന്നുണ്ട്. ലൂക്കാ: 12-ൽ ഭോഷനായ ധനികനെക്കുറിച്ച് പറയുന്നുണ്ട്. ഒരു ധനികനു ധാരാളം വിളവു ലഭിച്ചു. അതിൽ ആഹ്ളാദിച്ച് അവ ശേഖരിക്കാൻ അറപ്പുര പൊളിച്ച് വലുതു പണിയാൻ തീരുമാനിച്ചു. ഇഷ്ടംപോലെ സ്വത്തുണ്ട്. തിന്നുകുടിച്ചു ആനന്ദിക്കുവാൻ സ്വയം പറയുന്നു. ഏതാണ്ട് ആറു തവണ ഞാൻ, എന്റേത് എന്ന് ധനികൻ പറയുന്നു. ഒരു തവണപോലും എന്റെ സ്വത്തിൽ ഒരു ഭാഗം

www.malankaralibrary.com



പാവപ്പെട്ടവനു നീക്കിവയ്ക്കും എന്നു ചിന്തിക്കുന്നില്ല. ഇടിമിന്നൽ പോലെ ദൈവശബ്ദം ''ഭോഷാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നത് ആരുടേതാകും?'' ഈ ധനികനും മറ്റുള്ളവരെപ്പറ്റി യാതൊരു പരിഗണനയുമില്ലായിരുന്നു. അവനു തിന്നു കുടിച്ച് സുഖിക്കണം. ഈ ചിന്ത മാത്രം.

ബൈബിളിൽ ധനികനായ ഒരു ചെറുപ്പക്കാരനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ചെറുപ്പം മുതൽ ദൈവകല്പനകൾ എല്ലാം പാലിക്കുന്നവൻ, നിത്യജീവൻ ലഭിക്കുവാൻ കൂടുതലായി എന്തു ചെയ്യണം ഇതായിരുന്നു കർത്താവിനോടുള്ള യുവാവിന്റെ ചോദ്യം. ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവം അവനിൽ ഒരു കുറവുള്ളതായി കണ്ടു. ധനത്തോടുള്ള ആസക്തി. അതു പങ്കുവയ്ക്കാൻ അവനു തോന്നിയിരുന്നില്ല. അവനു മാറ്റം വരാൻ കർത്താവ് ഒരു കാര്യം പറഞ്ഞു. ''നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്ക് കൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക'' (മത്താ:19:16-22). അവൻ സങ്കടത്തോടെ തിരിച്ചുപോയി എന്നു വചനം പറയുന്നു. ഇവിടെയും പാവപ്പെട്ടവനുമായി അവനു ദൈവം നൽകിയ സമ്പത്ത് പങ്കുവയ്ക്കാനുള്ള മനസ്സില്ലാതെ പോയി. ഈ കാരണത്താൽ സ്വർഗ്ഗരാജ്യത്തിൽ നിന്ന് അന്യനായി.

കർത്താവിന്റെ രക്ഷ അതിന്റെ പൂർണ്ണതയിൽ ലഭിച്ച വേറൊരു വ്യക്തിയെ ബൈബിളിൽ കാണുന്നു. ചുങ്കക്കാരനായിരുന്ന, ധനികനായിരുന്ന മറ്റുള്ളവരെ വളരെ ചൂഷണം ചെയ്തു സമ്പന്നനായ വ്യക്തിയാണ്. തനിക്ക് ചുറ്റും ദരിദ്രരായ സഹോദരങ്ങൾ ഉള്ള കാര്യം ഈ വ്യക്തി ഒരിക്കലും ഓർക്കാതെ ജീവിച്ചു. സക്കേവൂസ് എന്ന ഈ വ്യക്തിയുടെ ഭവനത്തിലേക്കാണ് ഒട്ടും പ്രതീക്ഷിക്കാതെ കർത്താവു കടന്നുവരുന്നത്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഈ വ്യക്തിയെ ഒന്നു കാണാൻ മാത്രം ആഗ്രഹിച്ചാണ് ഒരു മരത്തിൽ കയറി ഒതുങ്ങിയിരുന്നത്. കർത്താവിനു പുറം തിരിയുന്നവരിലും കർത്താവിന്റെ കൃപ ചൊരിയപ്പെടുന്നു. തന്റെ ഭവനത്തിൽ കർത്താവിന്റെ സാന്നിദ്ധ്യം, സക്കേവൂസിന്റെ ഹൃദയത്തിൽ കോളിളക്കം സൃഷ്ടിച്ചു. ഒരു സുനാമി അടിച്ചു കയറുന്ന പ്രതീതി. സക്കേവൂസിന്റെ ജീവിതത്തിലെ കാഴ്ചപ്പാട് മാറ്റിമറിക്കപ്പെട്ടു. തനിക്ക് ചുറ്റും ദരിദ്രനാരായ

www.malankaralibrary.com



ണന്മാർ ഉണ്ടെന്നും, അവരുമായി തന്റെ സമ്പത്ത് പങ്കുവയ്ക്കാതെ, ഇതുവരെ ധൂർത്തടിച്ചു ജീവിക്കുകയാണെന്നുമുള്ള ചിന്ത, സക്കേവൂസിനെ പിടിച്ചു കുലുക്കി. ''എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നു. വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടി തിരിച്ചുകൊടുക്കുന്നു'' (ലൂക്കാ:19:8). ദശാംശം നൽകുവാൻ വചനത്തിൽ പറയുന്നു. എന്നാൽ സ്വത്തിൽ പകുതി നൽകുവാൻ പറയുന്നില്ല. ജീവിതത്തിൽ ദൈവകൃപയുടെ വൈദ്യുതിപ്രവാഹം വന്നുകഴിയുമ്പോൾ അത്തരം വ്യക്തികൾ എടുക്കുന്ന തീരുമാനത്തെ ലോകം ഭ്രാന്ത് എന്നു പറയും. ഒരാൾക്കുള്ള സമ്പത്ത്, തനിക്ക് മാത്രമല്ല, അതു മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കാനുള്ള സൂക്ഷിപ്പുകാരനാണ് നാം എന്ന സത്യം മറക്കരുത്.

ചക്രവർത്തിമാരിലും രാജാക്കന്മാരിലും വളരെ ധൂർത്തരായി ജീവിച്ചവരെപ്പറ്റി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നുള്ള 'എപ്പിക്കൂറിയൻ' മനോഭാവത്തിൽ ജീവിച്ചവരിൽ, സോളമൻ രാജാവ് ഉൾപ്പെടുന്നു. ജ്ഞാനിയായിരുന്നു എന്നാൽ, ധൂർത്തിന്റെ കാര്യത്തിൽ, മാതൃക അല്ലായിരുന്നു. ''ഞാൻ എന്നോടു തന്നെ പറഞ്ഞു. സുഖഭോഗങ്ങളിൽ ഞാൻ മുഴുകും. ഞാൻ അതിന്റെ ആസ്വാദ്യത പരീക്ഷിക്കും. എന്റെ നയനങ്ങൾ അഭിലഷിച്ചതൊന്നും ഞാൻ അവയ്ക്ക് നിഷേധിച്ചില്ല. ഞാൻ അനുഭവിക്കാത്ത സുഖങ്ങളില്ല'' (സഭാ: 2:1-10). ബോധോദയം വന്നപ്പോൾ സോളമൻ കൂട്ടിച്ചേർത്തു. ''എല്ലാം മിഥ്യയും പാഴ്‌വേലയുമായിരുന്നു.'' ''സോളമൻ രാജാവിന്റെ പാനപാത്രങ്ങളെല്ലാം സ്വർണ്ണനിർമ്മിതമായിരുന്നു. ലബനോൻ കാനനമന്ദിരത്തിലെ എല്ലാ പാത്രങ്ങളും തങ്കംകൊണ്ടുള്ളതും'' (1 രാജാ:10:21).

ദാനിയേൽ പ്രവാചകന്റെ പുസ്തകം 5-ാം അദ്ധ്യായത്തിൽ ധൂർത്തനായ ബൽഷാസർ രാജാവിന്റെ ധൂർത്തിനെപ്പറ്റി പ്രതിപാദിക്കുന്നു. തന്റെ പ്രഭുക്കന്മാർ ആയിരം പേർക്ക് വിരുന്നു നൽകി. വീഞ്ഞു കുടിച്ചു മദിച്ചു. ജറുസലേം ദൈവാലയത്തിൽ നിന്നും തന്റെ പിതാവ് കൊള്ള ചെയ്തു കൊണ്ടുവന്ന സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള പൂജ്യപാത്രങ്ങളിൽ വീഞ്ഞുകുടിച്ചു (ദാനി:5:1-4). ''നിന്നെ തുലാസിൽ തൂക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു. നിന്റെ രാജ്യം വിഭജിക്കപ്പെടും'' (ദാനി: 5:27) എന്ന് ഭിത്തിയിൽ എഴുതപ്പെട്ടത് ദാനിയേൽ

www.malankaralibrary.com



വായിച്ച് പൊരുൾ പറഞ്ഞുകൊടുത്തു. അന്നു രാത്രിയിൽ ബൽഷാസർ കൊല്ലപ്പെട്ടു. തിന്മയ്ക്ക് ശിക്ഷ ഉണ്ടെന്നു നമ്മെ ദൈവം അറിയിക്കുന്നു. എപ്പോഴും ഉടനെ ശിക്ഷ ഉണ്ടാകണമെന്നില്ല.

സോളമൻ വിഷയലമ്പടനായി മാറി. നൂറുകണക്കിനു വിജാതീയസ്ത്രീകളെ പ്രേമിച്ചു. അവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുതെന്ന ദൈവകല്പന വിസ്മരിച്ചു. സോളമന്റെ വാർദ്ധക്യത്തിൽ, അവന്റെ ഹൃദയത്തെ ഈ ഭാര്യമാർ അന്യദേവന്മാരിലേക്ക് തിരിച്ചു. സോളമനുശേഷം രാജ്യം വിഭജിക്കപ്പെട്ടു (1 രാജാ:11:1-4).

ബൈബിളിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ കാണുന്നത്, മനസ്സുനിറയെ, സമ്പത്ത് ധൂർത്തടിച്ചു ജീവിച്ചെങ്കിലും അവരുടെ അവസാനം സന്തോഷപ്രദമായിരുന്നില്ല എന്നതാണ്.

ലോകത്തിൽ എന്നും ധനികരും ദരിദ്രരും ഉണ്ടായിരിക്കും. ഒരാൾക്ക് കൂടുതൽ ധനം ഉണ്ടാകുന്നതിന് പല ഘടകങ്ങളും കാണും. പിതൃസ്വത്തായി വളരെ സമ്പത്ത് കിട്ടിയവർ കാണും. നന്നായി പഠിക്കുവാനും ബിസിനസ്സിൽ മുന്നേറ്റം ഉണ്ടാകുവാനും സാഹചര്യം വന്നവരുണ്ട്. അങ്ങനെ നല്ല ജോലി, സാമ്പത്തിക ഉയർച്ച ലഭിക്കാം. ബുദ്ധി ഉണ്ടായിട്ടും ഈ സാഹചര്യം ഒന്നും ലഭിക്കാതെ ദരിദ്രരായി കഴിയുന്നവരുണ്ട്. മാരകമായ രോഗം വന്ന്, അവശരാകുകയും ഉള്ളതു മുഴുവൻ ചികിത്സയ്ക്ക് ചെലവാക്കി പാപ്പരായവരുമുണ്ട്. അങ്ങനെ ധനികൻ കൂടുതൽ ധനവാനും ദരിദ്രൻ കൂടുതൽ ദരിദ്രനുമായിത്തീരുന്നു.

നാം വിശ്വസിച്ച് ഏറ്റുപറയുന്ന കർത്താവ്, ദരിദ്രനായി ജനിച്ചു. മരണത്തിലും താൻ ദരിദ്രനായിരുന്നു. അതിൽ കൂടുതൽ ദാരിദ്ര്യത്തിൽ ഒരാൾക്ക് താഴാൻ സാധിക്കാത്ത അവസ്ഥ. ആകാശത്തിലെ പറവകൾക്ക് അതിന്റെ കൂടുകൾ; കുറുനരികൾക്ക് അതിന്റെ മാളങ്ങൾ; അത്രയും സൗകര്യംപോലും ഇല്ലാത്തവനായി ഈ ലോകത്തിൽ കർത്താവു ജനിച്ചു. തന്റെ ജീവിതത്തിൽ ഉടനീളം പാവങ്ങളോട് പക്ഷം ചേർന്നു. നിങ്ങൾ വിരുന്നു സൽക്കാരം നടത്തുമ്പോൾ പാവങ്ങളെ, രോഗികളെ, ക്ഷണിക്കണമെന്നു പറഞ്ഞു. കാരണം അവർക്ക് തിരിച്ചു തരാൻ ഒന്നുമില്ല (ലൂക്കാ 14:14). ഒപ്പത്തിനൊപ്പം ഉള്ളവരെ ക്ഷണിച്ചാൽ, തിരിച്ചുകിട്ടും. അതിൽ പുണ്യമൊന്നുമില്ല. പണക്കൊതിയരായ പ്രീശരെയും യഹൂദ പുരോഹിതരേയും നോക്കി പറഞ്ഞു

www.malankaralibrary.com



''നിങ്ങൾക്ക് ഹാ കഷ്ടം. ദരിദ്രരെ നിങ്ങൾ ഭാഗ്യവാന്മാർ.'' ലോകചിന്താഗതിയെ തകിടം മറിച്ചുള്ള പ്രസ്താവന. ''ഒരു പാത്രം പച്ചവെള്ളം എന്റെ നാമത്തിൽ നൽകുന്നവനു സ്വർഗ്ഗത്തിൽ വലിയ സമ്മാനം. വിശക്കുന്നവർക്കും, ദാഹിക്കുന്നവർക്കും നൽകിയപ്പോൾ എനിക്കാണ് നൽകിയതെന്നുള്ള കർത്താവിന്റെ ശബ്ദം (മത്താ: 25:35) മനുഷ്യമനഃസാക്ഷിയുടെ ഉള്ളറയിൽ എന്നും ജ്വലിച്ചുനിൽക്കേണ്ട വചനമാണ്. ഈ കർത്താവിൽ വിശ്വസിക്കുന്നവർക്കു സമ്പത്ത് ധൂർത്തടിക്കാൻ അവകാശമുണ്ടോ? ധനത്തെക്കുറിച്ചും അതിന്റെ ഉപയോഗത്തെക്കുറിച്ചും ബൈബിൾ പറയുന്ന ചില വചനങ്ങൾ ശ്രദ്ധിക്കാം.

''പാവപ്പെട്ടവനോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ'' (സുഭാ:14:21).

''പാവപ്പെട്ടവർക്കും അനാഥർക്കും നീതി പാലിച്ചു കൊടുക്കുവിൻ'' (സങ്കീ: 82:3).

''ഏതെങ്കിലും ഒരു സഹോദരൻ ദരിദ്രനായിട്ടുണ്ടെങ്കിൽ, നീ നിന്റെ ഹൃദയം കഠിനമാക്കുകയോ അവനു സഹായം നിരസിക്കുകയോ അരുത്'' (നിയ:15:7).

''ദരിദ്രനോടു കരുണ കാണിക്കുന്നവൻ, കർത്താവിനാണ് കടം കൊടുക്കുന്നത്'' (സുഭാ:19:17).

''കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്. നിങ്ങളുടെ സംഘത്തിലേക്ക് സ്വർണ്ണ മോതിരമണിഞ്ഞ് മോടിയുള്ള വസ്ത്രം ധരിച്ച ഒരുവനും, മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു ദരിദ്രനും പ്രവേശിക്കുന്നുവെന്നിരിക്കട്ടെ. നിങ്ങൾ മോടിയായി വസ്ത്രം ധരിച്ചവനെ നോക്കി, ഇവിടെ സുഖമായി ഇരിക്കുക എന്നു പറയുന്നു. പാവപ്പെട്ടവനോടു അവിടെ നിൽക്കുക എന്നോ എന്റെ പാദാപീഠത്തിനടുത്ത് ഇരിക്കുക എന്നോ പറയുന്നു. അപ്പോൾ നിങ്ങൾ നിങ്ങളിൽത്തന്നെ വിവേചനം കാണിക്കുകയും ദുഷ്ടവിചാരങ്ങൾ പുലർത്തുന്ന വിധികർത്താക്കളാവുകയും ചെയ്യുന്നു'' (യാക്കോ:2:2-4).

''ധനവാന്മാരെ, നിങ്ങൾക്ക് സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ. നിങ്ങളുടെ സമ്പത്ത് ക്ഷയിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ സ്വർണ്ണത്തിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലുപ

www.malankaralibrary.com



രായി ജീവിച്ചു. കൊലയുടെ ദിവസത്തേക്ക് നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു'' (യാക്കോ:5:1-6).

''ലൗകിക സമ്പത്ത് ഉണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും, അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ, അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുങ്ങളെ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്. പ്രവൃത്തിയിലും സത്യത്തിലുമാണ്'' (1 യോഹ:3:17-18).

''സമ്പത്തു നേടാൻ അവിടുന്നാണ് നിങ്ങൾക്ക് ശക്തി നൽകുന്നത്'' (നിയ:8:18).

''എന്റെ സമ്പത്തിൽ ഞാൻ ആനന്ദിക്കും എന്ന് അവൻ പറയുന്നു - എല്ലാം വെടിഞ്ഞ് ലോകം വിടാൻ, എത്ര നേരമുണ്ടെന്ന് അവൻ അറിയുന്നില്ല'' (പ്രഭാ:11:19).

''ആഡംബരത്തിൽ മതിമറക്കരുത്, കയ്യിൽ ഒന്നുമില്ലാത്തപ്പോൾ കടം വാങ്ങി വിരുന്നു നടത്തി ഭിക്ഷക്കാരനായി തീരരുത്'' (പ്രഭാ: 18:32,33).

''അവിടെ ആഹ്ലാദത്തിമിർപ്പ്! അവിടെ ഇറച്ചിതീറ്റിയും വീഞ്ഞുകുടിയും! നമുക്ക് തിന്നുകുടിച്ചു മദിക്കാം, നാളെ നമ്മൾ മരിക്കും എന്ന് അവർ പറയുന്നു'' (ഏശ:22:13).

''വേശ്യകളോടു സഹവസിക്കുന്നവൻ സമ്പത്ത് ധൂർത്തടിക്കുന്നു'' (സുഭാ:29:3).

ഈ വചനഭാഗങ്ങളിലെല്ലാം, ദരിദ്രസഹോദരങ്ങളെ സഹായിക്കാനുള്ള കടമയെപ്പറ്റിയും ധൂർത്തജീവിതം വർജ്ജിക്കേണ്ട ആവശ്യത്തെപ്പറ്റിയും ശക്തിയായി ഉൽബോധിപ്പിക്കുന്നു. ഈ ജീവിതവും കഴിവുകളും ധനസമ്പാദനത്തിനുള്ള അവസരങ്ങളും ദാനമായിത്തന്ന ദൈവം, സഹോദരങ്ങളുടെ കഷ്ടതയിൽ, അവർക്ക് തുണയായി നിൽക്കുവാൻ നമ്മോടു ആവശ്യപ്പെടുന്നു. ''നീ ഉപയോഗിക്കാത്ത അപ്പം വിശക്കുന്നവന്റെ അപ്പമാണ്. നീ ധരിക്കാതെ മാറ്റിവച്ചിരിക്കുന്ന വസ്ത്രം വസ്ത്രമില്ലാത്തവനു അവകാശപ്പെട്ടതാണ്'' (സെന്റ് ബേസിൽ). ദൈവത്തിന്റെ സമ്പന്നതയിൽ നിന്ന് ലഭിക്കുന്ന ധനം, സഹജീവികളുടെ ആവശ്യത്തിനായി നൽകാതിരിക്കുന്നത് വലിയ അപരാധമാണ്. ധനം കുന്നുകൂട്ടാനുള്ള ത്വര ഒരാളെ പിടികൂടിയാൽ, മറ്റുള്ളവരുടെ ആവശ്യങ്ങൾ ഓർക്കാതെ പോകും. മനുഷ്യനു ആവശ്യങ്ങൾ ഉണ്ട്, അത്യാവശ്യങ്ങൾ ഉണ്ട്. ആവശ്യങ്ങളും അത്യാവശ്യ

www.malankaralibrary.com



ങ്ങളും മനസ്സിലാക്കാം. എന്നാൽ ആവശ്യങ്ങൾക്കുപരി, അനാവശ്യമായി പലതും സ്വരൂപിക്കുന്നതിലാണ് താല്പര്യം. ഒരു വ്യക്തിയുടെ മഹത്ത്വം, എത്രമാത്രം സ്വത്തുണ്ടെന്നതിലല്ല, നാം എന്തായിരിക്കുന്നുവോ അതാണ് നമ്മുടെ മഹത്ത്വം വെളിപ്പെടുത്തുന്ന ഘടകം. സ്വത്തിനുവേണ്ടിയല്ല ജീവിതം. ഇഷ്ടം പോലെ ധനമുള്ളത് ഒരാളുടെ സന്തോഷത്തിന്റെ ഗ്യാരണ്ടിയല്ല. സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി ഒരാൾക്ക് ലഭിച്ച ധനം ഉപയോഗിക്കുന്നതിലാണ് മനുഷ്യമഹത്ത്വം. കൊടുക്കുമ്പോൾ, നാം അനുഗ്രഹിക്കപ്പെടുന്നു, യഥാർത്ഥ സന്തോഷം അപ്പോൾ ലഭിക്കുന്നു.

ദാരിദ്ര്യത്തിന്റെ ഉദാത്തമാതൃക കാണിച്ച നാഥന്റെ പിൻഗാമികളായ നാം, നമുക്കുള്ളതു പങ്കുവയ്ക്കുന്നതിൽ വളരെ പിന്നോക്കമാണ്. ഉപരിപ്ലവമായ ഭക്തിപ്രകടനമല്ലാതെ, സ്വയം ശൂന്യവത്കരിച്ച നാഥന്റെ ചൈതന്യം ഭൂരിപക്ഷം പേരും ഉൾക്കൊണ്ടിട്ടില്ല. ചരിത്രത്തിൽ ഇരുണ്ട കാലമായി പറയുന്ന മധ്യയുഗത്തിൽ, ധൂർത്തിന്റെയും ആർഭാടത്തിന്റെയും ജീവിതം നയിച്ച ഒത്തിരി വൈദികർ ഉണ്ടായിരുന്നു. അല്ലലില്ലാതെ, സുഖലോലുപതയിൽ ജീവിക്കാനുള്ള വഴിയായി വൈദിക ജീവിതത്തെ ഇന്നും കാണുന്ന ചുരുക്കം ചില വൈദികർ എങ്കിലും സഭയിൽ ഉണ്ട്. ലോകത്തിനു മാതൃക കൊടുക്കാൻ ഈ കാര്യത്തിൽ നാം പരാജയപ്പെടുന്നു. ഫ്രാൻസിസ് അസ്സീസിയോ മഹാത്മാഗാന്ധിയോ ചരിത്രത്തിൽ അധികമില്ല. അവരുടെ ദർശനവും ജീവിച്ചവഴികളും പിൻഗാമികൾ എന്ന് അവകാശപ്പെടുന്നവർക്ക് കൈമോശം വന്നിരിക്കുന്നു. അപവാദങ്ങൾ (Exception) ഉണ്ട്. ഞാൻ മൈനർ സെമിനാരിയിൽ പഠിക്കുമ്പോൾ, പീറ്റർ റെഡ്ഡി ഞങ്ങളെ സന്ദർശിച്ച് സംസാരിച്ചതായി ഓർക്കുന്നു. പാളയംകോട്ട് കോളജിലെ പ്രൊഫസർ ആയിരുന്നു. അസ്സീസി പുണ്യവാളന്റെ ജീവചരിത്രം വായിച്ച്, വലിയ സ്ഥാനമാനം ഉപേക്ഷിച്ച്, ഒരു ഭിക്ഷുവിനെപ്പോലെ തോളിൽ ഒരു ചെറിയ മാറാപ്പുമാത്രമായി കർത്താവിനെ പ്രഘോഷിക്കുവാൻ നടക്കുമായിരുന്നു. ഇവരെല്ലാം അന്ധകാരത്തെ ദീപ്തമാക്കുന്ന വെള്ളിനക്ഷത്രങ്ങളാണ്. എല്ലാവർക്കും അവരെപ്പോലെയാകാൻ സാധിച്ചെന്നുവരില്ല.

സഭയിൽ ദാരിദ്ര്യവ്രതമെടുക്കുന്ന സന്യാസികൾ ദരിദ്ര്യാരൂപി പുലർത്തിയാൽ മതി എന്നു പറയാറുണ്ട്. യഥാർത്ഥത്തിൽ ദാരിദ്ര്യാ

www.malankaralibrary.com



രൂപി പുലർത്തുന്നുണ്ടോ? ഇതൊക്കെ കാറ്റിൽ പറത്തി ആർഭാടജീവിതശൈലി ജീവിതവ്രതമായി സ്വീകരിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. തീർത്തും പാവപ്പെട്ട ഭവനങ്ങളിൽ നിന്നും വന്ന്, വൈദികനായതിന്റെ വെളിച്ചത്തിൽ നാട്ടിൽ നിന്നും വിദേശത്തുനിന്നും കിട്ടുന്ന സാമ്പത്തിക സഹായം ധൂർത്തിനും ആർഭാടത്തിനും വിനിയോഗിക്കുന്ന വൈദികരും ചുരുക്കമായിട്ടെങ്കിലും സഭയിലുണ്ട്. ചില യാഥാർത്ഥ്യങ്ങൾ അംഗീകരിക്കാൻ നാം വിമുഖത കാട്ടുന്നു. യാഥാർത്ഥ്യങ്ങളെ മൂടിവയ്ക്കാൻ ശ്രമിച്ചാലും, പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള അന്തരം ജനങ്ങൾ മനസ്സിലാക്കുന്നുണ്ട് എന്നുള്ളത് സത്യമാണ്.

വികലാംഗർ, മാനസിക രോഗികൾ, അനാഥശിശുക്കൾ ഇങ്ങനെ പലരെ സഭ ശുശ്രൂഷിക്കുന്നുണ്ട്. തികച്ചും മഹത്തരമായ കാരുണ്യ പ്രവൃത്തിയാണ്. എന്നാൽ നമ്മുടെ പല ഇടവകകളിലും പ്രയാസമനുഭവിക്കുന്നവർ ധാരാളമുണ്ട്. മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുവാൻ, പ്രായമായ പെൺകുട്ടികളുടെ വിവാഹചെലവു വഹിക്കുവാൻ പ്രയാസപ്പെടുന്നവർ, മനുഷ്യോചിതമായി ജീവിക്കുവാൻ വീടില്ലാത്തവർ ഇങ്ങനെ പലതും. ഈ സാഹചര്യത്തിലും, പല ഇടവകകളിലും ആവശ്യത്തിലധികം കുരിശടികൾ പണിതുയർത്തുവാൻ, പള്ളികൾ പൊളിച്ചു പണിയുവാൻ, പെരുന്നാളുകൾ അടിച്ചുപൊളിച്ചു നടത്തുവാൻ, ഈ പാവപ്പെട്ടവരിൽ ഹേമം ചെലുത്തി പണപ്പിരിവു നടത്താറുണ്ട്. ഇത് പാവങ്ങളോടുള്ള പക്ഷം ചേരലായി കരുതാൻ പറ്റില്ല. ധൂർത്തുകാണിച്ച് അതു പ്രശസ്തിയായി കരുതുന്ന ലോകരൂപിയാണ് പലരിലും കുടികൊള്ളുന്നത്. പാവപ്പെട്ടവർക്ക് എന്തെങ്കിലും ചെയ്തുകൊടുക്കാൻ പറഞ്ഞാലും, അത് നടപ്പിലാക്കാതിരിക്കാൻ നൂറു ഒഴിവുകഴിവുകൾ പറയുന്ന ധനികർ, കമ്മറ്റിക്കാർ സഭയിലുണ്ട്.

## സമ്പത്തിന്റെ ധൂർത്ത്

“അമിതമായ ചെലവു ചെയ്യുന്നത്, ധൂർത്തടിക്കുന്നത്, സ്വകാര്യസ്വത്തോ പൊതുസ്വത്തോ മനഃപൂർവ്വം നശിപ്പിക്കുന്നത് ധാർമികനിയമത്തിനു വിരുദ്ധമാണ്” (No. 2409. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം).

“യേശുവിന്റെ ശരീരത്തെ നീ ബഹുമാനിക്കുന്നുണ്ടെങ്കിൽ അവനെ നഗ്നനായിരിക്കുമ്പോൾ അപമാനിക്കരുത്. ദൈവാലയത്തിനുള്ളിൽ അവനെ ആദരിക്കുകയും എന്നാൽ ദൈവാലയത്തിനുപുറത്ത്

www.malankaralibrary.com



അവൻ നഗ്നനായി തണുപ്പത്ത് വിറയ്ക്കുകയും ചെയ്യുമ്പോൾ അവഗണിക്കുകയും ചെയ്യരുത്." ‘‘ഇത് എന്റെ ശരീരമാകുന്നു’’ എന്നു പറഞ്ഞവൻ തന്നെയാണു ‘‘വിശക്കുന്നവനായി നിങ്ങൾ എന്നെ കണ്ടു. എന്നാൽ നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നില്ല’’ എന്നു പറഞ്ഞതും. അൾത്താര കുത്തിനിറച്ചതുകൊണ്ടെന്തുഫലം? വിശക്കുന്നവനെ തീറ്റുക. എന്നിട്ടുവന്ന് അൾത്താര അലങ്കരിക്കുക. സ്വർണ്ണപാനപാത്രം ഉണ്ടാക്കുന്ന നീ ഒരു പാത്രം പച്ചവെള്ളം കൊടുക്കുന്നില്ല. ദൈവാലയത്തേക്കാളും അമൂല്യമാണു നിന്റെ സഹോദരന്റെ കഷ്ടപ്പെടുന്ന ശരീരമാകുന്ന ആലയം. ‘‘യേശുവിന്റെ ശരീരം നിനക്ക് ഒരു അൾത്താരയാകുന്നു. നീ ബലിയർപ്പിക്കുന്ന അൾത്താര കല്ലിനേക്കാൾ പരിശുദ്ധമാണ്. ഈ അൾത്താര നിനക്ക് എല്ലായിടത്തും കണ്ടെത്താനാകും. തെരുവിലും മൈതാനിയിലും’’ (വിശുദ്ധ ജോൺ ക്രിസോസ്റ്റോം).

കഴിഞ്ഞ അൻപതുവർഷങ്ങൾക്കകം, ഗൾഫ് രാജ്യങ്ങളിൽ കയറിപ്പറ്റിയവർ വഴി കോടിക്കണക്കിനു രൂപ കേരളത്തിൽ ഒഴുകി എത്തിയിട്ടുണ്ട്. ഇതിൽ ഭൂരിപക്ഷം തുകയും മത്സരിച്ച് ബ്രഹ്മാണ്ഡവീടുകൾ പണിയുന്നതിനു ചിലവഴിക്കുന്നു. ഈ പല വീടുകളിലും താമസിക്കുവാൻ അധികം പേരില്ല. അയൽക്കാരന്റെ വീടിനേക്കാൾ മോശമാകരുതെന്നു കരുതി, ഗൾഫിൽ ചെറിയ ജോലി കിട്ടിയവരും ലോൺ എടുത്ത് വലിയ വീടുകൾ പണിത് പൂർത്തിയാക്കാൻ സാധിക്കാതെ വിഷമിക്കുന്നവരും കടക്കെണിയിൽപ്പെട്ട് നട്ടം തിരിയുന്നവരും ആത്മഹത്യ ചെയ്യുന്നവരും ഈ കേരളക്കരയിലുണ്ട്. എല്ലാം ധൂർത്തുകാണിക്കാനുള്ള വ്യഗ്രത. സാമാന്യം വലുതും നല്ലതുമായ വീടുകൾ ബുൾഡോസർ കൊണ്ട് തകർത്ത് കോടികൾ മുടക്കി വീടുപണിയുന്നവരും ഉണ്ട്.

വിവാഹത്തിനു കാണിക്കുന്ന ധൂർത്തും ആഡംബരവും കൂടിവരികയാണ്. സ്വന്തം മക്കളുടെ വിവാഹം മാന്യമായി നടത്തുന്നതിനു എതിരല്ല. സാമൂഹിക സമ്മർദ്ദത്തിനു നാമെല്ലാം അടിമകളായിത്തീരുന്നു. പണമുള്ളവർ കാണിക്കുന്ന ധൂർത്തിനൊപ്പം നീങ്ങിയില്ലെങ്കിൽ, മോശമാകും, ഒറ്റപ്പെടും എന്നുള്ള ചിന്ത പലരെ ഭരിക്കുന്നു. അതുകൊണ്ട്, പണക്കാരൻ കാണിക്കുന്ന കോലാഹലമെല്ലാം തന്റെ മക്കളുടെ വിവാഹത്തിനും വേണമെന്ന സാധാരണക്കാരന്റെ ചിന്ത. ഇതിനുവേണ്ടി കടം എടുക്കുന്നു; കിടപ്പാടം പണയപ്പെടുത്തുന്നു.

www.malankaralibrary.com



സ്വർണ്ണവില നാൾക്കുനാൾ കുതിച്ചു കയറിക്കൊണ്ടിരിക്കുന്നു. ഏതു വിലയായാലും കുറഞ്ഞതു ഇരുപത്, മുപ്പത് പവൻ പെണ്ണിനുവേണം. അത്രയുമെങ്കിലും ഇല്ലാത്ത പെണ്ണിനെ ചെറുപ്പക്കാരനും അപ്പനും അമ്മയ്ക്കും വേണ്ടാ. കേരളീയർ ഈ സ്വർണ്ണഭ്രാന്തിൽ മുങ്ങിച്ചാകുമെന്ന് അറിയാവുന്നതുകൊണ്ട്, പുതിയ പുതിയ ജ്വല്ലറി സിനിമാ നടീനടന്മാരെ കൊണ്ട് ഉദ്ഘാടനം ചെയ്തുകൊണ്ടിരിക്കുന്നു. വിവാഹം കഴിഞ്ഞതുകൊണ്ട് സ്വർണ്ണത്തോടുള്ള ആർത്തിതീർന്നോ? ഇല്ല. മകൾ ഗർഭിണിയാകുമ്പോൾ, പ്രസവിച്ചുപോകുമ്പോൾ എല്ലാം ഭർത്താവിന്റെ വീട്ടുകാർക്ക് ഓരോ പാരമ്പര്യം പറഞ്ഞ് സ്വർണ്ണം കൊണ്ടുചെല്ലണം. ഇതിനൊന്നും മാർഗമില്ലാതെ തീ തിന്നുന്ന മാതാപിതാക്കളെ എനിക്കറിയാം.

വിവാഹശുശ്രൂഷയുടെ സമയത്തുമാത്രം ഉപയോഗിക്കുന്ന മന്ത്രകോടി-മിക്കവാറും ആരും തന്നെ പിന്നീട് ഉപയോഗിക്കുന്നില്ല. എത്ര ആയിരങ്ങൾ അതിനായി മുടക്കുന്നു. ഏറ്റവും കൂടുതൽ പരസ്യമുള്ള തുണിക്കട. അതു എത്ര ദൂരമായാലും കാറു പിടിച്ചായാലും പോയി കണ്ടുപിടിക്കുന്നു. വരുന്ന പാർട്ടിയെ കാണുമ്പോഴേ കടക്കാർക്ക് അറിയാം, നല്ല ഇര വലയിൽപ്പെട്ടിരിക്കുന്നു. പതിനായിരത്തിന്റെ സാരി എടുത്തു കാണിച്ചാൽ, ഉയർന്ന റേഞ്ച് (range) ഉണ്ടോ എന്ന ചോദ്യം. ഇരുപതിനായിരത്തിന്റെ കാണിക്കും. പാർട്ടിയുടെ പണക്കൊഴുപ്പ് അനുസരിച്ച് വിലയുടെ റേഞ്ച് കൂടിക്കൊണ്ടിരിക്കും. മുമ്പൊക്കെ കല്യാണം കഴിഞ്ഞ് അതേ ഡ്രസ്സിൽ ആഹാരം കഴിച്ച്, വീട്ടിൽ പോയി പുതിയ സാരി ഉടുക്കുമായിരുന്നു. ഇപ്പോൾ ഊണിനുമുമ്പ്, പുതിയ മന്ത്രകോടി പ്രദർശിപ്പിക്കുവാൻ വധു അതു ധരിക്കണം. വിവാഹം കഴിഞ്ഞ്, വികാരിയായ ഞാനും ആളുകളും ആഹാരത്തിനായി ദൈവാലയത്തിൽനിന്ന് കുറച്ചകലെ ഹോളിൽ വന്നിരിക്കുന്നു. ഏതാണ്ട് അരമണിക്കൂർ, 45 മിനിട്ട് ആയിട്ടും വധുവിനെ കാണുന്നില്ല. വിവരം അന്വേഷിച്ചപ്പോൾ സാരി മാറാൻ പോയിരിക്കുന്നു എന്നു മറുപടി. ക്ഷണിക്കപ്പെട്ടവരിൽ നല്ല ശതമാനം ആളുകൾ വിളമ്പിവച്ച കേക്ക് പീസ് കഴിച്ചിട്ട് പോയി. പണത്തിന്റെ അതിപ്രസരത്തിൽ കാണിക്കുന്നത്, പണത്തിന്റെ കൊഴുപ്പു കുറഞ്ഞ കാലത്ത് ഇല്ലാത്ത ചടങ്ങുകൾ. ഒരു നല്ല തുണിക്കടയിൽ ജോലി ചെയ്യുന്ന എന്റെ ഒരു ഇടവകക്കാരൻ പറഞ്ഞു. ‘‘അച്ചാ, 500 രൂപാ

www.malankaralibrary.com



വിലയുള്ള സാരി 5000 രൂപാ എന്നു പറഞ്ഞു കൊടുത്താൽ, വരുന്ന വരൊന്നും ഇതു മനസ്സിലാക്കത്തില്ല. കല്യാണസാരികൾക്ക് വാങ്ങി ക്കുന്ന ഭീമമായ തുകയുടെ പകുതി വിലയില്ലാത്ത സാരികളാണ്, വലിയ തുകയ്ക്ക് വാങ്ങിക്കൊണ്ടുപോകുന്നത്.'' റേഞ്ച് താണുപോ യാൽ, മോശമല്ലേ!

ഒരു പെൺകുട്ടിക്ക് അവളുടേതായ സൗന്ദര്യം ഉണ്ട്. ഈ കാലത്ത് വരനും വരന്റെ ആളുകളും പെൺകുട്ടിയെ വന്നുകണ്ടതുമാണ്. മാന്യ മായ രീതിയിൽ കല്യാണത്തിനു ഒരുങ്ങിക്കൊള്ളട്ടെ. പണം ഉണ്ടാ ക്കാനുള്ള ബിസ്സിനസ്സായി ബ്യൂട്ടീഷനും പാർലറും ഇന്നുണ്ട്. വിവാ ഹത്തിനുമുമ്പും, വിവാഹദിവസവും പെൺകുട്ടി അവിടെ പോകണം. ഫേഷ്യൽ ചെയ്യണം. പതിനായിരവും അതിൽകൂടുതലും ചിലവാകും. പാവപ്പെട്ടവന്റെ മകൾക്കും ഇതുവേണമല്ലൊ! സാമൂഹിക സമ്മർദ്ദം. മലങ്കരസഭയിൽ, വിവാഹത്തിനു ഇറങ്ങുന്നതിനു മുമ്പ് വികാരി അച്ചൻ വീട്ടിൽപോയി പ്രാർത്ഥിക്കണം എന്ന പതിവ്. ഒരു സമയം പറഞ്ഞു, ഞാൻ ഹാജരാകാൻ. ഒരു മിനിട്ട് അച്ചൻ താമസിച്ചുപോയാൽ മുറുമു റുപ്പ്, വിമർശനം പതിവാണ്. ഞാൻ വിവാഹവീട്ടിൽ ചെന്നു. അരമ ണിക്കൂർ കഴിഞ്ഞു. പ്രാർത്ഥിക്കാൻ പെൺകുട്ടി ഇറങ്ങിവരുന്നില്ല. ഒരു മണിക്കൂർ ആയി. പെൺകുട്ടിയെ കാണുന്നില്ല. പ്രാർത്ഥിക്കേ ണ്ടയോ, പെൺകുട്ടിയെ വിളിക്കൂ എന്നു പറഞ്ഞു. അച്ചാ, സ്വല്പം കൂടി വെയിറ്റ് ചെയ്യുക. പെൺകുട്ടി ബ്യൂട്ടീഷന്റെ പക്കൽ പോയിരി ക്കുകയാണ്. ഇതുവരെ വന്നില്ല എന്ന മറുപടി കിട്ടി. വികാരിക്ക് ഇറ ങ്ങിപ്പോവാൻ പറ്റുമോ? അതു പ്രശ്നമാകയില്ലേ ?

വിവാഹത്തിനു ഡ്രസ്സുകൾ പെട്ടിയിൽ നിന്ന് എടുക്കുമ്പോൾ മുതൽ വീഡിയോ, ക്യാമറക്കാർ ഷൂട്ടിങ്ങ് തുടങ്ങും. പെണ്ണിന്റെയും വരന്റെയും ഓരോ ചലനത്തിനും വീഡിയോയും ക്യാമറയും, സിനിമ സീൻ ഷൂട്ടു ചെയ്യുന്നതിനെയും കടത്തിവെട്ടുന്ന രീതിയിൽ. ഏതിനും ഒരു മിതത്വം വേണമല്ലൊ. പണക്കൊഴുപ്പിന്റെ പേരിൽ ഇതെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനിക്ക് സംഭവിച്ചിരിക്കുന്ന മൂല്യ ച്യുതി!

വിവാഹത്തിനു ക്വയർ എനിക്ക് അസഹനീയമായി തോന്നുന്നു. നന്നായി, മനോഹരമായി പാടുന്നത് എനിക്കിഷ്ടമാണ്. വൈദി കർക്കും ശുശ്രൂഷകന്മാർക്കും പാടാം. വേണമെങ്കിൽ, ചെറിയ ശബ്ദ

www.malankaralibrary.com



ത്തിൽ കീബോർഡ് പിന്നണിയിൽ ചേർക്കാം. എന്നാൽ ഇന്നത്തെ വിവാഹ കൊയർ ഏറ്റവും കൂടിയ (Maximum) ശബ്ദം സൃഷ്ടിക്കുന്ന പിന്നണിയാണ്. പാട്ടിനെ ഈ ശബ്ദകോലാഹലത്തിൽ മുക്കിക്കള യുന്ന രീതി. ഏതാണ്ട് നാടകത്തിൽ Stage Effect കിട്ടാൻ ശബ്ദം ഉപ യോഗിക്കുന്ന തന്ത്രമാണ് വിവാഹക്വയറിൽ കാണിക്കുന്നത്. ഏതോ പണക്കാർ തുടങ്ങിവച്ചു. പാവപ്പെട്ടവനു പരിപാടി കുറയ്ക്കാൻ പറ്റു മോ?

മുമ്പുകാലത്ത്, ബന്ധുക്കളും അയൽവാസികളും വന്നു വിവാ ഹസദ്യ ഒരുക്കിക്കൊടുക്കുമായിരുന്നു. വളരെ ഹൃദ്യമായ സൗഹൃദ കൂട്ടായ്മയും സഹകരണവും. ഇന്ന് 'കേറ്ററിങ്ങ്' സമ്പ്രദായം, പണ സമ്പാദനമാർഗ്ഗം, ഇതിൽ ആശ്രയിക്കാതെ വേറെ മാർഗ്ഗമില്ല. ഒരു ഡിഷിന് 500 രൂപാ വിലയുള്ള ഊണ് സാധാരണമായി. കുറെ എല്ലാം കഴിച്ചിട്ട്, വലിച്ചു വാരി വെളിയിൽ പട്ടിക്കും കാക്കയ്ക്കും തിന്നാൻ വില പിടിപ്പുള്ള ആഹാരം കളയുന്നതു കണ്ടിട്ടുണ്ട്. പ്രത്യേകം ക്ഷണി ക്കപ്പെട്ട കുറെ പേർക്ക് മദ്യസേവ കൊടുക്കുന്ന കത്തോലിക്കരും ചില സ്ഥലങ്ങളിൽ ഉണ്ട്.

വിവാഹ ഉറപ്പിനു നൂറുപേർ വന്നാൽ, ഇരട്ടി ആളുകൾ വിവാഹ ത്തിനു പോകണം. ഇല്ലെങ്കിൽ, ഇവിടെ ആളും പേരും ഉള്ളവരല്ല എന്നു കേൾക്കേണ്ടിവരും. അതിനാൽ, എത്രയും പേരെ വിളിച്ചുകൊണ്ടുപോകാൻ ശ്രമിക്കും. ബസ്സും കാറുകളും അനവധി. പണമൊരു പ്രശ്നമല്ല ധനികന്. പണമുണ്ടെങ്കിൽ, ബന്ധുക്കളും സ്നേഹിതരും കുടുംബ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതും സ്വയം ഊതി വീർപ്പിച്ചു വലുതാകാനുള്ള മാർഗ്ഗമാണല്ലോ.

മുകളിൽ പ്രസ്താവിച്ച ചില ധൂർത്തുകൾ, സഭയിലും സഭാമക്ക ളിലും കാണുന്നതാണ്. ക്രിസ്ത്യാനികൾ അല്ലാത്ത സഹോദരങ്ങ ളുടെ രീതികൾ ഇവിടെ പ്രതിപാദന വിഷയമല്ല. ദരിദ്രരിൽ ദരിദ്ര നായി പിറന്ന, ലാളിത്യത്തിന്റെ മൂർത്തീഭാവമായി ജീവിച്ച യേശു വിന്റെ അനുഗാമികൾ എന്നു പറയുന്ന ക്രൈസ്തവരിൽ കാണുന്ന ഈ വൈരുദ്ധ്യം തങ്ങളുടെ നാഥന്റെ ജീവിതത്തോടു പുലബന്ധമി ല്ലാത്ത ജീവിതശൈലിയാണ്. തിരുത്തപ്പെടേണ്ടതാണ്. ആയിരങ്ങളും ലക്ഷങ്ങളും ധൂർത്തടിക്കുമ്പോൾ, തന്റെ പടിക്കൽ കിടക്കുന്ന, സഭ യിലും കൂട്ടായ്മയിലുമുള്ള, ചിലപ്പോൾ സ്വന്തം രക്തബന്ധത്തിൽ ഉള്ളവരുമായ പാവപ്പെട്ട സഹോദരങ്ങളുടെ നേരെ കണ്ണടച്ചിട്ട്,

www.malankaralibrary.com



പള്ളിയോ കുരിശടിയോ പണിയാൻ ആയിരങ്ങൾ കൊടുത്താൽ കടമ തീരുമോ? കർത്താവിന്റെ തിരുസന്നിധിയിൽ സ്വീകാര്യമാകുമോ? സ്വയംമറന്ന്, സ്വയം മുറിച്ചു നമുക്ക് നൽകിയ നാഥന്റെ തിരുബലിയിൽ ഞായറാഴ്ച സംബന്ധിച്ച് പോരുന്നവർ ഓർക്കണം, ഈ കൂട്ടായ്മയിൽ സാമ്പത്തിക ഞെരുക്കമുള്ള സഹോദരങ്ങൾ ഉണ്ടെന്ന്. അവരുടെ നെടുവീർപ്പുകൾ കേൾക്കാതെ പോകരുത്. പാവങ്ങളോടുള്ള കടപ്പാട് വിശുദ്ധ കുർബ്ബാന സ്വീകരിക്കേണ്ടവർക്ക് ഉണ്ടാകേണ്ടതാണ്.

## ചില നിർദ്ദേശങ്ങൾ

1. പെരുന്നാളുകളും ആഘോഷങ്ങളും മിതമായ രീതിയിൽ നടത്തണം. ധൂർത്തിന്റെ വേദിയാകരുത്. പേരുകേട്ട ശിങ്കാരിമേളക്കാരെ വിളിച്ച് റാസ നടത്തിയെങ്കിലേ ആത്മീയതയുള്ളൂ എന്നു വിചാരിക്കരുത്. ബാഹ്യമായ ആഘോഷപരിപാടികൾ ഒന്നും ഇല്ലാതെ, ദൈവവചനശുശ്രൂഷ നടത്തുന്ന ക്രിസ്തീയ വിഭാഗങ്ങൾ ഉണ്ടെന്നുള്ളതു മറക്കരുത്. പണം ധൂർത്തടിച്ചു റാസയും വെടിക്കെട്ടും നടത്തിയിട്ട്, ശൂന്യമായ ഹൃദയവുമായി പോകുന്ന ക്രൈസ്തവർ വളരെയുണ്ട്. ആത്മീയതയ്ക്ക് ഊന്നൽ കൊടുക്കാതെ, ലൗകികർ നടത്തുന്നതുപോലെയുള്ള ആഘോഷത്തിമിർപ്പ് ദൈവികഫലം പുറപ്പെടുവിക്കുകയില്ല.

2. വിവാഹാഘോഷം ലളിതമായി നടത്താനുള്ള ബോധവത്ക്കരണം നൽകണം.

3. സ്വർണ്ണാഭരണം കൊണ്ട് കഴുത്തും കൈയും മൂടിയെങ്കിലേ വധു യോഗ്യത ഉള്ളവൾ ആകൂ എന്ന തെറ്റായ ധാരണ മാറണം. പാവപ്പെട്ടവന്റെ പരിധിയിൽ വരുന്ന കുറച്ചു സ്വർണ്ണാഭരണം ധരിച്ചാൽ മതി എന്ന് തീരുമാനിക്കണം. വധുവാണ് എന്റെ ധനം, എന്നുള്ള ചിന്ത വരനും, എന്റെ മകനു അനുയോജ്യമായ മകളെ ലഭിച്ചു എന്നുള്ള സംതൃപ്തി വരന്റെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഉണ്ടാകണം.

4. വരനും വധുവും ജോലി ഉള്ളവരാണെങ്കിൽ വരുമാനത്തിന്റെ 10% ഇടവകയിൽ പാവപ്പെട്ടവരുടെ ന്യായമായ ആവശ്യത്തിനും, പെൺമക്കളുടെ വിവാഹം മുതലായവയ്ക്കും നീക്കിവയ്ക്കണം.

www.malankaralibrary.com



5. ഇടവക വക കുരിശ്ശടി ഉണ്ടെങ്കിൽ അതിൽ നിന്നു കിട്ടുന്ന നേർച്ച, മുഴുവനായിട്ടല്ലെങ്കിൽ, നല്ല ശതമാനം ഇടവകയിലെ പാവപ്പെട്ടവരുടെ ആവശ്യത്തിനു നീക്കിവയ്ക്കണം.

6. പുകവലി, മദ്യപാനം ഇവ തീർത്തും വർജ്ജിക്കുവാൻ ചെറുപ്പത്തിലെ കുട്ടികളെ ബോധവൽക്കരിക്കണം.

സഭാപിതാക്കന്മാരും വികാരിമാരും ഈ കാര്യങ്ങൾ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങളും ബോധവൽക്കരണവും പ്രസംഗത്തിൽ കൂടെയും സെമിനാർ വഴിയും നൽകണം.

നിർദ്ദേശം നൽകുന്നവർ ജീവിതത്തിൽ മാതൃക നൽകുന്നവരാണെന്നു ജനങ്ങൾക്കും ബോധ്യം വരണം. ഇതിനു യേശുവിന്റെ കുരിശിന്റെ വഴിയിൽ കൂടെ പോകേണ്ടിവരും.

''2 കോറി:9:7– സന്തോഷപൂർവ്വം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്.''

1 തിമോ:6:18 – ''ഈ ലോകത്തിലെ ധനവാന്മാരോട് ഔദ്ധത്യം ഉപേക്ഷിക്കുവാനും തങ്ങളുടെ പ്രതീക്ഷകൾ അനിശ്ചിതമായ ബന്ധത്തിൽ വയ്ക്കാതെ അവയെല്ലാം നമുക്ക് അനുഭവിക്കാൻ വേണ്ടി നൽകിയിട്ടുള്ള ദൈവത്തിനു അർപ്പിക്കുവാനും നീ ഉത്ബോധിപ്പിക്കുക. അവർ നന്മ ചെയ്യണം. സത്പ്രവൃത്തികളിൽ സമ്പന്നരും വിശാലമനസ്ക്കരും ഉദാരമതികളുമായിരിക്കുകയും വേണം.''

7. അപ്പന്റെ സ്വത്തിന്റെ ന്യായമായ വീതം മകൾക്കുള്ളതാണ്. അതു നൽകണം. അല്ലാതെ വരനും വീട്ടുകാർക്കും എത്ര സ്വത്ത് ഉണ്ടെങ്കിലും, വിലപേശി ലക്ഷങ്ങൾ വാങ്ങിക്കുന്ന പ്രവണത നിർത്തേണ്ടതാണ്. വളരെ കഷ്ടപ്പെട്ട്, മകളെ നല്ല നിലയിൽ പഠിപ്പിച്ച മാതാപിതാക്കൾ കടം വീട്ടുന്നതിനുമുമ്പ് വീണ്ടും ആ മകൾക്ക് ലക്ഷങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടിവരുന്നു. ജോലിയുള്ളതോ, ജോലിസാധ്യതയുള്ള പഠനം ഉള്ള പെൺകുട്ടിയെ ലഭിച്ചശേഷം വീണ്ടും ലക്ഷങ്ങളുടെ ആഭരണവും പണവും വാങ്ങിക്കുന്നത് തികഞ്ഞ അനീതിയാണ്, പാപമാണ്.

ആഡംബരപ്രിയവും അനുകരണഭ്രമവും ധൂർത്തിനോട് ചേർത്തു വായിക്കാമെന്നു തോന്നുന്നു. ഏതു കാര്യത്തിലും മാന്യമായ, ന്യായമായ ആഡംബരം തെറ്റല്ല. പണത്തിന്റെ അതിപ്രസരത്തിൽ കാണിക്കുന്ന ആഡംബരം ദൈവനീതിക്ക് നിരക്കുന്നതല്ല. മകളുടെ വിവാ

www.malankaralibrary.com



ഹത്തിനു ബോംബെയിൽ നിന്നും ആളുകളെ കൊണ്ടുവന്നു വീടും പരിസരവും മൂന്നുമാസം പ്രത്യേകരീതിയിൽ ദീപാലങ്കാരം നടത്തിയ ഒരാളെ അറിയാം. എന്തൊരു ദുർവ്യയം! സ്വന്തം അഹന്ത ഊതി വീർപ്പിക്കുവാനുള്ള തന്ത്രം!

പാശ്ചാത്യർ പല നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അവയെ അനുകരിക്കാൻ ശ്രമിക്കാതെ, അവർ കാണിക്കുന്ന അനാവശ്യരീതിയെ അനുകരിക്കാനാണ് നമുക്ക് താൽപര്യം. പാശ്ചാത്യരുടെ നഗരങ്ങളിലും ഭവനങ്ങളിലുമുള്ള ശുചിത്വം, വൃത്തി അനുകരണാർഹമാണ്. എന്നാൽ ഇന്ത്യാക്കാർ അതു അനുകരിക്കാറില്ല. കേരളത്തിൽ നഗരങ്ങൾ വൃത്തികേടിന്റെ കൂമ്പാരമായിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യരുടെ വസ്ത്രാനുകരണമാണ് ഈ നാട്ടിലുള്ളവർക്ക് പ്രിയം. ഭാരതത്തിൽ സ്ത്രീകളുടെ വസ്ത്രധാരണത്തിനു ഒരു ശാലീനത ഉണ്ടായിരുന്നു. പാശ്ചാത്യ വസ്ത്രധാരണത്തിന്റെ അനുകരണം ഇന്ന് യുവജനങ്ങളിൽ വ്യാപകമായിരിക്കുന്നു. വളരെ ഇറുക്കിപ്പിടിച്ചിരിക്കുന്ന ജീൻസ് ധരിച്ചുകൊണ്ട് പെൺകുട്ടികൾ കോളജിലും നഗരത്തിലും സഞ്ചരിക്കുന്നതു കാണാം. അല്പവസ്ത്രധാരികളായി നടക്കുന്ന സ്ത്രീകൾ പാശ്ചാത്യനാടുകളിൽ ധാരാളം. ഇതിനെ അനുകരിച്ച് നമ്മുടെ സിനിമകളിലും റിയാലിറ്റിഷോകളിലും യുവതികൾ അരങ്ങു തകർക്കുന്നു. കൂടുതൽ പണം കൊയ്തെടുക്കുവാൻ സിനിമാസംവിധായകരും ആളുകൂടാനും കൈയ്യടി കിട്ടാനും റിയാലിറ്റിഷോയിലും മറ്റും കാണിക്കുന്ന ഇത്തരം കോപ്രായങ്ങൾ സ്ത്രീത്വത്തിനോടു തന്നെ കാണിക്കുന്ന അപരാധമാണെന്നു പറഞ്ഞാൽ, സ്ത്രീ മേനി കാണാൻ നോക്കിനടക്കുന്നവർക്ക് പിടിക്കത്തില്ല. അവരുടേതായ ന്യായങ്ങളും വാദമുഖങ്ങളും ഇത്തരം ആഭാസത്തരങ്ങൾക്കുണ്ട്. മനുഷ്യന്റെ ബലഹീനതയെ ഇക്കിളിപ്പെടുത്താൻ ഉപകരിക്കുന്ന ഇത്തരം വസ്ത്രധാരണം, ലൈംഗിക അതിക്രമങ്ങൾക്ക് ഒരു പരിധിവരെ വളം വച്ചു കൊടുക്കുന്നില്ലേ? കുറെ കാലം മുമ്പ് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും അവരുടേതായ ശാലീന വേഷങ്ങൾ ഉണ്ടായിരുന്നു. ഇന്ന് ആ വ്യത്യാസമെല്ലാം പോയിരിക്കുന്നു. Miss കേരള, Miss ഇന്ത്യ ആകാൻ കച്ചകെട്ടി, കച്ച അഴിച്ചു നടക്കുന്ന മലയാളിയുവതികൾക്ക് (നഷ്ടപ്പെടുന്ന) Miss ചെയ്യുന്ന ഭാവശുദ്ധി വരുംതലമുറയെ എവിടെ എത്തിക്കും? പള്ളിയിൽ ആരാധനയ്ക്ക് വരുമ്പോൾ മാന്യമായി

www.malankaralibrary.com



വസ്ത്രധാരണം വേണമെന്ന് ഈയിടെ ഒരു സർക്കുലർ എറണാകുളം പള്ളിയിൽ നൽകിയതായി പത്രദ്വാര അറിഞ്ഞു. അഹങ്കാരവും ധൂർത്തും അനുകരണഭ്രാന്തും പിടിപെട്ടവർക്ക് ഇതൊന്നും ദഹിക്കുകയില്ല.

"ബാഹ്യമോടികളായ പിന്നിയമുടിയോ സ്വർണ്ണാഭരണമോ, വിശേഷവസ്ത്രങ്ങളോ അല്ല നിങ്ങളുടെ അലങ്കാരം. പിന്നെയോ ദൈവസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വരരത്നം അണിഞ്ഞ ആന്തരികവ്യക്തിത്വമാണ്" (1 പത്രോ:3:3-4).

എന്റെ ചെറുപ്രായത്തിൽ അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. വലിയ ദൈവഭക്തനായ സാധു കൊച്ചുകുഞ്ഞ് ഉപദേശി തന്റെ പ്രസംഗത്തിൽ പറയുമായിരുന്നു. "ദൈവമേ, പെണ്ണുങ്ങളുടെ കക്ഷം കാണുന്നതിനു മുമ്പ് എന്നെ അങ്ങ് വിളിച്ചുകൊള്ളണേ" എന്ന്. ക്രിസ്തീയ സ്ത്രീകൾ നീണ്ട കൈയ്യുള്ള ചട്ട ധരിച്ചിരുന്ന കാലമാണ്. ഒരു പക്ഷെ, ചട്ടയുടെ കൈനീളം കുറഞ്ഞുവരുന്ന പ്രവണത തുടങ്ങിയിട്ട് അദ്ദേഹം പറഞ്ഞതായിരിക്കും. ഈ കാലം സ്ത്രീകളുടെ കക്ഷം കാണാതിരിക്കാൻ പറ്റാത്ത മേക്കപ്പ് ഉടുപ്പുകളാണല്ലോ പലതും.

നഗ്നമായ പാശ്ചാത്യവസ്ത്രധാരണ അനുകരണവും അതിന്റെ ചുവടുപിടിച്ച റിയാലിറ്റിഷോയിലും മോഡേൺ ഡാൻസിലുമെല്ലാം നഗ്നതാപ്രദർശനം സാധാരണമായിരിക്കുന്നു. പല യുവതലമുറകളും, ഇതിനെ വലിയ നിധിയായി അനുകരിക്കുന്നു. വിവേചിച്ച് അറിയാതെ, എന്തും അനുകരിക്കുന്ന പ്രവണത വ്യക്തിത്വത്തിന്റെ ബലഹീനതയാണ് കാണിക്കുന്നത്. നല്ല വ്യക്തിത്വമുള്ളവർ, എന്തും കണ്ട് ഭ്രമിച്ച് അനുകരിക്കുകയില്ല. ഉറച്ച വ്യക്തിത്വത്തിന്റെ അഭാവമുള്ള യുവതലമുറയാണ് പുതുമയുടെ പുറകെ പോകുന്നത്. പല മാതാപിതാക്കൾ പോലും വേണ്ടതായ നിർദ്ദേശം മക്കൾക്ക് കൊടുക്കാറില്ല. "ഒഴുക്കിനനുസരിച്ച് ഒഴുകട്ടെ" എന്ന മനോഭാവമാണ് മാതാപിതാക്കൾക്ക്. എന്റെ മോളെ നാലുപേർ കാണട്ടെ എന്ന ചിന്തയാകാം ഇതിനുകാരണം.

www.malankaralibrary.com

# ഭോജനാസക്തി

**"അമിതമായ ആഹാരപ്രിയമോ ഭോഗാസക്തിയോ എന്നെ കീഴടക്കാതിരിക്കട്ടെ! നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏല്പിച്ചുകൊടുക്കരുതേ!" (പ്രഭാഷകൻ 23:6).**

**"മദ്യപനും ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും."**
**(സുഭാഷിതങ്ങൾ 23:21)**

ജീവനുള്ള എല്ലാറ്റിനും അവയുടേതായ ആഹാരം ആവശ്യമാണ്. ആത്മാവും ശരീരവുമുള്ള മനുഷ്യനും അവന്റെ ജീവൻ നിലനിർത്തുവാൻ ഭക്ഷണം അത്യാവശ്യമാണ്. മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് മനുഷ്യന് ആവശ്യമുള്ളതെല്ലാം ദൈവം പ്രകൃതിയിൽ ക്രമീകരിച്ചു. പലതരത്തിലുള്ള പഴവർഗ്ഗങ്ങൾ, സസ്യലതാദികൾ, മൃഗസമ്പത്തുകൾ എല്ലാം മനുഷ്യന്റെ ഉപയോഗത്തിനായി സൃഷ്ടിച്ചിട്ടുള്ളവയാണ്. ആഹാരത്തിൽ അടങ്ങിയിട്ടുള്ള പോഷകമൂല്യങ്ങൾ രക്തത്തിൽ കലർന്ന് ശരീരത്തിന്റെ ഓരോ കോശങ്ങളിലും എത്തുന്നു. ശരീരവളർച്ചയ്ക്ക് ഈ ആഗീരണപ്രക്രിയ ആവശ്യമാണ്.

ഗർഭത്തിൽ ആയിരിക്കുന്ന ശിശു അമ്മയുടെ രക്തത്തിൽനിന്ന് പ്രാണവായുവും ആഹാരവും സ്വീകരിച്ചു വളരുന്നു. ജനിക്കുന്ന കുഞ്ഞ് ആദ്യം അമ്മയുടെ മുലപ്പാലും പിന്നീട് പ്രകൃതിയിൽനിന്നുള്ള ആഹാരവും ഭക്ഷിച്ചാണ് വളരുക. മനുഷ്യന്റെ ശരിയായ വളർച്ചയ്ക്ക് സമീകൃത ആഹാരം അത്യന്താപേക്ഷിതമാണ്. ദൈവം തന്ന ശരീരത്തെ ശരിയായ ഭക്ഷണംവഴി പോഷിപ്പിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് മനുഷ്യധർമ്മമാണ്. എന്നാൽ അതിൽനിന്നും വ്യതിചലിച്ച് ശരീരത്തിനു ദോഷം ചെയ്യുന്ന പ്രവൃത്തികൾ; പുകവലി, മദ്യപാനം, അസാന്മാർഗികജീവിതം തുടങ്ങിയവ ശരീരത്തിന്റെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന തിന്മകളാണ്.

ഭോജനാസക്തി മൂലപാപങ്ങളുടെ ഗണത്തിൽപ്പെട്ട തിന്മയാണ്. ജീവിക്കുവാൻവേണ്ടി ഭക്ഷിക്കുന്നതിനുപകരം ഭക്ഷിക്കുവാൻവേണ്ടി

www.malankaralibrary.com



ജീവിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു കാണുന്നു. രുചി എന്ന ഇന്ദ്രിയാനുഭൂതിക്കുവേണ്ടി ക്രമത്തിലധികം ഭക്ഷിക്കുക, രുചി തേടി ഹോട്ടൽഭക്ഷണം ശീലിക്കുക, ഗുണത്തേക്കാളുപരി രുചിക്കുവേണ്ടി കൃത്രിമ രുചിക്കൂട്ടുകളാൽ തയ്യാറാക്കുന്ന ഫാസ്റ്റ്ഫുഡ് ആസ്വദിക്കുക തുടങ്ങിയവ ആധുനികതയുടെ സ്റ്റാറ്റസായി മാറുന്നു. വയറുനിറഞ്ഞാലും ഇഷ്ടഭോജ്യങ്ങൾ ആർത്തിയോടെ വെട്ടിവിഴുങ്ങുന്നവരെയും കാണാനാകും. അജീർണ്ണം തുടങ്ങി ഉദരരോഗങ്ങളിലേക്ക് ഇക്കൂട്ടർ വഴുതിവീഴുന്നു. പൊണ്ണത്തടിയന്മാരും കുടവയർ ചാടുന്ന ബാലന്മാർപോലും ഇന്ന് സാധാരണ കാഴ്ചയാകുന്നു.

കുട്ടികളുടെ ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധിക്കാതെയും, ആരോഗ്യകാര്യങ്ങളിൽ അലസത കാണിച്ചും ക്രമവിരുദ്ധമായി ഭക്ഷണം കഴിപ്പിക്കുന്ന മാതാപിതാക്കളുണ്ട്. കൊളസ്ട്രോൾ, പ്രഷർ, ഷുഗർ തുടങ്ങിയവയുടെ അളവുകൂടി ഹൃദ്രോഗംപോലുള്ള തീരാവ്യാധികൾക്കടിമപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. 100 കോടി ജനങ്ങൾ ഒരുനേരംപോലും ഭക്ഷിക്കാൻ കഴിയാതെ പട്ടിണികിടക്കുമ്പോൾ, അമിതഭക്ഷണം കഴിച്ച് 150 കോടിയോളംപേർ രോഗികളായി ചികിത്സയിൽ കഴിയുന്നുവെന്ന കണക്കുകൾ നമ്മുടെ കണ്ണുതുറപ്പിക്കണം. അമിതഭക്ഷണംമൂലം പ്രതിവർഷം 24ലക്ഷം ജനങ്ങൾ മരിക്കുന്നുവെന്ന വാർത്ത വിഷയത്തിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു.

പ്രസിദ്ധ ഹൃദ്രോഗവിദഗ്ദ്ധൻ ഡോ. ജോർജ് തയ്യിൽ (Deepika Oct.16, 2013) ലേഖനത്തിൽ വെളിപ്പെടുത്തിയ കണക്കുകൾ താഴെ ചേർക്കുന്നു. World Heart Federation-ന്റെ പഠനത്തിൽ 2010-ൽ, 5 വയസ്സിനുതാഴെ 42 ദശലക്ഷം കുട്ടികളാണ് പൊണ്ണത്തടിക്കു ചികിത്സ ചെയ്യുന്നവർ. ഇതിൽത്തന്നെ 35 ദശലക്ഷംപേർ വികസ്വര രാജ്യങ്ങളിലുള്ളവരാണ്. അമേരിക്കയിൽ 1980-നും 2010-നുമിടയിൽ പൊണ്ണത്തടിയുള്ള കുട്ടികളുടെ എണ്ണം ഇരട്ടിച്ചു. കൗമാരപ്രായക്കാരിലുള്ള അമിതഭാരം ജീവിതശൈലി രോഗങ്ങൾക്കുള്ള ചവിട്ടുപടിയാണ്. ഇന്ത്യയിൽ സ്കൂൾകുട്ടികളിൽ അമിതരക്തസമ്മർദ്ദം 7-10% വരെയും കൊളസ്ട്രോൾ 16% വരെയുമാകുന്നു. അമിതവണ്ണമുള്ളവരിൽ 92% കുട്ടികൾ സ്വകാര്യവിദ്യാലയത്തിലുള്ളവരും 8% പേർ സർക്കാർ വിദ്യാലയത്തിലുമുള്ളവരാണ്. ഇവരിൽ 50 ശതമാനത്തോളം കുട്ടികൾ പിസ, ഹാംബർഗർ, കൊക്കൊക്കോള, പെപ്സി തുടങ്ങിയ അപഥ്യഭക്ഷണപദാർത്ഥങ്ങളും മധുരപാനീയങ്ങളും ഉപയോഗിക്കുന്നു. 10-12 വയസ്സുള്ള കുട്ടികളിൽപോലും ഹൃദ്രോഗം കണ്ടുവരുന്നു.

www.malankaralibrary.com



മേലുദ്ധരിച്ച കണക്കുകൾ കുട്ടികളിൽ പ്രായമുള്ളവരേക്കാൾ ഉയർന്ന നിരക്കിൽ ഭോജനാസക്തിമൂലമുള്ള രോഗങ്ങൾ കണ്ടുവരുന്നതായി തെളിവുനൽകുന്നു. പോഷകാഹാരം കിട്ടാതെ മരിക്കുന്ന കുഞ്ഞുങ്ങളുടെ കണക്കും ഇതോടൊപ്പം ചേർത്ത് പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരേസമയം അമിതാഹാരവും, പട്ടിണിമരണവും സമൂഹത്തെ ബാധിക്കുന്ന പ്രശ്നമായിത്തീരുന്നു.

“തിന്നുക-കുടിക്കുക... നാളെ മരിക്കും... എന്നാൽ ഇന്ന് പരമാവധി ആസ്വദിച്ചുജീവിക്കുക” എന്നൊരു മുദ്രാവാക്യം യുവജനങ്ങളെ സ്വാധീനിക്കുന്നു. ധൂർത്തടിച്ചും, മോഷണം, കൊലപാതകം തുടങ്ങിയ മാർഗങ്ങളിലൂടെ പണം അപഹരിച്ച്, സുഖിക്കാൻ വെമ്പുന്ന യുവജനങ്ങൾ സമൂഹത്തിനു വരുത്തുന്ന വിപത്തുകൾ വളരെയാണ്. റോമാക്കാരുടെയിടയിൽ എപ്പിക്കൂറിയൻസ് എന്നൊരു കൂട്ടം ആളുകളുണ്ടായിരുന്നു. ആഹാരത്തിന്റെ രുചി ആസ്വദിക്കാനായി അവർ ക്രമത്തിലധികം തിന്നുമായിരുന്നു. വയർ നിറഞ്ഞുകവിഞ്ഞാൽ പിന്നെ അവർ കൈവിരൽ അണ്ണാക്കിലിട്ട് കൃത്രിമഛർദ്ദിലുണ്ടാക്കി വീണ്ടും കഴിച്ചിരുന്നു. ഇത്തരക്കാരായ ആളുകൾ നമ്മുടെ നാട്ടിലുമുണ്ടായിരുന്നതായി കുഞ്ചൻനമ്പ്യാർ കവിതയിലൂടെ സൂചിപ്പിച്ചിട്ടുണ്ട്.

രുചി ആപേക്ഷികമാണ് (relative). ഒരേ ഭക്ഷണസാധനം തന്നെ പലർക്കും പലതരത്തിലാണ് ഇഷ്ടപ്പെടുക. പാമ്പും, പട്ടിയും ഇഷ്ടവിഭവങ്ങളായി ഭക്ഷിക്കുന്നവരുണ്ട്. പക്ഷേ തിരിച്ചറിയാതെ സ്വാദിഷ്ടമായി ഭുജിച്ച മാംസം, പട്ടിയുടെതോ പൂച്ചയുടേതോ എന്നറിയുന്ന നിമിഷം ഛർദ്ദിക്കുന്നവരില്ലേ. കഴിച്ചത് പന്നിമാംസമായിരുന്നുവെന്ന് കേട്ടപ്പോൾ, തീർത്ഥാടകവാഹനത്തിൽത്തന്നെ ഛർദ്ദിച്ചവരുടെ കഥകൾ അനുഭവങ്ങളായിട്ടുണ്ട്.

രുചി വ്യക്തിനിഷ്ടവുമാണ്. എന്റെ അനുഭവംതന്നെ പറയാം. കുട്ടിക്കാലത്തു തുടങ്ങി പാവയ്ക്കായുടെ കൈയ്പ് ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. പാവയ്ക്കായുടെ വിഭവങ്ങൾ ഒന്നുംതന്നെ രുചിച്ചുനോക്കിയിരുന്നില്ല. എന്നാൽ ചികിത്സയുടെ ഭാഗമായി, ഔഷധമായി പാവയ്ക്കാ വൈദ്യർ നിർദ്ദേശിച്ചപ്പോൾ ഏതുവിധത്തിലും പാവയ്ക്കാ സ്വാദിഷ്ടമായി കഴിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടുവെന്നതാണ് സത്യം. ആയതിനാൽ രുചിയുടെ സ്വാദല്ല, ഭക്ഷണത്തിന്റെ പോഷകമൂല്യമാണ് നമ്മുടെ ആഹാരശീലത്തെ നിയന്ത്രിക്കേണ്ട വസ്തുതയെന്ന് ബോധ്യപ്പെടണം. മനസ്സാണ് അതു ചിട്ടപ്പെടുത്തുന്നത്.

www.malankaralibrary.com



അമിതാഹാരം പാടില്ലെന്നകാര്യം പക്ഷിമൃഗാദികളിൽനിന്നും നമ്മൾ കണ്ടുപഠിക്കേണ്ടതാണ്. വയർനിറഞ്ഞു കഴിഞ്ഞാൽ നാം വളർത്തുന്ന മൃഗങ്ങളൊക്കെയും സ്വച്ഛമായി കിടന്ന് അയവിറക്കുന്നത് കാണാമല്ലോ. ഇരയുടെമേൽ ചാടിവീണു കൊന്നുതിന്നശേഷം ദിവസങ്ങളോളം വിശ്രമിക്കുന്ന കടുവ, പുലി, സിംഹം തുടങ്ങിയ വന്യമൃഗങ്ങളെ നമുക്കു കാണാനാകുമല്ലോ. ഇങ്ങനെ വിശ്രമിക്കുന്ന ഒരു സിംഹത്തിനു മുന്നിലൂടെ നടന്നുനീങ്ങുന്ന മാൻപേടകളെ എത്തിനോക്കാൻപോലും ആ സിംഹരാജൻ കൂട്ടാക്കില്ല, ഒരേ പാത്രത്തിൽ വച്ചിരിക്കുന്ന നെന്മണികളും മാംസക്കഷണവും കണ്ടിട്ട് നെന്മണി മാത്രം തിന്നുന്ന പ്രാവുകളെ നാം കാണാറില്ലേ? വിഭവസമൃദ്ധമായ സദ്യയ്ക്ക് നിരത്തിവച്ചിട്ടുള്ള പാത്രങ്ങളിൽനിന്നും ആർത്തിപൂണ്ട് വലിച്ചുവാരി വിഴുങ്ങുന്ന മൃഗം മനുഷ്യനല്ലാതാരുമില്ല. ഒരേ മേശയിൽ സസ്യ, മാംസവിഭവങ്ങൾ വിളമ്പിവച്ചിരിക്കുമ്പോൾ ഇവ രണ്ടും ഒരേ സമയം ആസ്വദിക്കുന്ന ഏകാദശിക്കാരെ കാണാൻ കഴിയും. സദ്യകൾക്കും മറ്റും പോകുമ്പോൾ മധുരം വർജ്ജിക്കേണ്ട പ്രമേഹരോഗികൾ, വിരുദ്ധതയുള്ള മധുരപദാർത്ഥങ്ങൾ കഴിക്കുന്നത് കാണുമ്പോൾ “ഷുഗറില്ലേ”യെന്ന് ചോദിച്ചാൽ “ഒരു ഗുളിക കൂടുതൽ കഴിച്ചാൽ പോരെ”യെന്ന് മറുപടിപറയുന്ന മധുരപ്രിയരെ നമുക്കു കാണാനാകും.

**പരസ്യകലയുടെ സ്വാധീനം**

രുചിയുടെ ആസ്വാദ്യതയിൽ മയങ്ങിപ്പോകുന്ന ഹവ്വയെപ്പറ്റി ചിന്തിച്ചാൽ, പരസ്യകലയുടെ ആദ്യത്തെ വിധാതാവ് പിശാചിന്റെ ചതിയിൽ അകപ്പെട്ട് വഞ്ചിക്കപ്പെട്ട കഥയാകും നമുക്കു പറയാനുള്ളത്. “നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെയാകും” വിലക്കപ്പെട്ട കനിതിന്നുവാൻ പിശാച് അവളെ പ്രലോഭിപ്പിച്ചു. പഴത്തിന്റെ മധുരം അവളെ കീഴ്പ്പെടുത്തി. ദൈവത്തിന്റെ വാക്കിനേക്കാൾ പിശാചിന്റെ വാക്കിനെ വിശ്വസിക്കാനവളെ പ്രേരിപ്പിച്ചത് മധുരം കിനിയുന്ന പഴക്കനിയായിരുന്നു. ആധുനിക കാലത്ത് പരസ്യകലയിലൂടെയാണ് വിൽപനതന്ത്രം ഫലപ്രദമായി പ്രയോഗിക്കുക. പരസ്യത്തിന്റെ ആകർഷണീയതയിൽ മനുഷ്യൻ മതിമറന്ന് ആവശ്യമില്ലാത്ത സാധനം പോലും വാങ്ങിക്കൂട്ടുന്നു. സൗന്ദര്യവർദ്ധക മരുന്നുകളും ലേപനങ്ങളും മറ്റും പരസ്യകമ്പോളത്തിൽനിന്നും സ്വന്തമാക്കി ഉപയോഗിച്ച് വെളുക്കാൻതേച്ചത് പാണ്ടായിപ്പോയ നിരവധി ഉദാഹരണങ്ങളുണ്ട്. എന്നാൽ പോലും സ്വാദൂറുന്ന ഭക്ഷ്യവിഭവങ്ങളുടെ പരസ്യത്തിൽ വീണുപോകാനാണ് കൂടുതൽപേരും ഇഷ്ടപ്പെടുക.

www.malankaralibrary.com



"ബ്രഹ്മികഴിച്ചാൽ ബുദ്ധിവളരും," പെപ്സികുടിച്ചാൽ തുള്ളിച്ചാടാനാകും. നിറംപകരുന്ന മസാലക്കൂട്ടുകൾ സ്വാദിഷ്ടമാകും. ന്യൂഡിൽസ് കഴിച്ച് വയർ നിറയ്ക്കൂ, ദിവസേന ഉയരം ഇഞ്ചുകണക്കിന് വർദ്ധിപ്പിക്കുന്ന ഭക്ഷ്യക്കൂട്ടുകൾ തുടങ്ങിയെത്രയെത്ര പരസ്യങ്ങളാണ് നമ്മുടെ രുചിയെ നിയന്ത്രിക്കുന്നത്. ഇതൊക്കെ നമ്മുടെ ഭക്ഷണശീലങ്ങളെ മാറ്റിമറിച്ച് രോഗങ്ങൾക്കടിമയാക്കുമെന്ന കാര്യം നാം ബോധപൂർവം വിസ്മരിക്കുന്നു.

## ഭോജനാസക്തിയെപ്പറ്റി ബൈബിൾ

ബൈബിളിലുടനീളം മിതഭോജനത്തിന്റെ ആവശ്യകതയെ ചൂണ്ടിക്കാട്ടുന്ന നിരവധി പരാമർശനങ്ങളുണ്ട്. നബുക്കദ്നേസർ ദാനിയേൽ പ്രവാചകനെയും മറ്റു മൂന്നുയുവാക്കളെയും ബാബിലോണിൽ കൊണ്ടുവന്നു. വിഭവസമൃദ്ധമായ രാജകീയ ആഹാരവും വീഞ്ഞും കൊടുക്കാൻ നിർദ്ദേശിച്ചു. "എന്നാൽ രാജാവിന്റെ വിഭവസമൃദ്ധമായ ഭക്ഷണംകൊണ്ടോ അവൻ കുടിച്ചിരുന്ന വീഞ്ഞുകൊണ്ടോ മലിനമാകുകയില്ലെന്നു ദാനിയേൽ നിശ്ചയിച്ചു" (ദാനി. 1:8). "ഞങ്ങൾക്കു സസ്യഭക്ഷണവും ജലവുംമാത്രം തരുക. അതിനുശേഷം ഞങ്ങളുടെയും, രാജകീയഭക്ഷണം കഴിക്കുന്ന യുവാക്കളുടെയും മുഖം നീ കാണുക" (ദാനി. 1:13). "അവർ രാജകീയഭക്ഷണം കഴിച്ചിരുന്ന യുവാക്കളെക്കാൾ ആരോഗ്യമുള്ളവരും കൊഴുത്തവരുമായി കാണപ്പെട്ടു" (ദാനി. 1:15). ഒരു ദൈവഭക്തന്റെ മനോനിയന്ത്രണവും മിതഭോജനവും അവനെ കരുത്തനാക്കിയെന്നിവിടെ വ്യക്തമാകുന്നു.

ഭോജനാസക്തിയെ ദൈവം അംഗീകരിക്കുന്നില്ല. അവരെ ശിക്ഷിക്കുന്നതിനും ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. ഇസ്രായേല്യർ മരുഭൂമിയാത്രയിൽ മാംസംകിട്ടാതെ വന്നതിൽ ദൈവത്തോട് പരിഭവം പറയുന്നു (സംഖ്യ 11:5). ദൈവം അവർക്ക് കാടപ്പക്ഷികളെ നൽകി. ജനം അന്നു പകലും രാത്രിയും വിദേശത്തു കാടപ്പക്ഷികളെ ശേഖരിച്ചു. ആവശ്യത്തിൽ കൂടുതൽ ശേഖരിച്ചവർ പാളയത്തിനുചുറ്റും ഉണങ്ങാനിട്ടു. ഇറച്ചി ഭക്ഷിച്ചുകൊണ്ടിരിക്കെത്തന്നെ ദൈവത്തിന്റെ കോപം ജനത്തിനെതിരായി. ഒരു മഹാമാരി അയച്ച് അവരെ ശിക്ഷിച്ചു. അത്യാഗ്രഹികളെ സംഹരിച്ചതുകൊണ്ട് ആ സ്ഥലത്തിന് 'ക്രിബ്രോത്ത് ഹത്താവ' എന്നു പേരിട്ടു (സംഖ്യ 33:35).

വിശുദ്ധ പൗലോസിനെപ്പോലെ "സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമൃദ്ധിയിലും ദാരിദ്ര്യത്തിലുമെല്ലാം എന്നെ ശക്തനാക്കുന്നവ

www.malankaralibrary.com



നിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കുമെന്ന് (ഫിലിപ്പി. 4:12) നമുക്കു പറയാനാകുമോ? "നിങ്ങൾ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യുമ്പോൾ ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ" (1 കോറി. 10:31). ദുഷ്ടനായ ഭൃത്യനെക്കുറിച്ച് വിശുദ്ധ മത്തായി പറയുന്നു "എന്റെ യജമാനൻ താമസിച്ചേവരൂ എന്നുപറഞ്ഞ് തന്റെ സഹഭൃത്യന്മാരെ മർദ്ദിക്കുവാനും മദ്യപന്മാരോടുകൂടെ ഭക്ഷിക്കാനും പാനംചെയ്യാനും തുടങ്ങിയാൽ..... പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലും യജമാനൻ വന്ന് അവനെ ശിക്ഷിക്കും" (മത്തായി 24:48-51).

ഭോജനപ്രിയന് വലിയ ശിക്ഷയാണ് പഴയനിയമത്തിൽ നൽകിയിരുന്നത്. "ഞങ്ങളുടെ ഈ മകൻ ഭോജനപ്രിയനും മദ്യപനുമാണ്. അപ്പോൾ പട്ടണവാസികൾ അവനെ കല്ലെറിഞ്ഞു കൊല്ലണം" (നിയമാവർത്തനം 21:20). "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല. പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (റോമാ 14:7). "അവർ തടിച്ചുകൊഴുത്തു. അവരുടെ ദുഷ്ടതയ്ക്കതിരില്ല....ദരിദ്രരുടെ അവകാശം അവർ സംരക്ഷിക്കുന്നില്ല. ഈ പ്രവർത്തികൾക്ക് ഞാൻ അവരെ ശിക്ഷിക്കേണ്ടതല്ലേ?" (ജറെമിയ 5:28).

## ഭോജനാസക്തിയും ഉപവാസവും

ഭോജനാസക്തിയെ ഉപവാസംകൊണ്ട് നേരിടാനാകുമെന്ന് എല്ലാ മതങ്ങളും നിഷ്ഠ ചെയ്യുന്നു. ഉപവാസമെന്നതിന് 'കൂടെ വസിക്കുക' എന്നർത്ഥം. ദൈവത്തിന്റെകൂടെ വസിക്കുകയെന്ന് മതാത്മക അർത്ഥമാകും. മുസ്ലീം സഹോദരങ്ങൾ ഒരുമാസത്തെ കർശനമായ നോമ്പനുഷ്ഠിക്കുന്നു. റംസാൻ വ്രതക്കാർ പകൽമുഴുവനും ഉപവസിക്കുന്നു. ഉമിനീർപോലും തുപ്പിക്കളഞ്ഞ് കടുത്ത വ്രതാനുഷ്ഠാനമാണവർ വിവക്ഷിക്കുക. ഹൈന്ദവമതസ്ഥരും പ്രത്യേക വ്രതാനുഷ്ഠാനങ്ങളിൽ ഉപവാസം നിർബന്ധമാക്കുന്നുണ്ട്. ശബരിമല കയറുന്ന ഭക്തന്മാർ 40 ദിവസത്തെ വ്രതം അനുഷ്ഠിക്കുന്നു. ഇവിടെ സുഭിക്ഷവും സ്വാദിഷ്ടവുമായ ഭക്ഷണശീലത്തെ ഉപവാസംകൊണ്ട് വർജ്ജിക്കുന്നു. പാപമോചനത്തിനും മാനസാന്തരത്തിനുമായി ഉപവാസയജ്ഞം അനുഷ്ഠിക്കുന്ന പതിവ് പഴയനിയമത്തിലും പുതിയ നിയമത്തിലും കാണാനാകും. ഏശയ്യാ 58-ാമദ്ധ്യായത്തിൽ ഉപവാസാനുഷ്ഠാനത്തെപ്പറ്റി സവിസ്തരമായി പ്രതിപാദിക്കുന്നു. കേവലം ഭക്ഷണം വെടിയലല്ല, ഒരുദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്നതല്ല ഉപവാസം.

www.malankaralibrary.com



"ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും, നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?" (ഏശയ്യാ. 58:6) "വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" (ഏശയ്യാ. 58:7).

## ഉപവാസത്തിന്റെ ആത്മീയതലം

ഫ്രാൻസീസ് മാർപാപ്പയുടെ 77-ാമത് ജന്മദിനത്തിൽ വത്തിക്കാനിലെ ഭവനരഹിതരെ ക്ഷണിച്ച് ആഘോഷത്തിൽ പങ്കുകാരാക്കിയത് മാധ്യമങ്ങൾ വാർത്തയാക്കി (ദീപിക 18-12-2013).

ഉപവാസത്തിലൂടെ ശരീരത്തിനു നൽകുന്ന ശിക്ഷണത്തിന്റെ ആത്മീയതലം പരിശോധിക്കാം. ജീവശാസ്ത്രംപോലും ശരീരത്തിന് വിശ്രമം കല്പിക്കുന്നുണ്ട്. രാത്രി വിശ്രമത്തിനാകുമ്പോൾ, പകൽ കഴിച്ച ഭക്ഷണത്തിന്റെ ദഹനത്തിനായുള്ള ശരീരത്തിന്റെ ഉപവാസമാണ് യഥാർത്ഥത്തിൽ നടക്കുക. വാഹനങ്ങൾക്ക് യഥാസമയം പരിശോധന നടത്തി യന്ത്രത്തകരാറും, തേയ്മാനങ്ങളും പരിഹരിക്കുന്നില്ലേ. മനുഷ്യശരീരം വളരെ സങ്കീർണ്ണമായ യന്ത്രംപോലെയാണ് പ്രവർത്തിക്കുക. ഈ യന്ത്രത്തിന്റെ പ്രവർത്തനത്തിന് ഊർജ്ജം തരുന്നത് ആഹാരവും വ്യായാമംപോലെയുള്ള ചിട്ടകളുമാണ്. എന്നാൽ അതുകൊണ്ടുമാത്രമായില്ല. ദൈവം നമ്മുടെ ശരീരത്തിൽ നിക്ഷേപിച്ച ഒരു ജീവശക്തിയുണ്ട്. ഈ ജീവശക്തി പ്രവർത്തനക്ഷമമാകുവാൻ ശരീരത്തിനും പോഷണം ആവശ്യമാണ്. ശരീരത്തിനൊപ്പം ഈ ജീവാത്മാവും പോഷിപ്പിക്കപ്പെടണമെന്ന കാര്യം നാം വിസ്മരിക്കരുത്. നമ്മുടെ മനസ്സിനെയും ശരീരത്തെയും പ്രബലപ്പെടുത്തുന്ന ചില നിയന്ത്രണരേഖകൾ ദൈവം, പ്രകൃതിയിലൂടെ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഇവ അതിലംഘിക്കുമ്പോൾ ശരീരവും മനസ്സും തളരും. വേദന, കഴപ്പ്, ഹൃദയമിടിപ്പ് തുടങ്ങിയവ നിയന്ത്രണരേഖകൾ അതിലംഘിക്കുമ്പോഴുണ്ടാകുന്ന മുന്നറിയിപ്പുകളാണ്. അമിതാഹാരം കഴിക്കുമ്പോൾ ഇപ്രകാരം ചില അസ്വസ്ഥതകൾ അനുഭവപ്പെടും. രുചിമാത്രം താത്പര്യപ്പെടുമ്പോൾ ശരീരത്തിൽ ചില ഘടകങ്ങൾ അധികരിച്ചുവരും. ഇവ ശരീരത്തിന്റെ താളം തെറ്റിക്കും. തുടർന്നു മനസ്സിന്റെയും താളംതെറ്റും. രോഗങ്ങൾക്ക് അടിമയാകും. മനസ്സിന്റെ

www.malankaralibrary.com



താളം തെറ്റുമ്പോൾ മരുന്നുകൾ ഫലിക്കാതെയാകും. ശരീരം ഏറെ ക്ഷീണിക്കുമ്പോഴും മനസ്സ് ദുർബലമാകും.

ഒരു ഇലക്ട്രിക്‌വയറിൽ, അതിനു താങ്ങാനാവുന്നതിലധികം കറണ്ട് കടത്തിവിട്ടാൽ അത് എരിഞ്ഞുപോകും. നമ്മുടെ ദഹനേന്ദ്രിയത്തിനു താങ്ങാനാവാത്തവിധം ആഹാരം കഴിച്ചാൽ ദഹനവ്യവസ്ഥകൾ തകരാറിലാവും. ഇന്ദ്രിയസുഖത്തിനടിമകളാവുമ്പോഴുണ്ടാകുന്ന ഇത്തരം താളംതെറ്റലുകൾ ജീവനുതന്നെ ഭീഷണിയാകും. ഇവിടെയാണ് മനസ്സിനെയും ശരീരത്തെയും വിശ്രമത്തിലാക്കുന്ന ഉപവാസത്തിന് പ്രാധാന്യമുണ്ടാകുന്നത്. ശരീരത്തിന്റെ പ്രവണതകളുടെമേൽ മനസ്സിന് കൂടുതൽ ആധിപത്യം വരിക്കുവാൻ ഉപവാസം സഹായിക്കും. പ്രകൃതിചികിത്സപോലുള്ളവയിൽ ഉപവാസം വളരെ പ്രധാനമാണ്. ആയുർവേദത്തിൽ ഉപവാസവും പഥ്യാഹാരവും, മിതഭോജനവും നിഷ്ഠകളാകുന്നു. ആയുർവേദ വിധിപ്രകാരം, അരവയർ ആഹാരവും നാലിലൊന്ന് വെള്ളവും ബാക്കി നാലിലൊന്ന് ശൂന്യവുമായിരിക്കണമെന്ന് പറയുന്നു. ഒരുനേരംമാത്രം ഭക്ഷിക്കുന്നവൻ യോഗി, രണ്ടുനേരം ഭക്ഷിക്കുന്നവൻ ഭോഗി, മൂന്നുനേരം ഭക്ഷിക്കുന്നവൻ രോഗി എന്ന് ചൈനീസ് പഴമൊഴിയുണ്ട്. നാലുനേരം ഭക്ഷിക്കുന്നവൻ ദ്രോഹി എന്നും നമുക്ക് ചേർക്കാവുന്നതാണ്.

### ഉപവാസത്തെപ്പറ്റി ബൈബിൾ...

ക്രൈസ്തവജീവിതത്തിൽ ഉപവാസത്തിന് മതിയായ പ്രാധാന്യമുണ്ട്. പഴയനിയമത്തിലെ പ്രമുഖ വ്യക്തികളെല്ലാം ഉപവാസത്തിലൂടെ വലിയ ശക്തിയാർജ്ജിച്ച് വിജയിച്ചവരാണ്. “മോശ 40 പകലും രാവും കർത്താവിനോടുകൂടി അവിടെ ചെലവഴിച്ചു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല” (പുറ. 34:28). ദൈവത്തിൽനിന്നും കല്പനകൾ സ്വീകരിക്കുന്നതിനു മുന്നോടിയായിട്ടുള്ള ഉപവാസ പ്രാർത്ഥനായജ്ഞമാണ് മോശയെ പ്രാപ്തനാക്കിയത്.

“ഏലിയാ എഴുന്നേറ്റ് ഭക്ഷണപാനീയങ്ങൾ കഴിച്ചു. അതിന്റെ ശക്തികൊണ്ട് നാല്പത് പകലും രാവും നടന്ന് കർത്താവിന്റെ മലയായ ഹോറേബിൽ എത്തി” (1 രാജാ. 19:8). ജസബെൽ രാജ്ഞിയെ പേടിച്ച് മരുഭൂമിയിലൂടെ ഓടിപ്പോകുന്ന ഏലിയാപ്രവാചകൻ വാടാമുൾച്ചെടിയുടെ തണലിൽ കിടന്നുറങ്ങി. “കർത്താവിന്റെ ദൂതൻ ഏലിയായെ തട്ടിയുണർത്തി” എഴുന്നേറ്റ് ഭക്ഷിക്കുക എന്നു പറഞ്ഞു. “തലയ്ക്കൽ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരുപാത്രം വെള്ളവും ഇരി

www.malankaralibrary.com



ക്കുന്നു. ഒരുനേരത്തെ ഭക്ഷണം മതിയായിരുന്നു 40 ദിവസത്തെ മരുഭൂമിയാത്രയ്ക്ക് ഏലിയായ്ക്ക് ശക്തിപകരാൻ.

"ഇസ്രായേൽജനം ചാക്കുടുത്ത് തലയിൽ പൂഴിവിതറി ഉപവസിച്ചു" (നെഹമിയ 9:2).

"ഞങ്ങൾ ഉപവസിച്ച് ദൈവത്തോട് യാചിക്കുകയും അവിടുന്ന് ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കുകയും ചെയ്തു" (എസ്രാ. 8:23).

"അവർ സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടും അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു" (അപ്പ. 14:23).

പുതിയനിയമത്തിൽ കർത്താവിന്റെ മുന്നോടിയായി വന്ന സ്നാപകയോഹന്നാൻ കഠിനമായ തപസ്സനുഷ്ഠിച്ച വ്യക്തിയായിരുന്നു. കർത്താവായ യേശു 40 ദിവസം ഭക്ഷണം കഴിക്കാതെ ഉപവസിച്ചിരുന്നു (ലൂക്കാ. 4:2). പാപമില്ലാത്തവൻ, പരിഹാരം ചെയ്യാൻ ആവശ്യമില്ലാത്തവൻ, മനുഷ്യരായ നമ്മുടെ ശരീരത്തെ നിയന്ത്രിച്ച്, ജഡത്തിന്റെ അഭിലാഷങ്ങളെ അമർത്തുവാൻ ഉപവാസത്തിന്റെ മാതൃക നമുക്കു തന്നു.

കർത്താവിന്റെ മണവാട്ടിയായ സഭ നാഥന്റെ കാൽപാടുകൾ പിഞ്ചെല്ലുവാൻ സഭയിൽ ഉപവാസാനുഷ്ഠാനത്തിന് കൽപന നൽകുന്നു. ഇത് മനസ്സു മടിച്ച് ബുദ്ധിമുട്ടി അനുഷ്ഠിക്കേണ്ടതല്ല. രോഗികളെയും വൃദ്ധരെയും കുട്ടികളെയും ഉപവാസത്തിൽനിന്നും ഒഴിവാക്കുവാൻ സഭാമാതാവ് പ്രത്യേകം ശ്രദ്ധിക്കുന്നു. എന്റെ ചെറുപ്രായത്തിൽ, വിശുദ്ധകുർബാനയ്ക്കൊരുങ്ങുന്ന വൈദികൻ പാതിരാത്രിക്കുശേഷം പച്ചവെള്ളംപോലും കഴിക്കാതെ ഉപവസിച്ചിരുന്നു. ഇന്നിപ്പോൾ ഒരുമണിക്കൂർ മാത്രമേ ഉപവാസം നിർബന്ധിക്കുന്നുള്ളൂ. ഉപവസിക്കുന്ന ശീലം സഭയിൽ പൊതുവേയും വൈദികരിൽ പ്രത്യേകിച്ചും കുറഞ്ഞുവരുന്നതിന്റെ അപചയങ്ങൾ കാണാനാകും.

"ഉപവാസത്താലും പ്രാർത്ഥനയാലുമല്ലാതെ ഈ വർഗ്ഗം പുറത്തുപോകില്ല" (മർക്കോസ് 9:29). ഉപവാസം കഴിഞ്ഞ് ക്ഷീണിച്ച യേശുവിനോട് "ഈ കല്ല് അപ്പമാകുവാൻ കല്പിക്കുക"യെന്ന പിശാചിന് തീനും കുടിക്കുമുപരി ദൈവവചനത്തിൽനിന്നുള്ള ജീവിതമാണ് പരമപ്രധാനമെന്ന് യേശു മറുപടി പറഞ്ഞു. "ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവന്റെ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല. ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (യോഹ. 6:51).

www.malankaralibrary.com



സ്വന്തം ജീവിതത്തിലെ ക്ലേശങ്ങളും വേദനകളും കർത്താവിനോട് ചേർത്തുവച്ച് സഹിച്ച കുറേപേർക്ക് വിശുദ്ധകുർബാന മാത്രം അനുഭവിച്ചുകൊണ്ട് വർഷങ്ങളോളം ജീവിക്കുവാനുള്ള കൃപ ലഭിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള അത്ഭുതപ്രതിഭാസങ്ങൾ നിരവധിയായി സഭയിൽ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ അത്ഭുതസിദ്ധി ലഭിച്ച രണ്ടു വ്യക്തികളെ അവതരിപ്പിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

**തെരേസാ ന്യൂമാൻ (1898–1962).** 'വിശദീകരിക്കാനാവാത്ത പ്രതിഭാസം' എന്ന് ശാസ്ത്രലോകം വിളിച്ചിരുന്ന തെരേസാ ന്യൂമാൻ 1918 മാർച്ച് 10-ന് കാൽവഴുതിവീണു. പൂർണ്ണമായും തളർന്നു. തുടർന്ന് പൂർണ്ണമായും അന്ധയായി. 1923 ഏപ്രിൽ 29-ന് അത്ഭുതകരമായി കാഴ്ചശക്തി കിട്ടി. ജർമ്മനിയിലെ ഈ തെരേസ 1927 മുതൽ 1962-ൽ മരണംവരെ ദിവ്യകാരുണ്യംമാത്രം സ്വീകരിച്ചു ജീവിച്ചു. അവർ വെള്ളിയാഴ്ചകളിൽ യേശു സംസാരിച്ച അരമായഭാഷയിൽ സംസാരിച്ചിരുന്നു.

**മാർത്തെ റോബിൻ (1912–1981).** ഫ്രാൻസിൽ, മാർത്തെ റോബിൻ 53 വർഷക്കാലം ആഴ്ചയിലൊരിക്കലുള്ള ദിവ്യകാരുണ്യംമാത്രം ആഹാരമാക്കി ജീവിച്ചിരുന്നു. തന്റെ വചനത്താൽ അപ്പത്തെ തന്റെ ശരീരമാക്കി തന്ന കർത്താവിന് അസാദ്ധ്യമായി ഒന്നുമില്ലെന്ന വിശ്വാസമാണിവരെ ഇങ്ങനെ ജീവിപ്പിച്ചത്. ദൈവം നൽകിയ പ്രത്യേക വരദാനം, മനുഷ്യബുദ്ധിക്ക് അഗ്രാഹ്യപ്രതിഭാസം.

www.malankaralibrary.com

# മദ്യപാനം - മയക്കുമരുന്ന് - പുകവലി

**അത്യാഗ്രഹികളും മദ്യപന്മാരും പരദൂഷകരും ദൈവരാജ്യം അവകാശമാക്കുകയില്ല (1 കോറി:6:10)**

മദ്യപിക്കുന്ന ദുർശീലം നൂറ്റാണ്ടുകൾക്ക് മുമ്പ് മനുഷ്യനിൽ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. വീഞ്ഞു കുടിച്ചു മത്തനായി നോഹ കൂടാരത്തിൽ നഗ്നനായി കിടന്ന സംഭവം ഉൽപത്തി 9:22-ൽ വിവരിക്കുന്നു. നോഹ നീതിമാനായിരുന്നു എന്ന് വചനം പറയുന്നു (ഉൽപ. 6:9). നീതിമാന്മാരും ചില സാഹചര്യത്തിൽ മറ്റുള്ളവരിൽ നിന്നുള്ള സമ്മർദ്ദംകൊണ്ടോ തൽക്കാല അനുഭൂതിക്കുവേണ്ടിയോ മദ്യപിച്ചെന്നുവരാം. ആരംഭത്തിൽ സൗഹൃദത്തിനുവേണ്ടി തുടങ്ങുന്ന മദ്യസേവ മദ്യാസക്തിയായി മാറുന്നു. ഇവിടെയാണ് പ്രശ്നം തുടങ്ങുന്നത്. പഴയനിയമത്തിൽ ബൽഷാസർ രാജാവ് മുതൽ പല രാജാക്കന്മാരും ചില പ്രവാചകന്മാരും പുരോഹിതന്മാരും മദ്യപിച്ചതായും ദൈവം ഇതിനെ ശിക്ഷിക്കുകയും ശപിക്കുകയും ചെയ്തതായും വചനം സാക്ഷിക്കുന്നു. ആധുനികകാലത്ത് മദ്യപാനം സമൂഹഗാത്രത്തെ കാർന്നുതിന്നുന്ന വലിയ വിപത്തായിത്തീർന്നിരിക്കുന്നു. കൗമാരപ്രായക്കാരുടെ ഇടയിലും മദ്യപാനശീലം വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മുതിർന്നവരുടെ ദുർമാതൃക, സിനിമ മുതലായ മാധ്യമങ്ങളിൽ കുടിച്ചു കൂത്താടുന്ന കോമാളിരംഗങ്ങൾ ഇവയെല്ലാം യുവതലമുറയെ ഇതിലേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്. കുടുംബഭദ്രതയുടെ തകർച്ച, കൊലപാതകങ്ങൾ, റോഡപകടങ്ങൾ, പെൺവാണിഭം ഇവയുടെ എല്ലാം പിന്നിൽ മദ്യപാനം പ്രധാന പങ്കുവഹിക്കുന്നു.

പഴയനിയമത്തിലും പുതിയനിയമത്തിലും മദ്യപാനത്തെപ്പറ്റിയുള്ള ചില വചനഭാഗങ്ങൾ നോക്കാം. ‘‘ലഹരിപാനീയങ്ങളുടെ പിന്നാലെ ഓടാൻ വേണ്ടി അതിരാവിലെ ഉണരുകയും വീഞ്ഞുകുടിച്ചു മദിക്കാൻ വേണ്ടി ഉറങ്ങാതിരിക്കുകയും ചെയ്യുന്നവർക്ക് ദുരിതം’’ (ഏശ: 5:11).

www.malankaralibrary.com



''മദ്യപന്മാരേ, ഉണർന്നു വിലപിക്കുവിൻ, വീഞ്ഞുകുടിക്കുന്നവരേ, നെടുവീർപ്പിടുവിൻ'' (ജോയേ: 1:5).

''വ്യഭിചാരികളും സ്വവർഗഭോഗികളും ....... മദ്യപന്മാരും.... ദൈവരാജ്യം അവകാശമാക്കുകയില്ല'' (1 കോറി: 6:10).

മദ്യപാനത്തിന്റെ ദൂഷ്യഫലത്തെക്കുറിച്ച് വചനം പറയുന്നു. 'ദുരിതവും ദുഃഖവും കലഹവും ആവലാതിയും ആർക്കാണ്? ആർക്കാണ് അകാരണമായ മുറിവുകൾ? ആരുടെ കണ്ണാണ് ചുവന്നു കലങ്ങിയത്? വീഞ്ഞ് കുടിച്ച് സമയം പോക്കുന്നവർക്കും വീഞ്ഞുകലർത്തി രുചി പരീക്ഷിക്കുന്നവർക്കും തന്നെ' (സുഭാ: 23:29-30).

''വീഞ്ഞും സ്ത്രീയും ബുദ്ധിമാന്മാരെ വഴി തെറ്റിക്കുന്നു'' (പ്രഭാ:19:2).

''പുരോഹിതന്മാരും പ്രവാചകന്മാരും പോലും വീഞ്ഞു കുടിച്ചു മദിക്കുന്നു. ലഹരി പിടിച്ച് അവർ ആടിയുലയുന്നു. വീഞ്ഞ് അവരെ വഴി തെറ്റിക്കുന്നു (ഏശ: 28:7).

''വീഞ്ഞും പുതുവീഞ്ഞും സുബോധം കെടുത്തും'' (ഹോസി:4:11).

''വീഞ്ഞ് കുടിച്ച് ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്'' (എഫേ:5:18).

കർത്താവ് മുന്നറിയിപ്പ് നൽകുന്നു: ''സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയിൽ നിങ്ങളുടെ മനസ്സു ദുർബലമാവുകയും ആ ദിവസം ഒരു കെണിപോലെ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിച്ചുകൊള്ളുവിൻ'' (ലൂക്കാ 21:34).

### മദ്യപാനിയുടെ പ്രശ്നം

മദ്യം കുടിക്കണം എന്നുള്ള ആഗ്രഹത്തിൽ നിന്ന് സ്വയം പിൻമാറാനുള്ള ശക്തി മദ്യപാനിക്ക് നഷ്ടപ്പെടുന്നു. തന്നിലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതുകൊണ്ട് വീണ്ടും വീണ്ടും കുടിക്കുകയും കൂടുതൽ അളവിൽ മദ്യപിക്കുകയും ചെയ്യുന്നു. ഒരു നിർബന്ധശക്തി ആവേശിച്ച (Compulsive) രീതിയിൽ വീണ്ടും വീണ്ടും കുടിയിൽ നിമഗ്നനാകുന്നു. തന്റെ കഴിവുകേടിനെ മൂടിവയ്ക്കുവാൻ, ചെയ്യുന്ന മറ്റു പ്രവൃത്തികളിൽ കാണിക്കുന്ന അതിതാൽപര്യം, ശുദ്ധമഠയത്തരത്തിൽ എത്തിച്ചേരുന്നു. രാവിലെ എഴുന്നേൽക്കാൻ മദ്യപിക്കണം, ജോലി സ്ഥലത്തു മദ്യപിക്കുന്നു, കുമ്പസാരത്തിന് അണയാൻ ശക്തി കിട്ടാൻ മദ്യപിക്കണം. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കുടിക്കുവാനുള്ള അനി

www.malankaralibrary.com



യന്ത്രിതമായ ആഗ്രഹം ശക്തി പ്രാപിക്കുന്നു. സ്വന്തം വ്യക്തിത്വത്തെ മുഴുവനും അടിമത്തത്തിലാക്കുന്ന പാപശക്തി ഇവിടെ വ്യക്തമാണ്. മദ്യപാനി സ്വന്തക്കാരിൽ നിന്ന് അകലുന്നു. 'എല്ലാവരും എന്നെ വെറുക്കുന്നു. ആരും എന്നെ സ്നേഹിക്കുന്നില്ല' എന്നുള്ള ചിന്ത ഭരിക്കുന്നു. മദ്യപിക്കരുത് എന്നു ഉപദേശിക്കുന്നവരോട് വെറുപ്പും അകൽച്ചയും ഉണ്ടാകുന്നു. മനോരോഗിയെപ്പോലെ പെരുമാറുന്നു. മാനസികവിഭ്രാന്തി ഉണ്ടാകാം. ചിലപ്പോൾ, വിഷാദരോഗിയെപ്പോലെയായിട്ട്, ഇനിയും ജീവിച്ചിട്ട് കാര്യമില്ല എന്നുള്ള ചിന്തയിൽ, ആത്മഹത്യ ചെയ്യുന്നു. ഭാര്യയെയും മക്കളെയും ഉപദ്രവിച്ചശേഷമോ കൊന്നശേഷമോ സ്വയം കൊല്ലുന്നു. എന്റെ ചുമതലയിൽപ്പെട്ട ഇടവകയിലെ രണ്ടു വ്യക്തികളുടെ ആത്മഹത്യ മദ്യപാനത്തിന്റെ പരിണതഫലമായിരുന്നു. എന്റെ അൾത്താര ബാലനായിരുന്ന ഒരാളുടെ പിതാവ് നന്നായി മദ്യപിക്കുമായിരുന്നു. ഞാൻ ഈ മകനോടു പറഞ്ഞു, ''മകനേ നീ നിന്റെ അപ്പനെ അനുകരിച്ച് മദ്യപിക്കരുത്.'' ഒരിക്കലും ഇല്ല എന്നവൻ എന്നോടു പറഞ്ഞു. കാലത്തിന്റെ മാറ്റത്തിൽ അവൻ വളർന്ന് യുവാവായി, മദ്യപാനിയായി. ഇതിനകം ഞാൻ പ്രസ്തുത ഇടവകയിൽ നിന്നു വേറെ ഇടവകയിലേക്ക് പോയിരുന്നു. പിന്നീട് ഈ മകൻ ആത്മഹത്യ ചെയ്തു എന്നറിഞ്ഞു. മദ്യം വരുത്തുന്ന ദുരവസ്ഥ എത്ര ശോചനീയം!

മദ്യം ഹൃദയത്തിനും കരളിനും സാരമായ കേടുവരുത്തുന്നു. കരൾ സംബന്ധമായും ആമാശയസംബന്ധമായുമുള്ള രോഗം മദ്യപാനിക്ക് സാധാരണമാണ്. ഇച്ഛാഭംഗത്തെ നേരിടുവാനുള്ള കഴിവ് വളരെ കുറവാണ്. മദ്യപാനി തൃപ്തികരമായ ദാമ്പത്യജീവിതം നയിക്കുവാൻ അശക്തരായിത്തീരുന്നു. സംശയപ്രകൃതി ഇവരുടെ കൂടെപ്പിറപ്പാണ്. സംശയപ്രകൃതി (Paranoid tendency) വർദ്ധിച്ചാൽ, ഭാര്യയെ സംശയിക്കുകയും അന്യപുരുഷനുമായി അവൾക്ക് ബന്ധം ഉണ്ടെന്നു ആരോപിക്കുകയും അതിന്റെ പേരിൽ ഭാര്യയെ ഉപദ്രവിക്കുകയും ഒടുവിൽ കൊല്ലാനുമുള്ള സാധ്യതയിൽ എത്തിനിൽക്കുകയും ചെയ്യും. പല നല്ല ഭാര്യമാരും മദ്യപാനിയോടുകൂടി സഹശയനം ഇഷ്ടപ്പെടുകയില്ല. അതിന്റെപേരിൽ, അവൾക്ക് വേറെ പുരുഷനുണ്ടെന്നു മദ്യപാനിയായ ഭർത്താവ് ഉറച്ചു വിശ്വസിക്കുന്നു. ഭാര്യമാരെ അറുകൊല ചെയ്തിട്ടുള്ള സംഭവങ്ങളിൽ പ്രധാന വില്ലൻ ഭർത്താവിന്റെ സംശയപ്രകൃതിയാണ്. ഞാൻ ചുമതല വഹിച്ച ഒരിടവകയിൽ, ഒരു മദ്യപാനിക്ക് ഭാര്യയെ എപ്പോഴും സംശയം. ജോലിക്ക്

www.malankaralibrary.com



പോയിട്ട് വന്നാലുടൻ ചോദിക്കും ''എടീ, ഇന്ന് ഏതു പുരുഷനാണ് ഇവിടെ വന്നത്?'' ഞാൻ ഭവനസന്ദർശനത്തിനുപോയപ്പോൾ, ആ സ്ത്രീ എന്നോടു പറഞ്ഞു, ''അച്ചാ, അച്ചൻ ഭവനസന്ദർശനത്തിനു പോലും ഇവിടെ വരാതിരിക്കുന്നതാണ് നല്ലത്. വീട്ടുകാരൻ അച്ചനെ സംശയിക്കാൻ തുടങ്ങും.'' പിന്നീടൊരവസരത്തിൽ ആ സ്ത്രീ എന്നോടു പറഞ്ഞു, ''ഭർത്താവ് ഒരു രാത്രി എന്റെ അടുത്തു കിടന്ന 13 വയസ്സുകാരി മകളെ അവിഹിതബന്ധത്തിനായി, കോരി എടുത്തു, ശബ്ദം കേട്ടു ഞാൻ ലൈറ്റിട്ടു. അച്ചാ, ഒറ്റവെട്ടിനു അയാളെ കൊല്ലുവാനാണ് തോന്നിയത്, കത്തി അടുത്തില്ലാതായി പോയി.'' ''നിന്റെ രക്തമാടാ ഈ മകൾ'' എന്നു പറഞ്ഞ് വായിൽ തോന്നിയ അസഭ്യവാക്കുകൾ എല്ലാം ഭർത്താവിനെ വിളിച്ചു എന്നു പറഞ്ഞു. മദ്യപാനികൾ മറ്റുള്ളവരുടെ പാതിവ്രത്യത്തിനായി മുറവിളി കൂട്ടും. എന്നാൽ അവരിലെ കാമാസക്തി എന്തു ഹീനപ്രവൃത്തിക്കും മടിക്കുകയില്ല. സ്വന്തം മകളെ ഉപയോഗിക്കുകയും മറ്റുള്ളവർക്ക് കൈമാറുകയും ചെയ്യുന്ന സംഭവങ്ങൾ ഈയിടെ കേരളക്കരയിൽ നടക്കുന്ന വാർത്ത കേൾക്കാറുണ്ട്. ഇതിലെ കഥാനായകർ എല്ലാം മദ്യപാനികളാണെന്നുള്ളതിൽ സംശയം വേണ്ടാ. ഈ പൈശാചിക പ്രവൃത്തികൾക്ക് അത്തരക്കാരേ മുതിരുകയുള്ളൂ.

ഒരു ക്രിസ്തീയ കൗൺസലർ എങ്ങനെ മദ്യപാനിയെ സമീപിക്കണം എന്നു ചിന്തിക്കാം. മദ്യപാനി നേരത്തെ തന്നെ സ്വയം ശാപഗ്രസ്തനെന്നു വിധിച്ചിരിക്കുകയാണ്. മദ്യപിക്കുന്നതു നല്ലതല്ല, ശരിയല്ല എന്ന് അവന് അറിയാം. എന്നാൽ അതു നിറുത്തുവാൻ അവനു സാധിക്കുന്നില്ല. യാതൊരു കാരണത്താലും ഈ വ്യക്തിയെ കുറ്റം വിധിക്കരുത്. ഭാര്യമാർ വിഷമം സഹിക്കാൻ വയ്യാതെ, മദ്യപാനികളായ ഭർത്താക്കന്മാരെ ശപിക്കുകയും ശാസിക്കുകയും ഭർത്സിക്കുകയും ചെയ്യാറുണ്ട്. ഇതു പ്രശ്നപരിഹാരമല്ല. പ്രശ്നം കുറെക്കൂടി സങ്കീർണ്ണമാക്കുകയേയുള്ളൂ. കൂടുതൽ സ്നേഹവും പരിഗണനയും കാണിക്കുകയാണ് വേണ്ടത്. ഇത് അത്ര എളുപ്പമാണെന്നു പറയുന്നില്ല. മദ്യപാനിയെ ദൈവത്തിനു സഹായിക്കാൻ സാധിക്കും. വിടുതൽ കൊടുക്കുവാൻ കഴിയും. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട സ്നേഹം, ക്ഷമ, ആന്തരികസമാധാനം, നന്മ ഇതെല്ലാം മദ്യപാനിയിലേക്ക് ഒഴുക്കിക്കൊടുത്തു സുഖപ്പെടുത്തുവാൻ സാധിക്കും എന്നു പറഞ്ഞു മനസ്സിലാക്കുക. മദ്യപാനവുമായി ബന്ധപ്പെട്ട് പൗലോസ്ശ്ലീഹാ വചനത്തിൽ പറയുന്നത് ''നിങ്ങളിൽ ചിലർ ഇത്തരക്കാരായിരുന്നു. എന്നാൽ

www.malankaralibrary.com



നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും സ്നാനപ്പെടുകയും പവിത്രീകരിക്കപ്പെടുകയും നീതികരിക്കപ്പെടുകയും ചെയ്തു'' (1 കോറി:6:11). മദ്യത്തിന്റെ ദുരുപയോഗം നമ്മുടെതന്നെ തെറ്റായ ചാപല്യം അനുധാവനം ചെയ്തതിന്റെ ഫലമാണ്. ''ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കും അറിയാം. അവ അശുദ്ധി, വ്യഭിചാരം, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം ഇവയും ഈദൃശ്യമായ മറ്റുപ്രവൃത്തികളുമാണ്'' (ഗലാ:5:19-21). ''പരിശുദ്ധാത്മാവിനു നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാനും ആവശ്യമായ ആത്മനിയന്ത്രണം നൽകി മദ്യപാനാസക്തിയിൽ നിന്നു വിടുതൽ നൽകുവാനും കഴിയും. യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും ക്രൂശിച്ചിരിക്കുന്നു. നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ ആത്മാവിൽ വ്യാപരിക്കാം'' (ഗലാ:5:24).

മദ്യപാനി ഇനിയും കുടിക്കുകയില്ലെന്നു പലതവണ സത്യം ചെയ്തു പറഞ്ഞിട്ടുണ്ട്. യേശുക്രിസ്തുവിൽ പുതുജീവൻ പ്രാപിച്ചു കഴിഞ്ഞ വ്യക്തി മദ്യപാനം ഒരിക്കൽ നിറുത്തിക്കഴിഞ്ഞാൽ, മിതമായ രീതിയിൽ പോലും പിന്നീട് കുടിക്കരുത്. കുടിച്ചാൽ, കൂടുതൽ അടിമത്തത്തിൽ ചെന്നു ചാടും. ദൈവാത്മാവിന്റെ ശക്തിയാൽ, ഓരോ ദിവസവും ജീവിക്കുവാൻ പഠിപ്പിക്കണം. ഒരു ദിവസം സുബോധമായി ജീവിച്ചാൽ, അടുത്ത ദിവസവും അതുപോലെ ജീവിക്കാനുള്ള ഉത്തേജനം നൽകണം. അങ്ങനെ ഓരോ ദിവസവും ഓരോ ദിവസത്തെ വിജയം തുടർന്നും മുൻപോട്ടുപോകാനുള്ള ധൈര്യവും ശക്തിയും പ്രദാനം ചെയ്യും. ''എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു'' (ഫിലി:3:13). മനോഭാവത്തിന്, ചിന്തയ്ക്ക് മാറ്റം ഉണ്ടാകണം. എങ്കിലേ തുടർന്നും ജീവിതമാറ്റത്തിൽ പിടിച്ചുനിൽക്കുവാൻ പറ്റൂ. ''എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല'' എന്ന കർത്താവിന്റെ തിരുവചനം പറഞ്ഞ് മദ്യപാനിയെ ശക്തിപ്പെടുത്തണം. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മുഴുവൻ സമയവും ആശ്രയിച്ചുകൊണ്ടും വചനം പഠിച്ചും അനുസരിച്ചും സഭാശുശ്രൂഷകളിൽ പങ്കുകൊണ്ടും മുമ്പോട്ടുപോകാനുള്ള നിർദ്ദേശം നൽകണം. ''നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും നിങ്ങൾ വളരുവിൻ'' (2 പത്രോ:3:18).

www.malankaralibrary.com



മദ്യപാനിയുടെ കുടുംബത്തിലുള്ള ആരും അദ്ദേഹത്തെ നിന്ദിക്കുകയോ, അവഗണിക്കുകയോ ചെയ്യരുതെന്നുള്ള നിർദ്ദേശം കുടുംബാംഗങ്ങൾ എല്ലാവർക്കും നൽകണം. അവരുടെ പരിഗണനയും സ്നേഹവും മദ്യപാനത്തിൽ നിന്നു വിടുതൽ ലഭിച്ച വ്യക്തിക്ക് എന്നും ലഭിക്കണം. ഒരിക്കലും പഴയകാര്യങ്ങൾ പറഞ്ഞ് കുത്തി നോവിക്കരുത്. ആൽക്കഹോളിക് അനോണിമസ്സ് (AA)ന്റെ സംഘടനയിലും പ്രോഗ്രാമിലും പങ്കെടുക്കുന്നത് നല്ലതാണ്. അതിനുള്ള ക്രമീകരണം ചെയ്തു കൊടുക്കണം.

മദ്യപാനി തന്റെ നിർബന്ധിത മദ്യപാനാസക്തി മാറ്റി സ്വയം ശിക്ഷണത്തിൽ വരാൻ കുടുംബാംഗങ്ങളും കൗൺസലറും പ്രാർത്ഥിക്കണം. മാനസികവും ശാരീരികവുമായ മദ്യപാന ആശ്രിതത്വം മാറിക്കിട്ടുവാൻ മറ്റുള്ളവരുടെ ആത്മാർത്ഥമായ പ്രാർത്ഥന സഹായിക്കും. വീണ്ടും വീണുപോകും എന്ന ഭയം മാറി, പൂർണ്ണസമാധാനം ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ലഭിക്കും എന്ന് ഉറച്ചു പ്രാർത്ഥിക്കുക. ''അങ്ങയിൽ ഹൃദയമുറപ്പിച്ചിരിക്കുന്നവനെ അങ്ങ് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു. എന്തെന്നാൽ അവൻ അങ്ങയിൽ ആശ്രയിക്കുന്നു. കർത്താവിൽ എന്നേക്കും ആശ്രയിക്കുവിൻ ദൈവമായ കർത്താവ് ശാശ്വതശിലയാണ്'' (ഏശ: 26:3-4).

കെ.സി.ബി.സി.യുടെ 2012 ജനുവരി 29-ലെ മദ്യവിരുദ്ധ ഇടയലേഖനത്തിന്റെ ഒരു ഭാഗം ഇതോടൊപ്പം ചേർത്തുവയ്ക്കുന്നു. ''ആർത്തലയ്ക്കുന്ന ലഹരിയിൽ ജീവനും ജീവിതവും മനുഷ്യോചിതമായ സാഹചര്യങ്ങളും തകർക്കപ്പെടുന്നു. കുടുംബങ്ങൾ കണ്ണുനീർത്തടാകങ്ങളാകുന്നു. സമൂഹം അസ്വസ്ഥപൂരിതമാകുന്നു. അനുഗ്രഹത്തിന്റെയും സ്നേഹത്തിന്റെയും നന്മയുടെയും ഉറവകൾ വറ്റുന്നു. താളം തെറ്റുന്ന ബന്ധങ്ങൾ കലഹത്തിന്റെ കലാപഭൂമികൾ തീർക്കുന്നു. മൂല്യത്തകർച്ചയും അരാജകത്വവും മലിനസംസ്കാരവും മുറിവേറ്റ മനുഷ്യരും സ്വാസ്ഥ്യം നഷ്ടമായവരും വ്രണിതമാനസരും സമൂഹജീവിതം ദുരിതപൂർണ്ണമാക്കുന്നു. അനാഥബാല്യങ്ങൾ, വിഭജിത കുടുംബങ്ങൾ, വെട്ടിമുറിക്കപ്പെടുന്ന രക്തബന്ധങ്ങൾ, അന്യവത്ക്കരിക്കപ്പെടുന്ന അയൽബന്ധങ്ങൾ, ശൂന്യവത്ക്കരിക്കപ്പെടുന്ന ആത്മീയത, വ്യർത്ഥമായ ജീവിതചര്യകൾ എന്നിവ സമാധാനം അന്യമാക്കുന്നു. സാത്താൻ കുടിയേറിയ ഹൃദയങ്ങളിൽ നിന്നും ദൈവസാന്നിദ്ധ്യത്തിന്റെ നന്മയും സ്നേഹവും കൂട്ടായ്മയും ആട്ടിയിറക്കപ്പെടുന്നു. മൂല്യത്തകർച്ച മുഖമുദ്രയാകുന്നു. അക്രമം, ഗുണ്ടായിസം,

www.malankaralibrary.com



പീഡനങ്ങൾ, ആത്മഹത്യകൾ തുടങ്ങിയ സാമൂഹിക തിന്മയുടെ തലസ്ഥാനമായി 'ദൈവത്തിന്റെ സ്വന്തം നാട്' മാറിയിരിക്കുന്നു. രഹസ്യമായി ചെയ്തിരുന്ന പലതും പരസ്യമായി ചെയ്യാൻ പോലും മനുഷ്യൻ തയ്യാറാകുന്നു. മദ്യവും അനുബന്ധലഹരികളും അവനെ അത്തരമൊരു സാഹചര്യത്തിലേക്ക് എത്തിച്ചിരിക്കുന്നു. ദൈവരാജ്യത്തിലേക്കുള്ള യാത്രയിൽ കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുക്കാനുള്ള ആഹ്വാനം ഏറ്റവും സുപ്രധാനമാണ്. ബാല്യത്തിൽത്തന്നെ തുടങ്ങുന്ന മദ്യപാനങ്ങളും ലഹരിശീലങ്ങളും യുവത്വത്തിലും മറ്റെല്ലാ ജീവിതകാലഘട്ടത്തിലും മാരകമായിത്തീർന്നിരിക്കുന്നുവെന്നത് സാംസ്കാരിക കേരളത്തിന്റെ ശാപമാണ്''.

### തുടർപ്രവർത്തനം (Follow Up)

1. ദൈവം പൂർണ്ണമായും എന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു. ഇനിയും പാപത്തിന് എന്റെ മേൽ നിയന്ത്രണമില്ല എന്ന് ഉറച്ചുവിശ്വസിക്കുക.
2. ചെറിയ രീതിയിൽ മദ്യപിക്കാൻ ആരെങ്കിലും നിർബന്ധിച്ചാലും, വേണ്ട (No) എന്നു പറയുക. വീണ്ടും മദ്യപിക്കാനുള്ള പരീക്ഷ ഉണ്ടാകും.
3. സ്വല്പം കുടിച്ചാൽ ഒരു ദിവസത്തേക്ക് അതുമതിയാകും എന്നുള്ള ചിന്ത പൂർണ്ണമായും തള്ളിക്കളയുക.
4. ആവർത്തിച്ച് സ്വയം പറയുക, 'ദൈവസഹായത്താൽ ഇന്ന് ഞാൻ കുടിക്കുകയില്ല.'
5. മദ്യപിക്കാത്ത മറ്റു ക്രിസ്ത്യാനികളുമായി ബൈബിൾ പഠനത്തിനും പ്രാർത്ഥനയ്ക്കും സംബന്ധിക്കുക.
6. ബൈബിൾ വചനങ്ങൾ പഠിക്കുകയും കാണാതെ പഠിക്കുകയും ചെയ്യുക. ''അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്'' (സങ്കീ:119:105).
7. തന്നെ ശക്തിപ്പെടുത്തുന്ന ദൈവത്തോടു പ്രാർത്ഥിച്ചും സ്തുതിച്ചും ഓരോ ദിവസവും കഴിയുക. "കർത്താവിനു കഴിയാത്തത് എന്തെങ്കിലുമുണ്ടോ?'' (ഉൽപ:18:14) ''ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിരുനിൽക്കും? സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏൽപ്പിച്ചു തന്ന

www.malankaralibrary.com



വൻ അവനോടുകൂടെ സമസ്തവും നമുക്കു ദാനമായി നൽകാതിരിക്കുമോ?'' (റോമ:8:31-32).

8. വീണ്ടും ബലഹീനത ഉണ്ടായാൽ ദൈവത്തോടു പാപം ഏറ്റു പറയുക. ''നാം പാപം ഏറ്റുപറയുന്നെങ്കിൽ അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതിയിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും'' (1 യോഹ:1:9).
9. ആവശ്യത്തിനുള്ള വ്യായാമവും സമീകൃത ആഹാരവും കഴിക്കുക.

## മയക്കുമരുന്നിന്റെ ഉപയോഗം

മയക്കുമരുന്നിന്റെ ഉപയോഗം ഇന്ന് യുവതലമുറയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു. മദ്യപാനത്തേക്കാൾ പെട്ടെന്നു ഉന്മാദം സൃഷ്ടിക്കുന്നതിനു മയക്കുമരുന്നു സഹായകമാണ്. കോളജ് വിദ്യാർത്ഥികളിലും വിദ്യാർത്ഥിനികളിലും മാരകമായ ഈ ദുഃശീലം റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഞരമ്പുകളിൽ മയക്കുമരുന്നു കുത്തിവച്ച് ഉന്മാദം സൃഷ്ടിക്കുന്നവരുണ്ട്. ഇതിനു അടിമപ്പെടുന്ന യുവതലമുറ കുടുംബത്തിനും സമൂഹത്തിനും എന്നന്നേക്കും നഷ്ടപ്പെടുന്നു. എല്ലാ മനുഷ്യർക്കും ഏതെങ്കിലും വിധത്തിലുള്ള സന്തോഷം അത്യാവശ്യമാണ്. ഒരു സന്തോഷവുമില്ലാത്ത വ്യക്തി നിരാശയിൽ താണ് ആത്മഹത്യയിൽ എത്തിച്ചേരാം. മനുഷ്യർ സന്തോഷമുള്ളവനായി ജീവിക്കുവാൻ തക്കവിധം ദൈവം ഈ ലോകത്തെ സംവിധാനം ചെയ്തു. ദൈവവുമായും സഹജീവികളുമായുള്ള നല്ല ബന്ധത്തിൽക്കൂടിയാണ് യഥാർത്ഥ സന്തോഷം കരഗതമാകേണ്ടത്. ദൈവം വരച്ച നേർവഴി വിട്ട് സ്വന്തം അഭീഷ്ടമനുസരിച്ച് മനുഷ്യൻ സന്തോഷം തേടിപ്പോകുമ്പോൾ മനുഷ്യമാഹാത്മ്യത്തിന്റെ തകർച്ച ആരംഭിക്കുന്നു. മനുഷ്യനു ലഭിക്കേണ്ട യഥാർത്ഥ സന്തോഷം ചോർന്നുപോകുന്നു. പാപം ഉടലെടുക്കുന്നു. യഥാർത്ഥസന്തോഷം ദൈവത്തിന്റെ വഴിവിട്ട് നഷ്ടപ്പെടുമ്പോൾ, കൃത്രിമ സന്തോഷത്തിലേക്ക് പരക്കം പായുന്നു. താൽക്കാലിക ഉന്മാദം സൃഷ്ടിച്ച് സന്തോഷിക്കുന്നതിന് പാപാവസ്ഥയിലുള്ള മനുഷ്യൻ പെട്ടെന്നു തേടിപ്പിടിക്കുന്ന മാർഗങ്ങളാണ് മദ്യം, മയക്കുമരുന്ന്, അവിഹിതവും, അനിയന്ത്രിതവുമായ ലൈംഗികത എന്നിവ. തകർച്ചയുടെയും നഷ്ടത്തിന്റെയും നീർക്കയത്തിൽ മുങ്ങിമരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യനെ രക്ഷിക്കുവാൻ യേശുക്രിസ്തുവിന്റെ കൃപ മാത്രം മതി. ഒരു പരിധി വരെ മരുന്നുകൾക്കുള്ള സ്ഥാനം വിസ്മരിക്കുന്നില്ല.

www.malankaralibrary.com



മയക്കുമരുന്നിനെപ്പറ്റി ശാസ്ത്രീയപഠനത്തിനു ഞാൻ ഉദ്യമിക്കുന്നില്ല. ക്രിസ്തീയമായി എങ്ങനെ ഈ പ്രശ്നത്തെ സമീപിക്കണം എന്നുള്ള ചില സൂചനകൾ മാത്രം. രോഗശമനത്തിനായി ഡോക്ടർമാർ മയക്കുമരുന്നുകൾ ചെറിയ മാത്രയിൽ ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു. ചില മയക്കുമരുന്നുകൾ ഒരു പ്രാവശ്യം ഉപയോഗിച്ചാൽ (കറുപ്പ്, കഞ്ചാവ് മുതലായവ) വീണ്ടും ഉപയോഗിക്കാനുള്ള പ്രവണത ഉണ്ടാകും. ആകാശവിഹായസ്സിൽ പറന്നു നടക്കുന്ന അനുഭൂതി അഥവാ മതിഭ്രമം വരുത്തുന്ന മയക്കുമരുന്നുകൾ ഉണ്ട്. രോഗശമനത്തിനു ഡോക്ടർമാർ നിർദ്ദേശിക്കാതെ ഇവ തുടർച്ചയായി ഉപയോഗിച്ചാൽ, ശാരീരികവും മാനസികവുമായ അടിമത്തം സംജാതമാകുന്നു, ആത്മീയ തകർച്ചയ്ക്ക് വഴിയൊരുക്കുന്നു. ഇവയ്ക്ക് അടിമയാകുന്നവർ, ഇതിൽ നിന്ന് രക്ഷപ്പെടാൻ ഉള്ളിൽ ആഗ്രഹിക്കുന്ന നിമിഷങ്ങളുണ്ട്. എന്നാൽ സ്വന്തം കഴിവുകൊണ്ട് കരകയറാൻ അശക്തരാണ്. നമ്മുടെ കുട്ടികൾ കൂട്ടുകാരുടെ പ്രേരണയ്ക്ക് വശംവദരായി, മയക്കുമരുന്ന് ഉപയോഗത്തിന്റെ പിടിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിനാൽ ഇടവകതലത്തിൽ ശരിയായ ബോധവത്കരണം നൽകേണ്ടതാണ്. മാതാപിതാക്കളുടെ കണ്ണ് ഈ മക്കളിൽ ഉണ്ടായിരിക്കണം. ഇവരുടെ കൂട്ടുകാർ ആരൊക്കെ? ഇവർ സ്കൂളിൽ നിന്നു താമസിച്ചു വരുന്നെങ്കിൽ തിരക്കണം. മക്കളുടെ പെരുമാറ്റത്തിൽ അസാധാരണമായ രീതി–പെട്ടെന്ന് അന്തർമുഖികളാകുക, വിഷാദഭാവം കാണിക്കുക, കുടുംബത്തിലുള്ളവരിൽ നിന്ന് ഒഴിഞ്ഞുമാറുക, ആഹാരം കഴിക്കുന്നതിൽ വിരസത കാണിക്കുക മുതലായവ ദുഃസൂചനകളാണ്.

### കൗൺസൽ

മയക്കുമരുന്ന് ഉപയോഗികൾ തീർത്തും ബന്ധനത്തിലാണെന്നു അവർക്കറിയാം. തടവിലാക്കപ്പെട്ട അവസ്ഥയിൽ നിന്നു മോചനം കിട്ടാൻ അവരുടെ ഉള്ളിൽ തേങ്ങലുണ്ട്. കൗൺസലർ കാണിക്കുന്ന സ്നേഹവും പരിഗണനയും വ്യക്തിയെ പ്രത്യാശയിലേക്ക് നയിക്കുവാൻ സഹായിക്കും. ദൈവം ഈ വ്യക്തിയെ സ്നേഹിക്കുന്നു, കരുതുന്നു എന്നു പറഞ്ഞു കൊടുക്കുക. ലഹരിക്ക് അടിമപ്പെട്ട വ്യക്തിയുടെ ജീവിതത്തിലും പെരുമാറ്റത്തിലും മയക്കുമരുന്നിന്റെ ശക്തമായ സ്വാധീനമുണ്ട്. ആദ്യമായി ഈ വ്യക്തിയുടെ മോശക്കാരായ സ്നേഹിതരിൽ നിന്നുമുള്ള ബന്ധം വേർപെടുത്തണം. മയക്കുമരുന്നുമായി

www.malankaralibrary.com



ബന്ധപ്പെട്ടുള്ള കൂട്ടുകെട്ടിൽ നിന്ന് മാറേണ്ടത് അത്യാവശ്യമാണ്. രോഗിയായിത്തീർന്ന വ്യക്തിയെ നല്ല രീതിയിൽ സഹായിക്കാൻ കഴിവുള്ള വ്യക്തിയുമായോ കൂട്ടായ്മയുമായോ ബന്ധപ്പെടുത്തുക. ക്രിസ്തുവിൽ കേന്ദ്രീകൃതമായ പ്രാർത്ഥനാക്കൂട്ടങ്ങളിൽ പങ്കുകൊള്ളണം. നല്ല ഒരു ക്രിസ്തീയ വിശ്വാസിയുടെ സൗഹൃദം അത്യാവശ്യമാണ്. യേശുക്രിസ്തു ബന്ധനസ്ഥരെ മോചിപ്പിക്കുന്നവനാണെന്നും പരിശുദ്ധാത്മാവുവഴി പാപത്തിന്റെ കെട്ടുകളെ പൊട്ടിക്കുന്നവനുമാണെന്നുള്ള സത്യം രോഗിയോടു പറഞ്ഞു ബോധ്യപ്പെടുത്തണം. ഒരിക്കലും മടിപിടിച്ചിരിക്കാതെ, ഏതെങ്കിലും ജോലിയിൽ വ്യാപൃതനാക്കണം. മനസ്സ് പുതുക്കപ്പെടുന്ന ചിന്തകൾ കൊണ്ട് നിറയ്ക്കണം. ''സഹോദരരേ, സത്യവും വന്ദ്യവും നീതിയുക്തവും സ്നേഹാർദ്രവും, സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെയും കുറിച്ചു ചിന്തിക്കുവിൻ. അപ്പോൾ സമാധാനത്തിന്റെ ദൈവം നിങ്ങളുടെ കൂടെയുണ്ടായിരിക്കും'' (ഫിലി:4:8–9).

## കൗൺസലി (Counselee) വായിച്ചു ധ്യാനിക്കേണ്ട വചന ഭാഗങ്ങൾ

''ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നൽകാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ: 4:18).

''എല്ലാം എനിക്ക് നിയമാനുസൃതമാണ്. എന്നാൽ എല്ലാം പ്രയോജനകരമല്ല. എല്ലാം എനിക്ക് നിയമാനുസൃതമാണ്. എന്നാൽ ഒന്നും എന്നെ അടിമപ്പെടുത്തുവാൻ സമ്മതിക്കുകയില്ല'' (1 കോറി:6:12).

''ആധിപത്യങ്ങളെയും അധികാരങ്ങളെയും അവൻ നിരായുധരാക്കി. അവൻ കുരിശിൽ അവയുടെമേൽ വിജയം ആഘോഷിച്ചുകൊണ്ട് അവയെ പരസ്യമായി അവഹേളനപാത്രങ്ങളാക്കി'' (കൊളോ:2:15).

## സംയമനം

''സംയമനം എന്ന സുകൃതം എല്ലാവിധ അമിതത്ത്വത്തെയും, ഭക്ഷണത്തിന്റെയോ മദ്യത്തിന്റെയോ പുകയിലയുടെയോ മരുന്നിന്റെയോ ദുരുപയോഗത്തെയും പരിവർജ്ജിക്കുവാൻ നമ്മെ സഹായിക്കുന്നു. മദ്യപാനത്താലോ അമിതവേഗത്താലോ റോഡിലോ വെള്ളത്തിലോ ആകാശത്തിലോ തങ്ങളുടെ തന്നെയോ മറ്റുള്ളവരുടെയോ സുരക്ഷ

www.malankaralibrary.com



അപകടത്തിലാക്കുന്നവർ ഗൗരവമുള്ള കുറ്റത്തിന് ഉത്തരവാദികളാകുന്നു'' (No. 2290. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

''പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവനാണ്. എന്തെന്നാൽ പിശാച് ആദിമുതലേ പാപം ചെയ്യുന്നവനാണ്. പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുവാൻ വേണ്ടിയാണ് ദൈവപുത്രൻ പ്രത്യക്ഷനായത്'' (1 യോഹ: 3:8).

സ്വാതന്ത്ര്യത്തിലേക്ക് ക്രിസ്തു നമ്മെ മോചിപ്പിച്ചു. അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടു നിൽക്കുവിൻ. അടിമത്തത്തിന്റെ നുകത്തിനു ഇനിയും നിങ്ങൾ വിധേയരാകരുത്. സഹോദരങ്ങളേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം'' (ഗലാ:5:1, 13).

പ്രാർത്ഥന: ഞാൻ (Counselee) എല്ലാ മയക്കുമരുന്നുകളോടും പഴയകൂട്ടുകാരോടും അസുഖകരമായ എല്ലാ അനന്തരഫലങ്ങളോടും വിടപറയുന്നു. ഞാൻ എന്നെത്തന്നെ യേശുവിനു നൽകുന്നു. എന്നിൽ വന്നു നിറഞ്ഞ് പരിശുദ്ധാത്മാവിൽ ഞാൻ പൂരിതനാകട്ടെ. എനിക്ക് ലഹരിയിൽനിന്ന് വിടുതൽ തന്നതിനു നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

### തുടർപ്രവർത്തനം (Follow Up)

വളരെ ഗുരുതരമായ കേസാണെങ്കിൽ നല്ല ക്രിസ്തീയ അഡിക്ഷൻ സെന്ററിലോ, ധ്യാനമന്ദിരങ്ങളിലോ കൊണ്ടുപോകണം. ഭവനത്തിലോ അല്ലാതെയോ, ഈ ദുഃശീലം മൂലം തകർന്ന ബന്ധങ്ങളെ പൂർവ്വാവസ്ഥയിൽ കൊണ്ടുവരണം. നിങ്ങളെ വേദനിപ്പിച്ചവരോടു ഹൃദയംഗമമായി ക്ഷമിക്കുക. നിങ്ങൾ മുറിവേൽപ്പിച്ചവരോടു ക്ഷമ ചോദിച്ചു വാങ്ങുക. സഭാശുശ്രൂഷകളിൽ മുടങ്ങാതെ സംബന്ധിക്കണം.

### പുകവലി

മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം എന്നിവ പോലെയുള്ള മറ്റൊരു ദുശ്ശീലമാണ് പുകവലി. പുകയില പല രൂപത്തിലും ഭാവത്തിലും മനുഷ്യർ ഉപയോഗിക്കുന്നു. പുകയില, മുറുക്ക്, സിഗരറ്റ്, ചുരുട്ട്, പാൻപരാഗ് എന്നീ രീതിയിലുള്ള ഉപയോഗം സമൂഹത്തിലുണ്ട്. വായിലുണ്ടാകുന്ന കാൻസറിനു പ്രധാനകാരണം പുകയിലയും മുറുക്കും പാൻപരാഗിന്റെ ഉപയോഗവുമാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. ശ്വാസകോശ അർബുദത്തിന്റെ പ്രധാന ''വില്ലൻ'' പുകവ

www.malankaralibrary.com



ലിയാണ്. ലക്ഷക്കണക്കിനു ആളുകൾ ശ്വാസകോശ കാൻസർ ബാധിച്ച് പ്രതിവർഷം മരിക്കുന്നു. പുകവലിക്കുന്നവരിൽ പുകവലിക്കാത്തവരെക്കാൾ ഹൃദയാഘാത സാധ്യത കൂടുതലാണെന്ന് വൈദ്യശാസ്ത്രം പഠിപ്പിക്കുന്നു. അമേരിക്ക പോലുള്ള രാജ്യങ്ങളിൽ പുരുഷന്മാരും അവരോടൊപ്പം സ്ത്രീകളും പുകവലിക്കുന്നു. ഇതുമൂലം കാൻസർ പോലുള്ള മാരകരോഗം കാരണം ഇപ്പോൾ അവരുടെ ഇടയിൽ പുകവലിക്കുന്നവരുടെ ശതമാനത്തിൽ കുറവു കാണുന്നു. നാനൂറോളം രാസവസ്തുക്കൾ ഉള്ള പുകയിലയിൽ, 40-ൽ അധികം രാസവസ്തുക്കൾ കാൻസർ ഉണ്ടാക്കാൻ സാധ്യതയുള്ള ഘടകങ്ങളാണ്.

നമ്മുടെ നാട്ടിൽ മദ്യപാനം പോലെ, പുകവലി യുവാക്കളുടെ ഇടയിൽ വ്യാപകമാണ്. പുകവലി നിരോധനബിൽ രാജ്യത്തു നിലവിൽ വന്നതുകൊണ്ട്, പൊതുസ്ഥലത്തുള്ള പുകവലി കുറഞ്ഞിട്ടുണ്ട്. പുകവലിക്കുന്നവർക്ക് മാത്രമല്ല അവർ പുറത്തേക്ക് ഊതിവിടുന്ന പുക ശ്വസിക്കുന്നവർക്കും മാരകമായ പ്രശ്നം സൃഷ്ടിക്കുമെന്നതിനാലാണ് ഗവൺമെന്റ് ഇത് നിരോധിച്ചത്. പൊതുസ്ഥലത്തു മാത്രം നിരോധിച്ചതു പ്രശ്നം പരിഹരിക്കുന്നില്ല. തുടർച്ചയായി പുകവലിക്കുന്ന പുരുഷന്മാരുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ഭാര്യമാർക്ക് ജനിക്കുന്ന കുട്ടികളിൽ ഗർഭാവസ്ഥയിൽ വച്ചുതന്നെ പല ദോഷഫലങ്ങൾ ഉണ്ടാകാം. ലോകാരോഗ്യ സംഘടന വർഷത്തിൽ ഒരു ദിവസം പുകവലി വിരുദ്ധദിനമായി പ്രഖ്യാപിച്ചിട്ടുണ്ട്, മെയ് 31. വ്യക്തികളിൽ ഇതിന്റെ ദോഷഫലത്തെപ്പറ്റി അവബോധം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള ദിവസമാണ്. പുകവലിച്ച് ഊതിവിടുന്ന പുകയിൽ മനുഷ്യാരോഗ്യത്തിനു ഹാനികരമായ ധാരാളം ഘടകങ്ങൾ ഉണ്ട്. അതിൽ 'നിക്കോട്ടിൻ' വളരെ മാരകമായ വിഷമാണ്. പുകവലിയുടെ പരിണതഫലമായി കാല് മുറിക്കേണ്ടി വന്ന പ്രസിദ്ധ നാടകകൃത്തായ തോപ്പിൽ ഭാസിയുടെ പ്രസ്താവന കുറെ നാൾമുമ്പ് വായിക്കുകയുണ്ടായി- 'ഈ ഗതികേട് ആർക്കും ഉണ്ടാകരുതേ, പുകവലിക്കരുതേ' എന്ന്. കൗമാരപ്രായക്കാർ മറ്റുള്ളവരുടെ പ്രേരണകൊണ്ടും ഇതെന്താണെന്നു അറിയാനുള്ള ജിജ്ഞാസകൊണ്ടും, പുകവലിച്ചു നടന്നാൽ ''ഞാൻ ആണായി'' എന്നു കാണിക്കാനുള്ള അഭിനിവേശം കൊണ്ടും പുകവലി ശീലിക്കുന്നു. സിനിമയിലും മറ്റും യുവാക്കളുടെ വീരപുരുഷന്മാരായ നടന്മാർ പുകവലിച്ചു തള്ളുന്നതു കണ്ടാൽ, ഏതു യുവാവിന്റെ ഹൃദയമാണ് തരളിതമാകാത്തത്? കരിസ്മാറ്റിക്ക് ധ്യാനങ്ങളിൽ സംബന്ധിച്ചിട്ടുള്ള പലർക്കും പുകവലി നിറുത്താനുള്ള കൃപ

www.malankaralibrary.com



ലഭിച്ചിട്ടുണ്ട്. ഇതിന്റെ സ്വാധീനം കൂടിയാകാം പഴയകാലങ്ങളെപ്പോലെ കത്തോലിക്കാ വൈദികരിൽ ഈ ദുഃശീലം കാണുന്നില്ല. ചുരുക്കം ചില അപവാദങ്ങൾ മാത്രം.

പുകവലി ശീലമാക്കിയതിൽ 70% പേർക്കും ഇതു നിറുത്തുവാൻ ആഗ്രഹമുണ്ട്. എന്നാൽ ഈ ആസക്തിയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടവർക്ക്, നിറുത്തുവാൻ സാധിക്കാത്തവിധം, ബന്ധനത്തിന്റെ നീർച്ചുഴിയിൽ താഴുന്ന അനുഭവമായിരിക്കും. 'ഞാൻ നിറുത്തുവാൻ പോകുകയാണ്, പുകവലി കുറച്ചുവരികയാണ്' എന്നൊക്ക ഇവർ പറയും. എന്നാൽ രക്തത്തിൽ കലർന്ന നിക്കോട്ടിന്റെ അളവു കുറഞ്ഞാൽ വീണ്ടും വലിക്കണമെന്നുള്ള ആസക്തി ഉടലെടുക്കുന്നു. ഞാൻ വൈദികനാകുന്നതിനുമുമ്പ്, പുകവലിക്കുന്ന ഇടവകവികാരിമാരുടെ അടുത്തു കുമ്പസാരിക്കാൻ പോകാൻ എനിക്ക് പ്രയാസമായിരുന്നു. അവർ ഉപദേശം തരുമ്പോൾ വായിൽ നിന്നുള്ള ദുർഗന്ധം എനിക്ക് അസഹനീയമായിരുന്നു. വൈദികനായശേഷം, പുകവലി ശീലിച്ചവരുടെ കുമ്പസാരം കേൾക്കുമ്പോഴും ഇതേ അനുഭവമായിരുന്നു.

അനാരോഗ്യകരമായ ഈ ദുഃശീലം നിറുത്തുവാൻ ഒരു കൗൺസലറിനു സഹായിക്കാൻ സാധിക്കും. ആസക്തി വളരെ ശക്തമാണെങ്കിൽ, ഇതു നിറുത്തുവാൻ ഡോക്ടറിന്റെ സഹായം ലഭ്യമാക്കാം. പുകവലിയുടെ ശാരീരികബന്ധനം, പല മാനസിക, ആത്മീയ തകരാറിലേക്ക് നയിക്കാം. പുകവലി തുടങ്ങുന്നവർക്ക്, മദ്യപാനം തുടങ്ങാനുള്ള സാധ്യത വളരെ കൂടുതലാണ്. ദൈവത്തിന്റെ ആത്മാവു വസിക്കുന്ന നമ്മുടെ ശരീരങ്ങൾ ദൈവത്തിന്റെ ആലയമാണ്. "നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്" (1 കോറി: 4:16-17). "ജഡമോഹങ്ങൾ നിങ്ങളെ കീഴ്പ്പെടുത്തുവാൻ തക്കവിധം പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ" (റോമാ 6:12).

ഒരു ക്രൈസ്തവ വിശ്വാസി പുകവലിക്കുമ്പോൾ, ദുർബല മനസ്സാക്ഷിയുള്ളവർക്ക് അതു ഇടർച്ചയ്ക്ക് കാരണമാകുന്നു. കുടുംബങ്ങളിൽ കുടുംബനാഥന്മാർ പുകവലിക്കുന്നത് മക്കൾക്ക് വലിയ ദുർമാതൃകയാണ്. ഈ ദുഃശീലത്തിനു ആൺമക്കൾക്ക് പ്രേരണ നൽകും. പുകവലിക്കാൻ മക്കളെ വിട്ട് സിഗററ്റ് വാങ്ങിക്കുന്ന അപ്പന്മാർ എത്ര വലിയ ദുർമാതൃകയാണ് ഇതുവഴി ചെയ്യുന്നതെന്നു മനസ്സിലാക്കു

www.malankaralibrary.com



ന്നില്ല. അപ്പൻ വലിച്ചുതീർക്കുന്ന സിഗററ്റിന്റെ ഉപേക്ഷിക്കുന്ന ഭാഗം എടുത്തുവലിച്ചാണ് ഞാൻ പുകവലി പഠിച്ചതെന്നു ഒരു ചെറുപ്പക്കാരൻ എന്നോടു പറഞ്ഞതായി ഓർക്കുന്നു. രാവിലെ മലശോധന ഉണ്ടാകണമെങ്കിൽ പുകവലിക്കണം എന്ന് ഒരാൾ എന്നോടു പറഞ്ഞു. കൂടുതൽ വിവരം ചോദിച്ചപ്പോൾ ചെറുപ്പത്തിൽ പുകവലിക്കുന്നതു അപ്പനും മറ്റുള്ളവരും കാണാതിരിക്കാൻ കക്കൂസിൽ പോയിരുന്നാണ് വലിച്ചത് എന്ന് ഈ വ്യക്തി പറഞ്ഞു. ഈ സ്വഭാവം മലശോധന പ്രക്രിയയുമായി ഒരു Conditioning അവസ്ഥ സൃഷ്ടിച്ചു. പുകവലിച്ചാൽ മലശോധന ഉണ്ടാകും, അതില്ലെങ്കിൽ മലശോധന നടക്കാതെയുള്ള ഒരു പ്രതിപ്രവർത്തനം ശരീരത്തിൽ സൃഷ്ടിക്കപ്പെടും. വചനത്തിൽ വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു "സഹോദരർക്കെതിരായി പാപം ചെയ്യുമ്പോഴും അവരുടെ ദുർബലമനസ്സാക്ഷിയെ മുറിപ്പെടുത്തുമ്പോഴും നീ ക്രിസ്തുവിനെതിരായി പാപം ചെയ്യുന്നു. എന്റെ സഹോദരന് ദുഷ്പ്രേരണയ്ക്ക് കാരണമാകുന്നെങ്കിൽ, അങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടി ഞാൻ ഒരിക്കലും മാംസം ഭക്ഷിക്കുകയില്ല" (1 കോറി: 8:12-13).

നാം സാരമില്ല എന്നു കരുതി പ്രവർത്തിക്കുന്ന കാര്യങ്ങളിൽ, ഇടർച്ചയുടെ സൂചന ഉണ്ടെങ്കിൽ, അതൊഴിവാക്കണം എന്ന് വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. പുകവലി നിറുത്തുവാൻ ആഗ്രഹമുണ്ടെങ്കിലും നിറുത്തുവാൻ സാധിക്കാത്ത ആസക്തി അവരെ ബാധിച്ചിട്ടുണ്ടെങ്കിൽ, പൈശാചിക ബന്ധത്തിന്റെ ശക്തി അവരിൽ പ്രവർത്തിക്കുന്നു എന്നതു തീർച്ചയാണ്. പുകവലി ഒരു നിശബ്ദ കൊലയാളിയാണെന്ന് ഈ തലമുറ മനസ്സിലാക്കണം.

**കൗൺസെൽ**

പുകവലിക്കുന്നവരെ വിമർശിക്കുകയോ വിധിക്കുകയോ ചെയ്യരുത്. ആ വ്യക്തിക്ക് ക്രിസ്തുവിന്റെ പക്കലേക്ക് തന്റെ പ്രശ്നം സമർപ്പിക്കുവാനുള്ള നിർദ്ദേശം നൽകണം. യേശുവിന്റെ സുഖപ്പെടുത്തുന്ന ശക്തി ഈ വ്യക്തിയിലേക്ക് ഒഴുകിയെത്തി വിടുതൽ നൽകും. ശാരീരികവും മാനസികവും ആത്മീയവുമായ വിടുതലായിരിക്കും. ധ്യാനകേന്ദ്രങ്ങളിൽ സംബന്ധിക്കുന്ന പുകവലിക്കാർ മിക്കവാറും ഈ വിടുതൽ പ്രാപിച്ചാണ് പുറത്തുവരുന്നത്. പുകവലിക്കുവാനുള്ള പ്രേരണ ഉണ്ടാകുമ്പോൾ "ഞാൻ ഉടനെ പുകവലിക്കുന്നതല്ല" എന്നു തന്നോടു തന്നെ പറയുക. പുകവലിക്കാനുള്ള ആഗ്രഹത്തിൽനിന്ന് വിമോചനം

www.malankaralibrary.com



കിട്ടുവാൻ, ഏതെങ്കിലും ജോലിക്കാര്യത്തിൽ വ്യാപൃതനായിരിക്കുക. മനസ്സ് ദൈവത്തിലും ദൈവവചനത്തിലും കേന്ദ്രീകരിക്കണം. പുകവലി പ്രശ്നത്തെപ്പറ്റി ചിന്തിക്കാതെ ദൈവത്തെ ഉള്ളിൽ പുകഴ്ത്തി കൊണ്ടിരിക്കുക. വീടുകളിൽ പുകവലിക്കാനുള്ള ഒരു വസ്തുവും സൂക്ഷിക്കരുത്. പുകവലിക്കുന്നവരുടെ കമ്പനിയിൽ കൂടുകയോ, സിനിമയിലോ, ടി.വി.യിലോ പുകവലിക്കുന്ന ദൃശ്യം കാണുകയോ ചെയ്യരുത്. അവയെല്ലാം ശക്തമായ പ്രേരണ ഉണ്ടാക്കുന്നതാണ്. കർത്താവിന്റെ മുമ്പിൽ നാം പ്രത്യക്ഷപ്പെടുമ്പോൾ, നമ്മുടെ ആത്മാക്കൾ മാത്രം വിശുദ്ധമായിരുന്നാൽ പോരാ. മനുഷ്യൻ ശരീരവും മനസ്സും ആത്മാവുമുള്ള വ്യക്തിയാണ്. ''യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ നിങ്ങളുടെ ആത്മാവും ജീവനും ശരീരവും അവികലവും പൂർണ്ണവുമായിരിക്കാൻ ഇടയാകട്ടെ'' (1 തെസ: 5:23). ശരീരത്തിന്റെ നിർമ്മലത നഷ്ടപ്പെടുത്തി ആത്മാവിനുമാത്രം ഒരു നിർമ്മലത അസാധ്യം. ''എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും'' (ഫിലി:4:13). ദുശ്ശീലത്തിനടിമപ്പെട്ടവൻ മനസ്സിൽ ധ്യാനിക്കേണ്ട വചനഭാഗമാണ്.

ബർറ്റൻഡ് റസ്സൽ പറഞ്ഞതുകൂടി കുറിക്കുന്നു. ''ഒരറ്റത്ത് ഒരു ഭോഷനും മറ്റെ അറ്റത്ത് തീയും'' ഇതാണ് പുകവലി.

### മയക്കുമരുന്ന്

''മയക്കുമരുന്നുകളുടെ ഉപയോഗം മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും വളരെ ഗൗരവമുള്ള നാശമുണ്ടാക്കുന്നു. അത്യാവശ്യചികിത്സകൾക്കല്ലാതെ അവയുടെ ഉപയോഗം ഗൗരവപൂർണ്ണമായ തെറ്റാണ്'' (No. 2291. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

www.malankaralibrary.com

# വിഷയാസക്തി

**"ദൈവത്തെ അറിയാത്ത വിജാതീയരെപ്പോലെ കാമവികാര ങ്ങൾക്ക് നിങ്ങൾ വിധേയരാകരുത്" (1 തെസ: 4:5).**

പ്രപഞ്ച സൃഷ്ടിക്കുശേഷം, അതിന്റെ എല്ലാം മകുടമായി മനുഷ്യനെ സൃഷ്ടിക്കുന്നു. ''ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു'' (ഉൽപ:1:27). ''സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ'' (ഉൽപ:1:28).

വീണ്ടും നാം വായിക്കുന്നു: ''മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല'' (ഉൽപ:2:18). ആദത്തെ ഗാഢനിദ്രയിലാക്കി ഒരു വാരിയെല്ല് എടുത്ത് സ്ത്രീക്ക് രൂപം നൽകി. ആദം തന്റെ മുമ്പിൽ നിൽക്കുന്ന തരുണീമണിയെ ആദ്യമായി കണ്ടപ്പോൾ, വിശ്വകാവ്യത്തിലെ പ്രേമ ത്തിന്റെ ആദ്യഈരടികൾ ഉദ്ഗീരണം ചെയ്തു. ''ഇതാ എന്റെ അസ്ഥി യിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. പുരു ഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീര മായിത്തീരും'' (ഉൽപ: 2:23,24).

ലൈംഗികത എന്താണ് ? ലൈംഗികതയുടെ ഉദ്ദേശ്യവും ലക്ഷ്യ വും എന്താണ്? ഒന്നാമതായി, ദൈവം മനുഷ്യനെ സൃഷ്ടിച്ചത്, പുരു ഷനും സ്ത്രീയുമായിട്ടാണ്. മനുഷ്യൻ പുരുഷനായിരിക്കുക, സ്ത്രീ ആയിരിക്കുക, ഈ അവസ്ഥയാണ് ലൈംഗികത (Sex). ഒരു കുഞ്ഞ് ജനിക്കുമ്പോൾ തന്നെ ആദ്യമായി അന്വേഷിക്കുന്നത് കുട്ടി ആണോ, പെണ്ണോ എന്നാണ്. മനുഷ്യനിലെ പുരുഷത്വവും സ്ത്രീത്വവും ദൈവ ത്തിന്റെ ദാനമാണ്. അതായത് മനുഷ്യനിലെ ലൈംഗികത ദൈവ ത്തിന്റെ അപരിമേയമായ ദാനം. പുരുഷനും സ്ത്രീയും ഓരോ വ്യ ക്തിയാണ്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ ശരീരവും അനശ്വരമായ ആത്മാവും ഉണ്ട്. ശാരീരിക വ്യത്യാസം കൂടാതെ, പുരുഷനിലും സ്ത്രീയിലും വ്യത്യസ്തമായ സവിശേഷത കളുണ്ട്. അതിസൂക്ഷ്മമായ ഒരു കോശത്തിൽ നിന്ന് വളരുന്ന, വലു

www.malankaralibrary.com



താകുന്ന ഓരോ മനുഷ്യനിലും ലൈംഗികത അനുസരിച്ചുള്ള വ്യത്യസ്ത സവിശേഷതകൾ അന്തർലീനമായി സ്ഥിതിചെയ്യുന്നു. പുരുഷനിലും സ്ത്രീയിലുമുള്ള ഈ വ്യത്യസ്ത സവിശേഷതകൾ പരസ്പരവിരുദ്ധമല്ല. പ്രത്യുത അവ പരസ്പരം പൂരകങ്ങളാണ്. മനുഷ്യൻ ആണും പെണ്ണുമായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു പറയാം. Sex എന്ന വാക്കു തന്നെ Secare എന്ന ലത്തീൻ പദത്തിൽ നിന്നാണ്. വിഭജിക്കുക, മുറിക്കുക എന്നാണ് ഇതിന്റെ അർത്ഥം. എല്ലാ ആണിലും പെണ്ണിലും ഈ നഷ്ടപ്പെട്ട പാതിക്കുവേണ്ടിയുള്ള അദമ്യമായ ദാഹമുണ്ട്. ഈ അടിസ്ഥാന ദാഹമാണ് മനുഷ്യന്റെ ലൈംഗികതയിൽ കാണുന്നത്. ദൈവം ആദത്തെയും ഹവ്വായെയും പരസ്പരം യോജിപ്പിച്ച് അനുഗ്രഹിച്ചു "സന്താനപുഷ്ടിയുള്ളവരായിരിക്കുവിൻ." സ്നേഹത്തിൽ ശരീരത്തിലും മനസ്സിലും ഒന്നാകുമ്പോൾ, പുതുജീവൻ നാമ്പെടുക്കുകയും അങ്ങനെ മനുഷ്യസമൂഹം വർദ്ധിക്കുകയും ചെയ്യുന്നു. ദൈവം സൃഷ്ടിച്ച ഈ ലോകത്തെ തുടർന്നും ഭരിക്കുവാൻ, ധന്യമാക്കാൻ മനുഷ്യർ ഉണ്ടാകേണ്ടത് ആവശ്യമാണ്. ലൈംഗികതയിൽ സ്ത്രീക്കും പുരുഷനും തമ്മിൽ ശക്തമായ ആകർഷണമുണ്ട്. ഒന്നാകാനുള്ള അദമ്യമായ അന്തർദാഹമുണ്ട്. ലൈംഗികതയ്ക്ക് വികാരമുണ്ട്, ലൈംഗിക ആസ്വാദനമുണ്ട്. ഇതെല്ലാം ദൈവം പ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്നതാണ്. അതുകൊണ്ട്, ലൈംഗികത അതിൽത്തന്നെ തിന്മയല്ല, ദൈവത്തിന്റെ വിശിഷ്ട ദാനമത്രെ.

## ലൈംഗികത – പതനത്തിനുമുമ്പ്

പാപത്തിനുമുമ്പ് ആദവും ഹവ്വയും ദൈവവുമായുള്ള പൂർണ്ണ ഐക്യത്തിലായിരുന്നു. ആദി മാതാപിതാക്കളുടെ വിശുദ്ധി, സമഗ്രത (Integrity) ദൈവത്തോടുള്ള പുത്രസവിശേഷമായ ബന്ധത്തിൽ ആയിരുന്നതിനാൽ അവരുടെ ലൈംഗീകത അതിവിശുദ്ധമായിരുന്നു. അവർ തമ്മിലുള്ള ലയനത്തെ ഒന്നിപ്പിച്ചത് പരിശുദ്ധാത്മാവ് (ദൈവത്തിന്റെ ആത്മാവ്) ആയിരുന്നു. ദൈവവുമായുള്ള നിഗൂഢബന്ധത്തിൽ (Mysterious), അവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളിൽ അവർ അനുഭവിച്ച അഭൗമികവരദാനങ്ങളും ലഭിക്കുമായിരുന്നു. വി. തോമസ് അക്വിനാസ് പറയുന്നത്, പാപത്തിനുമുമ്പ്, അവർ തമ്മിലുള്ള ലയനത്തിൽ ലഭിച്ച രതിസുഖം, അധഃപതനത്തിനു ശേഷമുള്ളതിനേക്കാൾ കൂടുതൽ ശക്തവും ആസ്വാദ്യകരവുമായിരുന്നു. കാരണം, അപ്പോൾ അവർ സ്വാർത്ഥരല്ലായിരുന്നു. സ്വന്തം സുഖം അന്വേഷിക്കുന്നവരല്ലായിരു

www.malankaralibrary.com



ന്നു. പാപത്തോടുകൂടി അപരനിലേക്കുള്ള താൽപര്യം നഷ്ടപ്പെട്ട് തന്നിലേക്ക് തിരിക്കുന്ന അവസ്ഥയായി. പതനത്തിനുമുമ്പ് ലൈംഗികതയുടെ കേന്ദ്രപരോൻമുഖശക്തി (Centrifugal), സ്വയം മറന്ന് ഇണയിലേക്ക് ഒഴുകുന്ന സ്നേഹം, പതനത്തിനുശേഷം തന്നിലേക്ക് വലിയുന്ന സ്വാർത്ഥതയുടെ ശക്തി (Centripetal) യായി മാറി. ലൈംഗികസുഖം ക്രമവിരുദ്ധമായി തേടുമ്പോൾ, അതൃപ്തിയും നിരാശയും പരിണതഫലമാണ്. ആദത്തിന്റെ പാപത്തോടെ മനുഷ്യപ്രകൃതി മുറിവേറ്റു. ആദം മനുഷ്യവർഗത്തിന്റെ തല എന്ന നിലയിൽ, മനുഷ്യപ്രകൃതിക്ക് ഏറ്റ മുറിവ് മനുഷ്യവർഗത്തെ മുഴുവൻ ബാധിച്ചു.

## ലൈംഗികത പതനത്തിനുശേഷം

ദൈവം മനുഷ്യന് നൽകിയ വിശുദ്ധ തൃഷ്ണ, മൃഗീയതൃഷ്ണയായി മാറി; മറ്റുള്ളവർ ഭോഗവസ്തുക്കളായി തരംതാഴ്ത്തപ്പെട്ടു. അപരന്റെ ശരീരം സ്വന്തം സുഖത്തിനായി മാത്രം ഉപയോഗിക്കുന്നു. സ്വന്തം ലൈംഗികത മറ്റുള്ളവരിൽ ആധിപത്യമുറപ്പിക്കുന്നതിനുള്ള മാർഗമായി തീർന്നു. പുരുഷനു സ്ത്രീയിലും, സ്ത്രീക്ക് പുരുഷനിലും തന്റെ ലൈംഗികശക്തിയാൽ എങ്ങനെ സ്വന്തം സുഖം, ആധിപത്യം നേടിയെടുക്കാം എന്ന ചിന്തയാണ്. രതിസുഖം ആവോളം ആസ്വദിക്കുക, അതിനായി വിവാഹം കഴിക്കുന്നു. ഇണയെ മടുത്തെങ്കിൽ, വിവാഹമോചനം നടത്തുന്നു; വേറെ മേച്ചിൽപ്പുറം തേടിപ്പോകുന്നു. വ്യഭിചാരം ചെയ്യുന്നു, സ്വയം ഭോഗം ചെയ്യുന്നു, സ്വവർഗരതിയിൽ മുഴുകുന്നു, ബലാത്സംഗം ചെയ്യുന്നു. ഏതു വിധത്തിലുള്ള ലൈംഗിക വൈകൃതങ്ങളിൽ കൂടിയും സുഖം അനുഭവിക്കാനുള്ള തത്രപ്പാടിലാണ്. ഇണയിൽ ആധിപത്യം ചെലുത്തുന്ന സ്വഭാവം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ, ക്രൂരതയിൽ ഇണയെ ഉപദ്രവിച്ചും, കൊന്നും സന്തോഷിക്കുന്നു (Sadism). നിസ്വാർത്ഥ സ്നേഹവും സമർപ്പണവും ഇല്ലാതാകുന്നു. മനുഷ്യനിൽ ഉണ്ടായിരിക്കേണ്ട വിശുദ്ധിയും സമഗ്രതയും ഛിന്നഭിന്നമായിത്തീരുന്നു. ദൈവിക മനുഷ്യൻ മൃഗമനുഷ്യനായിത്തീരുന്നു. സ്ത്രീ ചുവന്ന തെരുവിലെ വിൽപ്പനച്ചരക്കായി, പുരുഷന്റെ പണവും കാമാസക്തിയും തീർക്കാൻ, അവനെ വല വീശുന്ന കാപാലികകളായി മാറി. ഭാര്യാഭർത്താക്കന്മാരുടെ നിഷ്കളങ്ക സ്നേഹം, ആത്മീയബന്ധം കാമപൂരണത്തിനുള്ള വേദിയായിത്തീർന്നിരിക്കുന്നു. ലൈംഗികമോചനം എന്ന പേരിലുള്ള പ്രസ്ഥാനം, മനുഷ്യസമുദായത്തിന്റെ അടിത്തറ ഉലയ്ക്കുന്നതാണ്.

www.malankaralibrary.com



ബൈബിളിൽ ഭോഗാസക്തിക്ക് കീഴ്പ്പെട്ട് പോയ കുറെ ദൃഷ്ടാന്തങ്ങളുണ്ട്. അതിൽ നിന്നു നല്ല പാഠം പഠിക്കുവാനാണ് വചനത്തിൽ അവ രേഖപ്പെടുത്തിയിരിക്കുന്നത്.

**സാംസൺ**. വിഷയാസക്തിക്ക് അടിമയായി സ്വന്തം ജീവിതം ദുഃഖപര്യവസായിയാക്കിത്തീർത്ത സാംസണിന്റെ കഥയാണ് ബൈബിൾ വരച്ച് കാട്ടുന്നത്. മക്കളില്ലാതിരുന്ന മനോവയ്ക്ക് ദൈവത്തിന്റെ പ്രത്യേക അരുളപ്പാടുവഴി ജനിച്ച മകനാണ് സാംസൺ. ജനനം മുതൽ നാസീർ വ്രതശുദ്ധിയോടെ ജീവിച്ച് ലഹരിപാനീയങ്ങളൊന്നും ഉപയോഗിക്കാതെ വിശുദ്ധജീവിതം നയിക്കുവാൻ നിയോഗിക്കപ്പെട്ടവൻ. സാംസൺ ദൈവശക്തി നിറഞ്ഞവനായി വളർന്നുവന്നു. "കർത്താവിന്റെ ആത്മാവ് അവനിൽ ശക്തമായി ആവസിച്ചു" (ന്യായാ: 14:6). അമാനുഷികശക്തിയുടെ ഉടമയായ സാംസൺ ഒരു സിംഹം എതിരെ വന്നപ്പോൾ, ഒരു ആട്ടിൻകുട്ടിയെപോലെ അതിനെ ചീന്തിക്കളഞ്ഞു (ന്യായാ: 14:6).

ഈ വ്യക്തി സാവകാശം ജഡത്തിന്റെ വ്യാമോഹത്തിനു അടിമയാകാൻ തുടങ്ങി. ഒരു വിജാതീയ സ്ത്രീയെക്കണ്ട് അവളിൽ അനുരക്തയായി അവളെ വിവാഹം ചെയ്തു. പിന്നീട് "സാംസൺ ഗാസായിൽ പോയി ഒരു സ്വൈരിണിയെ കണ്ടുമുട്ടി. അവളോടുകൂടി ശയിച്ചു" (ന്യായാ: 16:1). അവനിലെ വിഷയാസക്തി ആളിക്കത്തുവാൻ തുടങ്ങി. "ദലീലാ എന്ന സ്ത്രീയെ അവൻ സ്നേഹിച്ചു" (ന്യായാ: 16:4). അവളോടൊപ്പം താമസമായി. ശത്രുക്കളായ ഫിലിസ്ത്യർ സാംസണിന്റെ ശക്തിയുടെ ഉറവിടം കണ്ടെത്തുവാൻ, ദലീലയെ കരുവാക്കി. അവളുടെ ലാലസത്തിൽ മയങ്ങി അവന്റെ ശക്തിയുടെ രഹസ്യം ദലീലയോടു പറഞ്ഞു. ഈ വഞ്ചനയിൽ സാംസൺ ശത്രുക്കളാൽ പിടിക്കപ്പെട്ടു. ശത്രുക്കൾ അവന്റെ കണ്ണു ചൂഴ്ന്നെടുത്തു കാരാഗൃഹത്തിലടച്ചു. "കർത്താവ് തന്നെ വിട്ടുപോയ കാര്യം അവൻ അറിഞ്ഞില്ല" (ന്യായാ: 16:20). സാംസണിന്റെ ആന്തരികവും ബാഹ്യവുമായ പ്രകാശം പൊലിഞ്ഞുപോയി. ശക്തി തിരിച്ചു നൽകണേ എന്ന് അവൻ ദൈവത്തോടു യാചിച്ചപ്പോൾ ഒരിക്കൽക്കൂടി ദൈവം ശക്തി നൽകി. അവനെ ബന്ധിച്ചിരുന്ന ദൈവാലയത്തിന്റെ തൂണുകൾ സാംസൺ പിടിച്ചിളക്കി. കെട്ടിടം നിലംപൊത്തി സാംസണും, അവിടെ സന്നിഹിതരായ എല്ലാവരും കെട്ടിടത്തിനടിയിലായി മരിച്ചു. ഇസ്രായേലിന്റെ ഒരു ന്യായാധിപനു സംഭവിച്ച ദാരുണ അന്ത്യം!

www.malankaralibrary.com



ദൈവം നൽകിയ കൃപ നഷ്ടപ്പെടുത്തി, ജഡികാഭിലാഷത്തെ നിയന്ത്രിക്കാതെ കയറൂരിവിട്ട സാംസൺ പടിപടിയായിട്ടാണ് അധഃപതിച്ചത്. ദൈവം തന്ന ലൈംഗികാസക്തിയുടെമേലുള്ള നിയന്ത്രണം വിട്ടുകളഞ്ഞാൽ, മ്ലേച്ഛതയുടെ ചെളിക്കുണ്ടിൽ വീണ് ആരുടെയും ജീവിതം തകർന്നുപോകും. ദൈവവുമായി ചേർന്നുനിൽക്കാതെ, നൈമിഷിക സുഖത്തിനായി മനസ്സുവച്ചാൽ, സമർപ്പിതരും വീണുപോകും. പാപവഴികളിൽനിന്നു ബോധപൂർവ്വം പിൻമാറാതിരുന്നാൽ, തിന്മയുടെ നീർച്ചുഴിയിൽ അകപ്പെട്ടുപോകും. രക്ഷപെടാൻ സാധിക്കാത്ത ദുരന്തഅന്ത്യമായിരിക്കും ഫലം! എത്രയോ യുവതീയുവാക്കളും പ്രായമായവരും വിഷയാസക്തിയുടെ ജ്വാലയിൽ വെന്തുനശിക്കുന്നു, മറ്റുള്ളവരെ നശിപ്പിക്കുന്നു. "കുലടയ്ക്ക് അടിമയാകരുത്. നിനക്കുള്ളതെല്ലാം നഷ്ടപ്പെടും. രൂപവതിയിൽ കണ്ണുപതിയരുത്. സ്ത്രീസൗന്ദര്യം അനേകരെ വഴിതെറ്റിച്ചിട്ടുണ്ട്. വികാരം അഗ്നിപോലെ ആളിക്കത്തുന്നു. നിന്റെ ഹൃദയം അവളിലേക്ക് അകൃഷ്ടമാകും. നീ നാശത്തിലേക്ക് തെന്നിവീഴും" (പ്രഭാ: 9:6-9).

**ദാവീദ്.** ദൈവം തെരഞ്ഞെടുത്ത്, അഭിഷേകം ചെയ്ത ആട്ടിടയൻ, ദൈവത്തിനു പ്രിയപ്പെട്ടവൻ, ഒരു ദുർബലനിമിഷത്തിൽ വ്യഭിചാരം ചെയ്തു (2 സാമു:11:4). പ്രസ്തുത പ്രവൃത്തി കൂടുതൽ ഹീനകൃത്യത്തിനു വഴിവച്ചു. കുളിച്ചുകൊണ്ടിരുന്ന ബത്ഷെബാ എന്ന സ്ത്രീയിൽ തന്റെ കണ്ണു പായിച്ചു. അവളെ രാജധാനിയിൽ വരുത്തി തിന്മ ചെയ്തു. അവൾ ഗർഭിണിയായപ്പോൾ, രക്ഷപെടാൻ വേണ്ടി ദാവീദ്, അവളുടെ ഭർത്താവായ, ഊറിയായെ, തന്ത്രപൂർവ്വം കൊല്ലിച്ചു. ദൈവസ്വരം നാഥാൻ പ്രവാചകനിലൂടെ കേട്ടപ്പോഴും സ്വയം നീതിമാനാണെന്നു ഭാവിച്ചു. പിന്നീട് ദാവീദ് തന്റെ തെറ്റ് സമ്മതിച്ചു പശ്ചാത്തപിച്ചു. തന്റെ ഹൃദയം തകർന്ന് പാടിയ പശ്ചാത്താപഗീതമാണ് 51-ാം സങ്കീർത്തനം.

**അമ്നോൻ.** ദാവീദിന്റെ ഒരു മകൻ കാമാതുരനായി സ്വന്തം സഹോദരി താമാറിനെ ബലാത്സംഗം ചെയ്ത സംഭവം 2 സാമു: 13-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അസുഖം അഭിനയിച്ച് അമ്നോൻ തന്ത്രപൂർവ്വം താമറിനെ തന്റെ മുറിയിൽ വരുത്തി. "സഹോദരീ, എന്റെകൂടെ കിടക്കുക എന്നു പറഞ്ഞു. ഇല്ല, സഹോദരാ, എന്നെ അപമാനിക്കരുതേ! ഇസ്രായേലിൽ ഇതു നിഷിദ്ധമല്ലേ? വഷളത്വം പ്രവർത്തിക്കരുത്. മറ്റുള്ളവരുടെ മുമ്പിൽ ഞാൻ എങ്ങനെ തല ഉയർത്തി നടക്കും?" (2 സാമു: 13:12).

www.malankaralibrary.com



അമ്നോന്റെ വിഷയാസക്തി അവനെ മൃഗമാക്കി, പിശാചാക്കി മാറ്റിക്കഴിഞ്ഞു. "അവളുടെ അപേക്ഷ അവൻ ശ്രദ്ധിച്ചില്ല. ബലം പ്രയോഗിച്ച് അവളുമായി ശയിച്ചു" (2 സാമു: 13:14). "പിന്നെ അമ്നോൻ അവളെ അത്യധികം വെറുത്തു. അവളെ സ്നേഹിച്ചതിനെക്കാൾ തീവ്രമായി ഇപ്പോൾ അവൻ അവളെ ദ്വേഷിച്ചു. എഴുന്നേറ്റുപോകുക, അമ്നോൻ അവളോടു പറഞ്ഞു" (2 സാമു: 13:15). അവളെ പുറത്താക്കി വാതിലടച്ചു. "താമാർ സഹോദരനായ അബ്സലോമിന്റെ ഭവനത്തിൽ ദുഃഖിതയും ഏകാകിയുമായി കഴിഞ്ഞു" (2 സാമു: 13:20).

സ്വന്തം സഹോദരികളെ കാമവെറിപൂണ്ട സഹോദരങ്ങൾ ഉപയോഗിക്കുന്ന സംഭവങ്ങൾ ചുരുക്കമായിട്ടെങ്കിലും ചില കുടുംബങ്ങളിൽ ഇന്നുമുണ്ട്. അമ്നോന്റെ പിൻഗാമികൾ തിന്മ പ്രവർത്തിച്ചുകഴിഞ്ഞാൽ ചെടിപ്പ് അനുഭവപ്പെടുകയും വെറുപ്പും വിരസതയും സംജാതമാകുകയും ചെയ്യുന്നു. കാരണം, കാമശമനത്തിനായി വ്യക്തിയെ ഉപയോഗിക്കുകയാണല്ലോ ചെയ്തത്. ബലാത്സംഗത്തിനുശേഷം ഇരയെ കൊല്ലുന്ന സംഭവം ഈ ഹീനപ്രവൃത്തികളിൽ നാം കേൾക്കാറുണ്ടല്ലോ. സ്നേഹത്തിന്റെ സ്ഥായിസ്വഭാവം ഇല്ലാത്ത അവസ്ഥയാണുള്ളത്. യഥാർത്ഥ സ്നേഹം ഉണ്ടെങ്കിലേ വ്യക്തിയോടു സ്നേഹത്തിന്റെ സ്ഥായിഭാവവും ബഹുമാനവും ഉണ്ടായിരിക്കുകയുള്ളൂ. നല്ല ദമ്പതികളിൽ മാത്രമേ ഇതിനുള്ള അവസരമുള്ളൂ. അല്ലാതെയുള്ളതെല്ലാം സ്നേഹം ഇല്ലാത്ത കാമാസക്തിയാണ് ഭരിക്കുന്നത്.

ഞാൻ ചുമതല നോക്കിയ ഇടവകയിൽ സ്വന്തം സഹോദരനിൽനിന്ന് ബുദ്ധിമുട്ടുണ്ടാകുന്നു എന്ന് രണ്ടുപെൺകുട്ടികൾ എന്നോടു പറഞ്ഞിട്ടുണ്ട്. ഈ പെൺകുട്ടികൾ സ്വന്തം ഭവനത്തിൽ അവർക്ക് സുരക്ഷിതത്വമില്ലാതെ വന്നാൽ എന്തുചെയ്യും?

അമ്നോനും താമാറും ദാവീദ് രാജാവിൽനിന്ന് രണ്ട് അമ്മമാർ വഴി ജനിച്ചവരാണ് - അബ്സലോമും താമാറും ഒരു അമ്മയിൽനിന്ന് ജനിച്ചവരും. സ്വന്തം സഹോദരിയോട് ഹീനകൃത്യം ചെയ്ത അമ്നോനെ പിന്നീട് അബ്സലോം വധിച്ച് പ്രതികാരം ചെയ്തു.

**സോളമൻ രാജാവ്,** അന്യവംശത്തിൽപ്പെട്ട അനേകം വനിതകളെ പ്രേമിച്ചു. ഈ ഭാര്യമാർ സോളമന്റെ ഹൃദയത്തെ വ്യതിചലിപ്പിച്ചു. അന്യദേവന്മാരിലേക്കു തിരിച്ചു (1 രാജാ:11). തന്മൂലം ദൈവകോപം വന്നതായി വചനം രേഖപ്പെടുത്തുന്നു. സോളമൻ തന്റെ വഴിവിട്ട ജീവിതത്തെ ഓർത്തു പരിതപിക്കുന്നതായി കാണുന്നു. "എന്റെ നയനങ്ങൾ അഭിലഷിച്ചതൊന്നും ഞാൻ അവയ്ക്കു നിഷേധിച്ചിട്ടില്ല. ഞാൻ

www.malankaralibrary.com



അനുഭവിക്കാത്ത സുഖങ്ങളില്ല'' (സഭാ: 2:10). ''സൂര്യനു കീഴെ സംഭവിക്കുന്ന സമസ്തകാര്യവും വേദനാജനകമായതുകൊണ്ട്, ഞാൻ ജീവിതം വെറുത്തു. എല്ലാം മിഥ്യയും നിരർത്ഥകവുമത്രേ'' (സഭാ: 2:17).

ജൈവീകമായി നോക്കുമ്പോൾ മനുഷ്യനും മൃഗം തന്നെ. എന്നാൽ മനുഷ്യൻ വിവേകമുള്ള, ബുദ്ധിയുള്ള മൃഗം എന്ന് അരിസ്റ്റോട്ടിൽ നിർവചിക്കുന്നു. ഈ വിവേകം മനുഷ്യനെ മൃഗത്തിൽനിന്നു വ്യത്യസ്തനാക്കുന്നു. മനുഷ്യന് മനഃസാക്ഷിയുണ്ട്, മാന്യതയുണ്ട്, ധാർമ്മികതയുണ്ട്. എന്താണ് ശരി, എന്താണ് തെറ്റ് എന്ന മൂല്യബോധമുണ്ട്. ഈ ധാർമ്മികത നഷ്ടപ്പെട്ട്, അവനിലെ മൃഗീയത ചിലപ്പോൾ രൂക്ഷമാകാറുണ്ട്. ഭോഗാസക്തിക്ക് അടിമപ്പെട്ട മനുഷ്യൻ ചിലപ്പോൾ അമ്മയെയും പെങ്ങളെയും പോലും തിരിച്ചറിയാതെ കാമാസക്തിയിൽ ജീവിതം ഹോമിച്ച് കഴിയുന്നു. ''ഭോഗാസക്തിക്ക് അടിമപ്പെടുന്നവൻ, അഗ്നി ദഹിപ്പിക്കുന്നതുവരെ, അതിൽനിന്ന് സ്വതന്ത്രനാകുകയില്ല. വ്യഭിചാരിക്ക് എല്ലാ അപ്പവും മധുരിക്കുന്നു'' (പ്രഭാ: 23:16-18).

''പെണ്ണിനെ പെണ്ണായി ഗണിക്കാതെ
അമ്മയും പെങ്ങളുമായ് തിരിച്ച സംസ്കാരമേ,
പുല്ലാണ് പുല്ലാണ് നിന്റെ വിലക്കുകൾ
തല്ലിപ്പൊളിക്കുമീ എന്റെ തലമുറ.''

വിഷയാസക്തിയിൽ ആമഗ്നമായ ആധുനിക തലമുറ മനുഷ്യനിലെ ധാർമ്മികതയെ കൊഞ്ഞനം കാട്ടുന്ന കവിഭാവന ചെമ്മനം ചാക്കോയിൽ കൂടി ചിറകുവിടർത്തുന്നു.

## ലൈംഗികത യേശുക്രിസ്തുവിലൂടെ

ദൈവത്തിൽനിന്നു അകന്നുപോയ മനുഷ്യനെ വീണ്ടും ദൈവിക കൂട്ടായ്മയിലേക്ക് തിരിച്ചുകൊണ്ടുവരാൻ ദൈവം മനുഷ്യനായി കന്യകയിൽനിന്ന് ജനിച്ചു. പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായ യേശു തന്റെ സ്വയം സമർപ്പണം വഴി, കുരിശുമരണം വഴി, മനുഷ്യനു പാപംമൂലം നഷ്ടപ്പെട്ട പുത്രസ്ഥാനം വീണ്ടെടുത്തു. യേശുവിൽ രക്ഷിക്കപ്പെട്ട മനുഷ്യനിൽ ലൈംഗികതയ്ക്ക് പുതിയ ദൈവികമാനം കൈവന്നു. സ്ത്രീയും പുരുഷനുമായുള്ള ബന്ധം വിവാഹത്തിലൂടെ ദൈവികതലത്തിലേക്ക് ഉയർത്തപ്പെട്ടു. വിവാഹം ദമ്പതികളിലേക്ക് ദൈവികകൃപാവരം ഒഴുകുന്ന കൂദാശയായി. വിവാഹത്തിലൂടെ സ്ത്രീയും

www.malankaralibrary.com



പുരുഷനും ഒരു ശരീരമാകുന്നതിലൂടെ നിർവ്യാജമായ സ്നേഹം പങ്കു വച്ച്, അതിൽനിന്നും ജനിക്കുന്ന കുഞ്ഞുങ്ങൾ സഭയുടെ മക്ക ളായിത്തീരുന്നു. മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള നിത്യമായ ബന്ധത്തോടു ചേർത്താണ് ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തെ വചനം നിർവചിക്കുന്നത് (എഫേ:5:32). യേശു തന്റെ തിരുരക്തത്താൽ വീണ്ടെടുത്തത് മനു ഷ്യന്റെ നഷ്ടപ്പെട്ട ആത്മാവിനെ മാത്രമല്ല. മനുഷ്യന്റെ ശരീരം ഉൾപ്പെ ടെയുള്ള പൂർണ്ണമനുഷ്യനെയാണ്. മാമ്മോദീസായിലൂടെ ഒരുവൻ പാപത്തിനു മരിച്ച് യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ മഹത്ത്വത്തിൽ പങ്കാളിയായിത്തീരുന്നു. യേശുവിലൂടെ നമ്മിലേക്ക് ഒഴുകിയ പരി ശുദ്ധ നൽവരങ്ങളാൽ നാം മുദ്രിതരാണ്. അങ്ങനെ ദൈവാത്മാവ് വസിക്കുന്ന ദൈവത്തിന്റെ ആലയമാണ് നാം ഓരോരുത്തരും. നമ്മിലെ ലൈംഗികത പവിത്രീകരിക്കപ്പെട്ടതും ദൈവോന്മുഖമായി മാത്രം ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാണ്. നമ്മുടെയും മറ്റുള്ളവരുടെയും ലൈംഗികതയെ നാം കാണേണ്ടത്, തികഞ്ഞ ആദ രവോടുകൂടിയാണ്. ലൈംഗികതയെ സ്നേഹത്തിൽ നിന്ന് അടർത്തി മാറ്റി സ്വാർത്ഥസുഖത്തിനായി ഉപയോഗിക്കുമ്പോൾ നാം ഭൂമിയിൽ നരകം സൃഷ്ടിക്കുന്നു. ദൈവോന്മുഖമായി ഉയരേണ്ട നാം നരകോ ന്മുഖരായി തീരുന്നു. ''അശിക്ഷിതവും ഉന്മത്തവുമായ സ്ത്രീ പുരു ഷസ്നേഹം ദൈവീകാനുഭൂതിയിലേക്കുള്ള ഉയർച്ചയല്ല, മനുഷ്യന്റെ അധഃപതനമാണ്'' (*ദൈവം സ്നേഹമാകുന്നു* - ബെനഡിക്ട് പതി നാറാമൻ മാർപാപ്പ).

മൃഗങ്ങളിൽ ലൈംഗികതയുണ്ട്. വംശവർദ്ധനയ്ക്കായി അവയിൽ നിക്ഷേപിച്ചിരിക്കുന്ന ശക്തിവിശേഷമാണ്. മൃഗങ്ങളുടെ ലൈംഗികത നിയന്ത്രിക്കപ്പെടുന്നത് സഹജവാസനയിലാണ് (INSTINCT). ഇണചേ രാനുള്ള പ്രചോദനം അതിന്റേതായ സീസണിൽ ഉണ്ടാകുമ്പോൾ ഇണ ചേരുന്നു. മൃഗത്തിനു സദാചാരബോധമില്ല. കാരണം, അതിനു വിവേക, വിവേചന ശക്തിയില്ല. ആൺമൃഗം ഒരു പെൺമൃഗത്തെ കണ്ടുമുട്ടുന്നു, ഇണചേരുന്നു, അതോടെ ബന്ധം തീരുന്നു. ജീവശാ സ്ത്രപരമായി (Biologically) പെൺമൃഗം, ആൺമൃഗത്തിന്റെ അമ്മയാ കാം, പെങ്ങളാകാം, മകളാകാം. ഈ വിവേചനം മൃഗങ്ങൾക്കില്ലല്ലൊ. മനുഷ്യനിലെ ലൈംഗികത മൃഗങ്ങൾക്ക് കുട്ടികൾ ജനിക്കുന്നതു പോലെ കുറെ മനുഷ്യർക്ക് ജീവൻ ഉണ്ടാകാനുള്ളതല്ല. നിഷ്ക്കളങ്ക മായ പ്രേമത്തിൽ നിന്ന് എടുത്തു മാറ്റി കാമപൂർത്തിവരുത്തുവാനുള്ള

www.malankaralibrary.com



മാധ്യമമല്ല മനുഷ്യനിലെ ലൈംഗികത. ശരീരവും ആത്മാവും വേർതിരിക്കാവുന്നതല്ല. ആത്മാവിനെ മാറ്റി നിറുത്തി ശരീരത്തെ മാത്രം ഉപയോഗിക്കാൻ വിളിക്കപ്പെട്ടവനല്ല മനുഷ്യൻ. സ്നേഹത്തിൽ ലൈംഗികതയുണ്ട്. വെറും ലൈംഗികതയിൽ സ്നേഹമില്ല. വേശ്യാലയങ്ങളിൽ ലൈംഗികതയുണ്ട്, സ്നേഹമില്ല. സ്നേഹാഭിനയം കാണും. മൃഗം മൃഗത്തെ ആകർഷിക്കുന്നു; മൃഗത്തിന്റെ ആകർഷണം ശാരീരികം മാത്രം. മനുഷ്യവ്യക്തി വേറൊരു വ്യക്തിയെ ആകർഷിക്കുന്നു. ഈ ആകർഷണം ശാരീരിക തലത്തിൽ മാത്രം ഒതുങ്ങിയാൽ അതു വഴിതെറ്റിയ സ്നേഹം, ലൈംഗിക വൈകൃതമെല്ലാം ആകും. മനുഷ്യനിൽ ലൈംഗികത ശാരീരികവും മാനസികവും ആത്മീയവുമായിരിക്കണം. ദമ്പതികളുടെ ലയനം ശാരീരികത കൂടാതെ, മാനസികവും, ആത്മീയവുമാകുന്നില്ലെങ്കിൽ, ശരീരത്തിന്റെ ആകർഷണം കുറയുമ്പോൾ ലൈംഗിക ഗ്രന്ഥികൾക്ക് ശക്തിക്ഷയം സംഭവിക്കുമ്പോൾ സ്നേഹം കുറഞ്ഞ്, പരസ്പരം അകലുന്നു. മൃഗങ്ങൾക്ക് ലൈംഗികത മാത്രമേയുള്ളൂ. സ്നേഹം ഇല്ല. സ്നേഹം, മനസ്സിലും ആത്മാവിലും നിന്ന് വരുന്നതാണ്. അതു ദൈവത്തിൽ നിന്നുള്ളതാണ്. ഈ ബോധ്യം ഇല്ലാത്തവർക്കും നഷ്ടപ്പെടുത്തുന്നവർക്കും സെക്സ് വെറും വിനോദമാണ്. അതിൽ ഉത്തരവാദിത്തമില്ല, സമർപ്പണമില്ല. അതിന്റെ ഫലമായി ശൂന്യത, നിരാശ, തകർച്ച അനുഭവപ്പെടുന്നു. ഭോഗാസക്തിയിൽ അടിമപ്പെട്ട്, ഈ നീരാളിപ്പിടുത്തത്തിൽ നിന്ന് കരകയറാൻ സാധിക്കാതെ മോഹഭംഗത്തിൽപെട്ട് ആത്മഹത്യയിൽ വരെ ചെന്നെത്തുന്ന സംഭവങ്ങൾ കാണാൻ കഴിയും. ഹോളിവുഡ് ലൈംഗികസ്വാതന്ത്ര്യത്തിന്റെ കേളീരംഗമാണ്. ലൈംഗിക അതൃപ്തിയും അവിടെ നടമാടുന്നു. വഴിതെറ്റിയ ലൈംഗികതയിൽ വ്യക്തിയെ സ്നേഹിക്കുന്നില്ല, വ്യക്തിതരുന്ന നൈമിഷികസുഖത്തെയാണ് ലക്ഷ്യമാക്കുക. ദൈവകൃപ നഷ്ടപ്പെടുത്തിയ ദമ്പതികളുടെ വിവാഹത്തിൽ, പ്രേമത്തിൻ പേരിൽ ബന്ധപ്പെടുന്ന ലൈംഗികതയിലെല്ലാം, ഇണയെ ഉപദ്രവിക്കുന്നത്, കൊല്ലുന്നത്, വെറുക്കുന്നത് ഇവയെല്ലാം, യഥാർത്ഥ സ്നേഹം ഇല്ലായിരുന്നു എന്നതിന്റെ തെളിവാണ്.

ആഹാരം കഴിക്കേണ്ടത് മനുഷ്യജീവന്റെ നിലനിൽപ്പിനു അത്യാവശ്യമാണ്. ആഹാരം സന്തോഷത്തോടെ കഴിക്കുവാനാണ് രുചി നൽകിയിരിക്കുന്നത്. പനി ബാധിച്ച വ്യക്തി, ആഹാരത്തിനു രുചി അനുഭവപ്പെടാതിരിക്കുകയും കഴിക്കുന്നതു തുടർച്ചയായി ഛർദ്ദിക്കുകയും ചെയ്താൽ, ആഹാരത്തോടു വെറുപ്പാകും. അങ്ങനെയുള്ള

www.malankaralibrary.com



വർക്ക് ജീവിതം നിലനിർത്തുവാൻ ആശുപത്രിയിൽ drip-ൽകൂടി ഗ്ലൂക്കോസ് നൽകുന്നു. ലൈംഗികാസ്വാദനം ദൈവം തന്നിരിക്കുന്നത് വിവാഹജീവിതത്തിലൂടെ ആണും പെണ്ണും ബന്ധിക്കപ്പെടാനുള്ള ഒരു പ്രേരണയായിട്ടാണ്.

ആണും പെണ്ണും തമ്മിൽ ആകർഷണം നിലനിൽക്കുകയും ലൈംഗിക സുഖം പരസ്പരബന്ധത്തിൽ നിന്ന് ഉണ്ടാകുകയും ചെയ്യുന്നത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിനായി ദൈവം പ്രകൃതിയിൽ ചെയ്ത ക്രമീകരണമാണ്. ഇതു മനുഷ്യന്റെ സൃഷ്ടിയല്ല. സ്ത്രീയും പുരുഷനും തമ്മിൽ തികഞ്ഞ വികർഷണം അനുഭവപ്പെടുന്നു എന്നു വിചാരിക്കുക. അവർ ഒരിക്കലും ബന്ധപ്പെടാൻ ഇഷ്ടപ്പെടില്ല. പ്രകൃതിയിൽ എല്ലാവരിലും ഈ വികർഷണവും അകൽച്ചയുമാണെങ്കിൽ, വിവാഹം നടക്കുകയോ, പുതിയ തലമുറ ഉണ്ടാകുകയോ ചെയ്യുകയില്ല. മനുഷ്യവംശം ഇല്ലാതാകും. അതുകൊണ്ടാണ്, ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ച്, വിവാഹത്തിൽ ഒരു ശരീരമായിത്തീരാനും വർദ്ധിച്ചു പെരുകി ഭൂമി നിറയുവാനുള്ള അനുഗ്രഹം നൽകിയത്. ഇതിൽ നിന്ന്, മനുഷ്യനിലെ ലൈംഗികത വിവാഹത്തിലൂടെ പൂവിടേണ്ട സ്നേഹത്തിന്റെ വലിയ പ്രതിഭാസമാണ്. ഈ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ചുള്ള എല്ലാ ലൈംഗികതയും ദൈവികപദ്ധതിക്ക് കടകവിരുദ്ധവും മനുഷ്യമഹത്ത്വത്തെ മൃഗീയതലത്തിലേക്ക് തരംതാഴ്ത്തുന്നതുമാണ്. മൃഗീയതലത്തിൽനിന്നും താണ് പൈശാചികതലത്തിൽ രൗദ്രഭാവത്തിൽ എത്തുന്ന സംഭവങ്ങളും ഉണ്ടാകാറുണ്ട്. സൂര്യനെല്ലി ലൈംഗിക പീഡനത്തെ ഈ വിധത്തിൽ വിശേഷിപ്പിക്കാവുന്നതാണ്. ഒരു യുവതിയെ പല പുരുഷന്മാർ ലൈംഗികപീഡനത്തിൽ തകർത്ത അനേകം സംഭവങ്ങൾ കേരളക്കരയിൽ ഉണ്ടായിട്ടുണ്ട്. ഡൽഹിയിൽ ഒരു പെൺകുട്ടിയെ ക്രൂരബലാത്സംഗം ചെയ്തുകൊന്നതിന്റെ ഞെട്ടലിൽ നിന്ന് ഇനിയും നാം വിമുക്തമായിട്ടില്ല.

ലൈംഗികത ഒരു വികാരമാണ്. മനുഷ്യനിൽ പല വികാരങ്ങൾ ഉണ്ട്. വികാരങ്ങൾ മനുഷ്യജീവിതത്തിന് ഉണർവും മിഴിവും നൽകുന്നു. വികാരങ്ങൾ അതിൽതന്നെ നല്ലതോ ചീത്തയോ എന്നുപറയാൻ പറ്റില്ല. വികാരം ഉൽപാദിപ്പിക്കുന്ന ഊർജ്ജത്തെ നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ച് നന്മയോ തിന്മയോ ആയിത്തീരാം. ഉദാ: കോപം, ധാർമ്മികരോഷമായി അനീതിക്കും അക്രമത്തിനും എതിരായി ശബ്ദിക്കുമ്പോൾ കോപവികാരം നല്ലതാണ്.

www.malankaralibrary.com



കർത്താവ്, ചാട്ടവാർ ഉണ്ടാക്കി ദൈവാലയ പരിശുദ്ധിയെ നശിപ്പിച്ച വർക്ക് എതിരെ ശബ്ദിച്ച സ്വരം കോപത്തിന്റെ ധാർമ്മിക വശമാണ്. കോപം മൂലം സഹോദരനെതിരായി അസഭ്യവാക്ക് ഉപയോഗിക്കു കയോ ഉപദ്രവിക്കുകയോ ചെയ്യുന്നതിനെ കർത്താവ് ശാസിച്ചിട്ടുണ്ട്. വികാരത്തെ ഭാവാത്മകവും നിഷേധാത്മകവുമായി തിരിക്കാം. ജഡ ത്തിന്റെ പ്രവണതയും, ആത്മാവിന്റെ വ്യാപാരങ്ങളും. ജഡത്തിന്റെ വ്യാപാരങ്ങളിൽപെട്ടതാണ് വ്യഭിചാരം, അശുദ്ധി, ദുർവൃത്തി—ഇവ യെല്ലാം ലൈംഗിക അരാജകത്വത്തിന്റെ സന്തതികളാണ്.

**അശ്ലീലകല:**

**സിനിമ:** ലോകോത്തരങ്ങളായ പല സിനിമകളും മലയാളത്തിൽ പോലും ലഭ്യമാണ്. കലാസൃഷ്ടിയെന്ന നിലയിൽ ലോകനിലവാര മുള്ളവയാകും. പക്ഷേ യുവാക്കൾക്കും, മലയാളിക്കും അവ സ്വീകാ ര്യമാവില്ല. ലൈംഗിക കേളികളും, ബലാത്സംഗങ്ങളും, അടിപിടി, കൊലപാതകങ്ങൾ തുടങ്ങിയ വികാരങ്ങളെ ഉത്തേജിപ്പിക്കുന്ന വിക ലചിത്രങ്ങളോടാവും ആഭിമുഖ്യമേറുക. നടീനടന്മാരുടെ വേഷം, ഭാഷ തുടങ്ങിയുള്ള സകലതും അനുകരിക്കാനിവർ തയ്യാറാകും. ആദർശ മാതൃകയായി ഇവരെ പ്രതിഷ്ഠിക്കും. സന്മാർഗ്ഗത്തിൽ നിന്നും വ്യതിച ലിക്കുന്നതായാൽ കൂടി ഇവർ ഇത്തരം ചിത്രങ്ങളിലാകൃഷ്ടരാകുന്നു. ആരാധനാമൂർത്തികളായ നടീനടന്മാരുടെ അപഥസഞ്ചാരകഥകളും നിയമനിഷേധം തുടങ്ങിയുള്ള ധിക്കാരകഥകളും ഇഷ്ടപ്പെടുന്ന ഇവർ വഴിമാറി സഞ്ചരിക്കാനിഷ്ടപ്പെടുന്നു. വിനാശകരമായ ഗർത്തങ്ങളി ലേക്കു കൂപ്പുകുത്തുന്ന ഒരു തലമുറയെ നമുക്ക് കണ്ടില്ലെന്നു നടിക്കാ നാവുമോ?

‘‘യഥാർത്ഥമോ ഭാവനാസൃഷ്ടിയോ ആയ ലൈംഗികക്രിയകളെ അവയുടെ പങ്കാളിയുടെ സ്വകാര്യതയിൽനിന്നു വേർപെടുത്തി മറ്റു ള്ളവരുടെ മുമ്പിൽ മനഃപൂർവ്വം പ്രദർശിപ്പിക്കുന്നതാണ് അശ്ലീലകല. ദമ്പതികളുടെ ഏറ്റവും രഹസ്യമായ പരസ്പരദാനത്തിന്റെ പ്രകടമായ ദാമ്പത്യപ്രവൃത്തിയെ വികലമാക്കുന്നതിനാൽ, അതു ശുദ്ധതയുടെ ഭഞ്ജനമാണ്. അതിൽ പങ്കെടുക്കുന്നവരുടെ (നടീനടന്മാർ, വിൽപ നക്കാർ, കാഴ്ചക്കാർ) മാഹാത്മ്യത്തെയും അതു വ്രണപ്പെടുത്തുന്നു. കാരണം ഓരോരുത്തരും മറ്റുള്ളവർക്ക് അധമമായ സന്തോഷവും അന്യായലാഭവും ചെയ്യുന്ന വസ്തുവായി തീരുന്നു” (No. 2354 - കത്തോ ലിക്കാസഭയുടെ മതബോധനഗ്രന്ഥം).

www.malankaralibrary.com



''ലൈംഗികസുഖത്തിനു വേണ്ടിയുള്ള അമിതമായ ആഗ്രഹമോ അനിയന്ത്രിതമായ ആസ്വാദനമോ ആണ് വിഷയാസക്തി. ലൈംഗിക സുഖത്തെ അതിന്റെ ലക്ഷ്യങ്ങളായ പ്രജനനത്തിൽ നിന്നും സ്നേഹത്തിൽ നിന്നും വേർതിരിച്ചു സന്തോഷത്തിനുവേണ്ടി മാത്രം തേടുമ്പോൾ, അതു ധാർമ്മികക്രമം തെറ്റിയതാകുന്നു'' (No. 2351. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

**അവിഹിതവേഴ്ച:** ''അവിവാഹിതരായ സ്ത്രീപുരുഷന്മാർ തമ്മിലുള്ള ലൈംഗിക ബന്ധമാണ് അവിഹിതവേഴ്ച. അതു വ്യക്തികളുടെ മാഹാത്മ്യത്തിനും, സ്വാഭാവികമായി ദമ്പതികളുടെ നന്മയെയും സന്താനോത്പാദനം, സന്താനങ്ങളുടെ വിദ്യാഭ്യാസം എന്നിവയെയും ലക്ഷ്യമാക്കിയിരിക്കുന്ന ലൈംഗികതയുടെ മഹനീയതയ്ക്കും വിരുദ്ധമാണ്. കൂടാതെ, ചെറുപ്പക്കാരുടെ അധഃപതനത്തിന് ഇടയാക്കുമ്പോൾ അതു വലിയ ഉതപ്പും ആയിത്തീരുന്നു'' (No. 2353. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

**''വേശ്യാവൃത്തി:** അതിലേർപ്പെടുന്ന വ്യക്തികളുടെ മാഹാത്മ്യത്തെ ക്ഷതപ്പെടുത്തുന്നു. അത് വ്യക്തിയെ ലൈംഗികസുഖത്തിനുള്ള ഒരു ഉപകരണമായി തരംതാഴ്ത്തുന്നു. ജ്ഞാനസ്നാനത്തിൽ വാഗ്ദാനം ചെയ്ത വിശുദ്ധിയെ ഭഞ്ജിക്കുകയും പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരത്തെ മലിനമാക്കുകയും ചെയ്യുന്നു. വേശ്യാവൃത്തി ഒരു സമൂഹപീഡയാണ്'' (No. 2355. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

**''ബലാൽസംഗം:** ബലപ്രയോഗത്തിലൂടെ മറ്റൊരാളുടെ ലൈംഗിക സ്വകീയതയെ ഭഞ്ജിക്കുന്നതാണ്. അതു നീതിയുടെയും സ്നേഹത്തിന്റെയും ലംഘനമാണ്. ഏതൊരു വ്യക്തിക്കും അവകാശപ്പെട്ടിരിക്കുന്ന ആദരവ്, സ്വാതന്ത്ര്യം, ശാരീരിക, ധാർമ്മിക സമഗ്രത എന്നിവയെ ബലാൽസംഗം ആഴത്തിൽ വ്രണപ്പെടുത്തുന്നു. അതിനു ബലിയാടായി തീരുന്ന വ്യക്തിയിൽ ആജീവനാന്തം നീണ്ടുനിൽക്കുന്ന ആഘാതമേൽപ്പിക്കുന്നു. സ്വഭാവത്താൽ തന്നെ അത് എപ്പോഴും തിന്മയാണ്. അടുത്ത ബന്ധുക്കൾ കുട്ടികളെ ബലാൽസംഗം ചെയ്യുന്നതും (INCEST) വിദ്യാഭ്യാസപ്രവർത്തകർ തങ്ങളുടെ ചുമതലയിലുള്ള കുട്ടികളെ ബലാൽസംഗം ചെയ്യുന്നതും കൂടുതൽ ഗൗരവാവഹമാണ്'' (No. 2356, 2358 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

**ശുദ്ധത:** ''ശുദ്ധതയുള്ള വ്യക്തി തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ജീവന്റെയും സ്നേഹത്തിന്റെയും കഴിവുകളുടെ സമഗ്രതയെ സംര

www.malankaralibrary.com



ക്ഷിക്കുന്നു. ഈ സമഗ്രത വ്യക്തിത്വത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കുകയും അതിനെ മുറിപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയെയും ചെറുക്കുകയും ചെയ്യുന്നു. ദ്വിവിധ ജീവിതവും ദ്വിവിധ സംഭാഷണവും അതു സഹിക്കുകയില്ല'' (No. 2328 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം). ''ശുദ്ധതയിൽ മനുഷ്യസ്വാതന്ത്ര്യത്തിലുള്ള ശിക്ഷണം ഉൾപ്പെടുന്നുണ്ട്. തിരഞ്ഞെടുപ്പ് വ്യക്തമാണ്. ഒന്നുകിൽ മനുഷ്യൻ തന്റെ വികാരങ്ങളെ നിയന്ത്രിക്കുകയും സമാധാനം നേടുകയും ചെയ്യുന്നു. അല്ലെങ്കിൽ, അവയാൽ അടിമത്തത്തിലേക്ക് നയിക്കപ്പെടാൻ അനുവദിക്കുകയും ദുരിതപൂർണ്ണനാകുകയും ചെയ്യുന്നു. അന്ധമായ ഉൾപ്രേരണകൾക്കും ബാഹ്യമായ സമ്മർദ്ദങ്ങൾക്കും വിധേയനാകാതെ, വ്യക്തിപരമായ ആന്തരിക പ്രചോദനത്താൽ നയിക്കപ്പെട്ട് ബോധപൂർവ്വവും സ്വതന്ത്രവുമായ തെരഞ്ഞെടുപ്പനുസരിച്ച് പ്രവർത്തിക്കാൻ മനുഷ്യന്റെ മാഹാത്മ്യം ആവശ്യപ്പെടുന്നു'' (No. 2339 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

**"ആത്മനിയന്ത്രണം:** ദീർഘവും ബുദ്ധിമുട്ടുള്ളതുമായ പ്രവൃത്തി ആണ്. അത് ഒരിക്കൽ എന്നന്നേക്കും നേടിയെന്ന് ആർക്കും വിചാരിക്കാനാവില്ല. ജീവിതത്തിന്റെ എല്ലാ ഘട്ടത്തിലും ആവർത്തിച്ചുള്ള പരിശ്രമം ആവശ്യമാണ്'' (No. 2342 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

**"വ്യഭിചാരം:** ഒരു അനീതിയാണ്. വ്യഭിചാരം ചെയ്യുന്നവൻ തന്റെ കടമകളിൽ വീഴ്ച വരുത്തുന്നു. അവൻ ദാമ്പത്യബന്ധമായ ഉടമ്പടിയുടെ അടയാളത്തെ മുറിപ്പെടുത്തുകയും ദാമ്പത്യപങ്കാളിയുടെ അവകാശങ്ങളെ ലംഘിക്കുകയും ചെയ്യുന്നു. വിവാഹത്തിന്റെ അടിസ്ഥാനകരാറു ലംഘിച്ചുകൊണ്ട് വിവാഹമെന്ന സംവിധാനത്തിനു തുരങ്കം വയ്ക്കുന്നു'' (No. 2381- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

## ജോസഫ്

ശുദ്ധതയുടെ ഉജ്ജ്വലമാതൃക പൂർവ്വ പിതാവായ ജോസഫിൽ കാണുവാൻ കഴിയും. അസൂയ നിറഞ്ഞ ജ്യേഷ്ഠസഹോദരങ്ങൾ സ്വന്തം അനുജനെ അടിമയായി വിൽക്കുന്നു. കാട്ടുമൃഗം ജോസഫിനെ കൊന്നു എന്ന് അപ്പനായ യാക്കോബിനോടു സഹോദരങ്ങൾ കള്ളം പറഞ്ഞു. ഫറവോയുടെ ഉദ്യോഗസ്ഥനായ പൊത്തിഫർ ജോസഫിനെ കച്ചവടക്കാരിൽ നിന്നും വിലയ്ക്കുവാങ്ങി. അന്നു ജോസഫിന്റെ പ്രായം പതിനേഴായിരുന്നു. യുവത്വത്തിലേക്ക് കാലുകുത്തുന്ന പ്രായം.

www.malankaralibrary.com



ജോസഫിന്റെ വരവോടുകൂടി പൊത്തിഫറിന്റെ കുടുംബം കൂടുതൽ അനുഗ്രഹകരമായി. ഇതിൽ പ്രീതിപ്പെട്ട്, കുടുംബത്തിന്റെ ചുമതല യെല്ലാം പൊത്തിഫർ ജോസഫിനെ ഏൽപ്പിച്ചു.

ജോസഫ് വടിവൊത്ത ശരീരമുള്ളവനും സുമുഖനുമായിരുന്നു എന്ന് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നു (ഉൽപ:39:7). പൊത്തി ഫറിന്റെ ഭാര്യയ്ക്ക് ജോസഫിൽ അഭിലാഷം തോന്നി. ‘‘എന്റെ കൂടെ ശയിക്കുക. അവൾ അവനോടു ആവശ്യപ്പെട്ടു’’ (ഉൽപ:39:7). ‘‘ഞാൻ എങ്ങനെയാണ് ഇത്ര നീചമായി പ്രവർത്തിച്ച് ദൈവത്തിനെതിരേ പാപം ചെയ്യുക’’ (ഉൽപ:39:9) എന്ന് ജോസഫ് പറഞ്ഞു. ഒരു ദിവസം അവൾ അവന്റെ മേലങ്കിയിൽ കടന്നുപിടിച്ചുകൊണ്ട് പറഞ്ഞു: ‘‘എന്റെ കൂടെ ശയിക്കുക’’ അവളുടെ പിടിയിൽ നിന്നു കുതറിമാറി ജോസഫ് വീടിനു പുറത്തുവന്നു. അവളുടെ താൽപര്യം നടക്കാതെ വന്നപ്പോൾ, അവൾ ഒച്ചവച്ച് വീട്ടിലുള്ളവരോടു പറഞ്ഞു. ഇവിടെ കൊണ്ടുവന്നി രിക്കുന്ന ഹെബ്രായ ബാലൻ, കൂടെ ശയിക്കുവാൻ എന്നെ നിർബ ന്ധിച്ചു. പൊത്തിഫർ, ഭാര്യ പറഞ്ഞതു വിശ്വസിച്ചു. വാദി പ്രതിയായി. ജോസഫ് കുറ്റക്കാരനായി വിധിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെട്ടു.

ലൈംഗികത ശക്തമാകുന്ന പ്രായം. താമസിക്കുന്ന വീട്ടിലെ ഭാര്യ പാപം ചെയ്യുവാൻ നിർബന്ധിക്കുന്നു. ഉള്ളറയിൽ നടക്കുന്ന കാര്യം പുറംലോകം അറിയാത്ത സംവിധാനം. അവളുടെ ഇംഗിത ത്തിനു വഴങ്ങിയാൽ കൂടുതൽ ആനുകൂല്യം ജോസഫിനു ലഭിക്കും എന്നതു തീർച്ച. ഈ നല്ല അവസരം പാഴാക്കുന്നതു ശുദ്ധ മഠയത്ത രമെന്ന് ലോകം പറയും. ലോകത്തിന്റെ, പിശാചിന്റെ ശബ്ദമല്ല ജോസഫ് ശ്രദ്ധിച്ചത്. ദൈവത്തിന്റെ ശബ്ദമാണ് ജോസഫിനെ നയി ച്ചത്. ഒരു സ്ത്രീയുടെ മാദക വശീകരണത്തിൽ മയങ്ങാതെ ദൈവ ത്തോടു ജോസഫ് ചേർന്നുനിന്നു. എല്ലാവർക്കും, പ്രത്യേകിച്ച് യുവ തലമുറയ്ക്ക് ജോസഫ് ഒരു ഉജ്ജ്വലമാതൃകയാണ്. നിസ്സഹായനായ ബാലൻ, അടിമയായി വിൽക്കപ്പെട്ടവൻ, ഒരു സ്ത്രീയുടെ കാമാസ ക്തിക്ക് വഴങ്ങിയിരുന്നെങ്കിൽ, ലൗകികമായി പലതും ലാഭിക്കുവാൻ അവസരം ലഭിക്കുമായിരുന്നു. എന്നാൽ ദൈവസ്നേഹത്തിൽ ജീവി ച്ചുകൊണ്ട് കഷ്ടതയിൽ പതറാതെ പാപശക്തിയെ ജയിച്ച് വിജയം വരിക്കുന്നു. നമ്മെ കോരിത്തരിപ്പിക്കുന്ന ജാജ്ജ്വല്യമാന വ്യക്തി ത്വത്തിന്റെ പരിമളം ജോസഫിൽ നിറഞ്ഞുനിൽക്കുന്നു. കഷ്ടപ്പാ ടിന്റെയും, തെറ്റിദ്ധാരണയുടെയും, തിരസ്ക്കരണത്തിന്റെയും, നടു

www.malankaralibrary.com



വിലും ''കർത്താവു ജോസഫിന്റെ കൂടെ ഉണ്ടായിരുന്നു'' (ഉൽപ:39:21). യുവതലമുറയ്ക്ക് ഇത് ഒരു മാതൃകയും പാഠവുമായിരിക്കട്ടെ.

## വിശുദ്ധ മരിയാ ഗൊരെത്തി (1890 – 1902)

സ്വന്തം ജീവിതത്തിൽ ശുദ്ധതയെ മലിനപ്പെടുത്താതിരിക്കാൻ രക്തസാക്ഷിത്വം വരിച്ച ആധുനിക യുഗത്തിലെ ധീരകന്യകയാണ് വിശുദ്ധ മരിയാ ഗൊരെത്തി. ഇറ്റലിയിൽ ദരിദ്രകർഷക കുടുംബത്തിൽ ജനിച്ച മരിയക്കു 10 വയസ്സുള്ളപ്പോൾ പിതാവു മരിച്ചു. അമ്മ അസൂന്ത ധനിക കുടുംബത്തിലെ വീട്ടുജോലിക്കാരിയായിരുന്നു. ബാലികയായ മരിയയെ കാമവെറിപൂണ്ട അലക്സാൻട്രോ പല പ്രാവശ്യം പാപം ചെയ്യാൻ പ്രേരിപ്പിച്ചു. പാപത്തിന് ഒരിക്കലും വശംവദയാകരുതെന്ന അമ്മയുടെ ഉപദേശം ഓരോ പ്രാവശ്യവും ചെറുത്തുനില്ക്കാൻ അവൾക്ക് കരുത്തുനൽകി. ഒരു ദിവസം അവളെ അവൻ ബലമായി പിടിച്ച് പീഡിപ്പിക്കാൻ ശ്രമിച്ചു. ''അലക്സാണ്ടർ നീ പാപം ചെയ്യരുതെന്ന്'' അവൾ ആവർത്തിച്ചു പറഞ്ഞിരുന്നു. വിവേകം നഷ്ടപ്പെട്ട മാംസദാഹിക്ക് വഴങ്ങാത്ത മരിയയുടെ പൂമേനിയിൽ 14 പ്രാവശ്യം കത്തിതാഴ്ന്നിറങ്ങി. അവസാനശ്വാസത്തിലും അവൾ പറഞ്ഞു, “അലക്സാണ്ടറോട് ഞാൻ ക്ഷമിച്ചിരിക്കുന്നു. അവൻ ഒരിക്കൽ മാനസാന്തരപ്പെടും അതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കും.'' ആ മാടപ്പിറാവ് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു.

30 വർഷം തടവുശിക്ഷയ്ക്കുശേഷം, മാനസാന്തരപ്പെട്ട അലക്സാൻട്രോ സന്യാസസഭയിൽ തുണസഹോദരനായി ചേർന്നു. 12-ാം പീയൂസ് മാർപാപ്പ 1947-ൽ വാഴ്ത്തപ്പെട്ടവളായി മരിയയെ ഉയർത്തി. 1950-ൽ വിശുദ്ധയായി അവൾ പ്രഖ്യാപിക്കപ്പെട്ടു. 66 വയസ്സുള്ള അലക്സാൻട്രോയും, 85 വയസ്സുള്ള അമ്മ അസൂന്തയും റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ അങ്കണത്തിൽ നാമകരണ ചടങ്ങിനു സാക്ഷ്യം വഹിച്ചിരുന്നു. തദവസരത്തിൽ മാർപാപ്പ പറഞ്ഞു: “ഇതേപോലെ ശുദ്ധതയിൽ വളർന്നുവരാൻ മക്കളെ സഹായിക്കുന്ന അമ്മമാർ ലോകത്തിലുണ്ടാകണം.”

മ്ലേച്ഛതയുടെ ലോകത്തിലും ശുദ്ധതയ്ക്കുവേണ്ടി വ്രതത്തോടുകൂടി ജീവിക്കാനാകുമെന്നും, തന്റെ മരണത്തിലും ശത്രുവിനോട് ക്ഷമിക്കാനാകുമെന്നും, കൊലപാതകിയെ മാനസാന്തപ്പെടുത്താൻ രക്തസാക്ഷിത്വത്തിന് സാധിക്കുമെന്നും മരിയാ ഗൊരെത്തിയെന്ന പിഞ്ചുബാലികയ്ക്കു തെളിയിക്കാൻ കഴിഞ്ഞു. ആധുനിക യുവതീയുവാ

www.malankaralibrary.com



ക്കൾക്ക് ജാജ്ജ്വല്യമാർന്ന മരിയാ ഗൊരെത്തിയുടെ ജീവിതമാതൃക അനുകരിക്കാനാകണം.

## ലൈംഗികതയുടെമേൽ വിജയം

ലൈംഗികതയെ എങ്ങനെ സമീപിക്കണം എന്നു ചിന്തിക്കാം.

1. ലൈംഗികത ദൈവത്തിന്റെ ഉദാത്ത ദാനമാണെന്നറിയുക. ആദത്തെയും ഹവ്വായെയും സൃഷ്ടിച്ച ദൈവം, തന്റെ സൃഷ്ടികർമ്മ ശക്തി മനുഷ്യനിൽ നിക്ഷേപിച്ചു. സ്ത്രീപുരുഷ ലയനത്തോടെയാണ് തുടർന്നുള്ള മനുഷ്യരുടെ പ്രജനനം ഉണ്ടാകേണ്ടത് എന്നത് ദൈവ നിയോഗമാണ്. അതുകൊണ്ട് ലൈംഗികതയുടെ, ദൈവത്തിന്റെ വഴി നാം മനസ്സിലാക്കിയിരിക്കണം. ദൈവത്തിന്റെ വഴിവിട്ട്, തോന്നലുകൾ അനുസരിച്ച് തോന്നിയ രീതിയിൽ കൈകാര്യം ചെയ്യേണ്ട കാര്യമല്ല ലൈംഗികത. ദൈവം വരച്ചിട്ടുള്ള അതിർത്തി രേഖകൾ എടുത്തു കളഞ്ഞാൽ, അപകടം നിശ്ചയമാണ്. കവലയിൽ വാഹനം കടന്നുപോകേണ്ടിടത്തു സ്ഥാപിച്ച ചുവന്ന ലൈറ്റ് സാരമില്ല എന്നു പറഞ്ഞ്, മറി കടന്നാൽ, അപകടം സംഭവിക്കും. ചുവന്നലൈറ്റ് നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനുള്ളതല്ല, തുടർന്നും നല്ല രീതിയിൽ ജീവിക്കാനുള്ള മാർഗദീപമാണ്. സ്വാതന്ത്ര്യം എന്നാൽ എന്തും ചെയ്യാനുള്ള ലൈസൻസ് അല്ല. ചെയ്യേണ്ടതു ചെയ്യാനുള്ള ശക്തിവിശേഷമാണ്. വാഹനമോടിക്കാൻ ലൈസൻസ് ലഭിച്ചതിന്റെ പേരിൽ റോഡിന്റെ ഡിവൈഡറിന്റെ മുകളിൽ കൂടിയോ, ഫുഡ്പാത്തിലൂടെയോ വാഹനമോടിക്കാനാണെന്നു തെറ്റിദ്ധരിക്കരുത്. നിശ്ചിത റെയിൽപാളം എനിക്ക് പ്രശ്നമല്ല എന്ന് ട്രെയിൻ കരുതി പാളം വിട്ട് ഓടിയാൽ, ട്രെയിൻ തകരും, അതിലുള്ളവരും തകരും. ലൈംഗികത ദൈവം നിശ്ചയിച്ച പാളം തെറ്റി ഓടാനുള്ളതല്ല.

റോഡിൽ കൂടി നടന്നുപോകുമ്പോൾ ചായക്കടയിൽ, നല്ല പലഹാരങ്ങൾ അലമാരയിൽ വച്ചിരിക്കുന്നു. തൽക്കാലം കടയിൽ ആരും ഇല്ല എന്നു സങ്കൽപ്പിക്കുക. ഉടനെ അവിടെ കയറി കട്ടുതിന്നുന്നത് മാന്യന്മാർക്ക് ചേർന്നതല്ല. നല്ല വിശപ്പുണ്ടെങ്കിലും മോഷ്ടിക്കുന്നതു ശരിയല്ല. എന്റെ വീട്ടിൽ ഒരുക്കിയിരിക്കുന്നതു കഴിച്ചാൽ മതി എന്നുള്ള തീരുമാനം, ഇതാണ് ശരി. കയർ ഊരി വിട്ടാൽ, മൃഗം വീട്ടിലും അടുത്തുള്ള വിളയിലുമുള്ള കൃഷി തിന്നു നശിപ്പിക്കും. മനുഷ്യന്റെ ലൈംഗികതയെ നിയന്ത്രണമില്ലാതെ, തോന്നലുകൾക്കനുസരിച്ച് വ്യാപരിക്കാൻ വിട്ടാൽ, കുടുംബജീവിതവും സമൂഹവും ലൈംഗിക അരാ

www.malankaralibrary.com



ജകത്തിന്റെ വിളനിലമാകും. ഇത്തരം മനോഭാവത്തെ വളർത്തുന്ന ആധുനിക മാധ്യമങ്ങളിൽ കുറെയെങ്കിലും, നമ്മുടെ കുട്ടികളെയും യുവതലമുറയെയും നാശത്തിന്റെ നിലയില്ലാക്കയത്തിലേക്ക് തള്ളി വിട്ടുകൊണ്ടിരിക്കുകയാണ്.

2. ലൈംഗികതയെ സൃഷ്ടിച്ച ദൈവം അതിനെ ജയിക്കാനുള്ള ശക്തി തരും—ഇതിനാണ് ദൈവികകൃപ എന്നു പറയുന്നത് (Divine Grace). നമ്മെയും നമ്മുടെ ലൈംഗികതയെയും ദൈവത്തിനു സമർപ്പിക്കണം. ''നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ഉപകരണങ്ങളാക്കി പാപത്തിനു സമർപ്പിക്കരുത്. നീതിയുടെ ആയുധങ്ങളായി നിങ്ങളുടെ അവയവങ്ങളെ ദൈവത്തിനു സമർപ്പിക്കുവിൻ. പാപം നിങ്ങളുടെമേൽ ഭരണം നടത്തുകയില്ല'' (റോമാ 6:13).

3. തിന്മ ചെയ്യാനുള്ള ശക്തമായ പ്രേരണ, പരീക്ഷ എല്ലാവരിലും ഉണ്ടാകും. പരീക്ഷ ഉണ്ടായതുകൊണ്ട് ഒരു വ്യക്തി മോശമാണെന്നോ തെറ്റു ചെയ്തെന്നോ അർത്ഥമില്ല. മനുഷ്യനിൽ ചിന്താശക്തി (intellect) ഇച്ഛാശക്തി (Will power) വികാരം (Emotion) എന്നീ ഘടകങ്ങൾ ഉണ്ട്. ചിന്താശക്തിക്ക് മനസ്സ് (Mind) എന്നു പറയാം. പഞ്ചേന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന സംവേദനങ്ങൾ നമ്മുടെ മനസ്സിൽ പതിയുന്നു. അതു മനുഷ്യനന്മയ്ക്ക് ഉപകരിക്കുന്നതോ തിന്മയായിട്ടുള്ളതോ ആകാം. മനസ്സിലെ ചിന്ത വികാരത്തെ ഉദ്ദീപിപ്പിക്കുന്നു. ചിന്ത വഴി വികാരത്തെ ഊട്ടി വളർത്തിയാൽ, വികാരം ശക്തമായി നിയന്ത്രണാതീതമാകുന്നു; അതു പ്രവൃത്തിയിലേ ചെന്നുനിൽക്കൂ. ഒരു വ്യക്തി എനിക്ക് എതിരായി പ്രവർത്തിക്കുന്നു എന്ന ചിന്ത, അതു ശരിയായിരിക്കാം, തെറ്റായിരിക്കാം, എന്റെ മനസ്സിൽ കയറിപ്പറ്റിയാൽ, അതു അവിടെ വളർന്ന് വൈകാരികതലത്തിലേക്ക് ഇറങ്ങുന്നു—വികാരത്തിൽ ജ്വലിക്കുമ്പോൾ, അപരനെ, തിരിച്ചടിക്കണം, നാശം വരുത്തണം എന്നിങ്ങനെയുള്ള ചിന്ത, പ്രവൃത്തിയിലേക്ക് നീങ്ങുന്നു. നമ്മിലുണ്ടാകുന്ന എല്ലാ നെഗറ്റീവ് വികാരങ്ങളുടെയുംമേൽ അടയിരുന്നാൽ, അതു പ്രവൃത്തിയിൽ എത്തി നിൽക്കും.

4. നമ്മിലുള്ള ലൈംഗികതയെ ഊട്ടിവളർത്തുവാൻ പഞ്ചേന്ദ്രിയങ്ങൾക്ക് വലിയ പങ്കുണ്ട്. ദൈവം തന്ന അമൂല്യദാനമായ കാഴ്ചയെ നിയന്ത്രിച്ചില്ലെങ്കിൽ, ലൈംഗികതയുടെ കെണിയിൽ ചെന്നു വീഴും. ''കണ്ണിനെക്കാൾ കൊതിയുള്ളതായി സൃഷ്ടികളിൽ എന്താണുള്ളത്. അതു നിമിത്തം ഓരോ മുഖവും കണ്ണീർ വാർക്കുന്നു'' (പ്രഭാ: 31:13). ''ആരുടെയും ആകാരഭംഗി നോക്കിയിരിക്കരുത്" (പ്രഭാ:42:12). ''കന്യക

www.malankaralibrary.com



യുടെമേൽ കണ്ണു വയ്ക്കരുത്. നീ കാലിടറി വീഴും'' (പ്രഭാ: 9:5). ദാവീദ് രാജാവ് തന്റെ കണ്ണിനെ നിയന്ത്രിക്കാത്തതിനാൽ, വ്യഭിചാരത്തിലും കൊലപാതകത്തിലും ജീവിതം കണ്ടെത്തിയ സംഭവം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

പഞ്ചേന്ദ്രിയങ്ങൾ ദൈവം നമ്മുടെ നന്മയ്ക്കു തന്നതാണ്. എന്നാൽ, ഇന്ദ്രിയങ്ങൾക്ക് സംയമനം പാലിച്ച് ജീവിക്കേണ്ടത് സ്വന്തം നന്മയ്ക്കും സമൂഹത്തിന്റെ സുസ്ഥിതിക്കും അത്യന്താപേക്ഷിതമാണ്. മനോനിയന്ത്രണം പാലിക്കാത്ത വ്യക്തി മനോരോഗിയെപ്പോലെയാണ്. ആമ കൈകാലുകൾ, തല എന്നിവ ആവരണത്തിന്റെ ഉള്ളിലൊതുക്കി സ്വയം രക്ഷിക്കുന്നതുപോലെ, ഒരാൾ പഞ്ചേന്ദ്രിയങ്ങളെ അടക്കി ആത്മനിയന്ത്രണത്തോടെ ജീവിക്കാൻ പഠിക്കണം. ''നിങ്ങൾ ഈ ലോകത്തിനു അനുരൂപരാകരുത്. പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ'' (റോമാ 12:2). മൃഗങ്ങൾക്കില്ലാത്ത ശക്തിയാണ്, മനസ്സിന്റെ വിവേചനശക്തി, ഇച്ഛാശക്തി. ''ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത്, സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ടു കുടുക്കിലാകുമ്പോഴാണ്. ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു, പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു'' (യാക്കോ: 1:14). മനസ്സിന്റെ തോന്നലുകളെയും വികാരങ്ങളെയും നിയന്ത്രണം നൽകാതെ വിട്ടാൽ, കയർ ഊരിവിടുന്ന മൃഗം നാശം വിതയ്ക്കുന്നതുപോലെ, സ്വയത്തിനും അന്യർക്കും തിന്മയായിരിക്കും ഫലം. നമ്മുടെ മനസ്സ് ഒരിക്കലും ശൂന്യമായിരിക്കയില്ല. പഞ്ചേന്ദ്രിയങ്ങൾ വഴി എപ്പോഴും മനസ്സിൽ മ്ലേച്ഛമായ, നാശോന്മുഖമായ ചിന്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇവ നമ്മിൽ ആധിപത്യം ചെലുത്താൻ അനുവദിക്കരുത്. ഇവയുടെ സ്ഥാനത്ത് സത്ചിന്തകൾ കൊണ്ടു നിറയ്ക്കാൻ സാധിച്ചാൽ, ലൈംഗികാസക്തി ഉൾപ്പെടെ നമ്മെ മലിനമാക്കുന്ന പലതിൽ നിന്നും മോചനം നേടാൻ സാധിക്കും. ലൈംഗികതയെ നമ്മുടെ ദാസനാക്കണം. ഒരിക്കലും നമ്മുടെ യജമാനനാക്കരുത്.

5. വികാരത്തെ ഇല്ലാതാക്കാൻ ശ്രമിച്ചാൽ, അതു കൂടുതൽ മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കും. ഏതു വികാരവും നമ്മിൽ ഊർജ്ജം പ്രസരിപ്പിക്കുന്നു. ഈ ഊർജ്ജത്തെ ക്രിയാത്മക കാര്യത്തിലേക്ക് തിരിച്ചു വിടണം. വേറെ അർത്ഥത്തിൽ പറഞ്ഞാൽ, അതിനെ ഉദാത്തവത്ക്കരിക്കണം. ഇവിടെയാണ് നമ്മിലുള്ള ഇച്ഛാശക്തി പ്രവർത്തിക്കേണ്ടത്. നമ്മുടെ മുമ്പിൽ നന്മയും തിന്മയും, ജീവനും മരണവും

www.malankaralibrary.com



വച്ചിരിക്കുന്നു. ഇതിൽ ഏതാണ് തെരഞ്ഞെടുക്കുന്നത്. അതു നമ്മുടെ മനസ്സിന്റെ തീരുമാനമാണ് (നിയ: 30:15) (പ്രഭാ:18:30). വിശുദ്ധ മദർ തെരേസാ ലൈംഗിക വികാരം ഇല്ലാതിരുന്ന വ്യക്തിയാണെന്നു പറയാൻ പറ്റുമോ. തന്നിലുള്ള ലൈംഗികതയുടെ ഊർജ്ജം കൂടുതൽ മെച്ചപ്പെട്ട ലക്ഷ്യത്തിലേക്ക് തിരിച്ചുവിട്ടതിന്റെ ഫലമായി ആയിരമായിരം അനാഥർക്കും ശിശുക്കൾക്കും രോഗികൾക്കും അത്താണിയാകാൻ അമ്മയ്ക്ക് സാധിച്ചു.

6. ലൈംഗികചുവയുള്ള പുസ്തകങ്ങൾ, അശ്ലീല സിനിമകൾ ഇന്റർനെറ്റിലും മറ്റു മാധ്യമങ്ങളിലും കാമോദ്ദീപകങ്ങളായ കാഴ്ചകൾ കാണുകയും ചെയ്യുന്നവരുടെ മനസ്സുനിറയെ ലൈംഗികാഭാസകരമായ ചിന്തകളും ഭാവനകളും നിറഞ്ഞിരിക്കും. ഈ ചിന്തകൾ ഭരണം നടത്തുമ്പോൾ എല്ലാറ്റിനേയും ലൈംഗിക കണ്ണാടിയിൽ കൂടിയേ കാണാൻ സാധിക്കൂ. ഇവ വികാരമേഖലയെ ഉദ്ദീപിപ്പിച്ച്, ലൈംഗികാഭാസകരമായ പ്രവൃത്തികൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു. കാഴ്ചയേയും മനസ്സിനേയും നിയന്ത്രിക്കാത്ത യുവതലമുറയുടെ സിരാപടലങ്ങളിൽ വരുത്തിവയ്ക്കുന്ന ആഘാതം ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. മനോമാലിന്യത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടവർ, പ്രായമായി വിവാഹിതരായാലും ആത്മനിയന്ത്രണം നഷ്ടപ്പെട്ടവരായിത്തീരും. മദ്യം കാമഭ്രാന്തന്മാരെ സൃഷ്ടിച്ച്, ലൈംഗിക വൈകൃതത്തിനും, പീഡനത്തിനും ആക്കം കൂട്ടുന്നു. ലോകോത്തരങ്ങളായ നല്ല സിനിമകൾ ഉണ്ടായിട്ടുണ്ട്. മലയാളത്തിലും കുടുംബസമേതം കാണാവുന്ന കുറെ നല്ല സിനിമകളുണ്ട്. എന്നാൽ പല സിനിമകളും ലൈംഗികകേളി, ആഭാസകരമായ നൃത്തം, ബലാൽസംഗം ഇവ കുത്തിനിറച്ചിരിക്കുന്നു. ഇവ കാണുന്നവർ, പ്രത്യേകിച്ച് യുവതീയുവാക്കൾ മനോനിലതെറ്റി, ലൈംഗികാഭാസകര പ്രവൃത്തികളിൽ കൂപ്പുകുത്തുന്നതിൽ അത്ഭുതപ്പെടാനില്ല. പണം വാരിക്കൂട്ടാനും യുവതലമുറയെ തകർക്കാനും ഉപകരിക്കുന്ന സിനിമ വ്യവസായം!

**വികാരം**

“മനുഷ്യമനസ്സിന്റെ സ്വാഭാവികഘടകങ്ങളാണ് വികാരങ്ങൾ. മനുഷ്യഹൃദയം വികാരങ്ങൾ ഉടലെടുക്കുന്ന സ്രോതസ്സാണെന്ന് നമ്മുടെ കർത്താവ് ചൂണ്ടിക്കാട്ടി” (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 1764). “സ്നേഹിക്കുക എന്നത് മറ്റൊരാളുടെ നന്മയെ ആഗ്രഹി

www.malankaralibrary.com



ക്കുക എന്നതാണ്. സ്നേഹം ദുഷിച്ചതാണെങ്കിൽ വികാരങ്ങൾ ദുഷിച്ചതാണ്. അത് നല്ലതാണെങ്കിൽ വികാരങ്ങളും നല്ലതാണ്'' (1766 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

ഒരിക്കൽ എലീഷാ പ്രവാചകന്റെ ഭൃത്യൻ പ്രവാചകഗണത്തിനു ഭക്ഷിക്കുവാൻ അവിയൽ ഉണ്ടാക്കി. വിഷമുള്ള കാട്ടുമുന്തിരി, അവിയലിൽ ചേർത്തു പാചകം ചെയ്തു. അത് ദോഷം വിതയ്ക്കുന്നതാണെന്നു അവൻ അറിഞ്ഞില്ല. ഭക്ഷിച്ചു തുടങ്ങിയവർ വിളിച്ചു പറഞ്ഞു. ദൈവപുരുഷാ, പാത്രത്തിൽ മരണം പതിയിരിക്കുന്നു. എലീശാ പറഞ്ഞു, കുറെ മാവു കൊണ്ടുവരിക. അത് അവിയൽ പാത്രത്തിൽ ഇടാൻ പറഞ്ഞു. അപകടം നീങ്ങിയിരിക്കുന്നു. വഴിതെറ്റിയ ലൈംഗികതയിൽ മരണം പതിയിരിക്കുന്നു. ലൈംഗികതയെ സംബന്ധിച്ച് ദൈവത്തിന്റെ ഇഷ്ടം എന്ന മാവ് ലൈംഗികതയിൽ ചേർത്താൽ, മരണം മാറിക്കിട്ടും. ലൈംഗികാഭാസചിന്തകൾ മനസ്സിൽ കുത്തി നിറച്ചുകൊണ്ട് നടക്കുന്ന വ്യക്തിയെ ദൈവം രക്ഷിക്കണമെന്നു പ്രതീക്ഷിക്കരുത്. ''ദുർമോഹങ്ങളിലേക്ക് നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ'' (റോമാ: 13:14). നാം ചിന്തിക്കുന്നതു നാം ആയിത്തീരും. ചിന്തിക്കുന്നത് നാം താമസിയാതെ പ്രവർത്തിക്കും.

ലൈംഗികത ദൈവത്തിന്റെ ദാനമാണെന്നും അതു വൈവാഹികജീവിതത്തിൽ മാത്രം പൂവിടേണ്ടതാണെന്നും നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വിവാഹജീവിതത്തിൽ പ്രവേശിക്കുന്നവർ എങ്ങിനെ ലൈംഗികതയെ കാണണമെന്നും ഉപയോഗിക്കണമെന്നും തോബിത്തിന്റെ പുസ്തകത്തിൽ കാണാൻ സാധിക്കും. 'വിവാഹരാത്രി' എന്ന എട്ടാം അദ്ധ്യായം മനോഹരമായി ഈ കാര്യം പ്രതിപാദിക്കുന്നു. റഗുവേലിന്റെ മകൾ സാറ ഏഴുതവണ വിവാഹം ചെയ്തതാണ്. വിവാഹരാത്രിയിൽത്തന്നെ ഒരു പിശാച് ഭർത്താവിനെ കൊന്നിരുന്നു. ദൈവാത്മാവു നിറഞ്ഞ തോബിയാസ് സാറായെ വിവാഹം ചെയ്തു. വിവാഹരാത്രിയിൽ മണവറയിൽ അവർ തനിച്ചായപ്പോൾ തോബിയാസ് എഴുന്നേറ്റു സാറായോടു പറഞ്ഞു. നമുക്ക് എഴുന്നേറ്റ് കർത്താവിന്റെ കാരുണ്യത്തിനായി പ്രാർത്ഥിക്കാം. "ഞാൻ ഇവളെ സ്വീകരിക്കുന്നത് ജഡികമായ അഭിലാഷത്താലല്ല, നിഷ്ക്കളങ്കമായ പ്രേമത്താലാണ്, അങ്ങയുടെ കാരുണ്യം എനിക്കുണ്ടാകണമേ. ഇവളോടൊത്തു വാർദ്ധക്യത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹിച്ചാലും. അവൾ ആമേൻ എന്ന് ഏറ്റുപറഞ്ഞു" (തോബി. 8:7).

www.malankaralibrary.com



ക്രിസ്തീയ ദമ്പതികൾ വൈവാഹികജീവിതത്തിൽ പ്രവേശിക്കുന്നതിന്റെ പരിശുദ്ധമായ കാൽവെയ്പ് ഇവിടെ കാണാം. സ്വന്തം സഹധർമ്മിണിയുമായി ബന്ധപ്പെടുത്തുന്നതിന് മുമ്പ് ദൈവത്തിനു പ്രാർത്ഥനയിലൂടെ അവരെ സമർപ്പിച്ചു. നിഷ്കളങ്കമായ പ്രേമം—അതായത്, മൃഗീയമായ കാമാസക്തിയിലെ ഇരയെ സ്വന്തമാക്കുന്ന ആസക്തിയല്ല, പ്രത്യുത ദൈവം ദാനമായി നല്കിയ ഇണയെ തികഞ്ഞ ആദരവോടും നിഷ്ക്കളങ്കസ്നേഹത്തോടും സ്വീകരിക്കുന്ന ആർജ്ജവത്വമാണ് തോബിയാസിൽ കാണാൻ കഴിയുന്നത്. ഭർത്താവിന്റെ സമർപ്പണപ്രാർത്ഥനയോടും മനോഭാവത്തോടും സാറാ ആമേൻ പറഞ്ഞ് ഒന്നായിത്തീരുന്നു.

വഴിപിഴച്ച സുഹൃത്തുക്കളിൽനിന്നും പുസ്തകങ്ങളിൽനിന്നും ലഭിച്ച തെറ്റായ ജീവിതശൈലി മനസ്സിൽ താലോലിച്ച് തനിക്ക് പന്താടുവാൻ ഒരു ഇരയെ കിട്ടി. അത് ആഘോഷിക്കാൻ, പ്രാർത്ഥനാരൂപി ഇല്ലാതെ, ഹൃദയത്തിൽ ദൈവികചൈതന്യമില്ലാതെ 'ആദ്യരാത്രി' ആഘോഷിക്കുന്ന രംഗങ്ങൾ സിനിമയിലും നോവലിലും കണ്ടതിന്റെ ആവർത്തനം പരീക്ഷിച്ചറിയുന്ന യുവതലമുറയാണ് ഇന്ന് കൂടുതലും. പരിശുദ്ധമല്ലാത്ത ജീവിതപ്രവേശനം പരിശുദ്ധാത്മാവില്ലാത്ത മക്കൾക്ക് ജന്മംനൽകുന്ന ദാനവരെ (രാക്ഷസൻ) സൃഷ്ടിക്കുന്നു. വിവാഹമാകുന്ന ബലിവേദിയിൽ സമർപ്പിക്കേണ്ട പൂക്കളാണ് വരനും വധുവും. നമ്മുടെ അൾത്താരയിൽ നാം അലങ്കരിക്കുന്ന പൂക്കൾ ആരും ചവിട്ടിമെതിക്കാത്ത മനോഹരപുഷ്പങ്ങളാണല്ലോ. മറ്റുള്ളവർ ചവിട്ടിമെതിച്ച പൂക്കൾ ആരും അൾത്താരയിൽ വയ്ക്കാറില്ലല്ലോ. അതുപോലെ ജീവിതത്തിൽ സ്വയമായും മറ്റുള്ളവരാലും ചവിട്ടിമെതിക്കപ്പെട്ട ലൈംഗികതയുമായിട്ടല്ല യുവാവും യുവതിയും വിവാഹജീവിതത്തിൽ പ്രവേശിക്കേണ്ടത്. ദൈവത്തോടു ചേർന്നുള്ള ജീവിതംകൊണ്ട് പൈശാചികശക്തിയെ ഇല്ലാതാക്കിയ തോബിയാസും സാറായും ഓരോ യുവാവിനും യുവതിക്കും നിത്യഭാസുരമായ മാതൃകയായിരിക്കട്ടെ.

ഭോഗാസക്തിയെപ്പറ്റി വചനത്തിൽ രേഖപ്പെടുത്തിയ ചില വചനഭാഗങ്ങൾ ചേർക്കുന്നു.

''എന്റെ ഹൃദയം സ്ത്രീയാൽ വശീകൃതമായിട്ടുണ്ടെങ്കിൽ എന്റെ ഭാര്യ അന്യനുവേണ്ടി ധാന്യം പൊടിക്കട്ടെ'' (ജോബ് 31:9).

''നീ ദുശ്ചരിതയായ സ്ത്രീയിൽ നിന്ന്, സ്വൈരിണിയുടെ ചാടുവാക്കുകളിൽ നിന്ന് രക്ഷപെടുക. അവളുടെ അടുത്തേക്ക് പോകുന്ന

www.malankaralibrary.com



വർ മടങ്ങിവരുന്നില്ല. ജീവന്റെ വഴികൾ വീണ്ടെടുക്കുന്നുമില്ല'' (സുഭാ:2:16-19).

''വേശ്യക്ക് ഒരപ്പക്കഷണം മതി കൂലി. വ്യഭിചാരിണിയാകട്ടെ ഒരുവന്റെ ജീവനെത്തന്നെ ഒളിവിൽ വേട്ടയാടുന്നു'' (സുഭാ:6:26)

''വ്യഭിചാരം ചെയ്യുന്നവനു സുബോധമില്ല. അവൻ തന്നെത്തന്നെ നശിപ്പിക്കുകയാണ്'' (സുഭാ:6:32).

''കന്യകയുടെ മേൽ കണ്ണു വയ്ക്കരുത്. നീ കാലിടറി വീഴും. കുലടയ്ക്ക് അടിമയാകരുത്, നിനക്കുള്ളതെല്ലാം നഷ്ടപ്പെടും'' (പ്രഭാ:9:5-6).

''വീഞ്ഞും സ്ത്രീയും ബുദ്ധിമാന്മാരെ വഴിതെറ്റിക്കുന്നു. വേശ്യ യുമായി ഇടപഴകുന്നവനു വീണ്ടുവിചാരം നഷ്ടപ്പെടുന്നു'' (പ്രഭാ:19:2).

''ഭോഗാസക്തിക്ക് അടിമപ്പെടുന്നവൻ അഗ്നിദഹിപ്പിക്കുന്നതുവരെ അതിൽ നിന്നു സ്വതന്ത്രനാകുകയില്ല. വ്യഭിചാരിക്ക് എല്ലാ അപ്പവും മധുരിക്കുന്നു. വിവാഹ ഉടമ്പടി ലംഘിക്കുന്നവൻ, ആത്മഗതം ചെയ്യു ന്നു. ആരാണ് എന്നെ കാണുക? ഇരുട്ട് എനിക്ക് മറയാണ്, ഭിത്തി എന്നെ ഒളിപ്പിക്കുന്നു. കർത്താവിന്റെ കണ്ണുകൾ സൂര്യനേക്കാൾ പതി നായിരം മടങ്ങ് പ്രകാശമുള്ളതാണെന്നു അവൻ അറിയുന്നില്ല'' (പ്രഭാ:23:16-19).

''മണവറ മലിനമാകാതിരിക്കട്ടെ. അസന്മാർഗ്ഗികളെയും വ്യഭിചാ രികളെയും ദൈവം വിധിക്കും'' (ഹെബ്രാ:13:4).

''സുഖലോലുപതയിലോ, മദ്യലഹരിയിലോ, അവിഹിതവേഴ്ച യിലോ, വിഷയാസക്തിയിലോ വ്യാപരിക്കരുത്'' (റോമാ:13:4).

''ദൈവത്തെ അറിയാത്ത വിജാതീയരെപ്പോലെ കാമവികാര ങ്ങൾക്ക് വിധേയരാകരുത്'' (1 തെസ:4:5).

''ഒരുവൻ അയൽക്കാരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്താൽ അവനും അവളും മരണശിക്ഷ അനുഭവിക്കണം'' (ലേവ്യ:20:10).

നമ്മുടെ കുഞ്ഞുങ്ങളെ അവരുടെ വളർച്ചയുടെ ഓരോ പടവുക ടക്കുമ്പോഴും, അന്നത്തെ പ്രായത്തിനനുസരിച്ച് മാതാപിതാക്കളും ഗുരുക്കന്മാരും പറഞ്ഞു മനസ്സിലാക്കണം, അവരുടെ ശരീരം ദൈവ ത്തിന്റെ ആലയമാണെന്നും, അവരിൽ രൂപം കൊള്ളുന്ന ലൈംഗി കത ദൈവം തന്ന അമൂല്യദാനമാണെന്നും. ദൈവത്തിന്റെ ആലയ മായ സ്വന്തം ശരീരത്തെ പവിത്രമായി കാണുന്നതിനോടൊപ്പം, മറ്റുള്ള വരുടെ ശരീരവും ദൈവത്തിന്റെ ആലയമാണെന്നും, അതിനെ വിശുദ്ധ മായി മാത്രം നോക്കിക്കാണണമെന്നും. ഈ സത്യം കുട്ടികളിൽ,

www.malankaralibrary.com



യുവജനങ്ങളിൽ ഉൾചേരാതെ പോയാൽ, അവരിലെ ലൈംഗികത ബീഭത്സരൂപം പൂണ്ട്, എന്തു പൈശാചിക പ്രവൃത്തികൾ ചെയ്യുന്നതിൽ മടികാണിക്കയില്ല. ഇവർ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടാൽ, വിഷയാസക്തി അതിന്റെ മൂർദ്ധന്യത്തിലെത്തി, പൈശാചികമായി എതിർ ലിംഗത്തോട് പെരുമാറും. സുബോധം നഷ്ടപ്പെട്ട അവസ്ഥയിൽ എത്തും. ഒരു വയസ്സുള്ള പെൺകുട്ടികൾ മുതൽ ബലാത്സംഗം ചെയ്യപ്പെടുന്ന വാർത്ത, ഞടുക്കം സൃഷ്ടിക്കുന്ന, അവിശ്വസനീയമായ സംഭവമായി എനിക്ക് തോന്നാറുണ്ട്. ലൈംഗികതയുടെ കാര്യത്തിൽ നല്ല ശിക്ഷണം കൊടുക്കാൻ സമൂഹം മടികാണിച്ചാൽ, വലിയ വില കൊടുക്കേണ്ടിവരും. കുടം തുറന്നുവിട്ട ഭൂതത്തെപ്പോലെ വലിയ അപകടകാരികളായി നമ്മുടെ മക്കൾ തീരും. അങ്ങനെ സംഭവിക്കാതിരിക്കാൻ ഉണർന്ന് പ്രവർത്തിക്കണം.

“പ്രായമുള്ളവനെ പിതാവിനെപ്പോലെയും യുവാക്കന്മാരെ സഹോദരന്മാരെപ്പോലെയും പ്രായംചെന്ന സ്ത്രീകളെ മാതാക്കളെപ്പോലെയും യുവതികളെ നിർമ്മലതയോടെ സഹോദരിമാരെപ്പോലെയും പരിഗണിച്ച് ഉപദേശിക്കുക” (1 തിമോ. 5:1-2). മറ്റുള്ളവരെ എങ്ങനെ നോക്കിക്കാണണമെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. ശരീരത്തിലല്ല നമ്മുടെ ദൃഷ്ടിപതിയേണ്ടത്. ദൈവം അവരിൽ നിക്ഷേപിച്ച ആത്മാവിലും വ്യക്തിത്വത്തിലും നോട്ടംചെന്നാൽ അവരെ നാം ബഹുമാനിക്കും. ഓരോരുത്തരുടെ അമ്മയെയും സഹോദരീസഹോദരനെയും മാദകത്വംനിറഞ്ഞ കണ്ണുകൊണ്ടല്ലല്ലോ നാം നോക്കുന്നത്. ഈ സത്യത്തിലേക്ക് എല്ലാവരും വളരുകയും, നമ്മുടെ മക്കളെ വളർത്തുകയും ചെയ്യണം.

> ‘നീ അമ്മ, നീ പത്നി, നീ പുത്രി, നീ ഭൂമി
> നീ ശക്തി, നീ എന്റെ രക്തമെൻപെങ്ങൾ നീ.’
> (ഒ.എൻ.വി)

www.malankaralibrary.com

# സ്വവർഗഭോഗം

**"നിങ്ങൾ വഞ്ചിതരാകരുത്. വ്യഭിചാരികളും സ്വവർഗഭോഗി കളും..... ദൈവരാജ്യം അവകാശമാക്കുകയില്ല" (1 കോറി:6:10).**

സ്വവർഗ്ഗത്തിൽപ്പെട്ടവരോട് കാമോദ്ദീപകവും ശക്തവുമായ ഭാവനകൾ തുടർച്ചയായി ഉണ്ടാകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന പ്രവണതയെ സ്വവർഗ്ഗഭോഗമായി കരുതാം. കൗമാരപ്രായത്തിലുള്ളവർക്കു സ്വവർഗ്ഗത്തിൽപ്പെട്ടവരോട് ആകർഷണം ഉണ്ടാകും. അവരെ സ്വവർഗ്ഗഭോഗികൾ എന്നു പറയുന്നതു ശരിയല്ല. എന്നാൽ ഒരു ആകർഷണം വളരെ ശക്തമാകുകയും സ്വവർഗ്ഗവ്യക്തിയെ പിരിയാൻ പാടില്ലാത്ത മാനസികാവസ്ഥയിൽ എത്തിയാൽ, അതു സ്വവർഗ്ഗഭോഗത്തിലേക്ക് നയിക്കും.

കൗമാരപ്രായത്തിൽ ആണും പെണ്ണും ഇത്തരം പ്രലോഭനത്തിൽ ഉൾപ്പെടാറുണ്ട്.

സ്വവർഗ്ഗഭോഗികൾ ആയിരിക്കുന്നതിൽ അഭിമാനിക്കുന്നവരും, ഇത്തരം പ്രവൃത്തിക്ക് നിയമസംരക്ഷണം നൽകിക്കഴിഞ്ഞ രാജ്യങ്ങളും ഇന്നുണ്ട്. ഇതൊരു ലൈംഗിക വൈകൃതമാണെന്ന വിശ്വാസം ഇത്തരക്കാരുടെ മനസ്സാക്ഷിയിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. സ്വവർഗ്ഗഭോഗം ശിക്ഷാർഹമായ കുറ്റമായി കാണാൻ പറ്റുകയില്ല എന്നുള്ള സുപ്രീം കോർട്ടിന്റെ ഒരു അഭിപ്രായം വന്നപ്പോൾ, ആഹ്ലാദം കൊണ്ട് തുള്ളിച്ചാടുന്ന യുവാക്കളെയും യുവതികളെയും ടി.വിയിൽ കണ്ടു. സ്വവർഗ്ഗരതി മനുഷ്യപ്രകൃതിക്കും ധാർമ്മികതയ്ക്കും ദൈവവചനത്തിനും നിരക്കാത്ത വലിയതെറ്റാണെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ശക്തമായി ഇതിനെതിരായി സംസാരിക്കുന്നു. കാരണം, ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചത് പരസ്പരപൂരകമായ ശരീരമനസ്സുകൾക്ക് രൂപം നൽകിയത്, അവർ വിവാഹിതരായി, ഭാര്യാഭർത്താ

www.malankaralibrary.com



ക്കന്മാരായി ജീവിച്ച്, ആ സ്നേഹത്തിൽ നിന്ന് മക്കൾക്ക് ജന്മം നൽകാനാണ്. അങ്ങനെ മനുഷ്യവർഗം നിലനിറുത്തുവാനുള്ള ദൈവനിയോഗം ഏതു വ്യക്തിക്കും മനസ്സിലാകുന്ന യാഥാർത്ഥ്യമാണ്. ഈ പദ്ധതിയെ തകിടം മറിച്ച്, ആണും ആണും, പെണ്ണും പെണ്ണുമായി രമിച്ചു ജീവിക്കാനുള്ളതല്ല മനുഷ്യജീവിതം. ബൈബിളിൽ പഴയനിയമത്തിലും പുതിയ നിയമത്തിലും ഇത്തരം പ്രവൃത്തികളെ ഹീനപ്രവൃത്തിയായി പഠിപ്പിക്കുന്നു.

സ്വവർഗരതിയുടെ പ്രണേതാക്കൾ ഇതിനെ നീതീകരിക്കുവാൻ നാലഞ്ച് തെറ്റായ വാദമുഖങ്ങൾ പ്രചരിപ്പിക്കുന്നു.

1. ജന്മനാ തന്നെ സ്വവർഗ്ഗഭോഗികളായി ജനിക്കുന്നു. ഡോക്ടർ സൈമൺ ലെവായ് 1991–ൽ 41 മൃതശരീരങ്ങളുടെ തലച്ചോറിൽ പഠനം നടത്തി. ഇതിൽ 19 എണ്ണം സ്വവർഗ്ഗ ഭോഗികളുടേതായിരുന്നു, ബാക്കി 16 പുരുഷന്മാരും 6 സ്ത്രീകളും (Hetrosexual) ഇതര വർഗ്ഗ പ്രേമികളുടേതായിരുന്നു. സ്വവർഗ്ഗഭോഗികളുടെ തലച്ചോറിൽ ഒരു കൂട്ടം ന്യൂട്രോണുകൾ Hetrosexual വ്യക്തികളുടേതിനേക്കാൾ ചെറുതായിരുന്നു. ഈ വലിപ്പ കുറവ് സ്വവർഗ്ഗഭോഗത്തിനു കാരണമാകാം എന്ന് ഡോക്ടർ നിഗമനം ചെയ്തു. എന്നാൽ അദ്ദേഹം പഠിച്ച മൂന്നു ഇതരവർഗ്ഗഭോഗികളുടെ തലച്ചോറിലെ ന്യൂട്രോൺ ചെറുതായിരുന്നു. ഇതിൽ നിന്നും ഒടുവിൽ അദ്ദേഹം തന്നെ തന്റെ തിയറിയിൽ നിന്നു പിൻവാങ്ങി.

2. സ്വവർഗ്ഗഭോഗം ദോഷകരമല്ലാത്ത ഒരു പോംവഴിയാണ്. സ്വവർഗ്ഗഭോഗികൾ പറഞ്ഞു പ്രചരിപ്പിക്കുന്ന ഈ വാദഗതി സത്യത്തിനു നിരക്കുന്നതല്ല. ശാരീരികവും വൈകാരികവും ആത്മീയവുമായ തകർച്ചകൾ സ്വവർഗ്ഗരതിക്കാർക്ക് ഉണ്ടാകുന്നു.

ശാരീരികമായി ഇവരെ ക്ഷീണിപ്പിക്കുന്ന ശാരീരികപ്രശ്നങ്ങൾ കൂടാതെ, പല ലൈംഗിക രോഗങ്ങൾ ഉണ്ടാകുന്നു. ഹെപ്പറ്റൈറ്റീസ് ബി, ഗൊണോറിയാ, സിഫിലിസ് ഇതെല്ലാം ഗണത്തിൽപെടുന്നു. വഴിപിഴച്ച ലൈംഗികതയിൽ കൂടി ലഭിക്കുന്നതാണ് ഏറ്റവും അപകടകാരിയായ AIDS (എയ്ഡ്സ്) രോഗം. അമേരിക്കയിലെ ഒരു കണക്കനുസരിച്ച് ഇരുപതു വയസ്സുള്ള സ്വവർഗ്ഗഭോഗികളിൽ 30 ശതമാനം പേർ 30 വയസ്സിനകം AIDS രോഗം ബാധിച്ച് മരിക്കുന്നു.

സ്വവർഗ്ഗഭോഗികൾക്കുണ്ടാകാവുന്ന പ്രധാന വൈകാരിക പ്രശ്നം വിഷാദാവസ്ഥയാണ്. ഇതുമായി ബന്ധപ്പെട്ട ഏകാന്തതയു

www.malankaralibrary.com



ടെയും കുറ്റബോധത്തിന്റേതുമായ ഫീലിംഗ് ഉണ്ടാകുന്നു. ഇവയെ ശമിപ്പിക്കുവാൻ മദ്യത്തിൽ അഭയം തേടുന്നു. അല്ലെങ്കിൽ വീണ്ടും ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നു. സ്ത്രീ സ്വവർഗ്ഗഭോഗികളുടെ ബന്ധം വ്യക്തിയെ സ്വന്തമാക്കാനുള്ള ശക്തമായ പ്രേരണ, മറ്റുള്ള വരോട് അസൂയക്ക് അടിമയാക്കുന്നു.

3. സ്വവർഗ്ഗഭോഗികളിൽ സംഭവിക്കുന്ന ആത്മീയ തകർച്ച തികച്ചും, ശോചനീയമാണ്. ജീവന്റെ ഉറവിടമായ ദൈവത്തിൽ നിന്ന് അകന്നുമാറിയാൽ ജീവിതത്തിന്റെ തകർച്ചകളിൽ നിന്നു കരകയറാ മെന്നുള്ള മിഥ്യാധാരണ ഇവരെ കൂടുതൽ നിരാശയിലേക്ക് എത്തി ക്കുന്നു എന്നതാണ് സത്യം. പൊള്ളയായ, താൽക്കാലിക സുഖം, സ്ഥായിയായ സുഖവും സമാധാനവും തരുന്ന ദൈവത്തിൽ നിന്നു ള്ളതല്ല.

സോദോം ഗോമോറായിലെ പാപം സ്വവർഗ്ഗഭോഗമല്ലായിരു ന്നുവെന്നാണ് സ്വവർഗ്ഗഭോഗികൾ പറയുന്നത്. ലോത്തിന്റെ അടുക്കൽ വന്ന രണ്ടു ദൂതന്മാരോട് നഗരവാസികൾ ആതിഥ്യ മര്യാദ കാണി ച്ചില്ല, ഇതായിരുന്നു അവർ ചെയ്ത തെറ്റ്. അല്ലാതെ സ്വവർഗ്ഗരതിയ ല്ലായിരുന്നു ഉദ്ദേശ്യം. സ്വവർഗ്ഗഭോഗികൾ ഉന്നയിക്കുന്ന വാദമുഖമാ ണിത്. ഉൽപത്തി 19-ാം അദ്ധ്യായം വായിച്ചാൽ ഈ വാദഗതി തികച്ചും തെറ്റാണെന്നു മനസ്സിലാക്കാം. ''നിന്റെ അടുത്തു ഈ രാത്രിയിൽ വന്നവർ എവിടെ. അവരെ പുറത്തുകൊണ്ടുവരിക അവരുമായി സുഖ ഭോഗങ്ങളിൽ ഏർപ്പെടട്ടെ'', "Bring them out to us so that we can have Sex with them" (ഉൽപ:19:5). 'Yadah' എന്ന ഹീബ്രൂവാക്കാണ് 'have Sex with' എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഈ ഹീബ്രൂ വാക്കിന്, അവ രുമായി ഞങ്ങൾ പരിചയപ്പെടട്ടെ എന്നുള്ള അർത്ഥമേയുള്ളൂ, ആതി ഥ്യമര്യാദയുടെ ലംഘനം മാത്രമാണ് നടന്നത് എന്ന് സ്വവർഗ്ഗരതി ക്കാർ പറയുന്നു. ഈ അഭിപ്രായം നിലനിൽക്കുന്നതല്ല എന്നു തുടർ ന്നുള്ള വചനഭാഗങ്ങൾ വ്യക്തമാക്കുന്നു. നഗരവാസികളുടെ നിർബ ന്ധത്തിൽ ലോത്ത് പറയുന്നു. പുരുഷ സ്പർശമേൽക്കാത്ത (have no sex with) രണ്ടു പെൺമക്കൾ എനിക്കുണ്ട്. അവരെ നിങ്ങൾക്ക് വിട്ടു തരാം (ഉൽപ:19:8). ലോത്ത് ചെയ്യാമെന്നു പറഞ്ഞതു ഭയങ്കരമായ തെറ്റാണ്. അതിഥിയെ ലൈംഗികമായി ബലാത്സംഗം ചെയ്യുമെന്നുള്ള സാഹചര്യത്തിൽ, എങ്ങനെയെങ്കിലും അതിഥികളെ രക്ഷിക്കണമെ

www.malankaralibrary.com



ന്നുള്ള ആഗ്രഹത്തിൽ ഇത്ര കടുത്ത ഒരു പകരം വയ്പിനു (alternative) ലോത്ത് മുതിർന്നത്. പെൺമക്കളെ നൽകുന്നതുകൊണ്ട്, നഗരവാസികൾ തൃപ്തിപ്പെടും എന്ന് ലോത്ത് വിചാരിച്ചു. സോദോമിൽ നടത്തിയ ദൈവശിക്ഷ, സ്വവർഗ്ഗഭോഗത്തെ ശപിച്ചുകൊണ്ടുള്ള ശിക്ഷയായിരുന്നു. സ്ത്രീയെയും പുരുഷനെയും സൃഷ്ടിച്ച ദൈവത്തിന്റെ പദ്ധതിക്ക് കടകവിരുദ്ധമായ നിയമലംഘനമാണ് എല്ലാ സ്വവർഗ്ഗഭോഗവും.

റോമാ: 1:24–27, 1 കോറി: 6:9–10 വചനഭാഗങ്ങളിൽ സ്വവർഗ്ഗഭോഗത്തെ ദൈവരാജ്യത്തിൽ നിന്ന് പുറംതള്ളപ്പെടുന്ന ഹീനപ്രവൃത്തിയായി രേഖപ്പെടുത്തുന്നു. ഇത് പ്രായമായ പുരുഷന്മാരും കൊച്ചു ആൺകുട്ടികളും തമ്മിലുള്ള ലൈംഗികതയെപ്പറ്റിയാണ് പ്രതിപാദിക്കുന്നത് എന്ന് ആധുനിക സ്വവർഗ്ഗഭോഗികൾ പറയുന്നു. റോമാ: 1:24–27-ൽ സ്ത്രീകൾ സ്വാഭാവിക ബന്ധം ഉപേക്ഷിച്ച് പ്രകൃതിവിരുദ്ധ പ്രവൃത്തി ചെയ്യുന്നതിനെപ്പറ്റി പറയുന്നു. പുരുഷന്മാരും പ്രകൃതിവിരുദ്ധ പ്രവൃത്തികളിൽ മുഴുകുന്നു.

ഈ വചന ഭാഗങ്ങളിൽനിന്നു മനസ്സിലാകുന്നത്, പ്രായമായ പുരുഷന്മാരും കുട്ടികളുമായുള്ള ബന്ധമല്ല, പുരുഷന്മാർ പുരുഷന്മാരുമായും സ്ത്രീകൾ സ്ത്രീകളുമായുള്ള പ്രകൃതിവിരുദ്ധ (Lesbinism) ബന്ധത്തെയാണ് തിന്മയായി വചനം പറയുന്നത്. ''ഒരുവൻ സ്ത്രീയോടുകൂടെ എന്നതുപോലെ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും ഹീനപ്രവൃത്തിയാണ് ചെയ്യുന്നത്'' (ലേവ്യ:20:13). 'പുരുഷനോടുകൂടെ നീ ശയിക്കരുത്. അതു മ്ലേച്ഛമാണ്' (ലേവ്യ:18:22). Arscnokoites എന്ന ഗ്രീക്ക് വാക്കാണ് സ്വവർഗ്ഗരതിയെ സൂചിപ്പിക്കുന്നത്.

4. സ്വവർഗ്ഗഭോഗികൾക്ക് അതിൽ നിന്നും മാറ്റം വരുത്തുവാൻ സാധിക്കുകയില്ല എന്ന തെറ്റായ പഠനമാണ് വേറെയൊന്ന്, ഇതും ശരിയല്ല. കോറിന്തോസ്സിലുള്ള ചിലർ സ്വവർഗ്ഗഭോഗികളായിരുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയ്ക്ക് അവരെ അതിൽ നിന്നും മാറ്റാൻ സാധിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നു (1 കോറി:6:10–11). ''നിങ്ങളിൽ ചിലർ ഇത്തരക്കാരായിരുന്നു. എന്നാൽ നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുകയും പവിത്രീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തു.''

www.malankaralibrary.com



## സ്വവർഗ്ഗഭോഗപ്രവണത എങ്ങനെ രൂപംകൊള്ളുന്നു

തുല്യ പ്രായക്കാർ തമ്മിലുള്ള കൂട്ടുകെട്ട്, സഹവാസം സ്വവർഗ്ഗരതിയിലേക്ക് നയിക്കാവുന്ന ഘടകമാണ്. കൗമാര പ്രായത്തിലുള്ളവർ ഒന്നിച്ചു ഹോസ്റ്റലിലുള്ള താമസം, ഒരേ വർഗ്ഗത്തിലുള്ളവർ ജയിലിൽ ഒന്നിച്ചുള്ള സഹവാസം, ഇവ സ്വവർഗ്ഗരതി സാധ്യത വർദ്ധിപ്പിക്കുന്നു. ലൈംഗികമായി ചെറുപ്പത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടിട്ടുള്ള കുട്ടികൾക്ക് ഈ പ്രവണത ഉണ്ടാകാം. മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽ വരുന്ന പാകപ്പിഴകൾ, പിന്നീട് മക്കൾ സ്വവർഗ്ഗരതിയിൽ ആകർഷിക്കപ്പെടാനുള്ള വേറൊരു സാഹചര്യമാണ്.

സ്വവർഗ്ഗ ആകർഷണത്തിന്റെ പിടിയിൽ വിഷമിക്കുന്ന പലരിൽ നിന്നും ലഭിക്കുന്ന കാര്യം, അവരുടെ വർഗ്ഗത്തിലെയോ എതിർവർഗ്ഗത്തിലെയോ മാതാപിതാക്കളിൽ നിന്ന് ശിശു പ്രായത്തിൽ അവർക്ക് നിരാശയോ, നിരസനമോ (rejection) ലഭിക്കുന്നു. എല്ലാ കുട്ടികളും അവരുടെ ലൈംഗികതയിൽപെട്ട മാതാവിനോടോ പിതാവിനോടോ വൈകാരികമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു. ഇത് കുട്ടികളുടെ തുടർന്നുള്ള മാനസിക വളർച്ചയിൽ പ്രധാനഘടകമാണ്. എന്നാൽ, അവരുടെ ലൈംഗികതയിൽപെട്ട മാതാവിനോടോ പിതാവിനോടോ ഉള്ള വൈകാരിക ബന്ധം നഷ്ടപ്പെട്ടാൽ, വളർച്ചയിൽ അപാകത സംഭവിക്കുന്നു. ഈ ബന്ധം നഷ്ടപ്പെടൽ, യഥാർത്ഥമാകാം, തോന്നലാകാം. ഇത് നഷ്ടപ്പെട്ട്, ശൂന്യമായ, അരക്ഷിതമായ അവസ്ഥയിൽ ആൺകുട്ടിയും പെൺകുട്ടിയും എത്തുന്നു. കാര്യമായ എന്തോ നഷ്ടപ്പെട്ടു എന്ന ചിന്ത, ഇത് ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും വ്യക്തിത്വത്തെ ബാധിക്കുന്നു. അമ്മയോ അപ്പനോ കുട്ടികളിൽ നിന്ന് അകന്ന് ജോലിസ്ഥലത്തിലായിരിക്കാം. അടുത്തായാലും, കുട്ടിക്ക് കിട്ടേണ്ട സ്നേഹം, പരിഗണന കിട്ടാതെ പോകുന്നു. ഇതും കുട്ടികളിൽ ദോഷമായി ബാധിക്കും. ഓരോ കുട്ടിയും മാതാപിതാക്കളിൽ അവരുടെ ലൈംഗികതയിൽപെട്ട ആളിനോട് വൈകാരികമായി വളരെ അടുക്കുമ്പോൾ, അവരിലെ സ്ത്രീത്വം, പുരുഷത്വം പൂർണ്ണതയിൽ വളരുന്നു എന്ന തോന്നൽ അനുഭവപ്പെടുന്നു. ചില കുട്ടികൾ, ഉള്ളിൽ ആഗ്രഹമുണ്ടെങ്കിലും, സ്വവർഗ്ഗത്തിൽപെട്ട മാതാപിതാക്കളിൽ നിന്ന് ആഗ്രഹം മറച്ചുവയ്ക്കുന്നു. അവരോട് അവിശ്വാസവും കോപവും

www.malankaralibrary.com



തോന്നുന്നു. എന്നാൽ ഉള്ളിൽ നിന്ന് ഈ വൈകാരികബന്ധം മാറുന്നില്ല. ഇവർ യുവത്വത്തിലേക്ക് വളരുമ്പോൾ, മാതാവിൽ നിന്നോ പിതാവിൽ നിന്നോ നഷ്ടപ്പെട്ട സ്നേഹം, ലൈംഗിക ആഗ്രഹമായി സ്വവർഗ്ഗത്തിൽപെട്ടവരോട് ഉണ്ടാകുന്നു. നഷ്ടപ്പെട്ട സ്നേഹം, ആഗ്രഹം പ്രായമായവരോട് ലൈംഗികമായി ഭാവനയിൽ ഉണരുന്നു. ഇത് സ്വവർഗ്ഗഭോഗത്തിലേക്ക് നയിക്കാം.

എതിർ വർഗ്ഗത്തിൽപെട്ട മാതാപിതാക്കളിൽ നിന്ന് കുട്ടിക്ക് ഉണ്ടാകുന്ന വേറെ ഒരനുഭവം. ഉദാ: ഒരു അമ്മ കുട്ടിയോട് ആവശ്യമില്ലാത്ത വൈവാഹിക പ്രശ്നങ്ങൾ പറയുന്നു. അപ്പന്റെ പെരുമാറ്റത്തെക്കുറിച്ച് പറഞ്ഞ് ആൺകുട്ടിയെ അപ്പനിൽ നിന്ന് അകറ്റുന്നു. അമ്മ മകനെ സ്വന്തമാക്കാനുള്ള (Possessive) കരുക്കൾ ഒരുക്കുന്നു. അമ്മ പറയുന്നതെല്ലാം കേട്ട് വളരുന്ന ആൺകുട്ടി, ഒരു ആണിന്റെ തന്റേടമോ പ്രവർത്തനശേഷിയോ ഇല്ലാതെ എന്നും അമ്മയുടെ കുഞ്ഞായി ഇരിക്കുന്നു. ഇതുപോലെതന്നെ മകളെ എന്നും മകനായി കണ്ടു വളർത്തുന്ന പിതാവ്, പെൺകുട്ടിയുടെ സ്ത്രൈണഭാവം വളരാൻ അനുവദിക്കുന്നില്ല. ഈ മക്കൾക്കെല്ലാം അവരുടെ ദാമ്പത്യജീവിതത്തിൽ പ്രശ്നം ഉണ്ടാകും. ആ വിഷയം ഇവിടെ ഇപ്പോൾ ചിന്തിക്കുന്നില്ല. സ്വവർഗ്ഗത്തിൽപെട്ട മാതാപിതാക്കളിൽ നിന്നും തിരസ്ക്കരിക്കപ്പെടുകയോ, എപ്പോഴും വിമർശന വിധേയമാകുകയോ ചെയ്യപ്പെടുന്ന കുട്ടികളിൽ സ്വവർഗ്ഗഭോഗത്തിന്റെ വിത്തു വിതയ്ക്കപ്പെടുന്നു. സ്വവർഗ്ഗരതിയിൽ കൂടി മാതാപിതാക്കളോട് പ്രതികാരം ചെയ്യുന്നു.

ചെറുപ്രായത്തിൽ ലൈംഗികമായി ദുരുപയോഗപ്പെട്ട കുട്ടികൾ, സ്വവർഗ്ഗരതിയിൽ ഉൾപ്പെടാനുള്ള സാധ്യത കൂടുതലാണ്. പ്രായമായവർ, മുതിർന്ന ആൺകുട്ടികൾ കൊച്ചു ആൺകുട്ടികളെ ദുരുപയോഗം ചെയ്യാം. അതുപോലെ, കൊച്ചു പെൺകുട്ടികൾ കുടുംബത്തിൽ അടുത്ത ബന്ധു, സ്നേഹിതർ, അധികാരസ്ഥാനത്തുള്ളവർ, ഇവരാൽ ദുരുപയോഗം ചെയ്യപ്പെടുന്നു.

ഈ തിന്മയിൽപെട്ടവർ, അസ്വസ്ഥ ഹൃദയത്തിന്റെ ഉടമകളാണ്. ആരോടും ഇവർക്ക് സ്ഥായിയായ, ആഴമായ സ്നേഹമില്ല. ഒരു വ്യക്തിയിൽ നിന്നും മാറി വേറൊരാളെ കൂട്ടുപിടിക്കുന്നു. എല്ലാ തിന്മകളെപ്പോലെ ഇതും സ്വന്തം ഇഷ്ടം പോലെ പ്രവർത്തിക്കുന്ന, എല്ലാ ഉത്തരവാദിത്തവും ദൈവികനിയമവും കാറ്റിൽ പറത്തിയുള്ള ജീവിത

www.malankaralibrary.com



മാണ്. ഇവർ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിത്തീരുന്നു. മനസ്സിന്റെ വിഷാദം തീർക്കാൻ മദ്യ സേവ നടത്തുന്നു.

റോമാ:1:18-26 വരെയുള്ള ഭാഗങ്ങളിൽ, ദൈവത്തെക്കുറിച്ചുള്ള സത്യത്തിന്റെ അവഗണനയും സ്വവർഗ്ഗഭോഗവും തമ്മിൽ ബന്ധപ്പെടുത്തി പ്രതിപാദിക്കുന്നു. ദൈവത്തെ അറിഞ്ഞ് മഹത്ത്വപ്പെടുത്താത്തതിന്റെ ഫലമായി ഹൃദയം അന്ധകാരത്തിലാകുന്നു. അന്ധകാരമായ ഹൃദയത്തിൽ നിന്ന് ദൈവം പുറംതള്ളപ്പെടുന്നു. അവിടെ തിന്മ കുടിയിരിക്കുന്നു. ഇപ്രകാരമുള്ള മനുഷ്യരെ നിന്ദ്യമായ വികാരങ്ങൾക്ക് വിട്ടുകൊടുത്തു എന്നുപറയുന്നു. ഇവർ സ്വാഭാവിക ബന്ധങ്ങൾക്കു പകരം പ്രകൃതിവിരുദ്ധബന്ധങ്ങളിൽ ഏർപ്പെട്ടു, ദൈവത്തെ മാറ്റി നിറുത്തി സ്വതന്ത്രജീവിതത്തിലേക്കുള്ള തെറ്റായ അഭിവാഞ്ഛ എല്ലാ തിന്മയിലും കാണാം. ദൈവത്തിന്റെ പദ്ധതിയെ തകിടംമറിക്കുന്ന ഏറ്റവും ഹീനമായ പാപമാണ് സ്വവർഗ്ഗഭോഗം.

ലൈംഗിക വൈകൃതത്തെപ്പറ്റി പറയുമ്പോൾ, അതു സ്വവർഗ്ഗഭോഗമോ, വ്യഭിചാരമോ എന്തുമാകട്ടെ മനുഷ്യനെക്കുറിച്ചുള്ള ക്രിസ്തീയ കാഴ്ചപ്പാടില്ലാതെ, അവയുടെ സന്മാർഗ്ഗ, അസന്മാർഗ്ഗ സ്വഭാവത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് ലഭിക്കുകയില്ല. മനുഷ്യശരീരം മൃഗത്തിന്റെ ശരീരം പോലെയേയുള്ളൂ, ശരീരത്തിന്റെ പ്രവണതകൾ മൃഗസമാനമാണ് എന്നുള്ള ചിന്ത പുലർത്തുന്ന വ്യക്തിക്കോ, സമൂഹത്തിനോ ശരീരത്തിന്റെ പരിശുദ്ധിയെക്കുറിച്ച് ചിന്തിക്കുവാൻ സാധ്യമല്ല. വെറും മണ്ണിൽ നിന്നെടുത്ത ശരീരത്തിൽ ദൈവാത്മാവിനെ ദൈവം തന്നെയാണ് നിവേശിപ്പിച്ചത്. ഈ ശരീരം ദൈവത്തിന്റെ ആലയമാണെന്നു വചനം പറയുന്നു. ''നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ, ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ'' (1 കോറി:3:16-17). എന്റെ ശരീരം ദൈവത്തിന്റെ ആലയമാണെങ്കിൽ, അപരന്റെ ശരീരവും ദൈവത്തിന്റെ ആലയമാണ്. അപ്പോൾ ഞാനും നീയും രണ്ടു ക്ഷേത്രങ്ങളാണ്. ബഹുമാനത്തോടെ, ആദരവോടെ സമീപിക്കേണ്ട ദൈവാലയങ്ങൾ. ഈ സത്യം ചെറുപ്പത്തിൽതന്നെ കുഞ്ഞുങ്ങളോടു പറഞ്ഞു മനസ്സിലാക്കി കൊടുക്കണം. അപരന്റെ ശരീരത്തെ എന്റെ ഭോഗ

www.malankaralibrary.com



വസ്തു ആക്കാനുള്ളതല്ല എന്നുള്ള ബോധ്യം കുട്ടികളിൽ ജനിപ്പിക്കണം. തകർന്ന കുടുംബങ്ങളിൽ, സന്മാർഗ്ഗചിന്തയില്ലാത്ത മാതാപിതാക്കൾക്ക് ഇത്തരം ദൈവികസത്യങ്ങൾ കുട്ടികളിൽ സന്നിവേശിപ്പിക്കുവാൻ സാധിക്കുകയില്ല. സ്വവർഗ്ഗഭോഗത്തിനായി മുറവിളി കൂട്ടുന്ന രാജ്യങ്ങളിലെല്ലാം കുടുംബബന്ധങ്ങളുടെ തകർച്ച കാണാം. പ്രസ്തുത തകർച്ചയിൽ ജനിച്ചുവളരുന്ന കുട്ടികൾ സ്വവർഗ്ഗഭോഗികൾ ആകുന്നതിന് അത്ഭുതപ്പെടാനില്ല. ദൈവികമായ ഉൾക്കാഴ്ച കുടുംബങ്ങളിൽ ഉണ്ടാകുവാൻ, സഭാതലത്തിൽ നിന്ന് തീവ്രമായ പരിശ്രമം ഉണ്ടാകണം. ഇത്തരം ഹീനപ്രവൃത്തികളെ കുറച്ചു കൊണ്ടു വരാൻ ഇതേയുള്ളൂ മാർഗ്ഗം. ഒരു കാലയളവിൽ സ്കൂളുകളിൽ സന്മാർഗ്ഗ ശാസ്ത്രം പഠിപ്പിച്ചിരുന്നു. ഇപ്പോൾ ഇതെല്ലാം സ്കൂളുകളിൽ നിന്നു പടിയിറക്കിയിരിക്കുകയാണ്. പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ.

സ്വവർഗ്ഗഭോഗം പാപമാണെന്ന് അംഗീകരിക്കുകയും ഇതിനു അടിമപ്പെട്ടവരെ, സ്നേഹപൂർവ്വം സമീപിക്കുകയും വേണം. ഈ ബന്ധനത്തിൽ നിന്നും മോചനം ലഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തി വേണം. നല്ല കുടുംബജീവിതം നയിക്കുന്നവരോടു സഹകരിക്കാൻ പ്രേരിപ്പിക്കണം. സ്വവർഗ്ഗകൂട്ടുകാരിൽ നിന്ന് അകന്ന് നല്ല സഭാകൂട്ടായ്മയിൽ ഉൾപ്പെടുത്തണം. യഥാർത്ഥ സ്നേഹത്തെക്കുറിച്ച് ഉൾക്കാഴ്ച കൊടുക്കണം. ഏതു പാപവും പൊറുക്കുന്ന യേശുവിന്റെ സന്നിധാനത്തിൽ നയിച്ച് പാപപ്പൊറുതി പ്രാപിക്കാൻ പ്രേരിപ്പിക്കണം. ഉള്ളു തുറന്ന കുമ്പസാരം ഇതിനു സഹായിക്കും.

‘‘ജഡമോഹങ്ങൾ നിങ്ങളെ കീഴ്പ്പെടുത്തുവാൻ തക്കവിധം പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ. നിങ്ങളുടെ അവയവങ്ങളെ അനീതിക്ക് ഉപകരണമായി പാപത്തിനു സമർപ്പിക്കരുത് (റോമാ 6:12-14; 1 കോറി:6:10).

സ്വവർഗ്ഗത്തിൽപെട്ട ആളുകളോടു മാത്രമുള്ള ലൈംഗിക ബന്ധമാണ് സ്വവർഗ്ഗഭോഗം. ഇതിന്റെ മനഃശാസ്ത്രപരമായ കാരണം വളരെ അവ്യക്തമായി നിലനിൽക്കുന്നു. അവയെ തികഞ്ഞ അധഃപതനമായി വി.ഗ്രന്ഥം വിലയിരുത്തുന്നു. പാരമ്പര്യം എപ്പോഴും സ്വവർഗ്ഗപ്രവൃത്തികൾ അവയുടെ സഹജമായ പ്രകൃതിയാൽത്തന്നെ ക്രമരഹിതമാണ് എന്നു പ്രഖ്യാപിച്ചിട്ടുണ്ട്. അവ സ്വാഭാവികനിയമത്തിനും എതി

www.malankaralibrary.com



രാണ്. അവ ലൈംഗികപ്രവൃത്തിയുടെ ജീവദായകത്വത്തെ മുൻകൂട്ടി ഒഴിവാക്കുന്നു. അവയെ യാതൊരു സാഹചര്യത്തിലും അംഗീകരി ക്കുവാൻ സാധ്യമല്ല.

"സ്വവർഗ്ഗഭോഗപ്രവണതയുള്ള സ്ത്രീപുരുഷന്മാരുടെ എണ്ണം അവഗണിക്കാവുന്നതല്ല. ക്രമരഹിതമായ ഈ പ്രവണത അവരിൽ ഭൂരിഭാഗത്തിനും ഒരു പരീക്ഷണം തന്നെയാണ്. ആദരവോടും സഹാ നുഭൂതിയോടും, പരിഗണനയോടും കൂടി അവരെ സ്വീകരിക്കണം" (No. 2357 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

"സ്വവർഗ്ഗപ്രവണതയുള്ള വ്യക്തികൾ ശുദ്ധതയിലേക്ക് വിളിക്ക പ്പെട്ടിരിക്കുന്നു. ആന്തരികസ്വാതന്ത്ര്യം അഭ്യസിപ്പിക്കുന്ന ആത്മനിയ ന്ത്രണത്താലും ചില സ്വാർത്ഥരഹിതമായ സുഹൃദ്ബന്ധത്തിന്റെ സഹായത്താലും പ്രാർത്ഥനയുടെയും കൗദാശിക കൃപാവരത്തിന്റെ ശക്തിയാലും അവർക്ക് ക്രമേണ ക്രിസ്തീയ പൂർണ്ണത പ്രാപിക്കു വാൻ സാധിക്കുന്നതാണ്. സാധിക്കേണ്ടതാണ്" (No. 2359 - കത്തോ ലിക്കാസഭയുടെ മതബോധനഗ്രന്ഥം).

www.malankaralibrary.com

# ആത്മഹത്യ

**"നീ കൊല്ലരുത്" (പുറ. 20:14).**

ജീവൻ എന്ന പ്രതിഭാസത്തിന്റെ ചുരുൾ പൂർണ്ണമായി അഴിക്കുവാൻ മനുഷ്യൻ എന്നും ശ്രമിച്ചിട്ടുണ്ട്. ശാസ്ത്രജ്ഞന്മാർ അവരുടെ പഠനം തുടരുന്നു. ജീവന്റെ ഉത്ഭവം എവിടെനിന്ന്, മനുഷ്യന്റെ ജീവൻ എന്നും നിലനിർത്തുവാൻ സാധിക്കുമോ, ജീവൻ വന്ന കണിക കണ്ടുപിടിക്കാനുള്ള ശ്രമം ഇന്നും നടക്കുന്നു. അതു കണ്ടുപിടിച്ചു എന്നു ചില അവകാശവാദങ്ങൾ കേൾക്കുന്നു. എന്നാൽ ജീവൻ ഇന്നും ഉത്തരം ശാസ്ത്രീയമായി കിട്ടാത്ത പ്രഹേളികയായി തുടരുന്നു. മൃഗങ്ങൾക്കും പക്ഷികൾക്കുമെല്ലാം ജീവനുണ്ട്. മനുഷ്യനു ജീവനുണ്ട്. എന്നാൽ മനുഷ്യജീവൻ മൃഗങ്ങളിലും മറ്റുമുള്ള ജീവനെക്കാൾ വ്യത്യസ്തമാണെന്നു എല്ലാവർക്കും അറിയാം. കാരണം, ലോകത്തിനു രൂപാന്തരം വരുത്തുവാൻ കഴിവുള്ള ബുദ്ധിയും, വിവേകവും മനുഷ്യനിൽ മാത്രം കാണുന്നു. ഈ മനുഷ്യന് ബുദ്ധിശക്തിയോടൊപ്പം സ്വാതന്ത്ര്യവുമുണ്ട്. നന്മയും തിന്മയും വേർതിരിച്ചറിയുവാനും, നന്മയോ തിന്മയോ ജീവിതത്തിൽ തിരഞ്ഞെടുക്കുവാനും കഴിയുന്നു. ഈ കാരണത്താൽ മനുഷ്യന് അപരനിലുള്ള ജീവനെയും തന്റെ ജീവനെയും നശിപ്പിക്കുവാൻ കഴിയും. അപരനെ കൊല്ലുക എന്നത് തെറ്റും ഹീനവുമായ പ്രവൃത്തിയാണെന്നു എല്ലാ നല്ല മനുഷ്യരും സമ്മതിക്കും. അതിലും ജുഗുപ്സാവഹമാണ് സ്വയം കൊല്ലുന്നത്. ആത്മഹത്യ എന്ന പാതകം മനുഷ്യ മനഃസാക്ഷിയിൽ നടുക്കം സൃഷ്ടിക്കുന്നതാണ്. രോഗത്താലോ പ്രായത്താലോ ഒരാൾ മരിക്കുന്നതു സ്വാഭാവികമാണ്. എന്നാൽ ബോധപൂർവ്വം ഏതെങ്കിലും മാർഗ്ഗം അവലംബിച്ച് സ്വന്തം ജീവൻ എടുക്കുന്നത് വലിയ ദുഃസൂചനയായും ശാപമായും കരുതപ്പെടുന്നു. ഒരു ഭവനത്തിൽ ഒരാൾ ആത്മഹത്യ ചെയ്യുന്നതും അവിടെതന്നെ ഒരാൾ സ്വാഭാവികമായി മരിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

www.malankaralibrary.com



സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിൽ ആത്മഹത്യ യുടെ കാര്യത്തിലും ഒന്നാം സ്ഥാനത്തു നിൽക്കുന്നു എന്നത് തികച്ചും ഞെട്ടിപ്പിക്കുന്ന സത്യമാണ്. ഇന്ത്യയിൽ മറ്റെല്ലാ സംസ്ഥാനത്തെയും പിന്നിലാക്കിക്കൊണ്ട് ആത്മഹത്യ ഇവിടെ മുന്നേറിക്കൊണ്ടിരിക്കു കയാണ്. ഓരോ ദിവസത്തെയും പത്രത്താളുകളിൽ ഒരു പിടി ആത്മ ഹത്യാ വാർത്തകൾ, ചിലപ്പോൾ ആത്മഹത്യ ചെയ്തവരുടെ ഫോട്ടോ കൾ ഉൾപ്പെടെ കാണാൻ കഴിയും. തൂങ്ങിമരണം, വിഷം ഉള്ളിൽ ചെന്നു മരണം, ട്രെയിനിന്റെ മുമ്പിൽ ചാടി മരണം, ദേഹത്ത് പെട്രോൾ ഒഴിച്ച് തീ കത്തിച്ച് മരണം, അച്ഛനും അമ്മയും മക്കളും ഒന്നിച്ചുള്ള മരണം ഇങ്ങനെ പോകുന്നു വാർത്തകൾ. ഈ സംഭവം ആഘോഷമാക്കി മാറ്റുന്ന ടി.വി. ചാനലുകളുമുണ്ട്.

ആത്മഹത്യാ നിരക്കുകൾ ഇത്രമാത്രം വർദ്ധിക്കുവാനുള്ള ചില കാരണങ്ങളെപ്പറ്റി ചിന്തിക്കാം.

പരീക്ഷാഫലം വരുമ്പോൾ പല കുട്ടികളുടെയും ആത്മഹത്യാ സംഭവം കേൾക്കാം. പരീക്ഷയിൽ ഉന്നതമാർക്ക് ലഭിച്ചില്ല. മാതാപി താക്കളുടെ പ്രതീക്ഷയ്ക്കൊത്തുള്ള മാർക്കില്ല, കൂടെ പഠിക്കുന്നവർക്ക് ലഭിച്ച മാർക്ക് ലഭിച്ചില്ല, എന്നുള്ള പേരിൽ മാതാപിതാക്കളിൽ നിന്നു കിട്ടിയ ശകാരം ഇതൊക്കെയാണ് ആത്മഹത്യക്കുള്ള കാരണങ്ങൾ.

മാർക്ക് കുറഞ്ഞതിന്റെ പേരിൽ ജീവിതം പോയി എന്ന ചിന്ത ബാലിശമാണ്. പഠനത്തിൽ മോശമായിരുന്നവരും നല്ല മാർക്ക് ലഭി ക്കാത്തവരുമായ വളരെ പേർ, പേരുകേട്ട ശാസ്ത്രജ്ഞന്മാരായി തീർന്നിട്ടുണ്ട്. ഉദാ: ഐൻസ്റ്റീൻ, ന്യൂട്ടൻ. മാതാപിതാക്കളിൽനിന്ന് കുട്ടികൾക്ക് കിട്ടുന്ന സമ്മർദ്ദവും പലപ്പോഴും വഴിവിട്ടതാണ്. ''എന്റെ മകൻ, മകൾ ഡോക്ടർ ആകണം. എഞ്ചിനീയർ ആകണം. അതിനു നല്ല മാർക്കു കിട്ടണം എന്ന് അവർ നിരന്തരം ചെലുത്തുന്ന സമ്മർദ്ദം, കുട്ടികളിൽ വലിയ ടെൻഷൻ (പിരിമുറുക്കം) സൃഷ്ടിക്കും. ലോക ത്തിൽ ഡോക്ടറും എഞ്ചിനീയറുമേയുള്ളോ? വേറെ മാന്യമായ ഒരു ജീവിതരീതിയും ഇല്ലേ? അണുകുടുംബമായതിനാൽ, പല മാതാപി താക്കളും മക്കളെ കോംപ്ലാൻ ബോയിയും ഗേളുമായി വളർത്തി, ഇറ ച്ചിക്കോഴികളെപ്പോലെ പെട്ടെന്നു വണ്ണം വയ്ക്കാനുള്ള വ്യഗ്രത കാണിക്കുന്നു. കുട്ടികളെ ബുദ്ധിമുട്ടുകൾ ഒന്നും അറിയിക്കുകയില്ല. കുട്ടികൾ ചെയ്യേണ്ട ചെറിയ ജോലികൾ പോലും മാതാപിതാക്കൾ ചെയ്യുന്നു. കുട്ടികളുടെ പാന്റിന്റെ, ഉടുപ്പിന്റെ ബട്ടൺസ് പോലും അവ രെക്കൊണ്ട് ചെയ്യിക്കാതെ മാതാപിതാക്കൾ ഇട്ടുകൊടുക്കുന്നതു

www.malankaralibrary.com



കണ്ടിട്ടുണ്ട്. മറ്റു കുട്ടികളുമായി സമ്പർക്കം പുലർത്താനോ, കളിക്കുവാനോ സാഹചര്യമില്ല. സ്കൂൾ, ട്യൂഷൻ ഇവയുമായി ജീവിതം നീങ്ങുന്നു. മുമ്പൊക്കെ ചെറിയ വീട്ടിൽ, ഒരു മുറിയിൽ 3-4 കുട്ടികൾ കളിച്ചും ചിരിച്ചും ഉള്ള സാഹചര്യത്തിൽ ഉണ്ടും ഉറങ്ങിയും കഴിഞ്ഞു. ജീവിതത്തിന്റെ കഷ്ടപ്പാടുകൾ അറിയാതെ വളരുന്ന കുട്ടികൾ, ചെറിയ ബുദ്ധിമുട്ടുകൾ, തകർച്ചകൾ വരുമ്പോൾ, മാനസിക പക്വത ഇല്ലാത്തതിനാൽ തളർന്നുപോകുന്നു. ആരെങ്കിലും ഒന്നു ശാസിച്ചാൽ അതു ഉൾക്കൊള്ളാനുള്ള മനക്കരുത്ത് ഇല്ല. ഈ കാരണം മതി ആത്മഹത്യ ചെയ്യാൻ. കൃഷി ചെയ്യാൻ നിലം നന്നായി ഉഴുതു മറിച്ച്, പാകമാക്കിയാണ് വിത്തു വിതയ്ക്കുന്നത്. ആ പ്രക്രിയ ഇല്ലാതെ, വിത്തു വിതച്ചാൽ ഫലമില്ല. "ഈ നിലം ഉഴുതു മറിക്കരുത്, എനിക്ക് നോവ് സഹിക്കാൻ പറ്റില്ല. ഞാൻ നേരത്തെ ആയിരുന്ന അവസ്ഥയിൽ കിടന്നുകൊള്ളട്ടെ" എന്നു ഭൂമി പറഞ്ഞാലുള്ള അവസ്ഥ എന്താണ്. കുട്ടികളുടെ മാനസിക പക്വതാവളർച്ചയിൽ, സമയോചിതമായ ശിക്ഷണവും, ബുദ്ധിമുട്ടുകൾ സഹിക്കുവാനും ഏറ്റെടുക്കുവാനുമുള്ള മനോഭാവവും ഉണ്ടായിരിക്കണം. അല്ലെങ്കിൽ അവർ തൊട്ടാവാടി സ്വഭാവക്കാരായി തീരും. അവരുടെ ആഗ്രഹങ്ങൾ നടന്നില്ലെങ്കിൽ മറുതലിക്കും, ആത്മഹത്യ ചെയ്യും. സ്കൂളിൽ പോകാൻ ഒരു ഫർലോങ്ങ് അകലമേ ഉള്ളുവെങ്കിലും, വാഹനമുള്ള മാതാപിതാക്കൾ അവരെ വാഹനത്തിൽ കൊണ്ടുപോകുകയോ, ബസ്സിൽ വിടുകയോ മാത്രം ചെയ്യും. ആഹാരം പോലും അവരുടെ താളത്തിനൊത്തു ഉണ്ടാക്കിക്കൊടുക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ വളരുന്ന, വളർത്തുന്ന കുട്ടികൾ, മാനസികമായി ദൗർബല്യം ഉള്ളവരാണ്. ഇവർ വിവാഹിതരായാലും പ്രശ്നം സൃഷ്ടിക്കുന്നവരായിരിക്കും.

## ധൂർത്തും ആഡംബരജീവിതവും

ഉപഭോഗസംസ്ക്കാരത്തിന്റെ അടിമകളായി തീർന്നവർ, മറ്റുള്ളവർ കാണിക്കുന്ന ധൂർത്തു ജീവിതം സ്വന്തം ജീവിതത്തിൽ തുടങ്ങും. വരവിൽകവിഞ്ഞ് ചിലവാക്കും. കണ്ണിൽ കണ്ടതെല്ലാം വാങ്ങിച്ചുകൂട്ടും. ഇത് ആവശ്യമുണ്ടോ എന്നതല്ല കാര്യം, അയൽപക്കത്തുള്ളവന് ഇതുണ്ട് എന്നതാണ് കാരണം. അടുത്തുള്ളവനുള്ള വലിയ കെട്ടിടത്തേക്കാൾ മെച്ചപ്പെട്ട വീട് വേണം. അയൽവാസികൾക്ക് ഉള്ളതിനാൽ, ഞാനും ഒട്ടും കുറയാൻ പാടില്ല എന്നുള്ള ചിന്ത. പണം ഇല്ലെങ്കിൽ കടം എടുക്കും. ബാങ്കിൽ നിന്നും അമിതപലിശ വാങ്ങുന്ന

www.malankaralibrary.com



ഏജൻസികളിൽ നിന്നും എത്ര രൂപാ വേണമെങ്കിലും ലോൺ കിട്ടും. ധൂർത്തും ആഡംബരജീവിതവും നയിച്ച് നീങ്ങുമ്പോൾ, കടം വീട്ടാതെ കടത്തിന്റെ മേൽ കടമായി ജപ്തി നോട്ടീസ് വരുന്നു. കടം തന്നവരുടെ ഗുണ്ടകൾ വന്ന് പണം ചോദിക്കുന്നു. പണം തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ല. കണ്ടുപിടിച്ച മാർഗ്ഗം ആത്മഹത്യ. വീട്ടുകാരൻ തനിച്ച് മരിച്ചാൽ ശരിയാകയില്ല. ഭാര്യയും മരിക്കണം. രണ്ടുപേരും പോയാൽ കുഞ്ഞുങ്ങൾ അനാഥരാകുമല്ലോ, അവരെയും കൊന്നുകളയാം. വിഷം കഴിച്ച് അപ്പനും അമ്മയും മൂന്നു മക്കളും ആത്മഹത്യ ചെയ്തു എന്ന പത്രവാർത്ത. ഇവിടെ ഒരാളുടെ മാത്രം ആത്മഹത്യ, മറ്റുള്ളവരെ കൊന്നതാണ് എന്നാണു പറയേണ്ടത്.

**മദ്യപാനം** – മദ്യപാനികളുടെ എണ്ണം കേരളത്തിൽ ഭീതിജനകമാംവിധം വർദ്ധിക്കുകയാണ്. ഹൈസ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾ വരെ ഇതിന്റെ പിടിയിൽ വന്നുകൊണ്ടിരിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യം മദിപ്പിക്കുന്ന വസ്തുവാണല്ലോ. ആദ്യം മദ്യം കുടിക്കുന്നു. പിന്നെ മദ്യം മദ്യത്തെ കഴിക്കുന്നു. പിന്നീട് മദ്യം മനുഷ്യനെ കുടിക്കുന്നു. മദ്യാസക്തി വളർന്ന് ഈ അവസ്ഥയിലായാൽ, മദ്യപിക്കാതെ ഈ വ്യക്തിക്ക് ജീവിക്കാനെ പറ്റില്ല. മദ്യാസക്തി വളർന്ന് പിൻവലിയൽ ലക്ഷണം (Withdrawal Symptom) തുടങ്ങുന്നു. മദ്യം ഉള്ളിൽ ചെന്നില്ലെങ്കിൽ വിറയൽ അനുഭവപ്പെടും. ജീവിതത്തിലെ പ്രശ്നങ്ങൾ രചനാത്മകമായി സമീപിക്കാൻ അശക്തരായി തീരുന്നു. മദ്യപിക്കാൻ പണം തികയാതെ വരുന്നു. ഉള്ളതെല്ലാം വിറ്റു കുടിക്കുന്നു. ക്രമത്തിലധികമായി മദ്യപിക്കുന്നതു തന്നെ ആത്മഹത്യാ പ്രവണതയാണ്. ഒടുവിൽ പണമില്ല. കടം പെരുകി, എല്ലാവരും കൈവിട്ടു. ''ഞാൻ ഒറ്റപ്പെട്ടു, എനിക്കാരുമില്ല'' എന്ന നിരാശാബോധം മനസ്സിനെ മഥിക്കുന്നു. ജീവിത യാഥാർത്ഥ്യത്തെ നേരിടാൻ അശക്തനായി കഴുത്തിൽ കയറു കുരുക്കുന്നു. മദ്യപിച്ചു വന്നിട്ട് ഭാര്യയെ ക്രമത്തിലധികം മർദ്ദിച്ചശേഷം ഭാര്യ മരിച്ചുപോയി എന്നു വിചാരിച്ചു വിഷം കഴിച്ച് മരിച്ച രണ്ട് സംഭവം ഞാൻ ചുമതല വഹിച്ച ഒരു ഇടവകയിൽ ഉണ്ടായി.

രോഗങ്ങൾ – മാറാരോഗങ്ങളുടെ നൊമ്പരവും ആകുലതയും ആത്മഹത്യയ്ക്കുള്ള ഒരു കാരണമാണ്. കാൻസർ പോലുള്ള രോഗങ്ങൾ ബാധിച്ചാൽ, ഇനിയും പ്രതീക്ഷയ്ക്ക് വകയില്ല എന്ന ചിന്തയിൽ ആത്മഹത്യ ചെയ്യുന്നവരുണ്ട്.

www.malankaralibrary.com



**പ്രേമനൈരാശ്യം**

ആത്മഹത്യയ്ക്ക് വേറെയൊരു കാരണം പ്രേമനൈരാശ്യമാണ്. കൗമാരപ്രായത്തിലോ അതിനുശേഷമോ എതിർലിംഗത്തിൽപെട്ട ആളിനോടു അഭിനിവേശം വളരുന്നു. ഈ അഭിനിവേശം ചിലരിൽ ഭ്രാന്തു പിടിപ്പിക്കത്തക്ക ആവേശം വളർന്ന് കുടുക്കിലാകുന്നു. ആണും പെണ്ണും പരസ്പരം അനുരാഗത്തിൽ എത്തുന്നു. സാമ്പത്തിക വ്യത്യാസം കൊണ്ടോ, വ്യത്യസ്ത ജാതിയായതുകൊണ്ടോ മറ്റ് കാരണങ്ങൾ മൂലമോ മാതാപിതാക്കൾ തീർത്തും സമ്മതിക്കാതെ വരുമ്പോൾ, രണ്ടു പേരും ഒന്നിച്ചു ആത്മഹത്യ ചെയ്യുന്നു. ഏകപക്ഷീയമായ പ്രേമങ്ങളും ഉണ്ട്. ഒരാൾക്ക് എതിർലിംഗത്തോടു പ്രേമം. തിരിച്ച് അതു കിട്ടുന്നില്ല. പ്രേമാഭ്യർത്ഥനയുമായി നടക്കുന്നു. ഇത് കൂടുതലും ആണുങ്ങളാണ്. ഒരു വിധത്തിലും പെൺകുട്ടി വഴങ്ങുന്നില്ല എന്നു കാണുമ്പോൾ, അരിശം മൂത്ത് അവളെ കൊല്ലുന്നു. പിടിക്കപ്പെടുമല്ലോ എന്നു വിചാരിച്ചു ആൺകുട്ടി ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും ഉണ്ട്.

പുസ്തകങ്ങൾ, ടെലിവിഷൻ, സിനിമ, പത്രങ്ങൾ ഇവയ്ക്കെല്ലാം ആത്മഹത്യയ്ക്ക് ഒരു പരിധി വരെ പങ്കുണ്ട്.

ആത്മഹത്യാ വാർത്തകൾ വിവരിച്ചു വർണ്ണിക്കുക, മരിച്ച രീതിയെ പ്രത്യേകം എടുത്തു കാട്ടുക, അവയുടെയൊക്കെ ഫോട്ടോ പത്രത്താളുകളിൽ കൊടുക്കുന്നതെല്ലാം ദോഷഫലങ്ങൾ ഉണ്ടാക്കുന്നതാണ്.

പ്രേമവും പ്രേമനൈരാശ്യവും ആത്മഹത്യയിൽ ചെന്നവസാനിക്കുന്ന ചില സിനിമകളുണ്ട്. സിനിമയെയും നടീനടന്മാരെയും ആരാധിക്കുന്ന മാനസിക പക്വത ഇല്ലാത്ത യുവാക്കൾക്ക്, ഈ നടീനടന്മാരെ അനുകരിച്ചു ആത്മഹത്യ ചെയ്യുന്നത് അഭികാമ്യം എന്നു തോന്നാം. 'ചെമ്മീൻ' എന്ന ചിത്രത്തിൽ നായികാനായകന്മാർ ഒന്നിച്ചു ആത്മഹത്യ ചെയ്തു കിടക്കുന്നതാണല്ലോ അന്ത്യം. ഒരു സിനിമയിൽ മോഹൻലാൽ കുട്ടികളെ ചുറ്റും നിറുത്തി തൂങ്ങിമരിക്കുന്നതു അനുകരിച്ച് പിന്നീട് ചില കുട്ടികൾ ഈ വിനോദം കാണിച്ചു മരിച്ച സംഭവം പത്രത്തിൽ വന്നതായി ഓർക്കുന്നു. ചില സീരിയലിലും ഇത്തരം പ്രമേയങ്ങളുണ്ട്. സിനിമയിൽ മാദക നടികളായിരുന്നവർ ആത്മഹത്യ ചെയ്തിട്ടുള്ളതും യുവജനങ്ങൾക്കും കുട്ടികൾക്കും ദോഷം ചെയ്യുന്ന പ്രവണതയാണ്. സിനിമയിലൂടെയോ, സീരിയലിലൂടെയോ,

www.malankaralibrary.com



ആത്മഹത്യയെ ഉദാത്തവൽക്കരിച്ചു കാണിക്കുന്ന പ്രവണത വളരെ തെറ്റാണ്. കൈയ്യടി കിട്ടാനും പണം കൊയ്യാനും ഇവർ മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നു.

ആത്മഹത്യാ ബോംബുവഴി എതിരാളികൾ എന്നു വിചാരിക്കുന്ന നൂറുകണക്കിനു നിരപരാധികളെ ഭീകരർ കൊല്ലുന്ന രീതി സമീപ നാളിൽ തുടങ്ങിയതാണ്. ഇന്ത്യയുടെ പ്രിയങ്കരൻ രാജീവ് ഗാന്ധിയെ സിലോണിൽ നിന്നുള്ള തമിഴ് പുലികൾ എന്നു പറയുന്നവർ കൊന്ന താണല്ലോ. അദ്ദേഹത്തെ കൊന്ന് സ്വയം മരിക്കുന്നതിന് തനു എന്ന പെൺകുട്ടിയെയാണ് നിയോഗിച്ചയച്ചത്.

## ആത്മഹത്യ ബൈബിളിൽ

ആത്മഹത്യയെ വ്യക്തമായി നിരോധിക്കുന്നതോ ശപിക്കുന്നതോ ആയി ബൈബിളിൽ എങ്ങും സൂചനയില്ല. ജീവൻ നൽകാനും എടു ക്കുവാനും ദൈവത്തിനേ അധികാരമുള്ളൂ എന്ന ദർശനം ആത്മഹ ത്യയെ അപലപിക്കുന്നു. എല്ലാ മതങ്ങളും തന്നെ ആത്മഹത്യ പാപ മായും തിന്മയായും കരുതുന്നു.

ബൈബിളിൽ പ്രതിപാദിക്കുന്ന ചില ആത്മഹത്യകളും മരണ ത്തിനായി ആഗ്രഹിച്ചതുമായ ചില വ്യക്തികളെക്കുറിച്ച് പ്രതിപാദി ക്കുകയാണ്.

ഇവരെല്ലാം ഒറ്റപ്പെടൽ, തിരസ്ക്കരണം, പീഡനം, അപമാനം മുതലായ കാരണങ്ങളാൽ തീവ്രവേദന അനുഭവിച്ചവരാണ്. തീവ്ര വേദനയുടെ നിമിഷങ്ങളിൽ മരിച്ചാൽ മതി എന്നു ചിന്തിക്കുന്നവരും പറയുന്നവരുമുണ്ട്. ഈ വേദനയുള്ളവർ വിഷാദരോഗത്തിലേക്ക് കട ന്നാൽ ആത്മഹത്യാ സാധ്യത കൂടുതലാണ്.

## സാവൂളിന്റെ മരണം (1 സാമു:31:1–4)

ഫിലിസ്ത്യർ ഇസ്രായേലിനെ ആക്രമിച്ചു. സാവൂളിന്റെ മകൻ ജോനാ ഥാനെ കൊന്നു. സാവൂൾ രാജാവിന്റെ സംരക്ഷണ വലയം ഭേദിച്ച് വില്ലാളികൾ സാവൂളിനെ മുറിപ്പെടുത്തി. ഇവരിൽ നിന്നു മരിക്കാതി രിക്കാൻ സാവൂളിനെ കൊല്ലാൻ ആയുധവാഹകനോടു പറഞ്ഞു. അയാൾ അതിനു ഒരുമ്പെട്ടില്ല. അതിനാൽ സാവൂൾ സ്വന്തം വാളി ന്മേൽ വീണു മരിച്ചു. ഉടനെ ആയുധവാഹകനും വാളിന്മേൽ വീണു മരിച്ചു. ശത്രുക്കളാൽ കൊല്ലപ്പെടുന്ന അപമാനം സഹിക്കാൻ വയ്യാ തെ, സാവൂൾ രാജാവ് ആത്മഹത്യ ചെയ്യുകയായിരുന്നു.

www.malankaralibrary.com



**അഹിഥോഫെൽ:** അബ്സലോം സ്വന്തം പിതാവ് ദാവീദിനെ കൊല്ലാൻ ശ്രമിക്കുന്ന സമയം. അഹിഥോഫെൽ എന്ന ആളായിരുന്നു അബ്സലോമിനു വേണ്ട നിർദ്ദേശം നൽകിയിരുന്നത്. ഒരു സമയം അദ്ദേഹം കൊടുത്ത ഉപദേശം അബ്സലോം സ്വീകരിച്ചില്ല. അതുകൊണ്ട്, ദാവീദിനും അനുചരന്മാർക്കും അബ്സലോമിന്റെ പിടിയിൽ പെടാതെ ജോർദ്ദാൻ നദി കടക്കാൻ സാധിച്ചു. ഇതറിഞ്ഞ് അഹിഥോഫെൽ തൂങ്ങിമരിച്ചു (2 സാമു:17:23).

ഇസ്രായേലിനെ ഭരിച്ച സിമ്രി എന്ന രാജാവിന്റെ കൊട്ടാരം ശത്രുക്കൾ വളഞ്ഞപ്പോൾ അദ്ദേഹം കൊട്ടാരത്തിനു തീ കൊളുത്തി ആത്മഹത്യ ചെയ്തു (1 രാജാ:16:18).

**യൂദാസ്**: ചരിത്രത്തിന്റെ ഏടുകളിൽ കറുത്ത അദ്ധ്യായം രചിച്ച്, സ്വന്തം നാഥനെ കുറെ നാണയത്തുട്ടിന്റെ കിലുക്കത്തിൽ മതിമറന്ന് ഒറ്റിക്കൊടുത്ത യൂദാസിന്റെ ആത്മഹത്യ. "ആ മുപ്പതു വെള്ളിനാണയങ്ങൾ പ്രധാന പുരോഹിതന്മാരെയും പ്രമാണികളെയും ഏൽപ്പിച്ചുകൊണ്ട് നിഷ്കളങ്കരക്തത്തെ ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരിക്കുന്നു..... വെള്ളിനാണയങ്ങൾ ദൈവാലയത്തിലേക്ക് വലിച്ചെറിഞ്ഞിട്ട് അവൻ പോയി കെട്ടിഞാന്നു ചത്തു'' (മത്താ:27:3-5). തികഞ്ഞ നിരാശയുടെ ഫലമായുള്ള ആത്മഹത്യ.

ജീവിതത്തിൽ പരാജയം സംഭവിച്ചു, പ്രശ്നം തരണം ചെയ്യാൻ പ്രയാസം. ഇപ്രകാരമുള്ള സാഹചര്യത്തിൽ മരിക്കാൻ ആഗ്രഹിച്ച കുറെ പേരെ ബൈബിളിൽ കാണാം. ഇതിൽ ആത്മഹത്യാ പ്രവണത ഒരുപരിധിവരെ ആരോപിക്കാൻ പറ്റും. എന്നാൽ അവരെല്ലാം തികഞ്ഞ ദൈവസ്നേഹികളായിരുന്നതുകൊണ്ട്, ദൈവം അവരുടെ നിരാശ മാറ്റി ശക്തി പകർന്നു കൊടുത്തു. ഉദാഹരണം:

## മോശ (സംഖ്യ:11:15)

ഇസ്രായേൽ ജനത്തെ മോശ കനാൻ നാട്ടിലേക്ക് മരുഭൂമിയിൽ കൂടി നയിക്കുകയാണ്. ഈജിപ്റ്റിൽ കിട്ടിയ ഇറച്ചിയൊന്നും കിട്ടുന്നില്ല. മന്ന മാത്രം തിന്നു മടുത്തു എന്നെല്ലാം പരാതി. മോശ ഈ പരാതി നിരന്തരമായി കേട്ട് സഹികെട്ടു. എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചു. ദൈവത്തോടു പറഞ്ഞു, "ഈ ജനത്തിന്റെ ഭാരമെല്ലാം എന്തേ എന്റെ മേൽ ചുമത്തിയിരിക്കുന്നു. ഞാനാണോ ഈ ജനത്തെ ഗർഭം ധരിച്ചത്, കൃപ തോന്നി എന്നെ ഉടനെ കൊന്നുകളയണം, ഈ കഷ്ടത ഞാൻ കാണാതിരിക്കട്ടെ" (സംഖ്യ:11:11,15). ലക്ഷക്കണക്കിനു ആളുകളെ നയിക്കുന്ന ചുമതലയിൽ, ജനത്തിന്റെ പരാതിയും കഷ്ടതയും

www.malankaralibrary.com



കണ്ട്, മോശ മാനസിക തകർച്ചയിൽ എത്തി ദൈവത്തോടു പറഞ്ഞത്. എന്നാൽ ദൈവം മോശയുടെ പരാതിക്ക് പരിഹാരം ഉണ്ടാക്കി കാട പക്ഷിയെ അയച്ചു.

## ഏലിയാ പ്രവാചകൻ (1 രാജാ:19:4)

ആഹാബ് രാജാവും ഭാര്യ ജസബെലും സത്യദൈവത്തെ മറന്ന് ബാൽദേവനെയാണ് ആരാധിച്ചത്. ഏലിയാ, ബാലിന്റെ പ്രവാചകന്മാരെ വധിച്ചു. ഇതറിഞ്ഞ ജസബെൽ ഏലിയാ ദീർഘദർശിയെ കൊല്ലാൻ തീരുമാനിച്ചു. ഏലിയ ഭയപ്പെട്ടു ജീവരക്ഷാർത്ഥം ഓടുകയാണ്. പട്ടിണിയും ദാഹവുമായി മരുഭൂമിയിൽ ഒരു ദിവസത്തെ വഴി നടന്നു. പരിക്ഷീണിതനായി ഒരു വാടാമുൾചെടിയുടെ തണലിൽ ഇരുന്നു. ''അവൻ മരണത്തിനായി പ്രാർത്ഥിച്ചു. കർത്താവേ, മതി എന്റെ പ്രാണനെ സ്വീകരിച്ചാലും'' (1 രാജാ:19:4). ഒറ്റപ്പെടലിന്റെയും ജസബെലിൽ നിന്നുള്ള ഭീഷണിയുടെയും മധ്യേ പ്രവാചകൻ തളർന്ന്, നിരാശനായി. എന്നാൽ താൻ ആരെ സേവിച്ചുവോ, ആ ദൈവത്തിന്റെ ദൂതൻ ക്ഷീണം മൂലം മയങ്ങി ഉറങ്ങിക്കിടന്ന പ്രവാചകനെ തട്ടി ഉയർത്തി ചുട്ടെടുത്ത അപ്പവും ഒരു പാത്രം വെള്ളവും നൽകി. അതു ഭക്ഷിക്കുവാൻ പറഞ്ഞു. അതിന്റെ ശക്തി കൊണ്ട് നാല്പതു രാവും നാൽപതു പകലും നടന്നു കർത്താവിന്റെ മലയായ ഹോരേബിൽ എത്തി (1 രാജാ:19:5-8).

## ജറെമിയാ പ്രവാചകൻ (ജറെ: 20:14-18)

ദൈവത്തിന്റെ വചനം ശക്തമായി സംസാരിച്ച ജറെമിയായ്ക്കും മറ്റുള്ളവരിൽ നിന്നു ഉപദ്രവം ഉണ്ടായി. പാഴൂർ എന്ന പുരോഹിതൻ ജറെമിയ പ്രവാചകനെ അടിച്ചിട്ട് ദൈവാലയത്തിലേക്കുള്ള ബഞ്ചമിൻ കവാടത്തിൽ ഒരു മുക്കാലിൽ കെട്ടിയിട്ടു. നിരാശയിൽ ജറെമിയാ പറഞ്ഞു, ''ഞാൻ പിറന്ന ദിവസം ശപിക്കപ്പെട്ടതാകട്ടെ, എന്തുകൊണ്ട് അവൻ എന്നെ പിറക്കുന്നതിനു മുമ്പ് കൊന്നില്ല. എന്റെ അമ്മയുടെ ഉദരം എന്നേക്കും എന്റെ ശവകുടീരമാകുമായിരുന്നു.'' തീവ്രമായ മനോവേദനയിൽ ഉച്ചരിച്ച വാക്കുകളാണ്. ദൈവം ഈ ജറെമിയായെ വീണ്ടും ഉപയോഗിച്ചു, തന്റെ കൃപ നൽകി.

## യോനാ (യോനാ:4:3)

''കർത്താവേ, എന്റെ ജീവൻ എടുത്തുകൊള്ളുക എന്ന് ഞാൻ അപേക്ഷിക്കുന്നു. ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് എനിക്ക് നല്ലത്.''

www.malankaralibrary.com



യോനാ പ്രവാചകനെ നിനിവേ നഗരത്തിൽ പോയി പ്രസംഗിക്കുവാൻ ദൈവം നിയോഗിച്ചതാണ്. അവരുടെ ദുഷ്ടത ദൈവസന്നിധിയിൽ എത്തിയിരുന്നു. യോനാ ധിക്കരിച്ച് ഈ ദൗത്യം ഉപേക്ഷിച്ചു. താർസീസിലേക്കുള്ള കപ്പലിൽ കയറി, കടൽ ക്ഷോഭം ഉണ്ടാകുന്നതും കടലിൽ തള്ളിയിടപ്പെട്ട യോനായെ ഒരു മത്സ്യം വിഴുങ്ങിയതും കരയിലേക്ക് യോനായെ ഛർദ്ദിച്ചതുമെല്ലാം തുടർന്നുള്ള കഥ. നിനിവേക്കാർക്ക് പശ്ചാത്തപിച്ചു മാറ്റം വരുന്നതിന് യോനാ ഉള്ളിന്റെ ഉള്ളിൽ ആഗ്രഹിച്ചതല്ല. യോനായുടെ പ്രസംഗം കേട്ട് ആ നഗരം അനുതപിച്ചതിൽ യോനാ രോഷം കൊണ്ടു. ആ രോഷത്തിൽ നിന്നു പറഞ്ഞതാണ് മരിക്കാനുള്ള ആഗ്രഹം.

### സാറാ (തോബി: 3:10)

റഗുവേലിന്റെ മകൾ സാറാ ഏഴു പ്രാവശ്യം വിവാഹം ചെയ്തു. വിവാഹരാത്രിയിൽ തന്നെ അസ്മോദേവൂസ് എന്ന ദുഷ്ടപിശാചിനാൽ ഭർത്താക്കന്മാർ എല്ലാവരും വധിക്കപ്പെട്ടു. വളരെ ദാരുണമായ സംഭവം. ഒരു യുവതിക്കും താങ്ങാൻ പറ്റാത്ത ദുഃഖകാരണമാണിത്. സാറായുടെ പരിചാരികമാർ അവളെ വല്ലാതെ പരിഹസിച്ചു, “നീ തന്നെയല്ലേ, ഭർത്താക്കന്മാരെ കഴുത്തുഞെരിച്ചു കൊന്നത്? എഴുപേരെ നിനക്കു ലഭിച്ചു. എന്നാൽ ആരുടെയും നാമം ധരിക്കുവാൻ നിനക്കിടയായില്ലല്ലോ. അവർ മരിച്ചെങ്കിൽ നീയും അവരോടൊപ്പം പോകുക” (തോബി:3:8-9).

ഇതെല്ലാം കേട്ടുണ്ടായ ദുഃഖത്തിന്റെ ആധിക്യത്താൽ തൂങ്ങിമരിച്ചുകളയാമെന്നുപോലും അവൾക്ക് തോന്നിപ്പോയി (തോബി:3:10).

പിതാവിന്റെ ഏകപുത്രിയായ അവൾ ഇങ്ങനെ ചെയ്താൽ പിതാവിനു അപമാനകരമായിരിക്കും എന്നു ചിന്തിച്ച് ഈ ഉദ്യമത്തിൽ നിന്നും സാറാ പിൻവാങ്ങി.

സാറായുടെ നിരപരാധിത്വത്തിലും നിഷ്കളങ്കതയിലും ദൈവം ഇടപെട്ടു. തോബിത് എന്ന നല്ല യുവാവിനെ അവൾക്ക് ഭർത്താവായി നൽകി. ദൈവത്തിന്റെ റാഫേൽ മാലാഖ വഴി പിശാചിന്റെ ഉപദ്രവത്തിൽ നിന്നും സാറായെ രക്ഷിക്കുകയും സന്തോഷമായ കുടുംബജീവിതം നയിക്കുവാൻ ഇടയാകുകയും ചെയ്തു.

### ആത്മഹത്യ ബൈബിൾ വീക്ഷണത്തിൽ

ആത്മഹത്യയെ വ്യക്തമായി നിരോധിക്കുന്ന ഭാഗങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് നേരത്തെ സൂചിപ്പിച്ചതാണല്ലോ.

www.malankaralibrary.com



ജീവന്റെ നാഥൻ ദൈവമാണ്. ''നീ കൊല്ലരുത്'' (പുറ:20:14) എന്ന ദൈവകല്പന കർത്താവ് തന്റെ മലയിലെ പ്രസംഗത്തിൽ ആവർത്തിച്ചു പറയുന്നു. ''കൊല്ലരുത്, കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്നു പൂർവ്വികരോടു പറയപ്പെട്ടിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും'' (മത്താ: 5:21–22). ''ഞാൻ മാത്രമാണ് ദൈവം. കൊല്ലുന്നതും ജീവിപ്പിക്കുന്നതും ഞാൻ'' (നിയ:2:32/39). ''ജീവന്റെയും മരണത്തിന്റെയും മേൽ അങ്ങേയ്ക്ക് അധികാരമുണ്ട്'' (ജ്ഞാനം 16:13).

''ഒരുവൻ തന്റെ ദുഷ്ടതയിൽ മറ്റൊരുവനെ വധിക്കുന്നു. എന്നാൽ വേർപെട്ടുപോയ ജീവനെ തിരികെ കൊണ്ടുവരാൻ അവനു കഴിയുകയില്ല'' (ജ്ഞാനം:16:14). ''കർത്താവു വെറുക്കുന്ന ആറു കാര്യങ്ങൾ ഉണ്ട്. നിഷ്ക്കളങ്ക രക്തം ചൊരിയുന്ന കൈ ......'' (സുഭാ: 6:17). ഈ വചനഭാഗങ്ങൾ എല്ലാം പഠിപ്പിക്കുന്നതു കൊല്ലാൻ നമുക്ക് അവകാശമില്ല. ജീവൻ തരുന്നതു ദൈവമാണ്. ഒരാൾ നശിപ്പിക്കുന്ന ജീവനെ തിരിച്ചുകൊടുക്കുവാൻ മനുഷ്യനു സാധ്യമല്ല. അന്യരുടെ ജീവനെ എടുക്കുവാൻ നമുക്ക് അവകാശമില്ലാത്തതുപോലെ സ്വന്തം ജീവൻ ഏതെങ്കിലും വിധത്തിൽ നശിപ്പിക്കുവാൻ നമുക്ക് പാടുള്ളതല്ല. കാരണം, എന്റെ ജീവൻ ഞാൻ കൊടുത്തതല്ല, ദൈവം എന്നിൽ നിക്ഷേപിച്ചതാണ്. മൃഗങ്ങളുടെ ജീവനിൽ നിന്നു വ്യത്യസ്തമാണ് മനുഷ്യജീവൻ. എല്ലാം ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞ വചനത്താൽ സൃഷ്ടിക്കപ്പെട്ടു. മനുഷ്യന്റെ കാര്യത്തിൽ 'ഉണ്ടാകട്ടെ' എന്നു പറഞ്ഞല്ല സൃഷ്ടിച്ചത്. അവനെ മണ്ണിൽ നിന്ന് രൂപപ്പെടുത്തി ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് ദൈവം നിശ്വസിച്ചു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായി തീർന്നു (ഉൽപ:2:7). അനശ്വരമായ ആത്മാവുള്ള വ്യക്തിയായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യജീവൻ ഗർഭധാരണം മുതൽ ഉള്ളതുകൊണ്ട് ഭ്രൂണത്തെ ഇല്ലാതാക്കുന്നതും തെറ്റും പാപവുമാണെന്ന് തിരുസഭ പഠിപ്പിക്കുന്നു.

ജീവന്റെ വിലയെപ്പറ്റി സഭ വ്യക്തമായി പഠിപ്പിക്കുന്നു. ''മനുഷ്യജീവൻ അതിന്റെ ആരംഭം മുതൽ ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനം ഉൾക്കൊള്ളുന്നതുകൊണ്ടും അതിന്റെ ഏകലക്ഷ്യമായ സ്രഷ്ടാവുമായുള്ള സവിശേഷബന്ധത്തിൽ എന്നും നിലനിൽക്കുന്നതുകൊണ്ടും പാവനമാണ്. ദൈവം മാത്രമാണ് ജീവന്റെ ആരംഭം

www.malankaralibrary.com



മുതൽ അവസാനം വരെ അതിന്റെ ഉടയവൻ. നിരപരാധിയായ ഒരു മനുഷ്യനെ നേരിട്ടു നശിപ്പിക്കുവാൻ ആർക്കും യാതൊരു സാഹചര്യത്തിലും അവകാശപ്പെടാൻ സാധിക്കുകയില്ല'' (No. 2258 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം). ''ദൈവദാനമായ മനുഷ്യജീവനെക്കുറിച്ചും മനുഷ്യന്റെ ഹിംസാത്മകമായ അക്രമത്തെക്കുറിച്ചുമുള്ള ഓർമപ്പെടുത്തലുകൾ ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയിൽ നെയ്തു ചേർക്കപ്പെട്ടിരിക്കുന്നു'' (No. 2260 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം). ''നിന്റെ ജീവരക്തത്തിനു ഞാൻ തീർച്ചയായും കണക്ക് ചോദിക്കും. മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയും. എന്തെന്നാൽ ദൈവഛായയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് (ഉൽപ:9:6).

''മനുഷ്യജീവൻ ഗർഭധാരണ നിമിഷം മുതൽ ആദരിക്കപ്പെടുകയും നിരുപാധികമായി സംരക്ഷിക്കപ്പെടുകയും വേണം. അസ്തിത്വത്തിന്റെ ആരംഭ നിമിഷം മുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ അവകാശങ്ങൾ ഉള്ളവനായി അംഗീകരിക്കപ്പെടണം'' (No. 2270- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം). ''മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു'' (ജറെ:1:5). "ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ വച്ച് സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ, എന്റെ രൂപം അങ്ങേക്ക് അജ്ഞാതമായിരുന്നില്ല'' (സങ്കീ:139:15).

ആദിമനൂറ്റാണ്ടിൽ എഴുതിയ ഡിഡാക്കേ ഈ സത്യം വെളിപ്പെടുത്തുന്നു (No. 2271 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

''മനഃപൂർവ്വം നടത്തുന്ന ഗർഭഛിദ്രം ധാർമ്മികതിന്മയാണെന്ന്'' സഭ ആദ്യ നൂറ്റാണ്ടു മുതൽ ഉറപ്പിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ പ്രബോധനത്തിനുമാറ്റം വന്നിട്ടില്ല. മാറ്റമില്ലാത്തതായി നിലനിൽക്കുകയും ചെയ്യുന്നു.

''നീ ഗർഭഛിദ്രത്താൽ ഭ്രൂണത്തെ കൊല്ലുകയോ നവജാതശിശു നശിക്കുവാൻ ഇടവരുത്തുകയോ ചെയ്യരുത്'' (ഡിഡാക്കെ:2:2).

തിരുസഭയുടെ ഈ പഠനങ്ങൾ എല്ലാം വ്യക്തമാക്കുന്നതു മനുഷ്യജീവൻ ദൈവദാനമാണെന്നും അതു നശിപ്പിക്കുവാൻ മനുഷ്യനു അവകാശമില്ലെന്നുള്ളതുമാണ്.

ആത്മഹത്യ, സ്വയം കൊല്ലുന്നു എന്നുള്ള വ്യത്യാസമേയുള്ളു. ഇതിനെക്കുറിച്ച് സഭയുടെ പഠനമെന്താണെന്നു നോക്കാം.

www.malankaralibrary.com



''തനിക്ക് ജീവൻ നൽകിയ ദൈവത്തോട് ഓരോരുത്തരും ഉത്തരവാദിയാണ്. അവിടുന്നാണ് ജീവന്റെ പരമാധികാരി. അവിടുത്തെ മഹത്ത്വത്തിനും നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കുമായി ജീവനെ നന്ദിയോടെ സ്വീകരിച്ച് സംരക്ഷിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജീവന്റെ സൂക്ഷിപ്പുകാരാണ് നാം. ഉടമസ്ഥരല്ലാത്തത് കൈവിടാൻ പാടില്ല (No. 2280 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം).

''ഗൗരവമായ മാനസികാസ്വസ്ഥതകൾ, കലശലായ ഭയം, സഹനം അഥവാ പീഡനം എന്നിവ ആത്മഹത്യ ചെയ്യുന്നയാളിന്റെ ഉത്തരവാദിത്തത്തെ ലഘൂകരിക്കാം'' (No. 2282 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം). ''സ്വയം ജീവനൊടുക്കിയ വ്യക്തികളുടെ നിത്യരക്ഷയെക്കുറിച്ച് നാം നിരാശപ്പെടരുത്. തന്റെ നിഗൂഢവഴികളിലൂടെ അവർക്ക് രക്ഷാകരപശ്ചാത്താപത്തിന്റെ അവസരം നൽകാൻ ദൈവത്തിനു കഴിയും. ആത്മഹത്യ ചെയ്തവർക്ക് വേണ്ടി സഭ പ്രാർത്ഥിക്കുന്നുണ്ട്'' (No. 2283 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം). കൊലപാതകവും, ആത്മഹത്യയും (സ്വയം കൊല്ലുന്നത്) പാപമാണെന്ന് അസന്ദിഗ്ദ്ധമായി ദൈവത്തിന്റെ നിയമവും സഭയും പഠിപ്പിക്കുന്നു.

## ജീവന്റെ സുവിശേഷം

''ജീവന്റെ സുവിശേഷം'' എന്ന ചാക്രികലേഖനം ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1995 മാർച്ച് 25-ാം തീയതി പുറപ്പെടുവിച്ചു. സുഖം, ലാഭം, പ്രൗഢി ഇവ പരമമായ മൂല്യങ്ങളായി പരിഗണിക്കാൻ തുടങ്ങിയ ലോകത്തിൽ ജീവനു വില കല്പിക്കാതെയായി. ഉപഭോഗതൃഷ്ണയും സുഖാസക്തിയും മനുഷ്യജീവനെ ഒരു വസ്തുവാക്കി മാറ്റുന്നു. ഇതിന്റെ ഫലമായി ഗർഭസ്ഥശിശുക്കൾ, വൃദ്ധർ, വികലാംഗർ, മാറാരോഗികളുമെല്ലാം സമൂഹത്തിന് ആവശ്യമില്ലാത്തവർ എന്ന ചിന്താഗതി പ്രബലപ്പെട്ടിരിക്കുന്നു. ഭ്രൂണഹത്യയും ദയാവധവും അനുവദനീയമായി കരുതുന്നു. മരണസംസ്ക്കാരം മനുഷ്യജീവനെ ചവിട്ടിയരയ്ക്കുന്ന സ്ഥിതിവിശേഷമാണ്. ജീവന്റെ സംസ്കാരത്തിനു ഊന്നൽ കൊടുക്കുവാൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നു. ജീവൻ നൽകുന്ന ജീവന്റെ നാഥൻ മനുഷ്യജീവന്റെ മാഹാത്മ്യത്തെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. മരണത്തിന്റെമേൽ വിജയം വരിച്ചവനാണ് യേശുക്രിസ്തു. ആത്മഹത്യയെപ്പറ്റിയുള്ള ചിന്തയിൽ, 'ജീവന്റെ

www.malankaralibrary.com



സുവിശേഷ'ത്തിലെ സത്യങ്ങൾ വളരെ പ്രസക്തമാണ്. ജീവനെ സംരക്ഷിക്കുക ഓരോരുത്തരുടെയും കടമയാണ്—സ്വന്തം ജീവനും സഹോദരന്റെ ജീവനും.

## ബൈബിൾ തരുന്ന ആശ്വാസം

മിക്കവാറുമുള്ള ആത്മഹത്യകളെല്ലാം തീവ്രമായ വിഷാദത്തിന്റെ ഫലമായി സംഭവിക്കുന്നതാണ്. ആരോഗ്യപ്രശ്നവും, മറ്റു മാനസികപ്രശ്നങ്ങളും ശരിയായ രീതിയിൽ കൈകാര്യം ചെയ്യാനുള്ള കഴിവില്ലായ്മ ഒരാളുടെ മാനസിക സമനില തെറ്റിക്കുന്നു. ഈ സമയം തന്നെത്തന്നെ നശിപ്പിച്ചിട്ട് ഈ ലോകത്തിൽ നിന്ന് മറയാം എന്നുള്ള ചിന്ത മനസ്സിൽ ഉടലെടുക്കുന്നു. സാത്താനെ സേവ ചെയ്യുന്ന ചില പ്രസ്ഥാനങ്ങളിൽ നിന്നു ലഭിക്കുന്ന മസ്തിഷ്ക്കപ്രക്ഷാളനം (Brain Washing) വഴി കൂട്ട ആത്മഹത്യകൾ നടന്നിട്ടുണ്ട്. പിശാചിന്റെ തന്ത്രം ഇതിലുണ്ട്. വ്യക്തികളിലും പിശാചിന്റെ പ്രേരണ തള്ളിക്കളയാൻ പറ്റില്ല. ദൈവത്തിൽ ആഴമായ പ്രത്യാശ ഉണ്ടായിരിക്കണം. എന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ ഇന്നല്ലെങ്കിൽ നാളെ മാറും. ദൈവത്തിനു എന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അതു എന്റെ നന്മയ്ക്കാണ്, നാശത്തിനല്ല എന്ന് വിശ്വസിക്കണം. വ്യക്തി അനുഭവിക്കുന്ന പ്രശ്നത്തേക്കാൾ എത്ര വലിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ച വ്യക്തികൾ അതിൽ നിന്നെല്ലാം വിടുതൽ ലഭിച്ച് ജീവിതത്തിൽ മുന്നേറിയിട്ടുണ്ട്. പ്രശ്നങ്ങൾക്ക് പ്രതിവിധി ആത്മഹത്യയല്ല. അതു മരിക്കുന്നവർക്ക് ഉണ്ടാകുന്നതിൽ കൂടുതൽ പ്രശ്നം കുടുംബത്തിൽ ജീവിച്ചിരിക്കുന്നവർക്കാണ് എന്നോർക്കണം. ''എന്റെ ആത്മാവേ നീ എന്തിനു വിഷാദിക്കുന്നു. നീ എന്തിനു നെടുവീർപ്പിടുന്നു. ദൈവത്തിൽ പ്രത്യാശ വയ്ക്കുക'' (സങ്കീ:42:5). ''ഞാൻ മരിക്കുകയില്ല ജീവിക്കും. ഞാൻ കർത്താവിന്റെ പ്രവൃത്തികൾ പ്രഘോഷിക്കും'' (സങ്കീ:118:17). മരിക്കണമെന്ന ചിന്ത വരുന്നവർ, ഈ വചനം മനസ്സിൽ ആവർത്തിച്ചു ചൊല്ലുക. ദൈവം എന്നെ ഈ ലോകത്തിലാക്കിയത് സ്വയം മരിക്കുവാനല്ല ദൈവമഹത്ത്വത്തിനും മറ്റുള്ളവരുടെ നന്മയ്ക്കുമായി ജീവിക്കുവാനാണെന്നു സ്വയം പറയുക. കൗൺസലിങ്ങിനു സമീപിക്കുമ്പോൾ, ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ആത്മഹത്യാപ്രവണത നന്നായി ശല്യപ്പെടുത്തുന്നവരും, ആത്മഹത്യയ്ക്ക് ഒരിക്കൽ ശ്രമിച്ച് പരാജയപ്പെട്ടവരും കൗൺസലറെ സമീപിക്കുന്നു. വളരെ ശാന്തമായി കൗൺസിലിയെ കേൾക്കുക. അവരുടെ പ്രശ്നം കേട്ട് കൗൺസലർ

www.malankaralibrary.com



ഭയപ്പാട് യാതൊരു കാരണവശാലും കാണിക്കരുത്. ഏതു മാർഗ്ഗത്തിലൂടെയാണ് മരിക്കാൻ ആഗ്രഹിക്കുന്നത് അല്ലെങ്കിൽ ശ്രമിച്ചത് എന്ന് സാവകാശം ചോദിച്ചു മനസ്സിലാക്കുക. അവരെ യാതൊരു വിധത്തിലും വിധിക്കരുത്, കുറ്റപ്പെടുത്തരുത്. അവരുടെ മനഃക്ലേശം മനസ്സിലാകുന്നുണ്ട് എന്നു പറയുക. വളരെ സഹതാപപൂർവ്വം പ്രശ്നങ്ങൾ വിലയിരുത്തുക. അവരെ ഉപദേശിച്ച് ഉടനെ നന്നാക്കാൻ ശ്രമിക്കരുത്. അവർ തന്നെ അവരുടെ പ്രശ്നങ്ങൾ തരണം ചെയ്യണം. ആത്മഹത്യയ്ക്ക് അവരെ നയിച്ച കാരണങ്ങൾ ചോദിച്ചറിയുക. ഇതിന്റെ അടിയിൽ കിടക്കുന്ന പ്രശ്നം എന്താണെന്നു മനസ്സിലാക്കുക. വ്യക്തിയുടെ പ്രശ്നം നിസ്സാരമായി തള്ളിക്കളയരുത്. പ്രാർത്ഥിച്ചുകൊണ്ട് പരിശുദ്ധാത്മാവ് തരുന്ന മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള ദൈവിക നിർദ്ദേശം നൽകുക. വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ ഉള്ള വ്യക്തിയാണെങ്കിൽ ഒരു മനോരോഗഡോക്ടറെ കാണാനുള്ള ക്രമീകരണം ചെയ്തുകൊടുക്കുക. വിഷാദരോഗത്തിന്റെ ചില ലക്ഷണങ്ങൾ, വിഷാദം എന്ന അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

‘‘നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായി തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും. അനുസരിക്കുവാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും’’ (ഏശ:1:18). എത്ര പ്രത്യാശ നൽകുന്ന ദൈവശബ്ദമാണ്! സങ്കീർത്തനം 40,42 പ്രത്യാശയുടെ സങ്കീർത്തനമാണ്. കൗൺസിലി ഇവ വായിക്കുകയോ, ഭവനത്തിൽ ആരെങ്കിലും സാവകാശം വായിച്ചു കേൾപ്പിക്കുന്നതോ നല്ലതാണ്.

ഓരോ ആത്മഹത്യയും സമൂഹത്തോടുള്ള തേങ്ങിക്കരച്ചിൽ എന്നു പറയാം. എന്റെ വേദന, നൊമ്പരം ആരും കണ്ടില്ല. ഒരു ആശ്വാസവചനം പറയാൻ ആരും ഇല്ല. എന്നെ ആരും ശ്രദ്ധിച്ചില്ല എന്നുള്ള സൂചന മിക്കവാറും എല്ലാ ആത്മഹത്യയിലും ഉണ്ട്. മദ്യപാനം, ഉപഭോഗസംസ്ക്കാരം എല്ലാം ആത്മഹത്യയ്ക്ക് ആക്കം കൂട്ടുന്ന ഘടകങ്ങളാണെന്നു നേരത്തെ സൂചിപ്പിച്ചല്ലൊ. നഗരവത്ക്കരണം ഇന്നു നാട്ടിൻപുറങ്ങളിലും എത്തിയിട്ടുണ്ട്. പഴയ സൗഹൃദം ഇന്നില്ല. ഓരോരുത്തരും മതിൽക്കെട്ടുകൾ നിർമ്മിച്ച് വമ്പിച്ച ഗേറ്റും ഇട്ട്, വേണമെങ്കിൽ രണ്ട് അൾസേഷ്യൻ പട്ടികളെയും തുറന്നുവിട്ട് ജീവിക്കുന്നു. സ്വന്തം തടങ്കൽ പാളയങ്ങളിൽ എന്നപോലെ ആർക്കും ആരെയും വിശ്വാസമില്ല. അയൽപക്കത്തുള്ളവരെ ചിലപ്പോൾ അറിയത്തുപോലുമില്ല. കുട്ടികൾ പോലും അയൽപക്കത്തെ കുട്ടികളോടൊപ്പം കളി

www.malankaralibrary.com



ക്കാൻ പോകത്തില്ല. ടി.വി. ഇട്ടുകൊണ്ട്, അതിന്റെ മുമ്പിൽ കുട്ടികളും പ്രായമായവരും കുത്തിയിരുപ്പാണ്. ക്രിക്കറ്റ് ഭ്രാന്തുപിടിച്ചവർ, വേണ്ടി വന്നാൽ ഇരുപത്തിനാലു മണിക്കൂർ ടി.വി.ക്ക് മുമ്പിൽ ഇരുന്നുകളയും. ദൈവാലയങ്ങളിൽ ആരാധനയ്ക്ക് പോയാൽ, ആരാധന കഴിഞ്ഞ ഉടൻ തന്നെ വാഹനം സ്റ്റാർട്ടു ചെയ്തു സ്ഥലം വിടും. ആരും ആരോടും സൗഹൃദ സംസാരത്തിനു നിൽക്കുകയില്ല. വിവാഹത്തിനു ക്ഷണിച്ചാൽ സ്വന്തപ്പെട്ടവർ വരെ കൃത്യസമയത്തിനു വരും. കേറ്ററിങ്ങ് ശാപ്പാട് റെഡി, ആദ്യ ബാച്ചിൽ തന്നെ ഇടിച്ചുകയറിയിട്ട് സ്ഥലം വിടും. ഇപ്രകാരം ഒരു സഹോദരനെ കേൾക്കാൻ വേറെ ഒരു സഹോദരൻ ഇല്ല. മറ്റുള്ളവർ തനിക്ക് പ്രശ്നമേയല്ല. അപരന് എന്തെങ്കിലും വേദനയോ, ആത്മനൊമ്പരമോ ഉണ്ടോ എന്ന് അറിയേണ്ടാ, തിരക്കാനും പോകാറില്ല. അണുകുടുംബം വന്നതോടെ വീട്ടിൽ പോലും ആശയവിനിമയം കുറഞ്ഞു. ഭർത്താവ് വളരെ ജോലിത്തിരക്കിൽ, ഭാര്യയുടെ നൊമ്പരം തിരക്കാൻ സമയമില്ല. കേൾക്കാൻ സന്മനസ്സുമില്ല. ഇതെല്ലാം സമൂഹഗാത്രത്തിൽ ആഴമായ വിള്ളൽ ഏൽപ്പിച്ചിട്ടുണ്ട്. ആത്മഹത്യ കൂടാൻ ഇതൊക്കെ കുറെ സഹായിക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സമ്മർദ്ദം പിടിച്ച ഈ കാലയളവിൽ, ദൈവത്തിലുള്ള ആഴമായ വിശ്വാസവും പ്രത്യാശയുമേ നിരാശയുടെയും തകർച്ചയുടെയും നീർക്കയത്തിൽ നിന്നു രക്ഷപെടാൻ ഉതകുകയുള്ളൂ.

www.malankaralibrary.com

# ഉപസംഹാരം

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവോന്മുഖമായി ജീവിച്ച് ലോകത്തെ ഭാസുരമാക്കുന്നതിനാണ്. ദൈവോന്മുഖമായി വളരുവാൻ വിലങ്ങുതടിയായി പിശാച് പ്രലോഭനങ്ങളുമായി എന്നും മനുഷ്യനെ വഴിതെറ്റിക്കും. "ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ട് കുടുക്കിലാകുമ്പോഴാണ്. ദുർമ്മോഹം ഗർഭംധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു" (യാക്കോ. 1:14-15). മനുഷ്യനെ തിന്മയിലേക്കു നയിക്കുന്ന പല വികാരങ്ങളുണ്ട്. ഇവയിൽ ചിലതിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്.

വികാരങ്ങൾ ഭാവാത്മകവുമുണ്ട്, നിഷേധാത്മകവുമുണ്ട്. നിഷേധാത്മകതയെ ഭാവാത്മകമാക്കുമ്പോഴാണ് വികാരനിയന്ത്രണം സാദ്ധ്യമാകുന്നത്. ഇവിടെ പ്രതിപാദ്യങ്ങളായ വിഷയങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിലും, കത്തോലിക്കാമതബോധനഗ്രന്ഥത്തിന്റെ പഠനത്തിലും, മനഃശാസ്ത്ര സമീപനങ്ങളുടെയടിസ്ഥാനത്തിലും അപഗ്രഥിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. ബൈബിളിൽനിന്നും ചൂണ്ടിക്കാട്ടിയിട്ടുള്ള പല വ്യക്തികളും അനുകരണാർഹമായ മാതൃക നൽകിയവരല്ല. നാം അവരെ അനുകരിച്ച് തിന്മ ചെയ്യുവാനാണോ ഇവരെപ്പറ്റി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് സന്ദേഹിക്കാവുന്നതാണ്. ബൈബിൾ തന്നെ ഇതിനുത്തരം നൽകുന്നു. "അവരിൽ ചിലരെപ്പോലെ നിങ്ങൾ വിഗ്രഹാരാധകർ ആകരുത്. തിന്നാനും കുടിക്കാനുമായി ജനം ഇരിക്കുകയും, നൃത്തം ചെയ്യാനായി എഴുന്നേൽക്കുകയും ചെയ്തു എന്ന് അവരെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. അവരിൽ ചിലർ വ്യഭിചാരം ചെയ്തതുപോലെ നമ്മൾ ഒരിക്കലും വ്യഭിചാരം ചെയ്യരുത്. ....ഇതെല്ലാം അവർക്ക് ഒരു താക്കീതായിട്ടാണ് സംഭവിച്ചത്. നമുക്ക് ഒരു പാഠമാകേണ്ടതിന് അവയെല്ലാം എഴുതപ്പെട്ടിരിക്കുന്നു" (1 കോറി. 10:7-11).

www.malankaralibrary.com

# വികാരങ്ങളുടെ വിശുദ്ധീകരണം

## ഫാ. സാമുവൽ തുണ്ടിയിൽ

---

ആധുനിക ലോകത്തിലെ തകർച്ചകൾക്കു കാരണമാകുന്ന വെല്ലുവിളികളെയും മനുഷ്യജീവിതത്തെ നാമാവശേഷമാക്കാൻ കഴിവുള്ള തിന്മകളെയും ഈ പുസ്തകത്തിലൂടെ ബഹു. സാമുവൽ അച്ചൻ വിശകലനം ചെയ്യുന്നു. ഇതൊരു ദൈവവചനാധിഷ്ഠിത, പരിശുദ്ധാത്മാഭിഷേക ചിന്തകളുടെ ആവിഷ്കാരമാണ്.

**✝ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ**

---

വികാരവിക്ഷോഭങ്ങളിലും അനുബന്ധപ്രശ്നങ്ങളുടെ നീർച്ചുഴിയിലുംപെട്ട് ഉഴലുന്ന മനുഷ്യജീവിതങ്ങളെ, വിനയത്തിന്റെയും ലളിതജീവിതത്തിന്റെയും സഹിഷ്ണുതയുടെയും നല്ലപാഠങ്ങൾ പഠിപ്പിക്കുവാൻ പര്യാപ്തമാക്കുംവിധം, ബഹു. ഫാദർ സാമുവൽ തുണ്ടിയിൽ രചിച്ച ''വികാരങ്ങളുടെ വിശുദ്ധീകരണം'' എന്ന ഗ്രന്ഥം തികച്ചും ബൈബിൾ അധിഷ്ഠിതമായ ചിന്താസമാഹാരമാണെന്ന് വ്യക്തമായി പറയാം. ആധ്യാത്മികജീവിതത്തിൽ പദമൂന്നിയും മാനസികാരോഗ്യത്തിലേക്കുള്ള പടവുകൾ താണ്ടിയും മുന്നേറേണ്ടതിന്റെ പ്രാധാന്യം വിവരിക്കുന്ന പുസ്തകം, വ്യത്യസ്തമാർന്ന വികാരഭാവങ്ങൾ ജീവിതത്തിലുണ്ടാക്കുന്ന വേലിയേറ്റങ്ങൾ എങ്ങനെ തരണം ചെയ്യാനാകുമെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു.

**സിസ്റ്റർ ഡോ. ജോവാൻ ചുങ്കപ്പുര എം.എം.എസ്**



**ഫാ. സാമുവൽ തുണ്ടിയിൽ** പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ മത്തായി-റാഹേൽ ദമ്പതികളുടെ ഏഴുമക്കളിൽ ആറാമനായി 1934 നവംബർ 2-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. പൂനാ പേപ്പൽ സെമിനാരിയിൽ നിന്ന് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം നേടി. 1962 ഒക്ടോബർ 3-നു വൈദികാഭിഷേകം സ്വീകരിച്ചു. ഇപ്പോൾ അദ്ദേഹം തിരുവനന്തപുരത്തെ സായൂജ്യ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നു.

₹ 150.00
CARMEL INTERNATIONAL PUBLISHING HOUSE
TRIVANDRUM, KERALA, INDIA - 695 014

www.malankaralibrary.com



നാവിന്റെ ദുരുപയോഗം മുതൽ വികാരങ്ങളുടെ വേലിയേറ്റത്തിൽ മനസ്സിനെ ദുർബലമാക്കുന്ന ഉത്ക്കണ്ഠ, വിഷാദം, കോപം, ഭയം, വിദ്വേഷം, അസൂയ, അഹങ്കാരം തുടങ്ങിയ പാപാവസ്ഥകൾ നമ്മെ നിഷേധികളാക്കും. ഇവ നമ്മുടെ വ്യാപാരങ്ങളെ മലിനപ്പെടുത്തും. അത്യാഗ്രഹം, ധൂർത്ത്, മദ്യപാനം, വിഷയാസക്തി, സ്വവർഗഭോഗം തുടങ്ങിയ തിന്മകളിലേക്ക് കൂപ്പുകുത്തുന്ന അവസ്ഥയിൽ നമ്മുടെ അസ്തിത്വം തന്നെ ഇല്ലാതാവുന്നു. “ഒരുവന്റെ ഉള്ളിൽനിന്നും പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ ഉള്ളിൽനിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്” (മർക്കോ. 7:20-23). യേശുക്രിസ്തുതന്നെ അക്കമിട്ട് ഈ തിന്മകളെപ്പറ്റി പറയുന്നു. “പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു.” ആത്മഹത്യയെപ്പറ്റിയാണ് അവസാന അദ്ധ്യായം.

ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയ വൈകാരിക തിന്മകളിൽ ചിലതെങ്കിലും ഗ്രസിക്കാത്തവരായി ആരുണ്ട്? വായനക്കാർക്ക് നിഷേധാത്മക വികാരങ്ങളുടെ ഭീകരത ബോധ്യപ്പെടുവാൻ സാധിച്ചെങ്കിൽ, അവയെ ഭാവാത്മകമാക്കി മാറ്റുവാൻ കെൽപുണ്ടായെങ്കിൽ ഞാൻ കൃതാർത്ഥനായി. ഒരുവർഷം മുമ്പെഴുതിയ ഈ ലേഖനങ്ങളിലുള്ള ക്രിസ്തീയ സമീപനങ്ങളെ സഭയുടെ സമീപനങ്ങളായി അസന്നിഗ്ദ്ധമായി നിർവചിക്കുന്ന നമ്മുടെ ഫ്രാൻസീസ് മാർപാപ്പയുടെ വാക്കുകൾ ശരിവയ്ക്കുന്നവയാണ്. ലാളിത്യത്തിന്റെയും, വിനയത്തിന്റെയും, സഹിഷ്ണുതയുടെയും ആഹ്വാനങ്ങളും ജീവിതശൈലിയും ഫ്രാൻസീസ് മാർപാപ്പയെ വ്യത്യസ്തനാക്കുന്നു. ‘സേർവൂസ് സെർവോരും’ (ദാസന്മാരുടെ ദാസൻ) എന്ന അഭിധാനം അക്ഷരാർത്ഥത്തിൽ ജീവിതചിട്ടകളാക്കിയ മാർപാപ്പ സഭയ്ക്കും സമൂഹത്തിനും വലിയ ഒരു തിരുത്തൽ ശക്തിയാവും, അനുകരണീയ മാതൃകയാവും.

ഈ ഗ്രന്ഥം വായിച്ചവരിൽ ആർക്കെങ്കിലും മരുഭൂമിയിലെ മരുപ്പച്ചപോലെ ആത്മാവിന് ദാഹശമനിയുടെ സ്വാസ്ഥ്യം ലഭിക്കുന്നെങ്കിൽ ഞാൻ കൃതാർത്ഥനായി. പാപത്തിന്റെ അഴുക്കുചാലിൽനിന്നും നന്മയുടെ, വിശുദ്ധിയുടെ നീർത്തടാകത്തിലേക്കു നീന്തിക്കയറുവാൻ എല്ലാവർക്കും ഈ പുസ്തകം സഹായകമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.